# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 01, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 191 – നമ്പർ 2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 01, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
(അനുബന്ധമായി ചേർത്തിരിക്കുന്നു)

**II ചരമോപചാരം**
പണാറത്ത് കുഞ്ഞിമുഹമ്മദിന്റെ നിര്യാണം

**III ചെയർമാൻമാരുടെ പാനൽ**

**IV പ്രസ്താവന**
ഗവർണറുടെ പ്രസംഗത്തിലെ തിരുത്ത്
- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

**V അറിയിപ്പ്**
നിയമസഭാംഗങ്ങൾക്ക് ഇ-സിഗ്നേച്ചർ
ഏർപ്പെടുത്തൽ
- മി. സ്പീക്കർ

**VI അടിയന്തരപ്രമേയം**
വന്യമൃഗങ്ങളുടെ ആക്രമണം
- ശ്രീ. സണ്ണി ജോസഫ്
(അവതരണാനുമതി നിഷേധിച്ചു.)

**VII അറിയിപ്പ്**
ജർമ്മൻ-ഇന്ത്യൻ പാർലമെന്ററി
ഗ്രൂപ്പിന്റെ സഭാസന്ദർശനം
- മി. സ്പീക്കർ

## അടിയന്തരപ്രമേയം - തുടർച്ച

## VIII ശ്രദ്ധ ക്ഷണിക്കൽ

(1) പരിസ്ഥിതിലോല മേഖലയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി
- ശ്രീ. എം. എം. മണി

(2) ഭക്ഷ്യശുചിത്വവും വിഷരഹിത ആഹാരവും ഉറപ്പാക്കൽ
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

## IX സബ്മിഷൻ

(1) ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം
- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) പത്തിരിപ്പാലയിൽ ഫീഡർ സ്റ്റേഷൻ സ്ഥാപിക്കൽ
- ശ്രീമതി ശാന്തകുമാരി കെ.

(3) പട്ടയ ഭൂമിയിലെ നിയമാനുസൃത മരം മുറിക്കൽ
- ശ്രീ. കെ. യു. ജനീഷ് കുമാർ

(4) കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തെ ഭൂമി കൈമാറ്റം
- ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

(5) വയോജന കമ്മീഷൻ
- ശ്രീ. എം. രാജഗോപാലൻ

(6) പഴയകടയിൽ മേൽപ്പാലം നിർമ്മാണം
- ശ്രീ. കെ. ആൻസലൻ

(7) ഊട്ടറ പാലത്തിന്റെ നിർമ്മാണം
- ശ്രീ. കെ. ബാബു (നെന്മാറ)

(8) ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണം
- ശ്രീ. കെ. പ്രേംകുമാർ

(9) തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണം
- ശ്രീ. ടി. ജെ. വിനോദ്

(10) കൽപ്പറ്റ ജനറൽ ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ
- ശ്രീ. ടി. സിദ്ദിഖ്

**X മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

**XI റിപ്പോർട്ടുകളുടെ സമർപ്പണം**

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

**XII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

**അനുബന്ധം**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 01, ബുധൻ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 2

---

നിയമസഭ 2023 ഫെബ്രുവരി മാസം 01-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നമ്പർ (*1)

### എല്ലാ പഞ്ചായത്ത് ഓഫീസുകളിലും പൊതുജന സേവന കേന്ദ്രങ്ങൾ

1(*1) ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീമതി കാനത്തിൽ ജമീല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരന് അർഹമായ സർക്കാർ സേവനങ്ങൾ സംബന്ധിച്ചും അവ ലഭ്യമാകുന്നതിനായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ചും പൊതുജനത്തിന് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ പഞ്ചായത്ത് ഓഫീസുകളിലും പൊതുജന സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് പൊതു സർവ്വീസ് രൂപീകരണം ഏറെ പ്രയോജനപ്രദമായിരിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സിറ്റിസൺ സർവ്വീസ് പോർട്ടലിലൂടെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നുണ്ടെങ്കിലും അത് വേണ്ടത്ര വ്യാപകമായി

പ്രയോജനപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ പ്രചരണം നടത്താനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) ഉണ്ട്. സർക്കാരിൽനിന്നും സർക്കാരിന്റെ വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് കൃത്യമായ വിവരം ലഭ്യമാക്കേണ്ടതുണ്ട്. 2009-ൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം സർക്കാർ ആരംഭിച്ചിരുന്നു. ഏത് ഗ്രാമപഞ്ചായത്തിലും ലഭിക്കുന്ന അപേക്ഷയ്ക്കും പരാതിക്കുമൊപ്പം സേവനപ്രദാന തീയതികൂടി രേഖപ്പെടുത്തിക്കൊണ്ടുള്ള രസീത് അപേക്ഷകർക്ക് നൽകുന്ന സംവിധാനവും അതിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്നു. അപേക്ഷയ്ക്കൊപ്പം സേവനം ലഭിക്കുന്നതിന് നിർബന്ധമായും ആവശ്യമുള്ള രേഖകൾ എന്തൊക്കെയാണെന്ന ചെക്ക് ലിസ്റ്റ് പരിശോധിച്ച് ഉറപ്പുവരുത്തി അപാകതകളുണ്ടെങ്കിൽ അതറിയിക്കുന്നതിനുള്ള സംവിധാനവും ഇതോടൊപ്പം ഏർപ്പെടുത്തിയിരുന്നു. പക്ഷേ, ഇതൊരു മാന്വൽ സംവിധാനമായിരുന്നതുകൊണ്ട് പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ

കഴിഞ്ഞിരുന്നില്ല. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ (ILGMS) ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള അപേക്ഷകളെല്ലാം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടായി. അപേക്ഷ സമർപ്പിക്കുമ്പോൾ കിട്ടുന്ന കൈപ്പറ്റ് രസീതിനൊപ്പം കുറവുള്ള രേഖകൾ എന്തൊക്കെയാണെന്ന് അറിയിപ്പ് നൽകുന്നതിനുള്ള സംവിധാനവുമേർപ്പെടുത്തി. ഇതുവഴി ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള സേവനസംവിധാനങ്ങളുടെ അക്കൗണ്ടബിലിറ്റി, ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമത, സർവ്വീസ് ഡെലിവറിയിലെ കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനും പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. 'ഒപ്പമുണ്ട്; ഉറപ്പാണ്' എന്ന ടാഗ് ലൈനോടുകൂടി വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവിടങ്ങളിൽനിന്നും ലഭിക്കേണ്ട സേവനങ്ങളും വിവരങ്ങളും അത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെങ്കിലും അല്ലെങ്കിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളെ സമീപിക്കുന്ന എല്ലാവർക്കും കൃത്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സഹായിക്കുന്നതിനുവേണ്ടിയാണ്

ഫ്രണ്ട് ഓഫീസിനോടുചേർന്ന് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർ, അവരില്ലാത്ത സ്ഥലങ്ങളിൽ കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ, ഇതുരണ്ടും ഇല്ലാത്ത സ്ഥലങ്ങളിൽ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ളവരെ നിയോഗിച്ചാണ് ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നത്.

(ബി) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തുകയും ഏത് സേവനത്തിനുള്ള അപേക്ഷയും ഓൺലൈനായി നൽകുന്നതിന് സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ നൽകുമ്പോൾ ലഭിക്കുന്ന കൈപ്പറ്റ് രസീതിൽ സേവനം ലഭിക്കുന്ന തീയതിയും രേഖപ്പെടുത്തിയിട്ടുണ്ടാകും. കൈപ്പറ്റ് രസീതിലുള്ള ക്യു.ആർ. കോഡ് സ്കാൻ ചെയ്തോ സിറ്റിസൺ പോർട്ടൽ വഴിയോ അപേക്ഷയുടെ നടപടിഘട്ടങ്ങൾ അറിയുന്നതിന് സാധിക്കും. അപേക്ഷ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥർക്കും ചുമതലപ്പെട്ട ജനപ്രതിനിധികൾക്കും മോണിറ്ററിംഗ് ഡാഷ് ബോർഡ്

മുഖേന ഏത് ഫയലും കാണാമെന്നതിനാൽ ഫയൽ നീക്കം സംബന്ധിച്ച മോണിറ്ററിംഗും ഫലപ്രദമായി നടത്താൻ സാധിക്കുന്നു. നഗരസഭകളിലും സമാനമായിട്ടുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടുകൂടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പിന്തുണാസംവിധാനമായി ജില്ലകളിൽ ഒറ്റ ഓഫീസും സംസ്ഥാനതലത്തിൽ ഒറ്റ ഡയറക്ടറേറ്റും നിലവിൽ വന്നിട്ടുണ്ട്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപനം ഉറപ്പുവരുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ തുടർച്ചയായി ഉപജില്ലാ-ജില്ലാ-സംസ്ഥാനതലങ്ങളിൽ സ്ഥിരം അദാലത്ത് സംവിധാനം രൂപപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഇല്ല. 29-01-2023 വരെ 85,50,275 ഫയലുകൾ ILGMS-ൽ ഗ്രാമപഞ്ചായത്തുകളിൽ ലഭിച്ചതിൽ 74,54,701 ഫയലുകൾ (87.19%) തീർപ്പാക്കിയിട്ടുണ്ട്. മേൽ ലഭിച്ച 85 ലക്ഷം ഫയലുകളിൽ 12,08,520 അപേക്ഷകൾ (14.13%) പൂർണ്ണമായും സിറ്റിസൺ സർവ്വീസ് പോർട്ടലിലൂടെ ഓൺലൈനായി ലഭിച്ചതാണ്. ഓൺലൈനായി മാത്രം ലഭിച്ചവയിൽ

10,41,873 അപേക്ഷകൾ (86.21%) തീർപ്പാക്കിയിട്ടുണ്ട്. ILGMS സിറ്റിസൺ സർവ്വീസ് പോർട്ടലിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വ്യാപക പ്രചരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

ശ്രീ. വി. ജോയി: സർ, പൊതുജനങ്ങൾ ഏറ്റവും കൂടുതലായി ആശ്രയിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ്. ഒരു പൗരന്റെ അർഹമായ സേവനങ്ങൾ സംബന്ധിച്ചും അവ ലഭ്യമാക്കുന്നതിനായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് വിവരം നൽകുന്ന പൊതുജന സേവന കേന്ദ്രങ്ങൾ പഞ്ചായത്തുകൾതോറുമാരംഭിക്കുമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. കോർപ്പറേഷനുകളിലും നഗരസഭകളിലും ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കും?

ശ്രീ. എം. ബി. രാജേഷ്: സർ, പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ILGMS സംവിധാനംപോലെതന്നെ നഗരസഭകളിലും കോർപ്പറേഷനുകളിലും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. 2023 ആഗസ്റ്റ് മാസത്തോടുകൂടി അത് പ്രാബല്യത്തിൽ വരുത്താൻ സാധിക്കും. പരീക്ഷണാടിസ്ഥാനത്തിൽ 2023

ഏപ്രിൽ മാസം മുതൽ ഓൺലൈൻ സംവിധാനമാരംഭിക്കാനും 2023 ആഗസ്റ്റ് മാസത്തോടുകൂടി എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും പ്രാവർത്തികമാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, പഞ്ചായത്തുകളിലെ പൊതുജന സേവന കേന്ദ്രത്തിലൂടെ ജനങ്ങൾക്ക് മറ്റ് സർക്കാർ വകുപ്പുകളിലെ സേവനങ്ങൾകൂടി ലഭ്യമാക്കാൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും സാധിക്കുന്നതാണ്. അക്കാര്യം ആദ്യചോദ്യത്തിനുള്ള ഉത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട് നിലവിലാരംഭിക്കുന്ന ഫെസിലിറ്റേഷൻ സെന്ററുകളിലൂടെ ഗ്രാമപഞ്ചായത്തുകൾവഴി ലഭിക്കുന്ന സേവനങ്ങൾ മാത്രമല്ല, സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയിൽനിന്നെല്ലാം ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച് ജനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, വിവരങ്ങൾ, സഹായങ്ങൾ എന്നിവ ലഭ്യമാക്കുകയെന്നതാണ് ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ദേശ്യം. ജനജീവിതവുമായി ദൈനംദിനം ബന്ധപ്പെട്ടുനിൽക്കുന്ന സ്ഥാപനമെന്ന

നിലയിൽ ഗ്രാമപഞ്ചായത്തിനെ സമീപിക്കുന്ന എല്ലാവർക്കും സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളെയും പദ്ധതികളെക്കുറിച്ചും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ചുമുള്ള കൃത്യമായ വിവരം ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കും.

ശ്രീ. കെ. വി. സുമേഷ്: സർ, പല സേവനങ്ങൾക്കും ഇ-സംവിധാനമുണ്ടെങ്കിലും കമ്പ്യൂട്ടറില്ലാത്തതോ ഉപയോഗിക്കാൻ അറിയാത്തതോ ആയ കാരണങ്ങളാൽ അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുന്ന വലിയ വിഭാഗം ജനങ്ങളുണ്ട്. എന്നാൽ, എല്ലാവരുടെയും കൈകളിൽ സ്മാർട്ട്ഫോൺ സംവിധാനവുമുണ്ട്. എല്ലാ സേവനങ്ങളും മൊബൈൽ ഫോണിൽ അപ്ലൈ ചെയ്യാനും ഇ-സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും കഴിയുന്ന നിലയിൽ കാര്യക്ഷമതയുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചാൽ ജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ അവരുടെ ആവശ്യങ്ങൾക്കായി അപേക്ഷിക്കുകയും സേവനം ലഭ്യമാകുകയും ചെയ്യുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറ്റാൻ കഴിയും. പഞ്ചായത്തിലെ എല്ലാ സേവനങ്ങളുമുൾപ്പെടുന്ന മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കാൻ കഴിയുമോ?

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ഗൗരവമായി പരിഗണിക്കും. സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കി മാറ്റുകയെന്നതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പഞ്ചായത്ത്-നഗരസഭ ഓഫീസുകളിൽ സേവനങ്ങൾക്കായി ജനങ്ങൾ കയറിയിറങ്ങുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും. അവർ എവിടെയാണോ ഉള്ളത് അവിടെയിരുന്നുതന്നെ ഓൺലൈനായി അപേക്ഷ നൽകുക. സേവനങ്ങൾ ഓൺലൈനായി ലഭ്യമാവുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദ്ദേശത്തിന്റെ പ്രായോഗികത പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. എം. നൗഷാദ്:</u> സർ, അക്ഷയ കേന്ദ്രങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന സേവനങ്ങളാണ് പൊതുജനസേവന കേന്ദ്രമെന്ന നിലയിൽ ഓൺലൈൻ പോർട്ടലിലൂടെ നൽകാനുദ്ദേശിക്കുന്നത്. അങ്ങനെവരുമ്പോൾ അക്ഷയ കേന്ദ്രങ്ങളുടെ വരുമാനത്തെ ഇത് ബാധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, ഫെസിലിറ്റേഷൻ സെന്റർ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തേയോ വരുമാനത്തേയോ ബാധിക്കില്ല. അങ്ങനെയൊരു തെറ്റിദ്ധാരണ ചിലരിലെങ്കിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് ശരിയാണ്. സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഈടാക്കി ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നവയാണ് അക്ഷയ കേന്ദ്രങ്ങൾ. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിനോട് ചേർന്നാരംഭിക്കുന്ന ഫെസിലിറ്റേഷൻ സെന്റർ സേവനങ്ങൾ സംബന്ധിച്ചും അവ ലഭിക്കാനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ നൽകുന്ന സഹായകേന്ദ്രങ്ങളാണവ. ഇതാണ് ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം. അക്ഷയ കേന്ദ്രങ്ങൾക്ക് പകരമായിട്ടല്ല ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. പേര് അന്വർത്ഥമാക്കുന്നതുപോലെ ഫെസിലിറ്റേഷനാണ്; അതായത് ജനങ്ങളെ സഹായിക്കുകയാണ് ഇത്തരം സെന്ററുകൾ ചെയ്യുന്നത്.

<u>ശ്രീമതി കാനത്തിൽ ജമീല:</u> സർ, സിറ്റിസൺ പോർട്ടലിൽ സ്വന്തം അക്കൗണ്ട് സൃഷ്ടിച്ചും അക്ഷയ സെന്ററുകൾ വഴിയും അപേക്ഷ അയയ്ക്കാവുന്നതാണെന്ന് മനസ്സിലാക്കുന്നു. സ്വന്തമായി അക്കൗണ്ട് സൃഷ്ടിക്കാനും അക്ഷയ കേന്ദ്രങ്ങളിൽ ഫീസ് നൽകാനും

സാധിക്കാത്തവർക്ക് ഓൺലൈനിലൂടെ അപേക്ഷ നൽകാൻ സാധിക്കുന്നത് എപ്രകാരമാണ്?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, സ്വന്തമായി അക്കൗണ്ട് സൃഷ്ടിക്കാനും ഫീസ് നൽകാനും കഴിയാത്തവർക്ക് ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ അപേക്ഷ നൽകാവുന്നതാണ്. ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയെങ്കിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിർത്തലാക്കിയിട്ടില്ല. ഏറ്റവും അവസാനത്തെ ആൾക്കുപോലും സ്വന്തം നിലയിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറാൻ കഴിയുന്നതുവരെ ഫ്രണ്ട് ഓഫീസ് സംവിധാനം തുടരണമെന്നാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതുപോലെതന്നെ സിറ്റിസൺ പോർട്ടലിൽ അക്കൗണ്ടുള്ള ഒരാൾക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ മറ്റൊരാളുടെ അപേക്ഷ അയാൾ ആവശ്യപ്പെടുകയാണെങ്കിൽ സമർപ്പിക്കാനുള്ള സൗകര്യവും ലഭ്യമാണ്. അതുകൊണ്ട് സ്വന്തം അക്കൗണ്ടില്ലാത്തവർക്ക് ബുദ്ധിമുട്ടുണ്ടാകില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ILGMS നടപ്പിലാക്കിയശേഷവും കെട്ടിട നിർമ്മാണ പെർമിറ്റിനുവേണ്ടി തയ്യാറാക്കിയ 'സങ്കേതം' പോലുള്ള സോഫ്റ്റ്‌വെയർ സമാന്തരമായി ഉപയോഗിക്കേണ്ടിവരുന്നു. ഈ രണ്ട്

സോഫ്റ്റ്‌വെയറുകൾ ഒരേസമയം ഉപയോഗിക്കുന്നതിനാൽ പ്രശ്നങ്ങളുണ്ടാകുകയും ജോലിഭാരം വർദ്ധിക്കുകയും ചെയ്യുന്നതുകൊണ്ട് സേവനം നൽകുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്നത് വസ്തുതയാണ്. ഇതിലൂടെ ജോലിഭാരം ഇരട്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. ILGMS നടപ്പിലാക്കി ഒരുവർഷം കഴിഞ്ഞിട്ടും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. എം. ബി. രാജേഷ്: സർ, ILGMS ഏർപ്പെടുത്തിയശേഷം ഫയൽ തീർപ്പാക്കുന്നതിലും അപേക്ഷകൾ തീപ്പാക്കുന്നതിലുമുണ്ടായിട്ടുള്ള പുരോഗതിയെ സംബന്ധിച്ച് ഞാൻ നേരത്തെ വിശദീകരിച്ചു. ഈ സംവിധാനം നിലവിൽ വന്നശേഷം മെച്ചപ്പെട്ട പുരോഗതിയും വേഗതയും കാര്യക്ഷമതയും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ILGMS-ന് പരിമിതികളുണ്ട്. ഒരു സോഫ്റ്റ്‌വെയർ ഏർപ്പെടുത്തി അത് പ്രാവർത്തികമാക്കുമ്പോഴാണ് പലതരത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുന്നത്. അതെല്ലാം അപ്പപ്പോൾ പരിഹരിച്ചുപോവുകയാണ് ചെയ്യുന്നത്. സേവനം ലഭ്യമാകുന്നതിൽ വേഗത കുറയുന്നതിന്റെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിരന്തരം അപ്‌ഡേഷൻ വരുത്തിക്കൊണ്ടാണ് ഇക്കാര്യത്തിൽ സർക്കാർ മുന്നോട്ടുപോകുന്നത്.

ഏകീകൃത സോഫ്റ്റ്‌വെയർ എന്ന നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചിട്ടുള്ളത്. നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ സാദ്ധ്യതകൾ പരിശോധിച്ച് അതെല്ലാം ഏകീകൃതമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കും. പൊതുജനങ്ങൾ നേരിട്ട് ഓഫീസുകളിലെത്താതെ ഏറ്റവും വേഗത്തിലും കാര്യക്ഷമവുമായി സേവനം ലഭ്യമാക്കുകയെന്നതാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. അതിനാവശ്യമായ എല്ലാ സാങ്കേതിക സംവിധാനവും ഏർപ്പെടുത്താനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ വളരെയേറെ മുന്നോട്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പരിമിതികളും കുറവുകളും പരിഹരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, വളരെയേറെ പ്രചരണം നൽകി നിയമസഭ പാസ്സാക്കിയ സേവനാവകാശ നിയമത്തിൽ പറയുന്ന സമയപരിധിക്കുള്ളിൽ പല സേവനങ്ങളും ഇന്ന് ലഭ്യമാകുന്നില്ല. അത് പരിശോധിക്കാൻ മറ്റൊരു സംവിധാനം ഏർപ്പെടുത്തേണ്ടതാവശ്യമാണ്. പഞ്ചായത്തുതലത്തിൽ രൂപീകരിച്ചിരിക്കുന്ന ഫ്രണ്ട് ഓഫീസടക്കമുള്ള പൊതുസേവന കേന്ദ്രങ്ങളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ

സേവനാവകാശ നിയമത്തിലെ ചട്ടങ്ങളനുസരിച്ച് സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, സേവനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതവും കാര്യക്ഷമവുമായി സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതുസംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി നേരത്തെയൊരു സംവിധാനമേർപ്പെടുത്തിയിരുന്നു. ഇതിനായി ഒരു സ്ഥിരം സംവിധാനമേർപ്പെടുത്തുന്നതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽവന്ന സാഹചര്യത്തിൽ സംസ്ഥാന-ജില്ലാ-ഉപജില്ലാതലങ്ങളിൽ ഇ-സേവനങ്ങൾ ലഭ്യമാക്കുന്നതിലെ പരാതികളും കാലതാമസവുമുൾപ്പെടെ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും സ്ഥിരം അദാലത്ത് നടത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഗ്രാമപഞ്ചായത്തുകളിൽ സേവന കേന്ദ്രങ്ങളാരംഭിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിനായി സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ടെന്നും നിലവിൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള ഓപ്ഷനില്ലെന്നതുമാണ് പോരായ്മയായി എല്ലാ ഗ്രാമപഞ്ചായത്തുകളും പറയുന്നത്. സേവന മന:സ്ഥിതിയോടെ ജോലി ചെയ്യണമെന്നാണ് സർക്കാർ പറയുന്നത്. പക്ഷേ, അങ്ങനെയൊരാളെ ലഭിക്കാൻ സാദ്ധ്യത കുറവാണ്. ഇതിനായി ശമ്പളമോ ഓണറേറിയമോ നൽകി ഒരാളെ നിയമിക്കാനുള്ള സാഹചര്യമുണ്ടാക്കണം. ഫ്രണ്ട് ഓഫീസിൽ സ്റ്റാഫില്ലാത്തതിനാൽ അവിടെ റൊട്ടേഷൻ വ്യവസ്ഥയിൽ പഞ്ചായത്ത് സ്റ്റാഫിനെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുകയാണ്. ഗ്രാമപഞ്ചായത്തുകളിൽ ആരംഭിക്കുന്ന സേവന കേന്ദ്രങ്ങളിൽ സ്റ്റാഫിനെ നിയമിച്ചാൽമാത്രമേ അവ ജനോപകാരപ്രദമാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് സേവന കേന്ദ്രങ്ങളിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഗ്രാമപഞ്ചായത്തുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർ, അവരില്ലാത്ത സ്ഥലങ്ങളിൽ കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ ഉപയോഗിച്ചും ഇതുരണ്ടുമില്ലാത്ത സ്ഥലങ്ങളിൽ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ളവരെ നിയോഗിച്ചും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവർക്കാവശ്യമായ പരിശീലനം 'കില' തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തുകളിലാരംഭിക്കുന്ന സേവന കേന്ദ്രങ്ങളിൽ സ്റ്റാഫിനെ നിയമിക്കുന്നതിന് തടസ്സമില്ല. പഞ്ചായത്തുകളുടെ വരുമാനം വർദ്ധിക്കുന്നതനുസരിച്ച് ഇത്തരം സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മനുഷ്യവിഭവശേഷി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഭരണപക്ഷവും പ്രതിപക്ഷവും മാറിമാറിയാണ് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഭരിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുകയെന്നതാണ് പൊതുസർവ്വീസ് രൂപീകരണത്തിന്റെ ലക്ഷ്യമെന്നിരിക്കെ, അതേ ആവശ്യത്തിനായി വീണ്ടും സേവന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിന്റെ സാംഗത്യം എന്താണെന്ന് മനസ്സിലായില്ല. ചില ഉന്നത തസ്തികകൾ രൂപീകരിക്കപ്പെടുകയും ചില തസ്തികകൾ പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്യുന്നുവെന്നല്ലാതെ മറ്റൊന്നും ഇതിൽ നടക്കുന്നില്ല. പഞ്ചായത്തുകളിൽ ഇ-മെഷർമെന്റ് സംവിധാനമാണ് നിലവിലുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ഇ-മെഷർമെന്റ് എടുക്കേണ്ടത്. പഞ്ചായത്തുകളിൽ പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലേയ്ക്കടുക്കുകയാണ്. സേവന കേന്ദ്രങ്ങൾ വരുമ്പോൾ

പഞ്ചായത്തുകളുടെ പദ്ധതി പൂർത്തീകരണത്തിന് സാധിക്കില്ല. ഇതിനൊരു മാറ്റം വരുത്താൻ ശ്രമിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ അംഗത്തിന് തെറ്റിദ്ധാരണയുണ്ടായെന്നാണ് തോന്നുന്നത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽവന്ന സാഹചര്യത്തിൽ ഫെസിലിറ്റേഷൻ സെന്റർ എന്തിനാണെന്നാണ് ചോദിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമാണ് ഏകീകൃത വകുപ്പ് രൂപീകരിച്ചത്. അതിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനാണ് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നത്. ഫെസിലിറ്റേഷൻ സെന്ററുകൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതാണ്. പൊതുജനങ്ങൾക്ക് വിവരം ലഭ്യമാക്കാനും സഹായിക്കാനുമുള്ളതാണ് ഫെസിലിറ്റേഷൻ സെന്ററുകൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് സുശക്തമായ പിന്തുണാസംവിധാനമെന്ന നിലയിൽ അതിനെ സഹായിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന സംവിധാനമെന്ന നിലയിലാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് ആരംഭിച്ചിട്ടുള്ളത്. പൊതുജനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരടക്കം അതിന് വലിയ സ്വീകാര്യതയാണ് നൽകിയിട്ടുള്ളത്. നിലവിലെ സ്ഥിതിയിൽ ഒരു ജില്ലയിൽത്തന്നെ ഏകോപനത്തിന്റെ അഭാവമുണ്ടായിരുന്നു. ആ അഭാവം ഫെസിലിറ്റേഷൻ സെന്ററുകളിലൂടെ പദ്ധതി നടത്തിപ്പിനെ കൂടുതൽ കാര്യക്ഷമവും ഊർജ്ജിതവുമാക്കാനും അപ്പപ്പോൾ ഉയർന്നുവരുന്ന പ്രശ്നങ്ങളിൽ വ്യക്തതയുണ്ടാക്കാനും സാധിക്കും. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ പ്രധാനപ്പെട്ട വാഗ്ദാനമായിരുന്നു; ആ വാഗ്ദാനം നിറവേറ്റാനായിട്ടുണ്ട്. അത് നല്ല നിലയിൽത്തന്നെയാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്, ഇതുവരെയുള്ള അനുഭവവും മികച്ചതാണ്.

**ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ**

2 (*2) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ഡോ. കെ. ടി. ജലീൽ:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പ്രത്യേക പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക ശാക്തീകരണത്തിനും അതുവഴി സാമൂഹിക ശാക്തീകരണത്തിനും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് നിർത്തലാക്കിയതിന് പിന്നാലെ ഈ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദേശ വായ്പയും നിർത്തലാക്കിയതുമൂലം ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികളാരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

I. സ്കോളർഷിപ്പ് പദ്ധതികൾ

1. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്.

2. യു.ജി.സി./സി.എസ്.ഐ.ആർ.-നെറ്റ് കോച്ചിംഗ്.

3. എൻ.ടി.എസ്. കോച്ചിംഗ്.

4. ജി.എസ്.ടി. പി.ജി. ഡിപ്ലോമ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

5. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്

6. സിവിൽ സർവ്വീസ് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം

7. വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ്

8. ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്: (സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്)

9. മദർ തെരേസ സ്കോളർഷിപ്പ് (നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി)

10. സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (Non Plan) - ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്

11. ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ് (Non Plan)

II. തൊഴിൽ നൈപുണി വികസന പദ്ധതികൾ

1. അംഗീകാരമുള്ള പ്രൈവറ്റ് ഐ.ടി.ഐ.-കളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം

2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് (പത്താംതരവും പ്ലസ് ടുവും) വേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി.

3. വിവാഹിതരും വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്നവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കൗൺസലിംഗ് - പാത്ത്‌വേ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം

III. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

1. നിർദ്ധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവനപുനരുദ്ധാരണ പദ്ധതി.

2. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

IV. കേന്ദ്രാവിഷ്കൃത പദ്ധതി

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത അടിസ്ഥാനസൗകര്യ വികസന പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്ന പദ്ധതിയും 60:40 അനുപാതത്തിൽ കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് വായ്പാ പദ്ധതികളും കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖേന മദ്രസ്സാദ്ധ്യാപകർക്കുള്ള ക്ഷേമനിധിയും നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ ഇതുമായി ബന്ധപ്പെട്ട് നിരവധി സ്കോളർഷിപ്പുകൾ ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകിവരുന്നു.

(ബി) കമ്പനീസ് ആക്ടുപ്രകാരം രൂപീകരിച്ച ഒരു സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനവുമാണ് കോർപ്പറേഷന്റെ ലക്ഷ്യങ്ങൾ. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(NMDFC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായും കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകുകയാണ് കെ.എസ്.എം.ഡി.എഫ്.സി.-യുടെ പ്രധാന പ്രവർത്തനം. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സ്വയം തൊഴിൽ വായ്പ (എൻ.എം.ഡി.എഫ്.സി.) (Credit line I and II)
2. വിദ്യാഭ്യാസ വായ്പ (എൻ.എം.ഡി.എഫ്.സി.) (Credit line I and II)
3. സ്വയം തൊഴിൽ വായ്പ
4. ബിസിനസ് വിപുലീകരണ വായ്പകൾ
5. പാരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)
6. പ്രവാസി വായ്പ
7. വിസ വായ്പ
8. ഭവന വായ്പ
9. ഉദ്യോഗസ്ഥ വായ്പ (വിവിധോദ്ദേശ്യം)
10. മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ
11. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ

12. വിവാഹ വായ്പ

13. ചികിത്സാ വായ്പ

14. മൈക്രോ ഫിനാൻസ് (Credit line I and II)

(സി) മുൻവർഷംവരെ കേന്ദ്ര സർക്കാർ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് നിലവിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. വിദേശ പഠനത്തിന് ചേരുന്ന സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ബിരുദ-ബിരുദാനന്തര പി.എച്ച്.ഡി. കോഴ്സുകളിൽ ഉന്നതപഠനം നടത്തുന്നതിന് ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നോ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ ധനസഹായമായി നൽകുന്ന സ്കോളർഷിപ്പ് പദ്ധതി. പരമാവധി 5,00,000 രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.

2. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നൽകുന്ന വിദ്യാഭ്യാസ വായ്പ (എൻ.എം.ഡി.എഫ്.സി.)-പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കാൻ 30 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ അനുവദിക്കും.

3. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നൽകുന്ന പാരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ) –കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി രക്ഷിതാക്കൾക്കുള്ള വായ്പയാണ് പാരന്റ് പ്ലസ്. 60 മാസ കാലാവധിയിൽ 7% പലിശനിരക്കിൽ പരമാവധി 20 ലക്ഷം രൂപ വരെ അനുവദിക്കും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, പിന്നാക്കവിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നിർത്തലാക്കിയതിനുപിന്നാലെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദേശവായ്പയും നിർത്തലാക്കി കേന്ദ്രം ന്യൂനപക്ഷ വിരോധം പ്രകടിപ്പിച്ച് മുന്നോട്ടുപോകുമ്പോൾ ഇത്തരം വിദ്യാർത്ഥികളെ ചേർത്തുപിടിച്ച് മുന്നോട്ടുപോകുന്ന പിണറായി സർക്കാരിനെ അഭിനന്ദിക്കുന്നു. വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിക്കുന്നുണ്ട്. 2020, 2022, 2023 വർഷങ്ങളിൽ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ബിരുദാനന്തര ബിരുദം/പിഎച്ച്.ഡി. കോഴ്സുകളിൽ ഉന്നതവിദ്യാഭ്യാസം നേടുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. വിദേശ ഉപരിപഠനത്തിനായി വിദ്യാർത്ഥികൾ ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നോ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ സഹായധനമായാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പരമാവധി അഞ്ച് ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പൊതുസേവന സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ന്യൂനപക്ഷക്ഷേമ വകുപ്പ് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇതുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഇപ്പോൾ നടത്തിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ വർഷത്തെ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു പോർട്ടലിന്റെ പ്രവൃത്തി നടന്നുവരികയാണ്. ഇക്കാര്യത്തിൽ ചെറിയ കാലതാമസമുണ്ടെങ്കിൽക്കൂടി വളരെ നല്ലരീതിയിൽ മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പാലോളി കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പാലോളി കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പും ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റും രൂപീകരിച്ചു. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തി. മദ്രസ്സാദ്ധ്യാപകർക്കും അവരുടെ പെൺമക്കൾക്കും വിവാഹധനസഹായമനുവദിച്ചു. പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും 'എ പ്ലസ്' നേടുന്നവർക്ക് സ്കോളർഷിപ്പ് അനുവദിച്ചു. മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു എന്നീ

പരീക്ഷകളിൽ സ്കോളർഷിപ്പ് അനുവദിച്ചു. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് സൗജന്യ പരിശീലനം നൽകുന്നതിനായി 14 ജില്ലകളിലായി 16 സൗജന്യ പരിശീലനകേന്ദ്രങ്ങളും കൂടാതെ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ സർക്കാരിന്റെ സന്നദ്ധ സംരംഭങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗജന്യമായി ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉപാധികളോടെ 20 ഉപകേന്ദ്രങ്ങളും ആരംഭിച്ചു. മുസ്ലിം സമുദായാംഗങ്ങളായ പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഏർപ്പെടുത്തി. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു. ന്യൂനപക്ഷക്ഷേമ വകുപ്പിനെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമപ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയാക്കാൻ തീരുമാനിച്ചു. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് പദ്ധതി ഏർപ്പെടുത്തി. 14 ജില്ലകൾ കേന്ദ്രീകരിച്ച് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം നടത്തിവരുന്നു. വിധവകളും വിവാഹബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതി

നടപ്പാക്കി. ചെറുകിട സംരംഭങ്ങൾക്കായി 42 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകി. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു. വയനാട് ജില്ലയിൽ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിൽ പൊന്നാനി ടൗണിലും പദ്ധതി നടപ്പാക്കിവരുന്നു. ഉറുദു മൂന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' നേടിയ വിദ്യാർത്ഥികൾക്ക് ചാർട്ടേർഡ് അക്കൗണ്ടന്റ് കോഴ്സ്, അക്കൗണ്ടൻസി, കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾ പഠിക്കാൻ സ്കോളർഷിപ്പ്, അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ്, റീഇംബേഴ്സ്മെന്റ് പദ്ധതി ഉൾപ്പെടെ പാലോളി കമ്മിറ്റി മുന്നോട്ടുവച്ച എല്ലാ ശിപാർശകളും നിലവിൽ നടപ്പാക്കിയിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ നടപ്പുസമ്പത്തിക വർഷത്തെ വിഹിതമെത്ര; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അതൊരു വലിയ ചാപ്റ്ററാണ്.

മി. സ്പീക്കർ: മേശപ്പുറത്തുവച്ചാൽ മതി.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അതിൽപ്പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടന്നുവരികയാണ്. കേന്ദ്ര സർക്കാരിന്റെ ഈ വർഷത്തെ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു പോർട്ടലിന്റെ പ്രവൃത്തി നടന്നുവരുന്നതിനാൽ അപേക്ഷകൾ ക്ഷണിക്കുന്നതിൽ ചെറിയ കാലതാമസമുണ്ടായിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതി, അടിസ്ഥാന വികസന പദ്ധതി തുടങ്ങിയ എല്ലാ പദ്ധതികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കനുസൃതമായിത്തന്നെ കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വ്യത്യസ്തമാർന്ന നിരവധി പദ്ധതികളാണ് ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രം ഏതുനിലയിലുള്ള സമീപനമാണ് കേരളത്തോട് സ്വീകരിച്ചുവരുന്നത്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പുതുതായി പദ്ധതികളൊന്നും നിലവിൽ വന്നിട്ടില്ലെന്നുമാത്രമല്ല, മുമ്പുണ്ടായിരുന്ന നാല് പദ്ധതികൾ നിർത്തലാക്കിയിരിക്കുകയാണ്. പക്ഷേ, ഇതുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ അടുത്ത മാർച്ച് മാസത്തോടുകൂടി

മാത്രമേ ലഭിക്കുകയുള്ളൂവെന്നാണ് അറിയാൻ കഴിഞ്ഞത്. അതിനുശേഷം കൃത്യമായ മറുപടി നൽകുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സച്ചാർ കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ ന്യൂനപക്ഷക്ഷേമ വകുപ്പും അതിന്റെ വിവിധ പദ്ധതികളുമുണ്ടാകുന്നത്. അക്കാലത്താണ് ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചത്. വകുപ്പിനുകീഴിലുള്ള കോച്ചിംഗ് സെന്ററുകൾ നിലവിൽ വളരെ മോശമായാണ് പ്രവർത്തിക്കുന്നത്. കോച്ചിംഗ് സെന്ററുകൾവഴി ഒരു കുട്ടിക്കുപോലും സെലക്ഷൻ കിട്ടിയതായി പറയാൻ കഴിയില്ല. അത് ആരുടെയും കുറ്റമല്ല. അതിന്റെ മെത്തേഡിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഈ കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യാനും കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ; ഇതിന്റെ ഭാഗമായി മണ്ണാർക്കാട് ഒരു കോച്ചിംഗ് സെന്റർ ആരംഭിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഇക്കാര്യങ്ങളിൽ ഗവൺമെന്റ് നല്ല ശ്രദ്ധ നൽകുന്നുണ്ട്. അങ്ങ് ഉദ്ദേശിക്കുന്ന രീതിയിലുള്ള പരാതികൾ ഏതൊക്കെ സെന്ററുകളിലാണുള്ളതെന്ന് അറിയിച്ചാൽ പരിശോധിച്ച് ആവശ്യമായ

നടപടി സ്വീകരിക്കാം. കൂടാതെ മണ്ണാർക്കാട് കോച്ചിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കാം.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ന്യൂനപക്ഷ എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന ഇ-ഗ്രാന്റ് കഴിഞ്ഞ രണ്ടുവർഷമായി നിഷേധിക്കുന്നതായി പരാതികളുണ്ട്. അത് പുനഃസ്ഥാപിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട ചില സ്കോളർഷിപ്പുകൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടെന്ന് നേരത്തെ ചോദ്യത്തിന് ഉത്തരമായി സൂചിപ്പിച്ചു. ഇനിയും അത്തരത്തിലുള്ള പരാതികളുണ്ടെങ്കിൽ പരിശോധിച്ച് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് ഏറെ സഹായകരമായ സാഹചര്യമാണ് ന്യൂനപക്ഷ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ലഭ്യമാക്കുന്നത്. വിവിധ മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതോടൊപ്പം മെഡിക്കൽ എൻട്രൻസ്

എക്സാമിനേഷൻ ഉൾപ്പെടെയുള്ള എൻട്രൻസ് കോച്ചിംഗ് സെന്ററുകൾകൂടി ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ന്യൂനപക്ഷക്ഷേമ വകുപ്പ് ഇത്തരം വിഷയങ്ങളിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്. ഐ.എ.എസ്. പോലെ കേഡർ ലെവലിൽ കുട്ടികളെ വാർത്തെടുക്കുന്ന പദ്ധതി, ഡിപ്ലോമ കോഴ്സുകൾക്കുവേണ്ടിയുള്ള പരിശീലന പദ്ധതി എന്നിവയുൾപ്പെടെ നിരവധി പദ്ധതികൾ വകുപ്പ് നടത്തുന്നുണ്ട്. ഇതിനെ ഏത് രീതിയിൽ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

**പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരമുള്ള സബ്സിഡി അരി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം**

3 (*3) ശ്രീ. ഇ. കെ വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരമുള്ള സബ്സിഡി അരി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം സംസ്ഥാനത്തെ 40 ലക്ഷം കാർഡുടമകൾക്ക് തിരിച്ചടിയാകുന്നതിനും രാജ്യത്ത് പൊതുവിപണിയിൽ അരിവില വീണ്ടും ഉയരുന്നതിനും കാരണമാകുമോയെന്ന് വിശദമാക്കാമോ;

(സി) ദരിദ്രർക്ക് സൗജന്യമായി അഞ്ച് കിലോ ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന കേന്ദ്ര സർക്കാർ പ്രഖ്യാപനം നിലവിൽ ലഭിക്കുന്ന സൗജന്യ ഭക്ഷ്യധാന്യത്തിന്റെ അളവിൽ കുറവുവരുത്തുന്നതാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മുൻഗണനാ വിഭാഗത്തിന് നൽകിവരുന്ന സാധാരണ റേഷൻ വിഹിതത്തിൽ വർദ്ധനവുവരുത്താതെ പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്ന യോജന നിർത്തലാക്കിയതോടെ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകിവന്നിരുന്ന ഭക്ഷ്യധാന്യ വിതരണം പകുതിയായി കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് ഭക്ഷ്യദൗർലഭ്യത്തിന് ഇടയാക്കുമോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ) ഉണ്ട്. 2022 ഡിസംബർ 23-ലെ കേന്ദ്ര മന്ത്രിസഭായോഗം 2020 ഏപ്രിൽ മുതൽ രാജ്യത്ത് നടപ്പാക്കിവന്നിരുന്ന PMGKAY പദ്ധതി നിർത്തലാക്കുകയുണ്ടായി. പ്രസ്തുത പദ്ധതിപ്രകാരം സൗജന്യമായി വിതരണം ചെയ്തിരുന്ന 5 കിലോ ഭക്ഷ്യധാന്യം രാജ്യത്തെ മുൻഗണനാ

കാർഡുടമകൾക്ക് വലിയ ആശ്വാസം പകർന്നിരുന്നു. PMGKAY പദ്ധതി നിർത്തലാക്കിയതിലൂടെ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകിവന്നിരുന്ന ഭക്ഷ്യധാന്യ വിതരണം ഏകദേശം പകുതിയായി കുറയുകയുണ്ടായി. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ പിന്നോക്കം നിൽക്കുന്ന കേരളംപോലൊരു ഉപഭോക്തൃ സംസ്ഥാനത്തെ പ്രസ്തുത നടപടി ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുൻഗണനാ കാർഡുടമകൾക്കുള്ള നോർമൽ റേഷൻ വിതരണത്തിന് 85459.88 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളും PMGKAY പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണത്തിന് 77400.06 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുമാണ് കേന്ദ്രസർക്കാർ അനുവദിച്ചു വന്നിരുന്നത്. സംസ്ഥാനത്തെ എ.എ.വൈ., പ്രയോറിറ്റി വിഭാഗങ്ങളിൽപ്പെടുന്ന 40 ലക്ഷത്തോളം വരുന്ന കാർഡുടമകൾക്ക് PMGKAY സ്കീം പ്രകാരമുള്ള വിതരണം പ്രയോജനപ്പെട്ടിരുന്നു. PMGKAY പദ്ധതി നിർത്തലാക്കിയതിലൂടെ സംസ്ഥാനത്ത് മുൻഗണനാ കാർഡുടമകൾക്ക് കിട്ടിക്കൊണ്ടിരുന്ന 77400.06 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുടെ വിതരണം അവസാനിപ്പിച്ചിരിക്കുകയാണ്. മുൻഗണനാ വിഭാഗത്തിനുള്ള നോർമൽ റേഷൻ വിഹിതത്തിൽ യാതൊരു വർദ്ധനവും വരുത്താതെ PMGKAY പദ്ധതി നിർത്തലാക്കിയത് സംസ്ഥാനത്ത്

ഭക്ഷ്യ ദൗർലഭ്യത്തിനും ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റത്തിനും കാരണമാകും.

(സി & ഡി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എ.എ.വൈ., പ്രയോറിറ്റി വിഭാഗങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിൽ ലഭ്യമായിരുന്ന അരിയും കിലോഗ്രാമിന് 2 രൂപ നിരക്കിൽ ലഭ്യമായിരുന്ന ഗോതമ്പും 2023 ജനുവരി മുതൽ ഒരു വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ സൗജന്യമാക്കിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിനുള്ള അരിയും ഗോതമ്പും സൗജന്യമാക്കിയതിലൂടെ കേന്ദ്ര സർക്കാരിനുള്ള അധികബാധ്യത ഏകദേശം 16,000 കോടി രൂപയാണ്. എന്നാൽ PMGKAY പദ്ധതി നിർത്തലാക്കിയതിലൂടെ കേന്ദ്ര സർക്കാരിന് ഏകദേശം 1.75 ലക്ഷം കോടി രൂപ ലാഭിക്കാൻ കഴിഞ്ഞുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. നിലവിൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാവിഭാഗത്തിന് ലഭിച്ചുവരുന്ന 85459.88 മെട്രിക് ടൺ ഭക്ഷ്യധാന്യം തികച്ചും അപര്യാപ്തമാണ്. സംസ്ഥാനത്തിനുള്ള അരിവിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ അനുകൂല നിലപാടുണ്ടായിട്ടില്ല. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി മുഖാന്തരം സൗജന്യമായി ലഭിച്ചിരുന്ന അരി വിഹിതം നിർത്തലാക്കിയതിലൂടെ

സംസ്ഥാനത്തിനുള്ള അരി വിഹിതം പകുതിയായി കുറഞ്ഞിട്ടുണ്ട്. ഇത് പൊതുവിപണിയിൽ അരി വില വർദ്ധിക്കാൻ കാരണമാകും.

ശ്രീ. ഇ. കെ. വിജയൻ: സർ, അനർഹർ കൈവശം വച്ചുവന്നിരുന്ന മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്യിപ്പിച്ച് അത് അർഹരായവർക്കെത്തിക്കാൻ ഗവൺമെന്റ് നടത്തിയ ശ്രമം ശ്ലാഘനീയമാണ്. ഇതിനകം 286087 മുൻഗണനാ കാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്യുകയുണ്ടായി. മുൻഗണനാ കാർഡിന് അർഹതയുള്ള നിരവധിപേർ സംസ്ഥാനത്ത് ഇനിയുമുണ്ട്. ഇത്തരക്കാർക്ക് മുൻഗണനാ കാർഡ് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. ആർ. അനിൽ: സർ, അനർഹർ കൈവശം വച്ചുവന്നിരുന്ന 172312 മുൻഗണനാ കാർഡുകളാണ് സറണ്ടർ ചെയ്ത് ലഭിച്ചത്. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങളിൽനിന്നും നല്ല സഹകരണമാണുണ്ടായിട്ടുള്ളത്. സറണ്ടർ ചെയ്ത കാർഡുകളുൾപ്പെടെ 286087 മുൻഗണനാ കാർഡുകൾ ഈ സർക്കാരിന്റെ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോഴും അതിന്റെ പ്രവർത്തനം നടന്നുവരുന്നു. 50000 മുൻഗണനാ കാർഡുകൾ ഉടൻ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് ഭക്ഷ്യധാന്യ വിതരണം നടത്തണമെന്നാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്നത്. ഇതിനായി ഓരോ വ്യക്തിയുടെയും റേഷൻ കാർഡുമായി ബന്ധപ്പെട്ട വിവരങ്ങൾ ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് റേഷൻ കാർഡുകൾ ആധാർ കാർഡുമായി ബന്ധിപ്പിക്കുന്ന നടപടി എത്രത്തോളം പുരോഗമിച്ചിട്ടുണ്ട്?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചത്. റേഷൻ കാർഡുപയോഗിച്ച് ഉപഭോക്താവിന് രാജ്യത്തെ ഏത് റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാനുള്ള സൗകര്യം ലഭ്യമാണ്. നൂറ് ശതമാനം റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിച്ച ആദ്യസംസ്ഥാനമായി കേരളം മാറിയെന്നത് അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്ന കാര്യമാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് 16.50 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് അനുവദിച്ചിരുന്നത്. എന്നാൽ ഈ നിയമം നടപ്പിലാക്കിയതിനുശേഷം ജനസംഖ്യയുടെ 43 ശതമാനം പേർക്ക്

മാത്രമാണ് കേരളത്തിൽ റേഷന് അർഹതയുള്ളതായി കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്തിന് അനുവദിച്ചുവന്നിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് 14.25 ലക്ഷം മെട്രിക് ടണ്ണായി കുറയുകയും ചെയ്തു. റേഷൻ സംവിധാനത്തിൽനിന്നും പുറത്തായ 57 ശതമാനം വരുന്ന ജനവിഭാഗങ്ങൾക്ക് ടൈഡ് ഓവർ വിഹിതത്തിൽനിന്നാണ് പരിമിതമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ നൽകിക്കൊണ്ടിരുന്നത്. മറ്റ് പല സംസ്ഥാനങ്ങളിലും 80 ശതമാനത്തോളം പേരെയും മുൻഗണനാ വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്. മുൻഗണനാ കാർഡുകളുടെ എണ്ണം ഏറ്റവും കുറവ് കേരളത്തിലാണ്. സംസ്ഥാനത്തിനുള്ള ടൈഡ് ഓവർ അരിവിഹിതം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മുൻഗണനാ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിലാണ് ഏറ്റവും കുറവ് മുൻഗണനാ കാർഡുള്ളതെന്നത് വസ്തുതയാണ്. 14.25 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേരളത്തിനുവേണ്ടി കേന്ദ്രം അനുവദിച്ചിട്ടുള്ളത്. അതിൽ 10.26 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ മുൻഗണനാ വിഭാഗങ്ങൾക്കുവേണ്ടിയുള്ളതാണ്. ബാക്കിയുള്ള 3.99 ലക്ഷം മെട്രിക് ടൺ

ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് 57 ശതമാനം വരുന്ന മുൻഗണനേതര കാർഡുകൾക്ക് നൽകാൻ കഴിയുന്നത്. ഈ വിഹിതം വർദ്ധിപ്പിക്കണമെന്ന് പല തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. സഭതന്നെ ഐകകണ്ഠ്യേന പ്രമേയത്തിലൂടെ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടതുമാണ്. എന്നാൽ, 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ മൊത്തം ജനസംഖ്യയിൽ 15480040 പേർക്കുമാത്രമാണ് മുൻഗണനാ കാർഡിന്റെ ആനുകൂല്യം ലഭിക്കുന്നത്. ജനസംഖ്യയിലുണ്ടായ ആനുപാതിക വർദ്ധനവിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ വർദ്ധിപ്പിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. 2021-ലെ സെൻസസ് നടപടി പൂർത്തിയായശേഷം അതിനെക്കുറിച്ച് ആലോചിക്കാമെന്നതാണ് കേന്ദ്ര ഗവൺമെന്റ് നിലപാട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, PMGKAY പദ്ധതിപ്രകാരം സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ സമീപനങ്ങളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പരിമിതമായ അധികാരങ്ങൾക്കകത്തുനിന്നുകൊണ്ട് പൊതുവിതരണ സമ്പ്രദായം നന്നായി മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന

പദ്ധതി സംസ്ഥാന സർക്കാർ പ്രത്യേകം നടപ്പാക്കിയിരുന്നു. സ്വമേധയാ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിച്ച കാർഡുടമകളിൽനിന്ന് പിഴ ഈടാക്കുന്നുണ്ടോ; അത്തരത്തിൽ പിഴ ഈടാക്കുന്നുണ്ടെങ്കിൽ അത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിന് നേരത്തെ മറുപടി പറഞ്ഞതാണ്. 'ഓപ്പറേഷൻ യെല്ലോ' പദ്ധതിയനുസരിച്ച് അന്ത്യോദയ അന്ന യോജന (എ.എ.വൈ.) കാർഡുകൾ അനർഹമായി കൈവശം വച്ചിരുന്നവർക്ക് അതിൽനിന്നും പിന്മാറുന്നതിനായി 10 മാസത്തെ സമയം സർക്കാർ അനുവദിച്ചിരുന്നു. അതിനുശേഷമാണ് പിഴ ഈടാക്കുന്ന നടപടിയുമായി സർക്കാർ മുന്നോട്ടുപോയത്. നിരവധിപേർ ഇപ്പോഴും എ.എ.വൈ. കാർഡുകൾ കൈവശം വച്ചിരിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അവരിൽനിന്നും കാർഡുകൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി കുറഞ്ഞ തുകയാണ് ഇപ്പോൾ പിഴയായി ഈടാക്കുന്നത്. അത്തരത്തിൽ കൈവശം വച്ചിരിക്കുന്ന മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കുകയോ അതിൽനിന്ന് പിന്മാറുകയോ ചെയ്തില്ലെങ്കിൽ സർക്കാർ ഇത്തരം നടപടികളുമായി മുന്നോട്ടുപോകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്രവിഹിതം ലഭിക്കാനുണ്ടോ; നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കൃഷിക്കാരുടെ നെല്ല് പൂർണ്ണമായി സംഭരിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അവസാനത്തെ സീസണിനുമുമ്പുവരെ സംഭരിച്ച നെല്ലിന്റെ പണം പൂർണ്ണമായി കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സീസണിൽ 74107 കർഷകരിൽ നിന്നായി 1.98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ഇതിന്റെ വിലയായി 46292 കർഷകർക്കായി 369.29 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 27815 കർഷകർക്ക് 189.37 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. അത് ഏകദേശം രണ്ടുമൂന്ന് മാസത്തെ കുടിശ്ശികയായിക്കിടക്കുന്ന വിഷയമാണ്. ഇക്കാര്യത്തിൽ പല ബാങ്കുകളുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അവരുടെ പല വ്യവസ്ഥകളും അംഗീകരിക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. എങ്കിലും ചർച്ചയുടെ ഫലമായി ചില ബാങ്കുകൾ പലിശ കുറയ്ക്കാൻ തയ്യാറായിട്ടുണ്ട്. 7.5 ശതമാനം

പലിശയ്ക്ക് കേരള ബാങ്കും മറ്റ് നാഷണലൈസ്ഡ് ബാങ്കുകളും പി.ആർ.എസ്. വായ്പ നൽകാൻ തയ്യാറായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും 400 കോടിയിലധികം രൂപ ലഭിക്കാനുണ്ട്. സംസ്ഥാന സർക്കാരിൽനിന്നും പണം ലഭിക്കാനുണ്ട്. അത് ലഭിച്ചാൽ അടിയന്തരമായി കടം തീർക്കാനും നെൽകർഷകർക്കുള്ള അനുകൂല നടപടി ദ്രുതഗതിയിലാക്കാനും കഴിയുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മുൻഗണനാ വിഭാഗങ്ങൾക്ക് നൽകിവരുന്ന റേഷൻ വിഹിതത്തിൽ വർദ്ധനവ് വേണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേന്ദ്രത്തിനുമുന്നിൽ ഈ ആവശ്യം ഉന്നയിക്കേണ്ടതാണ്. റേഷൻ വിതരണത്തിലുണ്ടാകുന്ന ചില അപാകതകളാണ് ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. സംസ്ഥാനത്തെ റേഷൻ കടകളിലെ ഇ-പോസ് മെഷീൻ തകരാറിലാകുന്ന സ്ഥിതി നിത്യസംഭവമായിട്ടുണ്ട്. 'ഇ-പോസ് മെഷീൻ കേടായതുകൊണ്ട് അടുത്ത മൂന്ന് ദിവസത്തേയ്ക്ക് റേഷൻ വിതരണം ഉണ്ടാകില്ല' എന്ന വാർത്തയാണ് ഓരോ ദിവസവും ഓരോ പ്രദേശത്തും കാണുന്നത്. ഇത്രയും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സംസ്ഥാനത്ത് ഇ-പോസ് മെഷീനുകൾ ആഴ്ചതോറും കേടാകുന്നതിന്റെ

കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതുമൂലം റേഷൻ വിതരണത്തിലുണ്ടാകുന്ന കാലതാമസം പരിശോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഗൗരവമേറിയതാണ്. സാങ്കേതികവിദ്യ പരിഷ്കരിച്ച് ഇ-പോസ് മെഷീന്റെ സഹായത്തോടെ റേഷൻ വിതരണം വേഗത്തിൽ നടത്താനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയത്. പക്ഷേ, പല ഘട്ടങ്ങളിലും അവയ്ക്ക് തകരാറുകൾ സംഭവിക്കുന്നുണ്ട്. അത് ഇ-പോസ് മെഷീന്റെ തകരാറാണെന്നാണ് പൊതുവിൽ ആളുകൾ അറിയുന്നത്. എന്നാൽ ചില പ്രദേശങ്ങളിൽ കണക്ടിവിറ്റിയുടെ പ്രശ്നങ്ങളുണ്ടായത് മനസ്സിലാക്കി റേഷൻ വ്യാപാരികൾക്ക് ഇഷ്ടമുള്ള സിം ഉപയോഗിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തു. എന്നാൽ ആളുകൾ ഒരുമിച്ച് റേഷൻ വാങ്ങാൻ വരുന്നതുകൊണ്ടാണ് ഇത്തരത്തിൽ സംഭവിക്കുന്നതെന്ന അഭിപ്രായമുണ്ടായി. അതുസംബന്ധിച്ച് സാങ്കേതിക വിദഗ്ദ്ധരുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയും അതനുസരിച്ച് രാവിലെ മുതൽ ഉച്ചവരെയും ഉച്ചയ്ക്കുശേഷവുമായി രണ്ട് ഷിഫ്റ്റ് ആക്കി റേഷൻ വിതരണത്തിനുള്ള സൗകര്യമൊരുക്കുകയും ചെയ്തു. ആ നിലയിലുള്ള നിലപാടുകൾ

സ്വീകരിച്ചെങ്കിലും മാസാവസാന ദിവസം വലിയ തിരക്കാണ് റേഷൻ കടകളിലുണ്ടാകുന്നത്. ഇന്നലെ അതായത്, ജനുവരി 31-ാം തീയതി ഏകദേശം 9.5 ലക്ഷം കാർഡുടമകൾ റേഷൻ വാങ്ങുന്ന സ്ഥിതിയുണ്ടായി. ഇത്തരം സാഹചര്യത്തിൽ ഇ-പോസ് മെഷീന് തകരാറുണ്ടാകുന്നുണ്ട്. കൂടാതെ മാസത്തിന്റെ അവസാനദിവസങ്ങളിൽ തകരാറുണ്ടാക്കി ഈ തീയതി മാറ്റിക്കിട്ടുന്നതിന് ശ്രമം നടത്തുന്നവരുമുണ്ട്. അത്തരം വിഷയങ്ങളെ ഗൗരവമായിക്കണ്ട് നടത്തിയ പരിശോധനയിൽ തകരാറുകൾ ചിലർ സാങ്കേതികമായി സൃഷ്ടിക്കുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്തായാലും ഇതിന് മാറ്റംവരുത്താൻ ഹൈദരാബാദ് എൻ.ഐ.സി. ഉദ്യോഗസ്ഥരുമായും കേരളത്തിലെ ഐ.ടി. രംഗത്തെ ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ നടന്നുവരികയാണ്. താമസിയാതെതന്നെ അതിന് സ്ഥിരമായ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇടതുപക്ഷ ഗവൺമെന്റ് ലക്ഷക്കണക്കിന് സാധാരണക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിക്കൊണ്ടിരിക്കുകയാണ്. പൊതുസമൂഹത്തിനിടയിൽ വലിയ അഭിപ്രായം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന് വില കൊടുക്കുന്നില്ല. നെല്ല് സംഭരിച്ച് നാലഞ്ച് മാസമായിട്ടും

നെല്ലിന്റെ വില നൽകാത്തത് സർക്കാരിന് വലിയ കളങ്കം വരുത്തുന്ന നിലയിലേയ്ക്ക് വന്നിരിക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇതിന് പരിഹാരം കണ്ടെത്താൻ മുൻകയ്യെടുക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കഴിഞ്ഞ രണ്ട് സീസണിലും നെല്ല് സംഭരിച്ചതിനുള്ള പണം 24 മണിക്കൂറിനുള്ളിൽ കൃത്യമായി കർഷകരുടെ അക്കൗണ്ടിലേയ്ക്കെത്തുന്ന സംവിധാനമൊരുക്കി അത് കൃത്യമായി കൊടുക്കാൻ കഴിഞ്ഞു. എന്നാൽ വിവിധ ബാങ്കുകളിലെ വായ്പകൾ കൃത്യമായി അടച്ചില്ലെങ്കിൽ സ്വാഭാവികമായും അടുത്ത ലോൺ ലഭിക്കാത്ത സ്ഥിതിവരും. എങ്കിലും അതിനനുസരിച്ച് കൂടുതൽ വായ്പയെടുക്കാനുള്ള ചർച്ചകൾ നടക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ നെൽ കർഷകർക്ക് കുടിശ്ശികയായിട്ടുള്ള പണം കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കെ-ഫോൺ പദ്ധതി**

4 (4*) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നാല് വർഷത്തിനുള്ളിൽ നാല്പത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ബൃഹത്

പരിപാടിയുടെ ലക്ഷ്യപ്രാപ്തിക്കായുള്ള ഭൗതിക പശ്ചാത്തലം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) നിർമ്മിതബുദ്ധി, ഗ്രാഫീൻ ഇന്നവേഷൻ തുടങ്ങിയ ഭാവി വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാക്കുന്ന കെ-ഫോൺ പദ്ധതി പൂർത്തീകരിക്കാനായിട്ടുണ്ടോ; എങ്കിൽ ഇതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, (എ) സംസ്ഥാനത്ത് വർദ്ധിച്ച രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ചുവടെ കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>"കേരള നോളജ് ഇക്കോണമി മിഷൻ" (കെ.കെ.ഇ.എം.)</u>

20 ലക്ഷം പേർക്ക് തൊഴിൽ നൽകി കേരളത്തെ ഒരു നോളജ് സൊസൈറ്റിയായി വിജയിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ "കേരള നോളജ് ഇക്കോണമി മിഷൻ" ആരംഭിച്ചു. ഈ സംരംഭത്തിന്റെ ഭാഗമായി വ്യത്യസ്ത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ

ചെയ്യുന്നതിനായി ഒരു ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും കെ-ഡിസ്ക്-ന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പങ്കാളിത്ത സംഘടനകളുമായിച്ചേർന്ന് കെ.കെ.ഇ.എം. ഇതുവരെ 32235 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

2. ഡിജിറ്റൽ സയൻസ് പാർക്ക്

ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ആധുനികരീതിയിൽ ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ഡിജിറ്റൽ സയൻസ് മേഖല കേന്ദ്രീകരിച്ചുള്ള ഇന്ത്യയിലെ ആദ്യ പാർക്കായിരിക്കും ഡിജിറ്റൽ സയൻസ് പാർക്ക്. ടെക്നോപാർക്ക് നാലാംഘട്ടമായ ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഡിജിറ്റൽ സർവ്വകലാശാലയോടുചേർന്നാണ് ഡിജിറ്റൽ സയൻസ് പാർക്ക് ആസൂത്രണം ചെയ്തിരിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെയും വ്യവസായ മേഖലയുടെയും സഹകരണം പ്രതീക്ഷിക്കുന്നു. കേരളത്തിൽ വളരെയധികം വിജ്ഞാന വ്യവസായങ്ങൾക്ക് തുടക്കമിടാനും പാർക്ക് സഹായിക്കും. സാങ്കേതികവിദ്യാ

നവീകരണത്തിനുള്ള നിക്ഷേപത്തിന്റെ വലിയഭാഗം പാർക്കിലൂടെ നിറവേറ്റാനാകും.

3. ഐ. ടി. പാർക്കുകൾ

സംസ്ഥാനത്തെ സർക്കാർ ഐ.ടി. പാർക്കുകളിൽ അടുത്ത 5 വർഷത്തിനുള്ളിൽ 1 കോടി ചതുരശ്രയടി ഐ.ടി. സ്പെയ്സ് പൂർത്തിയാക്കാൻവേണ്ടിയുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഒന്നാംഘട്ടം മുതൽ നാലാം ഘട്ടം വരെയുള്ള പദ്ധതികളിലായി 59 ലക്ഷം ചതുരശ്രയടി കെട്ടിടവും 53000 പേർക്ക് പ്രത്യക്ഷമായും 1.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 18.42 ലക്ഷം ചതുരശ്രയടി കെട്ടിടങ്ങളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും അതിലൂടെ ഉദ്ദേശം 18000 പേർക്ക് പ്രത്യക്ഷമായും 54000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യത ലക്ഷ്യമിടുന്നു. കോഴിക്കോട് സൈബർ പാർക്കിൽ ഏകദേശം 4 ലക്ഷം ചതുരശ്രയടി ഐ.ടി. കെട്ടിടവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും വിഭാവനം ചെയ്യുന്നു. ഇതിലൂടെ ഏകദേശം 4000 പേർക്ക് പ്രത്യക്ഷമായും 12000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. സംസ്ഥാനത്തേയ്ക്ക് വൻകിട

കമ്പനികളെ ആകർഷിച്ച് ഐ.ടി. വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള കോ-വർക്കിംഗ് സ്പെയ്സ് സംവിധാനം പ്രയോജനപ്പെടുത്തി 'റിമോർട്ട് വർക്ക് ഫോഴ്സ് ' വഴി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. പാർക്കുകളിലേയ്ക്ക് ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ-അന്തർദ്ദേശീയതലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ. ഉൾപ്പെടെയുള്ള 64 പ്രമുഖ കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5 ജി ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത 66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ ഇരുപതോളം ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻവേണ്ട നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി ‘ഇഗ്നൈറ്റ്’’ എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്ത് ഐ.ടി. വ്യവസായം

ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിലന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നവേഷൻ & എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ അഥവാ മിനി ഇൻക്യുബേറ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. അതിൽനിന്നും സാങ്കേതികാധിഷ്ഠിത സ്റ്റാർട്ടപ്പുകൾ രൂപപ്പെടുവാൻ വിവിധ ഇന്നവേഷൻ ചലഞ്ചുകൾ നടത്തുകയും നിക്ഷേപം ലഭിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തുവരുന്നു. കൊച്ചിയിലും തിരുവനന്തപുരത്തും സ്റ്റാർട്ടപ്പുകൾക്കായി പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് മൂന്ന് മുതൽ നാല് ലക്ഷംവരെ തൊഴിൽ കൊടുക്കുവാനുള്ള ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരികയാണ്.

4. <u>കാർഷിക മേഖല</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉൽപ്പാദന മേഖല, സേവന മേഖല, മൂല്യവർദ്ധിത മേഖല, വിപണന മേഖല എന്നിവ കേന്ദ്രീകരിച്ച് കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും 25642 കൃഷിക്കൂട്ടങ്ങൾ വഴി 136344 തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മൂല്യവർദ്ധിത കാർഷിക മിഷന്റെ ഭാഗമായി ഒരു ലക്ഷം തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

(ബി) നിർമ്മിത ബുദ്ധിയിലധിഷ്ഠിതമായ മെഷീൻ ട്രാൻസ്ലേഷൻ, ചാറ്റ് ബോട്ട്, ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ (ഒ.സി.ആർ.) തുടങ്ങിയ സംരംഭങ്ങൾ International Centre for Free and Open Source Software (ICFOSS) നടപ്പിലാക്കിവരുന്നു. ഗ്രാഫീൻ ഇന്നവേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി കിൻഫ്ര ഹൈടെക് പാർക്കിൽ ഒരു ക്ലീൻ റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഗവേഷണം, വിപണി കണ്ടെത്തൽ എന്നിവയെല്ലാം സെന്ററിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. 2023 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ഈ സെന്റർ ഓഫ് എക്സലൻസ്

കിൻഫ്ര ഹൈടെക് പാർക്കിൽ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഗ്രാഫീൻ അനുബന്ധ ഗവേഷണത്തോടൊപ്പം ചെറിയ വ്യവസായ സംരംഭകർക്കുള്ള സഹായങ്ങളും പ്രദാനം ചെയ്യാൻ പദ്ധതിയിടുന്നതുവഴി ഗ്രാഫീൻ അനുബന്ധ വ്യവസായങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. വ്യവസായ സംരംഭകർക്ക് ഗ്രാഫീൻ ഗവേഷകരുമായി സംവദിക്കാനുള്ള സാഹചര്യം ഈ സെന്ററിലൂടെ ലഭിക്കും.

(സി) കെ-ഫോൺ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ നടന്നുവരികയാണ്. പദ്ധതിയുടെ പ്രാഥമികഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്കുവീതം, 140 മണ്ഡലങ്ങളിലുള്ള ആകെ 14000 കുടുംബങ്ങൾക്ക്, സൗജന്യമായി കെ-ഫോൺ കണക്ഷൻ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്നമുറയ്ക്കാണ് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്.

വിവരസാങ്കേതികവിദ്യ, ആശയവിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനമാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കുന്നത്. പ്രസ്തുത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതിവഴി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകരമാകും. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാനാകും. ഇന്റർനെറ്റിന്റെ വ്യാപനംവഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. കൂടാതെ ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാകും. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ആർട്ടിഫിഷ്യൽ

ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാകും.

<u>ശ്രീ. ആന്റണി ജോൺ:</u> സർ, സംസ്ഥാനത്ത് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഗുണമേന്മയുള്ള ഇന്റർനെറ്റ് ലഭ്യത സാർവ്വത്രികമായി ലഭ്യമാക്കുന്നതിനുദ്ദേശിക്കുന്ന കെ-ഫോൺ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, സംസ്ഥാനത്ത് ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിനാണ് കെ-ഫോൺ പദ്ധതി വിഭാവന ചെയ്തത്. സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യമായും കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6510 കിലോമീറ്റർ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

22802 കിലോമീറ്റർ All-dielectric self-supporting cable, Optical Fiber Cable എന്നിവ സ്ഥാപിക്കാനുള്ളതിൽ 18615 കിലോമീറ്റർ പൂർത്തിയാക്കിയിട്ടുണ്ട്. 375 പോയിന്റ് ഓഫ് പ്രസൻസുകളിൽ 337 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ ലൈസൻസും ഇന്റർനെറ്റ് പ്രൊവൈഡർ ലൈസൻസും ലഭിച്ചിട്ടുണ്ട്. 26057 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 11832 ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം കെ-ഫോൺ കണക്ഷൻ നൽകാനുള്ള നടപടി പുരോഗമിക്കുകയാണ്.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, സംസ്ഥാനത്ത് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാനത്ത് ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനാണ് തീരുമാനിച്ചത്. ഡിജിറ്റൽ സർവ്വകലാശാലയുടെ നേതൃത്വത്തിലാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത്. 1515

കോടി രൂപയുടെ ചെലവാണ് ഇതിന് പ്രതീക്ഷിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെയും വ്യവസായമേഖലയുടെയും സഹകരണം പ്രതീക്ഷിക്കുന്നു. മൂന്നുവർഷത്തിനുള്ളിൽ പാർക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 150000 ചതുരശ്രയടി വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങളാണ് തുടക്കത്തിൽ പാർക്കിലുണ്ടാവുക. ആശയങ്ങളെ ഉല്പന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററായി പാർക്ക് പ്രവർത്തിക്കും. ഡിജിറ്റൽ സയൻസ് മേഖല കേന്ദ്രീകരിച്ചുള്ള രാജ്യത്തെ ആദ്യ പാർക്കായിരിക്കും ഇത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്, ബയോ ടെക്നോളജി തുടങ്ങിയ മേഖലകൾക്കാണ് ഊന്നൽ നൽകുക. സംസ്ഥാനത്ത് വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ ഈ പാർക്ക് സഹായകരമാകും.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഡിജിറ്റൽ സയൻസ് പാർക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കുകയുണ്ടായി. ഗ്രാഫീൻ ഇക്കോ സിസ്റ്റം എന്ന ആധുനിക പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആലോചിച്ചിട്ടുള്ളത്;

വിദേശ സർവ്വകലാശാലകളുമായി ബന്ധപ്പെടുത്താനുള്ള എന്തെങ്കിലും ധാരണയുണ്ടാക്കിയിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഗ്രാഫീൻ ഭാവിയുടെ പദാർത്ഥമായിട്ടാണ് അറിയപ്പെടുന്നത്. ഗ്രാഫീന്റെ ഉൽപ്പാദനത്തിനും വികസനത്തിനുമായിട്ടാണ് ഇന്ത്യ ഇന്നവേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. അതിനായി എറണാകുളത്ത് കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിലെ കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ ഒരു ക്ലീൻ റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നാനോ മെറ്റീരിയൽ നിർമ്മിക്കാനാവശ്യമായിട്ടുള്ള പൊടിപടലങ്ങളില്ലാത്ത സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. ഈ സൗകര്യമൊരുക്കുന്നതിനായി ക്ലാസ് 100 കാറ്റഗറിയിലുള്ള ക്ലീൻ റൂമാണ് ഒരുക്കുന്നത്. കേരളത്തിലെ ഏറ്റവും മികച്ച ക്ലീൻ റൂം സൗകര്യമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഉൽപ്പന്നങ്ങളുടെ ഗവേഷണം, വിപണി കണ്ടെത്തൽ എന്നിവയെല്ലാം ഈ സെന്ററിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. വ്യാവസായിക വളർച്ചയ്ക്ക് ഈ പ്രവർത്തനങ്ങൾ വളരെ ഉപകാരപ്രദമാകും. 2023 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഈ സെന്റർ പ്രവർത്തനനിരതമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഇന്ത്യയിൽത്തന്നെ ആദ്യമായി സ്റ്റാർട്ടപ്പ് പോളിസി അവതരിപ്പിച്ച സംസ്ഥാനം കേരളമാണ്. 90% സ്റ്റാർട്ടപ്പുകളും ഐ.ടി-യുമായി ബന്ധപ്പെട്ടുള്ളതാണ്. കോവിഡിനുശേഷം വർക്ക് ഫ്രം ഹോം എല്ലാ ഐ.ടി. കമ്പനികളും സ്ഥിരമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. സംസ്ഥാനത്തിന്റെ പല സ്ഥലത്തും ഒഴിഞ്ഞു കിടക്കുന്ന ഐ.ടി. സ്പേസ് റീ-അലോക്കേറ്റ് ചെയ്ത് അവിടെ കൂടുതൽ സ്റ്റാർട്ടപ്പുകൾ പരിഗണിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ; സംരംഭവികസനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി ഇത് പ്രയോജനപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഐ.ടി. മേഖലയിൽ വലിയ തോതിലുള്ള വികസനമാണ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി ടെക്നോ പാർക്കിലും ഇൻഫോ പാർക്കിലും സൈബർ പാർക്കിലുമെല്ലാം വലിയ തോതിലുള്ള നിർമ്മാണങ്ങളും പുതിയ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പുതിയ തൊഴിലവസരങ്ങളും നല്ല രീതിയിൽ സൃഷ്ടിക്കാനാകും എന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ നല്ല രീതിയിൽ സ്റ്റാർട്ടപ്പുകൾ സജ്ജമാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. ഇപ്പോൾ

സ്റ്റാർട്ടപ്പുകൾക്ക് ഏറ്റവും നല്ല അവസരമാണ് കേരളത്തിൽ ലഭ്യമായിട്ടുള്ളത്. അതിന്റെ ഭാഗമായി കൂടുതൽ സ്റ്റാർട്ടപ്പുകൾ സജ്ജമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പ്രേംകുമാർ: സർ, ഇന്റർനെറ്റ് അവകാശമാക്കിയിട്ടുള്ള ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. 2016-ൽ എൽ.ഡി.എഫ്. സർക്കാർ വരുമ്പോൾ മുന്നൂറ് സ്റ്റാർട്ടപ്പ് മാത്രമാണ് കേരളത്തിലുണ്ടായിരുന്നത്. എന്നാൽ മികച്ച സ്റ്റാർട്ടപ്പ് സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനമെന്ന ബഹുമതി കഴിഞ്ഞ മൂന്നുവർഷമായി കേരളം നേടിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ എത്ര സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പുകളുടെ കൃത്യമായ എണ്ണത്തിന് പ്രത്യേകം ചോദ്യം വേണ്ടിവരും.

ശ്രീ. സജീവ് ജോസഫ്: സർ, ഗ്രാമീണ-മലയോര മേഖലകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം രൂക്ഷമായിരിക്കുകയാണ്. അതുമൂലം പഠനം, ഐ.ടി. സംരംഭകത്വം എന്നിവയെല്ലാം ഏറെ പ്രയാസങ്ങൾ നേരിടുകയാണ്. ഇത് പരിഹരിക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇന്റർനെറ്റ് കണക്ടിവിറ്റി നല്ല രീതിയിൽ വ്യാപകമാക്കാൻതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് നല്ല പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ-ഫോൺ യാഥാർത്ഥ്യമാകുന്നതോടുകൂടി ഈ പറയുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഗ്രാമപഞ്ചായത്തുകളിൽ പൗര സഹായ കേന്ദ്രം**

5 (*5) ശ്രീ. എം. എം. മണി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ (പൗര സഹായ കേന്ദ്രം) സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പ്രസ്തുത കേന്ദ്രത്തിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും ഇതര വകുപ്പുകളിൽനിന്നും ലഭിക്കേണ്ടതുമായ സേവനങ്ങൾ സംബന്ധിച്ച്

വിവരങ്ങൾ നൽകുന്നതിന് പ്രസ്തുത സഹായ കേന്ദ്രം വഴി സൗകര്യം ലഭ്യമാണോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ & ബി) ഉണ്ട്. സംസ്ഥാനത്ത്, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ ജനങ്ങൾക്ക് സർക്കാരിൽനിന്നും സർക്കാരിന്റെ വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. 2009-ൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരിക്കെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഏത് ഗ്രാമപഞ്ചായത്തിലും ലഭിക്കുന്ന ഏത് അപേക്ഷയ്ക്കും പരാതിക്കും സേവനപ്രദാന തീയതികൂടി രേഖപ്പെടുത്തിക്കൊണ്ടുള്ള രസീത് ഹർജിക്കാരന് നൽകുന്ന സംവിധാനവും അതിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്നു. ലഭിക്കുന്ന ഏതൊരു അപേക്ഷയോടൊപ്പവും സേവനം ലഭിക്കുന്നതിന് നിർബന്ധമായും ആവശ്യമുള്ള രേഖകൾ എന്തൊക്കെയെന്ന് ചെക്ക് ലിസ്റ്റ് പരിശോധിച്ച് ഉറപ്പുവരുത്തി അപാകതകളുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനുള്ള സംവിധാനവും ഇതോടൊപ്പം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ ചെക്ക്

ലിസ്റ്റ് സംവിധാനം മാന്വൽ ആയതിനാൽ അത് പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിരുന്നില്ല. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സംവിധാനം വഴി ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള ഏതൊരു അപേക്ഷയും ഓൺലൈനായി നൽകുന്നതിന് സൗകര്യമേർപ്പെടുത്തുകയും ഓരോ അപേക്ഷയോടൊപ്പവും ആവശ്യമായ രേഖകൾ എന്തൊക്കെയെന്ന് അതോടൊപ്പം അറിയിക്കുന്ന സംവിധാനവും ഏതെങ്കിലും രേഖ കുറവുണ്ടെങ്കിൽ കൈപ്പറ്റ് രസീതിനൊപ്പം കുറവുള്ള രേഖ ഏതെന്ന് അറിയിപ്പ് നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള സേവനസംവിധാനം അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തി ജനസൗഹൃദപരമാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ജനങ്ങളോട് ഏറ്റവും അടുത്തുനിൽക്കുന്ന ജനപ്രതിനിധികൾക്കൂടി ഉൾപ്പെട്ട സർക്കാർ സംവിധാനമെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളുടേതല്ലാത്ത മറ്റ് സേവനങ്ങളെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾക്കും പൊതുസമൂഹം ഗ്രാമപഞ്ചായത്തുകളെ ആശ്രയിക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും

ലഭിക്കേണ്ട എല്ലാ സേവനങ്ങളും വിവരങ്ങളും അത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെങ്കിലും അല്ലെങ്കിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവ നേടിയെടുക്കാൻ സഹായം നൽകുന്നതിനായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസിനോട് ചേർന്ന് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന സേവനങ്ങൾക്കുപുറമെ വിവിധ വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും വിവരങ്ങളും നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും സഹായങ്ങളും പൊതുജനങ്ങൾക്ക് നൽകുന്നതിനും ആവശ്യമെങ്കിൽ ഓൺലൈൻ വഴിയുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായം നൽകുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ രൂപീകരിക്കുന്നത്. സംരംഭങ്ങൾ ആരംഭിക്കുന്നതിനോ, മറ്റേതെങ്കിലും സർക്കാർ സംവിധാനത്തിൽനിന്നും സേവനം ലഭിക്കുന്നതിനോ, ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നോ ഘടക സ്ഥാപനത്തിൽനിന്നോ ഗ്രാമപഞ്ചായത്ത് പരിധിയിലെ മറ്റേതെങ്കിലും സർക്കാർ-സർക്കാരിതര സംവിധാനത്തിൽനിന്നും സേവനം

ലഭിക്കുന്നതിനോ, ഏത് മാർഗ്ഗനിർദ്ദേശങ്ങൾക്കും സമീപിക്കാൻ സാധിക്കുന്ന രീതിയിലാണ് ഫ്രണ്ട് ഓഫീസ് ഫെസിലിറ്റേഷൻ സെന്ററുകൾ വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർ, അവരില്ലാത്ത സ്ഥലങ്ങളിൽ കുടുംബശ്രീ ഹെൽപ് ഡെസ്ക് സംവിധാനം, ഇത് രണ്ടുമില്ലാത്ത സ്ഥലങ്ങളിൽ എം.എസ്.ഡബ്ല്യൂ. യോഗ്യതയുള്ളവരെ നിയോഗിച്ചും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഇവർക്ക് പരിശീലനം നൽകുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനം കില ആരംഭിച്ചുകഴിഞ്ഞു. ഓരോ ഗ്രാമപഞ്ചായത്ത് ഓഫീസിലും ആർക്കും തിരിച്ചറിയാൻ പറ്റുന്ന രീതിയിൽ നീല ജാക്കറ്റ് ധരിച്ച് 'ഒപ്പമുണ്ട് ഉറപ്പാണ്' എന്ന ടാഗ് ലൈനോടുകൂടി സേവന കേന്ദ്രം ഏർപ്പെടുത്തുന്നതാണ്. 2023 ഏപ്രിൽ മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ സംവിധാനം നിലവിൽ വരും.

<u>ശ്രീ. എം. എം. മണി</u>: സർ, പൗര സഹായ കേന്ദ്രം എത്ര പഞ്ചായത്തുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും എന്ത് സേവനമാണ് അവിടെ ലഭ്യമാക്കുന്നതെന്നും വിശദീകരിക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഇതിന്റെ മറുപടിയും രണ്ടാമത്തെ ഭാഗത്തിന്റെ മറുപടിയും പറഞ്ഞുകഴിഞ്ഞതാണ്. പഞ്ചായത്തുകൾ,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ ഏജൻസികൾ എന്നിവവഴി ലഭ്യമാകുന്ന എല്ലാ സേവനങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ, സഹായങ്ങൾ, അപേക്ഷിക്കുന്നതിനുള്ള സഹായം മുതലായവയെല്ലാം ഈ ഫെസിലിറ്റേഷൻ സെന്ററുകൾ വഴി ലഭ്യമാണ്. എത്ര പഞ്ചായത്തുകളിൽ പൗര സഹായ കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നത് പ്രത്യേക ചോദ്യമായി വന്നാൽ മാത്രമേ നൽകാൻ കഴിയൂ.

ശ്രീമതി ശാന്തകുമാരി കെ.: സർ, പൗര സേവനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെങ്കിൽപ്പോലും ഇരുപത്തിയഞ്ച് വർഷത്തെ പാരമ്പര്യമാണ് ഡീസെൻട്രലൈസേഷന്റെ ഭാഗമായി വന്നിട്ടുള്ളത്. അതിന്റെ ശാക്തീകരണമാണ് പൗര സഹായ കേന്ദ്രങ്ങളുടെ ശാക്തീകരണം എന്ന് നമ്മൾ വിശ്വസിക്കുന്നത്. ഇരുപത്തിയഞ്ച് വർഷത്തെ സേവനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ പൗര സേവന കേന്ദ്രങ്ങൾ വഴി ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പൗര സഹായ കേന്ദ്രങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരുകളുടെയും പദ്ധതികൾ, സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക, അത്

ആളുകൾക്ക് ലഭിക്കാനുള്ള സഹായം നൽകുകയെന്നതാണ്. ഇരുപത്തിയഞ്ച് വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങളെയാണ് ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചതെന്ന് തോന്നുന്നു. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ, പ്രദർശനങ്ങൾ മുതലായവ ജനങ്ങളിൽ എത്തിക്കുന്നുണ്ട്. ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ദേശ്യം അതല്ല.

ശ്രീ. എൻ. കെ. അക്ബർ: സർ, സാധാരണ ജനങ്ങളിലേയ്ക്ക് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ എന്ന സംവിധാനം എത്തിക്കുന്നതിനുവേണ്ടി പ്രചരണ പരിപാടികൾ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പ്രചരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതിനെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും സിറ്റിസൺ പോർട്ടൽ ആയ ILGMS സംവിധാനം തുടങ്ങിയ ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കാനും ആളുകളെ സജ്ജരാക്കാനുമുള്ള പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ നടപടി**

6 (*6) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി ദുർബ്ബലപ്പെടുത്തുന്ന തരത്തിലുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്ന ആക്ഷേപം ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; പദ്ധതിയിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്ര പേർക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയിൽ ഒരു പഞ്ചായത്തിൽ ഒരേസമയം ഇരുപത് പദ്ധതികൾ മാത്രമേ പാടുള്ളൂവെന്ന കേന്ദ്ര സർക്കാരിന്റെ അശാസ്ത്രീയ

നിബന്ധന തിരുത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയ മൊബൈൽ ആപ്പ്, NMMS-ലെ സാങ്കേതിക പ്രശ്നങ്ങൾ, അവിദഗ്ദ്ധ വേതനം, മെറ്റീരിയൽ തുക, ഭരണചെലവിനുള്ള തുക എന്നിവ കേന്ദ്ര സർക്കാർ യഥാസമയം ലഭ്യമാക്കാത്തത് തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും പദ്ധതി പ്രവർത്തനങ്ങൾ തടസ്സം കൂടാതെയും പരമാവധി കാര്യക്ഷമമായും നടത്തുന്നതിനുള്ള നടപടി സംസ്ഥാനതലത്തിൽ സ്വീകരിക്കുന്നുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം 20 പ്രവൃത്തികൾ മാത്രമേ പാടുള്ളൂവെന്ന നിബന്ധന പദ്ധതി നിർവ്വഹണത്തിൽ സൃഷ്ടിച്ച ബുദ്ധിമുട്ട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇളവ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 50 പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന ഇളവ് കേരളത്തിന് മാത്രമായി നിബന്ധനകളോടെ അനുവദിക്കുകയുണ്ടായി. കൂടാതെ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും നിബന്ധനകളും

പുന:പരിശോധിക്കുന്നതിനും വിവിധ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സമയാസമയങ്ങളിൽ കേന്ദ്ര സർക്കാരിനെ സമീപിക്കാറുണ്ട്. ഇവയുടെയൊക്കെ ഫലമായി നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 743.21 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. 2022-23 വർഷം 10.31 കോടി തൊഴിൽ ദിനത്തിന് കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 6 കോടി തൊഴിൽ ദിനങ്ങൾക്കാണ് ആദ്യം അംഗീകാരം ലഭിച്ചത്. എന്നാൽ, സംസ്ഥാനം മികച്ച പ്രവർത്തനത്തിലൂടെ ഈ ലക്ഷ്യം നവംബർ മാസത്തിൽത്തന്നെ മറികടന്നതിനെ തുടർന്ന് 8.5 കോടി തൊഴിൽദിനങ്ങളായി കേന്ദ്രസർക്കാർ ലേബർ ബഡ്ജറ്റ് പുതുക്കിയിട്ടുണ്ട്. എല്ലാ പഞ്ചായത്തിലും സമഗ്ര നീർത്തട പ്ലാൻ തയ്യാറാക്കുന്ന നീരുറവ് പദ്ധതി, ജലസംരക്ഷണത്തിനായി രണ്ടായിരത്തിലധികം കുളങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള പച്ചത്തുരുത്തുകൾ തുടങ്ങി ഏറെ പദ്ധതികൾ സംസ്ഥാനതലത്തിൽ രൂപപ്പെടുത്തി നിർവ്വഹിക്കുന്നു. വർക്ക്ഷെഡ്ഡുകൾ, അങ്കണവാടികൾ, റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണം ഇതിനുപുറമെ നടത്തുന്നു. തൊഴിലുറപ്പുവഴി ലഭിക്കുന്ന 100 തൊഴിൽ ദിനം കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 ലക്ഷം അധികം തൊഴിൽ നൽകുന്ന

ട്രൈബൽ പ്ലസ് പദ്ധതിയും ഇതോടൊപ്പം സംസ്ഥാനം ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.

(ബി) ഉണ്ട്. പദ്ധതിക്കുകീഴിൽ സംസ്ഥാനത്തെ 15 ലക്ഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ മാത്രമേ പാടുള്ളൂവെന്ന നിബന്ധന പദ്ധതി നിർവ്വഹണത്തിൽ സൃഷ്ടിക്കുന്ന ബുദ്ധിമുട്ട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത നിബന്ധന തിരുത്തുന്നതിന് നിരന്തര സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 50 പ്രവൃത്തികൾ ഏറ്റെടുക്കാം എന്ന ഇളവ് കേരളത്തിന് മാത്രമായി നിബന്ധനകളോടെ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി.

<u>ശ്രീ. എ. പ്രഭാകരൻ:</u> സർ, ഗ്രാമീണ മേഖലയിലെ ദാരിദ്ര്യം പരിഹരിക്കാൻ തൊഴിലുറപ്പ് പദ്ധതി വലിയ സഹായമാണ്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. അത് നികത്താനാവശ്യമായ പരിപാടി കേരള സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, പ്രധാനപ്പെട്ട ചോദ്യമാണ്. കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് തുടർച്ചയായി ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന നിബന്ധനകൾ സംസ്ഥാനത്തിന് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. എന്നാൽ, ആ ബുദ്ധിമുട്ടിനെയെല്ലാം മറികടന്നുകൊണ്ട് മികച്ച പ്രവർത്തനം കേരളത്തിന് നടത്താൻ കഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 743.21 ലക്ഷം തൊഴിൽ ദിനങ്ങളാണ് കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2022-23-ൽ 10.31 കോടി തൊഴിൽദിനം കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ചെയ്തിരുന്നെങ്കിലും 6 കോടി തൊഴിൽ ദിനം മാത്രമാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത്. മികച്ച പ്രവർത്തനത്തിലൂടെ നവംബർ മാസത്തിൽത്തന്നെ 6 കോടി തൊഴിൽ ദിനങ്ങളെന്നത് മറികടക്കാൻ കേരളത്തിന് സാധിച്ചു. തുടർന്ന് 8.5 കോടി തൊഴിൽ ദിനങ്ങളായി ഇപ്പോൾ കേന്ദ്രം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനെ മറികടക്കാനും ശക്തിപ്പെടുത്താനും നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. ഇന്ത്യയിൽ ഒരൊറ്റ സംസ്ഥാനത്ത് മാത്രമാണ് നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നത്. ഇടതുപക്ഷം ദേശീയതലത്തിൽ ആവശ്യപ്പെട്ടിട്ടുള്ള നഗരങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കണമെന്ന കാര്യം കേരള

സർക്കാർ നടപ്പാക്കുകയാണ്. ഇടതുപക്ഷ ബദലിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് നഗര തൊഴിലുറപ്പ് പദ്ധതി. ഒരു ഗ്രാമപഞ്ചായത്തിൽ 20 പ്രവൃത്തി മാത്രമേ തൊഴിലുറപ്പിൽ എടുക്കാവൂയെന്നതായിരുന്നു കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിബന്ധനകളിലൊന്ന്. സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് ശക്തമായ സമ്മർദ്ദവും ഇടപെടലുമുണ്ടായതിനെ തുടർന്ന് അതിൽ കേരളത്തിനുമാത്രമായി ഇളവ് അനുവദിക്കാൻ കേന്ദ്രം നിർബന്ധിതമായി, അത് 50 പ്രവൃത്തിയായി വർദ്ധിപ്പിച്ചു.

മി. സ്പീക്കർ : ഓർഡർ.... ഓർഡർ..... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

**10.00 am]**

**II ചരമോപചാരം**

പണാറത്ത് കുഞ്ഞിമുഹമ്മദിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ എം.എൽ.എ-യും മുതിർന്ന മുസ്‌ലിം ലീഗ് നേതാവുമായിരുന്ന പണാറത്ത് കുഞ്ഞിമുഹമ്മദ് 2023 ജനുവരി 13-ന് അന്തരിച്ചു. കുഞ്ഞബ്ദുള്ള-അയിഷു ദമ്പതികളുടെ മകനായി 1937-ന് ജനിച്ച

+ അനുബന്ധം 1

പണാറത്ത് കുഞ്ഞിമുഹമ്മദ് ഹൈസ്കൂൾ പഠനകാലത്ത് മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷനിലൂടെ പൊതുപ്രവർത്തനം തുടങ്ങി. മൂന്ന് ദശാബ്ദം നാദാപുരം മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ്, രണ്ട് വർഷം വടകര താലൂക്ക് പ്രസിഡന്റ് തുടങ്ങിയ ചുമതലകളും വഹിച്ചു. തുടർന്ന് 1963-ൽ അദ്ദേഹം ഗ്രാമപഞ്ചായത്ത് ബോർഡ് വൈസ് പ്രസിഡന്റായി. 1965 മുതൽ 1967 വരെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായും പ്രവർത്തിച്ചു. നാദാപുരത്ത് സംഘർഷം രൂപംകൊണ്ടപ്പോൾ ദിവസങ്ങളോളം സംഘർഷമേഖലയിൽ ക്യാമ്പ്ചെയ്ത് സമാധാനം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച പണാറത്ത് കുഞ്ഞിമുഹമ്മദ് 1977-ൽ മേപ്പയ്യൂർ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്താണ് അഞ്ചാം കേരള നിയമസഭയിലെത്തിയത്. നിയമസഭാംഗമെന്ന നിലയിൽ മേപ്പയൂർ മണ്ഡലത്തിൽ വിപുലമായ വികസന പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകിയത്. മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതിയംഗം, സ്വതന്ത്ര കർഷക സംഘം സംസ്ഥാന വൈസ് പ്രസിഡന്റ്, ട്രാവൻകൂർ ടൈറ്റാനിയം ഡയറക്ടർ, കയർ കോർപ്പറേഷൻ ഡയറക്ടർ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. നിസ്വാർത്ഥസേവനവും ലാളിത്യവും കൈമുതലാക്കിയ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് പണാറത്ത് കുഞ്ഞിമുഹമ്മദിന്റെ

നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി ബഹുമാനപ്പെട്ട സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

**10.02 am]**

**III ചെയർമാന്മാരുടെ പാനൽ**

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (നെന്മാറ), ഇ. ടി. ടൈസൺ മാസ്റ്റർ, നജീബ് കാന്തപുരം എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

**10.03 am]**

**IV പ്രസ്താവന**

ഗവർണറുടെ പ്രസംഗത്തിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 2023 ജനുവരി 23-ന് ബഹുമാനപ്പെട്ട ഗവർണർ നടത്തിയ പ്രസംഗത്തിലെ 52-ാം ഖണ്ഡികയിൽ 'An amount of

Rs. 22,266.96 Crores has been provided as wages' എന്ന് പരാമർശിച്ചത് 'An amount of Rs. 2,266.96 Crores has been provided as wages' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

**V അറിയിപ്പ്**

<u>നിയമസഭാംഗങ്ങൾക്ക് ഇ-സിഗ്നേച്ചർ ഏർപ്പെടുത്തൽ</u>

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, ഇന്നുമുതൽ എം.എൽ.എ-മാർ ഇ-സിഗ്നേച്ചറിലേയ്ക്ക് മാറിയിരിക്കുകയാണ്. മാന്വൽ സിഗ്നേച്ചർ ഇന്നുമുതൽ പൂർണ്ണമായും ഇല്ലാതായിരിക്കുകയാണ്. സഭാംഗങ്ങൾക്ക് ഇ-സിഗ്നേച്ചറുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ നിയമസഭാ ജീവനക്കാരുടെ സഹായം തേടാവുന്നതാണ്.

**VI അടിയന്തരപ്രമേയം**

<u>വന്യമൃഗങ്ങളുടെ ആക്രമണം</u>

<u>മി. സ്പീക്കർ:</u> സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും കൃഷിയും സമ്പത്തും നശിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാർ പരാജയപ്പെട്ട സാഹചര്യം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. സണ്ണി ജോസഫും മറ്റുള്ളവരും നൽകിയിട്ടുള്ള അടിയന്തരപ്രമേയ നോട്ടീസ്, അടിയന്തര പ്രാധാന്യത്തോടുകൂടി പരിഗണിക്കേണ്ട ഒന്നാണെന്ന് തോന്നുന്നില്ല. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനും കൃഷിയും നശിക്കുന്നുവെന്നത് യാഥാർത്ഥ്യംതന്നെയാണ്. പക്ഷേ, അവ പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൂടി വിലയിരുത്താതെ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടുവെന്ന നിഗമനത്തിലേയ്ക്ക് എത്തുന്നത് ആശാസ്യമായ കാര്യമല്ലെന്ന് പറയാനാണ് ആഗ്രഹിക്കുന്നത്. വന്യജീവികളുമായി ബന്ധപ്പെട്ട എല്ലാ നടപടികളും കേരളത്തിന്റെ മാത്രം തീരുമാനത്തിന്റെ പരിധിയിലല്ല നിൽക്കുന്നത് എന്ന് സഭ പ്രത്യേകം കാണേണ്ടതാണ്. നാഷണൽ വൈൽഡ് ലൈഫ് ബോർഡും കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും അനുശാസിക്കുന്നവിധത്തിൽ മാത്രമേ സംസ്ഥാന വനം വകുപ്പിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ആ

പരിമിതിയിൽനിന്നുകൊണ്ട് കഴിഞ്ഞ കുറേ മാസങ്ങളായി വനംവകുപ്പ് ജീവനക്കാർ രാപ്പകലെന്നില്ലാതെ ആത്മാർത്ഥമായാണ് പ്രവർത്തിച്ചുവരുന്നത്. അത്തരം പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിനുപകരം അവരുടെ ആത്മവീര്യത്തെ കെടുത്തുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ശ്രീ. സണ്ണി ജോസഫ് അദ്ദേഹത്തിന്റെ പ്രദേശമായ ആറളത്ത് സർക്കാർ അടിയന്തരമായി സ്വീകരിച്ച നടപടികൾ നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ള ജനപ്രതിനിധിയാണ്. ആനമതിൽ നിർമ്മിക്കണമെന്ന ആവശ്യം അംഗീകരിച്ചുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ കോടിക്കണക്കിന് രൂപയുടെ പ്രവൃത്തിയാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഒരു പ്രവൃത്തി പൂർത്തിയായാൽ മാത്രമേ അതിന്റെ റിസൾട്ട് കിട്ടുകയുള്ളൂവെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. നേരത്തെ പരീക്ഷിച്ച സ്ഥലങ്ങളിൽ അത് പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് അവിടെ സന്ദർശിച്ച മന്ത്രിമാരോട് ബഹുമാനപ്പെട്ട എം.എൽ.എ. നേരിട്ട് പറഞ്ഞിട്ടുണ്ട്. ഇടുക്കി ചിന്നക്കനാലിൽ വൈൽഡ് ലൈഫ് വാച്ചർ ശക്തിവേൽ മരിക്കാനിടയായ ദാരുണ സംഭവം ശ്രദ്ധയിൽപ്പെട്ടതുമുതൽ ജാഗ്രതയോടുകൂടിയ പ്രവർത്തനമാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ തോമസ് എന്നയാൾ

കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ട കാര്യവും നോട്ടീസിൽ സൂചിപ്പിക്കുന്നുണ്ട്. അതും വലിയ വേദനയുണ്ടാക്കുന്ന സംഭവംതന്നെയാണ്. പക്ഷേ, ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പും ഉദ്യോഗസ്ഥരും എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നതിനെ തീർത്തും ചെറുതായി കണ്ടുകൊണ്ട് അത് മറ്റുതരത്തിൽ വലുതാക്കാൻ ശ്രമിക്കരുതെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. മരണപ്പെട്ട തോമസിന്റെ കുടുംബത്തിന് തൊട്ടടുത്ത ദിവസംതന്നെ നഷ്ടപരിഹാരത്തുക നൽകാൻ വനം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ മകന് വനം വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെയാണ് അട്ടപ്പാടിയിലും സംഭവിച്ചിട്ടുള്ളത്. ഈ ഘട്ടങ്ങളിലെല്ലാം ശക്തമായ പ്രവർത്തനമാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നതെന്ന കാര്യം ആവർത്തിക്കുകയാണ്. സംഭവം നടന്നതിനുശേഷം വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. പക്ഷേ, ഈ പ്രതിഭാസം എങ്ങനെയുണ്ടാകുന്നു എന്നതൊരു പ്രശ്നമാണ്. ഇതുവരെ നടത്തിയ ശാസ്ത്രീയ പഠനങ്ങളെല്ലാം പരീക്ഷിച്ചുനോക്കിയിട്ടും ആത്യന്തികമായ ഫലമുണ്ടാക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് ഇക്കാര്യത്തിലൊരു ശാസ്ത്രീയപഠനം വേണമെന്ന് തീരുമാനിച്ച് അതിന്റെ നടപടികളുമായി

സർക്കാർ മുന്നോട്ടുപോകുന്നത്. പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയാലേ അതിലെ നിഗമനങ്ങൾ സമ്പുഷ്ടമാക്കാനും മനുഷ്യ-വന്യജീവി സംഘർഷം എന്നന്നേയ്ക്കുമായി അവസാനിപ്പിക്കാനുമുള്ള തീരുമാനങ്ങളിലേയ്ക്ക് കടക്കാനും കഴിയുകയുള്ളൂ. പലതരത്തിലുള്ള വിദഗ്ദ്ധരുടെ അഭിപ്രായപ്രകടനങ്ങളും വ്യത്യസ്തരീതിയിലുള്ള റിപ്പോർട്ടുകളുമാണ് സർക്കാരിന്റെ കൈവശമുള്ളത്. അതിന്റെ അടിസ്ഥാനത്തിൽമാത്രം സർക്കാരിന് തീരുമാനമെടുക്കാൻ കഴിയില്ലെന്ന് അറിയാത്തവരല്ല ഈ സഭയിലിരിക്കുന്നവരാരും. മേൽ സൂചിപ്പിച്ച രീതിയിലുള്ള പഠനം വേഗത്തിൽ നടത്തി, ഈ പ്രശ്നത്തെ ശാശ്വതമായി നേരിടാൻ എന്താണ് ചെയ്യാൻ കഴിയുകയെന്ന് ആ ഘട്ടത്തിൽ ചർച്ച ചെയ്യുന്നതായിരിക്കും ഉചിതമെന്ന് തോന്നുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ഇന്നത്തെ മാതൃഭൂമി ദിനപത്രത്തിന്റെ ആദ്യത്തെ പേജിൽ വന്ന വാർത്തതന്നെ മതിയാകും (മാതൃഭൂമി ദിനപത്രം ഉയർത്തിക്കാണിച്ചു). 'മലപ്പുറം നിലമ്പൂർ കരുളായി പാലക്കരയിൽ കുട്ടികൾ ഉൾപ്പെടെ 11 കാട്ടാനകൾ ഒരു രാത്രിയും പകലും.' ഇന്നലെ ചാനലുകളിൽ വാർത്ത വന്നിരുന്നു. കാട്ടാനക്കൂട്ടമിറങ്ങി ഒരു ജനവാസ കേന്ദ്രത്തെ പൂർണ്ണമായും

വിറപ്പിക്കുന്ന സാഹചര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തെ ലളിതമായാണ് കാണുന്നത്. മാനന്തവാടിയിലെ തൊണ്ടർനാട് പുതുശ്ശേരി പള്ളിപ്പുറത്തെ തോമസ് എന്ന സാലു (50 വയസ്സ്) വനാതിർത്തിയിൽനിന്ന് 10 കിലോമീറ്ററോളം ദൂരത്തുള്ള, വനാതിർത്തിയുമായി യാതൊരു ബന്ധവുമില്ലാത്ത തൊണ്ടർനാട് പഞ്ചായത്തിലെ ജനവാസ കേന്ദ്രത്തിലെ അദ്ദേഹത്തിന്റെ കൃഷിയിടത്തിൽവച്ച് പകൽ സമയത്താണ് മരിച്ചത്. സാലു എന്നത് അദ്ദേഹത്തിന്റെ വിളിപ്പേരാണ്. ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയിരുന്നു. അദ്ദേഹത്തെ ആക്രമിച്ച കടുവ നാട്ടിലിറങ്ങിയത് 2022 ഡിസംബർ 2-ാം തീയതി കണ്ണൂർ ജില്ലയിലെ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഒളിക്കൽ പഞ്ചായത്തിലാണ്. കടുവ അദ്ദേഹത്തെ ആക്രമിച്ചത് ജനുവരി 12-ാം തീയതിയാണ്. കടുവ ഒളിക്കൽ പഞ്ചായത്ത് കടന്ന് പായത്തും അയ്യൻകുന്നിലും ആറളത്തുമൊക്കെ പോയപ്പോഴും മനുഷ്യർ അതിനെ ഫോളോ ചെയ്യുന്നുണ്ടായിരുന്നു. ഞാൻ ഈ സമയത്തൊക്കെ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി സംസാരിച്ചിരുന്നു. ഏഴാം നിയമസഭാ സമ്മേളനകാലത്ത് 2022 ഡിസംബർ 13-ാം തീയതി ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു. മന്ത്രിയുടെ കത്തുമായി ഞാൻ ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ പോയി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെയും പ്രിൻസിപ്പൽ ചീഫ് വൈൽഡ് ലൈഫ് വാർഡനെയും കണ്ട് ചർച്ച നടത്തുകയും കടുവയെ പിടിച്ചില്ലെങ്കിൽ ഇത് മനുഷ്യനെ പിടിക്കുമെന്ന് പറയുകയും ചെയ്തിരുന്നു. ഭാഗ്യവശാൽ കടുവ എന്റെ പ്രദേശത്തുനിന്ന് കടന്നുപോയെന്ന് ഞാൻ ആശ്വസിച്ചതുകൊണ്ട് കാര്യമുണ്ടോ? തൊട്ടടുത്ത സ്ഥലത്തുവച്ചാണ് സാലു എന്ന തോമസിനെ കടുവ പട്ടാപ്പകൽ ആക്രമിച്ചത്. ഇക്കാര്യത്തിൽ വനം വകുപ്പിന് ഉത്തരവാദിത്വമില്ലേ? അദ്ദേഹത്തെ ആക്രമിച്ചതിന്റെ പിറ്റേ ദിവസം കടുവയെ പിടിച്ചു. കണ്ണൂരിൽനിന്നും പുറപ്പെട്ട് തൊണ്ടർനാടും പിന്നീട് വയനാട്ടിൽത്തന്നെ 25 കിലോമീറ്റർ ദൂരെയെത്തിയ കടുവയെ മയക്കുവെടിവച്ചാണ് പിടിച്ചത്. തോമസ് മരണപ്പെട്ടില്ലെങ്കിൽ അപ്പോഴും കടുവയെ പിടിക്കില്ലായിരുന്നു. തോമസ് മരിക്കാനിടയായ വേറൊരു സാഹചര്യം അദ്ദേഹത്തിന് തക്കസമയത്ത് ആവശ്യമായ ചികിത്സ കിട്ടിയില്ല എന്നുള്ളതാണ്. മാനന്തവാടി ആശുപത്രിയിൽ കൊണ്ടുപോയിട്ട് അദ്ദേഹത്തിന്റെതന്നെ കൈലിമുണ്ട് കീറി കെട്ടുകയായിരുന്നു. കോഴിക്കോടുള്ള ആശുപത്രിയിൽ എത്തുമ്പോഴേയ്ക്കും അദ്ദേഹം മരണപ്പെട്ടു. ഇതുസംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഞാനും ശ്രീ. ഐ. സി. ബാലകൃഷ്ണനും ആ സമയത്ത് അവിടെ പോയിരുന്നു.

തോമസ് മാത്രമല്ല വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണപ്പെട്ടത്. ജനുവരി 25-ാം തീയതി രാവിലെ ഇടുക്കി ചിന്നക്കനാലിൽ 51 വയസ്സുള്ള ശക്തിവേൽ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഇടുക്കിയിൽത്തന്നെ ഇടമലക്കുടിയിൽ 7 മാസം ഗർഭിണിയായ 36 വയസ്സുള്ള അംബിക എന്ന ആദിവാസി യുവതി ആനയെക്കണ്ട് പേടിച്ചോടി വീണ് മരണപ്പെട്ടു. അവരുടെ ഗർഭസ്ഥ ശിശുവും മരിച്ചു. ശ്രീ. എം. എം. മണി ഉൾപ്പെടെയുള്ളവർ അവിടെ റോഡ് ഉപരോധിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് പറയുമ്പോൾ ശ്രീ. എം. എം. മണി ഇടുക്കിയിൽ റോഡ് ഉപരോധിച്ച് നാട്ടുകാരെ തടഞ്ഞത് ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ വേണ്ടിയല്ലേ? വയനാട് ചേക്കാടിയിൽ ബാലൻ, സുകുമാരൻ എന്നീ സഹോദരങ്ങൾക്ക് ആനയുടെ ആക്രമണത്തിൽ പരിക്കേറ്റു. പി.എം-2 എന്ന ആന സുൽത്താൻബത്തേരി ടൗണിന്റെ ഹൃദയഭാഗത്തുവച്ച് ആളുകളെ ആക്രമിച്ചു. അതിന്റെ ദൃശ്യങ്ങൾ എല്ലാവരും ടെലിവിഷനിൽ കണ്ടതാണ്. നാല് ദിവസം കഴിഞ്ഞാണ് ഈ ആനയെ മയക്കുവെടിവച്ച് പിടികൂടിയത്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സായ സുൽത്താൻബത്തേരി ടൗണിൽ നിരോധനാജ്ഞ പ്രഖ്യാപിക്കേണ്ടിവന്നു. ജനങ്ങൾ പുറത്തിറങ്ങരുതെന്ന് പ്രഖ്യാപിച്ചു. ഇതല്ലാതെ വേറെന്ത്

വിഷയമാണ് നിയമസഭയിൽ ചർച്ച ചെയ്യേണ്ടത്? പാലക്കാട് ധോണിയിൽ പി.ടി-7 എന്ന ആനയെ മയക്കുവെടിവച്ച് പിടിച്ചു. വയനാട്ടിലെ ഒരാൾ മരിച്ചതിനുശേഷം മാതൃഭൂമി ദിനപത്രത്തിൽ എഡിറ്റോറിയൽ വന്നു, 'വന്യജീവി ആക്രമണം - പരിഹാരം വേണം.' മലയാള മനോരമ ദിനപത്രത്തിൽ വന്നത് 'നാട് വിറപ്പിച്ച് കാട്ടുമൃഗങ്ങൾ' എന്നിങ്ങനെയാണ്. വയനാട്ടിലെ തോമസിന്റെ മരണത്തിനുശേഷം, 15-01-2023-ന് മാതൃഭൂമി ദിനപത്രത്തിൽ 'മനുഷ്യനും കടുവയും നേർക്കുനേർ വരുമ്പോൾ' എന്ന് ശ്രീ. എം. വി. ശ്രേയാംസ് കുമാർ പേരുവച്ചെഴുതിയ ലേഖനമുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. “344 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വയനാട് വന്യജീവി സങ്കേതത്തിൽ ഏകദേശം 140 കടുവകളുണ്ടെന്നാണ് കണക്ക്. വയനാട് വന്യജീവി സങ്കേതത്തിന് താങ്ങാവുന്നതിനും അപ്പുറത്താണിത്. 100 കടുവകൾക്കുമാത്രം 1200 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വനപ്രദേശം ആവശ്യമാണെന്ന് വിദഗ്ദ്ധർ പറയുന്നു.” 344 ചതുരശ്ര കിലോമീറ്ററിൽ 140 കടുവകളുണ്ടെന്ന് ശ്രീ. എം. വി. ശ്രേയാംസ് കുമാർ പേരുവച്ചെഴുതിയ ലേഖനത്തിൽ പറയുന്നു. 'നാട്ടുകാരെ വേദനിപ്പിക്കുന്ന ഈ സംഭവം ആശങ്കയും ഉത്കണ്ഠയുമുളവാക്കുന്ന സംഭവമായതുകൊണ്ടാണിത്. കർഷകവേദന കാണാതിരിക്കരുത്,

കൈവിടരുത്' എന്നാണ് റിട്ടയേർഡ് സ്റ്റേറ്റ് ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ഡോ. ഇ. കെ. ഈശ്വരൻ മലയാള മനോരമ ദിനപത്രത്തിൽ ലേഖനത്തിലൂടെ പറഞ്ഞിട്ടുള്ളത്. ഇദ്ദേഹം പറയുന്നത്, "വിളനഷ്ടത്തേക്കാൾ മനുഷ്യജീവന് ഭീഷണിയും അപകടവും സംഭവിക്കുന്ന സാഹചര്യങ്ങൾ കൂടുതൽ ഗൗരവമായ ചർച്ചകൾക്കും രാഷ്ട്രീയ ഇടപെടലുകൾക്കും മനുഷ്യ കേന്ദ്രീകൃതമായ തീരുമാനങ്ങൾക്കും കാരണമാകും. അതിനാൽത്തന്നെ മനുഷ്യ-മൃഗ സംഘർഷം കുറേക്കൂടി വിശാലമാനത്തിൽ നാം കാണുകയും പഠിക്കുകയും പരിഹരിക്കുകയും വേണം"എന്നാണ്. ഇത് ഈ സഭയിൽ ചർച്ച ചെയ്യുന്നതിലെന്താണ് തെറ്റ്? ഇടുക്കിയിലെ ആനകൾക്ക് പേരിട്ടിരിക്കുന്നത് വളരെ കൗതുകകരമാണ്. ഒരാനയുടെ പേര് അരിക്കൊമ്പൻ, റേഷൻ കടയിലാണ് ഈ ആന പോകുന്നത്. ഒരു ആനയുടെ പേര് 'പടയപ്പ', മറ്റൊന്നിന്റേത് 'ചക്കക്കൊമ്പൻ' എന്നിങ്ങനെയാണ്. 'പറമ്പിൽ ചക്കയുണ്ടാകാൻ ആരും ഇടയാക്കരുത് ' എന്നാണ് ആനയെ പ്രതിരോധിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർ നിർദ്ദേശിച്ചിരിക്കുന്നത്. 'കപാലി' എന്ന ആന യാത്രക്കാരുമായി വന്ന ബസ്സിനെ ആക്രമിക്കാൻ ശ്രമിച്ചപ്പോൾ 8 കിലോമീറ്റർ പുറകോട്ട് ഓടിച്ചാണ് ഡ്രൈവർ യാത്രക്കാരെ രക്ഷിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, ഒന്നും സംഭവിച്ചില്ലെന്ന്. തൃശ്ശൂർ

മലക്കപ്പാറയിലെ കാട്ടുപോത്തിന്റെ ആക്രമണം അവിടത്തെ ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നു. പേരാവൂരിൽ കണിച്ചിയാർ പഞ്ചായത്തിൽ ഏലപ്പീടിക എന്ന സ്ഥലത്തെ വെള്ളക്കല്ലിങ്ങൽ സ്റ്റാൻലി എന്ന കർഷകന്റെ പറമ്പിൽ കുരങ്ങുശല്യം അസ്സഹനീയമാണ്. വീട്ടിൽ കയറിപ്പോലും കുരങ്ങ് ഭക്ഷണവും വസ്ത്രവും എടുത്തുകൊണ്ടുപോകുന്നു. അവസാനം അദ്ദേഹം പെട്രോളുമെടുത്ത് മരത്തിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കി. ഞാനും പഞ്ചായത്ത് പ്രസിഡന്റും ഫോറസ്റ്റ് ഉദ്യോഗസ്ഥരെ അറിയിച്ചു. നടപടിയുണ്ടാകുമെന്ന് ഉദ്യോഗസ്ഥർ ഉറപ്പുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം താഴെയിറങ്ങി. കൊട്ടിയൂരിൽ പാൽചുരത്ത് മൂന്നര ഏക്കർ സ്ഥലത്തിന്റെ ഉടമയായ കാഞ്ഞിരത്താംകുഴി തോമസ് എന്നയാൾ 73 ദിവസമായി ഒറ്റയാൾ കുത്തിയിരിപ്പ് സമരം നടത്തുകയാണ്. ഞാൻ അദ്ദേഹത്തെ ഇന്നലെയും വിളിച്ചിരുന്നു. തന്റെ മൂന്നരയേക്കർ സ്ഥലത്തെ കൃഷി പൂർണ്ണമായും കാട്ടുപന്നിയും കുരങ്ങും മലയണ്ണാനുമെല്ലാം നശിപ്പിക്കുന്നതിനെതിരെ ജനശ്രദ്ധയും ഉദ്യോഗസ്ഥ നടപടിയുമുണ്ടാകണമെന്നും വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടണമെന്നും അഭ്യർത്ഥിച്ചുകൊണ്ടാണ് അദ്ദേഹം സമരം നടത്തുന്നത്. വനംവകുപ്പ് ഉദ്യോഗസ്ഥർ അവിടെപ്പോയി സ്റ്റേറ്റ്മെന്റെടുത്തതല്ലാതെ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഒരു

വർഷത്തിനിടയിൽമാത്രം കേരളത്തിൽ വന്യജീവികളുടെ ആക്രമണത്താൽ കൊല്ലപ്പെട്ടത് 144 പേരാണ്. ആറളം ആദിവസി മേഖലയിൽ കഴിഞ്ഞ വർഷങ്ങളിലായി പന്ത്രണ്ടോളം ആളുകൾ മരിച്ചു. 5 വർഷത്തിനിടയിൽ കേരളത്തിൽ 640 ആളുകൾ മരിക്കുകയും 6252 പേർക്ക് പരിക്കുപറ്റുകയും ചെയ്തു. 8805 സ്ഥലങ്ങളിൽ കൃഷിനാശവുമായി ബന്ധപ്പെട്ട പരാതികൾ റിപ്പോർട്ട് ചെയ്തു. 2021 മുതൽ കൃഷിനാശത്തിനും പരിക്കുകൾ പറ്റുന്നവർക്കുമുള്ള നഷ്ടപരിഹാരം നൽകുന്നില്ല. ഞാൻ എത്രയോ പ്രാവശ്യം ഇക്കാര്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. പരിക്കുപറ്റുന്നനവർ ഉദ്യോഗസ്ഥരെ വിളിച്ചിട്ട് കിട്ടാത്തതുകൊണ്ടോ അല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതുകൊണ്ടോ ജനപ്രതിനിധികളെയാണ് വിളിക്കുന്നത്. ഞങ്ങൾ ആവശ്യപ്പെട്ടിട്ടും ഇതിന് പരിഹാരമുണ്ടായില്ല. ഇന്ന് കണ്ണൂരിൽ ഫോറസ്റ്റ് വാച്ചർമാർ രാഷ്ട്രീയ വ്യത്യാസമില്ലാതെ സമരത്തിലാണ്. കാരണം, അവർക്ക് ആറുമാസമായി ശമ്പളം കൊടുത്തിട്ടില്ല. വാച്ചർമാർ ശമ്പളത്തിനല്ല, കൂലിക്ക് ജോലി ചെയ്യുന്നവരാണ്. ഈ വിഷയം ഇവിടെയല്ലാതെ വേറെ എവിടെയാണ് ചർച്ച ചെയ്യേണ്ടത്? പണവുമില്ല, പദ്ധതിയുമില്ല. ആര് വിളിച്ചാലും ഫോൺ എടുക്കണമെന്ന് വനം വകുപ്പിൽനിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെയർത്ഥമെന്താണ്? ഇതുവരെ ആര് വിളിച്ചാലും

ഫോൺ എടുക്കില്ല എന്നതായിരുന്നു വനം വകുപ്പിലെ അവസ്ഥ. സാധാരണ കെ.എസ്.ഇ.ബി-യെക്കുറിച്ചായിരുന്നു ആ പരാതി പറഞ്ഞിരുന്നത്, അത് ഒരുവിധം പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ വനം വകുപ്പിലാണ് ആര് വിളിച്ചാലും ഫോൺ കിട്ടാത്തത്. ഞാൻ ഫോൺ വിളിച്ചാൽ ചിലയവസരങ്ങളിൽ കിട്ടാറുണ്ട്. പക്ഷേ, സാധാരണക്കാർ അവരുടെ ജീവനും സ്വത്തിനും ഭീഷണി വരുമ്പോൾ ഫോൺ വിളിച്ചാൽ കിട്ടുന്നില്ല. ബഹുമാന്യനായ മന്ത്രി ആറളത്തെ ഒരു കാര്യം പറഞ്ഞു. അങ്ങും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹവും ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും ആറളത്ത് വന്ന് എടുത്ത തീരുമാനം നടപ്പിലാക്കാത്തതിനെ തുടർന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പാർട്ടി സെക്രട്ടറിയായപ്പോൾ അദ്ദേഹത്തിന് കണ്ണൂർ കളക്ടറേറ്റിനുമുമ്പിൽ സമരം ചെയ്യേണ്ടി വന്നില്ലേ? 28-03-2020-ൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ച 22 കോടി രൂപ വനം വകുപ്പിൽനിന്ന് അനുവദിച്ചതല്ല. ശ്രീ. എ. കെ. ബാലൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആറളത്തെ ആദിവാസികളുടെ ജീവൻ രക്ഷിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിച്ചതാണ് 22 കോടി രൂപ. ആ പദ്ധതി ഇപ്പോഴും കടലാസ്സിൽത്തന്നെ നിൽക്കുകയാണ്, ഇപ്പോഴും തുടങ്ങിയിട്ടില്ല. ഇത് ചർച്ച

ചെയ്യേണ്ടതല്ലേ? 'ശാന്തിമുക്കിലും പുലി, പുലിയുടെ മുന്നിൽപ്പെട്ട് ടാപ്പിംഗ് തൊഴിലാളി അടുത്ത വീട്ടിൽ ഓടിക്കയറി രക്ഷപ്പെട്ടു, ഭീതിയൊഴിയാതെ മലയോരം' എന്ന് ഇന്ന് വാർത്ത വന്നിട്ടുണ്ട്. ഇതെല്ലാം എന്റെ നിയോജകമണ്ഡലത്തിലാണ് നടന്നത്. മറ്റൊരു വാർത്ത ' മീശക്കവലയിൽ പുലി, വനം വകുപ്പ് ഉദ്യോഗസ്ഥരും നാട്ടുകാരും തമ്മിൽ തർക്കം' എന്നാണ്. പരിസ്ഥിതി പ്രവർത്തകൻ മാധവ് ഗാഡ്ഗിലിന്റെ പരിസ്ഥിതിയെക്കുറിച്ചുള്ള നിലപാടുകളോട് എല്ലാവർക്കും യോജിക്കാൻ കഴിയില്ല. ഇന്ത്യയിലെ വനം വന്യജീവി നിയമം ലോകത്തൊരു രാജ്യത്തുമില്ലാത്തവിധം കർക്കശമാണ്. മാതൃഭൂമി ദിനപത്രത്തിൽ വന്ന ശ്രീ. മാധവ് ഗാഡ്ഗിലിന്റെ ഒരു ഇന്റർവ്യൂവിൽ പറയുന്നത്, 'വന്യമൃഗങ്ങളെ നിയന്ത്രിതമായ രീതിയിൽ വേട്ടയാടുന്നത് അവയുടെ എണ്ണം കുറയ്ക്കാനും വനത്തിനടുത്ത് ജീവിക്കുന്നവരെ മൃഗങ്ങളിൽനിന്നും സംരക്ഷിക്കാനും സാധ്യമാകും. ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യജീവികളെ കൊല്ലരുതെന്ന് പറയുന്നത് ഭരണഘടനാവിരുദ്ധമാണ്. വേട്ടയാടേണ്ടത് ഇന്നത്തെ കാലത്തിന്റെ ഏറ്റവും വലിയ ആവശ്യങ്ങളിലൊന്നാണ്. മനുഷ്യന്റെ ആവാസ മേഖലയിൽ അതിക്രമിച്ച് കടക്കുന്ന വന്യജീവികളെ കൊല്ലുന്നതിൽ തെറ്റില്ല. ഇന്ത്യയിൽ മാത്രമാണ് രാജ്യവ്യാപകമായി മൃഗവേട്ടയ്ക്ക് നിരോധനമുള്ളത് ' എന്നാണ്.

ഇതിനോട് യോജിക്കുന്നു. അതുകൊണ്ട് ഈ വിഷയത്തിന് പരിഹാരമുണ്ടാക്കണം, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്ന് പറഞ്ഞ് ഇതിനെ ലളിതവൽക്കരിക്കുകയാണ് ചെയ്തത്. ഇത് ഗുരുതരമായൊരു ജീവൽപ്രശ്നമാണ്. സർക്കാർ ഇക്കാര്യത്തിൽ ഉറക്കം നടിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ഇടപെട്ട് പ്രശ്നത്തിന്റെ രൂക്ഷത മനസ്സിലാക്കി വിഷയം ചർച്ച ചെയ്യണം. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയെന്നുപറഞ്ഞാൽ സഭ അവസാനിപ്പിക്കുകയെന്നല്ല. ഇന്നത്തെ സഭാ നടപടികൾ പൂർത്തീകരിച്ചതിനുശേഷം, ഈ വിഷയം ചർച്ചചെയ്യാൻ സമയം കണ്ടെത്തണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

**VII അറിയിപ്പ്**

ജർമ്മൻ-ഇന്ത്യൻ പാർലമെന്ററി ഗ്രൂപ്പിന്റെ സഭാസന്ദർശനം

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മൻ പാർലമെന്റിലെ ജർമ്മൻ-ഇന്ത്യൻ പാർലമെന്ററി ഗ്രൂപ്പിന്റെ തലവൻ മിസ്റ്റർ റാൽഫ് ബ്രിങ്കോസും മറ്റ് അഞ്ച് പാർലമെന്റംഗങ്ങളും അടങ്ങുന്ന പാർലമെന്ററി ഡെലിഗേഷൻ കേരള നിയമസഭയുടെ നടപടിക്രമങ്ങൾ

വീക്ഷിക്കുന്നതിനായി ഡി.വി. ഗ്യാലറിയിൽ എത്തിയിട്ടുണ്ട്. നമുക്ക് ജർമ്മൻ പാർലമെന്ററി ഡെലിഗേഷനെ സഭയിലേയ്ക്ക് സ്വാഗതം ചെയ്യാം.

On behalf of the whole members of Kerala Legislative Assembly, I would like to extend a warm welcome to the Honourable Chairman, Members and Staff of German Indian Parliamentary group of German Parliament to this august House. With immense pleasure I take this opportunity to express our heartfelt gratitude and sincere appreciation for taking time to visit our House which is memorable one to our floor, thank you.

**അടിയന്തരപ്രമേയം - തുടർച്ച**

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പറഞ്ഞ കാര്യങ്ങൾതന്നെയാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഇവിടെ ഇത്തരത്തിലുള്ള അനിഷ്ടസംഭവങ്ങൾ നടക്കുന്നുണ്ടെന്നുതന്നെയാണ് ഞാൻ പറഞ്ഞത്. ശ്രീ. മാധവ് ഗാഡ്ഗിലിന്റെ അഭിപ്രായമുൾപ്പെടെ നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇന്ത്യയിലെ നിയമമാണ്, കേരളത്തിലെ നിയമമല്ല എന്നാണ് ശ്രീ. മാധവ് ഗാഡ്ഗിൽ പറഞ്ഞത്. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തിലെ മാറ്റം സംബന്ധിച്ച് നിയമപരമായ

ചർച്ചയാണ് വേണ്ടത്, നിയമ നടപടികളാണ് സ്വീകരിക്കേണ്ടത്. പാർലമെന്റിൽ നിയമം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾക്കാണ് ശ്രമിക്കേണ്ടത്. കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റണമെന്നാവശ്യപ്പെട്ട് പാർലമെന്റിൽ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയംപോലും ഭാഗ്യവശാലോ, ദൗർഭാഗ്യവശാലോ യു.ഡി.എഫ് ഉന്നയിച്ചിട്ടില്ല. (...ബഹളം...) ഈ പ്രശ്നം സംബന്ധിച്ച് ആഴത്തിലുള്ള പഠനം നടക്കണമെന്നുതന്നെയാണ് ഞാനും പറയുന്നത്. ഇതെല്ലാം പരിശോധിക്കേണ്ടതാണെന്നാണ് ശ്രീ. മാധവ് ഗാഡ്ഗിൽ പറഞ്ഞത്. പരിശോധിച്ച് ഒരു ധാരണയിലെത്തിയാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ശാസ്ത്രീയപഠനം നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. (....ബഹളം....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ചെയറിനെ അഡ്രസ് ചെയ്ത് മറുപടി പറയുക.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിന് ഒരുപാട് വിദഗ്ദ്ധർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഇതിന് എന്താണ് പരിഹാരമെന്നതിനെ സംബന്ധിച്ച് കേരളത്തിലെ ഒരുപാടുപേരോട് സർക്കാർ സംസാരിച്ചിട്ടുണ്ട്. ചർച്ച കൊണ്ടുമാത്രം ഇതിന് പരിഹാരം കണ്ടെത്താൻ കഴിയുന്നതല്ല. വിശദമായ പഠന റിപ്പോർട്ട് ലഭിക്കണം. (...ബഹളം...) ഇവിടെ ഞാൻ ഒട്ടും

ലഘൂകരിക്കാൻ ശ്രമിച്ചിട്ടില്ല. 2016-17-ൽ 104, 2018-ൽ 119, 2020-ൽ 146, 2021-ൽ 92, പിന്നീടുള്ള വർഷങ്ങളിൽ 88 വീതം മരണം നടന്നിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ആകെ 637 മരണങ്ങളാണ് നടന്നിട്ടുള്ളത്. ഞാൻ അത് പറയാൻ ശ്രമിച്ചില്ല. കാരണം, അങ്ങനെ പറഞ്ഞുപോകേണ്ടൊരു കാര്യമല്ലിത്. ഒരു ന്യായം പറഞ്ഞ് ഒഴിഞ്ഞുമാറാനല്ല ശ്രമിച്ചത്. സംഭവിക്കുന്ന യാഥാർത്ഥ്യത്തിനുനേരെ കണ്ണടച്ചിരിക്കുന്നതിനുപകരം ശാസ്ത്രീയപരിഹാരം കണ്ടെത്തണം. ശാസ്ത്രീയപരിഹാരം കണ്ടെത്തുന്നതുവരെ കാത്തിരിക്കേണ്ടതുണ്ടോ എന്ന ആശങ്ക സ്വാഭാവികമാണ്. കടുവകളെ പിടിച്ച് പറമ്പിക്കുളം, പെരിയാർ എന്നീ ടൈഗർ റിസർവ്വുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുക എന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. വയനാട്ടിൽ ടൈഗർ സെൻസസും കേരളത്തിൽ എല്ലായിടത്തും ആനകളുടെ സെൻസസും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആനകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകും. നഷ്ടപരിഹാരം സംബന്ധിച്ച ആലോചന നടത്തേണ്ടതുണ്ട്, അതും ചെയ്യും. വയനാട് മാതൃകയിലുള്ള സ്പെഷ്യൽ ആർ.ആർ.ടി-കളുടെ എണ്ണം വർദ്ധിപ്പിച്ച് ഇത്തരം സ്ഥലങ്ങളിൽ വിന്യസിപ്പിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ഇത്തരം കാര്യങ്ങൾ ഭരണ-പ്രതിപക്ഷ പ്രശ്നമല്ലാത്തതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വയനാട്ടിൽ മരിച്ച തോമസിന്റെ വീട്ടിൽ ഞാൻ പോയിരുന്നു. പരേതന്റെ വീട്ടുകാരുടെ പരാതി കടുവ ആക്രമിച്ചശേഷം മാനന്തവാടി മെഡിക്കൽ കോളേജിൽ കൊണ്ടുപോയപ്പോൾ ഒരു ചികിത്സയും കിട്ടിയില്ല; മെഡിക്കൽ കോളേജിൽനിന്നും ജില്ലാ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയാണ് ചെയ്തതെന്നാണ്. എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? അവിടെ ചെന്ന് ചോരയൊലിപ്പിച്ച് എത്രയോ മണിക്കൂർ കഴിഞ്ഞാണ് തോമസ് മരിക്കുന്നത്. ഞാൻ അവിടെ ചെന്നതിനുശേഷമാണ് അങ്ങ് അവിടെ ചെന്നത്, അങ്ങയോടും പറഞ്ഞു കാണുമല്ലോ; ഗവൺമെന്റ് എന്ത് നടപടിയാണ് ഇക്കാര്യത്തിൽ എടുത്തത്; ആരോഗ്യ വകുപ്പുമന്ത്രിയുമായി അങ്ങ് ഇക്കാര്യം സംസാരിച്ചിട്ടുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, തോമസ് എന്ന വ്യക്തിയുടെ മരണം സംബന്ധിച്ചാണ് ബഹുമാന്യനായ അംഗം സൂചിപ്പിച്ചത്, ദൗർഭാഗ്യകരമായ ആ മരണം വളരെ ദുഃഖകരമാണ്, അങ്ങനെയൊന്ന് സംഭവിക്കാൻ പാടില്ലായിരുന്നു. പക്ഷേ, അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ വസ്തുതാപരമായ തെറ്റുണ്ട്. ബഹുമാനപ്പെട്ട

അംഗം സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നം മരണപ്പെട്ട വ്യക്തിയുടെ കുടുംബം ഉന്നയിച്ച സാഹചര്യത്തിൽ ആരോഗ്യവകുപ്പ് വിശദമായ റിപ്പോർട്ട് തേടിയിരുന്നു. തോമസിനെ വയനാട് മെഡിക്കൽ കോളേജിലേയ്ക്ക് (മാനന്തവാടി ആശുപത്രിയിൽ) കൊണ്ടുവരുമ്പോൾ അവിടെ സർജൻ ഉൾപ്പെടെ സീനിയർ ഡോക്ടർമാർ ഡ്യൂട്ടിയിലുണ്ടായിരുന്നു. അവർ അദ്ദേഹത്തെ പരിശോധിക്കുകയും സ്റ്റെബിലൈസ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യങ്ങൾ ആശുപത്രി രേഖകളിൽനിന്നും മെഡിക്കൽ റിക്കാർഡുകളിൽനിന്നും വ്യക്തമാകുന്നുമുണ്ട്. അദ്ദേഹത്തിന്റെ രക്തധമനികളിൽനിന്നും വലിയതോതിൽ രക്തം വാർന്നുപോയിരുന്നതിനാൽ സ്പെഷ്യലിസ്റ്റ് പരിശോധിക്കേണ്ടതാണെന്ന നിഗമനത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനമുള്ള കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണുണ്ടായത്. മാനന്തവാടി ആശുപത്രിയിൽനിന്നും സ്റ്റെബിലൈസ് ചെയ്ത് ആംബുലൻസിൽ പറഞ്ഞയയ്ക്കുമ്പോൾ വൈറ്റൽസ് നോർമലായിരുന്നുവെന്നാണ് റിക്കാർഡിലുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ....

<u>മി. സ്പീക്കർ:</u> No. This is not a debate. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിക്ക് പ്രസംഗം തുടരാം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, വനം വകുപ്പ് ഇതിനോടകംതന്നെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്, പ്രസ്തുത നടപടികളുടെ ഭാഗമായി ചർച്ചകളും നടത്തിയിട്ടുണ്ട്. വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ജനപ്രതിനിധികളെ വിളിച്ചുചേർത്ത് മന്ത്രിതലത്തിൽ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. ഇന്നലത്തെ കൂടിയാലോചനാ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിനുശേഷവും ദൗർഭാഗ്യവശാൽ അവിടെ സമരം നടക്കുകയാണ്. തൃപ്തികരമായ ഫോർമുലയാണെന്ന് ചർച്ചയിൽ പങ്കെടുത്ത നേതാക്കൾ സമ്മതിച്ചുപോയതിനുശേഷവും സമരം തുടരുന്നതിന്റെ ആവശ്യകതയുണ്ടോയെന്ന് പുനരാലോചിക്കേണ്ടതാണ്. ഇപ്പോൾ സ്വീകരിച്ച നടപടികൾ ഫലപ്രദമായും ദീർഘവീക്ഷണത്തോടെയും നടപ്പിലാക്കുന്നതാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾക്കിടയാക്കുന്ന സാഹചര്യം, സ്വീകരിക്കേണ്ട പരിഹാരമാർഗ്ഗങ്ങൾ എന്നിവയെല്ലാം സംബന്ധിച്ച് വിദഗ്ദ്ധരുൾപ്പെട്ട സംഘം അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ചർച്ച നടത്താമെന്നും അതിനെ സമ്പുഷ്ടമാക്കി മുമ്പോട്ടുള്ള കാര്യങ്ങൾ

തീരുമാനിക്കാമെന്നും ഞാൻ ആവർത്തിക്കുകയാണ്. കാട്ടാനകളും കടുവകളും കുരങ്ങുകളുമുണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം. സർക്കാർ ഉചിതമായ തീരുമാനമെടുത്തതുകൊണ്ട് കാട്ടുപന്നികളുണ്ടാക്കുന്ന പ്രശ്നം ഏതാണ്ട് നിയന്ത്രണവിധേയമായിട്ടുണ്ട്. രണ്ടായിരത്തിലധികം കാട്ടുപന്നികളെ ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ നാട്ടുകാരുടെകൂടി സഹായത്തോടെ കൊന്നിട്ടുണ്ട്. പ്രസ്തുത ദൗത്യത്തിനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റുമാർക്ക് നൽകണമെന്നത് പ്രതിപക്ഷംതന്നെ ആവശ്യപ്പെട്ട കാര്യമായിരുന്നു, അതിനുള്ള നടപടി സ്വീകരിച്ചു. അഭിപ്രായം പ്രതിപക്ഷത്തിന്റെയോ ഭരണപക്ഷത്തിന്റെയോ എന്നുനോക്കിയല്ല നടപടി സ്വീകരിച്ചത്. ന്യായമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. പക്ഷേ, ഈ ഘട്ടത്തിൽ യുക്തമായ ഒരു റിപ്പോർട്ടില്ലാതെ ചർച്ച നടത്തുന്നത് സഭയ്ക്ക് സമയനഷ്ടം ഉണ്ടാക്കുമെന്നതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മൊത്തം ഭൂവിസ്തൃതിയുടെ 29.1% വനഭൂമിയുള്ള കേരളത്തിന്റെ വനാതിർത്തിയിലെ മനുഷ്യ-വന്യജീവി സംഘർഷബാധിത മേഖലയിൽ ഇതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ട് 30 ലക്ഷം ജനങ്ങൾ ജീവിക്കുന്നുണ്ട്. ഈ മേഖലയിലെ 725 സെറ്റിൽമെന്റുകളിലായി ഒരു ലക്ഷത്തിൽ കൂടുതൽ ആദിവാസികളും താമസിക്കുന്നുണ്ട്. നേരത്തെ സൂചിപ്പിച്ച 30 ലക്ഷത്തിൽപ്പരംവരുന്നവരെ പരിഭ്രാന്തിയിലും ഭീതിയിലുമാഴ്ത്തിക്കൊണ്ട് വ്യാപകമായി വനാതിർത്തിയിലും വനാതിർത്തിയുംകടന്ന് പത്തും പതിനഞ്ചും കിലോമീറ്റർ ദൂരെയുള്ള മനുഷ്യവാസ മേഖലയിലേയ്ക്കും വയനാട് ജില്ലയിലെ സുൽത്താൽബത്തേരി പോലുള്ള പ്രധാനപ്പെട്ട പട്ടണങ്ങളിലേയ്ക്കും വന്യജീവിശല്യം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചുകഴിഞ്ഞു. അവിടെയുള്ള മനുഷ്യർ ഭീതിയിലാണ് ജീവിക്കുന്നത്. കുഞ്ഞുങ്ങളെ സ്കൂളിലയയ്ക്കാൻ രക്ഷിതാക്കൾക്ക് ഭയമാണ്. പ്രായമായവർക്ക് പുറത്തേയ്ക്കിറങ്ങാനും ആളുകൾക്ക് ദേവാലയങ്ങളിലടക്കം പോകാനും സാധിക്കാത്ത അവസ്ഥയാണ്. രാത്രിയിൽ എന്തെങ്കിലും ശബ്ദം കേട്ടാൽപ്പോലും ആളുകൾക്ക് പുറത്തിറങ്ങി

നോക്കാൻ ഭയമാണ്. ഇത്രമാത്രം അരക്ഷിതാവസ്ഥ കേരളത്തിൽ ഒരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല. ചർച്ച ചെയ്ത് എന്തിനാണ് വെറുതെ സമയം കളയുന്നതെന്നാണ് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി മറുപടിയിൽ പറഞ്ഞത്. നിയമസഭാ സമ്മേളനം തുടങ്ങിയതിന്റെ ആദ്യദിവസംതന്നെ ഈ വിഷയം ശ്രദ്ധയിൽകൊണ്ടുവരാൻ കാരണം ഈ വിഷയത്തിന്റെ ഗൗരവംകൊണ്ടാണ്.  വയനാട്, ഇടുക്കി, കണ്ണൂർ തുടങ്ങി വനാതിർത്തിയുള്ള ഏത് ജില്ലയിൽ ചെന്നാലും അവിടെയുള്ള മനുഷ്യർ ആധിയിൽ ജീവിക്കുന്നതാണ് കാണുന്നത്.  മീറ്റിംഗ് നടത്തിയല്ലോ, പിന്നെ എന്തിനാണ് സമരം ചെയ്യുന്നതെന്നാണ് മന്ത്രി ചോദിക്കുന്നത്. ഇടുക്കിയിൽനിന്നും കാട് കയറിപ്പോയ 'പടയപ്പ്', 'അരിക്കൊമ്പൻ', 'ചക്കക്കൊമ്പൻ', 'കപാലി' എന്നിങ്ങനെ വിശേഷിപ്പിക്കുന്ന നാല് കൊമ്പന്മാർ റോഡിലാണ് നിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലത്തെ മീറ്റിംഗ് നടത്തിയപ്പോൾത്തന്നെ ഇവയെല്ലാം കാട് കയറിപ്പോയോ? സമരം ചെയ്യുന്നത് ഭീതിയിൽനിന്നാണ്, ഗവൺമെന്റ് ഇടപെടാൻവേണ്ടിയാണ്. മനുഷ്യരെ കൊന്നാൽ മാത്രമേ ആനയെ മയക്കുവെടിവച്ച് കൂട്ടിലാക്കുകയോ വനത്തിലേയ്ക്ക് കയറ്റിവിടുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയുള്ളൂ എന്നുണ്ടോ? കടുവ നാട്ടിലിറങ്ങി എന്നുപറഞ്ഞാൽ പ്രശ്നമില്ല, ആളെ

കൊന്നുകഴിയുമ്പോഴാണ് കടുവയെ പിടിക്കാൻ കൂടുവയ്ക്കുന്നത്. ആളുകൾ സമരം ചെയ്യുമ്പോൾ മാത്രമാണ് കൂടുപോലും കൊണ്ടുവരുന്നത്. വയനാട്ടിലെയും ഇടുക്കിയിലെയും ആളുകൾ വിളിച്ച് പരാതിപറയുന്ന സമയത്ത് എത്രയോ പ്രാവശ്യം ഞാൻതന്നെ അങ്ങയെ വിളിച്ചിട്ടുണ്ട്. ഇതിലൊക്കെ എന്ത് നടപടിയാണ് വനം വകുപ്പ് സ്വീകരിച്ചത്? കൃഷി മുഴുവൻ നശിച്ചുപോകുകയാണ്. പന്നിയുടെ ശല്യം കുറഞ്ഞില്ലേ എന്നാണ് ചോദ്യം. വനാതിർത്തിയിൽ ഇപ്പോൾ കിഴങ്ങുകൃഷിയില്ല. ഭൂമിക്കടിയിലെ കിഴങ്ങുവർഗ്ഗങ്ങൾ മുഴുവൻ പന്നി നശിപ്പിച്ചു, ചെറിയ കരിക്ക് ആകുമ്പോൾത്തന്നെ മുഴുവനും കുരങ്ങുകൾ കൊണ്ടുപോകുന്നു, ആനകയറി വാഴത്തോട്ടവും മറ്റെല്ലാതരം കൃഷികളും നശിപ്പിക്കുന്നു, റബ്ബറിന്റെ തൈ വച്ചുപിടിപ്പിച്ചതുപോലും നശിപ്പിക്കുന്നു. ഒരു കൃഷിയും ചെയ്യാൻ കഴിയുന്നില്ല. 2021 ജൂൺ മുതൽ ഇതുസംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് കെട്ടിക്കിടക്കുന്നത്; കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കണ്ടേ? ഇപ്പോഴത്തെ കൃഷി മുഴുവൻ നശിച്ചുപോയതിനാൽ നഷ്ടപരിഹാരം ലഭിച്ചാൽമാത്രമേ അവർക്ക് അടുത്ത പ്രാവശ്യം കൃഷിയിറക്കാൻ സാധിക്കുകയുള്ളൂ. കാർഷിക മേഖല മുഴുവൻ ഇത്തരത്തിലുള്ള ഭീതിയിലാണ്. ആനയും കുരങ്ങും പന്നിയും വലിയ കൂട്ടങ്ങളായി

ഇറങ്ങുകയാണ്. എല്ലാം തകർത്ത് നശിപ്പിച്ചതിനുശേഷമാണ് ഇവ കാട്ടുകയറിപ്പോകുന്നത്. ഇതൊക്കെയാണോ നിസ്സാരമായി കാണേണ്ട വിഷയങ്ങൾ? ജീവനും സ്വത്തിനും സംരക്ഷണമില്ല. കൃഷിയിടങ്ങളിൽ ഒരു വിളയും കൃഷിചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. വന്യജീവി ആക്രമണംമൂലം കേരളത്തിൽ ഒരു വർഷത്തിനിടയ്ക്ക് 144 ആളുകൾ മരിക്കുകയും 8705 കർഷകർക്ക് കൃഷിനാശം സംഭവിക്കുകയും ചെയ്തു. ആർക്കെങ്കിലും നഷ്ടപരിഹാരം നൽകിയോ? ഒന്നരക്കൊല്ലമായി അപേക്ഷകളെല്ലാം തീർപ്പാക്കാതെ കിടക്കുകയാണ്. ഒരാൾക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. കടുവശല്യം നാട്ടിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഇതുവരെ എന്തെങ്കിലും പഠനം നടത്തിയോ? ഇനി പഠനം നടത്താൻ പോകുകയാണെന്നാണ് പറയുന്നത്. ഈ അവസ്ഥ തുടങ്ങിയിട്ട് എത്ര നാളായി? കടുവയുടെ ആവാസം ടെറിട്ടോറിയലാണ്. ഒരു കടുവയ്ക്ക് അതിന്റെ വാസപ്രദേശമായി 20 സ്ക്വയർ കിലോമീറ്റർ ആവശ്യമാണ്. ആ പ്രദേശത്തേയ്ക്ക് മറ്റൊരു കടുവയെ പ്രവേശിപ്പിക്കില്ല. കടുവ ശീലമാക്കുന്നത് ഒറ്റയാൻ ആവാസവ്യവസ്ഥയാണ്. 344 സ്ക്വയർ കിലോമീറ്ററുള്ള വയനാട്ടിൽ ഇപ്പോൾ 150 കടുവകളുണ്ട്. ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പഠനങ്ങൾ പ്രകാരം

യഥാർത്ഥത്തിൽ 150 കടുവകൾക്ക് 3000 സ്ക്വയർ കിലോമീറ്റർ വാസസ്ഥലം ആവശ്യമാണ്. ഒരു കടുവ അതിന്റെ വാസപ്രദേശമായി കണക്കാക്കുന്ന 20 കിലോമീറ്റർ ചുറ്റളവിൽ മറ്റാരും കയറാതിരിക്കാനായി നഖംകൊണ്ട് അടയാളപ്പെടുത്തിവയ്ക്കും. മറ്റേതെങ്കിലും കടുവ ഈ പ്രദേശത്തേയ്ക്ക് കയറിയാൽ അതിനെ ആക്രമിക്കും. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം സർക്കാരിനും വനം വകുപ്പിനും അറിവുണ്ടാകണ്ടേ? ഒരു കാട്ടിൽ ഇത്ര കടുവകൾക്കേ ജീവിക്കാൻ സാധിക്കുവെന്ന കണക്കുണ്ട്, അതിനേക്കാൾ കൂടുതൽ കടുവകളുണ്ടെങ്കിൽ അവ പരസ്പരം ആക്രമിക്കുകയും ആക്രമണത്തിൽ പരിക്കേൽക്കുന്ന കടുവ നാട്ടിലേയ്ക്ക് ഇറങ്ങുകയും അവിടങ്ങളിൽ ശല്യമുണ്ടാക്കുകയും ചെയ്യും. ഇത്തരത്തിൽ ഗൗരവമായ ധാരാളം പ്രശ്നങ്ങളുണ്ട്, അവയെക്കുറിച്ച് വനം വകുപ്പ് ഇതുവരെ പഠിച്ചിട്ടില്ലെന്ന് തോന്നുന്നു. ആരാണ് ഇക്കാര്യം പഠിക്കേണ്ടത്; മറ്റേതെങ്കിലും വകുപ്പാണോ; വനം വകുപ്പിൽ ഇതുസംബന്ധിച്ച ഡാറ്റ കളക്ഷനുണ്ടോ? ആനയുടെയും കടുവയുടെയും പന്നിയുടെയും എണ്ണം നോക്കാൻ പോകുന്നുവെന്ന് ഇപ്പോഴാണ് പറയുന്നത്. സ്ഥിതിവിവര കണക്കില്ലെങ്കിൽ അതെന്തൊരു വകുപ്പാണ്? ആനയുടെയും കടുവയുടെയും എണ്ണം എത്രമാത്രം പെരുകിയിട്ടുണ്ടെന്ന് കണക്കാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നാട്ടിലുണ്ടെന്നതിനെക്കുറിച്ച് വനം വകുപ്പിന് ഒരറിവുമില്ല.

ഇതുതന്നെയാണ് ബഫർ സോണിലും സംഭവിച്ചത്. ബഫർ സോൺ നിർണ്ണയം വനം വകുപ്പിനെ ഏൽപ്പിച്ചതുകൊണ്ട് ശരിയാക്കിത്തന്നു. സുപ്രീംകോടതിയുടെ ഔദാര്യമുണ്ടെങ്കിലേ അതിൽനിന്നും ലക്ഷക്കണക്കിനാളുകൾക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥയിലേയ്ക്കെത്തിച്ചു. അതിനെക്കാളും ദയനീയമായാണ് മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച കാര്യങ്ങൾ വകുപ്പ് കൈകാര്യം ചെയ്യുന്നത്. വനാതിർത്തിയിൽ ധാരാളം ഫോറസ്റ്റ് വാച്ചർമാരുണ്ട്, അവർക്ക് ഇതുവരെ ശമ്പളം കൊടുത്തിട്ടില്ല. അവരാണ് നാട്ടിലിറങ്ങുന്ന ആനയോട് തിരിച്ച് കാട് കയറിപ്പോകാൻ പറയുന്നത്. ഇടുക്കിയിലെ വൈൽഡ് ലൈഫ് വാച്ചറായിരുന്ന ശക്തിവേൽ മരിക്കുന്നത് അങ്ങനെയാണ്. ഗാർഡുമാർ വന്ന് ആനയോട് കയറിപ്പോകാൻ പറയുന്നതല്ലാതെ മറ്റൊരു സംവിധാനവുമില്ലാത്തതായി വനം വകുപ്പ് മാറിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും ടെക്നോ-സയന്റിഫിക് സ്റ്റഡി വകുപ്പ് ഇതുവരെ നടത്തിയിട്ടുണ്ടോ? ലോകത്ത് എന്തെല്ലാം റിപ്പോർട്ടുകളാണ് വന്നിരിക്കുന്നത്; ഇതൊന്നും വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് അറിയില്ലേ? ഇതെല്ലാം കൈകാര്യം ചെയ്യുന്നതിനുള്ള പുതിയ മെക്കാനിസം Human-Wildlife Conflict Mitigation പ്രോജക്ടുകൾ ലോകത്ത് എല്ലായിടത്തും വന്നു.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പ്രത്യേക പ്രോജക്ടുകൾ വരുന്നുണ്ട്. ഇതിൽ കേന്ദ്ര സർക്കാരിന്റെകൂടി സഹായം വേണമെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നതുവരെ കാത്തിരുന്നാൽ മതിയോ? പാർലമെന്റിൽ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയംപോലും കൊണ്ടുവന്നില്ലായെന്ന് അങ്ങ് പറഞ്ഞത് തെറ്റാണ്. കേരളത്തിലെ എം.പി-മാർ പലപ്രാവശ്യം വൈൽഡ് ലൈഫ് ഇഷ്യൂ സംബന്ധിച്ച വിഷയം പാർലമെന്റിൽ ഉന്നയിച്ചിട്ടുണ്ട്. Human-wildlife conflict പരിഹരിക്കണമെന്നും 1972-ലെ വൈൽഡ് ലൈഫ് ആക്ട് അമെന്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അന്നത്തെ കാലത്തെ ശക്തമായ നിയമനിർമ്മാണമാണത്. വന്യമൃഗങ്ങളെ പൂർണ്ണമായി ഇല്ലായ്മ ചെയ്യാൻ പറ്റില്ലല്ലോ; അതുകൊണ്ടാണ് അന്ന് ആക്ട് നിലവിൽവന്നത്. ആളുകൾ കാടിനകത്ത് കയറി ആനയേയും കടുവയേയും വെടിവയ്ക്കുന്ന കാലത്താണ് വൈൽഡ് ലൈഫ് ആക്ട് കൊണ്ടുവരുന്നത്. അതാണിവിടെ പരിസ്ഥിതി പ്രവർത്തകൻ ശ്രീ. മാധവ് ഗാഡ്ഗിലിനെ ക്വാട്ട് ചെയ്തത്. മനുഷ്യന്റെയും കാർഷിക മേഖലയുടെയും സുരക്ഷ വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടാണ് ലോകത്തിലെ വികസിത രാജ്യങ്ങൾ മൃഗങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി ഒരുപാട് രീതികൾ കൊണ്ടുവന്നത്. ആ

സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ വൈൽഡ് ലൈഫ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. ഓരോ സ്ഥലത്തും ആനയെയും കടുവയെയും പന്നിയെയും കൈകാര്യം ചെയ്യേണ്ട രീതി വ്യത്യസ്തമാണ്. വയനാട്ടിൽ അഡ്രസ് ചെയ്യുന്നത് ഒരു രീതിയിലാണെങ്കിൽ ഇടുക്കിയിൽ വ്യത്യസ്തമായ തരത്തിലാണ്. അതിന് പല കാരണങ്ങളുണ്ട്. വന്യജീവികളുടെ എണ്ണം പെരുകുകയാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന വ്യാപക പ്രശ്നങ്ങളുണ്ട്. ഒരു ആനയ്ക്ക് ഒരു ദിവസം 250 കിലോഗ്രാം ഭക്ഷണം വേണം. പത്തും പതിനഞ്ചും ഇരുപത്തിയഞ്ചും വരുന്ന ആനക്കൂട്ടം ഒരുസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് ഭക്ഷണംതേടി പോകുകയാണ്. പോകുന്നവഴി ആനത്താരകളാണ്. പാലങ്ങളും റോഡുകളും ഇലക്ട്രിക് ലൈനും വന്നാൽ ആനത്താരകൾ മുറിഞ്ഞുപോകും. എവിടെയാണ് പ്രശ്നം; എവിടെയാണ് ആനത്താരകൾക്ക് തടസ്സമുണ്ടായിരിക്കുന്നത്; അവരുടെ ആവാസവ്യവസ്ഥയ്ക്ക് എവിടെയാണ് പ്രശ്നം ഉണ്ടായിരിക്കുന്നത് എന്നിവയെല്ലാം പരിശോധിക്കേണ്ടത് വനം വകുപ്പല്ലേ? ഏകവിള തോട്ടങ്ങളുണ്ടാക്കുന്നതും കാടിനകത്ത് യൂക്കാലിപ്റ്റസും അതുപോലെയുള്ള മരങ്ങളും നട്ടുപിടിപ്പിക്കുന്നതും കൂടുതൽ മൃഗങ്ങൾ കാടിന് പുറത്തേയ്ക്കിറങ്ങാൻ

കാരണമായി വരികയാണ്. ആഹാരത്തിന്റെയും വെള്ളത്തിന്റെയും ദൗർലഭ്യമുണ്ട്. ഈ വിഷയങ്ങൾ കൃത്യമായി പഠിക്കണം. ഈ കാര്യത്തിനുവേണ്ടി ഇതുവരെയും ഒന്നും ചെയ്തിട്ടില്ല. അതിന്റെ കുറ്റസമ്മതമാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. വരാൻപോകുന്നതും വരാനിരിക്കുന്നതുമായ പഠനത്തിനുവേണ്ടി സർക്കാർ കാത്തിരിക്കുകയാണ്. ഭീതിയിലും ജീവിക്കാൻ നിവൃത്തിയില്ലാതെയും ആളുകൾ വീടിനകത്ത് കഴിയുമ്പോൾ എത്ര നിസ്സാരവത്കരിച്ചും ലാഘവത്തോടെയുമാണ് ഗവൺമെന്റ് ഈ വിഷയത്തെ കൈകാര്യം ചെയ്യുന്നത്? സൗരോർജ്ജ വേലികൾ കുറവാണ്. ആന കിടങ്ങുകൾ, ബയോ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നില്ല.  ഇന്നലെ ഇടുക്കിയിൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പറഞ്ഞത്, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ എല്ലാവരും പണപ്പിരിവ് നടത്തി കാര്യങ്ങൾ ചെയ്യണമെന്നാണ്. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പണപ്പിരിവ് നടത്തി കിടങ്ങ് നിർമ്മിക്കാനും സൗരോർജ്ജവേലി നിർമ്മിക്കാനും ബയോഫെൻസിംഗുണ്ടാക്കാനും പോകേണ്ട കാര്യമാണോ ഇത്; സർക്കാരിൽ എന്ത് പദ്ധതിയാണുള്ളത്? ജനങ്ങൾ മരണഭീതിയിൽ കഴിയുമ്പോൾ, സർക്കാരിന്റെ കയ്യിലൊന്നുമില്ല. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല. മരണപ്പെട്ട

രണ്ടുപേരുടെ കുടുംബങ്ങൾക്ക് പിറ്റേ ദിവസം പണം കൊടുത്തു. മരിച്ചാൽ മാത്രമേ പണം കിട്ടുകയുള്ളൂ എന്ന സ്ഥിതിയാണോ; അല്ലെങ്കിൽ കിട്ടുകയില്ലല്ലോ? വിശദമായ പദ്ധതികൾ തയ്യാറാക്കാനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള കോമ്പൻസേഷൻ സ്കീമും ഇൻഷ്വറൻസ് സ്കീമുകളും മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കി. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട യാതൊന്നും ചെയ്യുന്നില്ല. ആളുകൾ സമരങ്ങൾ ചെയ്യുന്നതും പ്രതിഷേധങ്ങൾ നടത്തുന്നതും രാഷ്ട്രീയഭേദമില്ലാതെയാണ്. കോൺഗ്രസുകാരും യു.ഡി.എഫ്.-കാരും മാത്രമല്ല അവിടെ സമരത്തിന് ഇറങ്ങിയിരിക്കുന്നത്. ഓരോ പ്രദേശത്തും റോഡ് തടയാനും ഫോറസ്റ്റ് ഓഫീസിൽ പ്രശ്നമുണ്ടാക്കാനും പോകുന്നത് എല്ലാവരും ഒരുമിച്ചാണ്. ജനങ്ങളുടെ സമ്മർദ്ദമുണ്ടാകുമ്പോൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ഒന്നിച്ചുപോകും. അടിയന്തരപ്രമേയ വിഷയത്തിൽ സർക്കാരിന്റെ നിലപാട് ഞങ്ങളെ വിസ്മയിപ്പിച്ചു. കാരണം, ഒരു സബ്മിഷന് കൊടുക്കുന്ന മറുപടിപോലും നൽകാതെ ഒന്നും കയ്യിലില്ല എന്നാണ് പറയുന്നത്. എന്താണ് നടക്കുന്നതെന്നറിയാതെ, ഈ ഗവൺമെന്റിന്റെ നടപടിയിലും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിലും ബഹുമാനപ്പെട്ട

വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടിയിലും ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. പി. എ. മജീദ്: സർ, സംസ്ഥാനത്ത് ഒരുകാലത്തുമില്ലാത്ത രീതിയിലുള്ള വന്യമൃഗശല്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണിത്. അതിനോടുള്ള സർക്കാരിന്റെ സമീപനം എന്താണെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. സംസ്ഥാനത്തിന്റെ പലയിടങ്ങളിലും വന്യമൃഗശല്യം രൂക്ഷമാകുന്നതിന്റെ ഫലമായി വ്യാപകമായി കൃഷിനാശവും സംഭവിക്കുന്നു. വയനാട്ടിൽ കടുവയുടെ ആക്രമണത്തിൽ മരിച്ച തോമസിന്റെ കാര്യം ഇവിടെ പ്രതിപാദിച്ചു. മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ ആനയുടെ ആക്രമണത്തിൽ ഒരു സ്ത്രീയും കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ മറ്റൊരാളും മരിച്ചു. ഇതെല്ലാം സർക്കാരിനറിയാമല്ലോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത്? ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പറയുന്നത്, ഒരു പഠന റിപ്പോർട്ട് വരാൻ പോകുകയയാണ്, അത് ലഭ്യമാകുന്നമുറയ്ക്ക്

ആലോചിക്കാമെന്നാണ്. അതിനിനിയും എത്രകാലമെടുക്കും; പഠന റിപ്പോർട്ട് വരുന്നതുവരെ ജനങ്ങൾക്കിത് സഹിച്ചിരിക്കാൻ സാധിക്കുമോ? ജനപ്രതിനിധികളടക്കം വളരെ പ്രയാസത്തിലായിരിക്കുകയാണ്. ഈ പ്രശ്നം മുമ്പും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. പക്ഷേ, അന്നൊന്നും ഒരു നടപടിയും എടുത്തില്ല. ഇത് അടിയന്തര സ്വഭാവമുള്ളതല്ലാത്തതുകൊണ്ട് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഒരു നിരോധനാജ്ഞ ഇതിന്റെ പേരിൽ നടത്തിയിട്ടുണ്ട്. വന്യമൃഗ ആക്രമണത്തിൽ അനേകം ആളുകൾ മരിക്കുകയും ദിവസവും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നത് സഭയിൽ ചർച്ച ചെയ്യേണ്ടെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്? പിന്നീട് അങ്ങ് പറയുന്നത് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്നുവെന്നാണ്. വകുപ്പിലെ ഉദ്യോഗസ്ഥർ ഫോൺ എടുക്കുന്നില്ല, അതുകൊണ്ട് ഇനി എവിടെവച്ച് ഫോൺ വന്നാലും എടുക്കണമെന്നാണ് അങ്ങയുടെ ഉത്തരവ്. ഇവിടെ ചർച്ച ചെയ്യുമ്പോൾ ഉദ്യോഗസ്ഥരുടെ മനോവീര്യം തകരുമെന്നാണ് അങ്ങ് പറയുന്നത്. വാസ്തവത്തിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരോ വനം വകുപ്പുമന്ത്രിയോ ഒരു കാര്യവും ചെയ്തിട്ടില്ല, ഇക്കാര്യത്തെക്കുറിച്ച് പഠിച്ചിട്ടുമില്ല. ഒരു പഠന റിപ്പോർട്ട് വരുന്നതിനുമുമ്പ് എന്തുചെയ്യാൻ സാധിക്കുമെന്നാണ് വ്യക്തമാക്കേണ്ടത്. മൃഗങ്ങൾ

അധികമായാൽ എന്തുചെയ്യണം; കൂടാതെ മൃഗങ്ങൾ നാട്ടിലിറങ്ങാതിരിക്കാൻ എന്തെല്ലാം താൽക്കാലിക നടപടികൾ ചെയ്യാൻ കഴിയും; അതുസംബന്ധിച്ചെങ്കിലും സഭയിൽ പറയേണ്ടതല്ലേ? ഇപ്പോൾ അങ്ങ് പറയുന്നത് പഠനം നടത്തും, പഠന റിപ്പോർട്ട് വരുമെന്നാണ്. അതുവരെ എന്താണ് സ്ഥിതി; കൃഷിക്കാരുടെ പ്രശ്നത്തിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും; ആളുകളുടെ ജീവൻ രക്ഷിക്കാൻ സാധിക്കുമോ? ഇതിനെ സംബന്ധിച്ച് അങ്ങ് ഒന്നും പറയുന്നില്ല. ഇടുക്കി, മലപ്പുറം, പാലക്കാട്, കണ്ണൂർ തുടങ്ങിയ എല്ലാ ജില്ലകളിലും പ്രശ്നങ്ങളുണ്ട്. വനമേഖലാ പ്രദേശങ്ങളിൽനിന്ന് കിലോമീറ്ററുകൾ കടന്ന് വന്യമൃഗങ്ങൾ വരികയാണ്. ഇത്തരം സംഭവങ്ങളുണ്ടായിട്ടും നിരുത്തരവാദപരമായി സഭയിൽ മറുപടി പറയുന്നത് പ്രതിഷേധാർഹവും അപമാനകരവുമാണ്. അങ്ങയെപ്പോലെ പരിചയസമ്പന്നനായ ഒരു മന്ത്രി നിരുത്തരവാദപരമായി ഇത്തരം പ്രശ്നങ്ങളെ കാണുന്നത് നിർഭാഗ്യകരമാണ്. അങ്ങയുടെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും കൃഷി നശിക്കുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകുന്നുവെന്നുള്ളത് പ്രതിപക്ഷം പലതവണ പറഞ്ഞിട്ടും ഉത്തരവാദിത്വത്തോടെ ആ വിഷയത്തിൽ ഇടപെടാൻ സർക്കാർ തയ്യാറാകാത്തതിലുള്ള പ്രതിഷേധമാണ് ഞങ്ങൾ ഉയർത്തുന്നത്. ഈ വിഷയം സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ വീണ്ടും ഉദ്ദേശിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. വന്യജീവി ആക്രമണത്താൽ ആളുകൾ മരിച്ചശേഷവും ഇത്തരത്തിലുള്ള ആക്രമണങ്ങൾ തുടർച്ചയായി നടന്നതിനുശേഷവും പഠനം നടത്തി റിപ്പോർട്ട് വന്നശേഷം മാത്രമേ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയൂവെന്ന് പറയുന്ന ഗവൺമെന്റിന്റെ മറുപടിതന്നെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഇവിടെ ഒന്നും ചെയ്യാൻ തയ്യാറാകില്ലെന്ന നിഷേധാത്മക നിലപാടിന്റെ സാക്ഷ്യപത്രമായാണ് ഇതിനെ കാണാൻ കഴിയുന്നത്. ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിന്റെ നഷ്ടപരിഹാരം ഇതുവരെ കൊടുത്തിട്ടില്ലെന്ന വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്നരവർഷമായി

നഷ്ടപരിഹാരത്തുക കുടിശ്ശികയാണ്. കൃഷി നശിച്ചതിനുള്ള നഷ്ടപരിഹാരം എത്രയുംവേഗം കൊടുത്തുതീർക്കാൻ സർക്കാർ തയ്യാറാകണം. ബാക്കിയുള്ള കൃഷി നശിക്കുമോയെന്ന ആശങ്കയിലും ജീവൻ നഷ്ടപ്പെടുമോയെന്നുള്ള ഭീതിയിലുമാണ് കർഷകർ. വയനാട്ടിൽ മരണപ്പെട്ട തോമസിന്റെ കുടുംബത്തിന്റെ സ്ഥിതി അതിദാരുണമാണ്. ബഹുമാന്യരായ രണ്ട് മന്ത്രിമാർ ഇവിടെ മറുപടി പറഞ്ഞു. യഥാർത്ഥത്തിൽ തോമസിനെ കടുവ കടിച്ച പകുതി കൊന്നു, പകുതി സർക്കാരും കൊന്നുവെന്ന അവസ്ഥയാണ്. കൃത്യമായി ചികിത്സ കൊടുക്കാൻ കഴിഞ്ഞില്ലെന്നുള്ളത് വസ്തുതയല്ലേ; മുഴുവൻ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തതല്ലേ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെട്ടാൽ എന്തുചെയ്യും? ഗവൺമെന്റ് ഉണർന്നുപ്രവർത്തിക്കണം. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. കർഷകരുടെയും മലയോര മേഖലയിലുള്ളവരുടെയും ആശങ്ക ഗവൺമെന്റ് പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് വനം വകുപ്പ് കൃത്യമായ പഠനങ്ങൾ നടത്തിയിരുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. ആനകളുടെ സെൻസസ് എടുക്കാൻ പോകുന്നുവെന്നും വിവിധ തരത്തിലുള്ള പഠനങ്ങളിലേയ്ക്ക് കടക്കാൻ പോകുന്നുവെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ നൽകിയിരിക്കുന്ന മറുപടി. കഴിഞ്ഞ അഞ്ചാറ് വർഷങ്ങൾക്കുള്ളിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ കണക്കും അദ്ദേഹം വായിച്ചു. ഇതൊരു പുതിയ സംഭവമല്ല. കഴിഞ്ഞ ആറേഴ് വർഷങ്ങളായി കേരളത്തിൽ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പോലും ഇല്ലായിരുന്നു. ഈ സന്ദർഭത്തിലാണോ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും സെൻസസ് എടുക്കാനും പോകുന്നത്? പൂർണ്ണമായും നിരുത്തരവാദപരമായ സമീപനമാണ് വനം വകുപ്പിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ഭാഗത്തുനിന്നുമുണ്ടായത്. അതുകൊണ്ടാണ് ഈ വിഷയം മറ്റൊരു സാഹചര്യത്തിലേയ്ക്ക് എത്തിയിരിക്കുന്നത്. ഇന്ന് 30 ലക്ഷം ജനങ്ങൾ ഭീതിയിൽ ജീവിക്കുകയാണ്. വനമേഖലയിൽ മാത്രമല്ല അതിനോടനുബന്ധമായി വരുന്ന പട്ടണങ്ങളിൽപ്പോലും വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരികയും അതിന്റെ സാന്നിദ്ധ്യം വരികയും

ചെയ്യുന്നു. വന്യജീവികളുടെ വർദ്ധിച്ചുവരുന്ന എണ്ണം നിയന്ത്രിക്കുന്നതിന് മറ്റുരാജ്യങ്ങളിൽ നടപ്പാക്കിയതുപോലെയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ആ മേഖലകളിലേയ്ക്കാണ് കൂടുതലായി കടന്നുചെല്ലേണ്ടത്. കള്ളിംഗ് നടത്തേണ്ട സാഹചര്യമുണ്ടെങ്കിൽ ആ രീതിയിലേയ്ക്ക് നീങ്ങണം. അപകടത്തിൽപ്പെടുന്ന വ്യക്തികൾക്ക് മതിയായ ചികിത്സാ സൗകര്യം ലഭ്യമാക്കണം. പലപ്പോഴും ഇത്തരത്തിലുള്ള വിഷയങ്ങളുണ്ടാകുമ്പോഴാണ് ഇടപെടലുകൾ നടത്തുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ ഉണരുന്നത്. ഈ വിഷയത്തിൽ വൈകിയാണെങ്കിൽപ്പോലും ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കൂടാതെ, ഇതുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിക്കുന്ന കർഷകർക്കും വ്യക്തികൾക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള ഇടപെടലുകളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഗവൺമെന്റ് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

**10.52 am]**

**VIII ശ്രദ്ധ ക്ഷണിക്കൽ**

(1) പരിസ്ഥിതിലോല മേഖലയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി

ശ്രീ. എം. എം. മണി: സർ, 0 മുതൽ 1 കിലോമീറ്റർ വരെയുള്ള ബഫർ സോണിനെ സംബന്ധിച്ച സുപ്രീംകോടതിയുടെ പുതിയ വിധി വന്നതിനെത്തുടർന്ന് ഇടുക്കി ജില്ലയിലും സംസ്ഥാനത്തെ ജനങ്ങൾക്കിടയിലും വലിയ ആശങ്കയുണ്ടായിരിക്കുകയാണ്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വിഷയം സംബന്ധിച്ച് പന്ത്രണ്ട് കിലോമീറ്റർ ബഫർ സോൺ വേണമെന്ന് തീരുമാനിക്കുകയും ഉത്തരവിറക്കുകയും ചെയ്ത യു.ഡി.എഫ്. നേതാക്കൾ ഗവൺമെന്റിനെതിരെ ബോധപൂർവ്വമായ പ്രചാരവേല സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സുപ്രീംകോടതിയുടെ ഉത്തരവാണെന്ന വസ്തുത മറച്ചുവച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റാണ് ഈ നിലയിൽ കാര്യങ്ങൾ കൊണ്ടുവന്നതെന്ന രീതിയിലുള്ള വിശദീകരണവും പ്രസംഗവും ക്യാമ്പയിനും ശക്തമായി നടത്തുകയാണ്. പക്ഷേ, ഈ പ്രചരണം വസ്തുതാപരവും സത്യസന്ധവുമല്ല. കോടതി ഉത്തരവിലേയ്ക്ക് എത്താനിടയായ സാഹചര്യവും യു.പി.എ. ഗവൺമെന്റിന്റെ കാലത്തുകൊണ്ടുവന്ന നടപടികളും

ഏറെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ പ്രശ്നത്തെ നേരിടുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് വ്യക്തമാണ്. ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കാൻ കഴിയുന്ന നിലയിൽ ഗവൺമെന്റ് സ്വീകരിച്ച നിലപാട് വിശദീകരിക്കുന്നത് ഉചിതമായിരിക്കും. തികച്ചും തെറ്റിദ്ധാരണ പരത്തുന്ന നിലയിലുള്ള പ്രചാരവേലയാണ് ഗവൺമെന്റിനെതിരെ കൊണ്ടുവരുന്നത്. അതിന് പരിഹാരമാർഗ്ഗം കാണണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (**<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>**): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിലൂടെ അദ്ദേഹംതന്നെ പ്രതിപക്ഷത്തിന്റെ ഉദ്ദേശ്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു നടപടിയുടെ ഭാഗമായി ഉണ്ടായിട്ടുള്ളതല്ല ഇപ്പോൾ വന്നിരിക്കുന്ന സുപ്രീംകോടതി വിധി. എന്നാൽ ആ വസ്തുത മറച്ചുവയ്ക്കാനുള്ള ശ്രമം സംഘടിതമായി നടക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ശരിയാണ്. 03-06-2022-നാണ് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചത്. പ്രസ്തുത വിധി വന്നതിനെത്തുടർന്ന് ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്കകളാണ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ അദ്ദേഹം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. ജനവാസമേഖലകൾ,

കൃഷിയിടങ്ങൾ, തൊഴിലിടങ്ങൾ എന്നിവയെ ഒഴിവാക്കിക്കൊണ്ടുമാത്രമേ ബഫർ സോൺ പ്രഖ്യാപിക്കാൻ പാടുള്ളൂവെന്നാണ് സുപ്രീംകോടതി വിധി വരുന്നതിനുമുമ്പുതന്നെ സർക്കാർ ഈ കാര്യത്തിലെടുത്ത നയപരമായ തീരുമാനം. ഈ സഭയും അങ്ങനെയൊരു തീരുമാനമാണ് എടുത്തിട്ടുള്ളത്. ആ തീരുമാനത്തിന്റെ സ്പിരിറ്റിൽ നിന്നുകൊണ്ടാണ് സർക്കാർ പ്രവർത്തിച്ചത്. സുപ്രീംകോടതി ഒരു വിധി പുറപ്പെടുവിച്ചാൽ അത് മാറ്റിക്കിട്ടാൻ കോടതിയെത്തന്നെ സമീപിച്ചാലേ സാധ്യമാകൂയെന്ന ബാലപാഠം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സുപ്രീംകോടതി പറഞ്ഞതുപോലെ കേന്ദ്ര എക്സ്പെർട്ട് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശിപാർശയോടുകൂടി സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. സുപ്രീംകോടതിയിൽ കേന്ദ്ര സർക്കാർ കൊടുത്ത മോഡിഫിക്കേഷൻ ഹർജിയിലും സംസ്ഥാന സർക്കാർ കക്ഷിയായി ചേർന്നു. ആശ്വാസകരമായ നിലപാടാണ് കോടതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. നിയമാനുസൃത നടപടി സ്വീകരിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്കയകറ്റാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതായിരിക്കും. ഇപ്പോൾ ബഫർ സോണിന്റെ പ്രശ്നം ഉയർത്തി ജനങ്ങളിൽ ആശങ്കയുണ്ടാക്കാനാണ് പലരും ശ്രമിക്കുന്നത്. അത്തരം

ശ്രമങ്ങൾ ഗുണം ചെയ്യില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജനവാസ മേഖലയിൽ ബഫർ സോൺ പ്രഖ്യാപിക്കുന്ന കോടതി ഉത്തരവ് മാറ്റിക്കിട്ടാനും ജനങ്ങൾക്ക് സ്വൈരജീവിതം നയിക്കാനുമുള്ള സാഹചര്യം ലഭ്യമാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനനുയോജ്യമായ നടപടി ഓരോന്നായി സ്വീകരിച്ചുവരികയാണ്. ഈ വിഷയം സുപ്രീംകോടതി പരിഗണിക്കുകയും പരിശോധനയുടെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുകയുമാണ്. ശുഭപ്രതീക്ഷയോടുകൂടി സുപ്രീംകോടതി വിധിക്കായി കാത്തിരിക്കാം.

ശ്രീ. എം. എം. മണി: സർ, ഭാരതത്തിൽ ബഫർ സോൺ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയെന്ന് സുപ്രീംകോടതി വിധി വരാനിടയായ സാഹചര്യം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നടപടികളല്ലേ? മുൻ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശും അന്നത്തെ ഇടുക്കി എം.പി. ആയിരുന്ന പി. ടി. തോമസുമെല്ലാം അതിൽ വഹിച്ച പങ്ക് ഏറെ ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. അതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം പ്രസക്തമാണ്. കേന്ദ്ര സർക്കാരിന്റെ പൊതുനയത്തിന്റെ ഭാഗമായി

അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജയറാം രമേശാണ് നിയമം കൊണ്ടുവരുന്നതിന് കർശന നിലപാട് സ്വീകരിച്ചത്. ആ നിലപാടിനെച്ചൊല്ലി കേരളത്തിൽ ഭിന്നാഭിപ്രായങ്ങളും അതിന്റെ അടിസ്ഥാനത്തിൽ വലിയ പ്രക്ഷോഭങ്ങളുമുണ്ടായിരുന്നു. പൂജ്യം മുതൽ പന്ത്രണ്ട് കിലോമീറ്റർ വരെയുള്ള വിശാലമായ മേഖലയാണ് ആദ്യം യു.ഡി.എഫ്. സർക്കാർ കൊടുത്തതെന്ന കാര്യം മറന്നുപോകരുത്. അതിനുശേഷം അത് തിരുത്തി ഒരു കിലോമീറ്ററിലെത്തിയിട്ടുണ്ട്. ഒരു കിലോമീറ്ററിനകത്ത് എന്ന കാര്യത്തിൽ നമ്മളെല്ലാവരും ഐകകണ്ഠ്യേന ഒരു ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്.

## (2) ഭക്ഷ്യശുചിത്വവും വിഷരഹിത ആഹാരവും ഉറപ്പാക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വേദനിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്ത പല മരണങ്ങളും നടന്നിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കെടുകാര്യസ്ഥതയും പിടിപ്പുകേടുമാണ് അതിന് പ്രധാന കാരണമെന്നത് ജനങ്ങളെല്ലാം കണ്ടറിഞ്ഞിരിക്കുകയാണ്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് പൂർണ്ണ

പരാജയമാണെന്നാണ് അനുഭവങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാ വകുപ്പും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ആരോഗ്യ വകുപ്പും രണ്ട് ചേരിയിൽ നിൽക്കുന്നുവെന്നാണ് മാധ്യമ വാർത്തകൾ വന്നിട്ടുള്ളത്. കോട്ടയത്ത് അൽഫാം കഴിച്ച് ഒരാൾ മരണപ്പെട്ട വാർത്ത വന്നതിനുശേഷമാണ് ഭക്ഷ്യ വകുപ്പും ആരോഗ്യ വകുപ്പും കണ്ണുതുറക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലം മുതൽ ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം 2022-ൽ ആറാം സ്ഥാനത്തേയ്ക്കുപോയി എന്നതാണ് യാഥാർത്ഥ്യം. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പൂട്ടിയ ഹോട്ടലുകൾ തുറക്കുന്നത് സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നടപടിയെടുക്കണമെന്നതാണ് നിലവിലെ നിർദ്ദേശം. ഒരു കമ്മീഷണർക്ക് എന്തുചെയ്യാൻ കഴിയും? ആറ് ലക്ഷം സ്ഥാപനങ്ങളാണ് കേരളത്തിൽ ഭക്ഷ്യവസ്തുക്കൾ നൽകിക്കൊണ്ടിരിക്കുന്നത്. അതിൽ പെർമിഷനുള്ളവ രണ്ട് ലക്ഷത്തിന് താഴെയാണ്. ബാക്കിയുള്ളവ പെർമിഷനില്ലാതെ ഭക്ഷ്യവിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പരിശോധിക്കേണ്ടത് ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. പക്ഷേ, പ്രായോഗികമായി ഇവിടെ ഒന്നും ചെയ്യുന്നില്ല, അതിനായുള്ള സംവിധാനങ്ങളുണ്ടാക്കിയിട്ടുമില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ

കാലത്തുണ്ടായിരുന്ന രീതിയനുസരിച്ച് ഓരോ ജില്ലയിലും ഭക്ഷ്യ സുരക്ഷാ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറും മെഡിക്കൽ ഓഫീസറും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ചേർന്ന ജില്ലാ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അതിൽ പ്രധാനപ്പെട്ട റോളിലുണ്ടാകും. ഇത്തരത്തിൽ പതിനാല് ജില്ലകളിലും ജില്ലാ കമ്മിറ്റികൾക്ക് അതത് സമയത്ത് പരിശോധന നടത്താൻ കഴിയുമായിരുന്നു. പക്ഷേ, ഇതെല്ലാം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ മാത്രം ചെയ്യണമെന്നുള്ള നിലയിലേയ്ക്ക് മാറിയിരിക്കുന്നതാണ് ഇത് മൊത്തത്തിൽ അട്ടിമറിച്ചു എന്ന ആക്ഷേപം ജനങ്ങളിലുണ്ടാകാൻ കാരണം. പരിശോധനാ സ്ക്വാഡുകൾക്കുപുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്വിക്ക് റെസ്പോൺസ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ അട്ടിമറിക്കപ്പെടുകയാണ്. മത്സ്യവും മാംസവും സൂക്ഷിച്ചിരിക്കുന്ന ഫ്രീസറുകൾ രാത്രിയിലും പ്രവർത്തനസജ്ജമാണോയെന്ന് ഈ സ്ക്വാഡുകൾ ഏതുസമയവും പരിശോധന നടത്തണം. വൈദ്യുതി ചാർജ് കൂടിയതിനാൽ രാത്രിയിൽ ഫ്രീസർ ഓഫ് ചെയ്ത് പോകുകയും പിറ്റേദിവസം ഫ്രീസറിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം താഴേയ്ക്ക് പോകുകയുമാണ് ചെയ്യുന്നത്. ഈ സ്ക്വാഡുകളെ സർക്കാർ നിർജ്ജീവമാക്കി. ദുരന്തമുണ്ടാകുമ്പോഴല്ലാതെ മാംസത്തിന്റെ

ഗുണനിലവാരത്തെക്കുറിച്ച് ഒരു പരിശോധനയും നടക്കാറില്ല. മസാലദോശയിൽ തേരട്ടയെ കണ്ട സംഭവം കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് കൊണ്ടുവരുന്ന മത്സ്യവും മാംസവും പാലും പച്ചക്കറികളും പരിശോധിക്കുന്ന ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നാമമാത്രമാക്കിയത് ആരെ സഹായിക്കുന്നതിനുവേണ്ടിയാണ്? പാലിന്റെ കാര്യത്തിൽ സുഭിക്ഷമല്ലാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നുണ്ട്. ഇത് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്? ഒരു കാര്യവും കൃത്യമായി നടക്കുന്നില്ല. കാസർഗോഡ് ജില്ലയിൽ 2021-ൽ ഷവർമ കഴിച്ച് മരണപ്പെട്ട കുട്ടിയുടെ മരണകാരണമെന്താണെന്നത് ഇപ്പോഴും ദുരൂഹമാണ്. ആര്യങ്കാവിൽ പിടികൂടിയ 15300 ലിറ്റർ പാലിൽ മായം കലർത്തിയിട്ടുണ്ടെന്നാണ് ക്ഷീരവകുപ്പിന്റെ റിപ്പോർട്ട്. എന്നാൽ അത്തരത്തിൽ മായം കലർത്തിയിട്ടില്ലെന്നാണ് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് വന്നിരിക്കുന്നത്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കേണ്ട ആരോഗ്യ വകുപ്പ് എന്താണ് ചെയ്യുന്നതെന്ന ചോദ്യം നമ്മുടെ മുന്നിലുണ്ട്. ഇതിൽ മുതലെടുപ്പ് നടത്തുന്നത് സാമ്പത്തികമോഹികളായ ചില ദുരാഗ്രഹികളാണ്. അവരെ കെട്ടഴിച്ചുവിട്ടതിന് തുല്യമായ കാര്യങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്.

പരിശോധനാ സംവിധാനത്തിന് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി മൂന്ന് റീജിയണൽ ലാബുകളും പത്തനംതിട്ടയിലും കണ്ണൂരുമായി രണ്ട് താൽക്കാലിക ലാബുകളുമുണ്ട്. താൽക്കാലിക ലാബുകൾ കാര്യമായി പ്രവർത്തിക്കുന്നില്ലെന്നുള്ള കാര്യം ബഹുമാന്യയായ മന്ത്രിക്ക് നേരിട്ടറിയാവുന്നതാണ്. ആറര കോടിയിലധികം അയ്യപ്പഭക്തർ ശബരിമലയിലെത്തുന്നുണ്ട് എന്നതാണ് പഴയ കണക്ക്. അവിടെ കൊടുക്കുന്ന ആഹാരത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് എന്ത് പരിശോധനയാണ് നടക്കുന്നത്? കേരളം മുഴുവൻ ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണെങ്കിലും അതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നില്ല. ഇത് രാഷ്ട്രീയമായി കാണേണ്ട ഒന്നല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കിപ്പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എങ്ങനെയാണ് ഈ വിഷയം ചുരുക്കി പറയുന്നത്? വേറെയാർക്കെങ്കിലും ഇത് പൂർത്തിയാക്കാൻ കഴിയുമെങ്കിൽ എനിക്ക് ഒരു പ്രശ്നവുമില്ല. മൂന്ന് ലാബുകളെ ആശ്രയിച്ചാണ് കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ നിലനിൽക്കുന്നത്. ഈ മൂന്ന് ലാബുകൾക്കുമാത്രമേ അംഗീകാരമുള്ളൂ, മറ്റ് ലാബുകൾക്ക് അംഗീകാരമില്ല. മൈക്രോബയോളജി ലാബിന് NABL (National Accreditation Board for

Testing and Calibration Laboratories) അംഗീകാരമില്ലാത്തതിനാൽ രജിസ്റ്റർ ചെയ്യുന്ന കേസുകൾ കോടതിയിൽ നിലനിൽക്കില്ലെന്നുള്ളത് ഗൗരവമായ കാര്യമാണ്. NABL അക്രെഡിറ്റേഷൻ ഇല്ലാത്തതിനാൽ കുറ്റവാളികൾ പിടിക്കപ്പെട്ടാലും അവരെ കോടതി ശിക്ഷിക്കില്ല. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മതിയായ പരിശോധനകളില്ല. പരിശോധനാഫലം വൈകുന്നതാണ് മായം കലർത്തുന്നവർക്ക് രക്ഷപ്പെടുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം. ആളുകൾക്ക് നൽകേണ്ട ഭക്ഷണവസ്തുക്കളിൽ മായം കലർത്തി കളറുണ്ടാക്കി, പണം കൊയ്യുന്ന സാമൂഹ്യവിരുദ്ധരുടെ മുന്നിൽ സർക്കാർ മുട്ടുമടക്കുന്ന സാഹചര്യമുണ്ടാകരുത്. ഒരു സാമ്പിൾ ലഭിച്ചാൽ 24 മണിക്കൂറിനകം മൈക്രോബയോളജിക്കൽ അനാലിസിസ് നടത്തണമെന്നാണ് വ്യവസ്ഥയെങ്കിലും അതുപ്രകാരം കാര്യങ്ങൾ നടക്കുന്നില്ല. നിലവിൽ മൈക്രോബയോളജിസ്റ്റുകളുടെ സേവനം എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ മാത്രമേയുള്ളൂ. കേരളത്തിലാദ്യമായി ഷവർമ കഴിച്ച് മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തിരുവനന്തപുരത്തെ ഹോട്ടൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇതുപോലുള്ള നടപടി നമുക്ക് ഗുണം ചെയ്യുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, Eat outside എന്നത് ഒരു ശരാശരി കുടുംബത്തിന്റെ കൾച്ചറായി മാറിയിട്ടുണ്ട്. അവർ കഴിക്കുന്ന ഭക്ഷണം വിഷാംശമില്ലാത്തതാകണമെന്നും അതിൽ സുരക്ഷിതത്വമുണ്ടാകണമെന്നും ഉറപ്പാക്കേണ്ടത് ഗവൺമെന്റും ആരോഗ്യ വകുപ്പുമാണ്. അതിൽ പരാജയപ്പെട്ടതാണ് ഈ ശ്രദ്ധ ക്ഷണിക്കലിന്റെ കാരണം. അതുകൊണ്ട്, നിയമസഭയിൽ എന്തെങ്കിലും വാചാലമായി സംസാരിച്ചാൽ പ്രശ്നം പരിഹരിച്ചു എന്ന തെറ്റിദ്ധാരണ പുറത്തുണ്ടാക്കാതെ ഈ കാര്യത്തിൽ ഫലപ്രദമായ നടപടിയെടുക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കേണ്ടത് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുള്ള പ്രധാന മാർഗ്ഗമാണെന്ന കാഴ്ചപ്പാടോടെയാണ് സംസ്ഥാന സർക്കാർ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപടികൾ ശക്തമാക്കിയിട്ടുള്ളതും. ഈ സർക്കാരിന്റെ കാലത്ത് 'നല്ല ഭക്ഷണം നാടിന്റെ അവകാശമാണ് ' എന്ന ജനകീയ ക്യാമ്പയിൻ തുടങ്ങിയിരുന്നു. വൃത്തിയോടെ, വിഷരഹിതമായ,

സുരക്ഷിത ഭക്ഷണം എന്നതായിരിക്കണം ഓരോ ഭക്ഷണശാലയുടേയും ലക്ഷ്യവും അവരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനവും. ഇതിനായി FSSAI (Food Safety and Standards Authority of India) നിയമം കർശനമായി നടപ്പിലാക്കുക എന്നതിനാണ് വകുപ്പ് പരമപ്രാധാന്യം നൽകുന്നത്. ഭക്ഷണത്തിൽ മായം കലർത്തുന്നത് ക്രിമിനൽ കുറ്റമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വാചാലമായി സംസാരിക്കുകയല്ല, ഡാറ്റയുടെ അടിസ്ഥാനത്തിൽ സംസാരിക്കാം. 2006-ലാണ് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നിലവിൽ വന്നത്. 2011-ലാണ് ഇതിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് വന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് രൂപീകൃതമായത്. അന്ന് 62 ഫുഡ് സേഫ്റ്റി ഓഫീസർമാർ (FSO) ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 140 സർക്കിളുകളിൽ 140 ഫുഡ് സേഫ്റ്റി ഓഫീസർമാരാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 46 വേക്കൻസികളുണ്ടായിരുന്നത് യഥാസമയം റിപ്പോർട്ട് ചെയ്ത് നികത്തുകയുണ്ടായി. 6 വേക്കൻസികളിൽ കേസ് നിലനിൽക്കുന്നു. അഞ്ചെണ്ണം സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധനകളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനത്തിന്റെ മാനദണ്ഡം. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കേണ്ടത്

പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അതിന് വകുപ്പ് ശക്തമായി നേതൃത്വം നൽകുകയും ചെയ്യും. ബഹുമാനപ്പെട്ട അംഗം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ചില കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ ചില ഡാറ്റ അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 2012-13 കാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ എണ്ണം 6358 ആണ്. 2013-14 കാലയളവിൽ അത് 358 ആണ്. ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നതിനുശേഷം, കേരളം ഒന്നാം സ്ഥാനത്തായിരുന്നുവെന്ന് അങ്ങ് പറഞ്ഞ കാര്യമാണ് ഞാനിവിടെ പറയുന്നത്. 2014-15 കാലയളവിൽ 1195 പരിശോധനകളാണ് നടത്തിയിട്ടുള്ളത്. ഒരു വർഷം മുഴുവൻ നടത്തിയ പരിശോധനകളുടെ കാര്യമാണ് ഞാൻ പറയുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ അതായത്, 2015-16 കാലയളവിൽ 3525 പരിശോധനകൾ നടത്തിയിട്ടുണ്ട്. 2016-17-ൽ 5497 പരിശോധനകളാണ് നടത്തിയത്. ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വലിയ മുന്നേറ്റം കാണുന്നുണ്ട്. 2017-18 കാലയളവിൽ പരിശോധനകളുടെ എണ്ണം ഇരുപതിനായിരത്തിന് മുകളിലേയ്ക്കുവന്നു. കഴിഞ്ഞ വർഷം ഡിസംബർ വരെ മാത്രം നടത്തിയ പരിശോധനകളുടെ എണ്ണം 55684 ആണ്. ജനുവരി മാസത്തിലെ കണക്ക് ഇതിൽ

ഉൾപ്പെടുത്തിയിട്ടില്ല. പരിശോധനയുടെ കാര്യത്തിൽ കർശന നടപടികളുമായി മുന്നോട്ടുപോകണമെന്നതാണ് സർക്കാർ നിലപാട്. തിരുവനന്തപുരം ജില്ലയിൽ ഷവർമ കഴിച്ച് മരണം സംഭവിച്ചത് 2011-ലോ 2012-ലോ ആണ്. ആ കട ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഇതെന്തുകൊണ്ടാണെന്നുള്ളത് പരിശോധിക്കണം. കാസർഗോഡ് ചെറുവത്തൂരിൽ, സുഹൃത്തുക്കൾക്കൊപ്പം ഹോട്ടലിൽനിന്ന് ഷവർമ കഴിച്ച് വിദ്യാർത്ഥിനി മരിക്കാനിടയായ സംഭവത്തിനുശേഷം സർക്കാർ നടപടി സ്വീകരിക്കുകയും എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് പരിശോധിക്കുകയും ചെയ്തു. ഷവർമ ഉണ്ടാക്കുന്നതും വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഗൈഡ്‌ലൈൻ തയ്യാറാക്കിയിട്ടുണ്ട്. അത് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനോടും ബേക്കേഴ്സിനോടും സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പച്ചമുട്ട മയോണൈസിൽ ഉപയോഗിക്കുന്നതാണ് ഒന്നുരണ്ട് മണിക്കൂറിനുശേഷം അതിൽ സാൽമൊണല്ല ബാക്ടീരിയ ഉണ്ടാകുന്നതിനും വർദ്ധിക്കുന്നതിനും കാരണമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പച്ചമുട്ട ഉപയോഗിച്ചുള്ള മയോണൈസ് FSSAI പ്രകാരം നിരോധിച്ചു. എന്നാൽ മുട്ട വേണമെന്നുള്ളവർക്ക് pasteurized

മുട്ട ഉപയോഗിച്ചുള്ള മയോണൈസ് ഉപയോഗിക്കാവുന്നതാണ്. ഇതുസംബന്ധിച്ച് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് അനലിറ്റിക്കൽ ലാബുകൾക്കും ഇന്റഗ്രേറ്റഡ് അക്രെഡിറ്റേഷൻ ലഭിച്ചു. പ്രസ്തുത അക്രെഡിറ്റേഷൻ രാജ്യത്താദ്യമായി ലഭിച്ചത് കേരളത്തിലാണ്. 2021 ഡിസംബറിൽ എറണാകുളത്തെ ലാബിനും 2022 മാർച്ചിൽ തിരുവനന്തപുരത്തെ ലാബിനും 2022 ജൂൺ മാസത്തിൽ കോഴിക്കോട് ലാബിനും ഇന്റഗ്രേറ്റഡ് അക്രെഡിറ്റേഷൻ ലഭിച്ചു. മൈക്രോബയോളജി ലാബ് അക്രെഡിറ്റഡ് ആകണമെന്നുതന്നെയാണ് സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് കാണുന്നത്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്രം ഒരു ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ട്. അക്രെഡിറ്റേഷനുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ പൂർത്തിയാക്കി. രണ്ടുമൂന്ന് മാസത്തിനുള്ളിൽ സംസ്ഥാനത്തെ മൈക്രോബയോളജി ലാബും അക്രെഡിറ്റഡാകും. രാജ്യത്തെയാദ്യത്തെ ഇന്റഗ്രേറ്റഡ് അക്രെഡിറ്റേഷനുള്ള ലാബായി അത് മാറും. കഴിഞ്ഞ വർഷം ആരംഭിച്ച 6 മൊബൈൽ പരിശോധനാ ലാബുകളുൾപ്പെടെ 14 ജില്ലകളിലും മൊബൈൽ പരിശോധനാ ലാബുകൾ ആരംഭിച്ചു. 14 ജില്ലകളിലും മൊബൈൽ പരിശോധനാ ലാബുള്ള രാജ്യത്തെ ആദ്യത്തെ സംസ്ഥാനം

കേരളമാണ്. 2023 ഫെബ്രുവരി 1-ാം തീയതി മുതൽ പാഴ്സൽ കൊടുക്കുന്നതിൽ ഭക്ഷണം എത്ര സമയപരിധിക്കുള്ളിൽ ഉപയോഗിക്കാൻ കഴിയുമെന്നുള്ളത് കൃത്യമായി രേഖപ്പെടുത്തിയിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് 2011-ൽ നിലവിൽ വന്നിട്ടും എന്തുകൊണ്ടാണ് ഹെൽത്ത് കാർഡ് നിർബന്ധമാക്കാൻ കഴിയാതെ പോയത്? ഈ സർക്കാർ ശക്തമായി അത് നടപ്പിലാക്കുകയാണ്. 2023 ഫെബ്രുവരി 1 മുതൽ എല്ലാവർക്കും ഹെൽത്ത് കാർഡ് നിർബന്ധമാക്കി. ഹെൽത്ത് കാർഡില്ലാത്ത ഒരാളെയും ഹോട്ടലുകളിലോ റെസ്റ്റോറന്റുകളിലോ ബേക്കറികളിലോ പ്രവർത്തിക്കാനനുവദിക്കില്ല. ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷന്റെ അഭ്യർത്ഥനപ്രകാരവും ആരോഗ്യ കേന്ദ്രങ്ങളിലെ തിരക്കുകാരണവും 15 ദിവസംകൂടി സാവകാശം കൊടുത്തിട്ടുണ്ട്. 2023 ഫെബ്രുവരി 16-ാം തീയതി മുതൽ കർശന നടപടി സ്വീകരിക്കുന്നതാണ്. പഞ്ചായത്തുകളുടെ സഹകരണത്തോടെ എല്ലാ ജീവനക്കാർക്കും ഭക്ഷ്യ സുരക്ഷാ പരിശീലനം ലഭ്യമാക്കും. പരിശീലനം ഉറപ്പാക്കുന്നതിനുള്ള പരിശീലന കലണ്ടർ രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും വകുപ്പുദ്യോഗസ്ഥരുംകൂടി യോഗം

ചേർന്നിരുന്നു. രണ്ട് വകുപ്പുകളും സഹകരിച്ച് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനം നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാറ്ററിംഗ് സ്ഥാപനങ്ങൾക്ക് ലൈസൻസും തട്ടുകടകളുൾപ്പെടെയുള്ള എല്ലാ ഭക്ഷണശാലകൾക്കും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. 12 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക് ലൈസൻസും അതിന് താഴെ വരുമാനമുള്ളവർക്ക് രജിസ്ട്രേഷനുമാണ് ആവശ്യമായിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും അവരുടെ മാനദണ്ഡപ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ എടുക്കേണ്ടതാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഓൺലൈൻ സംവിധാനം ശക്തമാക്കും. 2021-ൽ ഭക്ഷ്യ സുരക്ഷയുടെ മാനദണ്ഡങ്ങൾ മാറിയെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. 2021-ൽ ഒരു സംസ്ഥാനത്തിന്റെ പെർഫോർമൻസിന്റെ മാനദണ്ഡങ്ങൾ മാറി. അതിൽ ചില കാര്യങ്ങൾ വരുന്നുണ്ട്, ഓൺലൈനായി ഓരോ എൻഫോഴ്സ്മെന്റ് ആക്ടിവിറ്റിയും എന്റർ ചെയ്യണമെന്നത് സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുകയാണ്. മാന്വലായി നോട്ടീസ് എഴുതിക്കൊടുക്കാൻ പാടില്ല. ആ സ്ഥലത്ത് കണക്ടിവിറ്റിയില്ലെങ്കിൽ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുന്ന രീതിയിലേയ്ക്കുള്ള സാങ്കേതിക സഹായമുണ്ടാകണം. Blissful Hygienic Offering to God (BHOG) എന്നത് എല്ലാ ആരാധനാലയങ്ങൾക്കും

വേണമെന്നാണ് FSSAI പ്രകാരം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നത്. 20 ആരാധനാലയങ്ങളിൽ അത് ആരംഭിച്ചിട്ടുണ്ട്. വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റാങ്ക് നിശ്ചയിക്കുന്നത്. കേരളത്തിന്റെ റാങ്ക് ആറ് ആണ്. കേന്ദ്രം അടുത്ത അവലോകനം നടത്തുമ്പോൾ കേരളം ഒന്നാമതെത്തുമെന്നതിൽ യാതൊരു തർക്കവുമില്ല. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് 'സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 433 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി. വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഡിസ്ട്രിക്ട് ലെവൽ അഡ്വൈസറി കമ്മിറ്റി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ അവരുടെ യോഗം ചേരുന്നുമുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നത് FSSAI പ്രകാരമാണ്. കേന്ദ്ര നിയമത്തിനെതിരായി മറ്റൊരു നിയമനിർമ്മാണം സാധ്യമല്ല, മറ്റൊരു കാര്യം ചെയ്യാനും കഴിയില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത് ഒന്നാം പിണറായി സർക്കാരിനെതിരെയുള്ള ആക്ഷേപമാണ്. അക്രെഡിറ്റേഷൻ വാങ്ങുന്നതിന് മൂന്നുമാസം മുൻപാണ് ശ്രമം

നടത്തിയതെന്ന് പറയുമ്പോൾ അന്നത്തെ ഗവൺമെന്റ് യു.ഡി.എഫ്.-ന്റേതാണെന്ന് തെറ്റിദ്ധരിച്ച് പറഞ്ഞതാണെന്ന് എനിക്കറിയാം. അങ്ങ് ബുദ്ധിയില്ലാതെ പറയില്ല. പക്ഷേ, ചെന്നുകൊള്ളുന്നത് പഴയ ഗവൺമെന്റിനെതിരായിട്ടാണ്. 2700-ലധികം കേസുകൾ പത്ത് വർഷമായി കോടതിയിൽ കെട്ടിക്കിടക്കുന്നുണ്ട്. ആ കേസിന്റെ ഗതിയെന്താകും; അക്രെഡിറ്റേഷൻ ഇല്ലാത്ത ലാബിൽ ടെസ്റ്റ് നടത്തിയ കേസുകളിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടുമോ? കോടതിയിൽ RDO-യുടെ മുൻപിലുള്ള 1200 കേസുകളുടെ സ്ഥിതിയെന്താകും; അക്രെഡിറ്റേഷൻ ഇല്ലാത്ത ഇതുപോലെയുള്ള കാര്യങ്ങൾ വച്ചുനോക്കിയാൽ ആ കേസുകളിൽ അവരെല്ലാം രക്ഷപ്പെടുകയല്ലേ? ഈ ഗവൺമെന്റ് അതിനുമുൻപ് എന്തുകൊണ്ട് നടപടിയെടുത്തില്ല; നേരത്തെ പറഞ്ഞതുപോലെ പഴയ ഗവൺമെന്റാണെന്ന് പറഞ്ഞാൽ അതിനുത്തരം പഴയ ഗവൺമെന്റുതന്നെ പറയണം.

ശ്രീമതി വീണാ ജോർജ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരിശോധനകളിൽ 25 ഇരട്ടിയാണ് വർദ്ധനവുണ്ടായിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് 2011-ൽ നിലവിൽ വന്നെങ്കിലും 2016-17 കാലഘട്ടങ്ങൾ മുതലാണ് അതിന്റെ പ്രവർത്തനം

ശക്തമായത്. ഇങ്ങനെ സ്വീകരിക്കുന്ന നടപടികളിൽ എന്ത് തുടർനടപടി സ്വീകരിക്കപ്പെട്ടും; അതിൽ എന്ത് ശിക്ഷ ഉറപ്പാക്കാൻ കഴിയുമെന്ന് അദ്ദേഹം ചോദിച്ചത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിനുവേണ്ടി പ്രോസിക്യൂഷൻ നടപടികൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും അതിന്റെ കൃത്യത ഉറപ്പാക്കുന്നതിനുംവേണ്ടി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഒരു ലാ ഓഫീസറെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 140 സർക്കിളുകളാണുള്ളത്. ജില്ലയിലെ അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെയുള്ളവരുണ്ട്. സംസ്ഥാനത്തൊരിടത്തും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റി നേരിട്ട് കമ്മീഷണർക്ക് കാണാൻ കഴിയുന്ന സംവിധാനം നിലവിലില്ല. ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പൂർണ്ണമായി മാറിയതോടെ നേരിട്ട് കമ്മീഷണർക്കോ സ്റ്റേറ്റ് തലത്തിലോ ഇത് മോണിറ്റർ ചെയ്യാൻ കഴിയും. ഈ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെക്കൂടി നിയമിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ആക്ടിവിറ്റികളുടെ തുടർച്ചയായിട്ടുള്ള നിയമനടപടികൾ/ശിക്ഷാനടപടികൾ കൃത്യമായി നടക്കുന്നുണ്ടെന്നും മാതൃകാപരമായി നടപ്പിലാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തും.

**11.17 am]**

**IX സബ്മിഷൻ**

(1) <u>ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, തലസ്ഥാന നഗരിയിൽ സഹകരണ സംഘത്തിന്റെ മറവിൽ വലിയ തട്ടിപ്പാണ് നടന്നിരിക്കുന്നത്. ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിലെ നിക്ഷേപകർ രജിസ്ട്രാർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ മൂന്നംഗ സമിതി അന്വേഷണം നടത്തി. 200 കോടിയിലധികം രൂപയുടെ തട്ടിപ്പ് നടന്നതായാണ് മനസ്സിലാകുന്നത്. അതിന്റെ പ്രസിഡന്റിനെയും ക്ലാർക്കിനെയും പ്രതിചേർത്ത് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തെങ്കിലും ഇതുവരെ അവരെ അറസ്റ്റ് ചെയ്തിട്ടില്ലെന്നുമാത്രമല്ല, അവർക്ക് മുൻകൂർ ജാമ്യം ലഭിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. പക്ഷേ, മുൻകൂർ ജാമ്യം കോടതി നിഷേധിച്ചിട്ടുപോലും ഇവരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ഗുരുതരമായ ആരോപണമാണ് ഈ ഭരണസമിതിക്ക് നേരെ വന്നിരിക്കുന്നത്. സൊസൈറ്റിയുടെ പേരിൽ വ്യാജരേഖ നൽകി വലിയതോതിൽ നിക്ഷേപം സമാഹരിച്ചു. പ്രസ്തുത നിക്ഷേപം റിയൽ എസ്റ്റേറ്റ് ഇടപാടുകൾക്കും മറ്റ്

സാമ്പത്തിക ഇടപാടുകൾക്കും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തുടങ്ങുന്നതിനും ബിസിനസ്സിനും മറ്റുമായി വകമാറ്റി ചെലവഴിച്ചു. നിക്ഷേപകർ അറിയാതെ അവരുടെ നിക്ഷേപത്തിൽനിന്ന് ഒരു രേഖയുമില്ലാതെ കോടിക്കണക്കിന് രൂപയുടെ വ്യാജലോൺ എടുത്തിരിക്കുകയാണ്. സഹകരണ വകുപ്പിന് കൊടുത്തിരിക്കുന്ന രേഖയനുസരിച്ച് 41 കോടി രൂപയുടെ നിക്ഷേപമുണ്ട്. യഥാർത്ഥത്തിൽ 200 കോടി രൂപയുടെ നിക്ഷേപമുണ്ട്. അങ്ങനെ വകുപ്പിനെവരെ പറ്റിച്ചുകൊണ്ടുള്ള വലിയ തട്ടിപ്പാണ് നടത്തിയിരിക്കുന്നത്. കേരളത്തിലെ മറ്റേതൊരു സഹകരണ സംഘത്തിൽ നടന്നതിനെക്കാളും ഞെട്ടിപ്പിക്കുന്ന തട്ടിപ്പാണെന്നാണ് ഇതിന്റെ വിശദാംശങ്ങളിലുള്ളത്. ഇപ്പോഴും ഡയറക്ടർ ബോർഡിലുള്ള അംഗങ്ങൾ ബി.എസ്.എൻ.എൽ. സർവ്വീസിൽ തുടരുകയാണ്. നിക്ഷേപകർതന്നെ അന്വേഷണം നടത്തി പ്രതികൾ അനധികൃതമായി സമ്പാദിച്ച നിരവധി സർവ്വേ നമ്പറുകളിലുള്ള സ്വത്തുവകകളുടെ വിശദാംശങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ ഒഴിവാക്കുന്നതിനായി പ്രതികൾ ഇപ്പോൾ ഈ വസ്തു വിൽക്കാൻ ശ്രമിക്കുകയാണ്. 65-നും 85-നുമിടയിൽ പ്രായമുള്ള സീനിയർ സിറ്റിസൺസാണ് ഇതിലെ നിക്ഷേപകരെന്നതാണ് ഏറ്റവും സങ്കടകരം.

ജീവിതകാലത്തെ മുഴുവൻ സമ്പാദ്യവും ഗ്രാറ്റുവിറ്റിയും പെൻഷണറി ബെനിഫിറ്റുമെല്ലാം ചേർത്ത് ലക്ഷക്കണക്കിന് രൂപയാണ് അവർ നിക്ഷേപിച്ചിരിക്കുന്നത്. മകളുടെ കല്യാണത്തിനും വീടുവയ്ക്കാനുമുള്ള ആവശ്യങ്ങൾക്കായി പോയി അന്വേഷിച്ചപ്പോഴാണ് ഒരു രൂപപോലും കിട്ടാത്തത്. കേസിൽ പ്രതിചേർക്കപ്പെട്ട വ്യക്തികളുടെ സ്വാധീനംമൂലമാണ് അറസ്റ്റ് ഒഴിവായിപ്പോകുന്നത്. അന്വേഷണം നടത്തുന്നതിനായി ഒരു പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ച് പ്രതികളെ എത്രയുംവേഗം അറസ്റ്റ് ചെയ്യണം. അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടി നഷ്ടപ്പെട്ട നിക്ഷേപത്തുക പാവങ്ങൾക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണം. ഇങ്ങനെയാണ് സഹകരണ സംഘങ്ങളുടെ ക്രെഡിബിലിറ്റി ഇല്ലായ്മ വർദ്ധിക്കുന്നതെങ്കിൽ അതിൽ ഒരു അപകടമുണ്ട്. കരുവന്നൂർ സഹകരണ സംഘത്തിന്റെ വിഷയം വന്നപ്പോൾപോലും ഞങ്ങൾ അതിനെ രാഷ്ട്രീയമായി എടുത്തില്ല. കാരണം, അത് കേരളത്തിലെ ബാക്കി സംഘങ്ങളെ ബാധിക്കും. ഒരു സംഭവം എവിടെ നടന്നാലും നിക്ഷേപകരുടെ തുക ഉറപ്പാക്കുന്നതിനുള്ള ഗ്യാരന്റി സർക്കാർ ചെയ്തില്ലെങ്കിൽ ആളുകൾ സഹകരണ സംഘങ്ങളിൽനിന്ന് നിക്ഷേപം പിൻവലിക്കുന്ന ട്രെൻഡുണ്ടാകും. ആ ട്രെൻഡ് വന്നാൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ മുഴുവൻ

തകരുന്ന അപകടരമായ നിലയിലേയ്ക്കുപോകും. സഹകരണ സംഘങ്ങളിലെ തട്ടിപ്പുകേസുകളിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകരുത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങളിലിടപെട്ട് അടിയന്തരമായി വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പ്രകടിപ്പിച്ച ആശങ്കകൾ ഞാൻ പറയാൻ പോകുന്ന മറുപടി കേട്ടാൽ അവസാനിക്കുന്നതാണെന്ന് തോന്നുന്നു. തിരുവനന്തപുരം വഞ്ചിയൂർ ഉപ്പളം റോഡിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരിശോധനയിൽ നിക്ഷേപത്തട്ടിപ്പുൾപ്പെടെയുള്ള ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തുകയുണ്ടായി. നിക്ഷേപകരിൽനിന്നും സ്ഥിരനിക്ഷേപമായി കൈപ്പറ്റിയ തുകകൾ വ്യാജ രജിസ്റ്ററിൽ രേഖപ്പെടുത്തി വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകി തട്ടിപ്പ് നടത്തിയതായാണ് പ്രാഥമിക കണ്ടെത്തൽ. സഹകരണ സംഘം രജിസ്ട്രാർ നിയോഗിച്ച അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകളെത്തുടർന്ന് വ്യാജരേഖ ചമച്ച് പണാപഹരണം നടത്തിയത് സംബന്ധിച്ച് പോലീസിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ IPC 408, 409, 420, 427(a) 34

എന്നീ വകുപ്പുകൾ പ്രകാരം വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1266/2022 ആയി കേസ് രജിസ്റ്റർ ചെയ്തു. 92.73 കോടി രൂപയുടെ തട്ടിപ്പ് നടന്നതായി പ്രാഥമിക അന്വേഷണത്തിൽ വിലയിരുത്തിയിട്ടുണ്ട്. സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, ഓണററി സെക്രട്ടറി, ഒരു ജീവനക്കാരൻ എന്നിവർക്ക് പങ്കുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന് കേസന്വേഷണം കൈമാറിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് എസ്.പി.-യുടെ നേതൃത്വത്തിൽ രണ്ട് ഡിവൈ.എസ്.പി.-മാർ, മൂന്ന് ഡിറ്റക്ടീവ് ഇൻസ്പെക്ടർമാർ എന്നിവരുൾപ്പെടെ 13 പേരടങ്ങുന്ന പ്രത്യേക സംഘമാണ് തുടരന്വേഷണം നടത്തുക. കേസിലെ പ്രതികളുടെ വസ്തുവകകളുടെ ക്രയവിക്രയം തടയണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട അധികാരികൾക്കും കോടതിക്കും അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രതികളുടെ പേരിൽ ദേശസാത്കൃത ബാങ്കുകളിലും സഹകരണ ബാങ്കുകളിലും മറ്റുമുള്ള അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്രമക്കേട് നടത്തിയ തുക ഈടാക്കുന്നതിനായി സംഘം പ്രസിഡന്റ്, ഒരു ജീവനക്കാരൻ എന്നിവരുടെയും ബന്ധുക്കളുടെയും പേരിലുള്ള

ഇരുപത് വസ്തുവകകൾ സഹകരണ വകുപ്പ് താൽക്കാലികമായി കണ്ടുകെട്ടിയിട്ടുണ്ട്. സംഘം പ്രസിഡന്റ്, ജീവനക്കാരൻ, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ മുഴുവൻ സ്ഥാവര വസ്തുക്കളും കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രമക്കേട് നടത്തിയവരുടെ വസ്തുവകകളിൽനിന്നും തുക ഈടാക്കി നിക്ഷേപകർക്ക് നൽകുന്നതിനുള്ള നടപടി സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച രീതിയിൽ, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക രംഗമാണ് സഹകരണമേഖല. ഈ മേഖലയിൽ നടക്കുന്ന ഏത് ചെറിയതോതിലുള്ള അഴിമതിപോലും ഗൗരവമായി കണ്ടുകൊണ്ടുള്ള നടപടികളാണ് തുടർന്നും സ്വീകരിക്കുന്നത്.

## (2) പത്തിരിപ്പാലയിൽ ഫീഡർ സ്റ്റേഷൻ സ്ഥാപിക്കൽ

ശ്രീമതി ശാന്തകുമാരി കെ.: സർ, മണ്ണൂർ, പത്തിരിപ്പാല എന്നിവിടങ്ങളിൽ തുടർച്ചയായി വൈദ്യുതി വിതരണം മുടങ്ങുന്നതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോങ്ങാട് നിയോജകമണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന പത്തിരിപ്പാല സബ്സ്റ്റേഷനിൽനിന്നും കടമ്പഴിപ്പുറംവഴി കടന്നുപോകുന്ന 11 കെ.വി. ലൈനിൽ ഫീഡർ സ്റ്റേഷനുകൾ

ഒന്നുംതന്നെയില്ല. അവശ്യസർവ്വീസ് എന്നനിലയിൽ ആശുപത്രികൾ, സർക്കാർ ആഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന റസിഡൻഷ്യൽ ഏരിയയും കാർഷിക ഭൂമിയും സ്കൂളുകളും ഓഡിറ്റോറിയവുമുൾപ്പെടെയുള്ള തിരക്കേറിയ പ്രദേശങ്ങളായ മണ്ണൂർ, പത്തിരിപ്പാല എന്നിവിടങ്ങളിൽ അടിക്കടി വൈദ്യുതി തടസ്സപ്പെടുന്നത് ഇവയുടെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നു. അതിനാൽ പത്തിരിപ്പാലയിൽ ഒരു ഫീഡർ സ്റ്റേഷൻ സ്ഥാപിച്ചോ അല്ലെങ്കിൽ കവേർഡ് കണ്ടക്ടർ സ്ഥാപിച്ചോ പ്രദേശത്ത് മുടക്കമില്ലാതെ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, മണ്ണൂർ പ്രദേശത്തുള്ള പത്തിരിപ്പാല സെക്ഷന്റെ പരിധിയിൽവരുന്ന 8 ട്രാൻസ്ഫോർമറുകൾക്ക് വൈദ്യുതി വിതരണത്തിന് ഉപയോഗിക്കുന്ന 11 കെ.വി. മണ്ണൂർ ഫീഡർ ഷൊർണ്ണൂർ ഡിവിഷനുകീഴിലുള്ള അമ്പലപ്പാറ സെക്ഷനും പാലക്കാട് ഡിവിഷനുകീഴിലുള്ള കടമ്പഴിപ്പുറം സെക്ഷനുംകൂടി പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ ശ്രീകൃഷ്ണപുരം സെക്ഷനിലെ 33 കെ.വി. സബ്സ്റ്റേഷൻ ഫീഡർ തകരാറാകുന്ന സാഹചര്യത്തിൽ 11 കെ.വി. മണ്ണൂർ ഫീഡറിൽനിന്നും ശ്രീകൃഷ്ണപുരം സെക്ഷനിൽ സപ്ലൈ എടുക്കേണ്ടിവരികയും

തദവസരത്തിൽ ഫീഡർ ഓവർലോഡാകുന്നതുകാരണം വൈദ്യുതി തടസ്സമുണ്ടാകുകയും ചെയ്യുന്നുണ്ട്. പത്തിരിപ്പാലയിലെ 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് അമ്പലപ്പാറ ടൗൺവരെ 13 കിലോമീറ്റർ അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിച്ച് അമ്പലപ്പാറ സെക്ഷനമാത്രമായി 11 കെ.വി. ഫീഡർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയും പത്തിരിപ്പാല സബ്സ്റ്റേഷനിൽനിന്ന് അമ്പലപ്പാറ സെക്ഷൻ അതിർത്തിയായ കോട്ടക്കുന്നുവരെ അഞ്ച് കിലോമീറ്റർ അണ്ടർഗ്രൗണ്ട് കേബിൾ ഇടുന്നതിനുള്ള പ്രവൃത്തിയും ഫീഡറിലെ വൈദ്യുതിതടസ്സം കുറയ്ക്കുന്നതിന് കോട്ടക്കുന്നുമുതൽ പീച്ചേരിക്കാട്ടുവരെ രണ്ട് കിലോമീറ്റർ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയും ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായുള്ള മോഡണൈസേഷൻ വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

(3) പട്ടയഭൂമിയിലെ നിയമാനുസൃത മരംമുറിക്കൽ

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കേരളത്തിലെ കർഷകരുടെ പട്ടയഭൂമിയിലെ മരംമുറിച്ച് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമങ്ങളും ചട്ടങ്ങളും ദുർവ്യഖ്യാനിച്ചുകൊണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ

ഉന്നയിക്കുന്നത്. ഈ പ്രശ്നം മലയോരമേഖലകളിൽ പ്രത്യേകിച്ച്, കോന്നി നിയമസഭാമണ്ഡലത്തിലെ മേഖലകളിൽ വലിയ പ്രയാസമാണ് സൃഷ്ടിക്കുന്നത്. കർഷകരുടെ ഭൂമിയിലെ സംരക്ഷിത വൃക്ഷങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതല്ല എന്റെ പ്രശ്നം. അതുമായി ബന്ധപ്പെട്ട് നോട്ടിഫൈഡ് മേഖലയിൽ നിലനിൽക്കുന്ന നിയമതടസ്സങ്ങൾ പരിഹരിച്ച് ഉത്തരവുണ്ടാകണമെന്ന് കർഷകർ ദീർഘകാലമായി ആവശ്യപ്പെടുന്നതാണ്. അതിന് വ്യക്തമായ ഉത്തരവുണ്ടാകണം. 1986-ലെ പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ 'വൃക്ഷം' എന്ന് വ്യാഖ്യാനിക്കപ്പെട്ടിട്ടില്ലാത്ത മരങ്ങൾ മുറിക്കുന്നതിന് നിലനിൽക്കുന്ന നിയമത്തെ കേരളത്തിലെ പല പ്രദേശത്തെയും വനം വകുപ്പ് ഉദ്യോഗസ്ഥർ തെറ്റായി വ്യാഖ്യാനിക്കപ്പെടുകയാണ്. 1960-ലെ ഭൂമി പതിവ് നിയമത്തിലെ ചട്ടം 64 അനുസരിച്ച് പട്ടയം നൽകിയതാണ് കോന്നി മേഖലയിലെ നിരവധി പ്രദേശങ്ങൾ. അവിടെ തറവില അടച്ച് കർഷകർക്ക് പതിച്ചുനൽകിയ ഭൂമിയിൽ എങ്ങനെയാണ് ഇതിന്റെ വിനിയോഗമെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ സംരക്ഷിത മരങ്ങളായ ചന്ദനവും എബണിയുമല്ല മുറിക്കുന്നത്. കർഷകർ നട്ടുവളർത്തുന്ന പ്ലാവും ആഞ്ഞിലിയും മുറിച്ചാൽ 1995-ലെ പട്ടയം നൽകിയ ഭൂമിയിലെ മരംമുറിക്കൽ ചട്ടത്തിന്റെ

ലംഘനമായിക്കണ്ട് വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്യുകയാണ്. പട്ടയഭൂമിയിലെ റിസർവ് ചെയ്ത മരങ്ങൾ മാത്രം മുറിക്കുന്നതിനാണ് നിയമപരമായി അനുമതി ആവശ്യമുള്ളതെന്ന് ചട്ടത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പക്ഷേ, പല സ്ഥലങ്ങളിലും വനം വകുപ്പ് ഉദ്യോഗസ്ഥർ നിയമത്തെ ദുർവ്യാഖ്യാനിച്ച് കേസെടുക്കുന്നു. പല ഫോറസ്റ്റ് സ്റ്റേഷനുകളിലും കേരള ഫോറസ്റ്റ് ആക്ടിന്റെ പല സെക്ഷനുകളാണ് ഉപയോഗിക്കുന്നത്. ചില ഫോറസ്റ്റ് സ്റ്റേഷനുകളിൽ പ്രസ്തുത ആക്ടിന്റെ 27-ാം വകുപ്പുപ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നു. അത് വനത്തിനുള്ളിൽ അതിക്രമിച്ച് കയറി മരംമുറിച്ചാൽ എടുക്കേണ്ട സെക്ഷനാണ്. ഇതിന്റെ കേസ്സുകളൊന്നും ഒരു കോടതിയിലും നിലനിൽക്കുന്നില്ല. പക്ഷേ, പാവപ്പെട്ട കർഷകർ വർഷങ്ങളോളം കേസ് നടത്തുന്നു, അവസാനം തടി നശിക്കുന്നു, കർഷകന് തടി ലഭിക്കുന്നുമില്ല. ഇത് വളരെ പ്രയാസമുണ്ടാക്കുന്നതാണ്. കർഷകർ നട്ടുവളർത്തിയതും നിയമപരമായി മുറിക്കാവുന്നതുമായ മരങ്ങളാണ് അവർ മുറിക്കുന്നത്. കഴിഞ്ഞകാലങ്ങളിലെല്ലാം മുറിച്ചുകൊണ്ടിരുന്നതാണ്. മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നങ്ങൾ ഉയർത്തിയാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ അനുമതി നൽകാവുന്ന നിയമപരമായ മരങ്ങൾ മുറിക്കുന്നതിനുപോലും തടസ്സം നിൽക്കുന്നത്. ബഹുമാനപ്പെട്ട വനം

വകുപ്പുമന്ത്രി പത്തനംതിട്ടയിൽ പങ്കെടുത്ത യോഗത്തിൽ ഞങ്ങൾ ഈ വിഷയം അവതരിപ്പിച്ചിരുന്നു. ആ യോഗത്തിൽ പങ്കെടുത്ത വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പറഞ്ഞത് തടസ്സമില്ല, മരം മുറിക്കാമെന്നാണ്. പക്ഷേ, അതിനുശേഷവും നടക്കുന്നില്ല. കഴിഞ്ഞ സമ്മേളനകാലത്ത് ശ്രീ. പ്രമോദ് നാരായൺ ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി യോഗം വിളിക്കാമെന്ന് സൂചിപ്പിച്ചിരുന്നു. പക്ഷേ, ഒരുകാര്യവും നടക്കുന്നില്ല. ഇത് ആ മേഖലയിലെ കർഷകർക്ക് വളരെ പ്രയാസമുളവാക്കുന്നതാണ്. ചികിത്സയോ മറ്റാവശ്യങ്ങളോ വന്നാൽ തന്റെ വസ്തുവിലെ നിയമപരമായി മുറിക്കാൻ കഴിയുന്ന മരങ്ങൾപോലും മുറിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുകയും നിയമത്തെ ദുർവ്യാഖ്യാനിക്കുകയും ചെയ്യുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട കോന്നി അംഗം പറഞ്ഞതുപോലെ കഴിഞ്ഞ സഭയിൽ ശ്രീ. പ്രമോദ് നാരായണനും സമാനമായ സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്ന് ഞാൻ പറഞ്ഞ കാര്യമാണ് ബഹുമാനപ്പെട്ട അംഗം അവസാനമായി

സൂചിപ്പിച്ചത്. മുട്ടിൽ മരംമുറി കേസ്സുമായി ബന്ധപ്പെട്ട് ഇപ്പോഴും അവ്യക്തത നിലനിൽക്കുന്നു. ഈ അവ്യക്തത നീക്കാനുള്ള നടപടിക്കായി റവന്യൂ വകുപ്പുമായി ചർച്ച നടത്തുകയും അതുമായി ബന്ധപ്പെട്ട് വനം, നിയമം, റവന്യൂ എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് പ്രൊപ്പോസൽ നൽകാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ എല്ലാവർക്കും ബോധ്യമാകുകയുള്ളൂവെന്ന് ചർച്ചയിലുണ്ടായ ധാരണപ്രകാരമാണ് ഇത്തരമൊരു നടപടി സ്വീകരിച്ചിട്ടുള്ളത്. നടപടികൾ ത്വരിതപ്പെടുത്തി എത്രയുംവേഗം വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കാനാവശ്യമായ കരുതൽ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ സൂചിപ്പിച്ചതിനല്ല മറുപടി പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ സൂചിപ്പിച്ചത് നിയമപരമായി അനുമതി ആവശ്യമായവ മുറിക്കുന്നതിൽ തടസ്സം നിൽക്കുന്നുണ്ടെന്നാണ്.

അദ്ദേഹം മറുപടി പറഞ്ഞത് സംരക്ഷിത മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുണ്ടാകുമെന്നാണ്, അതുണ്ടാകണം. ഒപ്പം, നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരെയും തടസ്സപ്പെടുത്തണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ടുവച്ച അവസാനത്തെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

(4) കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തെ ഭൂമി കൈമാറ്റം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, റെയിൽവേ ഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന കേന്ദ്ര സർക്കാരിന്റെയും റെയിൽവേ വകുപ്പിന്റെയും നീക്കങ്ങൾക്കെതിരായുള്ള ബഹുജനപ്രക്ഷോഭം കണ്ണൂരിൽ ആരംഭിച്ചിരിക്കുകയാണ്. റെയിൽവേ യാർഡ് നിർമ്മാണത്തിനുവേണ്ടി നീക്കിവച്ച സ്ഥലമാണ് സ്വകാര്യ വ്യക്തികൾക്ക് കെട്ടിടങ്ങളുണ്ടാക്കാൻ ഉദാരമായി നൽകുന്നത്. കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ പ്രാധാന്യമൊക്കെ നമുക്കെല്ലാവർക്കുമറിയാം. എത്രയോ കാലമായി പ്രവർത്തിക്കുന്ന ദക്ഷിണ റെയിൽവേയുടെ ഒരു സ്റ്റേഷനാണ്. അവിടത്തെ വികസനത്തിനുള്ള മുഴുവൻ ഭൂമിയും പാട്ടത്തിന് നൽകുന്ന റെയിൽ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ നടപടി ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന് തുടക്കം

കുറിച്ചതെപ്പോഴാണെന്ന് എല്ലാവർക്കുമറിയാം. അത് ശക്തമായി ഇന്നത്തെ കേന്ദ്ര സർക്കാർ നടപ്പിലാക്കുകയാണ്. സർക്കാർ ഭൂമി വിറ്റഴിക്കുകയെന്നത് കേന്ദ്ര സർക്കാർ പൊതുകലാപരിപാടിയാക്കിയിരിക്കുകയാണ്. എത്രയോ കാലമായി വികസനത്തിനുവേണ്ടി കാത്തിരിക്കുന്ന ഒരു റെയിൽവേ സ്റ്റേഷന്റെ 48 ഏക്കർ ഭൂമിയാണ് 45 വർഷത്തേയ്ക്ക് സ്വകാര്യ കമ്പനിക്ക് പാട്ടത്തിന് വച്ചിരിക്കുന്നത്. ഏകദേശം 8 ഏക്കറോളം ഭൂമി അടുത്തകാലത്താണ് പാട്ടത്തിന് വച്ചിരിക്കുന്നത്. ഭൂമി പാട്ടത്തിന് നൽകുന്നതിനെതിരെ പ്രതികരിക്കേണ്ട പലരുമുണ്ടായിരുന്നെങ്കിലും ആരും വേണ്ടരീതിയിൽ ഇടപെട്ടില്ല. ഇന്നലെ അതായത്, 31-01-2023-ന് എൽ.ഡി.എഫ്.-ന്റെ ആഭിമുഖ്യത്തിൽ ഈ സഭയിലെ അംഗമായ ശ്രീ. കെ. വി. സുമേഷും ഞാനുമുൾപ്പെടെ ആയിരക്കണക്കിനാളുകൾ പങ്കെടുത്ത ബഹുജനമാർച്ചും ധർണ്ണയുമുണ്ടായിരുന്നു. കണ്ണൂർ നഗരത്തിന്റെ മുഖം വികൃതമാക്കുന്ന കേന്ദ്ര ഭരണകൂടത്തിന്റെ വൈകൃതങ്ങൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കുന്ന ജനങ്ങളെയാണ് കണ്ണൂരിൽ കാണാൻ കഴിഞ്ഞത്. ഓരോഘട്ടങ്ങളിലായി വിവിധ തലങ്ങളിലുള്ള ബഹുജന സംഘടനകളും രംഗത്തുവന്നിട്ടുണ്ട്. റെയിൽവേ അധികാരികൾ അതൊന്നും കേൾക്കുന്ന ഭാവം സ്വീകരിച്ചില്ല. കാരണം, പൊതുമേഖലാ സ്ഥാപനങ്ങൾ

വിറ്റഴിക്കുകയെന്നതാണ് രാജ്യം ഭരിക്കുന്ന ഭരണകൂടം ഏറ്റവും വേഗത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന ഭരണനിർവ്വഹണ പരിപാടി. കേന്ദ്ര സർക്കാരിന്റെ ഭരണഭീകരതയുടെ ദൃശ്യമാണ് കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ ക്രയവിക്രയ പരിപാടികൾ. അതിന്റെ ഭാഗമായി വികസനത്തിനുവേണ്ടി ഒരുപാട് മേഖലകൾ തുറന്നുകൊടുക്കാൻ കഴിയുന്ന സതേൺ റെയിൽവേയിലെ ഏറ്റവും പ്രശസ്തമായ റെയിൽവേ സ്റ്റേഷന്റെ 48 ഏക്കർ ഭൂമി 45 വർഷത്തേയ്ക്കാണ് പാട്ടത്തിന് കൊടുക്കുന്നത്. എന്നുപറഞ്ഞാൽ തിരിച്ചുകിട്ടുന്ന കാര്യത്തെക്കുറിച്ച് ചിന്തിക്കാൻപോലും കഴിയില്ല. കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ 4, 5 പ്ലാറ്റ്ഫോം നിർമ്മാണമുൾപ്പെടെ എല്ലാം ഇപ്പോൾത്തന്നെ സ്തംഭിപ്പിച്ചിരിക്കുകയാണ്. നഗരവികസനത്തിന്റെ ഭാഗമായി റോഡ് വികസനത്തിൽ സംസ്ഥാന സർക്കാരിന്റേതായ മാർഗ്ഗങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളെല്ലാം തടസ്സപ്പെടും. ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ഇടപെടലുണ്ടായില്ലെങ്കിൽ ഭൂമി ഇനിയും തുണ്ടുതുണ്ടായി വിറ്റ് റെയിൽവേ സ്റ്റേഷന്റെ എല്ലാ പ്രവർത്തനങ്ങളും നിശ്ചലമാകുന്ന ഗുരുതര പ്രതിസന്ധിയുണ്ടാകും. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് ഉത്തരവാദപ്പെട്ടവരും ഇടപെട്ട് കർശന നിലപാട് സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുള്ള റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട സബ്മിഷനാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളും ഭൂമിയും വിറ്റഴിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കൊല്ലം അടക്കമുള്ള റെയിൽവേ സ്റ്റേഷനുകൾ വിൽക്കുമെന്നാണ് അറിഞ്ഞത്. കേരളത്തിലെ യുവജന സംഘടനകൾ ഇതിനെതിരെ ശക്തമായ സമരം നടത്തിവരികയാണ്. കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം മറ്റാർക്കും കൈമാറിയിട്ടില്ലെന്നും ആയത് റെയിൽവേയുടെ കൈവശത്തിൽ മാത്രമാണെന്നും പ്രസ്തുത ഭൂമി കണ്ണൂർ റെയിൽവേ കോളനി പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി സമയബന്ധിതമായി റെയിൽ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് നൽകുകയാണെന്നും ഭൂമി കൈമാറ്റം സംബന്ധിച്ച് ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും പാലക്കാട് ഡിവിഷണൽ മാനേജർ അറിയിച്ചിട്ടുണ്ട്. എന്നാൽ, റെയിൽ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഈ ഭൂമി 45 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചതായി അറിയാൻ

കഴിഞ്ഞിട്ടുണ്ട്. ഇത് കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ ഭാവിവികസനത്തിന് തടസ്സമാകുമോയെന്ന ആശങ്ക ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷിക്കുമെന്നും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ ഇടപെടലുണ്ടാകുമെന്നും ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(5) <u>വയോജന കമ്മീഷൻ</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. വാർദ്ധക്യം ഒരു ശിക്ഷയോ ശാപമോ അല്ല, സ്വാഭാവികമായൊരു പരിണാമമാണ്. എന്നാൽ കമ്പ്യൂട്ടർ യുഗത്തിൽ ജനങ്ങൾ ഏറ്റവും ഭയപ്പെടുന്നത് വയസ്സിനെയാണ്. ലോകത്തിലെ ഏറ്റവും വലിയ യുദ്ധം 'war against age' ആയി മാറുകയാണ്. ഇന്ത്യൻ പാരമ്പര്യമൂല്യങ്ങളും സംസ്കാരവും മതവും കൂട്ടുകുടുംബത്തോടൊപ്പം വയോജനങ്ങൾക്കുവേണ്ട സംരക്ഷണവും പ്രാധാന്യവും മുൻകാലങ്ങളിൽ നൽകിയിരുന്നു. ആധുനികവൽക്കരണവും വ്യവസായവൽക്കരണവും കൂട്ടുകുടുംബ സംവിധാനത്തെ ശിഥിലമാക്കിയതോടെയാണ് വയോജന സംരക്ഷണം സമൂഹത്തിൽ ഗുരുതര പ്രശ്നമായി മാറിയത്. ഇന്ത്യൻ

ഭരണഘടനയുടെ നിർദ്ദേശകതത്വം 41-ാം വകുപ്പ് വയോജനങ്ങൾ ഉൾപ്പെടെ ദുർബ്ബല വിഭാഗങ്ങൾക്ക് സംരക്ഷണം ഉറപ്പുനൽകുന്നുണ്ട്. 2007-ൽ പാസ്സാക്കിയിട്ടുള്ള Maintenance and Welfare of Parents and Senior Citizens Act നിലവിലുണ്ട്. പക്ഷേ, ഇതൊന്നും ശക്തമായി നടപ്പാക്കുന്നതിനോ വയോജന സംരക്ഷണം ഉറപ്പുവരുത്തുന്നതിനോ കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. കേരളത്തിലെ ജനസംഖ്യയിൽ 16.6 ശതമാനം വയോജനങ്ങളാണ്. പ്രതിവർഷം 2.3 ശതമാനം ആളുകളാണ് ഈ ഗണത്തിൽ വർദ്ധിക്കുന്നത്. ഗ്രാന്റ് കെയർ പദ്ധതി, സെക്കന്റ് ഇന്നിംഗ്സ് ഹോം, വയോമിത്രം, വയോമധുരം, മന്ദഹാസം, സായംപ്രഭ എന്നിവ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധേയമായ പദ്ധതികളാണ്. വയോജനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിന് ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുമെന്നാണ് കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുള്ളത്. ഇവരുടെ സുരക്ഷിതത്വം പ്രധാനപ്പെട്ട വിഷയമാണ്. വയോജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ഇതര ജനവിഭാഗങ്ങളിൽനിന്നും തീർത്തും വ്യത്യസ്തവും വിഭിന്നവുമാണ്. ജീവിതാന്ത്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന വയോജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും സത്വരമായി സാധിച്ചുകൊടുക്കേണ്ടതുണ്ട്. വയോജനങ്ങളിൽ ഏതാണ്ട് 30

ശതമാനംപേരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും 60 ശതമാനത്തോളം രോഗബാധിതരും 10 ശതമാനത്തോളം ചലനശേഷിയില്ലാത്തവരുമാണ്. വയോജനപീഡനം ഇന്ന് സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. കേരളത്തിലെ വൃദ്ധരിൽ 45 ശതമാനവും പീഡിതരാണെന്നാണ് Help Age India-യുടെ പഠനറിപ്പോർട്ട് പ്രകാരം കണക്കാക്കപ്പെട്ടിട്ടുള്ളത്. പ്രായമായ അമ്മമാർ വാർദ്ധക്യത്തോടൊപ്പം വൈധവ്യം, ദാരിദ്ര്യം, അനാരോഗ്യം, പരിരക്ഷയ്ക്ക് ആളില്ലായ്മ ഉൾപ്പെടെയുള്ള അവശതകളാണ് നേരിടുന്നത്. പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സ്വമേധയാ കേസെടുക്കാൻ കഴിവുള്ളതും ജുഡീഷ്യൽ അധികാരമുള്ളതുമായ ഒരു കമ്മീഷന് മാത്രമേ വയോജനങ്ങളുടെ അവകാശങ്ങളും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ കഴിയൂ. ആയതിനാൽ ജുഡീഷ്യൽ പവറുള്ള ഒരു വയോജന കമ്മീഷൻ രൂപീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വികസിത മുതലാളിത്തത്തിന്റെ Use and throw culture (ഉപയോഗിച്ചു വലിച്ചെറിയൂ) എന്ന് ആഹ്വാനം ചെയ്യുന്ന ഡിസ്പോസിബിൾ സംസ്കാരം മനുഷ്യരെയും വലിച്ചെറിയാൻ പ്രേരിപ്പിക്കുന്ന നിലയിലേയ്ക്ക് പോകുന്നതിന്റെ

ഭാഗമായി സമൂഹത്തിൽ വയോജനങ്ങൾ വലിയ രീതിയിലുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. വയോജനക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹിക-സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ, സംരക്ഷണം, നിയമസഹായം, Care giver സേവനം എന്നിവ ഉറപ്പുവരുത്തുന്നതിനായി വയോരക്ഷാ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 16 ഓൾഡ് ഏജ് ഹോമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 199 ഓൾഡ് ഏജ് ഹോമുകൾക്ക് സർക്കാർ സാമ്പത്തികസഹായം നൽകിവരുന്നു. ആരും സംരക്ഷിക്കാനില്ലാത്ത വയോജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ഉറപ്പുവരുത്തുന്നു. കേരളത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 'എൽഡർ ലൈൻ' എന്ന ടോൾഫ്രീ ഹെൽപ് ലൈനിൽ വിളിച്ച് സേവനങ്ങൾ ആവശ്യപ്പെടുന്ന വയോജനങ്ങൾക്ക് എത്രയുംവേഗത്തിൽ ഫീൽഡുതല ഉദ്യോഗസ്ഥരുടെ സഹായത്തോടെ സേവനങ്ങൾ നൽകിവരുന്നു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം

2007-ലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് വയോശ്രേഷ്ഠ പുരസ്കാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 27 റവന്യൂ സബ് ഡിവിഷൻ ഓഫീസർമാർ മെയിന്റനൻസ് ട്രിബ്യൂണലുകളായും 14 ജില്ലാ കളക്ടർമാർ അപ്പലേറ്റ് അതോറിറ്റികളായും പ്രവർത്തിച്ചുവരുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കി മുതിർന്ന പൗരന്മാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരസഭകളുമായി ചേർന്ന് 65 വയസ്സിനുമുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതാണ് വയോമിത്രം പദ്ധതി. ഈ പദ്ധതി സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും 85 മുനിസിപ്പൽ നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തിലും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്നുണ്ട്. നിലവിൽ 95 വയോമിത്ര യൂണിറ്റുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. സൗജന്യ ചികിത്സയ്ക്കുപുറമെ മുതിർന്ന പൗരന്മാർക്ക് മാനസികോല്ലാസം പ്രദാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ

ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു. വയോമിത്രം പദ്ധതിക്കുപുറമെ 'വാതിൽപ്പടി സേവനം' എന്ന സേവന പദ്ധതികൂടി വിപുലമായ രീതിയിൽ നടപ്പാക്കുന്നുണ്ട്. ഡോക്ടർമാരുൾപ്പെടെയുള്ള ടീം കിടപ്പുരോഗികളുടെയും ഭിന്നശേഷിക്കാരായിട്ടുള്ള മുതിർന്ന പൗരന്മാരുടെയും വീടുകളിലെത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നുണ്ട്. വയോജന കമ്മീഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗമുന്നയിച്ച വിഷയം ഏറെ പ്രസക്തമാണ്. വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിലേയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനുമായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(6) പഴയകടയിൽ മേൽപ്പാലം നിർമ്മാണം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന കഴക്കൂട്ടം-കാരോട് ബൈപ്പാസിലെ പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡിലെ പഴയകടയിൽ മേൽപ്പാലം നിർമ്മിക്കുന്ന വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 60 വർഷത്തിലേറെ പഴക്കമുള്ളതും നൂറുകണക്കിന് വാഹനങ്ങൾ നിത്യേന സഞ്ചരിക്കുന്നതുമായ പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡിൽ മേൽപ്പാലം നിർമ്മിക്കാതെ സർവ്വീസ് റോഡിൽക്കൂടി കെ.എസ്.ആർ.ടി.സി. ബസ്സടക്കമുള്ള വലിയ വാഹനങ്ങൾ കടന്നുപോകണമെന്നുള്ള അശാസ്ത്രീയ നിബന്ധന വച്ചുകൊണ്ടാണ് എൻ.എച്ച്.എ.ഐ.-യുടെ പ്രവർത്തനം പൂർത്തീകരണത്തിലേയ്ക്ക് പോകുന്നത്. തിരുപുറം മഹാദേവർ ക്ഷേത്രം, കുളത്തൂർ ശ്രീഭദ്രകാളി ക്ഷേത്രം, എട്ടോളം വരുന്ന ക്രിസ്തീയ ആരാധനാലയങ്ങൾ, കുളത്തൂർ ഗവൺമെന്റ് കോളേജ്, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, എൽ.പി. സ്കൂളുകൾ തുടങ്ങിയവയുള്ള പ്രധാനപ്പെട്ട യാത്രാസൗകര്യം അനുവദിക്കപ്പെടേണ്ട പ്രദേശത്താണ് എൻ.എച്ച്.എ.ഐ. നിരുത്തരവാദപരമായ സമീപനം സ്വീകരിച്ചിരിക്കുന്നത്. 10 വർഷത്തിനുമുമ്പ് ഇതിന്റെ പ്രസന്റേഷനും ഡിസൈനും മറ്റ് കാര്യങ്ങളും ചർച്ച

ചെയ്യപ്പെട്ടതാണ്. ആയിരക്കണക്കിനാളുകൾ പങ്കെടുത്ത സമരങ്ങളും നിരന്തരമായിട്ടുള്ള സത്യാഗ്രഹസമരവും അവിടെ നടത്തുകയുണ്ടായി. വലിയതോതിലുള്ള പ്രക്ഷോഭത്തിലേയ്ക്ക് ജനങ്ങൾ എത്തിയിരിക്കുകയാണ്. ജനങ്ങളെ വലിയതോതിൽ ബാധിക്കുന്ന ഈ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കകത്തുനിന്നുകൊണ്ട് എൻ.എച്ച്.എ.ഐ.-യുമായി ശക്തമായ ഇടപെടൽ നടത്തി ഈ വിഷയത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേന്ദ്ര സർക്കാരിനുകീഴിലുള്ള ദേശീയപാത അതോറിറ്റി പ്രവൃത്തിയുമായി ബന്ധപ്പെട്ട പഴയകട-മാവിളക്കടവ് റോഡ് ക്രോസ് ചെയ്യുന്ന ഭാഗത്ത് ഫ്ലൈ ഓവർ നിർമ്മിക്കണമെന്നതാണ് സബ്മിഷനിലെ ആവശ്യം. ഈ ജംഗ്ഷന് സമീപം 180 മീറ്റർ മാറി വെഹിക്കുലർ ഓവർ പാസ്സും 240 മീറ്റർ മാറി ഒരു വെഹിക്കുലർ അണ്ടർപാസ്സും നിർമ്മിച്ചിട്ടുണ്ടെന്നാണ് ദേശീയപാത അതോറിറ്റി നൽകിയ മറുപടി. നിലവിൽ 95 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണഘട്ടത്തിൽ change of scope പ്രൊപ്പോസലുകൾ പരിഗണിക്കാനാവില്ലെന്നും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്

കാലയളവിൽ സാങ്കേതിക സാധ്യത പരിശോധിച്ച് ഫ്ലൈ ഓവർ നിർമ്മാണം പരിഗണിക്കാമെന്നുമാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിരിക്കുന്നത്. ഈ പ്രശ്നം കേരളത്തിലെ പലയിടങ്ങളിലുമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മാസത്തിലൊരിക്കൽ എൻ.എച്ച്.എ.ഐ-യുമായി ചേർന്ന് റിവ്യൂ യോഗങ്ങൾ നടത്തുന്നുണ്ട്. 9 ജില്ലകളിലാണ് ഈ ദേശീയപാതയുടെ പ്രവൃത്തി നടക്കുന്നത്. അതിനാൽ എൻ.എച്ച്.എ.ഐ-യുടെ പ്രോജക്ട് ഡയറക്ടർ മുതൽ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ, എം.എൽ.എ.-മാർ എന്ന നിലയിൽ ഓരോ ജില്ലയിലൂടെയും സഞ്ചരിച്ച് ഒരു ജില്ലയിലെ ഒരു നിയമസഭാ മണ്ഡലത്തിലെ കേന്ദ്രത്തിലെത്തി അവിടെയുള്ള ജനങ്ങൾക്ക് പറയാനുള്ളത് കേൾക്കുന്ന നിലയിലുള്ള ഇടപെടൽ നടത്തുന്നുണ്ട്. 4 ജില്ലകളിൽ ഇതുപോലെ സഞ്ചരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 5 ജില്ലകളിലും ഇതുപോലെ പോകുന്നതായിരിക്കും.

(7) ഊട്ടറ പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ. ബാബു (നെന്മാറ): സർ, നെന്മാറ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളിലെ ജനങ്ങളെ ജില്ലാ-താലൂക്ക് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട പാലങ്ങളിലൊന്നാണ്

കൊല്ലങ്കോട് ഊട്ടറ പാലം. 1940-ൽ ബ്രിട്ടീഷ് കാലത്ത് പണിതീർത്ത് 83 വർഷം പിന്നിട്ട പാലത്തിന്റെ ഒരു ഭാഗത്ത് 2023 ജനുവരി 8-ന് വിള്ളലും തകർച്ചയുമുണ്ടായി ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ജില്ലാ ആശുപത്രിയിലേയ്ക്ക് പോകുന്ന രോഗികൾ, പഠനാവശ്യത്തിനായി പോകുന്ന വിദ്യാർത്ഥികൾ, ജീവനക്കാർ, വ്യാപാരികൾ, കൃഷിക്കാർ, കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിലേയ്ക്ക് പോകുന്ന യാത്രക്കാർ, സാധാരണ തൊഴിലാളികൾ എന്നിവരുൾപ്പെടെ യാത്രചെയ്യാൻ ഉപയോഗപ്പെടുത്തുന്ന പ്രധാനപ്പെട്ട റോഡുകളിലെ ഒരു പാലമാണ് ഊട്ടറ പാലം. കിലോമീറ്ററുകൾ ചുറ്റി ഒരു സുരക്ഷിതത്വവും കൈവരികളുമില്ലാത്ത ആലംപള്ളം-ചപ്പാത്തിലൂടെയാണ് നൂറുകണക്കിന് വാഹനങ്ങൾ യാത്രക്കാരെയും ചരക്കും കൊണ്ടുപോകുന്നത്. അതും വലിയ അപകടത്തിലാണ്. ഊട്ടറ പാലം തകർന്ന വിഷയം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ നവീകരണത്തിനായി 50 ലക്ഷം രൂപ അടിയന്തരമായി അനുവദിക്കപ്പെടുക മാത്രമല്ല നടപടി പൂർത്തീകരിച്ച് നവീകരണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം ഇടപെടൽ നടത്തുകയും നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം

നൽകുകയും ചെയ്ത ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഊട്ടറ പാലം പുതുതായി നിർമ്മിക്കുന്നതിനും അതിനോടനുബന്ധിച്ചുള്ള റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുമായി 15 കോടിയോളം രൂപ അനുവദിച്ചിരുന്നതും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതുമാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഊട്ടറ പാലം നിർമ്മിക്കുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമി സർക്കാരിന് വിട്ടുതരേണ്ടവരിൽനിന്നും സറണ്ടറുൾപ്പെടെ വാങ്ങി നൽകാനും കഴിഞ്ഞിട്ടുണ്ട്. 2017-18-ൽ പ്രഖ്യാപിച്ചിട്ടുള്ള ഊട്ടറ പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും പ്രവൃത്തികൾ എത്രയുംപെട്ടെന്ന് ആരംഭിച്ച് യാത്രാപ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പാലക്കാട് ജില്ലയിലെ ഊട്ടറ പാലത്തിന്റെ അപകടാവസ്ഥയും പുതിയ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ശ്രീ. കെ. ബാബു (നെന്മാറ) സബ്മിഷനിലൂടെ ഉന്നയിച്ചത്. അദ്ദേഹം ഇക്കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തര ഇടപെടൽ നടത്തുകയും ചെയ്തതാണ്. ഇപ്പോൾ ഊട്ടറ പാലത്തിന്റെ

രണ്ടാമത്തെ സ്പാനിലുണ്ടായ അപകടാവസ്ഥ പരിഹരിക്കുന്നതിന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ പ്രദേശം സന്ദർശിച്ച് പ്രവർത്തനം വേഗത്തിലാക്കി റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിലവിൽ താൽക്കാലിക അടിയന്തര അറ്റകുറ്റപ്പണിക്കായി 50 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി നടന്നുവരികയാണ്. പാലക്കാട് ജില്ലയിലെ ഊട്ടറ പുഴ പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടത്താൻ സർക്കാർ തീരുമാനിക്കുകയും ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala Limited)-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി 10,61,00,000 രൂപ അനുവദിക്കുകയും ചെയ്തിരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരികയാണ്. സ്ഥലം ഉടമകൾ മുൻകൂറായി ഭൂമി വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി ടെണ്ടർ സ്റ്റേജിലേയ്ക്ക് കടക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐറ്റം റേറ്റ് രീതിയിൽ ടെണ്ടർ ക്ഷണിക്കുകയാണ്. നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് ഡിസൈൻ ചെയ്യുന്നതിനായി കൺസൾട്ടന്റായ

മെസ്സേജ് റൈറ്റ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി.എസ്. കമ്മിറ്റി ഉടനെചേർന്ന് സാങ്കേതികാനുമതി നൽകുന്നതിനെ സംബന്ധിച്ച് പരിശോധിക്കും. അടിയന്തര സ്വഭാവം കണക്കിലെടുത്ത് പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ ആർ.ഡി.ബി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്.

(8) ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം എന്ന പേര് വരാനിടയായതും ഏറെ പഴക്കമുള്ളതുമായ ഒന്നാണ് ഈസ്റ്റ് ഒറ്റപ്പാലം പാലം. പാലക്കാട്-പൊന്നാനി സംസ്ഥാന പാതയിൽ പതിനായിരക്കണക്കിന് ആളുകൾ നിത്യേന യാത്ര ചെയ്യുന്ന ഒറ്റപ്പാലത്തിനടുത്തുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലം വൻതോതിൽ ഗതാഗതക്കുരുക്കുണ്ടാക്കുന്ന അവസ്ഥയിലാണ്. പാലത്തിനിരുവശത്തും വീതിയേറിയ റോഡാണ്. പക്ഷേ, പഴയപാലം ഇടുങ്ങിയതായതിനാൽ പകൽസമയങ്ങളിൽ വൻതോതിൽ ഗതാഗതക്കുരുക്കുണ്ടാകുന്നു. മിനി സിവിൽ സ്റ്റേഷൻ, താലൂക്കാശുപത്രി, താലൂക്ക് സപ്ലൈ ഓഫീസ്, സബ് കോടതി, ജയിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയെല്ലാമുള്ള ജില്ലാ കേന്ദ്രത്തിലേയ്ക്കും ആളുകൾക്ക് ധാരാളം യാത്ര ചെയ്യേണ്ട പ്രസ്തുത റോഡിലുള്ള

പാലത്തിന്റെ പണി അടിയന്തരമായി ആരംഭിക്കേണ്ടതുണ്ട്. 05-02-2021-ന് 418 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. അപ്രോച്ച് റോഡ് വരുന്ന ഭാഗത്ത് രണ്ട് രാഷ്ട്രീയ പാർട്ടികളുടെ കെട്ടിടം ഒഴിവാക്കി പഴയ പാലത്തിനടുത്തായി പുതിയ പാലം പണിയുന്നതിനുള്ള അലൈൻമെന്റ് ഡ്രോയിംഗിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതുവരെയും പാലം പണി ആരംഭിക്കാനായിട്ടില്ല. പാലം പണി അടിയന്തരമായി ആരംഭിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാനും യാത്ര സുഗമമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണ പ്രവൃത്തിക്ക് 4,18,00,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ അനുമതി ലഭിച്ച അലൈൻമെന്റ് ഡ്രോയിംഗ് പ്രകാരം സൈറ്റിൽ അലൈൻമെന്റ് ഫിക്സ് ചെയ്യാൻ തടസ്സമുണ്ടായി. ഈ സാഹചര്യത്തിൽ പഴയപാലത്തിനടുത്തുതന്നെ സമാന്തരമായി പുതിയ പാലം പണിയുന്നതിനുള്ള അലൈൻമെന്റ് ഡ്രോയിംഗ് വീണ്ടും തയ്യാറാക്കി. പാലത്തിന്റെ നിർമ്മാണത്തിനായി 4,80,00,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം വ്യക്തത

വരുത്തി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സമയബന്ധിതമായി ഈ പ്രവർത്തനവും പൂർത്തിയാക്കി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദേശിച്ചപ്രകാരം പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണം

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഗതാഗത സംവിധാനത്തിന്റെ ആവശ്യകതയാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഏകദേശം 28 വർഷമായി നഗരസഭ അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് തമ്മനം-പുല്ലേപ്പടി റോഡ് വരുന്നതിനുവേണ്ടിയുള്ള സമഗ്രമായ ഇടപെടൽ നടത്തിയതാണ്. എന്നാൽ പ്രസ്തുത റോഡ് പൂർത്തീകരിക്കാനാവശ്യമായ സാമ്പത്തിക ഭദ്രത നഗരസഭയ്ക്കില്ലാത്തതുകൊണ്ട് 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തമ്മനം-പുല്ലേപ്പടി റോഡ് പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുക്കുകയുണ്ടായി. അതിനെത്തുടർന്ന് ഇതിന്റെ പ്രവർത്തനം

നടത്തുന്നതിനുവേണ്ടി കേരള റോഡ് ഫണ്ട് ബോർഡിനെ നിർവ്വഹണ ഏജൻസിയായി തീരുമാനിച്ചു. എം.ജി. റോഡുമുതൽ ചക്കരപ്പറമ്പ് വരെ ഏകദേശം 3.75 കിലോമീറ്ററാണ് റോഡിന്റെ ദൈർഘ്യം. ആകെ 5.83 ഹെക്ടർ സ്ഥലമാണ് റോഡിനായി വേണ്ടത്. അതിൽ ലാൻഡ് അക്വിസിഷനിലൂടെയും ഫ്രീ സറണ്ടറായും കുറച്ച് സ്ഥലം ലഭ്യമായിട്ടുണ്ട്. 3.68 ഹെക്ടർ സ്ഥലംകൂടി ആവശ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് കിഫ്ബി നടപടിക്രമത്തിന്റെ ഭാഗമായി സർവ്വേ നടത്തുകയും തുടർന്ന് കേരള റോഡ് ഫണ്ട് ബോർഡ് കല്ലിടൽ നടപടി ആരംഭിക്കുകയും ചെയ്തു. നിലവിൽ ലാൻഡ് അക്വിസിഷൻ നടത്തിയിരിക്കുന്ന അലൈൻമെന്റിൽനിന്നും വ്യത്യസ്തമായി, ആ ഭൂമി അവിടെ നിലനിർത്തിക്കൊണ്ട് മറ്റൊരു അലൈൻമെന്റിലാണ് റോഡിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്തിരിക്കുന്നതെന്ന വിഷയം വന്നിരിക്കുകയാണ്. അതിനാൽ കല്ലിടൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ജനങ്ങൾ പ്രതീക്ഷിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായി കിഫ്ബിയുടെ അലൈൻമെന്റ് ഫിക്സ് ചെയ്തിരിക്കുന്നതുകൊണ്ട് അതിന്റെ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ല. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 20-03-2022-ൽ ഏകദേശം 93.09 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി

ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മേയറും എം.എൽ.എ. ആയ ഞാനും കളക്ടറും പല മീറ്റിംഗുകളും കൂടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസ് contempt ആയി നിൽക്കുകയാണ്. കോടതി നിരന്തരമായി ഇത് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കംകാരണം പ്രവർത്തനങ്ങൾ നിശ്ചലമായിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ധാരാളം മീറ്റിംഗുകൾ കൂടുന്നുണ്ടെങ്കിലും കാര്യമായ റിസൾട്ടുണ്ടാകുന്നില്ല. കോർപ്പറേഷൻ റോഡ് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുന്നതിനായി 13-01-2020-ൽ കോർപ്പറേഷൻ കൗൺസിൽ തീരുമാനമെടുത്തതാണ്. എന്നാൽ പി.ഡബ്ല്യു.ഡി.-ക്ക് ഈ റോഡിന്റെ ആസ്തി കൈമാറി ലഭിച്ചിട്ടില്ലാത്തതുകൊണ്ട് കേരള റോഡ് ഫണ്ട് ബോർഡിന് റോഡ് കൈമാറ്റം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങളും നിലനിൽക്കുന്നുണ്ട്. നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ടതാണ് തമ്മനം-പുല്ലേപ്പടി റോഡ്. പ്രദേശത്തെ ജനങ്ങൾ വർഷങ്ങളായി ഈ റോഡിന്റെ പൂർത്തീകരണത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. നിലവിലുള്ള അലൈന്റ്മെന്റ് പ്രകാരം ഭൂമി വിട്ടുകൊടുക്കാൻ ജനങ്ങൾ തയ്യാറായിരുന്നു. കിഫ്ബിയുടെ അലൈൻമെന്റ്

വന്നപ്പോഴാണ് ലാൻഡ് അക്വിസിഷനിലൂടെയും ഫ്രീ സറണ്ടറായും കിട്ടിയ ഭൂമിയിൽനിന്നും വ്യത്യസ്തമായ അലൈൻമെന്റിലാണ് സർവ്വേ പൂർത്തീകരിച്ചിരിക്കുന്നതെന്ന് മനസ്സിലായത്. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഹൈക്കോടതിയിൽ കേസ് പരിഗണിക്കുന്നതിന്റെ തലേദിസം മീറ്റിംഗ്കൂടി ഒരു തീരുമാനമെടുത്ത് അറിയിക്കുന്ന പ്രവണതയാണ് ഇപ്പോൾ നിലനിൽക്കുന്നത്. അതിനാൽ തമ്മനം-പുല്ലേപ്പടി റോഡിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഏകദേശം രണ്ടര പതിറ്റാണ്ടിലധികമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന ന്യായമായ പദ്ധതിയാണ് തമ്മനം-പുല്ലേപ്പടി റോഡിന്റെ നിർമ്മാണ പ്രവൃത്തി. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്താൻ തീരുമാനിച്ച ഈ റോഡിനുവേണ്ട ഭൂമിയേറ്റെടുക്കൽ നടപടി തുടരുകയാണ്. ഭൂമിയേറ്റെടുക്കുന്നതിന് 93 കോടി 9 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. പൂണിത്തുറ, ഇളങ്കുളം, എറണാകുളം, ഇടപ്പള്ളി സൗത്ത് എന്നീ വില്ലേജുകളിലായി 3.69 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ്

റവന്യൂ വകുപ്പ് ഉത്തരവിറക്കിയിരിക്കുന്നത്. കിഫ്ബി മാനദണ്ഡപ്രകാരം 22 മീറ്റർ വീതിയിലാണ് റോഡിന്റെ ഡിസൈൻ തയ്യാറാക്കിയിരിക്കുന്നത്. ഒരു വർഷം മുമ്പാണ് പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കിയത്. ഇതനുസരിച്ച് അതിർത്തിക്കല്ലിടുന്ന പ്രവൃത്തി ആരംഭിച്ചിരുന്നു. ജനങ്ങൾ തടസ്സവാദങ്ങൾ ഉന്നയിച്ചതിനെത്തുടർന്ന് പ്രവൃത്തി ഇപ്പോൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പദ്ധതിക്കായി തയ്യാറാക്കിയ 169 കോടി 89 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ പരിഗണനയിലാണ്. എറണാകുളം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നാണ് തമ്മനം-പുല്ലേപ്പടി റോഡ്. നഗരത്തിലെ ഗതാഗതക്കുരുക്കിന് വലിയ തോതിൽ പരിഹാരം കാണാൻ സാധ്യമാകുന്ന റോഡാണിത്. ഈ റോഡിന്റെ വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വലിയ തുക അനുവദിച്ചിട്ടുണ്ട്. മുമ്പ് കോർപ്പറേഷൻ ഏറ്റെടുത്ത ഭൂമി ഈ പദ്ധതിയുടെ ഭാഗമായി എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്ന് പരിശോധിക്കാം. കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരോടും ഡിസൈൻ വിഭാഗത്തോടും ഇക്കാര്യം പ്രത്യേകം നിർദ്ദേശിക്കാം. എന്നാൽ പദ്ധതി തടസ്സപ്പെടുത്തുന്ന സാഹചര്യമുണ്ടാകരുത്. റോഡിന്റെ ഗുണഭോക്താക്കൾ ജനങ്ങളാണ്. ഈ

പദ്ധതി പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങളുമായി ഒരു ടീമായി നമുക്ക് മുന്നോട്ടുപോകാം. വീർപ്പുമുട്ടുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ സാധിക്കും.

(10) കൽപ്പറ്റ ജനറൽ ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിലെ ഏക ആസ്പിറേഷണൽ ഡിസ്ട്രിക്ടാണ് വയനാട്. വയനാടിന്റെ ആസ്ഥാനമായ കൽപ്പറ്റയിലെയും കൽപ്പറ്റ മുനിസിപ്പൽ പ്രദേശത്തെയും സമീപ പ്രദേശത്തെയും ആദിവാസികൾ ഉൾപ്പെടെയുള്ള പതിനായിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന കൽപ്പറ്റ ജനറൽ ആശുപത്രി 2005-ലെ ഉത്തരവിലൂടെ സ്ഥാപിതമായെങ്കിലും ഇന്നേവരെ അവശ്യംവേണ്ട ജീവനക്കാരില്ലാത്തതിന്റെയും നിലവിൽ വേണ്ടതായ ജീവനക്കാരെ നിയമിക്കാത്തതിന്റെയും പ്രയാസങ്ങൾ നേരിടുകയാണ്. ഈ ആശുപത്രിയിൽ ഒരു ദിവസം ഏകദേശം ആയിരത്തിയഞ്ഞൂറോളം ഒ.പി.-യും മാസത്തിൽ ആയിരത്തോളം ഐ.പി-യും ഉണ്ടാകാറുണ്ട്. ആദിവാസികളും തോട്ടം തൊഴിലാളികളുമുൾപ്പെടെ ദുർബ്ബല സാഹചര്യത്തിൽ ജീവിക്കുന്ന സാധാരണക്കാരുടെ സ്ഥലമാണിത്. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും സമ്പൂർണ്ണ സൂപ്പർ

സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പഴയ ജനറൽ ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലം അവിടെ ലഭ്യമാണ്. 2023 ജനുവരി 29-ാം തീയതി ചേർന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ ആശുപത്രിക്കായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടാനുള്ള തീരുമാനമെടുത്തു. മിനിസ്റ്റീരിയൽ വിഭാഗത്തിൽ മൂന്ന് ജീവനക്കാരാണ് കൽപ്പറ്റ ജനറൽ ആശുപത്രിയിലുള്ളത്. കണ്ണൂർ ജനറൽ ആശുപത്രിയിൽ 24 ജീവനക്കാരുണ്ട്. ഇവിടെ അവശ്യകാര്യങ്ങൾ നടത്താൻപോലും മിനിസ്റ്റീരിയൽ ജീവനക്കാരില്ലാത്ത വിഷയം ഗൗരവമായി നിലനിൽക്കുന്നു. നഴ്സിംഗ് സൂപ്രണ്ട് തസ്തിക നിലവിലില്ല. ഹെഡ് നഴ്സ് തസ്തിക നിലവിൽ മൂന്നെണ്ണമാണുള്ളത്. അഞ്ച് എണ്ണമെങ്കിലുമുണ്ടെങ്കിൽ മാത്രമേ മുന്നോട്ടുപോകുകയുള്ളൂ. സ്റ്റാഫ് നഴ്സുമാരുടെ 90 തസ്തിക വേണ്ട സ്ഥാനത്ത് നിലവിലുള്ളത് 30 എണ്ണം മാത്രമാണ്. ഇത് നിലവിലുള്ള 250 ബെഡ് സ്ട്രെംഗ്ത് മുഴുവനായും പ്രവർത്തനക്ഷമമാക്കുന്നതിന് പര്യാപ്തമല്ല. ഐ.പി.എച്ച്.എസ്. സ്റ്റാൻഡേർഡ് പ്രകാരമുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണത്തിലും കുറവ് നിലനിൽക്കുകയാണ്. ലാബ് ടെക്നീഷ്യന്മാരുടെ ഏഴ് തസ്തികകളാണ് നിലവിലുള്ളത്. അവരെവച്ച് 24 മണിക്കൂറും പ്രവർത്തിക്കുകയെന്നത്

അസാദ്ധ്യമാണ്. ഫാർമസിസ്റ്റ് തസ്തികയിലുള്ള കുറവ്, എമർജൻസി ടെക്നീഷ്യന്മാരുടെ അഭാവം, ആംബുലൻസിന് ഡ്രൈവർമാരില്ലാത്തതുൾപ്പെടെ ഗുരുതര സാഹചര്യമാണുള്ളത്. കടുവയുടെ ആക്രമണമേറ്റ് തോമസ് മരിക്കാനിടയായതിന്റെ സാഹചര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഡോക്ടർമാരുടെ തസ്തികയുടെ കാര്യവും സമാനമാണ്. സ്പെഷ്യാലിറ്റികളായ ഓർത്തോ, ത്വക്ക്, ഫോറൻസിക്, റേഡിയോളജി തുടങ്ങിയ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ കേഡറിലുള്ള തസ്തികകളില്ലാത്ത സാഹചര്യമുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് നിയമനം നടത്തണം. സ്പെഷ്യാലിറ്റി വിഭാഗം സ്ഥാപിക്കുകയും പുതിയ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മിക്കുകയും വേണം. ജൂനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ കേഡറിലുള്ള തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കണം. കേരളത്തിലെ ഏക ആസ്പിരേഷണല്ല ഡിസ്ട്രിക്റ്റായിട്ടുള്ള വയനാടിന്റെ ആസ്ഥാനമായ കൽപ്പറ്റ ജനറലാശുപത്രി എല്ലാവിധ സംവിധാനത്തോടുംകൂടി ഉയർത്തിക്കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിൽ ആരോഗ്യമേഖലയിൽ പ്രത്യേക പരിഗണന ആവശ്യമുള്ള ജില്ലകളിലൊന്നാണ് വയനാട്. പ്രത്യേകിച്ച് അതിശക്തമായ മഴയുംമറ്റും കാരണം ഗതാഗതതടസ്സം നേരിടുമ്പോൾ മറ്റ് സ്ഥലങ്ങളിൽനിന്നും ഒറ്റപ്പെട്ടുപോകുന്ന സ്ഥിതിയും അവിടെയുണ്ട്. അതുകൊണ്ട് ആശുപത്രികളുമായി ബന്ധപ്പെട്ട് ഇവിടെ പ്രാധാന്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. 'ആർദ്രം' മാനദണ്ഡപ്രകാരം നിലവിൽ കൽപ്പറ്റ ജനറൽ ആശുപത്രി ജില്ലാതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സാമൂഹികാരോഗ്യ കേന്ദ്രമായ ഈ ആശുപത്രിയെ 2005-ലാണ്  തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്താതെ ജനറൽ ആശുപത്രിയായി ഉയർത്തിയത്. ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 250 ആണ്. ദിവസേന ഇവിടെ ശരാശരി 1300 ഒ.പി.-യും 70 ഐ.പി.-യുമാണുള്ളത്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്, ജനറൽ സർജറി, ഇ.എൻ.ടി., ഓഫ്താൽമോളജി, അനസ്തേഷ്യ, സൈക്ക്യാട്രി, റെസ്പിറേറ്ററി മെഡിസിൻ, ദന്തൽ, ഫിസിയോതെറാപ്പി എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നുണ്ട്. 129 സ്ഥിരം ജീവനക്കാരും 83 താത്കാലിക ജീവനക്കാരും ഇവിടെ

സേവനമനുഷ്ഠിക്കുന്നുണ്ട്. സ്ഥിരം ജീവനക്കാരായ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് മുതൽ ദന്തൽ സർജൻ, അസിസ്റ്റന്റ് സർജൻ, സി.എം.ഒ., സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ജനറൽ മെഡിസിൻ, കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജറിയിൽ ജൂനിയർ കൺസൾട്ടന്റ്-2, ഗൈനക്കോളജിയിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, ശിശുരോഗ വിഭാഗത്തിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, ഇ.എൻ.ടി., ഓഫ്ത്താൽമോളജി, സൈക്ക്യാട്രി തുടങ്ങിയ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റ് ഓരോന്നുവീതം, അനസ്തേഷ്യ വിഭാഗത്തിൽ രണ്ട് ജൂനിയർ കൺസൾട്ടന്റുമാർ ഉൾപ്പെടെ 33 ഡോക്ടർമാരുടെ അംഗീകൃത തസ്തികകളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സൃഷ്ടിക്കപ്പെട്ട വിവിധ വിഭാഗം ഡോക്ടർമാരുടെ 13 തസ്തികകൾ ഇതിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ 4 മെഡിക്കൽ ഓഫീസർമാരെ ദേശീയ ആരോഗ്യ ദൗത്യം വഴിയും നിയമിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ക്ലാർക്ക് എന്നീ വിഭാഗങ്ങളിലായി 6 തസ്തികകൾകൂടി അധികമായി സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ ഒ.പി., കാഷ്വാലിറ്റി ആൻഡ് ഡയഗനോസിസ് സെന്ററിന്റെ നിർമ്മാണത്തിന് 9.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ

പുരോഗമിച്ചുവരികയാണ്. നിലവിലെ അത്യാഹിത വിഭാഗം വിപുലീകരിച്ച് ട്രോമാകെയർ വിഭാഗമായി ഒരുക്കുന്നതിനാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ട്രോമാകെയറും അനുബന്ധ യൂണിറ്റും പ്രവർത്തനസജ്ജമാക്കാൻ സാധിക്കുന്നതാണ്. ഈ ഘട്ടത്തിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. 32.7 ലക്ഷം രൂപ വിനിയോഗിച്ച് പീഡിയാട്രിക് ഐ.സി.യു.-വിന്റെ നിർമ്മാണം പൂർത്തിയാക്കി. 15 ലക്ഷം രൂപ വിനിയോഗിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. 60000 രൂപ ചെലവഴിച്ച് എൻ.സി.ഡി. ക്ലിനിക്കിനുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ദേശീയ ആരോഗ്യ ദൗത്യം വഴി 15 കോടി രൂപ വിനിയോഗിച്ച് എസ്.ടി.പി. നിർമ്മാണത്തിനുള്ള നടപടികൾ നടക്കുന്നുണ്ട്. 1.23 കോടി രൂപ ചെലവാക്കി ഓക്സിജൻ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി. മാനന്തവാടി ആശുപത്രിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ കാത്ത് ലാബിന്റെ പൂർത്തീകരണവും ഇൻസ്റ്റലേഷനും കോൺഫിഗറേഷനും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൽപ്പറ്റ ജനറൽ ആശുപത്രിയും സ്പെഷ്യാലിറ്റി വിഭാഗവും ആവശ്യമാണ്. താലൂക്കുതലം

മുതലാണ് സ്പെഷ്യാലിറ്റി സർവ്വീസ് 'ആർദ്രം' പദ്ധതിയിൽ തുടങ്ങുന്നത്. നിശ്ചയമായും അതനുസരിച്ച് ആവശ്യത്തിന് ഡോക്ടർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

**12.09 pm]**

**X മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1169/2022 | ജി.ഒ.(എം.എസ്)നം.242/2022/ഹോം | 25.11.2022 | അല്ല |
| 2 | 1173/2022 | ജി.ഒ.(എം.എസ്.)നം.223/2022/ഹോം | 10.11.2022 | അല്ല |
| 3 | 1174/2022 | ജി.ഒ.(എം.എസ്.)നം.223/2022/ഹോം (2) | 10.11.2022 | അല്ല |
| 4 | 1175/2022 | ജി.ഒ.(എം.എസ്.)നം.223/2022/ഹോം (3) | 10.11.2022 | അല്ല |
| 5 | 1176/2022 | ജി.ഒ.(എം.എസ്.)നം.223/2022/ഹോം (4) | 10.11.2022 | അല്ല |
| 6 | 1177/2022 | ജി.ഒ.(എം.എസ്)നം.256/2022/ഹോം | 02.12.2022 | അല്ല |
| 7 | 1181/2022 | ജി.ഒ.(ആർ.ടി.)നം.3465/2022/ഹോം | 07.12.2022 | അല്ല |
| 8 | 1182/2022 | ജി.ഒ.(ആർ.ടി.)നം. 3466/2022/ഹോം | 07.12.2022 | അല്ല |
| 9 | 1183/2022 | ജി.ഒ.(ആർ.ടി.)നം.3467/2022/ഹോം | 07.12.2022 | അല്ല |
| 10 | 1185/2022 | ജി.ഒ.(ആർ.ടി.)നം.3477/2022/ഹോം | 07.12.2022 | അല്ല |
| 11 | 1194/2022 | ജി.ഒ.(ആർ.ടി.)നം.3520/2022/ഹോം | 12.12.2022 | അല്ല |
| 12 | 1195/2022 | ജി.ഒ.(ആർ.ടി.)നം.3523/2022/ഹോം | 12.12.2022 | അല്ല |
| 13 | 1196/2022 | ജി.ഒ.(ആർ.ടി.)നം.3527/2022/ഹോം | 12.12.2022 | അല്ല |
| 14 | 1197/2022 | ജി.ഒ.(ആർ.ടി.)നം. 3526/2022/ഹോം | 12.12.2022 | അല്ല |

| | | | | |
|---|---|---|---|---|
| 15 | 1198/2022 | ജി.ഒ.(ആർ.ടി.)നം.3525/2022/ഹോം | 12.12.2022 | അല്ല |
| 16 | 1199/2022 | ജി.ഒ.(എം.എസ്.)നം.259/2022/ഹോം | 09.12.2022 | അല്ല |
| 17 | 1200/2022 | ജി.ഒ.(ആർ.ടി.)നം.3529/2022/ഹോം | 12.12.2022 | അല്ല |
| 18 | 1205/2022 | ജി.ഒ.(ആർ.ടി.)നം.3574/2022/ഹോം | 15.12.2022 | അല്ല |
| 19 | 1206/2022 | ജി.ഒ.(എം.എസ്.)നം. 262/2022/ഹോം | 15.12.2022 | അല്ല |
| 20 | 1207/2022 | ജി.ഒ.(ആർ.ടി.) നം.3573/2022/ഹോം | 15.12.2022 | അല്ല |
| 21 | 1212/2022 | ജി.ഒ.(ആർ.ടി.)നം.3572/2022/ഹോം | 15.12.2022 | അല്ല |
| 22 | 1214/2022 | ജി.ഒ.(ആർ.ടി.)നം.3589/2022/ഹോം | 16.12.2022 | അല്ല |
| 23 | 1216/2022 | ജി.ഒ.(ആർ.ടി.)നം.3598/2022/ഹോം | 17.12.2022 | അല്ല |
| 24 | 1217/2022 | ജി.ഒ.(ആർ.ടി.)നം.3599/2022/ഹോം | 17.12.2022 | അല്ല |
| 25 | 1218/2022 | ജി.ഒ.(എം.എസ്.)നം.226/2022/ഹോം | 14.11.2022 | അല്ല |
| 26 | 1219/2022 | ജി.ഒ.(ആർ.ടി.)നം.3443/2022/ഹോം | 05.12.2022 | അല്ല |
| 27 | 1225/2022 | ജി.ഒ.(ആർ.ടി.)നം. 3600/2022/ഹോം | 17.12.2022 | അല്ല |
| 28 | 1228/2022 | ജി.ഒ.(ആർ.ടി.)നം.3645/2022/ഹോം | 21.12.2022 | അല്ല |
| 29 | 1253/2022 | ജി.ഒ.(എം.എസ്.)നം.264/2022/ഹോം | 17.12.2022 | അല്ല |
| 30 | 1263/2022 | ആഭ്യന്തരം-എസ്.എസ്.എ 2/66/2020-ആഭ്യന്തരം | 31.12.2022 | അല്ല |
| 31 | 15/2023 | ജി.ഒ.(ആർ.ടി.)നം. 23/2023/ഹോം | 06.01.2023 | അല്ല |
| 32 | 60/2023 | ജി.ഒ.(എം.എസ്.)നം.4/2023/ഹോം | 10.01.2023 | അല്ല |
| 33 | 68/2023 | ജി.ഒ.(ആർ.ടി.)നം.93/2023/ഹോം | 12.01.2023 | അല്ല |
| 34 | 74/2023 | ജി.ഒ.(ആർ.ടി.)നം.108/2023/ഹോം | 13.01.2023 | അല്ല |
| 35 | 95/2023 | ജി.ഒ.(എം.എസ്.)നം.8/2023/ഹോം | 13.01.2023 | അല്ല |
| 36 | 119/2023 | ജി.ഒ.(ആർ.ടി.)നം.128/2023/ഹോം | 17.01.2023 | അല്ല |

## 06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 587/2019 | ജി.ഒ.(എം.എസ്.)നം.130/2019/ഹോം | 27.08.2019 |
| 2 | 589/2019 | ജി.ഒ.(എം.എസ്.)നം.116/2019/ഹോം | 06.08.2019 |
| 3 | 590/2019 | ജി.ഒ.(എം.എസ്.)നം.116/2019/ഹോം | 06.08.2019 |
| 4 | 591/2019 | ജി.ഒ.(എം.എസ്.)നം.116/2019/ഹോം | 06.08.2019 |
| 5 | 711/2020 | ജി.ഒ.(എം.എസ്.)നം.188/2020/ഹോം | 06.10.2020 |
| 6 | 573/2022 | സ.ഉ(അച്ചടി)നം.45/2022/ആഭ്യന്തരം | 01.06.2022 |

| | | | |
|---|---|---|---|
| 7 | 815/2022 | ജി.ഒ.(പി)നം.9/2022/പി&എആർഡി | 14.08.2022 |
| 8 | 817/2022 | ജി.ഒ.(പി)നം.10/2022/പി&എആർഡി | 14.08.2022 |
| 9 | 831/2022 | ജി.ഒ.(ആർ.ടി.)നം.2317/2022/ഹോം | 20.08.2022 |
| 10 | 835/2022 | ജി.ഒ.(എം.എസ്.)നം.20/2022 പി&എ.ആർ.ഡി. | 23.08.2022 |
| 11 | 845/2022 | ജി.ഒ.(പി) നം.19/2022/ജി.എ.ഡി. | 24.08.2022 |
| 12 | 847/2022 | ജി.ഒ.(ആർ.ടി.)നം.2403/2022/ഹോം | 27.08.2022 |
| 13 | 848/2022 | ജി.ഒ.(ആർ.ടി.)നം.2402/2022/ഹോം | 27.08.2022 |
| 14 | 851/2022 | ജി.ഒ.(പി ) നം. 11/2022/പി&എ.ആർ.ഡി | 28.08.2022 |
| 15 | 852/2022 | ജി.ഒ.(പി)നം.12/2022/പി&എ.ആർ.ഡി. | 29.08.2022 |
| 16 | 858/2022 | സ.ഉ.(പി)നം.63/2022/ആഭ്യന്തരം | 29.08.2022 |
| 17 | 864/2022 | ജി.ഒ.(ആർ.ടി.)നം.2460/2022/ഹോം | 03.09.2022 |
| 18 | 865/2022 | ജി.ഒ.(ആർ.ടി.)നം.2458/2022/ഹോം | 03.09.2022 |
| 19 | 872/2022 | ജി.ഒ.(പി)നം.65/2022/ഹോം | 12.09.2022 |
| 20 | 876/2022 | ജി.ഒ.(എം.എസ്.)നം.16/2022/വിജ് | 12.09.2022 |
| 21 | 887/2022 | സ.ഉ.(കൈ)നം.3/2022/നോർക്ക | 12.09.2022 |
| 22 | 894/2022 | സ.ഉ.(കൈ)നം.4/2022/നോർക്ക | 15.09.2022 |
| 23 | 896/2022 | ജി.ഒ(ആർ.ടി.)നം.2567/2022/ഹോം | 16.09.2022 |
| 24 | 897/2022 | ജി.ഒ.(പി)നം.69/2022/ഹോം | 19.09.2022 |
| 25 | 898/2022 | ജി.ഒ.(എം.എസ്.)നം.186/2022/ഹോം | 12.09.2022 |
| 26 | 902/2022 | ജി.ഒ.(ആർ.ടി.)നം.2588/2022/ഹോം | 20.09.2022 |
| 27 | 917/2022 | ജി.ഒ.(എം.എസ്.)നം.188/2022/ഹോം | 19.09.2022 |
| 28 | 945/2022 | ഹോം-എസ്.എസ്.എ 3/162/2022/ഹോം | 30.09.2022 |
| 29 | 950/2022 | ഹോം-എസ്.എസ്.എ 3/163/2022/ഹോം | 01.10.2022 |
| 30 | 970/2022 | ജി.ഒ.(ആർ.ടി.)നം.2758/2022/ഹോം | 07.10.2022 |
| 31 | 1001/2022 | ഹോം എസ്.എസ്.എ 4/239/2022-ഹോം | 18.10.2022 |
| 32 | 1003/2022 | ജി.ഒ.(എം.എസ്.)നം.199/2022/ഹോം | 13.10.2022 |
| 33 | 1005/2022 | ജി.ഒ.(പി)നം.73/2022/ഹോം | 20.10.2022 |
| 34 | 1006/2022 | ജി.ഒ.(എം.എസ്.)നം.200/2022/ഹോം | 13.10.2022 |
| 35 | 1007/2022 | ഹോം-എസ്.എസ്.എ.3/163/2022-ഹോം | 20.10.2022 |
| 36 | 1008/2022 | ജി.ഒ.(ആർ.ടി.)നം. 2880/2022/ഹോം | 20.10.2022 |
| 37 | 1023/2022 | ജി.ഒ.(പി)നം.74/2022/ഹോം | 21.10.2022 |
| 38 | 1033/2022 | ജി.ഒ.(ആർ.ടി.)നം.2884/2022/ഹോം | 20.10.2022 |
| 39 | 1039/2022 | ജി.ഒ.(പി)നം.78/2022/ഹോം | 28.10.2022 |
| 40 | 1051/2022 | ജി.ഒ.(ആർ.ടി.)നം.3043/2022/ഹോം | 01.11.2022 |

| | | | |
|---|---|---|---|
| 41 | 1057/2022 | ജി.ഒ.(പി)നം.80/2022/ഹോം | 03.11.2022 |
| 42 | 1059/2022 | ആഭ്യന്തരം-എസ്.എസ്.എ.2/67/2021-ആഭ്യന്തരം | 04.11.2022 |
| 43 | 1060/2022 | ജി.ഒ.(ആർ.ടി.)നം.3070/2022/ഹോം | 03.11.2022 |
| 44 | 1066/2022 | ജി.ഒ.(പി)നം.79/2022/ഹോം | 02.11.2022 |
| 45 | 1078/2022 | ജി.ഒ.(പി)നം. 82/2022/ഹോം | 09.11.2022 |
| 46 | 1079/2022 | ജി.ഒ.(പി)നം.83/2022/ഹോം | 09.11.2022 |
| 47 | 1082/2022 | ജി.ഒ.(എം.എസ്.)നം.216/2022/ഹോം | 09.11.2022 |
| 48 | 1084/2022 | ജി.ഒ.(എം.എസ്.)നം. 215/2022/ഹോം | 09.11.2022 |
| 49 | 1085/2022 | ജി.ഒ.(എം.എസ്.)222/2022/ഹോം | 10.11.2022 |
| 50 | 1087/2022 | ജി.ഒ.(എം.എസ്.)നം.225/2022/ഹോം | 10.11.2022 |
| 51 | 1088/2022 | ജി.ഒ.(ആർ.ടി.)നം.3165/2022/ഹോം | 11.11.2022 |
| 52 | 1089/2022 | ജി.ഒ.(എം.എസ്.)നം.224/2022/ഹോം | 10.11.2022 |
| 53 | 1090/2022 | ജി.ഒ.(ആർ.ടി)നം.3166/2022/ഹോം | 11.11.2022 |
| 54 | 1091/2022 | ജി.ഒ.(എം.എസ്.)നം.219/2022/ഹോം | 10.11.2022 |
| 55 | 1092/2022 | ജി.ഒ.(എം.എസ്.)നം.220/2022/ഹോം | 10.11.2022 |
| 56 | 1093/2022 | ജി.ഒ.(ആർ.ടി.)നം. 3174/2022/ഹോം | 12.11.2022 |
| 57 | 1094/2022 | ജി.ഒ.(ആർ.ടി.)നം.3161/2022/ഹോം | 10.11.2022 |
| 58 | 1095/2022 | ജി.ഒ.(എം.എസ്.)നം.217/2022/ഹോം | 09.11.2022 |
| 59 | 1098/2022 | ജി.ഒ.(എം.എസ്.)നം.228/2022/ഹോം | 15.11.2022 |
| 60 | 1099/2022 | ജി.ഒ.(എം.എസ്.)നം.229/2022/ഹോം | 15.11.2022 |
| 61 | 1101/2022 | ജി.ഒ.(ആർ.ടി.)നം.3217/2022/ഹോം | 16.11.2022 |
| 62 | 1103/2022 | ജി.ഒ.(ആർ.ടി.)നം.3218/2022/ഹോം | 16.11.2022 |
| 63 | 1104/2022 | ജി.ഒ.(ആർ.ടി)നം.3228/2022/ഹോം | 16.11.2022 |
| 64 | 1105/2022 | ജി.ഒ.(ആർ.ടി.)നം.3206/2022/ഹോം | 15.11.2022 |
| 65 | 1106/2022 | ജി.ഒ.(ആർ.ടി.)നം.3225/2022/ഹോം | 16.11.2022 |
| 66 | 1118/2022 | ജി.ഒ.(പി) നം.86/2022/ഹോം | 21.11.2022 |
| 67 | 1121/2022 | ജി.ഒ.(എം.എസ്.)നം.198/2022/ഹോം | 13.10.2022 |
| 68 | 1124/2022 | ജി.ഒ.(ആർ.ടി.)നം.3303/2022/ഹോം | 23.11.2022 |
| 69 | 1128/2022 | ജി.ഒ.(എം.എസ്.)നം.239/2022/ഹോം | 24.11.2022 |
| 70 | 1146/2022 | ജി.ഒ.(എം.എസ്.)നം.252/2022/ഹോം | 29.11.2022 |
| 71 | 1147/2022 | ജി.ഒ.(എം.എസ്.)നം.251/2022/ഹോം | 29.11.2022 |
| 72 | 1149/2022 | ജി.ഒ.(എം.എസ്.)നം.249/2022/ഹോം | 29.11.2022 |
| 73 | 1150/2022 | ജി.ഒ.(എം.എസ്.)നം.253/2022/ഹോം | 30.11.2022 |

## 13-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 247/2021 | ജി.ഒ.(ആർ.ടി.) നം.581/2021/ഹോം | 22.02.2021 |
| 2 | 1130/2022 | ജി.ഒ.(എം.എസ്.) നം.238/2022/ഹോം | 24.11.2022 |
| 3 | 1135/2022 | ജി.ഒ.(ആർ.ടി.) നം.3319/2022/ഹോം | 24.11.2022 |
| 4 | 1136/2022 | ജി.ഒ.(ആർ.ടി.) നം. 3330/2022/ഹോം | 25.11.2022 |
| 5 | 1143/2022 | ജി.ഒ.(എം.എസ്.) നം.246/2022/ഹോം | 28.11.2022 |
| 6 | 1148/2022 | ജി.ഒ.(എം.എസ്.) നം.250/2022/ഹോം | 29.11.2022 |
| 7 | 1151/2022 | ജി.ഒ.(എം.എസ്.) നം.248/2022/ഹോം | 29.11.2022 |
| 8 | 1156/2022 | ജി.ഒ.(ആർ.ടി.) നം.3397/2022/ഹോം | 01.12.2022 |
| 9 | 1162/2022 | ജി.ഒ.(എം.എസ്.)നം.255/2022/ഹോം | 02.12.2022 |
| 10 | 1170/2022 | ജി.ഒ.(ആർ.ടി.) നം.3325/2022/ഹോം | 24.11.2022 |

### ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | നോർക്ക റൂട്ട്സ് | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |

II. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

## 06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 952/2022 | ജി.ഒ.(പി) നം. 3/2022/പി.എ.ഡി. | 01.10.2022 |
| 2. | 956/2022 | ജി.ഒ.(പി)നം. 4/2022/പി.എ.ഡി. | 01.10.2022 |
| 3. | 1020/2022 | ജി.ഒ.(എം.എസ്)നം.2/2022/പി.എ.ഡി. | 14.10.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1. | കേരള സംസ്ഥാന പട്ടിക ജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2019-20 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1184/2022 | സ.ഉ.(അച്ചടി)നം.292/2022/ആർ.ഡി. | 02.12.2022 | അല്ല |
| 2. | 1187/2022 | ജി.ഒ.(എം.എസ്.)നം.15/2022/എച്ച്.എസ്.ജി. | 03.12.2022 | അല്ല |
| 3. | 1190/2022 | ജി.ഒ.(എം.എസ്.)നം.16/2022/എച്ച്.എസ്.ജി. | 07.12.2022 | അല്ല |
| 4. | 70/2023 | ജി.ഒ.(പി)നം.6/2023/ആർ.ഡി. | 11.01.2023 | അല്ല |

## 06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |

| | | | |
|---|---|---|---|
| 1. | 794/2022 | ജി.ഒ.(പി)നം.214/2022/ആർ.ഡി. | 10.08.2022 |
| 2. | 866/2022 | ജി.ഒ.(പി)നം.229/2022/ആർ.ഡി. | 03.09.2022 |
| 3. | 881/2022 | സ.ഉ.(എം.എസ്.)നം. 215/2022/റവന്യൂ | 09.09.2022 |
| 4. | 919/2022 | ജി.ഒ.(എം.എസ്.)നം. 13/2022/എച്ച്.എസ്.ജി. | 26.09.2022 |

IV. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1145/2022 | ജി.ഒ.(പി)നം.3/2022/പവർ | 14.11.2022 | അല്ല |

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 872/2021 | ജി.ഒ.(എം.എസ്)നം.4/2021/പവർ | 17.02.2021 |
| 2. | 1134/2022 | ജി.ഒ.(എം.എസ്)നം.12/2022/പവർ | 24.11.2022 |
| 3. | 1137/2022 | ജി.ഒ.(എം.എസ്)നം.13/2022/പവർ | 26.11.2022 |

V. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 730/2022 | ജി.ഒ.(പി)നം.22/2022/എഫ്&ഡബ്ല്യു.എൽ.ഡി. | 08.07.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക/ ആഡിറ്റ് റിപ്പോർട്ട് | അതെ |

VI. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1191/2022 | ജി.ഒ.(പി)നം.153/2022/ടാക്സസ് | 08.12.2022 | അല്ല |
| 2. | 1192/2022 | ജി.ഒ.(പി)നം.154/2022/ടാക്സസ് | 08.12.2022 | അല്ല |
| 3. | 1259/2022 | ജി.ഒ.(പി) നം.156/2022/ടാക്സസ് | 31.12.2022 | അല്ല |
| 4. | 1260/2022 | ജി.ഒ.(പി)നം.157/2022/ടാക്സസ് | 31.12.2022 | അല്ല |
| 5. | 1261/2022 | ജി.ഒ.(പി)നം.158/2022/ടാക്സസ് | 31.12.2022 | അല്ല |
| 6. | 1262/2022 | ജി.ഒ.(പി)നം.159/2022/ടാക്സസ് | 31.12.2022 | അല്ല |
| 7. | 37/2023 | ജി.ഒ.(പി)നം. 4/2023/ടാക്സസ് | 09.01.2023 | അല്ല |
| 8. | 17/2023 | സ.ഉ.(അച്ചടി)നം.3/2023/ടാക്സസ് | 07.01.2023 | അല്ല |
| 9. | 91/2023 | ജി.ഒ.(പി)നം.9/2023/ടാക്സസ് | 17.01.2023 | അല്ല |

## 06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 779/2022 | ജി.ഒ.(പി)നം.103/2022/ടാക്സസ് | 06.08.2022 |
| 2. | 818/2022 | ജി.ഒ.(പി)നം.106/2022/ടാക്സസ് | 18.08.2022 |

| | | | |
|---|---|---|---|
| 3. | 837/2022 | ജി.ഒ.(പി)നം.108/2022/ടാക്സസ് | 25.08.2022 |
| 4. | 841/2022 | ജി.ഒ.(പി)നം.107/2022/ടാക്സസ് | 25.08.2022 |
| 5. | 861/2022 | ജി.ഒ.(പി)നം.110/2022/ടാക്സസ് | 03.09.2022 |
| 6. | 868/2022 | ജി.ഒ.(പി)നം.113/2022/ടാക്സസ് | 13.09.2022 |
| 7. | 869/2022 | ജി.ഒ.(പി)നം.114/2022/ടാക്സസ് | 13.09.2022 |
| 8. | 870/2022 | ജി.ഒ.(പി)നം.115/2022/ടാക്സസ് | 13.09.2022 |
| 9. | 871/2022 | ജി.ഒ.(പി)നം.116/2022/ടാക്സസ് | 13.09.2022 |
| 10. | 892/2022 | സ.ഉ.(അ)നമ്പർ108/2022/ധനം | 16.09.2022 |
| 11. | 910/2022 | ജി.ഒ.(പി)നം.119/2022/ടാക്സസ് | 24.09.2022 |
| 12. | 911/2022 | ജി.ഒ.(പി)നം.120/2022/ടാക്സസ് | 24.09.2022 |
| 13. | 934/2022 | ജി.ഒ.(പി)നം.123/2022/ടാക്സസ് | 29.09.2022 |
| 14. | 940/2022 | ജി.ഒ.(പി)നം.124/2022/ടാക്സസ് | 30.09.2022 |
| 15. | 941/2022 | ജി.ഒ.(പി)നം.125/2022/ടാക്സസ് | 30.09.2022 |
| 16. | 942/2022 | ജി.ഒ.(പി)നം.126/2022/ടാക്സസ് | 30.09.2022 |
| 17. | 957/2022 | ജി.ഒ.(പി)നം.129/2022/ടാക്സസ് | 07.10.2022 |
| 18. | 958/2022 | ജി.ഒ.(പി)നം.130/2022/ടാക്സസ് | 07.10.2022 |
| 19. | 969/2022 | ജി.ഒ.(പി)നം.123/2022/ഫിൻ | 07.10.2022 |
| 20. | 1000/2022 | ജി.ഒ.(പി)നം.134/2022/ടാക്സസ് | 18.10.2022 |
| 21. | 1032/2022 | ജി.ഒ.(പി)നം.139/2022/ടാക്സസ് | 27.10.2022 |
| 22. | 1034/2022 | ജി.ഒ.(പി)നം.140/2022/ടാക്സസ് | 27.10.2022 |
| 23. | 1037/2022 | ജി.ഒ.(പി)നം.137/2022/ടാക്സസ് | 27.10.2022 |
| 24. | 1038/2022 | ജി.ഒ.(പി)നം.138/2022/ടാക്സസ് | 27.10.2022 |
| 25. | 1054/2022 | ജി.ഒ.(പി)നം.142/2022/ടാക്സസ് | 03.11.2022 |
| 26. | 1068/2022 | ജി.ഒ.(പി)നം.143/2022/ടാക്സസ് | 04.11.2022 |
| 27. | 1069/2022 | ജി.ഒ.(പി)നം.144/2022/ടാക്സസ് | 04.11.2022 |
| 28. | 1123/2022 | ജി.ഒ.(പി) നം.149/2022/ടാക്സസ് | 23.11.2022 |

## 13-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 1155/2022 | ജി.ഒ.(പി) നം.152/2022/ടാക്സസ് | 01.12.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |

| | | | | |
|---|---|---|---|---|
| 1 | സംസ്ഥാന ആഡിറ്റ് വകുപ്പ് | 2021-22 | സമാഹൃത ആഡിറ്റ് റിപ്പോർട്ട് | അല്ല |

VII. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1235/2022 | സ.ഉ.(അച്ചടി)നം.26/2022/വ്യവ. | 16.12.2022 | അല്ല |
| 2. | 69/2023 | ജി.ഒ.(പി)നം.27/2022/ഐ.ഡി. | 29.12.2022 | അല്ല |

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 793/2022 | ജി.ഒ.(പി)നം.14/2022/ഐ.ഡി. | 10.08.2022 |
| 2. | 967/2022 | ജി.ഒ.(പി)നം.18/2022/ഐ.ഡി. | 29.09.2022 |
| 3. | 1011/2022 | ജി.ഒ.(പി)നം.19/2022/ഐ.ഡി. | 21.10.2022 |
| 4. | 1067/2022 | സ.ഉ.(പി)നം.20/2022/വ്യവ. | 31.10.2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി | 2018-19 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 6 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി | 2021-22 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |

VIII. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1030/2022 | ജി.ഒ.(പി)നം.74/2022/എൽ.എസ്.ജി.ഡി. | 27.10.2022 | അല്ല |
| 2. | 1031/2022 | ജി.ഒ.(പി)നം.75/2022/എൽ.എസ്.ജി.ഡി. | 27.10.2022 | അല്ല |
| 3. | 1157/2022 | സ.ഉ.(അച്ചടി)നം.77/2022/ത.സ്വ.ഭ.വ. | 21.11.2022 | അല്ല |
| 4. | 59/2023 | ജി.ഒ.(പി)നം.2/2023/റ്റി.ഡി. | 06.01.2023 | അല്ല |

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 639/2020 | ജി.ഒ.(പി)നം.57/2020/എൽ.എസ്.ജി.ഡി. | 24.09.2020 |
| 2. | 843/2022 | സ.ഉ.(അച്ചടി)നം. 67/2022/ത.സ്വ.ഭ.വ | 24.08.2022 |
| 3. | 918/2022 | ജി.ഒ.(പി)നം.70/2022/എൽ.എസ്.ജി.ഡി. | 24.09.2022 |
| 4. | 989/2022 | ജി.ഒ.(പി)നം.128/2022/ടാക്സസ് | 07.10.2022 |
| 5. | 990/2022 | ജി.ഒ.(പി)നം.132/2022/ടാക്സസ് | 12.10.2022 |
| 6. | 1053/2022 | ജി.ഒ.(പി)നം.136/2022/ടാക്സസ് | 25.10.2022 |

IX. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1172/2022 | ജി.ഒ. (പി)നം.296/2022/ആർ.ഡി | 03.12.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2015-16<br>2016-17<br>2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

X. തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 999/2022 | സ.ഉ .(അച്ചടി )നമ്പർ 29/2022/മ.ഉ.വ | 06.10.2022 |
| 2 | 1026/2022 | ജി.ഒ.(പി) നം.5/2022/സിഎൽഎഡി. | 26.10.2022 |

XI. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നം. | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1119/2022 | ജി.ഒ.(പി)നം. 211/2022/കോ-ഓപ്പ് | 22.11.2022 | അല്ല |
| 2 | 1168/2022 | ജി.ഒ.(എം.എസ്.)നം.40/2022/കോ-ഓപ്പ് | 01.12.2022 | അല്ല |
| 3 | 1171/2022 | ജി.ഒ.(പി)നം. 219/2022/കോ-ഓപ്പ് | 28.11.2022 | അല്ല |
| 4 | 1215/2022 | ജി.ഒ.(പി)നം.227/2022/കോ-ഓപ്പ് | 12.12.2022 | അല്ല |
| 5 | 1221/2022 | ജി.ഒ.(പി)നം.228/2022/കോ-ഓപ്പ് | 15.12.2022 | അല്ല |
| 6 | 1222/2022 | ജി.ഒ.(പി)നം.229/2022/കോ-ഓപ്പ് | 16.12.2022 | അല്ല |
| 7 | 1231/2022 | ജി.ഒ.(പി)നം.236/2022/കോ-ഓപ്പ് | 24.12.2022 | അല്ല |
| 8 | 1232/2022 | ജി.ഒ.(പി)നം.234/2022/കോ-ഓപ്പ് | 24.12.2022 | അല്ല |
| 9 | 1233/2022 | ജി.ഒ.(പി)നം.233/2022/കോ-ഓപ്പ് | 24.12.2022 | അല്ല |
| 10 | 1234/2022 | ജി.ഒ.(പി) നം.235/2022/കോ-ഓപ്പ് | 24.12.2022 | അല്ല |
| 11 | 1237/2022 | ജി.ഒ.(പി)നം.232/2022/കോ-ഓപ്പ് | 24.12.2022 | അല്ല |
| 12 | 1258/2022 | ജി.ഒ.(പി)നം.241/2022/കോ-ഓപ്പ് | 31.12.2022 | അല്ല |
| 13 | 2/2023 | ജി.ഒ.(പി)നം.237/2022/കോ-ഓപ്പ് | 29.12.2022 | അല്ല |
| 14 | 3/2023 | ജി.ഒ.(പി).നം.240/2022/കോ-ഓപ്പ് | 29.12.2022 | അല്ല |
| 15 | 4/2023 | ജി.ഒ.(പി)നം.238/2022/കോ-ഓപ്പ് | 29.12.2022 | അല്ല |
| 16 | 5/2023 | ജി.ഒ.(പി)നം.1/2023/കോ-ഓപ്പ് | 05.01.2023 | അല്ല |
| 17 | 38/2023 | ജി.ഒ.(പി)നം.2/2023/കോ-ഓപ്പ് | 10.01.2023 | അല്ല |
| 18 | 50/2023 | ജി.ഒ.(പി)നം.4/2023/കോ-ഓപ്പ് | 10.01.2023 | അല്ല |

| | | | | |
|---|---|---|---|---|
| 19 | 51/2023 | ജി.ഒ.(പി)നം.6/2023/കോ-ഓപ്പ് | 11.01.2023 | അല്ല |
| 20 | 57/2023 | ജി.ഒ.(പി)നം.7/2023/കോ-ഓപ്പ് | 11.01.2023 | അല്ല |
| 21 | 58/2023 | ജി.ഒ.(പി)നം.8/2023/കോ-ഓപ്പ് | 11.01.2023 | അല്ല |
| 22 | 89/2023 | ജി.ഒ.(പി)നം.7/2023/ടാക്സസ് | 17.01.2023 | അല്ല |
| 23 | 90/2023 | ജി.ഒ.(പി)നം.8/2023/ടാക്സസ് | 17.01.2023 | അല്ല |
| 24 | 120/2023 | ജി.ഒ.(പി)നം.12/2023/കോ-ഓപ്പ് | 20.01.2023 | അല്ല |
| 25 | 121/2023 | ജി.ഒ.(പി)നം.11/2023/കോ-ഓപ്പ് | 20.01.2023 | അല്ല |
| 26 | 128/2023 | ജി.ഒ.(പി)നം.19/2023/കോ-ഓപ്പ് | 24.01.2023 | അല്ല |
| 27 | 130/2023 | ജി.ഒ.(പി)നം.21/2023/കോ-ഓപ്പ് | 24.01.2023 | അല്ല |

## 06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് . ആർ. ഒ. നം. | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 146/2022 | ജി.ഒ.(പി)നം.141/2021/കോ-ഓപ്പ് | 21.09.2021 |
| 2 | 563/2022 | ജി.ഒ.(പി)നം.65/2022/കോ-ഓപ്പ് | 05.05.2022 |
| 3 | 826/2022 | ജി.ഒ.(പി)നം.147/2022/കോ-ഓപ്പ് | 20.08.2022 |
| 4 | 839/2022 | ജി.ഒ.(പി)നം.148/2022/കോ-ഓപ്പ് | 24.08.2022 |
| 5 | 850/2022 | ജി.ഒ.(പി)നം.149/2022/കോ-ഓപ്പ് | 25.08.2022 |
| 6 | 853/2022 | ജി.ഒ.(പി)നം.109/2022/നി.വ. | 31.08.2022 |
| 7 | 854/2022 | ജി.ഒ.(പി)നം.155/2022/കോ-ഓപ്പ് | 30.08.2022 |
| 8 | 862/2022 | ജി.ഒ.(പി)നം.111/2022/ടാക്സസ് | 03.09.2022 |
| 9 | 863/2022 | ജി.ഒ.(പി)നം.112/2022/ടാക്സസ് | 03.09.2022 |
| 10 | 867/2022 | ജി.ഒ.(പി)നം.151/2022/കോ-ഓപ്പ് | 27.08.2022 |
| 11 | 877/2022 | ജി.ഒ.(പി)നം.153/2022/കോ-ഓപ്പ് | 27.08.2022 |
| 12 | 878/2022 | ജി.ഒ.(പി)നം.143/2022/കോ-ഓപ്പ് | 12.08.2022 |
| 13 | 879/2022 | ജി.ഒ.(പി)നം.152/2022/കോ-ഓപ്പ് | 27.08.2022 |
| 14 | 882/2022 | ജി.ഒ.(പി)നം.157/2022/കോ-ഓപ്പ് | 14.09.2022 |
| 15 | 884/2022 | ജി.ഒ.(പി)നം.124/2022/കോ-ഓപ്പ് | 08.07.2022 |
| 16 | 885/2022 | ജി.ഒ.(പി)നം.129/2022/കോ-ഓപ്പ് | 15.07.2022 |
| 17 | 886/2022 | ജി.ഒ.(പി)നം.126/2022/കോ-ഓപ്പ് | 11.07.2022 |
| 18 | 888/2022 | ജി.ഒ.(പി)നം.158/2022/കോ-ഓപ്പ് | 15.09.2022 |
| 19 | 889/2022 | ജി.ഒ.(പി)നം. 117/2022/ടാക്സസ് | 17.09.2022 |

| | | | |
|---|---|---|---|
| 20 | 890/2022 | ജി.ഒ.(പി)നം. 118/2022/ടാക്സസ് | 17.09.2022 |
| 21 | 895/2022 | ജി.ഒ.(പി)നം.150/2022/കോ-ഓപ്പ് | 26.08.2022 |
| 22 | 899/2022 | ജി.ഒ.(പി)നം.160/2022/കോ-ഓപ്പ് | 19.09.2022 |
| 23 | 901/2022 | ജി.ഒ.(പി)നം.146/2022/കോ-ഓപ്പ് | 19.08.2022 |
| 24 | 909/2022 | ജി.ഒ.(പി)നം.159/2022/കോ-ഓപ്പ് | 16.09.2022 |
| 25 | 914/2022 | ജി.ഒ.(പി)നം. 121/2022/ടാക്സസ് | 25.09.2022 |
| 26 | 915/2022 | ജി.ഒ.(പി)നം. 122/2022/ടാക്സസ് | 25.09.2022 |
| 27 | 925/2022 | ജി.ഒ.(പി)നം.181/2022/കോ-ഓപ്പ് | 29.09.2022 |
| 28 | 928/2022 | ജി.ഒ.(പി)നം.161/2022/കോ-ഓപ്പ് | 20.09.2022 |
| 29 | 929/2022 | ജി.ഒ.(പി)നം.168/2022/കോ-ഓപ്പ് | 22.09.2022 |
| 30 | 930/2022 | ജി.ഒ.(പി)നം.164/2022/കോ-ഓപ്പ് | 22.09.2022 |
| 31 | 931/2022 | ജി.ഒ.(പി)നം.171/2022/കോ-ഓപ്പ് | 22.09.2022 |
| 32 | 932/2022 | ജി.ഒ.(പി)നം.170/2022/കോ-ഓപ്പ് | 22.09.2022 |
| 33 | 933/2022 | ജി.ഒ.(പി)നം.169/2022/കോ-ഓപ്പ് | 22.09.2022 |
| 34 | 935/2022 | ജി.ഒ.(പി)നം.165/2022/കോ-ഓപ്പ് | 22.09.2022 |
| 35 | 936/2022 | ജി.ഒ.(പി) നം.162/2022/കോ-ഓപ്പ് | 22.09.2022 |
| 36 | 938/2022 | ജി.ഒ.(പി)നം.163/2022/കോ-ഓപ്പ് | 22.09.2022 |
| 37 | 939/2022 | ജി.ഒ.(പി)നം.166/2022/കോ-ഓപ്പ് | 22.09.2022 |
| 38 | 943/2022 | ജി.ഒ.(പി)നം.173/2022/കോ-ഓപ്പ് | 22.09.2022 |
| 39 | 944/2022 | ജി.ഒ.(പി)നം.172/2022/കോ-ഓപ്പ് | 22.09.2022 |
| 40 | 954/2022 | ജി.ഒ.(പി)നം.156/2022/കോ-ഓപ്പ് | 11.09.2022 |
| 41 | 959/2022 | ജി.ഒ.(പി)നം.167/2022/കോ-ഓപ്പ് | 22.09.2022 |
| 42 | 960/2022 | ജി.ഒ.(പി)നം.175/2022/കോ-ഓപ്പ് | 23.09.2022 |
| 43 | 961/2022 | ജി.ഒ.(പി)നം.176/2022/കോ-ഓപ്പ് | 26.09.2022 |
| 44 | 962/2022 | ജി.ഒ.(പി)നം.178/2022/കോ-ഓപ്പ് | 26.09.2022 |
| 45 | 963/2022 | ജി.ഒ.(പി)നം.179/2022/കോ-ഓപ്പ് | 28.09.2022 |
| 46 | 964/2022 | ജി.ഒ.(പി)നം.180/2022/കോ-ഓപ്പ് | 28.09.2022 |
| 47 | 965/2022 | ജി.ഒ.(പി)നം.184/2022/കോ-ഓപ്പ് | 30.09.2022 |
| 48 | 966/2022 | ജി.ഒ.(പി)നം.183/2022/കോ-ഓപ്പ് | 30.09.2022 |
| 49 | 968/2022 | ജി.ഒ.(പി) നം.182/2022/കോ-ഓപ്പ് | 29.09.2022 |
| 50 | 974/2022 | ജി.ഒ.(പി)നം.188/2022/കോ-ഓപ്പ് | 10.10.2022 |
| 51 | 975/2022 | ജി.ഒ.(പി)നം.174/2022/കോ-ഓപ്പ് | 23.09.2022 |
| 52 | 978/2022 | ജി.ഒ.(പി)നം.177/2022/കോ-ഓപ്പ് | 26.09.2022 |
| 53 | 979/2022 | ജി.ഒ.(പി)നം.186/2022/കോ-ഓപ്പ് | 03.10.2022 |
| 54 | 980/2022 | ജി.ഒ.(പി)നം.187/2022/കോ-ഓപ്പ് | 10.10.2022 |
| 55 | 982/2022 | ജി.ഒ.(പി)നം.189/2022/കോ-ഓപ്പ് | 10.10.2022 |

| | | | |
|---|---|---|---|
| 56 | 993/2022 | ജി.ഒ.(പി)നം.191/2022/കോ-ഓപ്പ് | 12.10.2022 |
| 57 | 998/2022 | ജി.ഒ.(പി)നം.194/2022/കോ-ഓപ്പ് | 18.10.2022 |
| 58 | 1009/2022 | ജി.ഒ.(പി)നം.193/2022/കോ-ഓപ്പ് | 17.10.2022 |
| 59 | 1018/2022 | ജി.ഒ.(പി)നം.195/2022/കോ-ഓപ്പ് | 18.10.2022 |
| 60 | 1022/2022 | ജി.ഒ.(പി)നം.196/2022/കോ-ഓപ്പ് | 19.10.2022 |
| 61 | 1040/2022 | ജി.ഒ.(പി)നം.192/2022/കോ-ഓപ്പ് | 14.10.2022 |
| 62 | 1047/2022 | ജി.ഒ.(പി)നം. 141/2022/ടാക്സസ് | 31.10.2022 |
| 63 | 1048/2022 | ജി.ഒ.(പി)നം.198/2022/കോ-ഓപ്പ് | 31.10.2022 |
| 64 | 1056/2022 | ജി.ഒ.(പി)നം.200/2022/കോ-ഓപ്പ് | 04.11.2022 |
| 65 | 1058/2022 | ജി.ഒ.(പി)നം.201/2022/കോ-ഓപ്പ് | 04.11.2022 |
| 66 | 1061/2022 | ജി.ഒ.(പി)നം.203/2022/കോ-ഓപ്പ് | 04.11.2022 |
| 67 | 1064/2022 | ജി.ഒ.(പി)നം.204/2022/കോ-ഓപ്പ് | 04.11.2022 |
| 68 | 1065/2022 | ജി.ഒ.(പി)നം.202/2022/കോ-ഓപ്പ് | 04.11.2022 |
| 69 | 1073/2022 | ജി.ഒ.(പി)നം.205/2022/കോ-ഓപ്പ് | 07.11.2022 |
| 70 | 1081/2022 | ജി.ഒ.(പി)നം.206/2022/കോ-ഓപ്പ് | 09.11.2022 |
| 71 | 1107/2022 | ജി.ഒ.(പി)നം.197/2022/കോ-ഓപ്പ് | 19.10.2022 |
| 72 | 1110/2022 | ജി.ഒ.(പി)നം.207/2022/കോ-ഓപ്പ് | 18.11.2022 |
| 73 | 1113/2022 | ജി.ഒ.(പി)നം.208/2022/കോ-ഓപ്പ് | 18.11.2022 |
| 74 | 1114/2022 | ജി.ഒ.(പി)നം.209/2022/കോ-ഓപ്പ് | 19.11.2022 |
| 75 | 1115/2022 | ജി.ഒ.(പി) നം.147/2022/ടാക്സസ് | 19.11.2022 |
| 76 | 1116/2022 | ജി.ഒ.(പി) നം.148/2022/ടാക്സസ് | 19.11.2022 |
| 77 | 1120/2022 | ജി.ഒ.(പി)നം.212/2022/കോ-ഓപ്പ് | 22.11.2022 |
| 78 | 1122/2022 | ജി.ഒ.(പി)നം.210/2022/കോ-ഓപ്പ് | 22.11.2022 |
| 79 | 1126/2022 | ജി.ഒ.(പി) നം.213/2022/കോ-ഓപ്പ് | 23.11.2022 |
| 80 | 1132/2022 | ജി.ഒ.(പി) നം.217/2022/കോ-ഓപ്പ് | 25.11.2022 |
| 81 | 1140/2022 | ജി.ഒ.(പി) നം.151/2022/ടാക്സസ് | 27.11.2022 |
| 82 | 1141/2022 | ജി.ഒ.(പി)നം.216/2022/കോ-ഓപ്പ് | 25.11.2022 |
| 83 | 1153/2022 | ജി.ഒ.(പി)നം.221/2022/കോ-ഓപ്പ് | 30.11.2022 |

## 13-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 1131/2022 | ജി.ഒ.(പി)നം.214/2022/കോ-ഓപ്പ് | 23.11.2022 |
| 2 | 1158/2022 | ജി.ഒ.(പി)നം.223/2022/കോ-ഓപ്പ് | 30.11.2022 |

| | | | |
|---|---|---|---|
| 3 | 1160/2022 | ജി.ഒ.(പി)നം.222/2022/കോ-ഓപ്പ് | 30.11.2022 |
| 4 | 1161/2022 | ജി.ഒ.(പി)നം.224/2022/കോ-ഓപ്പ് | 30.11.2022 |
| 5 | 1163/2022 | ജി.ഒ.(പി)നം.215/2022/കോ-ഓപ്പ് | 25.11.2022 |
| 6 | 1164/2022 | ജി.ഒ.(പി)നം.220/2022/കോ-ഓപ്പ് | 29.11.2022 |
| 7 | 1165/2022 | ജി.ഒ.(പി)നം.225/2022/കോ-ഓപ്പ് | 02.12.2022 |

XII. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1204/2022 | ജി.ഒ.(പി)നം.34/2022/എഫ്&പി | 14.12.2022 | അല്ല |
| 2 | 1208/2022 | ജി.ഒ.(പി)നം. 37/2022/എഫ്&പി.ഡി. | 15.12.2022 | അല്ല |
| 3 | 1209/2022 | ജി.ഒ.(പി)നം. 40/2022/എഫ്&പി.ഡി. | 15.12.2022 | അല്ല |
| 4 | 1210/2022 | ജി.ഒ.(പി)നം.39/2022/എഫ്&പി.ഡി. | 15.12.2022 | അല്ല |
| 5 | 1211/2022 | ജി.ഒ.(പി)നം. 36/2022/എഫ്&പി.ഡി | 15.12.2022 | അല്ല |
| 6 | 1213/2022 | ജി.ഒ.(പി)നം. 38/2022/എഫ്&പി.ഡി. | 15.12.2022 | അല്ല |
| 7 | 1220/2022 | ജി.ഒ.(പി)നം.35/2022/എഫ്&പി | 14.12.2022 | അല്ല |
| 8 | 1227/2022 | ജി.ഒ.(പി)നം. 41/22/എഫ്&പി.ഡി. | 19.12.2022 | അല്ല |

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1010/2022 | ജി.ഒ.(പി)നം.30/2022/എഫ്&പി.ഡി. | 18.10.2022 | അല്ല |
| 2 | 1035/2022 | സ.ഉ .(അച്ചടി )നമ്പർ 31/2022/മ.തു.വ | 27.10.2022 | അല്ല |

| | | | | |
|---|---|---|---|---|
| 3 | 1049/2022 | ജി.ഒ.(പി)നം.32/2022/എഫ്&പി.ഡി. | 29.10.2022 | അല്ല |
| 4 | 1083/2022 | ജി.ഒ.(പി)നം.33/2022/എഫ്&പി.ഡി. | 09.11.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംഗീത നാടക അക്കാദമി | 2021-22 | വാർഷിക/ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | ഉണ്ണായി വാര്യർ സ്മാരക കലാനിലയം | 2021-22 | വാർഷിക റിപ്പോർട്ട് | അതെ |

XIII. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 819/2022 | ജി.ഒ.(പി)നം.6/2022/എസ്.ജെ.ഡി. | 12.08.2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക | 2018-19<br>2019-20 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര സർവ്വകലാശാല | 2020-21 | | |
| 2 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2019-20 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള സർവ്വകലാശാല | 2021 | വാർഷിക റിപ്പോർട്ട് | അതെ |

XIV. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 64/2020 | ജി.ഒ.(പി)നം.1/2020/എൽ.ബി.ആർ. | 04.01.2020 | അതെ |
| 2 | 1236/2022 | സ.ഉ.(അച്ചടി)നം.115/2022/തൊഴിൽ | 28.12.2022 | അല്ല |
| 3 | 1238/2022 | സ.ഉ.(അച്ചടി)നം.114/2022/തൊഴിൽ | 28.12.2022 | അല്ല |
| 4 | 1257/2022 | ജി.ഒ.(പി)നം.117/2022/എൽ.ബി.ആർ. | 28.12.2022 | അല്ല |
| 5 | 6/2023 | ജി.ഒ.(പി)നം.1/2023/എൽ.ബി.ആർ. | 04.01.2023 | അല്ല |
| 6 | 7/2023 | ജി.ഒ.(പി)നം.112/2022/എൽ.ബി.ആർ. | 20.12.2022 | അല്ല |
| 7 | 8/2023 | ജി.ഒ.(പി)നം.112/2022/എൽ.ബി.ആർ. | 20.12.2022 | അല്ല |
| 8 | 9/2023 | ജി.ഒ.(പി)നം.112/2022/എൽ.ബി.ആർ. | 20.12.2022 | അല്ല |
| 9 | 10/2023 | ജി.ഒ.(പി)നം.112/2022/എൽ.ബി.ആർ. | 20.12.2022 | അല്ല |
| 10 | 11/2023 | ജി.ഒ.(പി)നം.112/2022/എൽ.ബി.ആർ. | 20.12.2022 | അല്ല |
| 11 | 13/2023 | സ.ഉ.(അച്ചടി)നം.6/2023/തൊഴിൽ | 06.01.2023 | അല്ല |
| 12 | 16/2023 | ജി.ഒ.(പി)നം.5/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 13 | 21/2023 | ജി.ഒ.(പി)നം.7/2023/എൽ.ബി.ആർ. | 07.01.2023 | അല്ല |
| 14 | 22/2023 | ജി.ഒ.(പി) നം.116/2022/എൽ.ബി.ആർ. | 28.12.2022 | അല്ല |
| 15 | 23/2023 | ജി.ഒ.(പി) നം.116/2022/എൽ.ബി.ആർ. | 28.12.2022 | അല്ല |
| 16 | 24/2023 | ജി.ഒ.(പി) നം.116/2022/എൽ.ബി.ആർ. | 28.12.2022 | അല്ല |
| 17 | 25/2023 | ജി.ഒ.(പി) നം.116/2022/എൽ.ബി.ആർ. | 28.12.2022 | അല്ല |
| 18 | 26/2023 | ജി.ഒ.(പി) നം.116/2022/എൽ.ബി.ആർ. | 28.12.2022 | അല്ല |
| 19 | 27/2023 | ജി.ഒ.(പി) നം.116/2022/എൽ.ബി.ആർ. | 28.12.2022 | അല്ല |

| | | | | |
|---|---|---|---|---|
| 20 | 28/2023 | ജി.ഒ.(പി)നം.4/2023/എൽ.ബി.ആർ | 05.01.2023 | അല്ല |
| 21 | 29/2023 | ജി.ഒ.(പി)നം.4/2023/എൽ.ബി.ആർ | 05.01.2023 | അല്ല |
| 22 | 30/2023 | ജി.ഒ.(പി)നം.4/2023/എൽ.ബി.ആർ | 05.01.2023 | അല്ല |
| 23 | 31/2023 | ജി.ഒ.(പി)നം.4/2023/എൽ.ബി.ആർ | 05.01.2023 | അല്ല |
| 24 | 32/2023 | ജി.ഒ.(പി)നം.4/2023/എൽ.ബി.ആർ | 05.01.2023 | അല്ല |
| 25 | 33/2023 | ജി.ഒ.(പി)നം.4/2023/എൽ.ബി.ആർ | 05.01.2023 | അല്ല |
| 26 | 39/2023 | ജി.ഒ.(പി) നം.2/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 27 | 40/2023 | ജി.ഒ.(പി) നം.2/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 28 | 41/2023 | ജി.ഒ.(പി) നം.2/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 29 | 42/2023 | ജി.ഒ.(പി) നം.2/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 30 | 43/2023 | ജി.ഒ.(പി) നം.2/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 31 | 44/2023 | ജി.ഒ.(പി) നം.2/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 32 | 45/2023 | ജി.ഒ.(പി) നം.3/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 33 | 46/2023 | ജി.ഒ.(പി) നം.3/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 34 | 47/2023 | ജി.ഒ.(പി) നം.3/2023/എൽ.ബി.ആർ. | 05.01.2023 | അല്ല |
| 35 | 53/2023 | സ.ഉ (അച്ചടി) നം. 8/2023/തൊഴിൽ | 10.01.2023 | അല്ല |
| 36 | 108/2023 | സ.ഉ.(അച്ചടി)നം.14/2023/തൊഴിൽ | 18.01.2023 | അല്ല |

## 06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 806/2022 | ജി.ഒ.(എം.എസ്.)നം.34/2022/എൽ.ബി.ആർ. | 08.08.2022 |
| 2 | 807/2022 | ജി.ഒ.(പി)നം.82/2022/എൽ.ബി.ആർ | 10.08.2022 |
| 3 | 860/2022 | ജി.ഒ.(പി)നം.84/2022/എൽ.ബി.ആർ | 02.09.2022 |
| 4 | 874/2022 | ജി.ഒ.(പി)നം.87/2022/എൽ.ബി.ആർ | 12.09.2022 |
| 5 | 875/2022 | ജി.ഒ.(പി)നം.86/2022/എൽ.ബി.ആർ | 12.09.2022 |
| 6 | 920/2022 | ജി.ഒ.(പി) നം.88/2022/എൽ.ബി.ആർ. | 23.09.2022 |
| 7 | 921/2022 | ജി.ഒ.(പി)നം. 89/2022/എൽ.ബി.ആർ. | 23.09.2022 |
| 8 | 992/2022 | സ.ഉ.(അച്ചടി)നം.100/2022/തൊഴിൽ. | 10.10.2022 |
| 9 | 1024/2022 | ജി.ഒ.(പി)നം.102/2022/എൽ.ബി.ആർ | 21.10.2022 |
| 10 | 1025/2022 | ജി.ഒ.(പി)നം.103/2022/എൽ.ബി.ആർ. | 21.10.2022 |
| 11 | 1029/2022 | ജി.ഒ.(പി)നം.104/2022/എൽ.ബി.ആർ. | 25.10.2022 |
| 12 | 1036/2022 | ജി.ഒ.(പി)നം.105/2022/എൽ.ബി.ആർ. | 25.10.2022 |
| 13 | 1042/2022 | ജി.ഒ.(പി)നം.106/2022/എൽ.ബി.ആർ. | 26.10.2022 |
| 14 | 1100/2022 | ജി.ഒ.(പി) നം.107/2022/എൽ.ബി.ആർ. | 10.11.2022 |
| 15 | 1102/2022 | ജി.ഒ.(പി)നം.108/2022/എൽ.ബി.ആർ. | 15.11.2022 |
| 16 | 1129/2022 | ജി.ഒ.(പി)നം.110/2022/എൽ.ബി.ആർ. | 22.11.2022 |

13-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 1127/2022 | ജി.ഒ.(പി)നം.109/2022/എൽ.ബി.ആർ. | 18.11.2022 |
| 2 | 1152/2022 | ജി.ഒ.(പി)നം.111/2022/എൽ.ബി.ആർ | 29.11.2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2011-ലെ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി | 2011-12<br>2012-13<br>2013-14<br>2014-15<br>2015-16<br>2016-17<br>2017-18 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |

XV. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 994/2022 | സ.ഉ(അച്ചടി) നം.2/2022/എസ്&വൈഎ. | 10.10.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XVI. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 1062/2022 | ജി.ഒ.(പി)നം.12/2022/ഡി.ഡി. | 02.11.2022 |
| 2 | 1076/2022 | ജി.ഒ.(പി)നം.13/2022/ഡി.ഡി. | 04.11.2022 |

XVII. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1159/2022 | ജി.ഒ.(പി)നം.38/2022/ട്രാൻസ് | 01.12.2022 | അല്ല |

| | | | | |
|---|---|---|---|---|
| 2 | 1202/2022 | ജി.ഒ.(പി)നം.39/2022/ട്രാൻസ് | 14.12.2022 | അല്ല |
| 3 | 20/2023 | ജി.ഒ.(പി)നം.1/2023/ട്രാൻസ് | 05.01.2023 | അല്ല |

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 787/2020 | ജി.ഒ.(പി)നം.60/2020/ട്രാൻസ് | 16.11.2020 |
| 2 | -- | എസ്3/14027/17 | 16.07.2020 |
| 3 | 816/2022 | ജി.ഒ.(പി)നം.25/2022/ട്രാൻസ് | 17.08.2022 |
| 4 | 916/2022 | ജി.ഒ.(പി)നം.26/2022/ട്രാൻസ് | 25.09.2022 |
| 5 | 1063/2022 | ജി.ഒ.(പി) നം.31/2022/ട്രാൻസ് | 04.11.2022 |
| 6 | 1144/2022 | ജി.ഒ.(പി)നം.33/2022/ട്രാൻസ് | 27.11.2022 |

XVIII. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 299/2020 | ജി.ഒ. (പി)നം.07/2020/എച്ച്&എഫ്ഡബ്ല്യുഡി | 29.02.2020 | അതെ |
| 2 | 1203/2022 | ജി.ഒ.(പി)നം. 16/2022/ഡബ്ല്യു.സി.ഡി.ഡി | 15.12.2022 | അല്ല |
| 3 | 54/2023 | സ.ഉ.(അച്ചടി)നം.1/2023/വ.ശി.വി.വ. | 10.01.2023 | അല്ല |

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 775/2022 | ജി.ഒ.(പി)നം.38/2022/എച്ച് &എഫ്.ഡബ്ല്യു.ഡി. | 10.07.2022 |
| 2 | 776/2022 | ജി.ഒ.(പി)നം.38/2022/എച്ച് &എഫ്.ഡബ്ല്യു.ഡി. | 10.07.2022 |

| | | | |
|---|---|---|---|
| 3 | 777/2022 | സ.ഉ.(അച്ചടി) നം.44/2022/ആ.കു.വ. | 03.08.2022 |
| 4 | 830/2022 | ജി.ഒ.(പി)നം.12/2022/ഡബ്ല്യു.സി.ഡി.ഡി | 22.08.2022 |
| 5 | 971/2022 | ജി.ഒ.(പി)നം.48/2022/എച്ച് &എഫ്.ഡബ്ല്യു.ഡി. | 24.08.2022 |
| 6 | 1117/2022 | ജി.ഒ.(പി)നം.64/2022/എച്ച് &എഫ്.ഡബ്ല്യു.ഡി. | 18.11.2022 |

13-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 988/2022 | ജി.ഒ.(പി)നം.52/2022/എച്ച്&എഫ്.ഡബ്ല്യു.ഡി | 27.09.2022 |

XIX. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 846/2022 | ജി.ഒ.(പി)നം.8/2022/എഫ് &സി.എസ്.ഡി. | 23.08.2022 | അതെ |

06-12-2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 836/2022 | ജി.ഒ.(പി)നം.9/2022/എഫ്.സി.എസ്.ഡി. | 24.08.2022 |
| 2 | 856/2022 | ജി.ഒ.(പി)നം.10/2022/എഫ്.സി.എസ്.ഡി. | 27.08.2022 |

XX. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1. | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |
| 3 | കേരള സംസ്ഥാന വഖഫ് ബോർഡ് | 2021-22 | വാർഷിക റിപ്പോർട്ട് | അതെ |

XXI. നിയമസഭാ സെക്രട്ടറി (ശ്രീ. എ. എം. ബഷീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 20 | 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്റ്റ് |
| 2 | 2023 | 1 | 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 3 | 2023 | 2 | 2022-ലെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് (ഭേദഗതി) ആക്റ്റ് |
| 4 | 2023 | 3 | 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ആക്റ്റ് |
| 5 | 2023 | 4 | 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 6 | 2023 | 8 | 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് |

| | | | |
|---|---|---|---|
| 7 | 2023 | 9 | 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ആക്റ്റ് |
| 8 | 2023 | 10 | 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 9 | 2023 | 11 | 2022-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ആക്റ്റ് |

**12.11 pm]**

**XI. റിപ്പോർട്ടുകളുടെ സമർപ്പണം**

1. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**12.12 pm]**

## XII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എ. സി. മൊയ്തീൻ: സർ, "2023 ജനുവരി 23-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: നന്ദിപ്രമേയത്തിന് ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള ഇനി പറയുന്ന അംഗങ്ങൾക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

   "എന്നാൽ, സംസ്ഥാനത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുവാനുള്ള ഒരു പദ്ധതിയും പ്രഖ്യാപിക്കാത്തതും, വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന് വിപണനത്തെയും അതുമൂലമുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളെയും കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിലെ റബ്ബർ കൃഷിക്കാർ നേരിടുന്നതായി പറയപ്പെടുന്ന വിലതകർച്ചാ വിഷയവും റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാത്തതും നാളികേരത്തിന്റെ വിലയിടിവ് മൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളും, കാർഷിക മേഖലയിൽ നാണ്യവിളകൾക്ക് ഉണ്ടായിരിക്കുന്ന വിലയിടിവിനെക്കുറിച്ചും, കാർഷിക കടശ്വാസത്തെപ്പറ്റിയും, കർഷക ആത്മഹത്യ പരിഹരിക്കുന്നതിനും യാതൊരു നയവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

12. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഹോട്ടലുകളിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷണത്തിൽ നിന്നും അണുബാധയുണ്ടായി മരണങ്ങൾ സംഭവിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി കുറ്റവാളികളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഗുണനിലവാരമുള്ള ഭക്ഷണം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

13. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാമ്പത്തിക പ്രതിസന്ധി കാരണം ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിലും വികസന പദ്ധതി

പ്രവർത്തനങ്ങൾ തുടരുന്നതിനും ജീവനക്കാർക്കും പെൻഷൻകാർക്കും നൽകേണ്ട വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും കഴിയാതിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

27. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അയൽ സംസ്ഥാനത്തു നിന്നും കൊണ്ടുവന്ന പാലിലെ മായം കണ്ടെത്തുന്നതിൽ ക്ഷീരവികസന മന്ത്രിയും ആരോഗ്യമന്ത്രിയും പരസ്പര വിരുദ്ധമായി പ്രതികരിച്ചതായി പറയപ്പെടുന്ന സാഹചര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

36. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വനമേഖലയോട് ചേർന്നുള്ള ഒരു കിലോമീറ്റർ ബഫർ സോൺ ആയി നിശ്ചയിച്ചിരിക്കുന്നത് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധിയും ആശങ്കകളും പരിഹരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

37. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിലും സ്കൂൾ വിദ്യാർത്ഥികളിൽ ഉൾപ്പെടെ യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും സർക്കാരിനുണ്ടായതായി പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

38. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരും കുറ്റക്കാരെന്ന് കണ്ടെത്തിയവരും പോലീസ് സേനയിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പോലീസിലെ ക്രിമിനലുകളെയും ഗുണ്ടാ-മാഫിയാ ബന്ധങ്ങൾ ഉള്ളവരെയും കണ്ടെത്തി അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

39. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ ഘടനയ്ക്കും സാമ്പത്തിക സ്ഥിതിയ്ക്കും അനുയോജ്യമല്ലെന്ന് മനസിലാക്കി സംസ്ഥാനത്തെ ജനങ്ങൾ തള്ളിയതായി പറയപ്പെടുന്നത് കണക്കിലെടുത്ത് സിൽവർ ലൈൻ പദ്ധതി പുനഃപരിശോധിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

40. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നതിന് നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമെന്നും പങ്കാളിത്ത

പെൻഷൻ പിൻവലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

41. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വെള്ളക്കരം വർദ്ധിപ്പിച്ച് കൊണ്ട്, വിലക്കയറ്റം കാരണം പ്രതിസന്ധിയിലായതായി പറയപ്പെടുന്ന സാധാരണക്കാരുടെ മേൽ അധിക ഭാരം ചുമത്താതെ വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

42. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരോഗ്യ കേന്ദ്രങ്ങളിലും സർവ്വകലാശാലകളിലും ഉൾപ്പെടെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന കരാർ നിയമനങ്ങളും ബന്ധു നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും അവസാനിപ്പിച്ച് മുഴുവൻ ഒഴിവുകളും പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

43. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ജനവാസ മേഖലകളിലെ വന്യമൃഗങ്ങളുടെ സാന്നിധ്യം തടയുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും വന്യജീവി ആക്രമണത്തിൽനിന്നും സംരക്ഷണം ഉറപ്പ് നൽകുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന് പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

44. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഏറെ പരിതാപകരമാണെന്ന് ആർ.ബി.ഐ.-യുടെ പഠന റിപ്പോർട്ടിൽ മുന്നറിയിപ്പ് നൽകിയിട്ടും തിരുത്തൽ നടപടികൾ സ്വീകരിക്കാതെ അമിത ധൂർത്തും സാമ്പത്തിക ദുർവിനിയോഗവും, തെറ്റായ ധനകാര്യ മാനേജ്മെന്റും തുടർന്നുകൊണ്ട് സംസ്ഥാനത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലെത്തിച്ചു എന്ന് പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

49. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആഭിചാരക്രിയ, നരബലി ഉൾപ്പെടെയുള്ള അന്ധവിശ്വാസങ്ങൾ കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പൊതുസമൂഹത്തിൽ ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിന് ആവശ്യമായ ബോധവൽക്കരണവും നിയമനിർമ്മാണവും നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

50. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അട്ടപ്പാടിയിൽ ഗർഭിണിയായ ആദിവാസി സ്ത്രീയെ തുണി മഞ്ചലിൽ എടുത്ത് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ആദിവാസി മേഖലകളിൽ ഗതാഗത സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

56. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിലും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ കർമ്മപദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

86. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നെല്ല്, പച്ചത്തേങ്ങ, റബ്ബർ തുടങ്ങിയവയുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചുകൊണ്ട് കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

57. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ജി.എസ്.ടി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നികുതി വകുപ്പിനെ സമയബന്ധിതമായി പുനഃസംഘടിപ്പിക്കുന്നതിനും നികുതി പിരിവിന് ഫലപ്രദമായ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും പരാജപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായതായി പറയപ്പെടുന്ന നികുതി ചോർച്ച പരിഹരിക്കാനുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

72. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭരണകക്ഷി രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നതായി പറയപ്പെടുന്ന ചിലർ ലഹരി കടത്തിലുൾപ്പെട്ടതും ലഹരി മാഫിയക്ക് സഹായങ്ങൾ നൽകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർശന നടപടി സ്വീകരിച്ചുകൊണ്ട് ലഹരി കടത്തും ലഹരി മാഫിയ പ്രവർത്തനവും പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

58. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന സർക്കാരുകൾക്കുള്ള നികുതി വിഹിതത്തിൽ കുറവ് വരുത്തുകയും പ്രത്യേക സെസ്, സർചാർജ്ജ് എന്നിവ ഏർപ്പെടുത്തി അർഹതപ്പെട്ട നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സമീപനം സ്വീകരിക്കുന്ന

കേന്ദ്രസർക്കാർ നയത്തോടുള്ള ശക്തമായ വിയോജിപ്പ് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

82. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി ബോർഡിന്റെ സ്വകാര്യവൽക്കരണ നീക്കങ്ങൾ ഉപേക്ഷിക്കുന്നതിനും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

60. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അന്തർ സംസ്ഥാന സഹകരണ സംഘങ്ങളിലൂടെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര ഇടപെടൽ ഉണ്ടാകുന്നതിനെ ചെറുക്കുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യത തിരിച്ചുപിടിക്കുന്നതിനുമുള്ള ശക്തമായ നടപടികളെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

76. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം ഭക്ഷ്യ സുരക്ഷാ സൂചികയിൽ പിന്തള്ളപ്പെട്ടതും സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധ ആവർത്തിക്കപ്പെടുന്നതുമായി പറയപ്പെടുന്ന സാഹചര്യങ്ങൾ പരിഗണിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

61. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ കേരള ഹൗസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥവൃന്ദത്തിനും റിട്ടയർ ചെയ്ത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനും പുറമേ സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധിയായി ക്യാബിനറ്റ് റാങ്കോടെ ഒരു മുൻ എം.പി.-യെക്കൂടി നിയമിച്ചത് സംബന്ധിച്ച അടിയന്തര സാഹചര്യത്തെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

71. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വന്യജീവി ആക്രമണങ്ങളിൽ മനുഷ്യർ കൊല്ലപ്പെടുന്നതും കൃഷിനാശം സംഭവിക്കുന്നതും വ്യാപകമായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ, വന്യജീവി ആക്രമണത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

62. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനും ലഹരി മാഫിയയെയും ഗുണ്ടാ സംഘങ്ങളെയും അമർച്ച ചെയ്ത ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

75. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വർദ്ധിച്ച ഭരണ ചെലവ് മൂലം നഷ്ടത്തിലായതായി പറയപ്പെടുന്ന ക്ഷേമനിധി ബോർഡുകളുടെ സംയോജനം അടിയന്തരമായി പ്രാവർത്തികമാക്കുന്നതിനും ക്ഷേമനിധി ബോർഡുകളുടെ ഭരണ ചെലവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

64. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ എടുത്തിട്ടുള്ള കടബാധ്യതകൾ സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ ഭാഗമാണെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ വ്യക്തമാക്കിയതായി പറയപ്പെടുന്ന സാഹചര്യത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ബദൽ മാർഗ്ഗത്തെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

78. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് പ്രതിസന്ധിയുടെ കാലത്ത് ആരോഗ്യവകുപ്പിൽ നടത്തിയതായി പറയപ്പെടുന്ന അനധികൃത പർച്ചേസുകൾ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

67. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ദേശീയ ജൂനിയർ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ പോയ കായികതാരം ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവത്തിൽ കുടുംബത്തിന് നീതി ഉറപ്പാക്കുന്നത് സംബന്ധിച്ചും കായികതാരങ്ങളോടുള്ളതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ കായികരംഗത്ത് പുതിയ ഉണർവ് നൽകുന്നതിനെക്കുറിച്ചും പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

80. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഉന്നത വിദ്യാഭ്യാസരംഗം മൂല്യച്യുതി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

68. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഗുണ്ടകളുടെയും മയക്കുമരുന്ന് മാഫിയയുടെയും രാഷ്ട്രീയ അഭയകേന്ദ്രമായി മാറിയതായി പറയപ്പെടുന്ന ജയിലുകളുടെ സംശുദ്ധീകരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

69. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭൂനികുതി, വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, കെട്ടിട നികുതി തുടങ്ങിയ സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കുന്ന നികുതി ഇനങ്ങളിൽ വരുത്തിയതായി പറയപ്പെടുന്ന വർദ്ധനവ് പിൻവലിക്കുന്നതിനെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

74. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായും മുൻ മന്ത്രിമാർ ഉൾപ്പെടെയുള്ള ഭരണകക്ഷിയിലെ പ്രമുഖർ ലൈംഗിക താൽപര്യത്തോടെ സമീപിച്ചതായുമുള്ള നയതന്ത്ര ചാനൽ സ്വർണക്കടത്ത് കേസിലെ പ്രതി നടത്തിയതായി പറയപ്പെടുന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

87. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റീബിൽഡ് കേരള പദ്ധതി കാര്യക്ഷമമായ പുരോഗതി കൈവരിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ചും പദ്ധതിക്കായി നാളിതുവരെ വകയിരുത്തിയ തുകയിൽ വളരെ ചെറിയ തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത് എന്നതിനെ കുറിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

77. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ വിവിധ സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമവും ചികിത്സാ സംവിധാനങ്ങളുടെ അപര്യാപ്തതയും പരിഹരിക്കുന്നതിനു കാര്യക്ഷമമായ നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

88. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വിഴിഞ്ഞം പുനരധിവാസ പാക്കേജ് ഫലപ്രദമായി നടപ്പാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

83. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഫണ്ട് സമാഹരണത്തിലും പദ്ധതി നിർവ്വഹണത്തിലും കിഫ്ബി പരാജയപ്പെടുകയും കിഫ്ബിക്ക് വേണ്ടി ബജറ്റിനു പുറത്ത് നിന്നും എടുത്ത കടം സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ ഭാഗമാണെന്ന് കേന്ദ്രം വ്യക്തമാക്കുകയും ചെയ്തതായി പറയപ്പെടുന്ന സാഹചര്യത്തിൽ, കിഫ്ബി മുഖേന പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രായോഗികമായ ബദൽ മാർഗ്ഗത്തെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

89. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിദ്യാഭ്യാസത്തിനും തൊഴിലിനുമായി ധാരാളം യുവാക്കൾ വിദേശരാജ്യങ്ങളിലേക്ക് കുടിയേറുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്യുന്നത് മൂലം സംസ്ഥാനം സമീപഭാവിയിൽ നേരിടാവുന്ന വലിയ പ്രതിസന്ധി മുന്നിൽകണ്ട് ഈ കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ബദൽ മാർഗങ്ങളെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തെ പിന്തുണയ്ക്കുകയാണ്. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ആധുനിക വികസിത കേരളത്തിന്റെ നിർമ്മിതിക്കുള്ള ഗവൺമെന്റിന്റെ കാഴ്ചപ്പാട് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിലുണ്ട്. നവകേരള സൃഷ്ടിക്കായുള്ള നയങ്ങളാണ് നയപ്രഖ്യാപനത്തിൽ പ്രതിഫലിക്കുന്നത്. ഉൽപ്പാദനത്തിന്റെ പുതിയ തലങ്ങൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ എന്നിവ കേരളത്തെ രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനമാക്കി വളർത്തിയെടുക്കാനുള്ള പരിശ്രമങ്ങളുടെ തുടർച്ചയുംകൂടിയാണ്. സാമൂഹ്യനീതിക്കും സുരക്ഷയ്ക്കും ഊന്നൽ നൽകുന്ന വികസന നയമാണ് പിണറായി സർക്കാർ പിന്തുടർന്നുവരുന്നതെന്ന് എല്ലാവർക്കുമറിയാം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രകൃതിദുരന്തങ്ങളും

മഹാമാരിയും അതേൽപ്പിച്ച ആഘാതവും കേന്ദ്ര ഗവൺമെന്റിന്റെ സംസ്ഥാനങ്ങളോടുള്ള അവഗണനയെയും അതിന്റെ ഭാഗമായ സാമ്പത്തിക ഞെരുക്കങ്ങളെയും അതിജീവിച്ചുകൊണ്ടാണ് മുന്നോട്ടുപോകാനായതെന്ന വസ്തുത നാം ഓർക്കണം. ഇന്ത്യയിൽ നവലിബറൽ നയങ്ങളുടെ ഫലമായുണ്ടായിട്ടുള്ള സാമ്പത്തിക അസമത്വങ്ങളും അശാസ്ത്രീയവും ഏകപക്ഷീയവുമായ സാമ്പത്തിക പരിഷ്കാരങ്ങളും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും മനസ്സിലാക്കണം. ജി.എസ്.ടി. വിഹിതം കൃത്യസമയത്ത് നൽകാതെയും സംസ്ഥാനത്തിന്റെ ഇതര സാമ്പത്തിക സ്രോതസ്സുകൾ തടഞ്ഞുവച്ചും രാഷ്ട്രീയ വിവേചനപരമായ ഇടപെടലുകളും ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത നടപടികളും തുടരുകയാണ്. ഇത്തരം സാഹചര്യത്തിലും മാതൃകാപരമായ ബദൽ നയങ്ങളിലൂടെ സംസ്ഥാനത്തിന്റെ വികസനത്തിനുള്ള അതിശക്തമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. എം.എസ്.എം.ഇ. മേഖലയിൽ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് പദ്ധതിയായി കേരളത്തിന്റെ 'സംരംഭക വർഷം' പദ്ധതിക്ക് അംഗീകാരം ലഭിച്ചത് എല്ലാവരും ഓർക്കുന്നുണ്ടാകും. നീതി ആയോഗിന്റെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ നൂറിൽ എഴുപത്തിയഞ്ച്

പോയിന്റ് നേടി കേരളം ഒന്നാമതെത്തി. ദാരിദ്ര്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ദാരിദ്ര്യത്തെക്കുറിച്ചുള്ള കണക്കുകൾ നേരത്തെ വന്നിട്ടുള്ളതാണ്. 121 രാജ്യങ്ങളുടെ കണക്കെടുക്കുമ്പോൾ പട്ടിണിയുടെ കാര്യത്തിൽ 107-ാം സ്ഥാനത്താണ് ഇന്ത്യ എന്ന അപമാനകരമായ സ്ഥിതിയുള്ളപ്പോഴാണ് രാജ്യത്തിന് മാതൃകയായി പട്ടിണി പരിഹരിക്കാൻ കഴിയുന്ന ഏറ്റവും മികച്ച പ്രവർത്തനം കേരളത്തിൽ നടന്നത്. വിശപ്പുരഹിത സംസ്ഥാനങ്ങളുടെ പട്ടികയിലും ആരോഗ്യ-വിദ്യാഭ്യാസ-ലിംഗസമത്വത്തിന്റെ മേഖലയിലും കേരളം മുന്നിലാണ്. സത്ഭരണ സൂചികയിൽ ഒന്നാമതാണ് കേരളം. ശിശുമരണ നിരക്ക് കുറവുള്ള സംസ്ഥാനമാണ് കേരളം. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. ഓൺലൈൻ വിദ്യാഭ്യാസം ഗ്രാമങ്ങളിലുൾപ്പെടെ മാതൃകാപരമായി നടപ്പാക്കിയതിൽ കേരളം ഒന്നാമതാണ്. ആരോഗ്യ രംഗത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരവും കേരളത്തിന് ലഭിച്ചു; കോട്ടയം മെഡിക്കൽ കോളേജിനാണ് പ്രസ്തുത പുരസ്കാരം ലഭിച്ചത്. KASP-ന്റെ ആരോഗ്യ മിത്ര അവാർഡ് ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിന് ലഭിച്ചു. കോവിഡ് വാക്സിനേഷൻ

ഫലപ്രദമായി നിർവ്വഹിച്ചതിനുള്ള അവാർഡ് സംസ്ഥാനത്തിനാണ് ലഭിച്ചത്. ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾ എന്നിവയ്ക്ക് മൂന്ന് അവാർഡ് ലഭിച്ചു. നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും സി.എച്ച്.സി.-കളുടെയും കാര്യത്തിൽ ഇന്ത്യയിൽ ഒന്നാമതാണ് കേരളം. ടൂറിസത്തിനുള്ള നിരവധി അവാർഡുകൾ ഈ കാലഘട്ടത്തിലാണ് കേരളത്തിന് ലഭ്യമായത്. മികച്ച അർദ്ധസർക്കാർ സ്ഥാപനമായ മത്സ്യഫെഡിന് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ഗ്രാന്റും ബോർഡിന്റെ അംഗീകാരവും ലഭ്യമാകുകയുണ്ടായി. വയോജന പരിപാലനത്തിനുള്ള വയോശ്രേഷ്ഠ പുരസ്കാരവും കേരള ഗവൺമെന്റിനാണ് ലഭിച്ചത്. A Plus/Stable എന്ന ഉയർന്ന സ്ഥാനം തിരുവനന്തപുരം ടെക്നോപാർക്കിന് ലഭിക്കുകയുണ്ടായി. ഈ ഒന്നാം സ്ഥാനങ്ങളൊക്കെ സംസ്ഥാനത്തിന് ലഭിച്ചത് കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ്. പ്രതിസന്ധികൾക്കിടയിലും തളരാതെ ജനങ്ങളുടെ ജീവിതനിലവാരം ഗുണപരമായി മെച്ചപ്പെടുത്താൻ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നയങ്ങളുടെ ഭാഗമായാണ് എല്ലാ ഏജൻസികളുടെ അന്വേഷണത്തിലും കേരളം ഒന്നാമതെത്തുന്നത്. സാമ്പത്തിക പ്രയാസങ്ങളുൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. ക്ഷീരവികസന രംഗത്തും വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നൂതന കർഷകക്ഷേമ പദ്ധതികളും ഉൽപ്പാദകന് ന്യായമായി അവരുടെ ഉൽപ്പന്നം സംഭരിക്കാനുള്ള സംവിധാനവും ഉൽപ്പാദന വർദ്ധനവിനെ സഹായിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ കേരളത്തിലെ കാർഷിക മേഖലയിലെ മികച്ച പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. നാല് ലക്ഷത്തിലധികം കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന ഇന്ത്യൻ ചരിത്ര പശ്ചാത്തലത്തിലാണ് കേരളം കാർഷിക മേഖലയിൽ വളർച്ച കൈവരിച്ചത്. ഇതും ബദൽ നയത്തിന്റെ ഭാഗമായി നേടിയതാണ്. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളാണ് വ്യവസായ രംഗത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചത്. പക്ഷേ, ഒരു വർഷമാകുന്നതിനുമുമ്പ് 118580 സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കാനായി. അതിന്റെ ഭാഗമായി 256140 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സഹായകമായ മാതൃകാപ്രവർത്തനമാണ് എം.എസ്.എം.ഇ. മേഖലയിൽ നടന്നത്. ഇതിന്റെ ഭാഗമായി 7261 കോടി രൂപയുടെ നിക്ഷേപമുണ്ടായി. കേന്ദ്ര സർക്കാർ ഇന്ത്യയിലാകമാനം പല പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റഴിക്കുകയാണ്. യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത് റെയിൽവേ സ്റ്റേഷനുകളും പോർട്ടുകളുമുൾപ്പെടെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റഴിക്കുന്ന സ്ഥിതി തുടങ്ങിവച്ചു. ബി.ജെ.പി. സർക്കാർ അതൊരു നയമായി മുന്നോട്ടുകൊണ്ടുപോകുന്നു. എന്നാൽ കേരളത്തിലെ പൊതുമേഖലാ

സ്ഥാപനങ്ങളിൽ ഈ രീതിയല്ല തുടരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കണമെന്ന നിലപാടാണ് കേരള സർക്കാർ സ്വീകരിക്കുന്നത്. 6 വർഷത്തോളം പ്രവർത്തനരഹിതമായിരുന്ന കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി മാതൃകാപരമായി പ്രവർത്തനമാരംഭിച്ച് വികസനത്തിലേയ്ക്ക് കടക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ ഇക്കാര്യത്തിൽ സന്തോഷിക്കുന്നുണ്ടാകുമെന്ന് കരുതുന്നു. 50 കോടി രൂപവരെ ബഡ്ജറ്റുള്ള വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ 7 ദിവസത്തിനുള്ളിൽ അനുമതി നൽകാനും നിയമപരമായ തടസ്സങ്ങൾ ഒഴിവാക്കാനും ലൈസൻസ് ലഭ്യമാക്കാനുമുതകുന്ന തരത്തിലുള്ള നിയമങ്ങൾ രാജ്യത്ത് നിലവിൽവന്നു. സംരംഭങ്ങൾക്ക് സബ്സിഡിയും വായ്പയും അനുവദിക്കാനാവശ്യമായ സംവിധാനം രാജ്യത്തുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എം.ടെക്., എം.ബി.എ. യോഗ്യത നേടിയ ആയിരത്തിലധികം ഇന്റേൺസിനെ നിയമിക്കുന്നുണ്ട്. ഇത്തരത്തിലാണ് ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന 'സംരംഭക വർഷം' എന്ന പദ്ധതി കേരളത്തിൽ മാതൃകാപരമായി നടപ്പിലാക്കിയത്. ഇക്കാര്യം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും കേരളം ഒന്നാമതാണെന്നും ഇത് ഇന്ത്യയിൽ

മാതൃകയാക്കാവുന്ന പ്രവർത്തനമാണെന്ന് സൂചിപ്പിച്ചതും ഇതിന്റെ ഭാഗമായാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഷോർട്ട് ടേം, മിഡ് ടേം, ലോംഗ് ടേം അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ അടുത്ത ആറുവർഷംകൊണ്ട് 9000 കോടി രൂപയുടെ നിക്ഷേപം നടത്തുകയും അങ്ങനെ ഉല്പാദന വർദ്ധനവിനും തൊഴിലവസരത്തിനും ആവശ്യമായ സാഹചര്യം കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയുണ്ടാക്കുകയും ചെയ്യുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ ബദലാണിത്. ഇത് ദേശീയ നിലപാടിൽനിന്ന് തികച്ചും വ്യത്യസ്തമായി കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളോട് സർക്കാർ സ്വീകരിക്കുന്ന നയത്തിന്റെ ഭാഗമാണ്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധിയിലാണ്. കയർ, കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തുതീർക്കുന്ന കാര്യത്തിലുൾപ്പെടെ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സർക്കാർ വ്യക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോയിട്ടുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സർക്കാരിന്റെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ ഇന്ത്യ എന്നൊക്കെ സൂചിപ്പിക്കുമ്പോഴും ഡിജിറ്റൽ യുഗത്തിൽ കേരളമാണ് വളരെ

വേഗത്തിൽ മുന്നോട്ടുപോകുന്നത്. സർക്കാർ സർവ്വീസിലും എല്ലാ സേവനതുറകളിലും ഡിജിറ്റൽ സംവിധാനമൊരുക്കാൻ കഴിയുന്ന സാങ്കേതിക മികവ് കേരളത്തിനുണ്ടാകുകയാണ്. അതിന്റെ ഭാഗമായാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ ഓഫീസുകളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ലഭ്യമാക്കാവുന്നതരത്തിൽ പ്രസ്തുത പദ്ധതി സമീപത്ത് എത്തിക്കഴിഞ്ഞെന്നത് വസ്തുതയാണ്. ഐ.ടി. രംഗത്ത് കേരളം വലിയ വളർച്ചയിലാണെന്നത് നാം വിസ്മരിക്കരുത്. ലോകത്താകെയുണ്ടായ കോവിഡ് പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് ടൂറിസം രംഗത്ത് വലിയ മാറ്റങ്ങൾ വന്നുതുടങ്ങിയിരിക്കുന്നത് പുതിയ തൊഴിലവസരങ്ങളിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്നു. സ്റ്റാർട്ടപ്പുകളെ സംബന്ധിച്ച് സഭയിൽ ചോദ്യങ്ങളുയർന്നിരുന്നു. സ്റ്റാർട്ടപ്പുകളോടുള്ള കേരള സർക്കാരിന്റെ സമീപനത്തിന്റെ ഭാഗമായി ചെറുപ്പക്കാരുടെ തൊഴിൽ സങ്കൽപ്പങ്ങളിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കണമെന്ന് സർക്കാർ തീരുമാനിച്ചതാണ്. പ്രഖ്യാപിച്ച കാര്യങ്ങൾ ചെയ്യാനും നടപ്പിലാക്കാനുമുള്ള പരിശ്രമങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. കെ.എസ്.ഇ.ബി. ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ കാര്യക്ഷമതയുള്ള ഒരു സംവിധാനമാക്കി മാറ്റുന്നതുവഴി കേരളത്തിന്റെ ഉല്പാദന-വിതരണ രംഗത്ത് പുതിയ മാറ്റങ്ങൾ വരികയാണ്. ഈ

മാറ്റങ്ങൾ കേരളത്തിൽ സംഭവിക്കുമ്പോൾ, അപകടകരമായ സൂചനയായി കേന്ദ്ര സർക്കാരിന്റെ ഇലക്ട്രിസിറ്റി ഭേദഗതി ബില്ലും അതിന്റെ ആക്ടും നടപ്പിലാക്കാനുള്ള പരിശ്രമം രാജ്യത്തെ കൃഷിക്കാരേയും ചെറുകിട സംരംഭകരേയും വ്യവസായികളേയും ദോഷകരമായി ബാധിക്കാവുന്ന അന്തരീക്ഷം അഖിലേന്ത്യാതലത്തിലുണ്ടെന്നത് മനസ്സിലാക്കണം. സർക്കാർ നടത്തുന്ന ബദൽ പരീക്ഷണങ്ങളെ തകർക്കുന്ന നിലപാടുകൾക്കെതിരെ ഒരുമിച്ചുനിന്നുള്ള പോരാട്ടമുണ്ടാകണം. കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട നടപടികൾ കേന്ദ്ര സർക്കാർ ആരംഭിക്കാൻ പോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. കൃഷിക്കാർക്കുള്ള സബ്സിഡിയും പാവപ്പെട്ടവർക്ക് ക്രോസ് സബ്സിഡി നൽകാൻ കഴിയില്ലെന്നുമുള്ള നിയമ ഭേദഗതി കേരളത്തെ ബാധിക്കുമ്പോൾ അതിന്റെ ഉത്തരവാദി കേന്ദ്ര സർക്കാരാണെന്ന് പറയാനുള്ള ആർജ്ജവം കേരളത്തിലെ എല്ലാ എം.എൽ.എ.-മാരും കാണിക്കേണ്ടതുണ്ട്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തതിനാൽ കൂടുതൽ വിശദീകരണങ്ങളിലേയ്ക്ക് കടക്കുന്നില്ല. ദേശീയപാതാ വികസനത്തിന് സ്ഥലമെടുത്താൽ രാജ്യത്ത് അപകടം സംഭവിക്കുമെന്ന് പ്രചരണം നടത്തി ആരൊക്കെയോ തുടങ്ങിയ സമരത്തിനെ വലതുപക്ഷവും പിന്തുണച്ചു. കേരള സർക്കാരിനെതിരായ വികാരമാക്കി മാറ്റാൻ കഴിയുമെന്ന

സങ്കുചിത രാഷ്ട്രീയ താല്പര്യത്തിന്റെ ഭാഗമാണത്. പക്ഷേ, ജനങ്ങൾ അതിന്റെ കൂടെയല്ലെന്ന് യു.ഡി.എഫ്. മനസ്സിലാക്കിക്കാണും. ദേശീയപാതാ വികസനം 24 റീച്ചുകളായി തലപ്പാടി മുതൽ കേരളത്തിന്റെ തെക്കേയറ്റം വരെ നടക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടൽ നടത്തിയിട്ടില്ലെന്ന് ആർക്കെങ്കിലും ആരോപിക്കാൻ കഴിയുമോ? ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഭൂമിയേറ്റെടുക്കുന്ന അവസരത്തിൽ എന്റെ പ്രദേശത്തുൾപ്പെടെയുള്ളവർ പാവപ്പെട്ടവന്റെ ഭൂമി ഏറ്റെടുത്ത് അവനെ വഴിയാധാരമാക്കുകയാണെന്ന രീതിയിലുള്ള ആക്ഷേപം ഉന്നയിച്ചിരുന്നു. കേരളത്തിന്റെ ഭാവി വികസനത്തിന്റെ പശ്ചാത്തല സൗകര്യത്തിനാവശ്യമായ മാറ്റമുണ്ടാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ദേശീയപാതാ വികസത്തിനാവശ്യമായ സമീപനം സ്വീകരിച്ചത്. യു.ഡി.എഫ്.-ബി.ജെ.പി. സർക്കാരുകളുടെ കാലത്ത് കേന്ദ്ര സർക്കാർ നിഷേധാത്മക സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. കേരളത്തിൽ ദേശീയപാതാ വികസനത്തിന് സ്ഥലം ലഭിക്കാൻ വലിയ വില കൊടുക്കണമെന്നും അതുകൊണ്ട് അനുകൂലിക്കാൻ കഴിയില്ലെന്നുമായിരുന്നു നിലപാട്. എൻ.എച്ച്. 66-ന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിൽ 25% തുക അതായത് 5500 കോടിയിലധികം രൂപ കിഫ്ബിയിൽനിന്ന് നൽകിയാണ് വികസനപ്രവർത്തനം നടത്തിയതെന്ന് ഓർമ്മിപ്പിക്കാൻ ഈ സന്ദർഭം

ഉപയോഗിക്കുകയാണ്. യാഥാർത്ഥ്യമാകില്ലെന്ന് വിധിയെഴുതിയ നിരവധി പദ്ധതികൾ പ്രാവർത്തികമാക്കി. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കിയാൽ മുഖ്യമന്ത്രിക്ക് സ്വർണ്ണമോതിരം നൽകുമെന്ന് കേന്ദ്ര ഭരണകക്ഷിയുടെ പ്രതിനിധി പറയുകയുണ്ടായി. പ്രസ്തുത പദ്ധതിക്കെതിരെ വർഗ്ഗീയ ശക്തികളുമായി കൂട്ടുചേർന്ന് അട്ടിമറി സമരം നടത്തിയ സ്ഥലങ്ങളുണ്ട്. (....ബഹളം....) നിങ്ങൾക്കതിൽ യാതൊന്നും തോന്നേണ്ട ആവശ്യമില്ല. മലപ്പുറത്താണ്, കോഴിക്കോടാണ് സമരം നടന്നത് എന്നൊന്നും ഞാൻ സൂചിപ്പിച്ചിട്ടില്ല. ഇപ്പോൾ പ്രസ്തുത പദ്ധതി ആലപ്പുഴയിലേയ്ക്കും നീട്ടണമെന്ന ആവശ്യം ഉന്നയിക്കുകയാണ്. നടത്താൻ അനുവദിക്കില്ല, നടക്കില്ല എന്നുപറഞ്ഞ ഒരു പദ്ധതി പൂർണ്ണമാക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നത് അഭിമാനാർഹമായ കാര്യമാണ്. ഞാൻ ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. (...ബഹളം...) ശ്രീ. പി. കെ. ബഷീർ ആ സമരത്തിലുണ്ടെന്നും ഞാൻ പറഞ്ഞില്ല. (...ബഹളം...) കേരളത്തിൽ ബി.എം.&ബി.സി. ഗുണനിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിക്കുന്നത്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തെ സംബന്ധിച്ച് ആലോചന വന്നപ്പോൾ ചൈനീസ് കമ്പനിയുണ്ടെന്ന് പറഞ്ഞ് കോൺഗ്രസ്സിന്റെ കേന്ദ്ര സർക്കാർ വിഴിഞ്ഞം പദ്ധതിക്ക് തുരങ്കം വച്ചതാണ്. അതിനുശേഷം നിങ്ങളുടെ കാലത്ത് പദ്ധതിവരികയും അദാനിയുമായി കരാറുണ്ടാക്കുകയും ചെയ്തു.

അദാനിയുടെ കരാർ വ്യവസ്ഥകളെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിലും ഞങ്ങൾ ആ പദ്ധതിയെ എതിർത്തിട്ടില്ല. കേരളത്തിന്റെ വികസനത്തിൽ പ്രധാനപ്പെട്ട ഒരു നാഴികക്കല്ലാകുമെന്നതിന്റെ അടിസ്ഥാനത്തിൽ ഉമ്മൻ ചാണ്ടി സർക്കാരാണ് അതിന് തുടക്കം കുറിച്ചതെന്നതിന്റെ പേരിൽ രാഷ്ട്രീയ വിരോധത്തിന്റെ ഭാഗമായി വിഴിഞ്ഞം പദ്ധതിക്കെതിരെ എൽ.ഡി.എഫ്. യാതൊരു തരത്തിലുള്ള സമരവും കേരളത്തിൽ നടത്തിയില്ല. നിർമ്മാണം തുടങ്ങിയ ഒരു പദ്ധതി മുടങ്ങിപ്പോകാതെ കേരളത്തിന്റെ വികസനത്തിന് അതാവശ്യമാണെന്ന് മനസ്സിലാക്കി പൂർത്തീകരിക്കാൻ തയ്യാറാകുമ്പോഴാണ് സമരമുണ്ടാകുന്നത്. പ്രസ്തുത പദ്ധതിയെ സ്വാഗതം ചെയ്ത പ്രത്യേക വിഭാഗങ്ങളുടെ ഇപ്പോഴത്തെ അനുചരന്മാർ സമരം സംഘടിപ്പിക്കുകയുണ്ടായി. ആ സമരത്തിനോട് നിങ്ങളുടെ സമീപനമെന്താണ്? എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകരുതെന്ന രീതിയിൽ കേരളത്തിലൊരു വിമോചന സമരം ആരംഭിക്കാനും ഒരു വെടിവയ്പ്പുണ്ടാക്കാനും ശ്രമം നടത്തി. അതുകൊണ്ട് നിഷ്കളങ്കരാണ് യു.ഡി.എഫ്-ന്റെ നേതാക്കളെന്ന് കരുതാൻ കഴിയുമോ? ഇത്തരത്തിൽ നാടിന്റെ വളർച്ചയെ തടയുന്ന പരിശ്രമങ്ങളാണ് യു.ഡി.എഫ്. നടത്തുന്നതെന്ന് വ്യക്തമാക്കാനാണ് ഞാനിത് സൂചിപ്പിച്ചത്, ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പട്ടയം നൽകുന്ന കാര്യത്തിൽ പൂർണ്ണത

കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, ഈ ഗവൺമെന്റ് വന്ന് ഒരു വർഷക്കാലത്തിനുള്ളിൽ 13500 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ 190825 പട്ടയങ്ങൾ നൽകി. അങ്ങനെ ഇതുവരെയാകെ 2 ലക്ഷത്തിലധികം പട്ടയങ്ങൾ നൽകിയിട്ടുണ്ട്. കൂടുതൽ പട്ടയങ്ങൾ നൽകാനുള്ള അതിവേഗതയിലുള്ള പ്രവർത്തനങ്ങൾ റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന വർഗ്ഗീയ കോർപ്പറേറ്റ് നയങ്ങൾക്കുള്ള ബദലുകളാണ് കേരളത്തിൽ ആവിഷ്കരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ നിലപാടുകൾ രാജ്യത്തിന് മാതൃകയല്ലേ? രാജ്യത്ത് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകളുടെ വിശദാംശങ്ങൾ സഭയിൽ വിശദീകരിക്കേണ്ട കാര്യമില്ല. ഫാസിസ്റ്റ് പ്രവണതയോടെ രാഷ്ട്രപിതാവിന്റെ ഘാതകരെപ്പോലും ആദരിക്കുന്നവരായി ഇന്ത്യൻ ഭരണകർത്താക്കൾ മാറുന്ന സാഹചര്യമാണുള്ളത്. ജനങ്ങളെ വർഗ്ഗീയമായി ഭിന്നിപ്പിക്കാൻ വലിയ പരിശ്രമങ്ങൾ രാജ്യത്ത് നടക്കുന്ന കാലഘട്ടമാണിത്. ബി.ബി.സി. ഡോക്യുമെന്ററിയിൽ ഗുജറാത്ത് കലാപത്തിന്റെ ഉത്തരവാദികളെക്കുറിച്ച് നടത്തിയ പരാമർശത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയെ സംബന്ധിച്ച പരാമർശം വന്നതിനാൽ

പ്രസിദ്ധീകരണങ്ങളെല്ലാം തടഞ്ഞു. അത് ജനങ്ങൾ കേൾക്കാനോ അഭിപ്രായം പറയാനോ പ്രദർശിപ്പിക്കാനോ പാടില്ലെന്ന ജനാധിപത്യവിരുദ്ധ നീക്കം നടത്തി. മാത്രമല്ല, അത്തരമൊരു നിലപാട് സ്വീകരിക്കുന്നത് ദേശവിരുദ്ധവും ദേശീയ അഖണ്ഡതയ്ക്ക് എതിരുമാണെന്ന് ആർ.എസ്.എസ്.-കാർ ആക്ഷേപിച്ചു. ഇന്ത്യൻ പ്രധാനമന്ത്രിയെ വിമർശിച്ചുകൂടെന്ന നിലപാട് സ്വീകരിച്ചു. ഇന്ത്യൻ പ്രധാനമന്ത്രിയെ വിമർശിച്ചാൽ ദേശവിരുദ്ധരും രാജ്യദ്രോഹികളുമാകും. അങ്ങനെ രാജ്യദ്രോഹികളായവരെ അതുപോലെ കൈകാര്യം ചെയ്യുമെന്നുള്ള ഭീഷണിയാണ് ഇതിന്റെ ഭാഗമായി വരുന്നത്. അവരോടൊപ്പം നിങ്ങളിൽ ചിലർ എന്തിനാണ് ചേരുന്നത്? അത്തരമൊരു നിലപാട് വന്നപ്പോൾ, കേരളത്തിലെ ആദരണീയനായ മുൻ മുഖ്യമന്ത്രിയുടെ മകൻ, എ.ഐ.സി.സി-യിലും കെ.പി.സി.സി.-യിലും പ്രധാനപ്പെട്ട ചുമതലയുണ്ടായിരുന്ന ഉത്തരവാദപ്പെട്ട ചെറുപ്പക്കാരൻ, അദ്ദേഹം ചെറുപ്പക്കാരനാണെന്ന് പറഞ്ഞ് തള്ളിക്കളയാനാകുമോ; എന്തിനാണ് അങ്ങനെയൊരു അഭിപ്രായം പറയുന്നത്? രാജ്യരക്ഷയ്ക്കും ദേശീയ ഐക്യത്തിനും അഖണ്ഡതയ്ക്കും തകരാറുണ്ടാക്കുന്നതായതുകൊണ്ട് ഡോക്യുമെന്ററി നിരോധിച്ചത് ശരിയാണെന്ന് പറയുമ്പോൾ, ആർ.എസ്.എസ്.-ന്റെ മുദ്രാവാക്യത്തിനോട്

നിങ്ങൾക്ക് യോജിപ്പുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ ആക്ഷേപം പറയാൻ സാധിക്കില്ല. ഇതെല്ലാം സ്വാഭാവികമായും രാജ്യത്ത് വരുന്ന സംശയങ്ങളാണ്. അതിഭീതിതമായ അന്തരീക്ഷം രാജ്യത്തുണ്ടാകുമ്പോൾ, ആ വർഗ്ഗീയ നിലപാടിനെ ചെറുക്കാൻ കേരളം ഒരുമിച്ചുനിൽക്കുന്നു. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമൊന്നും കാണുന്നില്ല. ഈ വർഗ്ഗീയ നിലപാടിനെ കേരളത്തിൽ ചെറുത്ത് പരാജയപ്പെടുത്തണം. കേരളത്തിൽ വർഗ്ഗീയശക്തികൾ പാലക്കാട്ടും ആലപ്പുഴയിലും കൂട്ടക്കൊലപാതകങ്ങൾ നടത്തി. അതിനെ പ്രയോജനപ്പെടുത്തിയത് കേരളത്തിലെ ക്രമസമാധനം തകർന്നുവെന്ന് വരുത്താനാണ്. അതിന്റെ ഭാഗമായി, പഴയ 356-ാം വകുപ്പിന്റെയും വിമോചനസമരത്തിന്റെയും മോഹങ്ങൾ മനസ്സിലുള്ളവർ കൂടെ ചേരരുത്. രാജ്യത്തിന്റെ ക്രമസമാധാനം തകർത്ത ബി.ജെ.പി-യുടെ അജണ്ട നടപ്പാക്കാൻ കേരളത്തെ പ്രയോജനപ്പെടുത്താൻ അവസരമുണ്ടാക്കാൻ പാടില്ലെന്ന് പറയാനാണ് ഞാനിത് സൂചിപ്പിച്ചത്. കേരളത്തിന്റെ വികസനത്തിൽ കടം വലിയ പ്രശ്നമാണെന്ന ആക്ഷേപമുന്നയിക്കുന്നുണ്ട്. കടമില്ലാത്ത ഏത് കാലഘട്ടമാണുണ്ടായിട്ടുള്ളത്? കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അതുവരെയുണ്ടായിരുന്ന കടത്തിന്റെ ഇരട്ടി കടമുണ്ടായിരുന്നു. ഇപ്പോഴും കടമെടുക്കേണ്ടി വരുന്നുണ്ട്. അതിന്റെ

പശ്ചാത്തലമെന്താണ്? സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കാനും പദ്ധതികളെ ഇല്ലാതാക്കാനുമുള്ള പരിശ്രമം കേന്ദ്ര ഗവൺമെന്റ് നടത്തുന്നതിന്റെ ഭാഗമായി ഗ്രാന്റ് ഉൾപ്പെടെ തടഞ്ഞു, ആക്ഷേപമുന്നയിച്ച കിഫ്ബി പദ്ധതികളുടെ വായ്പകളെ തടഞ്ഞു. കിഫ്ബിയെടുത്ത വായ്പകളെ സംസ്ഥാന കടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാൻ ശ്രമിക്കുന്നു. സംസ്ഥാനത്തിനോടുള്ള വിവേചനപരമായ സമീപനം ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുമ്പോൾ, പാർലമെന്റിലെങ്കിലും നമുക്ക് ഒരുമിച്ച് നിൽക്കാൻ സാധിക്കണ്ടേ; കേരളത്തിൽനിന്നും ജയിച്ചുപോയ 18 എം.പി.-മാർ കേരളത്തിലെ ഒരു പദ്ധതിക്കുവേണ്ടിയെങ്കിലും സംസാരിച്ചിട്ടുണ്ടെന്ന് പറയാൻ അപ്പുറത്തിരിക്കുന്നവർക്ക് കഴിയുമോ? ഇങ്ങനെ നിഷേധാത്മക നിലപാട് സ്വീകരിക്കരുത്. രാഷ്ട്രീയ അഭിപ്രായവ്യത്യാസം മറന്ന് കേരളത്തിന്റെ വികസനത്തിനുവേണ്ടി ഇക്കാര്യങ്ങളിൽ ഒരുമിച്ച് നിൽക്കാനുള്ള ബാദ്ധ്യതയാണ് നമുക്കുവേണ്ടത്. സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും ഒരാളുടെപോലും പെൻഷനോ ശമ്പളമോ നിയമനമോ  മുടങ്ങിയിട്ടില്ല. മാറ്റങ്ങൾക്കുവേണ്ടി നിലനിൽക്കുന്ന മതനിരപേക്ഷ ഗവൺമെന്റിനെ പിന്തുണയ്ക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ശക്തമായ രാഷ്ട്രത്തിന് ശക്തമായ കേന്ദ്ര സർക്കാരും ശാക്തീകരിക്കപ്പെട്ട സംസ്ഥാനങ്ങളും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉണ്ടായിരിക്കണമെന്ന നയപ്രഖ്യാപനത്തിലെ വരികൾ ഏറ്റവും ശ്രദ്ധേയമായ നിഗമനമാണ്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന തത്വസംഹിത ലോകമാകെ ആദരവോടുകൂടി നോക്കിക്കാണുകയാണ്. ഭരണഘടനയുടെ അടിസ്ഥാനഘടകമായ ജനാധിപത്യം, മതനിരപേക്ഷത, ബഹുസ്വരത, ഫെഡറലിസം എന്നിവയിലൂടെയാണ് രാജ്യം മുന്നോട്ടുനീങ്ങുന്നത്. അതുകൊണ്ടാണ് 75 വർഷക്കാലം നമ്മുടെ രാജ്യം നിലനിന്നത്. ദൗർഭാഗ്യവശാൽ മേൽപ്പറഞ്ഞ അടിസ്ഥാനപരമായ കാഴ്ചപ്പാടുകൾ മാത്രമല്ല, ഭരണഘടനയെത്തന്നെ ചോദ്യം ചെയ്യുന്ന, അട്ടിമറിക്കുന്ന അവസ്ഥയിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. ഇന്ത്യൻ ഭരണഘടന പാർലമെന്റിനും നിയമസഭകൾക്കും നിയമനിർമ്മാണാധികാരം നൽകുന്നു. കേരള നിയമസഭ രാജ്യത്തിന് മാതൃകയായ ഒട്ടനവധി

നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മേഖലയിലേയ്ക്ക് കടന്നുകയറി അതിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന നിലയാണ് സ്വീകരിക്കുന്നത്. നിയമനിർമ്മാണത്തിന്റെ അന്തഃസത്തയും നിയമനിർമ്മാണസഭയുടെ ഉദ്ദേശ്യങ്ങളും സംരക്ഷിക്കപ്പെടണം. അക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടാകാൻ പാടില്ല. രാജ്യത്തിന്റെ സമ്പത്ത് ജനങ്ങളുടെയും സമ്പത്താണ്. അത് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരുപോലെ അർഹതപ്പെട്ടതാണ്. ജി.എസ്.ടി. വന്നതോടെ നികുതി വരുമാനം കേന്ദ്രത്തിന്റേതായി മാറി. സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം വെട്ടിക്കുറയ്ക്കുക, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം നൽകാതിരിക്കുക, ഗ്രാന്റുകൾ നൽകാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് ചെയ്യുമ്പോൾ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണ്; നിങ്ങൾ അതിന് അനുകൂലമാണോ അതോ പ്രതികൂലമാണോ? പലപ്പോഴും കിട്ടുന്ന അവസരങ്ങൾ കേരളവിരുദ്ധ നിലപാടെടുക്കുന്ന കേന്ദ്രത്തിനെതിരെ ഉപയോഗിക്കുന്നില്ലെന്ന് മാത്രമല്ല കഴിയുമെങ്കിൽ അവരുടെ കൂടെച്ചേർന്ന് കേരളത്തിലെ ഗവൺമെന്റിനെ തകർക്കാനുള്ള ശ്രമത്തിലാണ് യു.ഡി.എഫ്. ഏർപ്പെട്ടിരിക്കുന്നത്. അത് ജനങ്ങൾ നന്നായി മനസ്സിലാക്കുന്നുണ്ട്.

അതുകൊണ്ട് പ്രതിപക്ഷം കരുതിയിരുന്നോളൂ, ജനങ്ങൾ നിങ്ങൾക്കെതിരാണ്. കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട വിഹിതം നൽകാതെ സംസ്ഥാനത്തിന്റെ ക്ഷേമ വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയാണ്. കേന്ദ്രത്തിന്റെ ഈ രാഷ്ട്രീയ നീക്കത്തെ ഒറ്റക്കെട്ടായി ചെറുത്ത് പരാജയപ്പെടുത്താൻ എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന് പോരാട്ടം നടത്തുന്നത് സംബന്ധിച്ച് എന്താണ് യു.ഡി.എഫ്.-ന്റെ അഭിപ്രായം? സംസ്ഥാനം കടം വാങ്ങുന്നത് വലിയ അപരാധമെന്നാണ് പ്രതിപക്ഷം പറയുന്നത്. കേന്ദ്രത്തിന് ഒരു മാനദണ്ഡവുമില്ലാതെ കടം വാങ്ങിക്കൂട്ടാം. ഓരോ അഞ്ചുവർഷം കൂടുമ്പോഴും അവരുടെ കടം ഇരട്ടിയും അതിലധികവുമായി പെരുകുകയാണ്. എന്നാൽ സംസ്ഥാനത്തിന് കടം വാങ്ങുന്നതിന് പരിധി നിശ്ചയിച്ചു. കേരളം വാങ്ങിയ ചില കടങ്ങൾ, ഉദാഹരണമായി കിഫ്ബി, പെൻഷൻ കമ്പനിയുടെ കടം തുടങ്ങിയവയെല്ലാം ആ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തിന് കടം വാങ്ങാൻ കഴിയാതെ വരികയാണ്. വെറുതെ കടം വാങ്ങിയതല്ല, കടം വാങ്ങിയതുവഴി കേരളത്തിന്റെ അടിസ്ഥാന വികസനരംഗത്ത് വൻകുതിപ്പുണ്ടാക്കിയിട്ടുണ്ട്, അതിന്റെ നേട്ടം കേരളം അനുഭവിക്കുകയാണ്. ഇക്കാര്യത്തിൽ എന്താണ് യു.ഡി.എഫ്.-ന്റെ

നിലപാട്? നിങ്ങൾ കടം പെരുകി, കടം പെരുകി എന്ന് പറയുന്നു. ഏത് കാലത്താണ് അങ്ങനെയുണ്ടാകാത്തത്? എൽ.ഡി.എഫ്. ഭരിക്കുമ്പോഴുണ്ടാകുന്ന കടത്തിന്റെ ഇരട്ടി യു.ഡി.എഫ്. ഭരിക്കുമ്പോഴും യു.ഡി.എഫ്. ഭരിക്കുമ്പോഴുണ്ടാകുന്ന കടത്തിന്റെ ഇരട്ടി എൽ.ഡി.എഫ്. ഭരിക്കുമ്പോഴുമുണ്ടാകും. അത് സ്വാഭാവികമാണ്. ഓരോ അഞ്ച് വർഷം കൂടുമ്പോഴും അവ ഇരട്ടിക്കാറുണ്ട്. ഈ സ്വാഭാവിക പ്രക്രിയയെ കേരളം ശ്രീലങ്കയാകാൻ പോകുന്നു, കേരളമാകെ കടക്കെണിയിലാണെന്ന് പ്രചരിപ്പിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സീലിംഗ് ലിമിറ്റ് വച്ചതിന്റെ ഫലമായി അഥവാ കേന്ദ്ര ഗവൺമെന്റ് പറയുന്ന കടം വാങ്ങാനുള്ള നിബന്ധനകൾക്കെതിരായി എന്തെങ്കിലും പറയാൻ തയ്യാറുണ്ടോ? അതല്ല, ഒരു പൈസയും കടം വാങ്ങണ്ട, ഒരു നികുതിയും ഇവിടെ കിട്ടേണ്ടതില്ല, ഇങ്ങനെ പോയാൽമതി എന്നുപറഞ്ഞ് ആശ്വസിക്കുകയാണോ വേണ്ടതെന്നാണ് ചോദിക്കാനുള്ളത്. കിഫ്ബി കടം വാങ്ങിയെങ്കിൽ അത് സംസ്ഥാനത്തിന് ഗുണമുണ്ടാക്കിയില്ലേ? 50000 കോടി രൂപ ലക്ഷ്യമിട്ടതിൽ 73908 കോടി രൂപയുടെ 993 പദ്ധതികൾക്ക് അംഗീകാരം നൽകി. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും നൽകിയില്ലേ? ദേശീയപാതയ്ക്കുവേണ്ടി ഭൂമിയേറ്റെടുക്കാൻ 20000 കോടി രൂപ

നൽകി. ഭൂമി ഏറ്റെടുക്കാൻ 20 ശതമാനം തുക നൽകിയതുകൊണ്ടാണ് ദേശീയപാത യാഥാർത്ഥ്യമായത്. 27620 കോടി രൂപയുടെ 593 പദ്ധതികൾ ടെണ്ടർ ചെയ്യുകയും 6201 കോടി രൂപയുടെ പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. കിഫ്ബിയിൽനിന്ന് പണം അനുവദിച്ചില്ലായിരുന്നെങ്കിൽ ഇന്ന് കേരളത്തിൽ നടക്കുന്ന അടിസ്ഥാന വികസന ക്ഷേമപ്രവർത്തനങ്ങൾ നടക്കുമായിരുന്നോ; യു.ഡി.എഫ്. ആണ് കേരളം ഭരിക്കുന്നതെങ്കിൽ ഇങ്ങനെയൊരു പദ്ധതി ആവിഷ്കരിക്കാൻ കഴിയുമായിരുന്നോ? എൽ.ഡി.എഫ്.-ന്റെ ഇച്ഛാശക്തികൊണ്ടും ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായതുകൊണ്ടുമാണ് ഈ പദ്ധതികളെല്ലാം നടപ്പാക്കാൻ സാധിച്ചത്. യു.ഡി.എഫ്.-നെക്കൊണ്ട് ഇത് നടപ്പാക്കാൻ സാധിക്കില്ലെന്നുറപ്പല്ലേ. അതുകൊണ്ട് കാര്യങ്ങൾ ഗൗരവമായി ആലോചിച്ച് മുന്നോട്ടുകൊണ്ടുപോയില്ലെങ്കിൽ പ്രതിപക്ഷമെന്ന നിലയിൽ ഉത്തരവാദിത്വമുള്ള കക്ഷിയായി മാറില്ലെന്ന കാര്യം ആലോചിക്കണം. 'ആധുനിക വികസിത കേരളത്തിന്റെ നിർമ്മിതി വിഭാവനം ചെയ്യുന്ന, തൊഴിൽ മേഖലയിലേയ്ക്ക് കടന്നുവരുന്ന യുവജനങ്ങൾക്കുവേണ്ടി ഡിജിറ്റലും സാങ്കേതികവുമായ പുരോഗതി, ശാസ്ത്രബോധം, ഉൽപ്പാദനത്തിന്റെ പുതിയതലങ്ങൾ, മാന്യമായ തൊഴിൽ സൃഷ്ടിക്കൽ എന്നിവയിൽ ശ്രദ്ധ

കേന്ദ്രീകരിക്കുന്നു. സമൂഹത്തിലെ അർഹതപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും സാമൂഹ്യസുരക്ഷ പ്രദാനം ചെയ്യുന്നതിന് ഊന്നൽ നൽകുന്നു.' ഇതാണ് നയപ്രഖ്യാപനത്തിന്റെ കാതൽ. ഇത് ഭാവി-വികസിത-നവ കേരളത്തിന്റെ കർമ്മ പദ്ധതിയാണ്. ആ കർമ്മ പദ്ധതിയിലൂടെയാണ് കേരളം മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി എല്ലാവർക്കും വീട് എന്ന പദ്ധതിയിൽ ഇതിനോടകം 322922 വീടുകളും നാല് വലിയ ഫ്ലാറ്റുകളും എൽ.ഡി.എഫ്. ഗവൺമെന്റ് പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. അർഹതപ്പെട്ട മുഴുവൻപേർക്കും വീട് നൽകണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. അതും നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 25 സെന്റ് ഭൂമിയിൽ അധികമുണ്ടെന്നതാണ് ഗ്രാമങ്ങളിലെ പാവപ്പെട്ടവർക്ക് വീട് നൽകുന്നതിന് തടസ്സമുണ്ടാകാൻ കാരണമാകുന്നത്. ഗ്രാമങ്ങളിലെ കുന്നിൻപുറങ്ങളിൽ 25 സെന്റ് എന്നത് 26 ആയിപ്പോയി എന്നതുകൊണ്ട് വീട് ലഭിക്കാത്ത പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞാൽ വീടില്ലാത്ത മുഴുവൻ പാവപ്പെട്ട ആളുകൾക്കും വീട് നൽകാൻ സാധിക്കുന്ന സംവിധാനത്തിലേയ്ക്ക് നീങ്ങാൻ കഴിയും. ലൈഫ് പദ്ധതി മുന്നോട്ടുകൊണ്ടുപോകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എല്ലാവർക്കും വീട് നൽകുകയെന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത

ലക്ഷ്യമാണ്. കുടുംബശ്രീ വഴിയും മറ്റ് ഏജൻസികൾവഴിയും നടത്തിയ സർവ്വേപ്രകാരം 64006 കുടുംബങ്ങളെയാണ് അതിദുർബ്ബല ജനവിഭാഗത്തിൽ കണ്ടെത്തിയിരിക്കുന്നത്. ഈ കുടുംബങ്ങൾക്കുവേണ്ടി സമഗ്ര വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. ഇന്ത്യയിൽ ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം (0.7 ശതമാനം) കേരളമാണ്. മറ്റ് സംസ്ഥാനങ്ങളിൽ 30-ഉം 40-ഉം ശതമാനമുണ്ട്. ഗുജറാത്തിൽ 34 ശതമാനവും ബീഹാറിൽ 50 ശതമാനത്തിൽ കൂടുതലുമുള്ളപ്പോൾ ഈ കൊച്ചുകേരളത്തിലാണ് ദാരിദ്ര്യം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്തത്. അതിദരിദ്രരായ കുടുംബങ്ങളെക്കൂടി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നാൽ സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജന സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിക്കും. സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് പി.എസ്.സി. വഴിയും അല്ലാതെയും പരമാവധി തൊഴിൽ നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ ലഭിക്കാത്ത കുറച്ചുപേർകൂടിയുണ്ട്. അടുത്ത അഞ്ചുവർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകാനാവശ്യമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വ്യാവസായിക രംഗത്ത് വൻകുതിപ്പാണ് സംസ്ഥാനം നേടിയത്. ബെസ്റ്റ് പ്രാക്ടീസസ് അവാർഡ് സംസ്ഥാനത്തെ

തേടിയെത്തി. 122637 എം.എസ്.എം.ഇ.-കൾ ഇതിനോടകം പൂർത്തീകരിക്കപ്പെട്ടു. ഇത് കാണിക്കുന്നത് ഒരു ലക്ഷം എം.എസ്.എം.ഇ.-കൾ പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ച സ്ഥാനത്ത് നിശ്ചയിച്ച സമയത്തിനുമുമ്പുതന്നെ അതിൽ കൂടുതൽ പൂർത്തീകരിക്കാൻ സാധിച്ചുവെന്നാണ്. 77498.22 കോടി രൂപയുടെ നിക്ഷേപം നടത്താനും 264463 പേർക്ക് തൊഴിൽ നൽകാനും സാധിച്ചു. ഇന്ത്യാ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുമ്പോൾ, കേരളത്തിൽ അടഞ്ഞുകിടന്നിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ തുറന്നുപ്രവർത്തിപ്പിക്കാനും 21 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും സർക്കാരിന് സാധിച്ചു. പൊതുവിദ്യാഭ്യാസ രംഗം മികച്ച നിലയിലാക്കി. പൊതുവിദ്യാഭ്യാസ രംഗത്തെ മികച്ച വിദ്യാഭ്യാസത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസം, സ്കൂളുകളുടെ നടത്തിപ്പ് തുടങ്ങി എല്ലാ രംഗങ്ങളിലും കേരളത്തെ മികച്ചതാക്കി. പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നടപ്പാക്കിയ പദ്ധതികൾവഴി 1109970 കുട്ടികൾ അൺ-എയ്ഡഡ് സ്കൂളുകളിൽനിന്നും മറ്റ് സിലബസ്സുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ഈ കാലയളവിൽ

വന്നുചേർന്നുവെന്നത് കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടമാണ്. യു.ഡി.എഫ്. ഭരണകാലത്ത് സ്കൂളുകൾ അടച്ചുപൂട്ടാനായിരുന്നു തീരുമാനിച്ചിരുന്നത്. വിദ്യാഭ്യാസത്തെ കച്ചവടം നടത്തി നാട് മുഴുവനും അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുകയും പൊതുവിദ്യാഭ്യാസ രംഗത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്തത് യു.ഡി.എഫ്. സർക്കാരാണ്. ആ സ്ഥാനത്താണ് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തണം, പാവപ്പെട്ടവന്റെ കുട്ടികൾക്ക് പഠിക്കാൻ സാധിക്കണം, സർക്കാർ സ്കൂളുകൾക്കും എയ്ഡഡ് സ്കൂളുകൾക്കും ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം എന്ന തീരുമാനമെടുത്തത്. അതിനുവേണ്ടി കിഫ്ബിയിൽനിന്ന് ഫണ്ട് നൽകി പുതിയ കെട്ടിടങ്ങളും ലാബുകളും മറ്റ് സൗകര്യങ്ങളുമൊരുക്കി സ്കൂളുകൾ മെച്ചപ്പെട്ടപ്പോൾ വന്ന കുട്ടികളുടെ എണ്ണമാണ് സൂചിപ്പിത്. പൊതുജനാരോഗ്യരംഗം ഏറ്റവും മികച്ച നിലയിലാണ് പ്രവർത്തിക്കുന്നത്. മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞതും ആയുർദൈർഘ്യം ഏറ്റവും കൂടുതലുമുള്ള സംസ്ഥാനം കേരളമാണ്. ആരോഗ്യ പരിപാലനരംഗത്ത് കേരളം കൈവരിച്ച നേട്ടത്തിന്റെ നേരവകാശികൾ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകളാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേതൃത്വത്തിലാണ് പൊതുജനാരോഗ്യരംഗത്ത് മാറ്റങ്ങളുണ്ടായത്.

മെഡിക്കൽ കോളേജുകളും പി.എച്ച്.സി.-കളും എഫ്.എച്ച്.സി.-കളുമുൾപ്പെടെ ആരോഗ്യ മേഖലയിലെ എല്ലാ സംവിധാനങ്ങളും ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പാവപ്പെട്ടവർക്ക് പണമില്ലെങ്കിലും ചികിത്സ ലഭിക്കുന്ന സൗകര്യം കേരളത്തിലുണ്ടായിട്ടുണ്ട്. കേരളത്തിലെ മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള മികച്ച സേവനങ്ങൾ ലഭ്യമാകുന്ന നിലയിലേയ്ക്ക് സംസ്ഥാനം വളർന്നിട്ടുണ്ട്. ആരോഗ്യ മേഖലയിലെ കേരളത്തിന്റെ നേട്ടം സർവ്വരാലും പ്രകീർത്തിക്കപ്പെട്ടതാണ്. ഇതിനെല്ലാം പുറമെയാണ് സിൽവർ ലൈൻ പദ്ധതി. യു.ഡി.എഫ്. കുറ്റിപറിക്കൽ സമരം നടത്തിയതുകൊണ്ടാണ് അത് നിർത്തിവച്ചതെന്നുള്ള ധാരണയാണ് പ്രതിപക്ഷത്തിനുള്ളത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് എപ്പോഴാണോ അനുവാദം നൽകുന്നത് അന്ന് സിൽവർ ലൈൻ പദ്ധതി നടപ്പാകും. അത് നടപ്പാക്കാൻ അനുവദിക്കില്ലെന്ന് യു.ഡി.എഫ്. പറഞ്ഞു; നടപ്പാക്കാൻ സാധിക്കുമോയെന്ന് നോക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, കേരളത്തിന് അത്യാവശ്യമായ പദ്ധതിയാണ് സിൽവർ ലൈൻ. അതുകൊണ്ടാണ് സിൽവർ ലൈൻ പദ്ധതി നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണർ പ്രഖ്യാപിച്ചത്. സമൂഹം മുന്നോട്ടാണ് പോകുന്നത്, അടിസ്ഥാന വികസനരംഗത്ത് ഇന്ന് നേടിയ

നേട്ടംകൊണ്ടുമാത്രം തൃപ്തിപ്പെടാൻ സാധിക്കില്ല. കേരളത്തിൽ സിൽവർ ലൈൻ നടപ്പാകുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. 'Kerala Governor delivered his speech' എന്ന ഒരു വാർത്ത ഞാൻ വായിച്ചു. പക്ഷേ, ആ ഡെലിവറി വളരെ ദുഃഖകരമായിപ്പോയി. അതിനുവേണ്ടി എത്ര കഷ്ടപ്പാടാണുണ്ടായതെന്ന് ഇവിടെ ഇരിക്കുന്ന എല്ലാവർക്കുമറിയാം. ഗവർണറെപ്പോലും ഒരുമിച്ച് കൊണ്ടുപോകാൻ സാധിക്കാത്ത ഗവൺമെന്റ് ഞങ്ങളോട് ഈ നീതിബോധം പറയേണ്ട കാര്യമുണ്ടോ? ഞാൻ പറഞ്ഞത് ശ്രീ. ഇ. ചന്ദ്രശേഖരന് മനസ്സിലാകും. അദ്ദേഹം ഇതിന്റെ വേറൊരു രക്തസാക്ഷിയാണ്. ആർ.എസ്.എസ്.-നുവേണ്ടി ശ്രീ. ഇ. ചന്ദ്രശേഖരനെതിരെ മൊഴി പറയാൻപോലും മടികാണിക്കാത്തവരാണ്. ഇവിടെ സംസാരിച്ച രണ്ടുപേരും ആർ.എസ്.എസ്. വിരോധമാണ് പറഞ്ഞത്. പക്ഷേ., കാഞ്ഞങ്ങാട് കോടതിയിൽ അതല്ല കണ്ടത്. സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം ശുഷ്കിച്ചുപോയിരിക്കുന്നു. കേരള ഗവൺമെന്റ് പിരിച്ചെടുക്കാനുള്ള നികുതി 13493 കോടി രൂപയാണ്. അതിന്റെ വിശദാംശം എന്റെ കയ്യിലുണ്ട്. ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച വരുമ്പോൾ പറയണമെന്നുള്ളതുകൊണ്ട് ആ

വിശദാംശം ഇവിടെ പറയുന്നില്ല. ദേശീയ ശരാശരിയിൽ നികുതി വരുമാന വളർച്ചയിൽ കേരളത്തിന്റെ സ്ഥാനം പതിനെട്ടാമതാണ്. കൊട്ടിഘോഷിച്ച് പെരുമ്പറയടിച്ച് എല്ലാം കേമമാണെന്ന് പറഞ്ഞാൽ അത് കേൾക്കുന്നവരെല്ലാം മണ്ടൻമാരാണെന്ന് പറയുന്നതിന്റെ കൗണ്ടർ ഇഫക്റ്റ് ഉണ്ടാകാതിരിക്കാൻവേണ്ടിയാണ് ഇത് ഓർമ്മിപ്പിച്ചത്. നികുതി വളർച്ചാ നിരക്ക് രണ്ട് ശതമാനം മാത്രമാണ്. നികുതി വരവിൽ 11.5 ശതമാനം വർദ്ധനവുണ്ടായ ആസാമിനാണ് ഒന്നാം സ്ഥാനം. അതുപോലൊരു സംസ്ഥാനമാണ് കേരളം. ഇവിടെ പറഞ്ഞ കാര്യങ്ങൾക്കെല്ലാം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ നടത്തിയ പഠന റിപ്പോർട്ടിൽ കൃത്യമായ മറുപടിയുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ധനകാര്യ രംഗം കുത്തഴിഞ്ഞുവെന്നാണ് അവരുടെ റിപ്പോർട്ടിൽ പറയുന്നത്. ആ റിപ്പോർട്ട് പരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകും. അഞ്ചുവർഷത്തെ നികുതി വളർച്ചയിൽ ഇന്ത്യയിൽ ഏറ്റവും പിന്നിലുള്ള സംസ്ഥാനം കേരളമാണ്. കേരളം നികുതി പിരിച്ചെടുക്കുന്നതിൽ ഏറ്റവും പിന്നിലാണ്. ഇതൊക്കെ നമ്മുടെ സംസ്ഥാനം വിലയിരുത്തേണ്ടതും ആലോചിക്കേണ്ടതുമായ കാര്യമാണ്. കേരളത്തിലെ റവന്യൂ ചെലവിൽ 90 ശതമാനമാണ് അധികമായി നിൽക്കുന്നത്. അതൊരു മികച്ച

ഫിനാൻസാണെന്ന് പറയാൻ സാധിക്കുമോ; ഈ നിലയിൽ പോയാൽ സംസ്ഥാനം എവിടെയെത്തുമെന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ? ഈ വർഷം കേരളം ചെലവഴിച്ച പദ്ധതി വിഹിതം 45.95 ശതമാനം മാത്രമാണ്. അതിനർത്ഥം 54.41 ശതമാനം തുക ചെലവഴിച്ചിട്ടില്ല എന്നതാണ്. എല്ലാം മെച്ചമാണെന്നല്ലേ പറയുന്നത്; എവിടെ നോക്കിയാണിത് പറയുന്നത്? കണ്ണിൽച്ചോരയോടുകൂടി വർത്തമാനം പറയണമെന്നാണ് എനിക്ക് വിനയപൂർവ്വം ഓർമ്മിപ്പിക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച 8048 കോടി രൂപയിൽ 51.45 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ നിലയിൽ കേരളം പരിതാപകരമായ അവസ്ഥയിലേയ്ക്കാണ് പോകുന്നത്. ഇത് മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? പരിധിയില്ലാത്ത വായ്പയുടെയും ഇപ്പോൾ എടുത്താൽ പൊങ്ങാത്ത വായ്പയുടെയുമൊക്കെ കണക്കിനെ സംബന്ധിച്ച് മറ്റൊരു ചർച്ചയിൽ വരുന്നതുകൊണ്ട് ഞാനിവിടെ വായിക്കുന്നില്ല. 2020-21-ലും 2021-22-ലുമായി 60,000 കോടി രൂപയാണ് വായ്പയെടുത്തത്. തെരഞ്ഞെടുപ്പ് കണ്ടുകൊണ്ട് വാങ്ങിയ വായ്പ മുഴുവൻ കേരളത്തിലെ ജനങ്ങളുടെ അക്കൗണ്ടിൽ എഴുതിത്തള്ളരുത്. 2020-21-ലെ രണ്ടുകോടി തൊണ്ണൂറ്റിയാറായിരം രൂപയുടെ വർദ്ധനവ് പിന്നീടാണ് വന്നത്. വീണ്ടും 14.6

ശതമാനം വർദ്ധനവുണ്ടായതിന്റെ ഫലമായി കേരളത്തിന്റെ കടം വീണ്ടും വർദ്ധിച്ചു. ഈ വായ്പയെടുത്ത വർഷമാണ് ഏറ്റവും പ്രധാനപ്പെട്ടത്. നിങ്ങളുടെ തെരഞ്ഞെടുപ്പ് കാര്യങ്ങൾക്കുവേണ്ടിയാണ് ആ സമയത്ത് വായ്പയെടുത്തത്, അല്ലാതെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയല്ല. കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ് വായ്പയെടുത്തതെങ്കിൽ മനസ്സിലാക്കാം. കെടുകാര്യസ്ഥതയുടെ തലപ്പത്താണ് സർക്കാർ കേരളത്തെ കൊണ്ടെത്തിച്ചിരിക്കുന്നത്. ഈ സംസ്ഥാനം ഇതുപോലെയൊരു ദുർഗതിയിലൂടെ പോകാനുണ്ടോ? നിയമസഭാ ചോദ്യത്തിലെ ലഹരി കടത്തിനെ സംബന്ധിച്ച മറുപടിയിൽ, ലഹരി ഉപയോഗം 300 ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. വളരെ ചെറിയ സംസ്ഥാനമായ കേരളത്തിൽ ലഹരി ഉപയോഗത്തിന്റെ കാര്യത്തിൽ ഇങ്ങനെ വർദ്ധനവുണ്ടായാൽ കേരളം എവിടെപ്പോയി നിൽക്കുമെന്ന് ആലോചിച്ചിട്ടുണ്ടോ? ഇതൊക്കെ ചെയ്യുന്നത് പ്രബലരാണ്, ആരും മോശമല്ല. ഭരണത്തിലും പാർട്ടിയിലും സ്വാധീനമുള്ളവരാണ് ഇതെല്ലാം ഒപ്പിച്ചുകൊണ്ടിരിക്കുന്നത്. ലഹരി വസ്തുക്കളുടെ കടത്തുമായി ബന്ധപ്പെട്ട് 2022-ൽ ആകെ 17834 പേരെ അറസ്റ്റ് ചെയ്തുവെന്നാണ് പറയുന്നത്. അതിനപ്പുറത്ത് എത്രയോപേരുണ്ട്. എം.ഡി.എം.എ. മാത്രം 6.7

കിലോഗ്രാം കേരളത്തിലെത്തിയിട്ടുണ്ട്. കേരളത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്; ലഹരിയുടെ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി സഭ ചർച്ചചെയ്ത് ഐകകണ്ഠ്യേന അഭിപ്രായം എടുത്തില്ലേ; അതിനെ ഞങ്ങളാരെങ്കിലും എതിർത്തോ; സമൂഹം നിങ്ങളെ സഹായിച്ചില്ലേ? എന്നിട്ടും ടൺ കണക്കിന് ലഹരി വസ്തുക്കൾ കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. അതാരാണ് പിടിക്കേണ്ടത്; ഞങ്ങളെല്ലാവരുംകൂടി മുട്ടുവടിയുമായി അത് പിടിക്കാനിറങ്ങണോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, അങ്ങിവിടെ പറയുന്നത് ഒരുഭാഗം മാത്രമാണ്. കഴിഞ്ഞ കാലയളവിനിടയിൽ വലിയ തോതിൽ ലഹരിമരുന്ന് പിടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നുവെന്ന് പറഞ്ഞു. അതിന്റെ ഉപയോഗം വർദ്ധിക്കുന്നുവെന്ന് അംഗീകരിച്ചതുകൊണ്ടാണല്ലോ ഒറ്റക്കെട്ടായി ക്യാമ്പയിനിലേയ്ക്ക് പോയത്. അത് എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്തിയെന്നുള്ളതാണ് അനുഭവം. പിടികൂടിയ പ്രതികളുടെ എണ്ണത്തിൽ ഇരട്ടിയിലധികം വർദ്ധനവുണ്ടായിട്ടുണ്ട്. പിടികൂടിയ ലഹരി മരുന്നിന്റെ, പ്രത്യേകിച്ച് സിന്തറ്റിക് ഡ്രഗ്സിന്റെ അളവിൽ വലിയതോതിലുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. ആ ക്യാമ്പയിൻ

എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്തിയെന്നും ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും ചെയ്യാത്തതരത്തിലുള്ള എൻഫോഴ്സ്മെന്റ് കേരളത്തിൽ നടക്കുന്നുവെന്നുമുള്ളതാണ് ഇതെല്ലാം കാണിക്കുന്നത്. ആ വസ്തുതയാണ് അങ്ങ് കാണേണ്ടത്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് വഴങ്ങിയാൽ അധികം സമയം നൽകാൻ കഴിയില്ല. ഇത് ഡിബേറ്റല്ല. അതുകൊണ്ട് വഴങ്ങിയാൽ അങ്ങയുടെ സമയം നഷ്ടമാകും.

ശ്രീ. എം. ബി. രാജേഷ്: സർ, ഏറ്റവും കൂടുതൽ ലഹരി ഉപയോഗമുള്ള ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിൽ കേരളം വരുന്നില്ലെന്നുള്ളതുകൂടി അങ്ങ് അറിയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹത്തിന് ഇതൊക്കെ പറയാൻ സമയമുണ്ട്. ആ സമയത്ത് അദ്ദേഹത്തിന് പറയാനൊന്നുമുണ്ടാവില്ലെന്നുള്ളതുകൊണ്ട് ഇപ്പോൾ പറഞ്ഞുതീർത്ത് ഉത്തരവാദിത്വം ഒഴിവാക്കുകയാണെന്ന് എനിക്കും ഈ സഭയിലിരിക്കുന്ന എല്ലാവർക്കുമറിയാം. ഞാൻ ലഹരിയെക്കുറിച്ച് പ്രധാനപ്പെട്ട ചർച്ചയിലേയ്ക്ക് വന്നതല്ല. ലഹരിമരുന്ന് പിടിച്ചുവെന്ന് അങ്ങ് പറഞ്ഞല്ലോ; കണ്ണൂരിൽ ലഹരിവിരുദ്ധ പ്രചരണത്തിന്റെ മുഖ്യസംഘാടകൻ അങ്ങയുടെ

പാർട്ടിയിൽപ്പെട്ടവരാണ്. പാർട്ടിയുടെ പേര് ഞാൻ പറയുന്നില്ല. കാരണം, എല്ലാവർക്കും ഓരോ പാർട്ടിയുണ്ടല്ലോ; മുഖ്യസംഘാടകനായ അഫ്സൽ ലഹരി മരുന്ന് കേസിൽ അറസ്റ്റിലായതാണ്. ലഹരിവിരുദ്ധ പ്രവർത്തനത്തിന് മുൻപന്തിയിൽനിന്ന് പ്രതിജ്ഞ എടുത്തിട്ട് നേരെപോയി ഒരു പായ്ക്കറ്റ് ലഹരി മരുന്നെടുത്ത് മടിയിൽ വച്ചുകൊണ്ടുപോയ ആളാണ്. അതെങ്കിലും അവസാനിപ്പിച്ചുകൂടെ? ലഹരിവിരുദ്ധ ക്യാമ്പയിനിൽ പങ്കെടുത്തശേഷം ബാറിൽ കയറി മദ്യപിച്ചിട്ട് അത് തലയിലൊഴിച്ച് നൃത്തം ചെയ്തിട്ടുള്ളവർ അങ്ങയുടെ പാർട്ടിയിലുണ്ട്. ബഹുമാനമുള്ളതുകൊണ്ട് ഞാൻ അക്കാര്യങ്ങളൊന്നും പറയുന്നില്ല. അങ്ങ് മിണ്ടാതിരുന്നെങ്കിൽ ഞാനും മിണ്ടാതിരിക്കുമായിരുന്നു.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അങ്ങ് വഴങ്ങുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ വഴങ്ങുന്നില്ല. അങ്ങയോട് എനിക്ക് മതിപ്പൊക്കെയുണ്ട്. ചെയർ അനുവദിക്കുകയാണെങ്കിൽ ഞാൻ വഴങ്ങാം.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അങ്ങയുടെ പാർട്ടിയിലെ പ്രധാനപ്പെട്ടവരും അതിൽ വരുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസംഗിക്കുന്നതിനിടയിൽ അങ്ങ് ഇടപെടരുത്. എനിക്കനുവദിച്ച സമയത്ത് അങ്ങ് എന്നോട് ചോദ്യം ഉന്നയിച്ചാൽ ഞാനെന്തുചെയ്യും; അങ്ങേയ്ക്കനുവദിക്കുന്ന സമയത്ത് എനിക്കങ്ങോട്ട് ചോദ്യം ഉന്നയിക്കാൻ കഴിയുമോ? സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ലഹരി ഉപയോഗം അവസാനിപ്പിക്കുന്നതിന് എന്ത് നടപടിയാണ് നടക്കുന്നത്; ഇതിന്റെ നിയന്ത്രണം അവർക്കല്ലേ? എന്റെ കയ്യിൽ അതിന്റെ ലിസ്റ്റുണ്ട്. പത്തനംതിട്ട, തിരുവല്ല, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ എന്താണ് നടക്കുന്നത്; ആലപ്പുഴയിലുണ്ടായ സംഭവം അങ്ങേയ്ക്കറിയില്ലേ? അങ്ങയുടെ പാർട്ടി മൂന്നുദിവസം തുടർച്ചയായി കമ്മിറ്റി കൂടിയിട്ടുപോലും തീരുമാനമെടുക്കാൻ സാധിച്ചില്ല. അവസാനം ലഹരി കേസിലെ പ്രതിയായ ആൾ പറയുകയാണ്, വളരെ മര്യാദക്കാരായ മൂന്നുപേരും പ്രതികളാണെന്ന്. അതെന്തിനാണെന്ന് അറിയാമോ? ഇതിൽനിന്നും ഊരിക്കൊണ്ടുപോകാൻ. ഇതൊക്കെ വിശ്വസിച്ചല്ലേ നിങ്ങൾ നടക്കുന്നത്? അത് വിശ്വസിച്ച് നിയമസഭയിൽ ഉത്തരം പറയരുതെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. നമ്മുടെ നാട്ടിൽ ലഹരി ഉപയോഗം ഈ രൂപത്തിൽ മുന്നോട്ടുപോകുകയല്ലേ? പോലീസ് വകുപ്പിലെ 828 പേർ ക്രിമിനലുകളാണെന്ന് ഞാൻ പറഞ്ഞപ്പോൾ മുഖ്യമന്ത്രി എഴുന്നേറ്റ്

അതിനെ എതിർത്തു. രണ്ടുദിവസം കഴിഞ്ഞ് ഫയലുകൾ പരിശോധിച്ചപ്പോൾ 828 പേർ പ്രതികളാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. ഗവൺമെന്റ് എന്ത് ചെയ്തു; 50 പേരെ പിരിച്ചുവിടുമെന്ന് പറഞ്ഞിട്ട് എത്രപേരെ പിരിച്ചുവിട്ടു; 828 പേരിൽ 50 എന്നുപറയുമ്പോൾ എത്ര ശതമാനമാണ്; അത് യഥാർത്ഥ പ്രതികളല്ലേ? എന്നെ കുറ്റപ്പെടുത്തിയാലുടനെ രക്ഷപ്പെടുമെങ്കിൽ നിങ്ങൾ രക്ഷപ്പെട്ടോ. ഇവിടെ പ്രസംഗത്തിന്റെ ശൈലി പോകുന്നത് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തില്ലേ എന്നാണ്. എൽ.ഡി.എഫ്. വന്നിട്ട് ഇതിനെല്ലാം മാറ്റമുണ്ടാക്കുമെന്ന് പറഞ്ഞിട്ട് എന്ത് മാറ്റമാണുണ്ടായത്? ഒരു മാറ്റവുമില്ല. നിങ്ങൾ അതുമായെല്ലാം സന്ധിചെയ്ത് ഒരുമിച്ച് മുന്നോട്ടുപോയി. കുട്ടികൾക്കെതിരായി 22797 കേസുകളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിൽ 82267 കേസുകളും എടുക്കേണ്ടിവന്നില്ലേ? സ്ത്രീപീഡന കേസുകൾ സർവ്വകാല റെക്കോർഡാണ്. 21026 സ്ത്രീ പീഡനകേസുകൾ കേരളത്തിലുണ്ട്. ലഹരി ഉപയോഗിക്കാത്തവരാണ് അത് ചെയ്തതെന്ന് പറയാൻ കഴിയുമോ? അതിലെല്ലാം ലഹരി ഉപയോഗിക്കുന്നവരും ഉപയോഗിക്കാത്തവരുമുണ്ട്. ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കണ്ടേ? ഇതിൽ ശിക്ഷിക്കപ്പെട്ടത് 0.03 ശതമാനം മാത്രമാണെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ കാര്യം. അതിന്റെ

അർത്ഥമെന്താണ്? പ്രോസിക്യൂഷൻ ലെവലിലും ഇൻവെസ്റ്റിഗേഷനിലും കേസ് നടത്തിപ്പിലുമൊക്കെ പ്രതികൾ രക്ഷപ്പെട്ടിട്ടുണ്ട്. അതേസമയം 22000 കേസ്സെടുത്തില്ലേയെന്ന് ചോദിക്കും. പക്ഷേ തുച്ഛമായ ആളുകളെ മാത്രമാണ് ശിക്ഷിച്ചത്. അതിനെന്താണ് കാരണം? അതിന്റെ രഹസ്യം ജനങ്ങളോട് സർക്കാർ പറയണ്ടേ? പോലീസിലെ ക്രിമിനലുകൾക്കെതിരെ നടപടിയെടുക്കുമെന്ന് ഗവൺമെന്റ് പറയുന്നു.

മി. സ്പീക്കർ: പ്ലീസ്...... കൺക്ലൂഡ്..... അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി എടുത്ത സമയംകൂടി എനിക്ക് നൽകണം.

മി. സ്പീക്കർ: അങ്ങ് വഴങ്ങിയത് ചെയറിന്റെ കുഴപ്പമല്ലല്ലോ. അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയോട് ഞാൻ തർക്കിക്കാൻ തയ്യാറല്ല. അങ്ങ് വളരെ നീതിമാനാണ്. എന്നോടുംകൂടി ചെറിയ നീതി കാണിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

മി. സ്പീക്കർ: അടുത്ത അംഗത്തിനെ വിളിക്കുന്നത് അങ്ങയോടുള്ള അനാദരവായി മാറും. അതുകൊണ്ട് അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ആകെ 828 ക്രിമിനലുകളുണ്ടെന്ന് പറഞ്ഞു. പ്രതികളായ പോലീസുകാരിൽ ശിക്ഷിക്കപ്പെട്ടത് എത്ര പേരാണ്? കാര്യമായി ആരെയും ശിക്ഷിച്ചിട്ടില്ല. അപ്പോൾ പുറത്ത് പ്രകടനാത്മകമായി ഇക്കാര്യങ്ങളൊക്കെ ചെയ്യുകയാണ്. യു.ഡി.എഫ്. കാരണമാണ് ഈ കുഴപ്പമെന്നൊക്കെയുള്ള കുറേകാര്യങ്ങൾ പല അംഗങ്ങളും പറഞ്ഞു. ഞങ്ങളെ ഉപദേശിക്കാതെ നിങ്ങൾ നിങ്ങളെത്തന്നെ നോക്കണം. നിങ്ങൾ എന്താണെന്നുള്ളത് കണ്ണാടിയിൽ നോക്കണം. നിങ്ങളുടെ പ്രസ്ഥാനത്തിൽ വളർന്നുവരുന്ന അന്തകൻ വിത്തുകളുണ്ട്. നിങ്ങളവരെ കാര്യമായി പ്രോത്സാഹിപ്പിച്ചു. അവർ വന്നാൽ ഞങ്ങളെ പിടിക്കുമെന്നാണ് നിങ്ങൾ ധരിച്ചത്. ഇപ്പോൾ അവർ നിങ്ങളെത്തന്നെ വെട്ടിവിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ പ്രസ്ഥാനത്തിൽ വളർന്നുവരുന്ന അന്തകൻവിത്തിനെ നിങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയുന്നില്ല. അത് നിങ്ങളുടെ അന്ത്യമായിരിക്കുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ആധുനിക കേരളത്തിന്റെ വികസിത രൂപത്തെയാണ് നയപ്രഖ്യാപനത്തിലൂടെ കാണാൻ സാധിക്കുന്നത്. നവകേരള നിർമ്മിതിക്കുവേണ്ടി വിവിധ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങളെയും അതിന്റെ പുരോഗതിയെയും ഇതിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിന്റെ സമഗ്രവികസനത്തിന് സഹായകമായ രീതിയിൽ വിവിധ പദ്ധതികൾ നടപ്പാക്കിക്കൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് എല്ലാവർക്കുമറിയാം. ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിലെ 9, 10, 11 ഖണ്ഡികകൾ യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇന്നത്തെ നയത്തിനും നിലപാടിനുമെതിരെയുള്ള ശക്തവും പരോക്ഷവുമായ പ്രയോഗമാണെന്ന് മനസ്സിലാകും. ഭരണഘടനയെയും ഭരണഘടനാ സ്ഥാപനങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം, കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകേണ്ടതിന്റെ ആവശ്യകത, അതിൽനിന്ന് വ്യതിചലിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങൾ, അതിന്റെ ഫലമായി സംസ്ഥാനം അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ, കേരളത്തോടുള്ള അവഗണന ഇക്കാര്യങ്ങളാണ് പ്രസ്തുത ഖണ്ഡികകളിലെ വിശദാംശങ്ങളിലേയ്ക്ക് കടന്നാൽ കാണാൻ സാധിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് ഇത്തരം നയങ്ങൾ തുടരുമ്പോഴും അതിൽനിന്ന് വ്യത്യസ്തമായി 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തുടർച്ചയെന്ന നിലയ്ക്ക് 2021-ൽ വീണ്ടും അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് വിവിധ മേഖലകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും അതിന്റെ പുരോഗതിയുമാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാ വകുപ്പുകളെ സംബന്ധിച്ചും വിശദീകരിക്കാൻ സാധിക്കില്ല. എങ്കിലും കൃഷി, വ്യവസായം, ഉന്നതവിദ്യാഭ്യാസം, റവന്യൂ, ഭക്ഷ്യ-പൊതുവിതരണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയെന്ന നിലയ്ക്കാണെന്ന് പറയുമ്പോഴും അന്ന് പ്രാഥമികമായി കൃഷിക്കാരെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോയത്. അതുകൊണ്ടുതന്നെ കാർഷികമേഖലയിൽ പുതിയൊരു ഉണർവ് സൃഷ്ടിക്കാൻ ആ കാലഘട്ടത്തിൽ കഴിഞ്ഞിരുന്നു. അന്ന് കാർഷിക മേഖലയിലെ ഉല്പാദനത്തിനാണ് പ്രാധാന്യം കൊടുത്തിരുന്നതെങ്കിൽ ഇന്ന് ഉല്പാദനത്തോടൊപ്പം വിപണനത്തിനുവേണ്ടിയുള്ള സാധ്യതകൾകൂടി കണ്ടുകൊണ്ട് പരമാവധി കർഷകരെ സംരക്ഷിക്കാനുള്ള നടപടികളാണ്

സ്വീകരിക്കുന്നത്. രാജ്യവ്യാപകമായി കാർഷിക മേഖലയിലുണ്ടായിട്ടുള്ള ദുരന്തങ്ങളും കർഷകർ നടത്തിയ പ്രക്ഷോഭങ്ങളും അത് കേന്ദ്രസർക്കാരിനെ മൂക്കുകയറിട്ട് പിടിക്കാനാവശ്യമായ രീതിയിലേയ്ക്ക് വളർന്നുവന്നതുമെല്ലാം രാജ്യം കണ്ടതാണ്. അതിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് കർഷകരുടെ രക്ഷയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. രാജ്യവ്യാപകമായി ലക്ഷക്കണക്കിന് കൃഷിക്കാർ മരിച്ചുവീഴുന്ന സന്ദർഭത്തിൽ കേരളത്തിലെ കർഷകരെ രക്ഷിക്കാൻവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടികളും അതിന്റെ പ്രവർത്തനങ്ങളും പ്രശംസനീയമാണ്. വ്യാവസായിക മേഖലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുവേണ്ടി ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനമെടുക്കുകയും ഒരു ലക്ഷം സംരംഭങ്ങൾ എന്നതിനുപകരം ഏതാണ്ട് ഒന്നേകാൽ ലക്ഷം സംരംഭങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഇത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിച്ചതിന്റെ ഭാഗമായി 267196 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. 2016 മുതൽ 2021 വരെ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തി. അതിന്റെ പുരോഗതി എത്രയാണെന്ന് എല്ലാവർക്കുമറിയാം. ആ

കാലയളവിൽ ഏതാണ്ട് 3000-4000 കോടി രൂപ ഈ മേഖലയിലെ ഭൗതികസാഹചര്യങ്ങൾക്കായി ചെലവഴിച്ചു. അതിന്റെ ഫലമായി പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് 11 ലക്ഷത്തിലധികം വിദ്യാർത്ഥികൾ വന്നുചേർന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനപരമായ മാറ്റം വരുത്താനും പ്രത്യേകിച്ച് പുതിയ കോഴ്സുകളും അതിന്റെ പ്രവർത്തനങ്ങളും വൈജ്ഞാനിക മേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങളും നടപ്പാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയെന്നുള്ള രീതിയിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് നിരവധി കാര്യങ്ങൾ നടപ്പാക്കാൻ തുടക്കം കുറിക്കുകയും ആ പ്രവർത്തനങ്ങൾ പുരോഗതിയോടെ മുന്നോട്ടുപോകുകയുമാണ്. ഇന്നത്തെ ചോദ്യോത്തരവേളയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പറഞ്ഞ കാര്യം എല്ലാവരും ഓർക്കുന്നുണ്ടാകും. കേന്ദ്രത്തിൽനിന്നും അനുവദിച്ച് കിട്ടിയ ഭക്ഷ്യധാന്യത്തിന്റെ അളവും അത് പൂർണ്ണമായും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ സാധിക്കാത്തതും ഏതാണ്ട് 57 ശതമാനത്തോളം വരുന്നവരെ മുൻഗണനാ വിഭാഗത്തിൽനിന്ന് മാറ്റിനിർത്തിയതും കേന്ദ്ര സർക്കാർ കേരളത്തോട് എടുത്തിട്ടുള്ള സമീപനത്തിന്റെ ഫലമാണ്. മുൻഗണനാ വിഭാഗത്തിൽപ്പെട്ട

അനർഹരായവരെ ഒഴിവാക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 172000 പേരെ ഒഴിവാക്കാൻ കഴിഞ്ഞു; അല്ലെങ്കിൽ അവർ സ്വമേധയാ ഒഴിവായി. ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ നേരിട്ടുള്ള ഇടപെടലിന്റെ ഭാഗമായി 234000 പേർക്ക് മുൻഗണനാ കാർഡുകൾ വിതരണം ചെയ്യാൻ സാധിച്ചു. 50000 പേർക്കുകൂടി മുൻഗണനാ കാർഡുകൾ വിതരണം ചെയ്യുമ്പോൾ അത് 284000 ആകും. അർഹരായവരെ കണ്ടെത്തി അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്യാൻ ഒരു ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുന്ന നടപടി ഇതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യ 100 ദിനത്തിൽ പതിമൂവായിരത്തി ചില്വാനം പട്ടയങ്ങളും രണ്ടാമത്തെ 100 ദിനത്തിൽ 41000 പട്ടയങ്ങളുമുൾപ്പെടെ 54535 പട്ടയങ്ങൾ വിതരണം ചെയ്തു. അതിന്റെ തുടർപ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ ഗവൺമെന്റ് 177011 പേർക്ക് പട്ടയം കൊടുത്തു. ഏകദേശം 990-ലധികം വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി. മാത്രമല്ല ഡിജിറ്റൽ സർവ്വേയിലേയ്ക്ക് കടക്കാനും ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി കേരളത്തിൽ വരുത്തേണ്ട പരിപൂർണ്ണമായ അതിർത്തിനിർണ്ണയമുൾപ്പെടെ നടത്താനുമുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇപ്പോൾ 200 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ

നടക്കുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. ആരോഗ്യമേഖലയിൽ സർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കാരങ്ങളും നേട്ടങ്ങളും വളരെ വലുതാണ്. ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നിരവധി പുരസ്കാരങ്ങൾ ആരോഗ്യമേഖലയ്ക്ക് ലഭിച്ചു. ഒരുപക്ഷേ അത് തുടർച്ചയായി വന്നിട്ടുള്ള പുരോഗതിയുടെ ഭാഗമായാകാം. ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, ദേശീയതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 10 സർവ്വകലാശാലകളിൽ കേരള സർവ്വകലാശാല A++ എന്ന ഗണത്തിൽ ഉൾപ്പെട്ടത് അഭിമാനകരമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്തും മറ്റ് മേഖലകളിലുമുണ്ടായിട്ടുള്ള പുരോഗതി നിരവധിയാണ്. അതീവദുർബ്ബല വിഭാഗങ്ങളുടെ പ്രശ്നത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വികസന അജണ്ടയുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. അതിദരിദ്രരെ കണ്ടെത്താൻ നടത്തിയ സർവ്വേയിലൂടെ 64006 അതിദരിദ്ര കുടുംബങ്ങൾ കേരളത്തിലുണ്ടെന്ന് കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. അവരെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി കുടുംബശ്രീ സംവിധാനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും സഹകരിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ആ

പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ടെന്നാണ് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. 2016-ൽ ആരംഭിച്ച ലൈഫ് മിഷന്റെ ആഭിമുഖ്യത്തിൽ 322922 വീടുകളും നാല് ബഹുനില സമുച്ചയവും പൂർത്തിയാക്കി. അവശേഷിക്കുന്നവർക്ക് വീടുകൾ നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കാൻ അഞ്ച് വർഷംകൊണ്ട് 20 ലക്ഷം തൊഴിലുകൾ സൃഷ്ടിക്കുന്നതിന് 'കേരള നോളജ് ഇക്കോണമി മിഷൻ' എന്ന ബൃഹത്തായ പരിപാടി ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നത് കേരളത്തിലെ ചെറുപ്പക്കാർക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ മാതൃ-ശിശു മരണ നിരക്ക്, ഏറ്റവും കൂടിയ ആയുർദൈർഘ്യം, ഏറ്റവും മികച്ച ലിംഗാനുപാതം എന്നിവ ആരോഗ്യ കേരളത്തിന്റെ മികവിനെയാണ് സൂചിപ്പിക്കുന്നത്. എല്ലാ സൗകര്യങ്ങളും ഒരേ നിലവാരത്തിലാക്കി രോഗികൾക്ക് ഗുണമേന്മയുള്ള ആരോഗ്യരക്ഷാ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആർദ്രം മിഷൻ 2-ന്റെ ആഭിമുഖ്യത്തിൽ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഗ്രാമീണ മേഖലയിലെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രത്യേകിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

മെച്ചപ്പെട്ടുവരുന്നുണ്ട്. ഇത്തരത്തിൽ ആരോഗ്യമേഖലയിൽ വലിയതോതിലുള്ള മാറ്റങ്ങളാണ് നടത്തിയിട്ടുള്ളത്. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിൽ പുറപ്പെടുവിച്ച സാമൂഹിക പുരോഗതി സൂചികയിൽ കേരളമാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളിൽ ദേശീയതലത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായാണ് കേരള ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ സാധിക്കും. പോഷകാഹാര ലഭ്യതയില്ലാത്ത ആരോഗ്യ പരിചരണങ്ങളും മറ്റും നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമ മേഖലയുടെയും ആരോഗ്യ മേഖലയുടെയും ശിശുക്ഷേമ പദ്ധതിയുടെയും ഭാഗമായി നടക്കുകയാണ്. സംസ്ഥാനത്തെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകാനും അവർക്കാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കാനുമുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ട് ഗവൺമെന്റ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും പിന്നാക്കാവസ്ഥയിൽനിന്നും മാറി സഞ്ചരിക്കുന്നതുകൊണ്ട് ദേശീയതലത്തിൽ ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കുന്ന നയത്തിൽനിന്നും വ്യത്യസ്തമായ ബദൽ നയമാണെന്ന് ചൂണ്ടിക്കാണിക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാമ്പത്തിക പരാധീനതകളും പരിമിതികളുമുണ്ട്. എന്നാൽ

സാമ്പത്തിക പരിമിതികൾക്കകത്തുനിന്നുകൊണ്ട് അവശ്യംവേണ്ട കാര്യങ്ങൾ നിർവ്വഹിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന് മാത്രമല്ല, സാമ്പത്തിക രംഗത്തെ പരാധീനതകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽനിന്നും വ്യത്യസ്തമായ നയം നടപ്പാക്കി മുന്നോട്ടുപോകുന്ന സംസ്ഥാന ഗവൺമെന്റിന് ജനങ്ങളുടെ പിന്തുണയും സഹായവുമുണ്ടാകുമെന്ന പ്രതീക്ഷയുണ്ടെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇവിടെ നന്ദിപ്രമേയം കേവലമൊരു ചടങ്ങായി മാറി. ഈ ഗവൺമെന്റിന് ഒരു പ്രതീക്ഷയും സ്വപ്നവുമില്ലെന്ന് ഇതിൽനിന്നും വ്യക്തമാണ്. കടത്തിൽ മുങ്ങി ജപ്തിഭീഷണി നേരിടുന്ന തറവാട്ടുകാരണവരുടെ ആത്മഗതം പോലെയാണ് ഈ നന്ദിപ്രമേയം. ശ്രീ. എ. സി. മൊയ്തീൻ നന്ദിപ്രമേയം അവതരിപ്പിച്ച് സംസാരിച്ചപ്പോൾ നിരവധി കാര്യങ്ങളിൽ കേരളം ഒന്നാമതാണെന്ന് പറഞ്ഞു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ശ്രീ. പിണറായി വിജയൻ ഭരിക്കുന്നതുകൊണ്ടല്ല കേരളത്തിൽ മഴ കൂടുതൽ ലഭിക്കുന്നത്. അത് അന്നും

ഇന്നും അങ്ങനെതന്നെയാണ്. ശ്രീ. പിണറായി വിജയൻ ഭരിക്കുന്നതുകൊണ്ടാണ് കേരളത്തിൽ കൂടുതൽ മഴ ലഭിക്കുന്നതെന്ന് പറയാതിരുന്നത് നന്നായി. ഇതുപോലെ തരംതാഴ്ന്ന വിധത്തിലാണ് പല കാര്യങ്ങളും ഭരണപക്ഷത്തുള്ളവർ പറയുന്നത്. എല്ലാ കാര്യത്തിലും കേരളം ഒന്നാമതാണെന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് നിങ്ങൾക്ക് പറയാൻ സാധിക്കുമോ; നിങ്ങളുടെ പാർട്ടി യോഗത്തിൽ എന്താണ് നടക്കുന്നതെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ ചോദിച്ചല്ലോ? നിങ്ങളെല്ലാം ഞങ്ങളുടെ പക്ഷത്താണെന്നറിയാം. ഇടതുപക്ഷ പാർലമെന്ററി പാർട്ടി യോഗത്തിൽ തള്ളുമാത്രമേ നടക്കുന്നുള്ളൂവെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞപ്പോൾ നിങ്ങളെല്ലാവരും കയ്യടിച്ചു. നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പുകിലായിരുന്നു. പഴയൊരു സിനിമയിലെ ഡയലോഗാണ് എനിക്ക് ഓർമ്മ വരുന്നത്, മലപ്പുറം കത്തി, മെഷീൻ ഗൺ, ബോംബ്; അവസാനം തിലകൻ ചേട്ടൻ പറഞ്ഞതുപോലെ 'പവനായി ശവമായി' അല്ലേ? 'ഗവർണർ ആർ.എസ്.എസ്.-ന്റെ ഏജന്റാണ്, രാജാവാകാൻ ശ്രമിക്കുകയാണ്, ഗവർണറെ കൊണ്ടുവരാതെ, നയപ്രഖ്യാപനം നടത്താതെ ഡിസംബറിലെ സമ്മേളനം നീട്ടിക്കൊണ്ടുപോകും' എന്നൊക്കെ പറഞ്ഞല്ലോ; എല്ലാം തീർന്നല്ലോ;

അവസാനം ആ വീരസ്യങ്ങളൊക്കെ അവസാനിച്ചു, നിങ്ങൾ തമ്മിൽ സന്ധിയായി. നിങ്ങൾ ബി.ജെ.പി.-യുമായി സന്ധിയാകും, ഭരണം നിലനിർത്താൻ ആർക്കുമുന്നിലും കീഴടങ്ങും എന്ന അവസ്ഥയാണ്. നയപ്രഖ്യാപനത്തിൽ കേന്ദ്ര സർക്കാരിനെതിരെ മൂർച്ചയേറിയ ഒരു പ്രയോഗം പോലുമില്ല. ഇവിടെ ബി.ജെ.പി.-ക്ക് ബദലാണ് സി.പി.ഐ.(എം). നിങ്ങൾ തമ്മിൽ കാട്ടിക്കൂട്ടുന്നതെല്ലാം ഒത്തുകളിയാണ്. ബി.ജെ.പി.-ക്ക് ഒരു പ്രയാസം വരുമ്പോൾ സഹായത്തിന് നിങ്ങൾ വരും. അതുകൊണ്ടാണ് ലോക്സഭാ തെരഞ്ഞെടുപ്പിന് കേവലം മാസങ്ങൾ മാത്രം ബാക്കിയുള്ളപ്പോൾ മൂന്നാം മുന്നണിയുടെ പേരുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെലുങ്കാനയിലേയ്ക്ക് പോയത്. അവിടെ ഇപ്പോൾ മൂന്നാം മുന്നണിയുടെ പ്രസക്തിയെന്താണ്? ഇന്നത്തെ സാഹചര്യത്തിൽ ബി.ജെ.പി.-യും ബി.ജെ.പി. വിരുദ്ധരും ഒന്നിച്ച് പ്രവർത്തിച്ചാൽ മാത്രമേ രാജ്യത്തെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ കോൺഗ്രസ്സിനെ ദുർബ്ബലപ്പെടുത്താനാണ് മൂന്നാം മുന്നണിയെന്ന് പറയുന്നത്. അതിന്റെ ഗുണഭോക്താക്കൾ ബി.ജെ.പി. ആണ്. ശ്രീ. കെ. ചന്ദ്രശേഖർ റാവുവിനും ശ്രീ. അരവിന്ദ് കെജ്രിവാളിനും കേന്ദ്രത്തിൽ ആര് ഭരണത്തിൽ വന്നാലും കുഴപ്പമില്ല, അവരുടെ സംസ്ഥാനം നന്നായി നടന്നാൽ മതിയെന്നാണ്.

എന്നാൽ, ആ മാനസികാവസ്ഥയിലേയ്ക്ക് ശ്രീ. പിണറായി വിജയന് പോകാൻ സാധിക്കുമോ; ഇത് കമ്മ്യൂണിസമാണോ? ശ്രീ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്രയുടെ സമാപന സമ്മേളനത്തിൽ സി.പി.ഐ.(എം) ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിക്ക് പങ്കെടുക്കണമെന്നുണ്ടായിരുന്നു. അതിന് നിങ്ങൾ അനുവദിച്ചില്ല. കേരളത്തിലുള്ളവർ നിർബന്ധം പിടിച്ചതല്ലേ; കോൺഗ്രസ്സിന്റെ നയങ്ങളോടാണ് നിങ്ങൾക്ക് എതിർപ്പുള്ളതെങ്കിൽ അത് ത്രിപുരയിൽ സാധിക്കുമോ? ത്രിപുരയിൽ കോൺഗ്രസ്സുമായി സഖ്യമുണ്ടാക്കി ഒരുമിച്ചല്ലേ മത്സരിക്കുന്നത്; അത് പശ്ചിമ ബംഗാളിൽ സാധിച്ചല്ലോ; എന്നാൽ ലോക്സഭയുടെ കാര്യം വരുമ്പോൾ ബി.ജെ.പി.-യെ സഹായിക്കുകയാണ്. ഈ നയം കമ്മ്യൂണിസമാണോ; മാർക്സിസമാണോ? ഈ നയം പിണറായിസമാണെന്ന് ഞാൻ പറയും. ഇത് ബി.ജെ.പി.-യെ സഹായിക്കുന്നതിനുള്ള സമീപനമാണ്. എത്ര മോശപ്പെട്ട, അർത്ഥശൂന്യമായ കാര്യങ്ങളാണ് ഭരണപക്ഷത്തുള്ളവർ ചർച്ചാവേളയിൽ പറഞ്ഞത്. ശ്രീ. എ. കെ. ആന്റണിയുടെ മകന്റെ പ്രസ്താവന പറഞ്ഞ് കോൺഗ്രസ്സിനെ ബി.ജെ.പി.-യുമായി കൂട്ടിക്കെട്ടുകയാണ്. ശ്രീ. അനിൽ ആന്റണിയെ കോൺഗ്രസ് ആ സമയത്ത് തള്ളിപ്പറഞ്ഞില്ലേ; നല്ല തേന്മാവിന്റെ ചുവട്ടിലും

ചില പാഴ്ച്ചെടികളൊക്കെ വളരും. പുത്രന്മാരുടെ വർത്തമാനങ്ങൾക്ക് പിതാവിന്റെ വിശുദ്ധിയെ നഷ്ടപ്പെടുത്താൻ സാധിക്കുമോ; അതിന്റെ പേരിൽ ശ്രീ. എ. കെ. ആന്റണിയെയോ കോൺഗ്രസ്സിനെയോ കുറ്റപ്പെടുത്താൻ സാധിക്കുമോ? കോൺഗ്രസ്സും യൂത്ത് കോൺഗ്രസ്സും പ്രതിപക്ഷനേതാവുമൊക്കെ നഖശിഖാന്തം എതിർക്കുകയും അയാൾ കോൺഗ്രസ്സിൽനിന്നും പുറത്തുപോകുകയും ചെയ്തു. അതിന്റെ പേരുപറഞ്ഞ് കോൺഗ്രസ്സും ബി.ജെ.പി.-യും ഒരുപോലെയാണെന്ന് പറയുന്നത് ആരെ സഹായിക്കാൻവേണ്ടിയാണ്? എന്റെ സ്നേഹിതൻ, മുൻ റവന്യൂ വകുപ്പുമന്ത്രി, ശ്രീ. ഇ. ചന്ദ്രശേഖരൻ പ്രസംഗിച്ച് തീരുന്നതുവരെ അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ സാകൂതം ശ്രദ്ധിച്ചു. കാരണം, അദ്ദേഹം ഒരു വാക്ക് പറയുമോയെന്ന് ശ്രദ്ധിച്ചു. 'ഇതാണ് ഏറ്റവും വലിയ ബദൽ' എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തോട് കാട്ടിയ ഒരു ബദലുണ്ട്, അദ്ദേഹത്തെ ആക്രമിച്ച ബി.ജെ.പി.-ക്കാരെ രക്ഷിക്കാൻ പരസ്പരധാരണയിൽ സി.പി.ഐ.(എം) കൂറുമാറിക്കൊടുത്തു. സി.പി.ഐ.(എം)-ബി.ജെ.പി. അന്തർധാര സംസ്ഥാനത്ത് വളരെ വ്യക്തമാണ്. സംസ്ഥാനത്ത് വലിയ ബദലാണ് നടത്തുന്നതെന്നും അതിലാണ് ഇന്ത്യയുടെ പ്രതീക്ഷയെന്നുമാണ് അപ്പുറത്തുള്ളവർ പറഞ്ഞുനടക്കുന്നത്. പാർലമെന്റിൽ ഞങ്ങളുടെ പാർട്ടിക്കും

നിങ്ങളുടെ പാർട്ടിക്കും മൂന്നംഗങ്ങൾ വീതമാണുള്ളത്. നമ്മൾ രണ്ടുകൂട്ടരുംകൂടി ബദലുണ്ടാക്കാൻ പോയാൽ നടക്കുമോ? ഞങ്ങളും നിങ്ങളും വിചാരിച്ചാൽ ബദലുണ്ടാവില്ലെന്ന കാര്യം മനസ്സിലാക്കണം. ഇന്ത്യയിൽ മാസങ്ങൾ കഴിഞ്ഞാൽ ലോക്സഭ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. നമുക്ക് ശ്രീ. നരേന്ദ്ര മോദിയെ തോൽപ്പിക്കണം. പക്ഷേ, ശ്രീ. നരേന്ദ്ര മോദിയെ സഹായിക്കാനായി കള്ളച്ചൂത് വയ്ക്കരുതെന്ന് മാത്രമാണ് നിങ്ങളോട് സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തികാവസ്ഥ എന്താണ്; നയപ്രഖ്യാപനത്തിൽ സർക്കാരിന് ഒരു സ്വപ്നംപോലും പങ്കുവയ്ക്കാൻ കഴിയാതെപോയത് എന്തുകൊണ്ടാണ്? ഖജനാവ് കാലിയാണ്, പലിശ കൊടുത്ത് മുടിയുകയാണ്. സർക്കാരിന്റെ സാമ്പത്തിക നയത്തിന്റെ ഏറ്റവും വലിയ പോരായ്മയാണിത്. കേരളത്തിന്റെ പൊതുകടം 4 ലക്ഷം കോടി രൂപയിലേയ്ക്ക് കുതിക്കുകയാണ്. അങ്ങനെ പൊതുകടം വർദ്ധിക്കുമ്പോഴും ധൂർത്തിന് യാതൊരു കുറവുമില്ല, അത് നിർബാധം തുടരുകയാണ്. ക്ലിഫ് ഹൗസിലെ തൊഴുത്തിനെക്കുറിച്ചും പഴയ ഭരണപരിഷ്കാര കമ്മീഷനെക്കുറിച്ചും പറയുന്നില്ല. ശ്രീ. കെ. വി. തോമസിന് കോൺഗ്രസ്സിൽനിന്ന് എല്ലാം കിട്ടിയതിനുശേഷം വയസ്സുകാലത്ത് സി.പി.ഐ.(എം)-നോടൊപ്പം കൂടിയപ്പോൾ അദ്ദേഹത്തിന് ഒരു പദവി

നൽകി. അദ്ദേഹത്തിന്റെ പൂർവ്വികനായി ലോക്സഭാ തെരഞ്ഞെടുപ്പിൽ ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിൽനിന്നും പരാജയപ്പെട്ട ശ്രീ. എ. സമ്പത്തിനെ ഡൽഹിയിൽ ലെയ്സൺ ഓഫീസറായി നിയമിച്ചു. അതിനായി സംസ്ഥാന ഖജനാവിൽനിന്ന് ഏഴരക്കോടി രൂപയാണ് ചെലവഴിച്ചത്. ശ്രീ. എ. സമ്പത്ത് രണ്ടര കൊല്ലം ലെയ്സൺ ഓഫീസറായി ഇരുന്നതുകൊണ്ട് എന്ത് ഗുണമാണ് കിട്ടിയത്; ശ്രീ. കെ. വി. തോമസ് ഇരുന്നാൽ എന്താണ് കിട്ടാൻ പോകുന്നത്? ആളുകൾക്കുവേണ്ടി പദവികൾ സൃഷ്ടിക്കുക, ധൂർത്ത് നിർബാധം തുടരുക എന്നിവയാണ് നടക്കുന്നത്. ഭരണപരിഷ്കാര കമ്മീഷന്റെ കാര്യങ്ങളും ക്ലിഫ് ഹൗസിലെ തൊഴുത്ത് മുതൽ സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ കാര്യങ്ങളുംവരെ പറയാനുണ്ടെങ്കിലും സമയപരിമിതികൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ഇങ്ങനെയൊക്കെ കാലിയായ ഖജനാവാണെങ്കിലും നിങ്ങളുടെ അഹങ്കാരത്തിന് യാതൊരു കുറവുമില്ല. യൂത്ത് ലീഗിന്റെ പ്രവർത്തകർ എന്ത് തെറ്റാണ് ചെയ്തത്? ഇവിടെ നടക്കുന്ന ലഹരി കടത്തിനെക്കുറിച്ചും ക്രമസമാധാന തകർച്ചയെക്കുറിച്ചുമുള്ള ചില യാഥാർത്ഥ്യങ്ങൾ അവർ വിളിച്ചു പറഞ്ഞു. അതിന് അവരെ അറസ്റ്റ് ചെയ്തില്ലേ; യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി. കെ. ഫിറോസിനെ അറസ്റ്റ് ചെയ്തതിന് പ്രകടനം

നടത്തിയവർക്കെതിരെ പോലും കേസെടുത്തില്ലേ; അക്രമവും സംഘട്ടനവും നടത്താത്ത പാർട്ടിയാണോ നിങ്ങളുടേത്? പ്രതിഷേധത്തിന്റെ പേരിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ കസേര തകർത്തവരാണ് നിങ്ങൾ. പ്രതിഷേധിക്കുന്നവരുടെ വായടപ്പിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. യൂത്ത് ലീഗിനെ അളക്കുന്നതിൽ നിങ്ങൾക്ക് തെറ്റി. അത് കുറച്ച് വീര്യംകൂടിയ കുട്ടികളാണ്. അവർ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ലഹരി കടത്തിനെതിരെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി അപ്പോൾത്തന്നെ ഇടപെട്ട് സംസാരിച്ചു. കുട്ടികളെ വെയിലത്ത് നിർത്തി പ്രതിജ്ഞ ചൊല്ലിപ്പിച്ചാൽ ലഹരി ഉപയോഗം അവസാനിപ്പിക്കാൻ കഴിയുമോ? ഇല്ല. അത് അവസാനിപ്പിക്കണമെങ്കിൽ നിങ്ങളുടെ പാർട്ടി തീരുമാനിക്കണം. കാരണം എല്ലായിടത്തും ലഹരി മാഫിയയുമായി ബന്ധമുള്ളത് നിങ്ങൾക്കാണ്. ഏറ്റവും അവസാനം ലഹരി കടത്തുമായി ബന്ധപ്പെട്ട് ആരോപണവിധേയനായ ആലപ്പുഴയിലെ എ. ഷാനവാസ് പാർട്ടിയുടെ അടുത്തയാളാണ്. ചില ബഹുമാന്യരായ മന്ത്രിമാരാണ് അതിന് മദ്ധ്യസ്ഥം പറയാൻ നിൽക്കുന്നത്. വയനാട്ടിലെ ലഹരി മാഫിയയെ പിടിച്ചപ്പോൾ ആരെയാണ് കണ്ടത്? തുടർഭരണത്തിൽ മതിമറന്ന് മാഫിയകൾക്ക് പിന്തുണ കൊടുക്കുന്ന സി.പി.ഐ.(എം)

നയമാണ് സംസ്ഥാനത്ത് ഇന്നുള്ള പ്രശ്നം. അല്ലാതെ അഞ്ചും ആറും വയസ്സുള്ള കുട്ടികളെക്കൊണ്ട് പ്രതിജ്ഞയെടുപ്പിച്ചിട്ട് ഒരു കാര്യവുമില്ല. അവരാരും ഇക്കാര്യത്തിൽ ഒരു തെറ്റും ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ എല്ലാ അർത്ഥത്തിലും കേരളത്തിനുതകുന്ന ഒരു കാര്യവും നയപ്രഖ്യാപനത്തിലൂടെ പറയാനോ പ്രതീക്ഷകൾ പങ്കുവയ്ക്കാനോ സാധിച്ചിട്ടില്ല. കേരളത്തിലെ എല്ലാ രംഗവും മുരടിച്ച് ഭരണസ്തംഭനം സംജാതമായിരിക്കുകയാണ്. അവിടെ ഞങ്ങൾ ശ്രീ. കെ. ബി. ഗണേഷ് കുമാറിനും നിങ്ങൾക്കുമൊപ്പമാണ്. കാരണം ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതിന് കയ്യടിച്ചവരാണ് നിങ്ങൾ. കേരളത്തെ രക്ഷിക്കാനുതകുന്ന തരത്തിലുള്ള നയപ്രഖ്യാപനം അവതരിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ വരുന്നത് മലയോര മണ്ഡലത്തിൽ നിന്നാണ്. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ പറഞ്ഞ പ്രശ്നങ്ങൾ ആവർത്തിച്ച് പറയുകയാണ്. മണ്ണാർക്കാട് പ്രദേശത്തെ വീടുകളിലെ കോഴിക്കൂട്ടിൽ പുലി വരുന്ന കാലമാണ്. അതുകൊണ്ട് വനം വകുപ്പ് ജാഗ്രതയോടുകൂടി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**ശ്രീ. ജോബ് മൈക്കിൾ**: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നയപ്രഖ്യാപനത്തിന്റെ 105-ാം ഖണ്ഡിക വായിച്ചുനോക്കുന്നത് നന്നായിരിക്കും. അതിൽ കേരള ഗവൺമെന്റ് ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അദ്ദേഹം കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് കേരളത്തിൽ പോലീസും ക്രിമിനലുകളുമൊക്കെയുണ്ടായിരുന്നു. എന്നാൽ, ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽപോലും നടപടിയെടുത്ത് ഒപ്പിട്ട ചരിത്രം അദ്ദേഹത്തിനില്ല. അദ്ദേഹം നല്ല മനുഷ്യനും എല്ലാവരെയും അഭിനന്ദിക്കുന്ന ആളുമാണ്. അദ്ദേഹം തീർച്ചയായും ഇപ്പോഴത്തെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയെ അഭിനന്ദിക്കേണ്ടതായിരുന്നു. അദ്ദേഹം മന്ത്രിയായി ചുമതലയേറ്റെടുത്തതിന്റെ രണ്ടാമത്തെ ദിവസംതന്നെ ലഹരിക്കെതിരെ പോരാടാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടി ശക്തമായ നടപടിയെടുത്തു. 'യോദ്ധാവ് 'എന്ന പദ്ധതി അവതരിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നമ്മൾ അഭിനന്ദിക്കണം. ലഹരി ഈ കാലഘട്ടത്തിൽ ഉണ്ടായതാണോ? കാലാകാലങ്ങളായി കേരളത്തിൽ ലഹരിയുടെ വിൽപ്പനയും ഉപയോഗവും ഒരുപോലെ നടക്കുന്നുണ്ട്. പക്ഷേ, കുട്ടികളെയും പൊതുജനങ്ങളെയും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും കേരളത്തിലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ഒന്നിച്ചുചേർത്തുകൊണ്ട് ലഹരിക്കെതിരെ പദ്ധതി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് മാത്രമേ സാധിച്ചിട്ടുള്ളൂവെന്ന് അഭിമാനപൂർവ്വം പറയുകയാണ്. ഈ സാഹചര്യത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അഭിനന്ദിക്കേണ്ടതായിരുന്നു. പക്ഷേ, അതിന് അദ്ദേഹം തയ്യാറായില്ലെന്നുള്ളത് വിഷമത്തോടെ ഞാൻ പറയുകയാണ്. അതോടൊപ്പം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ മന:പ്പായസമുണ്ടു. അത് എന്താണ്? ഗവർണർ വരില്ല, അദ്ദേഹം പ്രസംഗിക്കില്ല ഇതെല്ലാം അലങ്കോലപ്പെട്ടുപോകും എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. എന്നാൽ ആ സ്വപ്നം പാളിപ്പോയി, അദ്ദേഹത്തിന്റെ വാക്കുകളിൽ ആ നിരാശയാണ് പ്രതിഫലിച്ചത്. ശ്രീ. എ. കെ. ആന്റണിയുടെ മകൻ ശ്രീ. അനിൽ ആന്റണിയെ 'പാഴ്ച്ചെടി' എന്നാണ് വിളിച്ചത്. പക്ഷേ, ഞങ്ങൾ ഇന്നും ശ്രീ. എ. കെ. ആന്റണിയെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നവരാണ്. അദ്ദേഹം കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയും സംസ്ഥാനത്തിനും രാജ്യത്തിനും നല്ല സംഭാവനകൾ ചെയ്തയാളുമാണ്. അദ്ദേഹത്തിന്റെ മകനെ പാഴ്ച്ചെടിയെന്ന് വിളിച്ചപ്പോൾ ദുഃഖമാണ് തോന്നിയത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]

ബഡ്ജറ്റിനെപ്പറ്റി സംസാരിക്കുന്നവർ സംസ്ഥാനത്ത് വലിയ കടമാണെന്ന് പറയുന്നുണ്ടല്ലോ. കെ. എം. മാണി അദ്ദേഹത്തിന്റെ ബഡ്ജറ്റ് മിച്ച ബഡ്ജറ്റാണെന്ന് പറഞ്ഞ് നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ അത് മിച്ച ബഡ്ജറ്റല്ല, കമ്മിയാണെന്ന് പറഞ്ഞത് അദ്ദേഹത്തിന്റെകൂടെ മന്ത്രിയായിരുന്നവരും മുഖ്യമന്ത്രിയായിരുന്നയാളുമാണ്. അവർ അന്ന് അദ്ദേഹത്തെ ക്രൂശിച്ചുകൊണ്ട് ഇത് കമ്മി ബഡ്ജറ്റാണ് മിച്ച ബഡ്ജറ്റല്ല, ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് തെറ്റാണ് എന്നുപറഞ്ഞപ്പോൾ കെ. എം. മാണി കേന്ദ്ര സർക്കാരിന്റെ കത്ത് സഭയുടെ മേശപ്പുറത്തുവച്ച് അവരെ തിരുത്തിക്കൊണ്ട് മിച്ച ബഡ്ജറ്റാണെന്ന് പറഞ്ഞു. ഇവിടെ കടത്തിന്റെ കാര്യം പറയുകയുണ്ടായി, പ്രതിപക്ഷം കിഫ്ബിക്കെതിരെ എന്തെല്ലാമാണ് പറഞ്ഞത്; കിഫ്ബി ആർക്കുവേണ്ടിയാണ്? ഇന്ന് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും കിഫ്ബിയുടെ പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഓരോ വർഷവും കിഫ്ബിയിൽക്കൂടി നടപ്പാക്കിയ പദ്ധതികളുടെയും അതിന്റെ തുകയുടെയും കൃത്യമായ കണക്കുണ്ട്. 20,000 കോടി രൂപ സ്ഥലമെടുക്കാൻ കിഫ്ബി കൊടുത്തുവെന്ന് പറയുമ്പോൾ അതിന്റെ പ്രാധാന്യം മനസ്സിലാകും. നിയമസഭയിൽ

കിഫ്ബിക്കെതിരെ എത്രമാത്രം സമയമെടുത്ത് പ്രതിപക്ഷം പ്രസംഗിച്ചു, എത്രയോ കാര്യങ്ങൾ പറഞ്ഞ് വാക്കൗട്ട് നടത്തി. എന്നാൽ ഇന്ന് 140 നിയോജകമണ്ഡലങ്ങളിലും കിഫ്ബി പ്രവൃത്തികൾ നടക്കുമ്പോൾ കുറ്റപ്പെടുത്താൻ സാധിക്കുമോ? 73908 കോടി രൂപയുടെ അടങ്കൽ തുകയിൽ ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള 993 പദ്ധതികൾ നടപ്പാക്കുകയും 27620 കോടി രൂപ മൂല്യം വരുന്ന 593 പദ്ധതികൾ ടെണ്ടർ ചെയ്യുകയും 6201 കോടി രൂപ മൂല്യം വരുന്ന 120 പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. എന്നിട്ടും നിങ്ങൾ കിഫ്ബിക്കെതിരെ പ്രസംഗിക്കുന്നത് എന്തിനാണ്? കേരളത്തിൽ മെഡിസെപ് വന്നാൽ അത് നടപ്പാക്കാൻ സമ്മതിക്കില്ലെന്ന് പറയുകയും അതിനെതിരെ സമരം ചെയ്യുകയും ചെയ്തവരാണ് നിങ്ങൾ. ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തികൊണ്ട് മെഡിസെപ് നടപ്പാക്കി. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ന് 30 ലക്ഷം അംഗങ്ങളുള്ള, കേരളത്തിലെ എല്ലാ ജനങ്ങളും അംഗീകരിക്കുന്ന ഒരു പദ്ധതിയായി അത് മാറിക്കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. വിഹിതം വെട്ടിക്കുറച്ചിട്ടും കേന്ദ്രം ചെയ്തത് ശരിയല്ലെന്ന് പറയാനുള്ള ആർജ്ജവം ഏതെങ്കിലും ഒരു പ്രതിപക്ഷാംഗം കാണിച്ചോ? ബി.ജെ.പി.-ക്കുവേണ്ടി, അവരോടൊപ്പംനിന്ന് കേരള

സർക്കാരിനെ ദുർബ്ബലപ്പെടുത്താൻ നിങ്ങൾ ശ്രമിക്കുന്നെങ്കിൽ അത് നടക്കാൻ പോകുന്നില്ല. കേരള സർക്കാർ ജനങ്ങളുടെ സർക്കാരാണ്, ജനങ്ങളാണ് മാൻഡേറ്റ് കൊടുത്തിരിക്കുന്നത്. അതനുസരിച്ച് എല്ലാ രീതിയിലും ഇവിടത്തെ വികസനപ്രവർത്തനങ്ങൾ ജനങ്ങൾക്കുവേണ്ടി നടപ്പാക്കാൻ സർക്കാർ തയ്യാറാകും. അതുകൊണ്ടുതന്നെ 51 പേജുള്ള ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങളെ വസ്തുതാപരമായി എതിർത്ത് സംസാരിക്കാൻ ഏതെങ്കിലുമൊരു പ്രതിപക്ഷാംഗം തയ്യാറായോ? കേരളത്തിന്റെ പല സ്വപ്നപദ്ധതികളും കഴിഞ്ഞ ആറ് വർഷംകൊണ്ട് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന സർക്കാരാണ് നിലവിലുള്ളത്. കേരളത്തിലെ റേഷൻ കടകളുടെ അവസ്ഥയെന്താണ്? ഇന്ന് കേരളത്തിലെ റേഷൻ കടകളിൽ നല്ല രീതിയിൽ അരി വിതരണം ചെയ്യുന്നുണ്ട്. കുറ്റമറ്റ രീതിയിൽ എല്ലാകാര്യങ്ങളും ചെയ്തുപോകുന്നു. ബി.പി.എൽ. കാർഡുകളുടെ എണ്ണം സംബന്ധിച്ച് ഞങ്ങൾക്കെല്ലാമറിയാം, കാരണം ഞങ്ങൾ ജനങ്ങളോടൊപ്പം നിൽക്കുന്നവരാണ്. അരി കിട്ടുന്നില്ലെന്ന് പ്രതിപക്ഷം പറയുന്നത് നിങ്ങൾ റേഷൻ കടയിൽ പോകാത്തവരായതുകൊണ്ടാണ്. ഞങ്ങൾ റേഷൻ കടയിൽ പോകുന്നവരായതുകൊണ്ടാണ് കാര്യങ്ങൾ കൃത്യമായി പറയുന്നത്. ബി.പി.എൽ. കാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചതോടൊപ്പം അനർഹമായി

ബി.പി.എൽ. കാർഡുപയോഗിച്ചിരുന്നവരിൽനിന്നും അത് സറണ്ടർ ചെയ്യാനുള്ള നടപടിയും ഈ സർക്കാർ സ്വീകരിച്ചു. അത് അഭിനന്ദനാർഹമായ കാര്യമാണ്. ഇവിടെ മയക്കുമരുന്നിന്റെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം നൽകിക്കൊണ്ട് വിദ്യാർത്ഥികളെ കോർത്തിണക്കി പല പദ്ധതികളും നടപ്പാക്കുന്നതിനെ അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള ധീരമായ നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കേണ്ടത്. അതിനുപകരം അതിൽ രാഷ്ട്രീയം കണ്ടെത്തുകയാണ്. മയക്കുമരുന്ന് ഉപയോഗിക്കുന്നതിൽ രാഷ്ട്രീയമുണ്ടോ? മയക്കുമരുന്ന് ഉപയോഗിക്കുന്നതിനെതിരെയുള്ള പ്രചരണവും അതിൽനിന്നും ആളുകളെ പിന്തിരിപ്പിക്കുകയുമാണ് വേണ്ടത്. അതിനുവേണ്ടി കക്ഷിഭേദമെന്യേ മെച്ചപ്പെട്ട പ്രവർത്തനം നടത്തണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. എല്ലാ വീടുകളിലും വെള്ളമെത്തിക്കാൻ ജലസേചന വകുപ്പ് നടപടി സ്വീകരിക്കുന്നു. അവ സമയബന്ധിതമായി പൂർത്തിയാക്കാൻ ഒരുമിച്ച് മുന്നോട്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഏഴാമത്തെ നയപ്രഖ്യാപനമാണ് ബഹുമാന്യനായ ഗവർണറെക്കൊണ്ട്

വായിപ്പിക്കുന്നത്. ഏഴ് പ്രാവശ്യവും നയപ്രഖ്യാപന വായന എന്ന നടപടിക്രമം പൂർത്തിയാക്കിയെന്നതല്ലാതെ ഇതുകൊണ്ട് കേരളത്തിന് എന്ത് നേട്ടമാണുണ്ടായത്, കേരളത്തിനുവേണ്ടി എന്ത് പ്രഖ്യാപനമുണ്ടായി? കുറേ പ്രഖ്യാപനങ്ങൾ നടത്തി ആ ചടങ്ങ് നിർവ്വഹിക്കുന്നുവെന്നതിനപ്പുറം ഇവിടെ കാര്യമായ പുരോഗതിയൊന്നുമുണ്ടാകുന്നില്ല. വികസന മുരടിപ്പും വികസന സ്തംഭനവും കേരളത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് ശക്തമായ പ്രതിഷേധത്തോടുകൂടി ഈ നയപ്രഖ്യാപനത്തെ ഞങ്ങൾ എതിർക്കുന്നത്. ഗവൺമെന്റ് കണ്ണുതുറന്ന് ഇക്കാര്യങ്ങൾ വിലയിരുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. ജോബ് മൈക്കിൾ റേഷൻ കടകളിൽ പോകാറുണ്ടെന്ന് ഇവിടെ പറഞ്ഞു, റേഷൻ കടയിൽ പോകുന്നത് നല്ല കാര്യമാണ്. ഞങ്ങൾ റേഷൻകട നടത്തിക്കൊണ്ടിരുന്നവരാണ്. റേഷൻ കട നടത്തിക്കൊണ്ടിരുന്നവരും റേഷൻ കടക്കാരുടെ സമരത്തിൽ ഈയിടെ പങ്കെടുക്കേണ്ടിവന്നു. സെക്രട്ടേറിയറ്റ് പടിക്കൽ റേഷൻ കടക്കാർ സമരം നടത്തിയതെന്തിനാണെന്ന് ശ്രീ. ജോബ് മൈക്കിൾ അന്വേഷിക്കണം. കോവിഡ് കാലഘട്ടത്തിൽ അരി വിതരണം ചെയ്തത് നല്ല കാര്യമാണ്. അതിന്റെ പേരിൽ എൽ.ഡി.എഫ്. ഗവൺമെന്റ് വലിയ മേന്മ കൈവരിച്ചു.

അരി കൊടുത്തത് കേരളത്തിലെ റേഷൻ കടക്കാരാണ്. അരി കൊടുത്തതിന്റെ കമ്മീഷൻ ലഭിക്കാത്തതിന്റെ പേരിൽ റേഷൻ കടക്കാർ ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞിരിക്കുകയാണ്. പാവപ്പെട്ട റേഷൻ കടക്കാരുടെ തുക കൊടുക്കാതെ വെറുതെ പ്രഖ്യാപനം നടത്തിയിട്ട് കാര്യമുണ്ടോ? ആ തുക നൽകാനുള്ള നടപടി സ്വീകരിക്കണം. അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം,

മി. ചെയർമാൻ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. മോൻസ് ജോസഫ്: സർ, എന്റെ തൊട്ടടുത്തിരിക്കുന്നതുകൊണ്ട് അങ്ങോട്ട് നോക്കിപ്പോയതാണ്. ഞാൻ അങ്ങയെ നോക്കി സംസാരിക്കാം. ഒരു കാര്യം ശ്രീ. ജോബ് മൈക്കിൾ പറഞ്ഞപ്പോൾ സങ്കടം തോന്നി. കെ. എം. മാണി മിച്ച ബഡ്ജറ്റും കമ്മി ബഡ്ജറ്റും അവതരിപ്പിക്കുകയും അത് കേരളം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. മിച്ച ബഡ്ജറ്റിനെയും കമ്മി ബഡ്ജറ്റിനെയും അമ്മാനമാടുന്ന കെ. എം. മാണിയുടെ വൈദഗ്ദ്ധ്യവും രാഷ്ട്രീയതന്ത്രജ്ഞതയും കേരളം നന്നായി വിലയിരുത്തിയിട്ടുള്ളതാണ്. അതിനെ അഭിമാനത്തോടുകൂടി ഞങ്ങളെല്ലാം കണ്ടിട്ടുമുണ്ട്. അതിനുശേഷം എത്രയോ മിച്ച ബഡ്ജറ്റുകൾ അദ്ദേഹം അവതരിപ്പിച്ചു. ഏതോ

കാലഘട്ടത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചതിനെക്കുറിച്ചും അതിനെ വിമർശിച്ചതിനെക്കുറിച്ചുമൊക്കെ ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. കെ. എം. മാണിയുടെ പൊതുജീവിതത്തിൽ ഏറ്റവും കൂടുതൽ ഹൃദയവേദനയുണ്ടായ ദിവസമേതാണ്? ഈ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ലെന്നുപറഞ്ഞ്, നിയമസഭയ്ക്കകത്ത് കടക്കാൻ അനുവദിക്കാതെ, നിയമസഭ സ്തംഭിപ്പിച്ച്, നിയമസഭ മുഴുവൻ അടിച്ചുതകർത്ത്, കെ. എം. മാണി ബാർകോഴ കേസ്സിലെ അഴിമതിക്കാരനാണെന്ന് പറഞ്ഞ് അപമാനിച്ച എൽ.ഡി.എഫ്.-നുമുന്നിൽ ഒരു എം.എൽ.എ. സ്ഥാനത്തിന്റെ, മന്ത്രിസ്ഥാനത്തിന്റെ ആനുകൂല്യത്തിനുവേണ്ടി കെ. എം. മാണിയുടെ ആത്മാഭിമാനം പണയപ്പെടുത്തിയെങ്കിൽ, യു.ഡി.എഫ്. അതിന് തയ്യാറല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ നെഞ്ചുവിരിച്ചുനിന്ന് കെ. എം. മാണിയെ നിയമസഭയ്ക്കകത്ത് കൊണ്ടുവന്നു. യു.ഡി.എഫ്. ഒറ്റക്കെട്ടായി നിന്നുകൊണ്ടാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റിനുവേണ്ടി അന്ന് ബഡ്ജറ്റ് അവതരിപ്പിച്ചത്. അക്കാര്യം ശ്രീ. ജോബ് മൈക്കിൾ ഓർക്കണം. നിങ്ങളുടെ പാർട്ടി കെ. എം. മാണിയുടെ ആത്മാവിനോടുപോലും നീതി കാണിച്ചില്ല. 'മാണിസാറിന്റെ ആത്മാവ് ചാകാത്ത പുഴുവും.......' ആദരണീയനായ വി. എസ്. അച്ചുതാനന്ദനോട്

ആദരവുള്ളതുകൊണ്ട് ഞാനത് പറയുന്നില്ല. അദ്ദേഹം ഉപയോഗിച്ച വാക്കുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കെ. എം. മാണിയുടെ ആത്മാവിനോട് നീതി കാണിച്ചില്ലെന്ന് അങ്ങ് പറയരുത്. അദ്ദേഹത്തിന്റെ ആത്മാവിനോട് നീതി കാണിച്ചത് ഞാനും ശ്രീ. ജോബ് മൈക്കിളുമൊക്കെ കൂടിയാണ്. കാരണം, അദ്ദേഹത്തിന്റെ മരണശേഷം, യഥാർത്ഥത്തിൽ കൂടെനിന്ന പലരും അദ്ദേഹത്തെ കൈവിട്ടപ്പോഴും ഞങ്ങളാണ് കൂടെനിന്നത്. ഇടതുപക്ഷത്തേയ്ക്ക് വന്നത് രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായിരുന്നു. ആ നിലപാടും എടുത്ത തീരുമാനവും ശരിയാണെന്ന് വിശ്വസിക്കുന്നവർ തന്നെയാണ് ഞങ്ങൾ. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ഡോ. എൻ. ജയരാജിന്റെ കാര്യത്തിൽ യാതൊരു തർക്കവുമില്ല. കെ. എം. മാണിയോടൊപ്പം എന്നും കൂടെനിന്ന ആളാണദ്ദേഹം. ഞങ്ങളും അദ്ദേഹത്തിന്റെ മരണംവരെ കൂടെനിന്നു. പക്ഷേ, മരണശേഷവും അദ്ദേഹം പറഞ്ഞ രാഷ്ട്രീയ നിലപാടിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. അദ്ദേഹത്തെ ബാർകോഴക്കാരനായി ചിത്രീകരിച്ച എൽ.ഡി.എഫ്.-നൊപ്പം പോകാൻ തയ്യാറല്ലെന്ന് മരണംവരെ

കെ. എം. മാണി പറഞ്ഞു. അദ്ദേഹം മരണംവരെ എടുത്ത നിലപാടിനൊപ്പം ഞങ്ങൾ ഉറച്ചുനിൽക്കുന്നു. അന്ന് ശ്രീ. ജോബ് മൈക്കിൾ സഭയിലില്ല. ശ്രീ. പി. ജെ. ജോസഫ് എൽ.ഡി.എഫ്.-ൽ അന്ന് മന്ത്രിയായിരുന്നു. അദ്ദേഹം എൽ.ഡി.എഫ്. മന്ത്രിസഭയിൽനിന്നും രാജിവച്ച് ഇറങ്ങി വന്നതെന്തിനാണ്? കേരള കോൺഗ്രസ് ഒരുമിച്ച് മുന്നോട്ടുപോകണമെന്നും കേരളത്തിൽ യു.ഡി.എഫ്.-നെ ശക്തിപ്പെടുത്തണമെന്നും ജനാധിപത്യചേരി ശക്തിപ്പെടണമെന്നും കെ. എം. മാണി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസ്ഥാനം രാജിവച്ച്, അധികാരം ഉപേക്ഷിച്ച് ശ്രീ. പി. ജെ. ജോസഫ് കേരള കോൺഗ്രസ്സിൽവന്നു. അങ്ങനെ കെ. എം. മാണിയും ശ്രീ. പി. ജെ. ജോസഫും ഒന്നായി. കേരള കോൺഗ്രസ് ഒന്നായാൽ എവിടെ നിൽക്കണമെന്ന് തീരുമാനിച്ചു. യു.ഡി.എഫ്.-ൽ നിൽക്കണമെന്ന് കെ. എം. മാണി പറഞ്ഞു, അതുതന്നെ അദ്ദേഹം മരണംവരെ പറഞ്ഞു. യു.ഡി.എഫ്.-ൽ തുടരണമെന്ന് പറഞ്ഞ കെ. എം. മാണിയുടെ നിലപാട് അദ്ദേഹത്തിന്റെ ശിഷ്യരായ ഞങ്ങൾ ഇന്നും തുടർന്നുകൊണ്ടുപോകുന്നു. അധികാരത്തിനുവേണ്ടി നിങ്ങൾ കാലുമാറി എൽ.ഡി.എഫ്.-ലേയ്ക്ക് പോയി. കെ. എം. മാണി മരണംവരെ അംഗീകരിക്കാത്ത കാര്യത്തിലേയ്ക്ക് നിങ്ങൾ കടന്നുപോയി. ശ്രീ. ജോബ് മൈക്കിൾ പറയാത്ത ഒരു വിഷയംകൂടി

പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ജോബ് മൈക്കിൾ കേരള കോൺഗ്രസ്സിനെ പ്രതിനിധീകരിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറയാത്ത, നിങ്ങൾ മറന്നുപോകുന്ന കേരളത്തിലെ കർഷകന്റെ കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കെ. എം. മാണിയും ശ്രീ. പി. ജെ. ജോസഫും നിയമസഭയിൽ എന്നും ഒരുപോലെ ഉന്നയിച്ചത് കേരളത്തിലെ കൃഷിക്കാരുടെ കാര്യമാണ്. ഇന്ന് കൃഷിക്കാരന്റെ അവസ്ഥയെന്താണ്; നയപ്രഖ്യാപനത്തിൽ കർഷകരെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. കാർഷികമേഖല തകർന്നുതരിപ്പണമായി. റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കുമെന്നത് എൽ.ഡി.എഫ്. പ്രകടനപത്രികയിലെ വാഗ്ദാനമാണ്. റബ്ബർ കർഷകർക്ക് പ്രതിസന്ധിയുണ്ടായപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി കേരളത്തിൽ റബ്ബറിന് 180 രൂപ താങ്ങുവില നൽകി. എൽ.ഡി.എഫ്. അധികാരത്തിൽ വന്നിട്ട് ഏഴാമത്തെ വർഷത്തിലേയ്ക്ക് കടന്നിട്ടും റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുമെന്ന വാഗ്ദാനം ഇതുവരെയും നടപ്പാക്കിയിട്ടില്ല. കൃഷിക്കാരോട് സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ എൽ.ഡി.എഫ്. പ്രകടനപത്രികയിൽ റബ്ബറിന്റെ വില 250 രൂപയാക്കുമെന്ന വാഗ്ദാനം

നടപ്പിലാക്കാൻ ഒറ്റക്കെട്ടായി നിൽക്കണം. ഞങ്ങളും അതിനൊപ്പം ആത്മാർത്ഥമായി നിൽക്കാം. കേന്ദ്ര സർക്കാരിന്റെ നിലപാടുകളെ എതിർക്കാത്തതിനെ സംബന്ധിച്ച് പല അംഗങ്ങളും പറഞ്ഞു. കേരളത്തിലെ യു.ഡി.എഫ്. കേന്ദ്ര സർക്കാരിനെ ശക്തമായി എതിർക്കുന്നുണ്ട്. ഇൻഡോ-പസഫിക് കരാർ വരുന്ന മാസം ഒപ്പിടാൻ പോകുകയാണ്. ഇതിനെതിരെ കേരളത്തിൽ രാഷ്ട്രീയഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കേണ്ട സാഹചര്യം വരികയാണ്. ഇൻഡോ-പസഫിക് കരാർകൂടി ഒപ്പിട്ടാൽ കാർഷിക മേഖല പൂർണ്ണമായി തകരും. കാപ്പി, ഏലം, ജാതി തുടങ്ങിയ എല്ലാ മേഖലയും തകരും. ഈ കരാർ ഒപ്പിട്ടാൽ ഇന്ത്യയിലേയ്ക്ക് ആസ്ട്രേലിയയിൽനിന്നും പാൽ ഇറക്കുമതി ചെയ്യാൻ കഴിയുമെന്ന് ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ പ്രതികരണമുണ്ടായി. കേരളത്തിലെ ക്ഷീരകാർഷിക മേഖലയടക്കം കാർഷിക മേഖലയോടനുബന്ധമായ മുഴുവൻ കാര്യങ്ങളും തകരാൻ പോകുന്നു. കേരള കോൺഗ്രസ് ചെയർമാൻ ശ്രീ. പി. ജെ. ജോസഫ് പത്രസമ്മേളനം നടത്തി കേന്ദ്ര നയങ്ങൾക്കെതിരെ പ്രതികരിക്കുകയും ഇക്കാര്യങ്ങളിൽ കേരള ഗവൺമെന്റിനോട് സഹകരിക്കാൻ തയ്യാറാണെന്നും ഒറ്റക്കെട്ടായി ഇതിനെ എതിർക്കാമെന്നും വ്യക്തമാക്കുകയും ചെയ്തു. ഞാൻ

ഒന്നുചോദിക്കട്ടെ, കേന്ദ്രത്തെ എതിർക്കുമ്പോൾ കേരളം ചെയ്യേണ്ട കാര്യം ചെയ്യുണ്ടോ; നെല്ല് സംഭരിച്ച പണം ലഭിക്കാത്തതിനാൽ കോട്ടയം കളക്ടറേറ്റ് പടിക്കൽ സമരം നടന്നത് ശ്രീ. ജോബ് മൈക്കിൾ കണ്ടോ; നാളികേര കർഷകന്റെ അവസ്ഥയെന്താണ്? കരിക്കാകുമ്പോൾത്തന്നെ കുരങ്ങ് കയറി നശിപ്പിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കണ്ടേ? ഇത്തരം കാര്യങ്ങളെക്കുറിച്ച് പറയാൻ നയപ്രഖ്യാപനത്തിൽ ചെറുവിരൽ അനക്കിയിട്ടില്ല. ഇന്ന് രാവിലെ അംഗങ്ങൾക്ക് കിട്ടിയ കവറിൽ ഒരു 'ശുദ്ധിപത്രം' ഉണ്ട്. കേരള ഗവർണർ നിയമസഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിലെ ഒരു തിരുത്തിനുവേണ്ടി ശുദ്ധിപത്രം ഇറക്കേണ്ട ഗതികേടുണ്ടായത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനല്ലേ? മന്ത്രിമാർക്ക് ചിലപ്പോൾ പിശക് പറ്റാം, ഉദ്യോഗസ്ഥർ കൊടുക്കുന്ന മറുപടിയിൽ ചിലപ്പോൾ പിശക് വരാം, അതിന്റെ ഭാഗമായി തിരുത്ത് വരാം, നിയമസഭാ രേഖകളിൽ തിരുത്തിന് അവകാശമുണ്ട്. പക്ഷേ, ഗവർണറുടെ നയപ്രഖ്യാപനത്തിൽ 2266.96 കോടി രൂപ എന്നതിനുപകരം 22266.96 കോടി രൂപയെന്ന് എഴുതിവച്ചു. വായിച്ചപ്പോൾ 22266.96 കോടി രൂപയെന്ന് വായിച്ചു, ഇപ്പോൾ തിരുത്തിയപ്പോൾ അത് 2266.96 കോടി രൂപയായി. തിരുത്തൽ

വേണ്ടിവന്ന നയപ്രഖ്യാപനം ഗവർണറെക്കൊണ്ട് വായിപ്പിച്ചത് അപമാനകരമായിപ്പോയി. ഭരണപരമായ ഇത്തരം കാര്യങ്ങൾ, വളരെ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കേണ്ട ഗവർണറുടെ നയപ്രഖ്യാപനം ഇത്ര അശ്രദ്ധയോടുകൂടി, നിരുത്തരവാദപരമായി എൽ.ഡി.എഫ്. ഗവൺമെന്റ് ഈ സഭയിൽ ചെയ്തുവെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാരിന് സംഭവിക്കുന്ന വീഴ്ചകൾ ഭരണകക്ഷി എം.എൽ.എ-മാർ പാർലമെന്ററി പാർട്ടി യോഗത്തിൽ പറയണം, ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്തണം. അങ്ങനെ ഗവൺമെന്റിന് സംഭവിക്കുന്ന വീഴ്ചകളുടെ മുമ്പിൽ തിരുത്തലുകൾക്കുവേണ്ടി നിലപാടെടുക്കുന്നതാണ് ഉചിതം.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നയപ്രഖ്യാപനത്തിൽ ആകെ പറഞ്ഞിരിക്കുന്ന വികസനം കെ-റെയിൽ ആണ്. കേരള ജനത ഒറ്റക്കെട്ടായി എതിർക്കുന്ന പദ്ധതിയാണ് കെ-റെയിൽ. റോഡ് നന്നാക്കാൻ പണമില്ല, റോഡ് മുഴുവൻ കുഴിയായതിനെ ഹൈക്കോടതി വിമർശിച്ചുകൊണ്ടിരിക്കുകയാണ്. ലൈഫ് പദ്ധതിയിൽ വീട് കൊടുത്ത കാര്യം ഇവിടെ പറഞ്ഞു. ലൈഫ് പദ്ധതിയിൽ വീട് ലഭിക്കാതെ

ടാർപോളിന്റെ കീഴിൽ കിടക്കുന്ന പാവങ്ങളുണ്ട്. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത ഗവൺമെന്റ് 2 ലക്ഷം കോടിയിലധികം രൂപ ചെലവുവരുന്ന കെ-റെയിൽ പദ്ധതി കേരളത്തിൽ നടപ്പാക്കുമെന്ന് പറയുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. യാതൊരു കാരണവശാലും അംഗീകരിക്കുന്ന പ്രശ്നമില്ല. കേരളത്തിന്റെ അടിസ്ഥാന വികസനം നടത്താൻ സർക്കാർ ശ്രദ്ധ കാണിക്കാത്ത സാഹചര്യത്തിൽ ജനവിരുദ്ധ വികസനവുമായി മുമ്പോട്ടുപോകുന്ന ഈ നയപ്രഖ്യാപനത്തെ കേരളത്തിലെ യു.ഡി.എഫ്. ഒറ്റക്കെട്ടായി, ശക്തമായി എതിർക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, കേരളത്തിന്റെ സമഗ്ര പുരോഗതിയുടെ കർമ്മസാക്ഷ്യമാണ്, രജതരേഖയാണ്, സർവ്വതലസ്പർശിയായ നയപ്രഖ്യാപനം. ബഹുമാന്യനായ ഗവർണറുടെ പ്രസംഗത്തിന് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ആഭ്യന്തരമായി വിഭവങ്ങൾ സമാഹരിക്കുന്ന കാര്യത്തിൽ പ്രായോഗികവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിക്കുകയാണ് സംസ്ഥാന ഗവൺമെന്റ്. പക്ഷേ, അതിനെയെല്ലാം അട്ടിമറിക്കുന്ന കേന്ദ്ര

സർക്കാർ നയങ്ങൾക്കെതിരെ ഒറ്റക്കെട്ടായി എല്ലാവരും രംഗത്തിറങ്ങിയില്ലെങ്കിൽ ഗുരുതര പ്രത്യാഘാതങ്ങളുണ്ടാകും. കേരളത്തിന്റെ വികസന മുന്നേറ്റത്തിന് കേന്ദ്രനയങ്ങൾ വിലങ്ങുതടിയാകുന്നു. അർഹതപ്പെട്ട ജി.എസ്.ടി. വിഹിതംപോലും നൽകുന്നില്ല. പ്രളയകാലത്ത് റേഷൻ നൽകാൻ അരി അനുവദിച്ചതിന്റെ ഫണ്ട് മാനുഷിക മര്യാദപോലും കാണിക്കാതെ കേന്ദ്രം തിരികെ ചോദിച്ചു. കേരളത്തിന്റെ അഭിമാനം സംരക്ഷിക്കുന്ന സംസ്ഥാന മുഖ്യമന്ത്രി അത് തിരിച്ചടച്ചു. സൗകര്യങ്ങൾ ഉണ്ടായതുകൊണ്ടല്ല, മാന്യതയും അഭിമാനവും പരിഗണിച്ചാണ് അത് ചെയ്തത്. ഇത്തരം നയങ്ങൾ കേന്ദ്രം തുടരുകയാണ്. മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ പ്രളയകാലത്ത് വിദേശരാജ്യങ്ങളിൽ പോകാനുള്ള പരിപാടിക്ക് രൂപംകൊടുത്തു. അവിടെയുള്ള വിദേശ മലയാളികൾ മുൻകയ്യെടുത്ത് കേരളത്തിന് വിദേശ ധനസഹായ വാഗ്ദാനം ലഭിച്ചിരുന്നു. പക്ഷേ, അത് സ്വീകരിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയില്ല. ഈ നിലയിലുള്ള സമീപനമാണ് കേന്ദ്രം കേരളത്തോട് സ്വീകരിക്കുന്നത്. ഭരണഘടനാപരമായ ലംഘനങ്ങളെക്കുറിച്ച് ഈ പരിമിതമായ സമയത്ത് പറയുന്നില്ല. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ, കേന്ദ്രവും സംസ്ഥാനവും തമ്മിൽ സ്വീകരിക്കേണ്ട ഭരണപരമായ ഔചിത്യബോധം എന്നിവയെല്ലാം

വിസ്മരിച്ചുകൊണ്ടുള്ള നിലപാടാണ് കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംസ്ഥാനത്തെ അലട്ടുന്ന പ്രശ്നമാണ്. 5 വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങളുണ്ടാക്കാനും തൊഴിൽക്ഷമത വർദ്ധിപ്പിക്കാനും സർക്കാർ ലക്ഷ്യമിട്ടു. 2022-ൽ കേരളത്തിന് ഇക്കാര്യത്തിൽ മൂന്നാം റാങ്കാണ് കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ളത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. ക്രമസമാധാന പരിപാലനത്തിനും പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്ന കാര്യത്തിനും എത്ര എ-പ്ലസ് ആണ് ഈ ഗവൺമെന്റിന് ലഭിച്ചിരിക്കുന്നത്. ഇതെല്ലാം ലഭിക്കുമ്പോഴും സംസ്ഥാനത്തെ സഹായിക്കേണ്ട കാര്യത്തിൽ കേന്ദ്രം ഒന്നും ചെയ്യുന്നില്ല. വിദ്യാഭ്യാസരംഗത്ത് ഇത്രയേറെ അത്ഭുതകരമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞ കാലഘട്ടമുണ്ടായിട്ടുണ്ടോ? വിദ്യാധനത്തിന് സാർവ്വത്രികതയും സമഗ്രതയും ജനാധിപത്യവൽക്കരണവും സ്വീകരിക്കുന്ന ഗവൺമെന്റ്. ഏകദേശം 119970 വിദ്യാർത്ഥികളാണ് പൊതുവിദ്യാലയങ്ങളിൽ കഴിഞ്ഞ തവണ പ്രവേശനം നേടിയത്. പൊതുവിദ്യാലയങ്ങൾ ഗുണനിലവാരമുള്ളതല്ലെന്ന ധാരണ മാറ്റിയെടുക്കാൻ കഴിഞ്ഞു. എല്ലാ വിദ്യാലയങ്ങളിലെയും സാങ്കേതിക ഭൗതികസൗകര്യം എന്നത് അടിസ്ഥാനപരമായിട്ടുള്ളതാണ്.

വിദ്യാർത്ഥികളുടെ പുരോഗതി അടിസ്ഥാനമാക്കിയാണ് സംസ്ഥാന ഗവൺമെന്റ് നയം സ്വീകരിച്ചിട്ടുള്ളത്. 2022-23 മുതൽ സംരംഭങ്ങളുടെ വർഷമാണ്. ഒരു ലക്ഷം സംരംഭങ്ങൾ വ്യാവസായിക രംഗത്തുണ്ടാക്കണമെന്നാണ് ലക്ഷ്യം. വ്യാവസായിക രംഗത്തെ പ്രവർത്തനങ്ങൾ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയിരിക്കുന്നു. പണ്ടുകാലത്തുണ്ടായിരുന്ന വിരുദ്ധ നിലപാടുകൾ ലോകത്തെങ്ങുമില്ല. ഇവിടെ വ്യാവസായിക സമാധാനാന്തരീക്ഷമുണ്ട്, ഭരണപരമായ ഉത്തരവാദിത്വമുണ്ട്, പരിരക്ഷ കിട്ടും, ഭരണപരമായ സുസ്ഥിരതയുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള സാഹചര്യം വളരുകയാണ്. പൗരത്വ ഭേദഗതി നിയമത്തിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകൾ കേന്ദ്ര ഗവൺമെന്റിന് അസഹ്യമാണ്. അതുകൊണ്ടാണ് കേരളത്തെ എല്ലാ കാര്യങ്ങളിലും ഞെരുക്കാൻ ശ്രമിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പൗരത്വ ഭേദഗതി നിയമത്തെ എതിർക്കാൻ ആത്മധൈര്യവും നട്ടെല്ലും കാണിച്ചില്ല. എന്നാൽ, പൗരത്വ ഭേദഗതി നിയമം എന്റെ സംസ്ഥാനത്ത് നടപ്പിലാക്കില്ലെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പ്രഖ്യാപിച്ചു. കേന്ദ്രത്തിന് അത് സഹിക്കാൻ കഴിയുമോ? രാജ്യത്തിന്റെ പുരോഗതിയിൽ ഏറ്റവും വലിയ സംഭാവന

നൽകിയ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പഞ്ചവത്സര പദ്ധതിയും പ്ലാനിംഗ് കമ്മീഷനും കേന്ദ്രം നിഷ്കരുണം വലിച്ചെറിഞ്ഞു. അതിനെതിരെ ശബ്ദിക്കേണ്ട പലരുമുണ്ടായിരുന്നു, എന്നാൽ നിശബ്ദത പാലിച്ചു. പഞ്ചവത്സര പദ്ധതിയും പ്ലാനിംഗ് കമ്മീഷനും സംരക്ഷിച്ചുകൊണ്ടുതന്നെ എന്റെ സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുമെന്ന് പറയാൻ നട്ടെല്ലും ആത്മധൈര്യവും കാണിച്ചതും കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ഓരോ കാര്യത്തിലും ഇങ്ങനെയുള്ള ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതുകൊണ്ട് കേന്ദ്രത്തിന്റെ കണ്ണിലെ കരട് കേരളം തന്നെയാണ്. സാമ്പത്തിക രംഗത്തായാലും രാഷ്ട്രീയ രംഗത്തായാലും ഭരണപരമായ പ്രവർത്തനങ്ങളിലും കേന്ദ്രത്തെ ചോദ്യം ചെയ്യാനും ജനങ്ങളെ അണിനിരത്താനും ഒരു ദേശീയ ബദലുണ്ടായിരിക്കേണ്ടത് ദേശീയ ആവശ്യമാണ്. ആ ദേശീയ ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിന്റെ പ്രവർത്തനങ്ങൾകൂടി നടക്കുന്നുണ്ടെന്നതുകൊണ്ട് ഏതവസരത്തിലും സംസ്ഥാനത്തെ ഏതെല്ലാം നിലയിൽ ഞെരുക്കാൻ കഴിയുമോ അതിന് കേന്ദ്രം ശ്രമിക്കുന്നുവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. സാമൂഹ്യ സുരക്ഷ, സാമ്പത്തിക വളർച്ച, ദുർബ്ബല വിഭാഗങ്ങളെ സഹായിക്കൽ എന്നിവ

ഉറപ്പാക്കി. ലൈഫ് പദ്ധതിപ്രകാരം 322922 വീടുകൾ, 4 ബഹുനില കെട്ടിടങ്ങൾ എന്നിവ പൂർത്തീകരിച്ച് നൽകി. അതുകൊണ്ട് എല്ലാമായി എന്നവകാശപ്പെടുകയല്ല, പറയുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കും ഈ ഗവൺമെന്റ് എന്നതിന്റെ സാക്ഷ്യമാണ് പാവപ്പെട്ടവർക്ക് നൽകിയത്. തൊഴിലില്ലായ്മയുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. 2022-ൽ കേരളത്തിന് 3-ാം റാങ്കാണ് തൊഴിൽക്ഷമതയുടെ കാര്യത്തിൽ കേന്ദ്രം നൽകിയത്. ഭരണപരമായ നിരവധി കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന പൊതുനയപരിപാടികളുണ്ട്. ഭരണപരമായ തീരുമാനങ്ങളെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രയോജനപ്പെടുത്താനുള്ള നടപടികൾ ഭരണപരമായുണ്ടായി. എന്നുപറഞ്ഞാൽ പ്രാദേശികതലംതൊട്ട് ഉപരിതലം വരെയുള്ള വികസനപ്രവർത്തനങ്ങൾക്ക് കർമ്മപഥങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള നിരവധി പദ്ധതികളാണ്. ആ പദ്ധതികളെല്ലാം തകർക്കുന്നതിനുള്ള നിലപാടുകളും സമീപനങ്ങളുമാണ് കേന്ദ്രം സ്വീകരിക്കുന്നത്. കാർഷികരംഗത്തും ഇതായിരുന്നു സമീപനം. കേരളത്തിലെ കാർഷിക വിഷയങ്ങൾ പറഞ്ഞു. കാർഷിക സംസ്കാരം സംസ്ഥാനത്തെ സമ്പദ്ഘടനയിൽ സുപ്രധാനമാണ്. രാജ്യത്തിനും കാർഷിക നയം

അനിവാര്യമാണ്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിന്റെ പേരിൽ രാജ്യവ്യാപകമായി ഒരു വർഷക്കാലമാണ് ലോകം ശ്രദ്ധിച്ച കർഷകസമരം നടന്നത്. ആ നിയമം എന്റെ സംസ്ഥാനത്ത് നടപ്പിലാക്കില്ലെന്ന് പറയാനും ഒരു മുഖ്യമന്ത്രിയുണ്ടായി, അത് കേരളത്തിലെ മുഖ്യമന്ത്രിയാണ്. ഈ നിലപാടുകളെല്ലാം സ്വീകരിക്കുന്ന സംസ്ഥാന സർക്കാരിനെതിരെ അന്ധമായ രാഷ്ട്രീയവൈരാഗ്യത്തിന്റെ പേരിൽ നിലപാടുകൾ സ്വീകരിക്കുമ്പോൾ, അതിനെതിരെയുള്ള പ്രതിരോധത്തിന്റെ ശക്തിയും കരുത്തും സമാർജ്ജിക്കാനുള്ള ഒരു കാലഘട്ടമായി മാറ്റിക്കൊണ്ട് മുമ്പോട്ടുപോകുമ്പോൾ, സംസ്ഥാന സർക്കാരിനെ നിഷേധാത്മകമായ നിലപാടുകൊണ്ടുമാത്രം എതിർക്കുന്ന പ്രതിപക്ഷം നിലപാടുകൾ മാറ്റി ക്രിയാത്മക സമീപനങ്ങൾ സ്വീകരിക്കുന്നത് സംസ്ഥാനത്തിന് ഗുണകരമായിരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ആധുനിക വികസിത കേരളത്തിന്റെ പ്രയാണത്തിൽ നാഴികക്കല്ലാകുന്ന നയപ്രഖ്യാപനമാണ് നടത്തപ്പെടുകയുണ്ടായത്. സ്വാഭാവികമായും പ്രതിപക്ഷത്തിനും മറ്റ് പലർക്കും മോഹഭംഗമുണ്ടാകും.

കേന്ദ്രവിരുദ്ധ പരാമർശങ്ങളടക്കം ഗവർണർ വായിക്കില്ലെന്നാണ് അവർ വിചാരിച്ചിരുന്നത്, അത് വായിക്കരുതെന്നാണ് അവരുടെ മനസ്സിലിരിപ്പ്. അത് ഗവർണർ ചെയ്യുമെന്നാണ് അവർ വിചാരിച്ചത്. പക്ഷേ, കൃത്യമായി നയപ്രഖ്യാപന പ്രസംഗത്തിൽ തയ്യാറാക്കിയ സർക്കാരിന്റെ മുഴുവൻ കാര്യങ്ങളും ഇവിടെ അവതരിപ്പിക്കപ്പെടുകയുണ്ടായി. ഇതര സംസ്ഥാനങ്ങളിൽ ഫെഡറലിസത്തെ തകർത്തുകൊണ്ട് സംസ്ഥാനങ്ങളെ ശ്വാസംമുട്ടിക്കുന്ന നിലപാട് കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് പലരൂപത്തിൽ കൈക്കൊള്ളുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. നയപ്രഖ്യാപനം കഴിഞ്ഞപ്പോൾ, ഇത് സംസ്ഥാന ഗവൺമെന്റിന്റെ കഴിവ് തന്നെയാണെന്നും ചില കാര്യങ്ങളിൽ എതിർത്തുനിന്ന ഗവർണറെക്കൊണ്ട് കേന്ദ്ര വിമർശനങ്ങളടക്കം പറയിപ്പിക്കാൻ കഴിഞ്ഞത് സംസ്ഥാന സർക്കാരിന്റെ നേട്ടമാണെന്നും മാതൃഭൂമിയടക്കമുള്ള പത്രങ്ങൾ എഡിറ്റോറിയലിൽ രേഖപ്പെടുത്തി. ബദൽ നയങ്ങളുമായി മുന്നോട്ടുപോകുന്ന കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനെയും നയങ്ങളെയും വിമർശിക്കാനാണ് ഭാരത് ജോഡോ യാത്രയിലടക്കം ശ്രീ. രാഹുൽ ഗാന്ധി സമയം കണ്ടെത്തിയത്. ഞങ്ങൾ അങ്ങോട്ട് ചെല്ലാത്തതിന്റെ പരാതി ഇവിടെ ഉന്നയിക്കുകയാണ്. ഇന്ത്യയ്ക്കകത്ത് ബി.ജെ.പി.-ക്കെതിരായിട്ടുള്ള

പ്രതിപക്ഷ ഐക്യനിര കെട്ടിപ്പടുക്കണമെങ്കിൽ സ്വാഭാവികമായും ഇടതുപക്ഷത്തെയടക്കം സഹകരിപ്പിച്ചുകൊണ്ടുപോകേണ്ട ഉത്തരവാദിത്വം കോൺഗ്രസ്സിനില്ലേ? ആ ഉത്തരവാദിത്വം നിർവ്വഹിക്കാതെ സംസ്ഥാനങ്ങളുടെ പ്രതിപക്ഷകക്ഷികളെ പലതട്ടുകളിൽ നിർത്തി ഭിന്നിപ്പിക്കുന്ന നയസമീപനമാണ് കോൺഗ്രസ് സ്വീകരിച്ചുവരുന്നത്. കോൺഗ്രസ്സിനകത്തുതന്നെ ഇതിനെ സംബന്ധിച്ച് വലിയ പ്രതിസന്ധിയാണ്. കോൺഗ്രസ്സിന്റെ പല നേതാക്കളും ഇന്ന് ബി.ജെ.പി.-യിലേയ്ക്ക് കണ്ണുംനട്ടിരിക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? ബി.ജെ.പി.-ക്കെതിരായുള്ള വലിയ പോരാട്ടം തീർക്കുന്ന കാര്യത്തിൽ കോൺഗ്രസ്സിന് വീഴ്ചയുണ്ടെന്നത് അവർ സമ്മതിക്കേണ്ട കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് കേരളത്തെ തഴയുന്ന കാര്യം ഇവിടെ ചർച്ച ചെയ്തതാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളെ, പ്രത്യേകിച്ച് കേരളത്തെ ശ്വാസം മുട്ടിക്കുന്നു. എന്നാൽ ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുടെ സ്ഥിതി എന്താണ്? അവിടെയും ഈ കേന്ദ്ര നയങ്ങൾ അവരെ ദോഷകരമായി ബാധിക്കുകയല്ലേ? അപ്പോൾ ഒറ്റക്കെട്ടായി സമരം നയിക്കേണ്ട ഒരു സന്ദർഭത്തിൽ കോൺഗ്രസ് പ്രതിപക്ഷകക്ഷികളെ ഭിന്നിപ്പിക്കുന്ന നിലപാട് തിരുത്താൻ

തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബി.ബി.സി.-യുടെ ഡോക്യുമെന്ററി പ്രദർശിപ്പിച്ചാൽ കേരളത്തിൽ ക്രമസമാധാനം തകർന്നുപോകുമെന്നാണ് ബി.ജെ.പി. അദ്ധ്യക്ഷൻ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചത്. കേരളത്തിന്റെ ക്രമസമാധാനം തകർന്നാൽ അതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കല്ല, കേരളത്തിലെ സർക്കാരിനായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും അത് പ്രദർശിപ്പിച്ചല്ലോ; യൂത്ത് കോൺഗ്രസും പ്രദർശിപ്പിച്ചു. എവിടെയെങ്കിലും ക്രമസമാധാനം തകർന്നോ; കേരളത്തിലെ പോലീസ് കൃത്യമായി ഇടപെട്ട് ക്രമസമാധാനം തകർക്കാൻ ആരെങ്കിലും വന്നാൽ അവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാൻ ആവശ്യമായ കാര്യങ്ങൾ ചെയ്തപ്പോൾ, ബി.ജെ.പി.-ക്കാർ പത്തിമടക്കി. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇത് നടന്നോ; കോൺഗ്രസ്സിന് ശക്തിയുള്ള സ്ഥലങ്ങളിൽ അത് നടന്നോ; ശ്രീ. രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രയിലടക്കം ഇത് പ്രദർശിപ്പിക്കാൻ തയ്യാറായോ? ഇവിടെയാണ് ആ ഇരട്ടത്താപ്പ് നാം കാണേണ്ടത്. ഇടതുപക്ഷ പാർട്ടികളും യുവജനപ്രസ്ഥാനങ്ങളും കൃത്യമായി ആ ഡോക്യുമെന്ററി ജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിച്ചുകൊണ്ട്

വംശഹത്യയുടെ കാലത്തെ ചെയ്തികളെ സംബന്ധിച്ച് ജനങ്ങളെ ഓർമ്മിപ്പിക്കാൻ തയ്യാറായി. അത് ഞങ്ങളുടെ ചരിത്രപരമായ ഒരു നിലപാടാണെന്നുകൂടി കാണേണ്ടതുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിണതപ്രജ്ഞനാണ്. നികുതി വളർച്ച 2% മാത്രമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിനദ്ദേഹം ആധാരമാക്കിയത് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ പുസ്തകത്തെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സംസ്ഥാനത്തെ സാമ്പത്തികരംഗം കുത്തഴിഞ്ഞുവെന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. എവിടെയാണ് അക്കാര്യം പറഞ്ഞിട്ടുള്ളത്; ആ രേഖ മേശപ്പുറത്ത് വയ്ക്കാൻ അദ്ദേഹം തയ്യാറാകുമോ? നിയമസഭയിൽ വസ്തുതാവിരുദ്ധമായ പരാമർശം അദ്ദേഹം നടത്തിയെന്ന കാര്യം ഞാൻ ഈയവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എൽ.എസ്.ജി.ഡി.-കളുടെ പദ്ധതി ചെലവിന്റെ കാര്യത്തിൽ വലിയ പുരോഗതി സംസ്ഥാനത്തുണ്ടായി. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതത്തിന്റെ പകുതിയോളം തുക കൃത്യമായി ചെലവഴിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികച്ച നിലയിൽ മുന്നോട്ടുപോകുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് മഴ ലഭിക്കുന്നതിൽ

ആസ്സാം നമ്പർ വണ്ണാണ് എന്നാണ്. അദ്ദേഹത്തിന്റെ പാർട്ടി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്തെ കാര്യം നമുക്കെല്ലാമറിയാമല്ലോ; സ്കൂളുകൾ ലാഭകരമല്ലെന്ന സിദ്ധാന്തം അവതരിപ്പിച്ചത് ആരാണ്; 2500 സ്കൂളുകൾ ലാഭകരമല്ലെന്ന് പറഞ്ഞ് അടച്ചുപൂട്ടാനിരുന്ന കാലം ശ്രീ. എൻ. ഷംസുദ്ദീന് ഓർമ്മയുണ്ടോ? ആ പള്ളിക്കൂടങ്ങളിലേയ്ക്ക് ഇന്ന് സ്വകാര്യ സ്കൂളുകളിലെയടക്കം വിദ്യാർത്ഥികൾ തിരിച്ചുവരുന്ന കാഴ്ച നമ്മൾ കാണുകയല്ലേ; പത്ത് ലക്ഷം കുട്ടികൾ സർക്കാർ പള്ളിക്കൂടങ്ങളിലേയ്ക്ക് പുതുതായി വരുന്നത് ശ്രീ. എൻ. ഷംസുദ്ദീന്റെ കാലത്ത് നടക്കുമോ; യു.ഡി.എഫ്.-ന്റെ കാലത്ത് നടന്നിട്ടുണ്ടോ? യു.ഡി.എഫ്.-ന്റെ കാലത്ത് അടച്ചുപൂട്ടാൻ വച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ 23 എണ്ണം ലാഭത്തിലേയ്ക്ക് വന്നിരിക്കുകയാണ്. കേരളം വ്യവസായങ്ങളുടെ ശവപറമ്പാണെന്ന് പറഞ്ഞ പലരും മാറ്റി പറയുകയല്ലേ; ഇത് യു.ഡി.എഫ്.-ന്റെ കാലത്ത് നടക്കുമോ; യു.ഡി.എഫ്.-ന്റെ കാലത്തുള്ള നമ്പർ വൺ ആണോ എൽ.ഡി.എഫ്.-ന്റെ കാലത്തെ നമ്പർ വൺ; ശ്രീ. എൻ. ഷംസുദ്ദീൻ അത് മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കിഫ്ബിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കിഫ്ബി വഴിയുള്ള വികസന പ്രവർത്തനങ്ങളെയാണ് ഞങ്ങളുടെയെല്ലാം

നിയോജകമണ്ഡലത്തിലെ ഏറ്റവും വലിയ വികസന പ്രവർത്തനമായി ഞങ്ങളെല്ലാം ചൂണ്ടിക്കാണിക്കുന്നത്. അത് എന്റെ മണ്ഡലത്തിൽ മാത്രമല്ല, കേരളത്തിലെ മുഴുവൻ എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ വൻകിട വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത് കിഫ്ബിവഴിയാണ്. അതിൽ ഏറ്റവും ആദ്യം നടപ്പാക്കാൻ കഴിയുന്ന പദ്ധതികളെല്ലാം നടന്നു. സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ലേ; ആശുപത്രികളുടെ നിർമ്മാണം നടന്നില്ലേ; അതുപോലെ ഭൂമി കൈവശമുള്ള സ്ഥലങ്ങളിലെല്ലാം നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടന്നുവരികയല്ലേ? ഭൂമി ഏറ്റെടുക്കുന്ന പദ്ധതികളിലാണ് ചില കാലവിളംബമുണ്ടായിട്ടുള്ളത്. സ്വാഭാവികമായും ലാൻഡ് അക്വിസിഷൻ ആക്ടനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ ഭൂമി കൈവശത്തിലേയ്ക്ക് വരാൻ കഴിയൂവെന്ന് നമുക്കറിയാം. ആ നടപടികൾ നടന്നുവരികയല്ലേ? അതിനാവശ്യമായ ഭരണാനുമതി ഉൾപ്പെടെയുള്ള കാര്യങ്ങൾ വാങ്ങിയശേഷമാണ് അക്കാര്യങ്ങളുമായി കിഫ്ബി മുന്നോട്ടുപോകുന്നതെന്നുകൂടി കാണണം. കിഫ്ബി വായ്പ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിലേയ്ക്ക് ചേർത്ത് സംസ്ഥാനത്തെ ശ്വാസംമുട്ടിക്കാനുള്ള ശ്രമത്തിനെതിരായാണ് നമ്മൾ സംസാരിക്കേണ്ടത്. നമ്മുടെയെല്ലാം കാലത്ത് ഇത്തരം വികസന

പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നുവെന്നുപറയുന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതിന് സഹായകരമായത് കിഫ്ബിയുടെ ഫണ്ടിംഗാണ് എന്നുള്ളത് മറന്നുപോകരുത്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പല സമീപനങ്ങളും സംസ്ഥാനങ്ങളെ മുച്ചൂടും മുടിച്ചുകൊണ്ടിരിക്കുകയാണ്. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ വീഴ്ച വന്നുവെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ജി.എസ്.ടി. വന്നതോടെ അതിന്റെ പല മാർഗ്ഗങ്ങളും അടഞ്ഞിരിക്കുകയല്ലേ? നിയന്ത്രണങ്ങളും പരിമിതികളും വന്നതിന്റെ ഭാഗമായി ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരത്തെ സംബന്ധിച്ച് എന്തുകൊണ്ടാണ് യു.ഡി.എഫ്. പറയാത്തത്? സംസ്ഥാനങ്ങൾ വാറ്റ് നികുതി ഏർപ്പെടുത്തിയിരുന്നപ്പോൾ ഉണ്ടായിരുന്ന നഷ്ടപരിഹാരം കണക്കാക്കി സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുമെന്ന് പറഞ്ഞല്ലോ; ആ നഷ്ടപരിഹാരം നൽകാത്തതിനെ സംബന്ധിച്ച് യു.ഡി.എഫ്.-ന്റെ അഭിപ്രായം എന്താണ്? സെസ്സും സർചാർജ്ജും അടക്കമുള്ള കാര്യങ്ങൾ സംസ്ഥാനങ്ങൾക്ക് പങ്ക് വയ്ക്കുന്നില്ല. ഇപ്പോൾ പെട്രോളിന്റെ ഇന്ധന നികുതി കേന്ദ്രം വലിയ രീതിയിൽ കൂട്ടുകയാണ്. കൂട്ടുന്നതെല്ലാം സെസ്സും സർച്ചാർജ്ജിനത്തിലുമാണ്. എന്നുപറഞ്ഞാൽ കൂട്ടിയ നികുതിയുടെ ശതമാനം സംസ്ഥാനങ്ങളുമായി

പങ്കുവയ്ക്കേണ്ടാത്ത വിഹിതമായിട്ടാണ് നിൽക്കുന്നത്. അത് മുഴുവൻ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായി വരികയാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ ഡിവിസിബിൾ പൂളിൽനിന്നും 2.5 ശതമാനം തുകയാണ് കേരളത്തിന് ലഭിച്ചത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ എത്തിയപ്പോൾ അത് 1.95 ശതമാനമായി കുറഞ്ഞു. എന്താണ് നിങ്ങളുടെ അഭിപ്രായം; കേരളത്തിന് ന്യായമായി കിട്ടേണ്ട വിഹിതമല്ലേ? കേരളം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളെ വച്ചുകൊണ്ട് ഇന്നയിന്ന കാര്യങ്ങളിൽ കേരളം നമ്പർ വൺ ആണ്. എന്നാൽ അവിടെയെല്ലാം ധനകാര്യ കമ്മീഷന്റെ വിഹിതം പടിപടിയായി കുറച്ചുകൊണ്ടിരിക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഓഖിയും നിപയും പ്രളയവും കോവിഡുമടക്കമുള്ള പല സന്ദർഭങ്ങളും കേരളത്തിലുണ്ടായല്ലോ; അതിനെയെല്ലാം അതിജീവിച്ചാണ് ഈ കൊച്ചു കേരളം മുന്നോട്ടുപോയതെന്ന് നമ്മൾ കാണണം. എന്നുമാത്രമല്ല, ഈ സാമ്പത്തിക പ്രയാസത്തിനിടയിലും റിസർവ് ബാങ്കിന്റെ റിപ്പോർട്ടിൽ കേരളം 17 ശതമാനം വളർച്ച നേടിയിരിക്കുകയാണ്. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനം അങ്ങനെ നേടിയോ? കടക്കെണിയിലാണ്, മാന്ദ്യത്തിലാണ് എന്നുപറയുന്ന സന്ദർഭത്തിലും കേരളം ഇത്രയും നല്ല നിലയ്ക്കുള്ള സാമ്പത്തിക

വളർച്ച നേടിയിരിക്കുകയാണ്. നീതി ആയോഗിന്റെ കണക്കുകളെല്ലാം ബഹുമാനപ്പെട്ട പല നേതാക്കളും സൂചിപ്പിക്കുകയുണ്ടായി. പതിമൂന്നോളം കാര്യങ്ങളിൽ കേരളം നമ്പർ വൺ അല്ലേ? അത് നിലനിർത്തിക്കൊണ്ട് പോകുക; മെച്ചപ്പെടുത്തുകയെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. ഭവനനിർമ്മാണം, അടിസ്ഥാന സൗകര്യവികസനം, ആരോഗ്യ സേവനം, സ്കൂൾ വിദ്യാഭ്യാസത്തിന്റെ നവീകരണം എന്നിവയിൽ കേരളം ഇന്ന് ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള നിലയിൽ മുന്നോട്ടുപോകുകയാണ്. സ്വകാര്യ സ്കൂളുകളിൽനിന്നും പത്ത് ലക്ഷത്തിലധികം കുട്ടികൾ സർക്കാർ സ്കൂളുകളിലേയ്ക്ക് തിരികെവന്നിരിക്കുന്ന ഇന്ത്യയിലെ ഏകസംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ജനങ്ങൾക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്ന സംസ്ഥാനം കൂടിയാണ് കേരളം. ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് 1600 രൂപ പെൻഷൻ കിട്ടുന്നത്? ഇത്രയുമധികം തുക പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസകരമായ നിലയിൽ വിനിയോഗിക്കുന്ന കാര്യത്തിൽ കേരള ഗവൺമെന്റ് മാതൃകാപരമായി മുന്നോട്ടുവന്നിട്ടുണ്ട്. അത് കുടിശ്ശിക ഇല്ലാതെ കൊടുക്കുന്ന കാര്യത്തിൽ കേരളം മാതൃകയാണ്.

യു.ഡി.എഫ്.-ന്റെ കാലത്ത് എന്താണ് പ്രത്യേകത; എത്രയോ മാസത്തെ ക്ഷേമ പെൻഷനുകൾ കുടിശ്ശികയാക്കിയാണ് നിങ്ങൾ ഭരണം വിട്ടൊഴിഞ്ഞത്? അത് ശ്രീ. എൻ. ഷംസുദ്ദീൻ മനസ്സിലാക്കേണ്ട കാര്യമാണ്. ശിശുമരണ നിരക്കിന്റെയും മാതൃമരണ നിരക്കിന്റെയും കണക്കുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം യൂറോപ്യൻ സ്റ്റാൻഡേർഡിന് സമമായി മുന്നോട്ടുകൊണ്ടുപോകാൻ ഈ കൊച്ചുനാടിന് കഴിയുന്നുവെന്നത് നമ്മുടെയെല്ലാവരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായി കാണാൻ കഴിയണം. വികസന ലക്ഷ്യത്തിലെത്തിയതിൽ തുടർച്ചയായി മൂന്നാമത്തെ അംഗീകാരമാണ് കേരളത്തിന് ലഭിച്ചതെന്നുള്ളത് നമുക്കെല്ലാം അഭിമാനം നൽകുന്ന കാര്യമാണ്. ദാരിദ്ര്യരേഖയുമായി ബന്ധപ്പെട്ട കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. അനുപ്രകാരം 0.77 ശതമാനം കുടുംബങ്ങൾ മാത്രമാണ് കേരളത്തിൽ അതിദാരിദ്ര്യം അനുഭവിക്കുന്നവരായി ഇപ്പോഴുള്ളത്. അവരേയുംകൂടി കൈപിടിച്ചുയർത്തിക്കൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ദാരിദ്ര്യമില്ലാത്ത നാടായി കേരളം മാറുന്ന സുന്ദരമായ മുഹൂർത്തത്തിലേയ്ക്ക് പോകുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. കേരളത്തിലെ 900 സർക്കാർ സേവനങ്ങൾ ഇതിനോടകം ഡിജിറ്റലായിക്കഴിഞ്ഞു. സർക്കാർ ഐ.ടി. പാർക്കുകളിൽ

258 ഐ.ടി. കമ്പനികൾ ആരംഭിക്കുകയും അതുവഴി 2993 കോടി രൂപയുടെ വരുമാനവളർച്ച ഉണ്ടായിരിക്കുകയുമാണ്. വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളം മുന്നോട്ടുപോകുകയാണ്. പട്ടയം മിഷൻ നടപ്പാക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് പട്ടയം കാത്തിരിക്കുന്ന പാവപ്പെട്ട ലക്ഷക്കണക്കിനാളുകൾക്ക് അത് പ്രയോജനകരമായി മാറും. ചരിത്രപരമായ നിരവധി നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനംകൂടിയാണ് കേരളം. ഒന്നാം പിണറായി ഗവൺമെന്റ് കൈവരിച്ച നേട്ടങ്ങളുടെ കൂടി ഭാഗമായിട്ടല്ലേ ജനങ്ങൾ രണ്ടാമൂഴം കൊടുത്തത്. അത് കേരളത്തിന്റെ ചരിത്രത്തിൽ ഇടംപിടിക്കുന്ന തലത്തിലേയ്ക്ക് കൊണ്ടുവരാൻ ഈ ഗവൺമെന്റിന്റെ നയങ്ങൾ മുഖാന്തരം സാധിക്കും. ആ വികസന കാഴ്ചപ്പാടാണ് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിലൂടെ വരച്ചുകാണിച്ചിട്ടുള്ളത്. തീർച്ചയായും ഇത് കേരളത്തിന്റെ ഭാവി വികസനത്തിനുള്ള വലിയൊരു നാഴികക്കല്ലായി മാറുമെന്നുകൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. കടുത്ത പ്രതിസന്ധികൾക്കിടയിലും

പ്രതീക്ഷയുടെ പച്ചത്തുരുത്തായി കേരളം മാറിയിരിക്കുന്നു. പുരോഗതിയുടെ പടവുകൾ ചവിട്ടി മുന്നേറാൻ കരുത്തോടെ നയിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മലയാളികളുടെ അഭിമാനത്തിന്റെ നിറകുടമായി നിറഞ്ഞുനിൽക്കുകയാണ്. കഴിഞ്ഞ ആറര വർഷങ്ങൾക്കിടയിൽ കേരളത്തെ എണ്ണമറ്റ നേട്ടങ്ങളുടെ പട്ടികയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ അതിനൂതനമായ ആശയങ്ങൾ മുന്നോട്ടുവച്ചതിന്റെ ഭാഗമായി നിരവധി ദേശീയ/അന്തർദ്ദേശീയ പുരസ്കാരങ്ങൾ കേരളത്തെ തേടിയെത്തി. കോവിഡ് മഹാമാരിയുടെ കെട്ടകാലത്തിലും പുരസ്കാരങ്ങളുടെ അഭിമാന നിമിഷത്തിലേയ്ക്ക് വഴിയൊരുക്കി. ആരോഗ്യ-വനിതാ-ശിശുവികസന രംഗത്തെ കരുതലിന് കഴിഞ്ഞ ഒന്നരവർഷംകൊണ്ടുമാത്രം പതിനൊന്ന് പുരസ്കാരങ്ങൾ കേരളത്തെ തേടിയെത്തി. ലോകംകണ്ട കേരളം, ഇനി ലോകം കാണേണ്ടതും ഈ കേരളത്തെയാണ്. 52 ലോകരാജ്യങ്ങൾക്കൊപ്പം ടൂറിസം ഭൂപടത്തിൽ കൊച്ചു കേരളവും ഉൾപ്പെട്ടിരിക്കുന്നുവെന്നത് അഭിമാനകരമായ കാര്യമാണ്. റീസർവ്വേ ഡിജിറ്റൽ വിപ്ലവം സൃഷ്ടിച്ച് നവകേരള കുതിപ്പിന് മലയാളിയുടെ അഭിമാനമായ വസ്തുരേഖകൾ സുതാര്യമാക്കി, 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ആശയം യാഥാർത്ഥ്യമാക്കി. ഒരു വർഷം ഒരു ലക്ഷം

സംരംഭങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട സംരംഭക വർഷം ഒന്നര ലക്ഷം സംരംഭകരേയും 2.63 ലക്ഷം തൊഴിലും സൃഷ്ടിച്ചതിലൂടെ ദേശീയ പുരസ്കാരത്തിന്റെ നിറവിലേയ്ക്ക് വീണ്ടും കേരളം എത്തിയിരിക്കുകയാണ്. ഐ.ടി. വ്യവസായങ്ങൾക്ക് പുതിയ ഇടം തയ്യാറായിവരികയാണ്. സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ 1380 കോടി രൂപ മാറ്റിവച്ചു. കേരളത്തിലെ കാർഷിക മേഖല വല്ലാതെ മോശമായി വന്നുകൊണ്ടിരിക്കുന്നുവെന്നും റബ്ബറിന്റെ വില കുറഞ്ഞിരിക്കുന്നുവെന്നുമാണ് ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചത്. ആരാണ് ഇതിന് കാരണക്കാർ? 1991-ലെ നരസിംഹ റാവു ഗവൺമെന്റ് അനുവർത്തിച്ചുവന്ന ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഭാഗമായി രാജ്യത്തെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന മാർക്കറ്റുകൾ തുറന്നുകൊടുത്തത് കോർപ്പറേറ്റുകൾക്കും മുതലാളിമാർക്കുമാണ്. ഇത് കേരളത്തിലെയും ഇന്ത്യയിലെയും കർഷകർക്കും സാധാരണക്കാർക്കും അവരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്ന അവസ്ഥയിലേയ്ക്കല്ല എത്തിച്ചത്. അതിന്റെ യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് കേരളത്തിൽനിന്നുള്ള എം.പി.-മാർ എന്ത് അഭിപ്രായമാണ് പാർലമെന്റിൽ രേഖപ്പെടുത്തുന്നത്? അത് മാത്രമല്ല, ഇന്ത്യയിൽ ബി.ജെ.പി. ഗവൺമെന്റ് കർഷക ദ്രോഹനയം കൊണ്ടുവരികയും

അതിന്റെ ഭാഗമായി സുപ്രധാനമെന്ന് അവകാശപ്പെടുന്ന മൂന്ന് നിയമങ്ങൾ പാസ്സാക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും എം.പി.-മാർ സ്വീകരിച്ചത്? ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകർ അതിശക്തമായി സമരം നടത്തി. ഇന്ത്യൻ പാർലമെന്റിൽ അപൂർവ്വമായി മാത്രം സംഭവിച്ചിരുന്ന നിയമത്തെ repeal ചെയ്യുന്ന അവസ്ഥയിലേയ്ക്ക് വന്നില്ലേ; ആയിരക്കണക്കിന് വരുന്ന കർഷകർ ജീവനൊടുക്കിയില്ലേ? ഈ ഘട്ടങ്ങളിലൊന്നും പാർലമെന്റിൽ പ്രതികരിക്കാതിരിക്കുകയായിരുന്നു കോൺഗ്രസ്. പിണറായി ഗവൺമെന്റ് കൊണ്ടുവന്ന ബോധപൂർവ്വമായ തീരുമാനമാണ് ഇന്ന് കാർഷിക മേഖല നേരിടുന്ന പ്രശ്നത്തിന് കാരണമെന്ന് നിയമസഭയിൽ കോൺഗ്രസ്സുകാർ പറയുന്നതുകേട്ടാൽ തോന്നും. ഇന്ത്യയിൽ കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ താങ്ങുവില പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണെന്ന യാഥാർത്ഥ്യം മൂടിവച്ചുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുന്നത്. ഐ.ഐ.ടി. അടക്കം ദേശീയ പ്രാധാന്യമുള്ള വിദ്യാലയങ്ങളുണ്ടായി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തി. മൂന്നര ലക്ഷം സ്വപ്നതുല്യമായ വീടുകൾ നിർമ്മിച്ചു. ഒരു വർഷം മാത്രം 106000 ഭവനങ്ങൾ

വീടില്ലാത്തവർക്ക് സ്വന്തമായി. മത്സ്യത്തൊഴിലാളികൾക്കുള്ള 'പുനർഗേഹം' പദ്ധതിയിലൂടെ 4500 പേർക്ക് ഭവനസമുച്ചയം നിർമ്മിച്ചു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള മികച്ച പത്ത് സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളവും ഉൾപ്പെട്ടിരിക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റികളിലൂടെ സാങ്കേതിക പഠനത്തിന് കളമൊരുക്കുന്നു. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്ത് പകർന്നുകൊണ്ടിരിക്കുന്നു. പൊതുവിതരണ സമ്പ്രദായം സുതാര്യമാക്കി, ഡിജിറ്റൽ സപ്ലൈകോവഴി പുതിയ ഔട്ട്‌ലറ്റുകൾ ആരംഭിച്ചു. കേരളത്തിന്റെ നാടൻ ഉൽപ്പന്നങ്ങളായ കറിപൗഡർ, കാപ്പിപ്പൊടി, മസാലപ്പൊടി മുതലായവ വിദേശ വിപണികളിൽ ഇടംനേടി. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ആശ്രയമായി കേരളത്തിന്റെ ഐ.ടി. മേഖല മാറിക്കഴിഞ്ഞു. ഐ.ടി.ഐ.-കളിൽ നിരവധി തൊഴിൽ മേളകൾ സജീവമായി മാറുകയാണ്. കേരളത്തിന്റെ പേരുകേട്ട സുഗന്ധവ്യാപാര സംവിധാനങ്ങളെ പുതിയ സംസ്കരണ രീതിയിലേയ്ക്ക് ആകർഷിച്ച് ആഗോള ഹബ്ബാക്കി മാറ്റുന്നതിനുള്ള ശ്രമം വിജയകരമായി പൂർത്തീകരിച്ചിരിക്കുകയാണ്. അവയവമാറ്റം ചെയ്തവർക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ മരുന്ന് വിതരണം ചെയ്യുന്ന 'കേരള മരുന്ന്' പദ്ധതി യാഥാർത്ഥ്യമായി. ഓൺലൈൻ ടാക്സി സംവിധാനമായ 'കേരള സവാരി' കേരളത്തിന്റെ മാത്രം അഭിമാനകരമായ നേട്ടമാണ്.

പ്രതിസന്ധികൾക്കിടയിലും കേരളത്തിന്റെ മൂലധന നിക്ഷേപം വൻകുതിപ്പിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. 2019-20-ൽ 9667 കോടി രൂപയുടെ മൂലധന നിക്ഷേപവും 2020-21-ൽ 15000 കോടി രൂപയുടെ മൂലധന നിക്ഷേപവും കേരളത്തിന്റെ വിവിധ മേഖലകളിൽ നടത്താൻ കഴിഞ്ഞു. 2021-22-ൽ 14500 കോടി രൂപയുടെ മൂലധന നിക്ഷേപം നടത്താൻ കഴിഞ്ഞു. ഇന്ത്യയിലാദ്യമായി ആറര വർഷംകൊണ്ട് രണ്ട് ലക്ഷം പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയ സംസ്ഥാനം കേരളമാണ്. സ്റ്റാർട്ടപ് മിഷന്റെ ഭാഗമായി സൗഹൃദാന്തരീക്ഷത്തിലൂടെ 2022-ൽ 1274 കോടി രൂപയുടെ വളർച്ച ടെക്നോപാർക്കിലൂടെ ഉണ്ടാക്കിയെന്ന അഭിമാനനേട്ടം കേരളത്തിന് മാത്രം സ്വന്തം. വാർഷിക വിറ്റുവരവ് 3892.13 കോടി രൂപയോടെ 25 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി. തൊഴിലുറപ്പ് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സഹോദരിമാർക്കും അമ്മമാർക്കും കേന്ദ്ര ഗവൺമെന്റ് 42214 കോടി രൂപ കൂലിയിനത്തിൽ തരാൻ ബാക്കി നിൽക്കുമ്പോഴാണ് ഇന്ത്യയ്ക്ക് അഭിമാനമായി ഈ സംസ്ഥാനം ഗ്രാമീണ തൊഴിലുറപ്പ് മേഖലയിൽ ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ഇരുപത്തിയഞ്ച് ലക്ഷം തൊഴിലാളികൾക്ക് ആശ്രയമായി മാറുന്നത്. അൻപത്തിയെട്ട് ലക്ഷത്തോളം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ

നൽകുന്നു. ആ തുക കേരളത്തിലെ സാധാരണക്കാരായ അമ്മമാരുടെയും അച്ഛൻമാരുടെയും കൈകളിലെത്തുന്നു. ഇതെല്ലാം കേരളം കഴിഞ്ഞ ആറര വർഷംകൊണ്ട് നേടിയെടുത്ത നേട്ടങ്ങൾ മാത്രമാണ്. ഇതിൽ പ്രതിപക്ഷത്തിന്റെ പങ്കും സമീപനവുമെന്താണ്? കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന നമുക്കറിയാവുന്നതാണ്. അടുത്ത കാലഘട്ടങ്ങളിൽ കേരളത്തെ വലിയ രൂപത്തിലുള്ള സാമ്പത്തിക പ്രതിസന്ധികളിലേയ്ക്ക് തള്ളിവിട്ടുകൊണ്ട്, ഞെരുക്കിയമർത്തിക്കൊണ്ടിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും ഒരേ നയം സ്വീകരിച്ച് മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്ര സർക്കാർ നൽകുന്നില്ല. ജി.എസ്.ടി.-യിൽ വെട്ടിക്കുറവ് വരുത്തുകയും കിഫ്ബിയെ തുരങ്കംവയ്ക്കാൻ ശ്രമിക്കുകയും കടമെടുക്കാനുള്ള സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശം നിഷേധിക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. കിഫ്ബിയുടെ നല്ല ഗുണങ്ങൾ അനുഭവിക്കുകയും സർക്കാരിനെ വിമർശിക്കുകയും ചെയ്യുന്ന നിലപാടാണ് ബി.ജെ.പി-യും കോൺഗ്രസ്സും സ്വീകരിക്കുന്നത്. പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കിയതിന്റെ ഭാഗമായി പ്രദേശങ്ങളുടെ മുഖം മാറിയ അനുഭവം ആത്മാഭിമാനത്തിന്റേതുകൂടിയാണ്. കേന്ദ്ര

ഗവൺമെന്റെടുക്കുന്ന വായ്പകൾക്ക് പരിധിയില്ല, പക്ഷേ, കേരളത്തിന് അത് പാടില്ലെന്ന നിലപാട് സ്വീകരിക്കുന്നതിലൂടെ കേന്ദ്ര സർക്കാർ ഇരട്ടനീതി നടപ്പാക്കുകയാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽമാത്രം സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി ഇല്ലാതാക്കിയപ്പോൾ കേന്ദ്രത്തിന് ഇപ്പോഴും 2.5-ഉം 3.5-ഉം ആയി റവന്യൂ കമ്മി വർദ്ധിച്ചുവരികയാണ്. സംസ്ഥാനങ്ങളുടെ കടബാധ്യത കുറഞ്ഞുവരുമ്പോൾ കേന്ദ്രം 50 ശതമാനത്തിൽ നിൽക്കുകയാണ്. രാജ്യത്തിന്റെ ദാരിദ്ര്യം വർദ്ധിച്ചുവരുന്നു. കേന്ദ്രം കേരളത്തോട് സ്വീകരിക്കുന്ന നയങ്ങളുടെ ഫലമായുള്ള പ്രതിസന്ധി നമുക്ക് ബോധ്യപ്പെടേണ്ടതാണ്. അതിന് പ്രധാന കാരണം, സർക്കാരെടുക്കുന്ന ജനക്ഷേമ നയങ്ങൾ കേരളത്തിൽ നടപ്പിലാക്കേണ്ടെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റുതുലയ്ക്കുന്നു. ഈ രാജ്യത്തെ കുത്തക കോർപ്പറേറ്റും ശതകോടീശ്വരനും ബി.ജെ.പി.-യുടെ സന്തത സഹചാരിയുമായ ശ്രീ. ഗൗതം അദാനിയുടെ വരുമാനത്തിൽ ഇടിവ് സംഭവിച്ചുവെന്നാണ് ഇന്നലെയും മിനിഞ്ഞാന്നുമായി പത്രങ്ങളിൽ വാർത്തവന്നത്. എങ്ങനെയാണ് ഈ വാർത്തയ്ക്ക് പ്രാധാന്യമുണ്ടാകുന്നത്? പൊതുമേഖലാ സ്ഥാപനങ്ങളായ എസ്.ബി.ഐ., എൽ.ഐ.സി. എന്നിവിടങ്ങളിൽനിന്നും 81247

കോടിയിലധികം രൂപ വായ്പയെടുത്തിരിക്കുകയാണ്. ഓഹരി കമ്പോളങ്ങളുടെ ഒഴുക്കിൽപ്പെട്ട് അവ ഒലിച്ചുപോകുമ്പോൾ കേരളത്തിലെ പാവപ്പെട്ടവരുടെ ഇടനെഞ്ചാണ്, ഈ നാട്ടിലെ മനുഷ്യരുടെ ജീവിതമാണ് തകരുന്നത്. ജനങ്ങൾ നൽകുന്ന നികുതിപ്പണം ഇവർ ഊറ്റിയെടുക്കുകയാണ്. മറ്റൊന്ന്, യു.എസ്.-ലെ പ്രധാന രഹസ്യാന്വേഷണ ഏജൻസിയായ ഹിൻഡൻബർഗുവഴി പുറത്തുവന്ന കണക്കുകളാണ്. ഓഹരിക്കാരെ സംരക്ഷിക്കുന്നതിന് നഷ്ടം പെരുപ്പിച്ച് കാണിക്കുന്ന രീതിയിലുള്ള വാർത്തകളാണ് വരുന്നത്. ഇതിനെ സംബന്ധിച്ച് അഭിപ്രായം പറയാൻപോലും കോൺഗ്രസ്സും ബി.ജെ.പി.-യും തയ്യാറാകുന്നില്ലെന്നതും രൂക്ഷമായ വിമർശനത്തിന് ഇടയാക്കിക്കൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗമാകെ കൈപ്പിടിയിലാക്കി രാജ്യത്തിന്റെ ചരിത്രത്തെയും സ്വാതന്ത്ര്യസമര പോരാട്ടത്തെയും അതിന്റെ സുവർണ്ണ അദ്ധ്യായങ്ങളെയും മറച്ചുപിടിച്ച് വർഗ്ഗീയ രാഷ്ട്രീയ ചരിത്രം മതനിരപേക്ഷ ഇന്ത്യയ്ക്ക് പകരം ചേർക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ദളിതരും സ്ത്രീകളും കുട്ടികളും സമാനതകളില്ലാത്ത അരക്ഷിതാവസ്ഥയിലാണ്. പാർട്ടിവിട്ട് കൂറുമാറിയാൽ 20 കോടി രൂപ അല്ലെങ്കിൽ രാജ്യദ്രോഹക്കുറ്റം എന്നതിൽ ഏത് വേണമെന്ന ഓഫറാണ് ഇപ്പോൾ രാജ്യതലസ്ഥാനത്ത് നടക്കുന്നത്. വർഗ്ഗീയവിഷം

ചീറ്റിക്കൊണ്ട് അമിതാധികാര ഏകാധിപത്യ ഭരണത്തിലൂടെ കേരളത്തെ വൈരാഗ്യബുദ്ധിയോടെ കേന്ദ്ര സർക്കാർ തകർക്കാൻ ശ്രമിക്കുന്നു. ഇന്ത്യയുടെ പരമാധികാര മതനിരപേക്ഷ ജനാധിപത്യം തകർക്കുന്നു. ഹിന്ദു രാഷ്ട്രവാദം മുന്നോട്ടുവച്ച് 'ഹിന്ദിയും ഹിന്ദുസ്ഥാനം' എന്ന മുദ്രാവാക്യം ഇന്ത്യയുടെ വൈവിദ്ധ്യങ്ങളെയും വൈജാത്യങ്ങളെയും പിച്ചിച്ചീന്തുകയാണ്. പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നും കാശ്മീരിന്റെ പ്രത്യേക അധികാരം കവർന്നെടുത്തും ലക്ഷദ്വീപിനെ കടന്നാക്രമിച്ചും ഇന്ത്യയിലെ 16% വരുന്ന മുസ്ലിം മതന്യൂനപക്ഷങ്ങൾക്കെതിരെയും അവരെ കൊന്നൊടുക്കിയും ഇന്ത്യയിൽനിന്ന് പുറത്താക്കിയും വർഗ്ഗീയകലാപങ്ങൾ സൃഷ്ടിച്ചും തകർക്കാൻ ദേശീയ അന്വേഷണ ഏജൻസിയെയും എക്സിക്യൂട്ടീവിനെയും കോടതികളെയും വിലയ്ക്കെടുക്കുന്ന വർഗ്ഗീയരാഷ്ട്രീയമാണ് ഇന്ത്യയിലെ ഭരണാധികാരികൾ കാഴ്ചവയ്ക്കുന്നത്. അത് തടയുന്നതിന് ബി.ജെ.പി.-ക്കെതിരായ നയങ്ങൾ സ്വീകരിക്കാൻ കോൺഗ്രസ് തയ്യാറാകണം. ബി.ജെ.പി. അനുവർത്തിക്കുന്ന മതന്യൂനപക്ഷങ്ങൾക്കെതിരായുള്ള കടന്നാക്രമണങ്ങളെ ചെറുത്തുതോൽപ്പിക്കാൻ നാം മുന്നോട്ടുവരേണ്ടതുണ്ട്. ജാതിയുടെയും മതത്തിന്റെയും പേരിൽ കേരളത്തിലും ഇന്ത്യയിലും അധിവസിക്കുന്ന

സാധാരണ മനുഷ്യർക്ക് ജീവിക്കാൻ കഴിയാതെ പോകുന്നു. ഭരണഘടന ഉയർത്തിപ്പിടിച്ചുകൊണ്ട് രാജ്യത്തെ ഇത്തരം വർഗ്ഗീയശക്തികളിൽനിന്നും മോചിപ്പിക്കുന്നതിനായി ഒരു തീപ്പൊരിപോലെ ജ്വലിച്ചുനിൽക്കുന്ന കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന്റെ നേട്ടങ്ങൾ ആവർത്തിച്ച് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. പ്രമേയാവതാരകൻ ഇവിടെ രണ്ട് വികസന പദ്ധതികളുടെ കാര്യം ചൂണ്ടിക്കാണിച്ചു. പിണറായി സർക്കാരിന്റെ നേട്ടങ്ങളിൽ ഒന്ന് ഗെയിൽ പൈപ്പ്ലൈൻ സ്ഥാപിച്ചതാണ്. യു.ഡി.എഫ്. എതിർത്തിട്ടും ഗെയിൽ പൈപ്പ്ലൈൻ സ്ഥാപിച്ചുവെന്നാണ് പറയുന്നത്. ഞാൻ ഒരു ഫോട്ടോ കാണിക്കാം (ഫോട്ടോ ഉയർത്തിക്കാണിച്ചു). "No gambling with our lives, no pipeline through populous areas." ഗെയിൽ ഓഫീസ് മാർച്ച്. ഈ മാർച്ച് ഉദ്ഘാടനം ചെയ്യുന്ന ആളിന് ഇന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടെ ഛായയാണുള്ളത്. വീണ്ടും ഗെയിലിനെതിരെ ദേശാഭിമാനിയിൽ വന്ന വാർത്ത ഇതായിരുന്നു. "കുഴൽ വഴിയിൽ ഭീതിയോടെ". പാവപ്പെട്ട ജനങ്ങൾ ഭീതിയോടുകൂടി ഓടുകയാണ്. അവരുടെ കാർട്ടൂണടക്കം നൽകിയിട്ടുണ്ട്. ആ മാർച്ചിനും നേതൃത്വം നൽകുന്നത്

ഇപ്പറഞ്ഞ ആൾതന്നെയാണ്. ഭൂമിക്കടിയിലെ ബോംബെന്ന് പറഞ്ഞയാൾ ഭരണകക്ഷിയും മന്ത്രിയുമായി മാറിയതോടുകൂടി എതിർപ്പുമാറി, ഗെയിൽ പൈപ്പ്ലൈൻ യാഥാർത്ഥ്യമായി. ഇതല്ലേ വസ്തുത? വിഴിഞ്ഞം പദ്ധതിക്ക് യു.ഡി.എഫ്. തുരങ്കംവയ്ക്കുകയാണെന്ന് പറഞ്ഞു. വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്ന ദിവസം പ്രസ്തുത ഉദ്ഘാടന ചടങ്ങിനെ ബഹിഷ്കരിക്കുകയും ഉദ്ഘാടന ചടങ്ങിനെത്തിയവരെ കല്ലെറിഞ്ഞ് ഓടിച്ചവരുമാണിപ്പോൾ ഇതിനെക്കുറിച്ച് പറയുന്നത്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നതിന് കാരണം, ഭരണകക്ഷിയിൽപ്പെട്ടവർക്കുപോലും ബഹുമാനപ്പെട്ട ഗവർണർ പറയുന്ന കാര്യങ്ങൾ അംഗീകരിക്കാൻ കഴിയില്ല എന്നതുകൊണ്ടാണ്. ലഹരിക്കെതിരായി പോരാട്ടം നടത്തുന്നുവെന്ന് ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞിരിക്കുന്നു. മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ പറയുന്നതെന്താണ്? 'ലഹരിക്കെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നു.' ആരാണ് സ്ഥലം മാറ്റുന്നത്? 'പുറത്തിറങ്ങി നടക്കാൻ വയ്യ. പ്രഖ്യാപനങ്ങൾ മാത്രം. ഫണ്ടെവിടെ' എന്നാണ് ഭരണകക്ഷി അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ ചോദിക്കുന്നത്. സി.പി.ഐ.-യുടെ ഉന്നത നേതാവായ ശ്രീ. കെ. ഇ. ഇസ്മായിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട്

പറയുന്നത്, "തലമറന്ന് എണ്ണ തേയ്ക്കരുത്. കർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കണം. നിങ്ങൾ യാഥാർത്ഥ്യത്തിലേയ്ക്ക് തിരിച്ചുവരണം. തലയിൽ ചൂടിയിരിക്കുന്ന കിരീടം കർഷകത്തൊഴിലാളികളുടെ സംഭാവനയാണ്. അവർ അഹോരാത്രം പണിപ്പെട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കേരളത്തിൽ വിജയിപ്പിച്ചത്. അല്ലാതെ സ്വർണ്ണക്കടത്തൊന്നുമല്ല" എന്നാണ്. അതുകൊണ്ട് ഈ നന്ദിപ്രമേയം അവതരിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നന്ദിപ്രമേയത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി കാണുന്നത്, ബഹുമാനപ്പെട്ട ഗവർണർ വളരെ സന്തോഷവാനാണ്. കാരണം, അദ്ദേഹത്തിന്റെ രാഷ്ട്രീയ നേതൃത്വത്തെ ഒന്ന് നുള്ളിനോവിക്കുകപോലും ചെയ്യാത്തൊരു നയപ്രഖ്യാപനമാണിത്. ഇത് അവസാനിക്കുന്നതുതന്നെ "ഇതിനായി അർത്ഥവത്തായ സഹകരണ ഫെഡറലിസം പരിപോഷിപ്പിക്കുന്ന ഒരു അനുകൂല സമീപനം കേന്ദ്ര സർക്കാരിൽനിന്നും നമുക്ക് ആവശ്യമാണ്. മുന്നോട്ടുള്ള യാത്രയിൽ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പൗരസമൂഹത്തെ ഉൾപ്പെടുത്തി സാധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളും" എന്ന് പറഞ്ഞുകൊണ്ടാണ്. ഈ സഹകരണം എത്രയോ നാളുകൾക്കുമുമ്പേ ആരംഭിച്ചതല്ലേ; അതിന്റെ

പാലമായിട്ടല്ലേ ശ്രീ. കെ. വി. തോമസിനെ 'കടൽവിറ്റ തോമസ് ' എന്ന് ആക്ഷേപിച്ച, ഫ്രഞ്ച് ചാരനെന്ന് വിളിച്ചാക്ഷേപിച്ച സി.പി.ഐ.(എം) ഇന്ന് ഡൽഹിയിൽ കൊണ്ടിരുത്തിയിരിക്കുന്നത്; അത് ഈ സഹകരണത്തിനുവേണ്ടിയല്ലേ? വാസ്തവത്തിൽ ശ്രീ. നരേന്ദ്ര മോദിപോലും മൂക്കത്ത് വിരൽ വച്ചുപോയി. ഇങ്ങനെ മാറിയോ പിണറായി സർക്കാർ? പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കേന്ദ്ര സർക്കാരിനെ നുള്ളിനോവിക്കാതെ നയപ്രഖ്യാപനം നടത്തിയത് കേരളത്തിൽ മാത്രമാണ്. ഇത് കഴിഞ്ഞ കുറേ നാളുകളായി നടക്കുന്നതാണ്. അതുകൊണ്ടാണ് ഭാരത് ജോഡോ യാത്രയെ എതിർക്കാൻ കേരളത്തിലെ സി.പി.ഐ.(എം)-ൽ ആളുകളുണ്ടായത്. വിദ്വേഷത്തിനും വർഗ്ഗീയ രാഷ്ട്രീയത്തിനുമെതിരായി ശ്രീ. രാഹുൽ ഗാന്ധി 4080 കിലോമീറ്റർ ദൂരം ആസേതുഹിമാചലം നടന്നുനീങ്ങിയപ്പോൾ അതൊരു കണ്ടെയ്നർ ജാഥയായി കണ്ടവരാണ് സി.പി.ഐ.(എം)-കാർ. അവരുടെ കാഴ്ച ആ കണ്ടെയ്നർവരെ മാത്രമേ നീളുന്നുള്ളൂ. അതിനപ്പുറത്തേയ്ക്കൊരു രാഷ്ട്രീയമുണ്ട്, ഉദാത്തമായ ലക്ഷ്യങ്ങൾ ആ ജാഥയ്ക്കുണ്ട്. എല്ലാ സുഖസൗകര്യങ്ങളോടുംകൂടി ജനിച്ച ശ്രീ. രാഹുൽ ഗാന്ധി ഈ നാട്ടിലെ സാധാരണക്കാരോടൊപ്പം റോഡുവക്കിൽ കാണുന്ന പീടികയിൽ അവരോടൊപ്പം ഭക്ഷണം കഴിക്കുമ്പോൾ നിങ്ങൾക്ക് കാണാൻ

കഴിയുന്നത് ഈ ജാഥയെ ഒരു പൊറോട്ട ജാഥയായിട്ടുമാത്രമാണ്. അതിനപ്പുറത്തേയ്ക്ക് കാണാൻ നിങ്ങൾക്ക് കഴിയുന്നില്ല. ശ്രീ. രാഹുൽ ഗാന്ധി നയിക്കുന്ന പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നു എന്നതാണ് ഞങ്ങളുടെയെല്ലാം അഭിമാനം. ലോകത്തിലെ ഏത് intellectual ക്ലാസ്സുമായും ഇന്ററാക്ട് ചെയ്യാൻ ശ്രീ. നരേന്ദ്ര മോദിയേക്കാൾ ഏറ്റവും ഉന്നതിയിൽ നിൽക്കുന്ന നേതാവാണ് ശ്രീ. രാഹുൽ ഗാന്ധിയെന്ന് ഞങ്ങൾ അഭിമാനത്തോടുകൂടി പറയും. ലോകത്തിലെ പത്രക്കാർ ചോദിക്കുന്ന ഏത് ചോദ്യത്തിനും ഓഫ്ഹാൻഡായി മറുപടി പറയാൻ അദ്ദേഹത്തിന് സാധിക്കും, ശ്രീ. നരേന്ദ്ര മോദിക്ക് സാധിക്കുന്നില്ല എന്നതാണ് ഞങ്ങളുടെ അഭിമാനം. ഇന്ത്യയിലെ പ്രഗത്ഭമായ കോളേജുകളിലെ ഏറ്റവും intelligent വിദ്യാർത്ഥികളുമായി സംവദിക്കാൻ ശ്രീ. രാഹുൽ ഗാന്ധിക്ക് കഴിയും, അത് ശ്രീ. നരേന്ദ്ര മോദിക്ക് കഴിയുന്നില്ല എന്നതാണ് ഞങ്ങളുടെ അഭിമാനമായി പറയാൻ ആഗ്രഹിക്കുന്നത്. സാധാരണക്കാരായ ഏതൊരാളുമായും സംവദിക്കാനും അദ്ദേഹത്തിന് കഴിയും. ഒരു പ്രധാനമന്ത്രിയുടെ വസതിയിൽ ജനിച്ച അദ്ദേഹം ഇന്ന് സാധാരണക്കാരോടൊപ്പം നടക്കുന്നു. ശ്രീ. നരേന്ദ്ര മോദി ജീവിത കഷ്ടപ്പാടുകൾകൊണ്ട് ചായവിറ്റ് നടന്നുവെന്ന് പറയുന്നു, അത് ഏറ്റവും നല്ല കാര്യമായി ഞങ്ങൾ കാണുന്നു. പക്ഷേ, ജീവിത

കഷ്ടപ്പാടുകൾകൊണ്ട് ചായവിറ്റ് നടന്നിരുന്ന ആളിന് 20 ലക്ഷം രൂപയുടെ കോട്ടണിഞ്ഞാൽ മാത്രമേ ഉറങ്ങാൻ സാധിക്കുകയുള്ളൂവെന്ന് പറയുമ്പോഴാണ് അതിന്റെ മുന്നിൽ ശ്രീ. രാഹുൽ ഗാന്ധി എല്ലാ സൗകര്യങ്ങളും ത്യജിച്ച് രാജ്യത്തെ സാധാരണക്കാരോടൊപ്പം തോളിൽ കയ്യിട്ട് നടക്കുന്നത്. ആ ജാഥയെയാണ് കണ്ടെയ്നർ ജാഥയെന്നുപറഞ്ഞ് സി.പി.ഐ.(എം) അധിക്ഷേപിക്കുന്നത്. മെഡിസെപ് 30 ലക്ഷം അംഗങ്ങളെ ഉൾക്കൊള്ളുന്നതാണെന്ന് നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. 12 ലക്ഷംപേർ ചേർന്നു. ഒരാൾ വാർഷിക വിഹിതമായി 6,000 രൂപ അടയ്ക്കുന്നതിലൂടെ ഒരു വർഷം 720 കോടി രൂപ സർക്കാരിന് ലഭിക്കുന്നു. അതിൽ ഇൻഷ്വറൻസ് കമ്പനിക്ക് 576 കോടി രൂപ നൽകുന്നു. ഓരോ വർഷവും റീ-ഇംബേഴ്സ്മെന്റ് കൊടുത്തിരുന്ന സമയത്ത് 250 കോടി രൂപ കൊടുത്താൽ മുഴുവൻ റീ-ഇംബേഴ്സ്മെന്റും നൽകാൻ കഴിയുമായിരുന്ന സാഹചര്യത്തിലാണ് 576 കോടി രൂപ സ്വകാര്യ കമ്പനിക്ക് കൊടുത്തിരിക്കുന്നത്. കൂടുതലും കണ്ണാശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാതൊരു പ്രയോജനവും ഇല്ലാത്ത, സ്വകാര്യ ഇൻഷ്വറൻസ് കമ്പനിക്ക് ലാഭമുണ്ടാക്കാൻ മാത്രമുള്ളൊരു ഏർപ്പാടായി ഇത് മാറിയിരിക്കുകയാണ്. ജി.എസ്.ടി. വഴി 103.68 കോടി രൂപയും കോർപ്പസ് ഫണ്ട് വഴി 40.32 കോടി രൂപയും

ലഭിക്കുന്നതിലൂടെ 144 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിക്കുന്നു. 2022 ആകുമ്പോൾ ലൈഫ് പദ്ധതി മുഖേന എല്ലാവർക്കും വീട് നൽകുമെന്ന് പറഞ്ഞു. 322922 വീടുകൾ നൽകിയെന്നാണ് സർക്കാർ ഇപ്പോൾ അവകാശപ്പെടുന്നത്. ആദ്യം അഞ്ചുലക്ഷത്തിലധികം അപേക്ഷകൾ കിട്ടി. എല്ലാ നടപടികളും പൂർത്തിയായിട്ട് വീണ്ടും അഞ്ചുലക്ഷത്തിലധികം അപേക്ഷ വാങ്ങി. ലൈഫ് പദ്ധതി എന്നാൽ കേവലം വീട് കൊടുക്കുന്ന പദ്ധതി മാത്രമല്ല, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെല്ലാം ചേർത്തിട്ടുള്ള പദ്ധതിയാണ്. ലൈഫ് പദ്ധതിയുടെ പേരിൽ പഞ്ചായത്തുകൾ ഇന്ന് ചക്രശ്വാസം വലിക്കുകയാണ്. പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽനിന്നും 20 ശതമാനം ഈ പദ്ധതിക്കുവേണ്ടി വിനിയോഗിക്കേണ്ടിവരുന്നു. വീണ്ടും വീടുകൾ കൊടുക്കേണ്ടി വരുമ്പോൾ വീണ്ടും 20 ശതമാനംകൂടി വിനിയോഗിക്കേണ്ടിവരുന്ന സാഹചര്യമാണ്. 2016-ലെ പ്രകടനപത്രികയിൽ 25 ലക്ഷം പേർക്കും 2021-ലെ പ്രകടനപത്രികയിൽ 40 ലക്ഷം പേർക്കും തൊഴിൽ നൽകുമെന്ന് എൽ.ഡി.എഫ്. വാഗ്ദാനം നൽകി. എത്ര പേർക്ക് തൊഴിൽ നൽകി; പിൻവാതിൽ നിയമനങ്ങളല്ലാതെ എന്താണ് ഇവിടെ നടക്കുന്നത്? ഇസ്രായേൽ കൃഷി രീതികൾ പഠിക്കാൻ രണ്ട് കോടി രൂപ ചെലവുചെയ്ത്

കർഷക സംഘത്തെ ഇസ്രായേലിലേയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു. ശ്രീ. കെ. ഇ. ഇസ്മായിൽ പറഞ്ഞത് കർഷകർക്ക് കുടിശ്ശിക നൽകേണ്ട സമയത്താണ് ഇസ്രായേലിലേയ്ക്ക് പോകുന്നതെന്നാണ്. കൃഷി പഠിക്കാൻ ഇസ്രായേലിലൊന്നും പോകണ്ട, തിരുവനന്തപുരത്തെ പുഞ്ചക്കരി പാടശേഖരത്ത് വന്നാൽ മതി. കൃഷി വകുപ്പുമന്ത്രിയെ അങ്ങോട്ടേയ്ക്ക് ക്ഷണിക്കുകയാണ്. കേരള ഫീഡ്സിന്റെ കാലിത്തീറ്റയെക്കാൾ വിലക്കുറവിലാണ് സ്വകാര്യ കമ്പനികൾ കാലിത്തീറ്റ കൊടുക്കുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില കുറയ്ക്കാൻ സർക്കാർ തയ്യാറാകണം. മത്സ്യത്തൊഴിലാളികളുടെ 'പുനർഗേഹം' പദ്ധതിപ്രകാരം 18000 വീടുകളിലുള്ളവരെ മാറ്റിപാർപ്പിക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ 1473 വ്യക്തിഗത പാർപ്പിടങ്ങൾ മാത്രമാണ് കൈമാറിയിട്ടുള്ളതെന്നാണ് നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിനുവേണ്ടി 10 ലക്ഷം രൂപ മാത്രമാണ് നൽകുന്നത്. ആ തുക ഇരട്ടിയായി വർദ്ധിപ്പിച്ചാൽ മാത്രമേ ഈ പദ്ധതി ഉദ്ദേശിച്ചതുപോലെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. തീരദേശ പട്ടയം 6 വർഷക്കാലമായി നൽകിയിട്ടില്ല. 'പട്ടയം നൽകാത്ത എം.എൽ.എ.-ക്കെതിരെ പ്രതിഷേധിക്കുക' എന്ന് പറഞ്ഞ് കഴിഞ്ഞദിവസം

എന്റെ നിയോജകമണ്ഡലത്തിൽ സി.പി.ഐ.(എം) സമരം നടത്തി. എം.എൽ.എ.-മാരാണ് പട്ടയം നൽകുന്നതെന്ന് ഇവിടെയിരിക്കുന്ന ഏതെങ്കിലും എം.എൽ.എ.-യ്ക്ക് പറയാൻ കഴിയുമോ? സർക്കാർ പട്ടയം നൽകാത്തതിന്റെ പാപഭാരം എം.എൽ.എ.-യുടെ തലയിൽ കെട്ടിവയ്ക്കുന്നവരോട് ശ്രീ. പിണറായി വിജയന്റെ കുറ്റംകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് ഉപദേശിച്ചുകൊടുക്കണം. സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടത്താൻ പോകുന്നു. പാഠ്യപദ്ധതി ചുവപ്പുവൽക്കരിക്കാൻ പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കരിക്കുലം കമ്മിറ്റികളിൽ ഇടത് സഹയാത്രികരെ കുത്തിനിറച്ചിരിക്കുകയാണ്. ഡൽഹിയിൽ കാവിവത്കരണം, കേരളത്തിൽ ചുവപ്പുവത്കരണം. 'ശ്രീമതി ആര്യാ രാജേന്ദ്രൻ, ശ്രീ. ആനാവൂർ നാഗപ്പനയച്ച കത്തുകൾ' എന്ന പാഠഭാഗംകൂടി കേരളത്തിലെ പാഠപുസ്തകത്തിൽ കയറുമോയെന്ന ആശങ്കയിലായിരിക്കുകയാണ്. NAAC (National Assessment And Accreditation Council)-ന്റെ റാങ്കിംഗിൽ ഒന്നാംസ്ഥാനം കേരളത്തിന് കിട്ടിയെന്ന് പറയുന്നു. ഒന്നാംസ്ഥാനം വൈലോപ്പിള്ളിക്ക് കൊടുത്ത വാഴക്കുലയിലൂടെയാണോ കിട്ടിയത്? എല്ലാ സി.എച്ച്.സി.-കളിലും ഡയാലിസിസ് സെന്ററുകൾ ആരംഭിക്കണമെന്ന് സർക്കാരിനോട്

ആവശ്യപ്പെടുകയാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒരു ഡയാലിസിസ് സെന്ററെങ്കിലും ആരംഭിക്കണം. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഒരു വാക്കുപോലും നയപ്രഖ്യാപനത്തിൽ കാണാനില്ല. എല്ലാമാസവും അഞ്ചാം തീയതി ജീവനക്കാർക്ക് ശമ്പളം കൊടുക്കുമെന്ന് പറഞ്ഞിട്ട് ഒരു മാസംപോലും കൃത്യമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്ക് പാലിക്കാൻ കഴിയുന്നില്ല, പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വാങ്ങുന്നില്ല, സ്വകാര്യവത്കരണത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. 'Zero Tolerance to Corruption' എന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. 'ഒരു കടമുറി ഒഴിപ്പിക്കുവാൻ 12 ലക്ഷം രൂപ സി.പി.ഐ.(എം) നേതാക്കൾ വാങ്ങിയിരിക്കുകയാണ്' എന്നത് ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണ്. ലക്ഷങ്ങളും കോടികളുമുണ്ടാക്കുന്ന പാർട്ടിയുടെ നേതാക്കളാണ് ഇവരെല്ലാവരും. സി.പി.ഐ.(എം) നേതാക്കൾക്ക് എന്താണ് ഇതിനെക്കുറിച്ച് പറയാനുള്ളത്? അതുകൊണ്ട് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയാത്ത നയപ്രഖ്യാപനമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഫ്ലോറിൽവച്ച് കേന്ദ്ര സർക്കാരിനെ നിശിതമായി

വിമർശിച്ച ശ്രീ. എം. വിൻസെന്റിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാരണം, പതിനഞ്ചാം കേരള നിയമസഭ നിലവിൽ വന്നതിനുശേഷം ഇന്നുവരെ ഏകദേശം 51 അടിയന്തരപ്രമേയങ്ങളാണ് യു.ഡി.എഫ്. കൊണ്ടുവന്നിട്ടുള്ളത്. അതിൽ പെട്രോളിയം വില വർദ്ധനവുമായി ബന്ധപ്പെട്ട് മൂന്നെണ്ണത്തിലാണ് പ്രത്യക്ഷത്തിലും പരോക്ഷത്തിലും കേന്ദ്ര സർക്കാരിനെ വിമർശിച്ചിട്ടുള്ളത്. ബാക്കി അവതരിപ്പിച്ച 48 പ്രമേയങ്ങളും കേരള സർക്കാരിനെ വിമർശിക്കാൻവേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. യു.ഡി.എഫ്-ന്റെയും കോൺഗ്രസ്സിന്റെയും നിലപാട് കേന്ദ്ര സർക്കാരിനെ അനുകൂലിച്ചുകൊണ്ടുള്ളതാണ്. അതുകൊണ്ടാണ് കേന്ദ്ര സർക്കാരിനെ നിയമസഭയിൽ വിമർശിക്കാൻ എട്ടാം സമ്മേളനം കൂടുമ്പോൾപോലും ഒരു അടിയന്തരപ്രമേയം കൊണ്ടുവരാൻ കഴിയാതിരുന്നത്. ജനങ്ങളെ ബാധിക്കുന്ന അടിയന്തര വിഷയങ്ങളിൽ പ്രതിപക്ഷത്തിന് അടിയന്തരപ്രമേയം കൊണ്ടുവരാം. പക്ഷേ, ഇതുവരെ നിങ്ങൾ അതിന് തയ്യാറായിട്ടില്ല. അതിനുപകരം, എന്തിനുമേതിനും കേരള സർക്കാരിനെ വിമർശിക്കാൻ ഒരേവിഷയംതന്നെ അടിയന്തരപ്രമേയമായി കൊണ്ടുവരുന്നുണ്ട്. കേരള സർക്കാരിനെ എങ്ങനെയെങ്കിലും വിമർശിക്കുക

എന്നതിനപ്പുറം എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ; കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ നിങ്ങൾക്കൊരു തുറന്ന സമീപനമുണ്ടോ? നിങ്ങൾക്കങ്ങനെ സമീപനമുണ്ടെങ്കിൽ ഞങ്ങളും നിങ്ങളുടെ കൂടെയുണ്ട്. അതുകൊണ്ടാണ് ശ്രീ. എം. വിൻസെന്റിനെ അഭിനന്ദിക്കാൻ ഞാൻ തയ്യാറായത്. പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിന് മുന്നോടിയായി ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ രണ്ടാം പിണറായി സർക്കാരിന്റെ പുതു സാമ്പത്തിക വർഷത്തെ നയം പ്രഖ്യാപിക്കുകയുണ്ടായി. ആധുനിക കേരളത്തിന്റെ മുഖം എങ്ങനെയായിരിക്കണമെന്ന് വിളിച്ചോതുന്ന ദീർഘവീക്ഷണത്തോടുകൂടിയ നയരേഖയാണ് സർക്കാരിനുവേണ്ടി അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്. സമൂഹത്തിന്റെ വിവിധ മേഖലകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി, സർക്കാർ മുന്നോട്ടുവയ്ക്കുന്ന വികസന പ്രവർത്തനങ്ങളുടെ പട്ടികയിൽ തൊഴിൽ, സാങ്കേതിക പുരോഗതി, ഉൽപ്പാദന മേഖലയിലുള്ള ഇടപെടലുകൾ, ശാസ്ത്ര പുരോഗതി, സാമൂഹ്യസുരക്ഷ, അതിദാരിദ്ര്യം ഇല്ലായ്മചെയ്യൽ, എല്ലാവർക്കും ഭൂമിയും വീടും, സർക്കാർ സേവനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്ന വാതിൽപ്പടി സേവനങ്ങൾ, പുതിയ തൊഴിലവസരം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ, തൊഴിലുറപ്പും

ക്ഷേമനിധിയും ഏർപ്പെടുത്തുന്നതുവഴി ഏകദേശം 26 ലക്ഷം തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ എന്നിവയാണ് എൽ.ഡി.എഫ്. സർക്കാർ ഉറപ്പുവരുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് പുതിയ നിക്ഷേപങ്ങൾ തുടങ്ങുന്നതിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സംരംഭക വർഷം ഏകദേശം 120000 പുതിയ സംരംഭങ്ങൾ ആരംഭിക്കാനും ഏകദേശം രണ്ട് ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാനും സർക്കാരിന് കഴിഞ്ഞു. കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നൂതന ആശയങ്ങൾ, ഉൽപ്പാദന വർദ്ധനവിലൂടെയും മൂല്യവർദ്ധനവിലൂടെയും കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ, മത്സ്യബന്ധന മേഖലയിലെ വൈവിദ്ധ്യവൽക്കരണത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം പദ്ധതിയിലൂടെ പൊതു വിദ്യാഭ്യാസ മേഖലയിലുള്ള സർക്കാരിന്റെ മികച്ച ഇടപെടലുകൾ എന്നിവ കാണാൻ കഴിയും. ആർദ്രം മിഷൻ 2-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആരോഗ്യരംഗത്തെ ലോകത്തിലെതന്നെ മികച്ച ആരോഗ്യപ്രദേശമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള മികവാർന്ന പ്രവർത്തനങ്ങൾ നടത്തുകയാണ്.

സംസ്ഥാനത്ത് ഒരാൾക്കുപോലും ഭക്ഷണമില്ലാത്ത അവസ്ഥയുണ്ടാകരുതെന്ന ലക്ഷ്യത്തോടുകൂടി സൗജന്യ ഭക്ഷ്യകിറ്റുകൾ, ജനകീയ ഹോട്ടലുകൾ എന്നിവ നടപ്പിലാക്കി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ഈ വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ശാക്തീകരണം ഉറപ്പുവരുത്തി.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ]

പുതുതലമുറ കോഴ്സുകൾക്കും ഉന്നതവിദ്യാഭ്യാസ കോഴ്സുകളായ ചാർട്ടേഡ് അക്കൗണ്ടൻസി, കമ്പനി സെക്രട്ടറി കോഴ്സുകൾക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതുവഴി പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന നിരവധിപേർക്കാണ് ഗുണം ലഭിക്കുന്നത്. അധികാര വികേന്ദ്രീകരണ പ്രക്രിയ നടപ്പിലാക്കുകയും അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അതത് പ്രദേശങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തുകൊണ്ട് ഓരോ പ്രദേശത്തിന്റെയും വികസനമെന്ന കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ലക്ഷ്യമിടുന്നത്. ഒരു നാടിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് അടിസ്ഥാന മേഖലയിലെ വികസനം വളരെ വലുതാണ്. പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾവഴി സംസ്ഥാനത്തെ നഗര-ഗ്രാമീണ മേഖലകൾ

തമ്മിലുള്ള റോഡ് കണക്റ്റിവിറ്റിയെന്ന ആശയം സമഗ്ര മേഖലകളുടെയും വികസനം ലക്ഷ്യമാക്കിയുള്ളതാണ്. സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗതത്തെ സുഗമമാക്കുന്നതിനുള്ള നിരവധി പദ്ധതികൾ, കുടിവെള്ളപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലക്ഷ്യമിടുന്ന ജൽജീവൻ പദ്ധതി, പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്നതിനും മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ പരിഹരിക്കുന്നതിനുംമറ്റും വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, സംസ്ഥാനത്തെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നികുതി വകുപ്പിന്റെ വിവിധ പദ്ധതികൾ, നികുതി വെട്ടിപ്പ് തടയുന്നതോടൊപ്പം നികുതിദായകർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ, ഭൂരഹിതരായവർക്ക് പട്ടയം നൽകുന്ന പദ്ധതി തുടങ്ങിയവയെല്ലാം എടുത്തുപറയേണ്ടവയാണ്. പട്ടയത്തിന്റെ വിഷയം സംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചിരുന്നു. വർഷങ്ങളായി പട്ടയം കിട്ടാത്തവർ സംസ്ഥാനത്തുണ്ടെന്ന് എല്ലാവർക്കുമറിയാം. അഞ്ചുസെന്റ് ഭൂമിക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഈ ഭൂമി അവരുടേതാണെന്നുകൂടി ഉറപ്പുവരുത്താനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. എന്റെ മണ്ഡലത്തിൽ 53 പട്ടയങ്ങൾ കൊടുക്കാൻ സാധിച്ചു. പുതുതായി 40000 പട്ടയങ്ങൾ നൽകുമെന്ന്

പ്രഖ്യാപിച്ചിരിക്കുകയാണ്. സ്വന്തമായി ഭൂമിയില്ലാതെ നാൽപ്പതോ അമ്പതോ വർഷമായി ജീവിക്കുന്ന നമ്മുടെ നാട്ടിലെ ആളുകൾക്ക് അത് വലിയ ആശ്വാസമാണ്. ഏകദേശം 54534 പേർക്ക് പുതുതായി പട്ടയം നൽകാൻ സാധിച്ചിട്ടുണ്ട്. രാജ്യത്തെ മികച്ച പോലീസ് സേനയായ കേരള പോലീസിന്റെ മികവ് നിലനിർത്തുന്നതിനാവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. Student Police Cadet പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച സേവന സന്നദ്ധത ഉറപ്പുവരുത്തുന്നു. കേരളത്തിലെ കായിക സംസ്കാരത്തിന് പുതിയ മാനം നൽകുന്നതിനായി കായിക വകുപ്പുവഴി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. കേരളത്തിലെ യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും കായികക്ഷമത വർദ്ധിപ്പിച്ച് രാജ്യത്തിന്റെ അഭിമാനതാരങ്ങളായി അവരെ വളർത്തിയെടുക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ ഫലം കണ്ടുകഴിഞ്ഞാൽ തീർച്ചയായും അടുത്ത ഒളിമ്പിക്സിൽ കേരളത്തിന് ഒരു മെഡൽ ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ മുന്നോട്ടുവയ്ക്കുന്ന ഇത്രയും ആശയങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞാൽ തീർച്ചയായും ഒരു പുതിയ കേരളം സൃഷ്ടിക്കാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. പുതിയ കാലത്തിന്റെ വെല്ലുവിളികളും പ്രതീക്ഷകളും ഭാവി കരുപ്പിടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ നയപ്രഖ്യാപനം. ആധുനിക വികസന കേരളത്തിന്റെ നിർമ്മിതി വിഭാവനം ചെയ്തുകൊണ്ട് കേരളത്തെ നവകേരളമാക്കി മാറ്റുന്നതിനുള്ള കാഴ്ചപ്പാടാണ് ഗവർണറുടെ നയപ്രഖ്യാപനത്തിലുള്ളത്. നയപ്രഖ്യാപനരേഖ സഭയിൽ അവതരിപ്പിക്കപ്പെടുന്നതിനുമുമ്പുതന്നെ പലതരത്തിലുള്ള കഥകൾ മാധ്യമങ്ങളിലൂടെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എതിർക്കുന്നവരിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. 'എന്റെ ഗവൺമെന്റ് ' എന്ന് ഗവർണർ എത്രതവണ പറഞ്ഞുവെന്നതിലാണ് ഒരു ഗവേഷണം നടന്നത്. കേന്ദ്രവിരുദ്ധമായ എന്തെങ്കിലും കാര്യങ്ങൾ അതിൽ പറഞ്ഞിട്ടുണ്ടോ എന്നനിലയിലുള്ള അന്വേഷണങ്ങളും സഭയിൽ ഇപ്പോൾ ചർച്ചചെയ്യുമ്പോഴും കേൾക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൃത്യമായി ഇതിൽ സൂചിപ്പിച്ചിട്ടുണ്ടെന്നുള്ളത് നയപ്രഖ്യാപനത്തിലെ ഓരോ ഭാഗത്തുകൂടിയും കടന്നുപോകുമ്പോൾ നമുക്ക് മനസ്സിലാകും. ഏറ്റവും അവസാനം സൂചിപ്പിച്ചിട്ടുള്ള കിഫ്ബിയെ സംബന്ധിച്ച് 102-ാമത്തെ ഖണ്ഡികയിൽ

പറയുന്നുണ്ട്. "കിഫ്ബി എടുത്ത വായ്പകൾ കേരളത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാനുള്ള കേന്ദ്രസർക്കാരിന്റെ പുതുക്കിയ തീരുമാനത്തിലൂടെ സംസ്ഥാനത്തിന്റെ കടമെടുപ്പുശേഷിയെ ഗണ്യമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. ഇത് സർക്കാരിന്റെ വികസന മുൻഗണനകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഫിസ്കൽ സ്പേസ് (Fiscal Space) കുറയ്ക്കുമെന്നും സംസ്ഥാനത്തിന്റെ വിഭവങ്ങൾ പരിമിതപ്പെടുത്തുമെന്നും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സർക്കാർ ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഈ അവസരത്തിൽ രാജ്യത്തെ ഫിസ്കൽ ഫെഡറലിസം എന്ന വിഷയത്തിൽ കേന്ദ്രസർക്കാർ വളരെ അനുകൂലമായി ഇടപെടേണ്ടതുണ്ടെന്ന് ഞാൻ പ്രതീക്ഷിക്കുന്നു." ഇത് ഗവർണറുടെ പ്രസംഗത്തിലുള്ളതാണ്. ബഹുമാനപ്പെട്ട ഗവർണർ സമരത്തിന് ആഹ്വാനം ചെയ്തിട്ടില്ലെന്ന വിമർശനം വേണമെങ്കിൽ ന്യായമെന്നുകരുതി അംഗീകരിക്കാം. കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന ശരിയല്ലാത്ത നിലപാടുകൾ കേരളത്തെ ബാധിക്കുന്നുവെന്ന കാര്യം കൃത്യമായി സൂചിപ്പിച്ചിട്ടുണ്ടെന്നത് ഈ നയപ്രഖ്യാപനത്തിന്റെ ഓരോ ഭാഗത്തും കാണാൻ സാധിക്കുമെന്നതിന് തെളിവായി ഇപ്പോൾ വായിച്ച ഖണ്ഡികതന്നെ മതിയാകും. ഇന്ത്യയുടെ

ഭരണഘടനപ്രകാരം വിഭവസമാഹരണ മാർഗ്ഗങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിലാണ്. മൊത്തം റവന്യൂ വരുമാനത്തിന്റെ 60% സമാഹരിക്കുന്നത് കേന്ദ്രസർക്കാരാണെന്ന് നമുക്കറിയാം. അതേസമയം രാജ്യത്തിന്റെ വികസനച്ചെലവുകളുടെ 40% മാത്രമേ കേന്ദ്രത്തിന്റെ ബാദ്ധ്യതയാകുന്നുള്ളൂ; ബാക്കി 60 ശതമാനവും വന്നുചേരുന്നത് സംസ്ഥാനങ്ങളുടെ ചുമലിലാണ്. ജലസേചനം, റോഡുകൾ, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ എന്നിവയുൾപ്പെടുന്ന വികസനച്ചെലവുകളും ക്രമസമാധാനം, പൊതുഭരണം തുടങ്ങിയ ഭരണച്ചെലവുകളും സംസ്ഥാനങ്ങളാണ് നിർവ്വഹിക്കുന്നത്. ഇന്ന് ഉയർന്നുവരുന്ന എല്ലാ പ്രശ്നങ്ങളെയും ദൂരക്കാഴ്ചയോടെ അഭിമുഖീകരിച്ച് സമഗ്ര വികസന കാഴ്ചപ്പാട് ആവിഷ്കരിക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് സംസ്ഥാനങ്ങൾക്ക് ഇല്ലെന്നുള്ളത് എല്ലാവരും അംഗീകരിക്കേണ്ട കാര്യമാണ്. കേന്ദ്രത്തിന്റെ വരുമാനത്തിൽ ഏതെങ്കിലും നിലയിൽ കുറവ് വരുന്നുണ്ടെങ്കിൽ സർചാർജ്ജ്, സെസ് തുടങ്ങിയവയെല്ലാം ചുമത്തി ജനങ്ങളെ പിഴിയാനുള്ള സംവിധാനമുണ്ടെന്നത് സാമ്പത്തികശാസ്ത്രം ശ്രദ്ധയോടെ വീക്ഷിക്കുന്നവർക്കെല്ലാം അറിയാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തിന് നിലവിൽ നൽകിവരുന്ന ധനസഹായങ്ങൾകൂടി

വെട്ടിക്കുറയ്ക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. നികുതിവിഹിതം വെട്ടിക്കുറച്ചതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഓരോ വർഷവും വെട്ടിക്കുറച്ചതും കടമെടുപ്പ് പരിധി നിയന്ത്രിച്ചതുംമൂലം കേരളത്തിന്റെ സാമ്പത്തിക വരുമാനത്തിൽ ഏകദേശം 23000 കോടി രൂപയുടെ കുറവ് സംഭവിക്കുന്നുണ്ട്. കേരളത്തിന്റെ വികസനകാര്യങ്ങൾ അതിന്റെ സമഗ്രരൂപത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതിൽ വരുമാനത്തിലുണ്ടാകുന്ന കുറവ് വലിയതോതിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്നതിന് പ്രത്യേക വിശദീകരണം ആവശ്യമില്ല. ഓരോ ഗവൺമെന്റും സ്വീകരിച്ചിട്ടുള്ള നിലപാടുകളും സമീപനങ്ങളും നയങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് നയപ്രഖ്യാപനത്തിൽ കാര്യങ്ങൾ വിശദീകരിക്കുന്നത്. 11 ലക്ഷം കോടിയിലധികം രൂപ വായ്പ എഴുതിത്തള്ളിക്കൊണ്ട് കോർപ്പറേറ്റുകൾക്ക് സഹായം നൽകുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതെന്നാണ് എല്ലാവരും പറയുന്നത്. കോൺഗ്രസും ഇതിൽനിന്നും വിഭിന്നമല്ലെന്നത് ചരിത്രം പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകും. യു.പി.എ. ഗവൺമെന്റിൽ ഡോ. മൻമോഹൻ സിംഗ് അധികാരത്തിലിരുന്ന 2004-2009, 2009-2014 കാലയളവിൽ 220000 കോടിയിലധികം രൂപയുടെ കടം ബാങ്കുകൾ

എഴുതിത്തള്ളിയിട്ടുണ്ട്. അതുപോലെതന്നെ ബി.ജെ.പി.-യും പുതിയകാലത്ത് കടം എഴുതിത്തള്ളിയിട്ടുണ്ട്. ബി.ജെ.പി.-യുടേത് കുറച്ചുകൂടി കാഠിന്യമുള്ള സമീപനമാണെന്ന് പറയാമെങ്കിലും പൊതുവിൽ ഈ രണ്ട് പാർട്ടികളും സാമ്പത്തികരംഗത്ത് സമാനതയുള്ള നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഇപ്പോൾ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയം ഗൗതം അദാനിയുടെ കാര്യമാണ്. ഇത് ബി.ജെ.പി.-യുടെ സഹായത്തോടെയും പിന്തുണയോടെയുമുണ്ടായിട്ടുള്ള കാര്യമാണ്. എൽ.ഐ.സി.-യും എസ്.ബി.ഐ.-യുമെല്ലാം നൽകിയിട്ടുള്ള സഹായത്തെക്കുറിച്ച് സഭയിൽ പരാമർശമുണ്ടായി. കോൺഗ്രസ് ഭരിക്കുമ്പോൾ അംബാനിയായിരുന്നു അവരുടെ ഏറ്റവും പ്രിയപ്പെട്ടയാൾ. അംബാനിയുടെയും അദാനിമാരുടെയും സംരക്ഷകരായി ബി.ജെ.പി.-യും കോൺഗ്രസ്സും മാറുന്നുവെന്നുള്ളതാണ് ഓരോ ഘട്ടത്തിലും കാണാൻ സാധിച്ചിട്ടുള്ളത്. കേരളത്തിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് വലിയ വിമർശനം ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. കേരളം കടംകയറി മുടിയുകയാണെന്നതിന്റെ കണക്ക് ഇവിടെ പലരും പ്രസിദ്ധീകരിക്കുന്നുണ്ട്. 2001-ൽ 25000 കോടി രൂപയായിരുന്ന കടം 2022-ൽ 335000 കോടിയിലധികമായും ഇപ്പോൾ 13 ഇരട്ടിയായും വർദ്ധിച്ചിരിക്കുന്നുവെന്നാണ്

കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് കേരളത്തിന്റെ വരുമാനത്തിലുണ്ടായിട്ടുള്ള വർദ്ധനവുമായോ കുറവുമായോ താരതമ്യംചെയ്ത് പരിശോധിക്കുന്നതിന് സന്നദ്ധമാകുന്നുണ്ടോയെന്നത് എടുത്തുനോക്കേണ്ട വിഷയമാണ്. ജി.ഡി.പി.-യുടേയും റവന്യൂ വരുമാനത്തിന്റേയും കാര്യത്തിൽ കേരളം എവിടെയാണ് നിൽക്കുന്നത്? 2001-ൽ സംസ്ഥാന ആഭ്യന്തര വരുമാനം 63000 കോടി രൂപയായിരുന്നത് ഇപ്പോൾ 9.9 ലക്ഷം കോടി രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് ഈ സാമ്പത്തിക രേഖകളിലൂടെ കടന്നുപോകുമ്പോൾ കാണാൻ സാധിക്കുന്നുണ്ട്. 2001-ൽ റവന്യൂ വരുമാനം 9973 കോടി രൂപയായിരുന്നത് 2023-ൽ 134097 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആളോഹരി വരുമാനത്തിൽ ഏറ്റവും മികച്ചനിലയിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കേരളത്തിന്റെ ആളോഹരി വരുമാനം 2001-ൽ 19463 രൂപയായിരുന്നു. 2021-22-ലെ കണക്കെടുക്കുമ്പോൾ 228353 രൂപ ആളോഹരി വരുമാനമുള്ള ഇന്ത്യയിലെ ഏറ്റവും ഉന്നതസ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. പ്രതിശീർഷ വരുമാനം 77 ശതമാനമായി മാറിയിട്ടുണ്ടെന്നാണ് കണക്ക്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള രേഖയെ ആസ്പദമാക്കി ബഹുമാന്യനായ മുതിർന്ന

അംഗം സംസാരിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞങ്ങളെപ്പോലെയുള്ള പുതിയ തലമുറക്കാർ നിഷേധിക്കുന്നില്ല. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ രേഖകളിൽ കേരളം നികുതി പിരിവിൽ പുറകോട്ട് പോയിരിക്കുന്നുവെന്ന് പറയുന്നഭാഗം എങ്ങും ചൂണ്ടിക്കാണിക്കാൻ സാധിക്കില്ല. റവന്യൂ വരുമാനത്തിൽ സംസ്ഥാനം പിരിക്കുന്നതും കേന്ദ്രം പിരിച്ചുകൈമാറുന്നതുമായുള്ള പണമുണ്ടെന്ന് നമുക്കറിയാം. 134097 കോടി രൂപയാണ് റവന്യൂ വരുമാനമായി വരുന്നത്. അതിൽ 85867 കോടി രൂപ തനത് വരുമാനമായി വരുന്നതാണ്. തനത് വരുമാനത്തിൽ ഇന്ത്യയുടെ ശരാശരി 55 ശതമാനവും കേരളത്തിന്റേത് 64 ശതമാനവുമാണ്. ദേശീയ ശരാശരിയേക്കാൾ 9 ശതമാനം കൂടുതലാണ് കേരളത്തിന്റെ നികുതി വരുമാനത്തിലെ വർദ്ധനവെന്ന് കാണാൻ സാധിക്കും. ഈ നിലയിൽ മുന്നോട്ടുപോകുമ്പോൾ കേരളം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾകൂടി ഇതിനോട് സമാനമായി ചേർത്ത് പറയേണ്ടതുണ്ട്. വിവിധ രംഗങ്ങളിൽ മികച്ച പ്രകടനത്തിന് കരസ്ഥമാക്കിയ പുരസ്കാരങ്ങൾ കേരളത്തിന്റെ വളർച്ചയെ പ്രത്യേകം എടുത്തുകാണിക്കുന്നതാണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിന് കേന്ദ്ര സർക്കാരിന്റെ "ആരോഗ്യ മന്തൻ" (Arogya Manthan) പുരസ്കാരം, ഇന്ത്യാ ടുഡേ, ന്യൂസ് മാഗസിൻ ഇന്ത്യ എന്നിവയുടെ "മോസ്റ്റ്

ഹാപ്പി സ്റ്റേറ്റ്" പുരസ്കാരം, വയോജന പരിപാലനത്തിൽ കേന്ദ്ര സർക്കാരിന്റെ "വയോശ്രേഷ്ഠ സമ്മാൻ" പുരസ്കാരം, കുട്ടികളുടെ പൂരകപോഷകാഹാരം അമൃതം ന്യൂട്രിമിക്സ് ലഭ്യമാക്കുന്നതിൽ കുടുംബശ്രീക്ക് "ഗ്ലെൻമാർക്ക് ന്യൂട്രീഷ്യൻ" പുരസ്കാരം തുടങ്ങിയവ കേരളത്തിന്റെ വികസന രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങളാണ്. 55 ശതമാനത്തോളം പട്ടിണിക്കാരുള്ള നാടായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളെ അടയാളപ്പെടുത്തുമ്പോൾ കേരളത്തിൽ അതിദരിദ്രർ 0.7% മാത്രമാണെന്നുള്ളത് നമ്മുടെ മുന്നിലുള്ള കണക്കാണ്. ലോകപ്രശസ്ത പ്രസിദ്ധീകരണമായ ന്യൂയോർക്ക് ടൈംസ് കേരളത്തിന് നൽകിയിട്ടുള്ള "ലോകം കേരളത്തെ തേടുന്നു" എന്ന വിശേഷണം ഏറ്റവും വലിയ പുരസ്കാരമാണെന്ന് വിലയിരുത്താൻ സാധിക്കും. ലോകം കേരളത്തെ തേടുന്നൊരു കാലത്ത് കേരളത്തിന്റെ ദോഷങ്ങൾമാത്രം പരതിനടക്കുന്ന ശീലത്തിൽനിന്ന് മാറി സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമുതകുന്ന രീതിയിലുള്ള കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചുകൊണ്ട് ഒരുമയോടെ പ്രവർത്തിക്കുന്നതിനും എല്ലാവരും മുന്നോട്ടുവരേണ്ടതാണ്. ഈ നയപ്രഖ്യാപനത്തിന്റെ സത്തയെ സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിലെ ഇടതുപക്ഷ സർക്കാർ 7 വർഷം പിന്നിടുമ്പോൾ മനസ്സിലാകുന്നത്, കേരളത്തിലെ മൂന്നര കോടിയിലധികംവരുന്ന ജനങ്ങളുടെ എല്ലാതരത്തിലുമുള്ള ക്ഷേമപ്രവർത്തനങ്ങളും ഉറപ്പുവരുത്തിക്കൊണ്ടാണ് തുടർഭരണം നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ്. അതിലേറ്റവും പ്രധാനം, 60 വയസ്സുകഴിഞ്ഞ സാധാരണക്കാരായവരുടെ പെൻഷൻ മുടങ്ങാതെ നൽകുന്നതിന് സർക്കാരിന് കഴിയുന്നുവെന്നതാണ്. റേഷൻ സംവിധാനം മികച്ചരീതിയിൽ സുതാര്യമായി വിതരണം ചെയ്യുന്നതിനും സ്കൂൾ കുട്ടികളുടെ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും മുടങ്ങാതെ നൽകുന്നതിനും സാധിക്കുന്നു. കൂടാതെ ആശുപത്രികൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും വയോജനങ്ങളുടെ എല്ലാതരത്തിലുമുള്ള സുരക്ഷ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. ബഡ്സ് സ്കൂളുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നു. ഇങ്ങനെയുള്ള എല്ലാകാര്യങ്ങളും നോക്കിക്കഴിഞ്ഞാൽ ഏറ്റവുംകൂടുതൽ ക്ഷേമപ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും നടപ്പാക്കിക്കൊണ്ട് കേരള ജനതയുടെ ക്ഷേമൈശ്വര്യങ്ങൾക്ക് വലിയ പ്രാധാന്യമാണ് ഈ സർക്കാർ നൽകുന്നതെന്ന് കാണാൻ കഴിയും. കേരള സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള

നവകേരള മിഷനോടൊപ്പം ചേർന്നാണ് ഇക്കാര്യങ്ങൾ നടത്തുന്നത്. ലോകം ആധുനിക കാലഘട്ടത്തിലൂടെ കടന്നുപോകുന്നതിനോടൊപ്പം കേരളവും സഞ്ചരിക്കുന്നു. ആധുനിക കാലഘട്ടത്തിലൂടെ സഞ്ചരിക്കുമ്പോൾ അതിനനുസൃതമായി കേരളത്തിന് മാറേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയാണ് സർക്കാർ കിഫ്ബി പദ്ധതി വിഭാവനം ചെയ്തുകൊണ്ട് കേരളത്തിന്റെ അടിസ്ഥാന പശ്ചാത്തല മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലുള്ള എല്ലാ റോഡുകളും സ്കൂളുകളും നവീകരിച്ചുകൊണ്ടാണ് അക്കാര്യങ്ങൾ ചെയ്യുന്നത്. അതിനോടൊപ്പം ചേർന്നുകൊണ്ടാണ് സർക്കാർ കെ-റെയിൽ പദ്ധതിയും മുന്നോട്ടുവയ്ക്കുന്നത്. പക്ഷേ, അതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് തടസ്സങ്ങൾ നിലനിൽക്കുന്നത് ഇവിടെ പരാമർശിക്കാതിരിക്കാൻ സാധിക്കില്ല. കേരളത്തെ പൂർണ്ണമായൊരു ടൂറിസം മേഖലയായി മാറ്റുന്നതിനുവേണ്ടിയുള്ള വലിയ ശ്രമവും മുന്നേറ്റവും സംസ്ഥാന സർക്കാർ നടത്തുന്നതായി കാണാൻ സാധിക്കും. സർക്കാർ ഈ കാര്യങ്ങളൊക്കെ ചെയ്തുമുന്നോട്ടുപോകുമ്പോൾ ഫെഡറൽ സംവിധാനത്തിന്റെ അധീനതയിൽനിന്നുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തോടും ഇതര സംസ്ഥാനങ്ങളോടും സ്വീകരിക്കുന്ന നിലപാട് പരിശോധിക്കേണ്ടതുണ്ട്.

ജി.എസ്.ടി. വന്നതോടുകൂടി നിലവിൽ കേന്ദ്ര സർക്കാരാണ് നികുതി പിരിച്ചെടുക്കുന്നത്. എന്നാൽ ഫെഡറൽ സംവിധാനത്തിന്റെ ഭാഗമായി പിരിച്ചെടുക്കുന്നതിന് ആനുപാതികമായിട്ടുള്ള വിഹിതം കേരളത്തിന് നൽകണം, എന്നാൽ അത് നൽകാൻ കേന്ദ്രം കൂട്ടാക്കുന്നില്ല. അങ്ങനെ കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന രീതി കേന്ദ്ര സർക്കാർ സ്വീകരിക്കുകയാണ്. കേരളം വിദ്യാഭ്യാസപരമായും ആരോഗ്യപരമായും പശ്ചാത്തലപരമായും പുരോഗതിയിലാണ്; അതിനാൽ കേരളത്തിന് ഇനി ഫെഡറൽ സംവിധാനത്തിന്റെ ഭാഗമായി സാമ്പത്തിക സഹായമൊന്നും നൽകേണ്ടതില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ആളുകൾക്ക് ഇനി പെൻഷൻ നൽകേണ്ടതില്ല, പണം മിച്ചമുണ്ടെങ്കിൽ നൽകിയാൽ മതി, സൗജന്യമായി കാര്യങ്ങളൊന്നും ചെയ്യേണ്ടതില്ല എന്നിങ്ങനെയുള്ള കാര്യങ്ങളാണ് കേന്ദ്ര സർക്കാർ കേരളത്തോട് പറയുന്നത്. ഇത്തരത്തിലുള്ള ക്ഷേമപദ്ധതികൾ പെട്ടെന്ന് നിർത്തലാക്കിയാൽ വലിയ ഭവിഷ്യത്തായിരിക്കും രാജ്യത്തുണ്ടാകുന്നത്. പ്രത്യേകിച്ചും പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച്. ഭരണഘടനാപരമായി നിശ്ചിത ശതമാനം ഫണ്ട് അതത് സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ലഭ്യമാക്കേണ്ടതാണ്. എന്നാൽ, ഓരോ വർഷം കഴിയുംതോറും ഈ

വിഭാഗത്തിനുള്ള ഫണ്ട് ഘട്ടംഘട്ടമായി വെട്ടിച്ചുരുക്കുകയാണ്. കേന്ദ്ര പ്ലാനിംഗ് ബോർഡ് പിരിച്ചുവിട്ട് നീതി ആയോഗ് ആക്കിയതുപോലുള്ള ചില തിട്ടൂരങ്ങൾ നടപ്പാക്കുന്നതായി കാണാൻ സാധിക്കും. ഇതാണ് കേന്ദ്ര ഗവൺമെന്റും കേരള ഗവൺമെന്റും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യം. കേരളം വെറുതെ പുരോഗതിയിൽ എത്തിയതല്ല. കേരളത്തിൽ 1957-ൽ അധികാരത്തിൽവന്ന ഗവൺമെന്റ് മുതൽ ഇങ്ങോട്ട് അധികാരത്തിൽ വന്നിട്ടുള്ള ജനകീയാസൂത്രണവും നവകേരള മിഷനും അതിശക്തമായി നടപ്പാക്കിയ ഗവൺമെന്റ് എന്ന നിലയ്ക്ക് വലിയ പ്രയത്നത്തിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്തിന് ഇത്തരത്തിലുള്ള പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. കേരളത്തിന് ആധുനിക കാലഘട്ടത്തിൽ കാലാനുസൃതമായി ഇനിയും ദീർഘകാലം മുന്നോട്ടുപോകണം. അതുകൊണ്ട് ഇത്രയെല്ലാം മതിയെന്ന കേന്ദ്ര ഗവൺമെന്റിന്റെ തിട്ടൂരം അംഗീകരിക്കാൻ സാധിക്കില്ല. ഈ നയപ്രഖ്യാപനത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ക്ഷേമപദ്ധതികൾ ഉറപ്പുവരുത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകുമെന്നതാണ് കാണാൻ സാധിക്കുന്നത്. നേരത്തെ മറ്റംഗങ്ങൾ സൂചിപ്പിച്ചതുപോലെ, കേന്ദ്ര ഗവൺമെന്റ് ഇത്തരം നിലപാടുകൾ സ്വീകരിക്കുമ്പോൾ കേരളത്തെ

പ്രതിനിധീകരിക്കുന്ന എം.പി.-മാർ പാർലമെന്റിൽ എന്തുനിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; അവർക്ക് അവിടെ ശബ്ദിക്കാനും സബ്മിഷൻ ഉന്നയിക്കാനും കഴിയില്ലേ; അവിടെ കുത്തിയിരിപ്പ് സമരം നടത്തേണ്ടതിന്റെ ആവശ്യമില്ലേ? എന്നാൽ പ്രധാന പാർട്ടികളുടെ അംഗങ്ങളൊക്കെ അനങ്ങാപ്പാറനയമാണ് സ്വീകരിക്കുന്നത്. ഇവിടെ എന്തിനും ഏതിനും കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയെന്നതാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാട്. ഇപ്പോൾ ന്യൂനപക്ഷ വിഭാഗത്തിന്റെ എല്ലാ ആനുകൂല്യങ്ങളും കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. ന്യൂനപക്ഷങ്ങൾ ഏറ്റവും കൂടുതലുള്ള ഒരു സംസ്ഥാനമെന്ന നിലയ്ക്ക് അവരുടെ പരിരക്ഷ കേരളത്തിന് ഉറപ്പുവരുത്തേണ്ടതുണ്ട്. ന്യൂനപക്ഷ വിഭാഗം കുട്ടികളുടെ സ്കോളർഷിപ്പ് പോലെയുള്ള മറ്റിതര ആനുകൂല്യങ്ങൾ ഇനി നൽകേണ്ടതില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. ഇതിനെതിരെ പാർലമെന്റിൽ കേരളത്തിൽനിന്നുള്ള അംഗങ്ങൾ ശബ്ദിക്കണ്ടേ? കേരളത്തിലെ ജനങ്ങളുടെ അല്ലെങ്കിൽ ഇന്ത്യയിലെ ജനങ്ങളുടെ വികസനപരവും ക്ഷേമപരവുമായിട്ടുള്ള കാര്യങ്ങൾക്ക് മുൻതൂക്കം നൽകാതെ അതിൽനിന്നൊക്കെ പിന്നോട്ടുപോയിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ

സ്വകാര്യവത്കരിച്ച്/കോർപ്പറേറ്റ്വത്കരിച്ച് അവിടെയുള്ള തൊഴിലുകൾ വെട്ടിക്കുറച്ച് പട്ടിണിയും ദാരിദ്ര്യവും രാജ്യത്ത് സൃഷ്ടിക്കുന്ന വലിയ രീതിയുള്ള നടപടിയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യരക്ഷയുടെമാത്രം കാര്യമെടുത്ത് പരിശോധിക്കാം. പട്ടാളത്തിലേയ്ക്ക് ആളുകളെ എടുക്കുന്നത് വലിയ സുരക്ഷ മുൻനിർത്തിയാണ്. അവിടെയും ഒരു ഗ്യാരന്റി ഇല്ലാത്ത രീതിയിൽ പുതിയ നയങ്ങൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരികയാണ്. കേന്ദ്ര ഗവൺമെന്റിന് ഏത് കാര്യത്തിലാണ് രാജ്യത്തോട് നീതി പുലർത്താൻ സാധിക്കുന്നത്? ഇങ്ങനെയെല്ലാമാണ് ഉത്തരവാദപ്പെട്ട കാര്യത്തിൽനിന്നും കേന്ദ്ര ഗവൺമെന്റ് പിൻതിരിഞ്ഞ് പോയിക്കൊകൊണ്ടിരിക്കുന്നത്. രാജ്യത്ത് എത്രത്തോളം മതസ്പർദ്ധയുണ്ടാക്കാൻ സാധിക്കും, അനാചാരങ്ങളും അന്ധവിശ്വാസങ്ങളും എത്രത്തോളം പ്രചരിപ്പിക്കാൻ സാധിക്കും എന്നിങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണാൻ സാധിക്കുന്നതാണ്. കേരളം ദിശാബോധത്തോടുകൂടിയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളുടെ എല്ലാതരത്തിലുമുള്ള പരിരക്ഷയും ഉറപ്പുവരുത്തിക്കൊണ്ടുതന്നെയാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ ഒരു കാര്യം

എടുത്തുപറയേണ്ടതുണ്ട്. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ചില വിഷയങ്ങൾ ഉയർന്നുവന്നിരുന്നു. മാനന്തവാടിയിൽ കടുവയുടെ ആക്രമണത്തിൽ ഒരു വ്യക്തി മരണപ്പെട്ടുവെന്നത് വിഷമമുള്ള കാര്യമാണ്. വന്യമൃഗങ്ങൾ പെരുകാൻ എന്താണ് കാരണം; രാജ്യത്ത് വന്യമൃഗ സംരക്ഷണ നിയമം നടപ്പാക്കിയത് ആരാണ്; ആ നിയമം ഇവിടെ കൊണ്ടുവന്നത് ആരാണ്? ആരാണെന്ന് ഞാൻ പറയുന്നില്ല. വന്യമൃഗ സംരക്ഷണ നിയമം രാജ്യത്ത് നടപ്പാക്കിയതിന്റെ ഫലമായിട്ടാണ് വന്യമൃഗങ്ങൾ വർദ്ധിച്ചിട്ടുള്ളത്. മറ്റൊന്ന്, ബഫർ സോണാണ്. ബഫർ സോൺ എന്ന് പറഞ്ഞാൽ വന്യമൃഗ സംരക്ഷണംതന്നെയാണ്. ഇതേ നിയമസഭയിൽ വച്ച് വനവും വനത്തിനുപുറത്ത് 12 കിലോമീറ്റർകൂടി ഉൾപ്പെടുത്തി ബഫർ സോൺ നടപ്പാക്കണമെന്ന നടപടി സ്വീകരിച്ചത് ആരാണെന്ന് നമുക്കറിയാവുന്നതാണല്ലോ; ആ ബഫർ സോണിന് 12 കിലോമീറ്റർ പരിധി നിശ്ചയിച്ച് നടപ്പാക്കണമെന്നും കുറെ ഹരിത എം.എൽ.എ-മാരെ നിയമിച്ച് ഇത് ശക്തമാക്കിയതും ആരാണ്; മുൻ കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശ് കേരളത്തിൽ വന്ന് ഇത് നടപ്പാക്കാൻവേണ്ടി പറഞ്ഞത് എല്ലാവരും മറന്നുപോയോ; അതിന്റെ ഫലമായാണ് വന്യമൃഗങ്ങൾ

വർദ്ധിച്ചതും ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതും. എന്നിട്ടിപ്പോൾ മറഞ്ഞുനിന്ന് സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുന്ന രീതിയാണ് കാണാൻ സാധിക്കുന്നത്. കടുവയുടെ ആക്രമണത്തിൽ പരിക്കേറ്റ തോമസിന് മെഡിക്കൽ കോളേജിൽ ചികിത്സ കിട്ടിയില്ലെന്ന് പറയുന്നു. സ്ഥലം എം.എൽ.എ. ആയ ഞാൻ അരമണിക്കൂറിനുള്ളിൽ സംഭവസ്ഥലത്ത് എത്തിയിരുന്നു. സഭയിൽ വളരെ ഉത്തരവാദിത്വത്തോടുകൂടി മറുപടി പറയാൻ സാധിക്കണം. തോമസിനെ കടുവ ആക്രമിച്ചതിനെത്തുടർന്ന് മാരകമായി അദ്ദേഹത്തിന്റെ തുടയെല്ല് പൊട്ടുകയും വെയിൻ പൂർണ്ണമായും പൊട്ടി ഹൃദയത്തിൽനിന്ന് രക്തം വാർന്നുകൊണ്ടിരിക്കുകയും തുടർന്ന് മാനന്തവാടി മെഡിക്കൽ കോളേജിൽ കൊണ്ടുപോകുകയും ചെയ്തു. അഞ്ച് ഡോക്ടർമാരാണ് ഒരേസമയം അദ്ദേഹത്തെ പരിശോധിച്ചത്. അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നുള്ള ബ്ലീഡിംഗ് നിൽക്കുന്നുണ്ടായിരുന്നില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ്, അങ്ങ് ചുരുക്കണം.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അങ്ങനെ വന്നപ്പോഴാണ് ഹാർട്ട് അറ്റാക്ക് ആകാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി കോഴിക്കോട് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തത്. കോഴിക്കോട് ആശുപത്രിയിൽ കൊണ്ടുപോകുന്ന അവസരത്തിൽ വാഹനത്തിൽവച്ചുതന്നെ അദ്ദേഹത്തിന്റെ

നില ഗുരുതരമായി. അതിന്റെ അടിസ്ഥാനത്തിലാണ് മാനന്തവാടിയിൽ ഇറക്കേണ്ടിവന്നത്. സത്യസന്ധമായ ഇത്തരം കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് പരമപ്രധാനമായിട്ടുള്ള നിയമസഭയിൽ കണ്ണടച്ച് ഇരുട്ടാക്കുന്ന നിലപാട് യു.ഡി.എഫ്. എടുക്കുന്നത് ശരിയല്ലെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ചിലയാളുകൾക്ക് ചില സന്ദർഭങ്ങളിൽ മനസ്സാക്ഷിക്കെതിരായും ചിലയാളുകൾക്ക് ചില സന്ദർഭങ്ങളിൽ മനസ്സാക്ഷിയെ പണയംവച്ചും സംസാരിക്കേണ്ടതായി വരാറുണ്ട്. പ്രിയപ്പെട്ട എ. സി. മൊയ്തീനോട് ഞാൻ സഹതപിക്കുകയാണ്.

"അരിമണിയൊന്നു കൊറിപ്പാനില്ല

തരിവളയിട്ടു കിലുക്കാൻ മോഹം

കുണ്ടുകിണറ്റിൽ തവളകുഞ്ഞിനു

കുന്നിനുമീതെ പറക്കാൻ മോഹം"

ഇതാണ് ഇന്നത്തെ സർക്കാരിന്റെ അവസ്ഥയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. പി. വി. ശ്രീനിജിൻ മൂന്നുമിനിട്ട് നേരത്തെ അദ്ദേഹത്തിന്റെ പ്രസംഗം നിർത്തി. ബഹുമാനപ്പെട്ട ഗവർണർ

നിയമസഭയിൽ നടത്തിയ പ്രസംഗം മലയാളത്തിൽ 51 പേജാണ്. 2022-ൽ അത് 83 പേജും 2021-ൽ 121 പേജുമായിരുന്നു. ഗവർണർക്കും ഒന്നും പറയാനുണ്ടായിരുന്നില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ശ്രീ. കെ. ബി. ഗണേഷ് കുമാറും ശ്രീ. ജി. സുധാകരനും ബാക്കിയെല്ലാ കാര്യങ്ങളും പറയുന്നതുകൊണ്ട് അക്കാര്യങ്ങൾ കൂടുതലായി ഞാൻ പറയുന്നില്ല. ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചതുപോലെ എല്ലാത്തിന്റെയും പിതൃത്വം എൽ.ഡി.എഫ്. അവകാശപ്പെടുകയാണ്. നാട്ടിലുള്ള സമുദ്രവും പുഴയും മലയുമെല്ലാം ഇവരുടെ വകയെന്നാണ് പറയുന്നത്. കേരളം രൂപംകൊണ്ടത് പരശുരാമൻ മഴുവെറിഞ്ഞിട്ടാണെന്നാണ് ഐതിഹ്യം. പരശുരാമനും സി.പി.ഐ.(എം)-കാരനാണെന്ന് പറയാത്തത് നമ്മുടെ ഭാഗ്യം. 10 ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുമെന്നതായിരുന്നു എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ വാഗ്ദാനം. എന്നാൽ എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് വ്യക്തമാക്കണം. കേരളത്തിലെ 10 ലക്ഷത്തിലധികം യുവാക്കൾ ഇന്ന് വിദേശ രാജ്യങ്ങളിലാണെന്നത് മനസ്സിലാക്കേണ്ട കാര്യമാണ്. ഭാവിയിൽ യുവാക്കളില്ലാത്ത നാടായി കേരളം മാറുമെന്നതാണ് പരമാർത്ഥം. കേരളത്തിൽത്തന്നെ ഇവരെ നിർത്താൻ സാധിക്കണം. കേരളത്തിൽ ലക്ഷക്കണക്കിന് വീടുകൾ പൂട്ടിക്കിടക്കുകയാണ്.

കേരളത്തിൽ ജീവിക്കാൻ സാധിക്കാത്തതുകൊണ്ട് ജീവിതമാർഗ്ഗംതേടി പുറംനാടുകളിൽ പോയ വീട്ടുടമസ്ഥർക്ക് കേരളത്തിലേയ്ക്ക് തിരിച്ചുവരാൻ താല്പര്യമില്ല. ഉറുമ്പ് ചിരട്ടയിലെ വെള്ളം സമുദ്രമായി കരുതുന്നതുപോലെ ഇടുങ്ങിയ ചിന്താഗതിയിൽനിന്ന് പുറത്തുവരണമെന്നാണ് സി.പി.ഐ.(എം)-ന്റെ പ്രിയപ്പെട്ട നേതാക്കളോടും എം.എൽ.എ-മാരോടും എനിക്ക് പറയാനുള്ളത്. ഡി.വൈ.എഫ്.ഐ.-കാർക്കും എസ്.എഫ്.ഐ.-കാർക്കും മാത്രം ജോലി നൽകിയാൽ പോര. കേരളത്തെ സ്വന്തം നാടായി കാണാനുള്ള മനഃസ്ഥിതി നിങ്ങൾക്കുണ്ടാകണം. ദേശീയ വികസനത്തിന്റെ പിതൃത്വവും ഇടതുപക്ഷം ഏറ്റെടുത്തിരിക്കുകയാണ്. ഡോ. എം. കെ. മുനീർ പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് എക്സ്പ്രസ് ഹൈവേയുമായി ബന്ധപ്പെട്ട ആശയം അദ്ദേഹം മുന്നോട്ടുവച്ചിരുന്നു. എക്സ്പ്രസ് ഹൈവേ കേരളത്തെ രണ്ടായി പിളർക്കുമെന്നും പശുവിന് അങ്ങോട്ടുമിങ്ങോട്ടും പോകാൻ കഴിയാത്ത അവസ്ഥ വരുമെന്നുമാണ് അന്ന് ഇടതുപക്ഷം പറഞ്ഞത്. എന്നാൽ, ഇപ്പോൾ ദേശീയപാതയുടെ വികസനം നടക്കുമ്പോൾ മനുഷ്യർക്കുതന്നെ അങ്ങോട്ടുമിങ്ങോട്ടും പോകാൻ കഴിയാത്ത അവസ്ഥ കേരളത്തിലുണ്ട്. വികസനം വേണമെന്നതിന്റെ പേരിലാണ് ജനങ്ങൾ അതെല്ലാം സഹിക്കുന്നത്. അടിപ്പാത, ഫ്ലൈ ഓവർ തുടങ്ങിയ

ആവശ്യങ്ങൾക്കായി കേരളത്തിന്റെ എല്ലായിടങ്ങളിലും ജനങ്ങൾ സമരത്തിലാണ്. യു.ഡി.എഫ്. ജനപ്രതിനിധികൾ മാത്രമല്ല, എൽ.ഡി.എഫ്. ജനപ്രതിനിധികളും അതിന് നേതൃത്വം നൽകുകയും സമരം ഉദ്ഘാടനം ചെയ്യാൻ പോകുകയും ചെയ്യുന്നുണ്ട്. 'ആർ.എസ്.എസ്-ന്റെ ഏജന്റ് ' എന്ന് സർക്കാർ വിശേഷിപ്പിച്ച ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനുമായി നയപ്രഖ്യാപനത്തിന് എത്തിച്ചേർന്ന നിർലജ്ജമായ ഒത്തുതീർപ്പിന് സാക്ഷ്യം വഹിക്കുകയാണ് കേരളം. റിപ്പബ്ലിക് ദിനത്തിലെ വിരുന്നിന് ഒരു പ്രശ്നവുമില്ല, ക്രിസ്തുമസ് വിരുന്നിന് എന്തോ ഒരു രസക്കേടുണ്ട്, അതിനൊരു രുചിയുമില്ല. ഭരണഘടനാ ബാധ്യതയനുസരിച്ച് പെരുമാറേണ്ട ഗവർണർ അത് വകവയ്ക്കാതെ കേരളത്തിന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്തപ്പോൾ, എങ്ങനെയാണ് സംസ്ഥാനം പ്രതികരിക്കേണ്ടതെന്ന് തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട് മുഖ്യമന്ത്രിയെക്കണ്ട് പഠിക്കണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഇടതുപക്ഷത്തിന്റെ കൊടിയിലെ ചുവപ്പ് നിറം മങ്ങി കാവിയായി മാറിക്കൊണ്ടിരിക്കുകയാണ്. ദുർഭരണം നിലനിർത്താനും അഴിമതിയെ ന്യായീകരിക്കാനും ഈ നിറപ്പകർച്ച ഒരുപക്ഷേ നിങ്ങൾക്ക് അനിവാര്യമായിരിക്കാം. പക്ഷേ, അതിന് നിങ്ങൾ വലിയ വില

നൽകേണ്ടിവരും. ജനങ്ങളാണ് ചരിത്രത്തിന്റെ പ്രേരകശക്തികൾ എന്ന ശരിയായ തിരിച്ചറിവ് യു.ഡി.എഫ്-നുണ്ട് എന്നുകൂടി സൂചിപ്പിക്കുന്നു. ലക്ഷണമൊത്ത ഫാസിസ്റ്റ് മാതൃകയാണ് ഈ സർക്കാർ കാണിക്കുന്നത്. സത്യം പറയുന്നവരെ നിശബ്ദരാക്കാനും ജനകീയ സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാനും ശ്രമിക്കുന്നു. വികസനവും രാജ്യരക്ഷയും പറഞ്ഞാണ് അത്തരം സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്നത്. ചരിത്രത്തിൽനിന്ന് ഒരു പാഠവും നിങ്ങൾ പഠിക്കുന്നില്ല എന്നത് കേരളത്തിന്റെ ഏറ്റവും വലിയ ദുരന്തമാണെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ യൂത്ത് ലീഗിന്റെ സെക്രട്ടേറിയറ്റ് മാർച്ചിനെക്കുറിച്ച് പറഞ്ഞു. വില വർദ്ധനവ് നിയന്ത്രിക്കുക, യുവാക്കൾക്ക് തൊഴിൽ നൽകുക എന്നീ രണ്ട് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് യൂത്ത് ലീഗ് സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയത്. ആ മാർച്ചിന്റെ അദ്ധ്യക്ഷനായിരുന്ന യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. പി. കെ. ഫിറോസിനെ ജയിലിലടച്ചു. അങ്ങനെ ജയിലിലടയ്ക്കുകയാണെങ്കിൽ ഭരണപക്ഷത്തിരിക്കുന്ന ഒരാളെങ്കിലും ഈ സഭയിൽ വന്നിരിക്കുമോ? മുഴുവൻ ആളുകളുടെയും സ്ഥിരവാസം ജയിലിലാകുമായിരുന്നു. ഗവർണറുമായുള്ള സർക്കാരിന്റെ പോര്

ചായക്കോപ്പയിലെ കൊടുങ്കാറ്റാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് നേരത്തെ അറിയാം. ഇത് ഒരു അഡ്ജസ്റ്റ്മെന്റാണ്. നിങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവുമില്ല. ഇൻക്വിലാബ് സിന്ദാബാദ് വിളിക്കുന്ന പട്ടിണിപ്പാവങ്ങൾ കെട്ടിത്തരുന്ന സ്റ്റേജിൽ കയറി ആർ.എസ്.എസ്-നെ വിമർശിക്കാൻ നിങ്ങൾക്ക് വല്ലാത്ത ആവേശമാണ്. പക്ഷേ, ആ വേദിയിൽനിന്ന് താഴെയിറങ്ങി എന്താണ് ചെയ്യുന്നത്? 2016-ൽ പിണറായി സർക്കാർ അധികാരമേറ്റപ്പോൾ കുറേ മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തത് എല്ലാവരും ഓർക്കുന്നുണ്ടാകും. ഞങ്ങളുടെ നാട്ടുകാരനായ ഒരു മന്ത്രിയും അന്ന് സത്യപ്രതിജ്ഞ ചെയ്തിരുന്നു. പരിക്ക് പറ്റിയ കയ്യുമായാണ് ആ മന്ത്രി സത്യപ്രതിജ്ഞയ്ക്ക് വന്നതെന്ന് എല്ലാവരും ഓർക്കുന്നുണ്ടാകും. അതിന്റെ ചിത്രം എന്റെ കൈയിലുണ്ട് (ചിത്രം ഉയർത്തിക്കാട്ടി). അദ്ദേഹത്തിന് ഏതെങ്കിലും മോട്ടോർ ആക്സിഡന്റിൽ പരിക്ക് പറ്റിയതല്ല. നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ചപ്പോൾ തുറന്ന ജീപ്പിൽ ആഹ്ലാദപ്രകടനത്തിൽ പങ്കെടുക്കുന്ന അവസരത്തിൽ മാവുങ്കാലിൽ വച്ച് ആർ.എസ്.എസ്.-കാർ അദ്ദേഹത്തെ ആക്രമിച്ചു. അദ്ദേഹത്തിന്റെ കൂടെ ഇപ്പോൾ കരിന്തളം പഞ്ചായത്ത് പ്രസിഡന്റായ ശ്രീ. ടി. കെ. രവി, സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റി അംഗമായ ശ്രീ. അനിൽ ബങ്കളം

എന്നിവരുമുണ്ടായിരുന്നു. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായ ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിന്റെ കൂടെ സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുന്ന ആളാണ് ശ്രീ. ടി. കെ. രവി. ശ്രീ. ഇ. ചന്ദ്രശേഖരനെ ആക്രമിച്ച കേസിലെ പ്രധാനപ്പെട്ട രണ്ട് സാക്ഷികളായ ഇവരാണ് കൂറുമാറിയത്.

മി. ചെയർമാൻ: പ്ലീസ്..... അങ്ങ് സമയക്രമം പാലിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കൂറുമാറാൻ കാരണം, ആർ.എസ്.എസ്-കാരെ ആക്രമിച്ച കേസിൽ ഒന്നാംപ്രതിയായ ശ്രീ. ടി. കെ. രവിയടക്കം മറ്റ് പതിനൊന്ന് സി.പി.ഐ.(എം) പ്രവർത്തകരും പ്രതികളാണ്. ആ കേസ് അവർ പിൻവലിച്ചതിനാൽ ഈ കേസ് ഇവരും പിൻവലിച്ചു. എന്നിട്ട് തങ്ങളാണ് ഫാസിസത്തെ എതിർക്കുന്നവരെന്നാണ് ഇവർ പറയുന്നത്. ആത്മഹത്യ ചെയ്യണമെങ്കിൽ സമുദ്രമോ പുഴയോ ഒന്നും വേണ്ട, ഒരു ഗ്ലാസ് വെള്ളം മതിയെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾക്ക് ലജ്ജയുണ്ടോ?

മി. ചെയർമാൻ: പ്ലീസ്..... സമയം കഴിഞ്ഞതിനാൽ പ്രസംഗം ചുരുക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഫാസിസത്തേക്കാൾ മോശമായ, ശ്രീ. നരേന്ദ്ര മോദിയെപ്പോലും വെല്ലുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. നവകേരള സൃഷ്ടിക്കായി കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക അന്തരീക്ഷം ഉൾക്കൊണ്ടുകൊണ്ടുള്ള നയങ്ങളാണ് സംസ്ഥാന ഗവൺമെന്റ് അവതരിപ്പിക്കുന്നത്. ഈ നന്ദിപ്രമേയത്തെ അനുകൂലിച്ച് ശ്രീ. എ. സി. മൊയ്തീൻ സംസാരിച്ചത് ഒരു മനസ്സാക്ഷിക്കുത്തോടെയാണ് എന്ന് ബഹുമാനപ്പെട്ട കാസർഗോഡ് അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറയുകയുണ്ടായി. അദ്ദേഹം സ്വതവേ ഫലിതമൊക്കെ ആസ്വദിക്കുന്ന വ്യക്തിയാണ്. അദ്ദേഹം അനുകൂലിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് എന്തായിരുന്നു അവസ്ഥ എന്ന് ഓർമ്മപ്പെടുത്തുകയാണ്. കൊല്ലം ചവറയിലെ KMML (Kerala Minerals and Metals Ltd.) എന്ന പൊതുമേഖലാ സ്ഥാപനം എപ്പോഴൊക്കെ യു.ഡി.എഫ്. ഭരിക്കാൻ വന്നാലും നഷ്ടത്തിലാകും. നഷ്ടം വർദ്ധിച്ചപ്പോൾ വിൽക്കാൻ തീരുമാനിച്ച അവസരവുമുണ്ടായിരുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ

എന്താണ് സംഭവിച്ചതെന്ന് ഞാനിവിടെ ആവർത്തിക്കേണ്ട ആവശ്യമില്ലല്ലോ. സ്കൂളുകളിൽ കുട്ടികളില്ലാത്ത അവസ്ഥയായിരുന്നു. മാത്രമല്ല നഷ്ടത്തിലും വിൽക്കാനിട്ടിരിക്കുന്ന അവസ്ഥയിലുമായിരുന്നു. ഇന്ന് ആ അവസ്ഥയെല്ലാം മാറി. പലപ്പോഴും മണ്ഡലത്തിന്റെ വികസനത്തിനായി മന്ത്രിമാരുടെ ഓഫീസുമായി ബന്ധപ്പെട്ട് അനുകൂലതീരുമാനം നേടിയെടുക്കുന്നയാളാണ് അദ്ദേഹം. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് അദ്ദേഹം ഒരു ഫലിതം പറഞ്ഞതായി മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ. സർക്കാർ മുന്നോട്ടുവച്ച നയങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ Work from Kerala എന്ന ഹാഷ്ടാഗോടുകൂടി വളരെ വേഗത്തിൽ മുന്നേറുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള MNREGS, പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക തുടങ്ങിയവയിൽനിന്നെല്ലാം കേന്ദ്ര ഗവൺമെന്റ് പിന്നോട്ടുപോകുകയും കേന്ദ്രവിഹിതം നാൾക്കുനാൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയുമാണ്. എന്നാൽ, കേരള സർക്കാർ ഈ പദ്ധതികളെയെല്ലാം ശക്തമായി പിന്താങ്ങിക്കൊണ്ട്, ജനങ്ങളോടൊപ്പം നിന്ന് ക്ഷേമപ്രവർത്തനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ അടിക്കടിയുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താനായി

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്ന രണ്ടുവർഷത്തിനുള്ളിൽ ഏകദേശം 10,000 കോടി രൂപയാണ് ചെലവഴിച്ചത്. 2016-ൽ 13 നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോവഴി വിതരണം ചെയ്തതിലൂടെ സർക്കാരിന് വിലനിലവാരം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലുകൾ, സഹകരണ ചന്തകൾ, സൗജന്യ ഭക്ഷ്യകിറ്റുകൾ, ശക്തമായ റേഷൻ സംവിധാനം എന്നിവ നടപ്പാക്കിയതിനാൽ ഇന്ത്യയിൽ പട്ടിണിരഹിത സംസ്ഥാനങ്ങളുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെയധികം മുന്നിലാണെന്ന കാര്യം ഇതിനോടകം പല റിപ്പോർട്ടുകളിലും വന്നിട്ടുണ്ട്. പൊതുവിതരണ സംവിധാനത്തിലൂടെ നോൺ സബ്സിഡി ഐറ്റങ്ങൾ വിതരണം ചെയ്യുകവഴി കഴിഞ്ഞ കലണ്ടർ വർഷം ഏകദേശം 665.72 കോടി രൂപയുടെ സർവ്വകാല റെക്കോർഡ് നേടാൻ സപ്ലൈകോയ്ക്ക് സാധിച്ചു. ഇത്തരം നോൺ സബ്സിഡി ഉൽപന്നങ്ങൾ നേരിട്ട് നിർമ്മാണശാലകളിൽനിന്ന് വാങ്ങി ചെറിയ മാർജിൻ വർദ്ധനവോടുകൂടിയാണ് വിൽക്കുന്നത്. മുപ്പതോളം ഭക്ഷ്യവസ്തുക്കൾ മാവേലിസ്റ്റോർവഴി വിൽക്കുന്നതിലൂടെ വലിയരീതിയിൽ വിലനിലവാരം പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്തെ ടൂറിസം മേഖല മികവിന്റെ പാതയിലേയ്ക്കാണ് പോകുന്നത്. ലോകത്തിലെ അൻപത് Must

see destination-ൽ ഒരെണ്ണം കേരളമാണെന്ന് അടുത്തകാലത്ത് അമേരിക്കയിൽ നടന്ന സംഗമത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അന്താരാഷ്ട്ര ശ്രദ്ധനേടാൻ കേരളത്തിന് സാധിക്കുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. ജനപങ്കാളിത്തത്തോടെയുള്ള 'വാട്ടർ സ്ട്രീറ്റ് പദ്ധതി'ക്ക് വേൾഡ് ട്രാവൽ മാർട്ടിൽ ഉത്തരവാദിത്വ ടൂറിസത്തിനുള്ള പുരസ്കാരം ലഭിച്ചു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ 12.1% വളർച്ചയാണ് കഴിഞ്ഞ സാമ്പത്തിക വർഷമുണ്ടായത്. അതേ കാലഘട്ടത്തിൽ രാജ്യത്തിന്റെ ജി.ഡി.പി. 8.7% വളർച്ച മാത്രമേ ഉണ്ടായിട്ടുള്ളൂ. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളായ കെ.എഫ്.സി., കെ.എസ്.എഫ്.ഇ. എന്നിവ സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിന് മികച്ച ഉദാഹരണങ്ങളാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഡിജിറ്റൽ ഇന്ത്യ പ്ലാറ്റിനം ഐക്കോൺ പുരസ്കാരം കെ-ഡിസ്ക് (കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ)-ന് ലഭിച്ചു. കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിലുള്ള ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾക്കാണ് ഈ അവാർഡ് ലഭിച്ചത്. 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി പ്രധാന പങ്കുവഹിക്കുകയാണ്. തദ്ദേശീയമായി നിർമ്മിച്ച

ഡിജിറ്റൽ വർക്ക്ഫ്ലോഷ്ട് മാനേജ്മെന്റ് സിസ്റ്റം പരിപാലനം ചെയ്യുന്നത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി നിരവധി സംഭാവനകൾ നൽകിക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസിനോട്ടുചേർന്ന് ഡിജിറ്റൽ സയൻസ് പാർക്ക് ഉടനെ ആരംഭിക്കുകയാണ്. Artificial Intelligence, block chains, medical electronics, biotechnology, electronic hardware അടക്കം ഡിജിറ്റൽ സാങ്കേതിക മേഖലയിലേയ്ക്ക് ഊന്നൽ നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ പാർക്കാണ് ഇതെന്ന സവിശേഷതകൂടിയുണ്ട്. തദ്ദേശീയ സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികൾ, വിദേശ വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് സാങ്കേതികവിദ്യയിൽ ഊന്നൽ നൽകി അവരുടെ നോളജിൽ പൂർണ്ണത വരുത്താനുള്ള എല്ലാവിധ ഭൗതിക സാഹചര്യങ്ങളുമൊരുക്കുന്ന പാർക്കാണിത്. സാങ്കേതികവിദ്യ ഉപയോഗിച്ച് തദ്ദേശീയമായി പുതിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഇതിനാവശ്യമായ സഹായങ്ങളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നത്. ഇത്തരം സംവിധാനങ്ങളെ സഹായിക്കാനായി ക്രിയാത്മകമായ ഇടപെടലുകളും നിരവധി സംഗമങ്ങളും നടത്തുന്നുണ്ട്. കൊല്ലത്തുവച്ച് നടന്ന ഇത്തരത്തിലുള്ള സംഗമത്തിൽ എനിക്കും പങ്കെടുക്കാൻ സാധിച്ചു.

'ഇഗ്നൈറ്റ്' എന്നായിരുന്നു അതിന്റെ പേര്. നിക്ഷേപകരാകാൻ താൽപ്പര്യവും ശേഷിയുമുള്ള വ്യക്തികളെയും സംരംഭകരെയും ഒരേ പ്ലാറ്റ്ഫോമിൽ ഇരുത്തിക്കൊണ്ടുള്ള സംവാദമായിരുന്നു 'ഇഗ്നൈറ്റ്' സംഘടിപ്പിച്ചത്. നിക്ഷേപകർക്ക് സ്റ്റാർട്ടപ്പിൽ ഫണ്ട് ചെയ്യുമ്പോഴുണ്ടാകുന്ന റിസ്കുകളെക്കുറിച്ചും അവരുടെ ആശയങ്ങളെക്കുറിച്ചും സംരംഭകരുമായി ഇടപാടുകൾ നടത്തേണ്ട രീതികളെക്കുറിച്ചും സമഗ്രമായി അവിടെ ചർച്ച ചെയ്യുകയുണ്ടായി. ഏതാണ്ട് മുപ്പതിലധികം നിക്ഷേപ താൽപ്പര്യമുള്ള വ്യക്തികൾ അതിൽ പങ്കെടുത്തു. കൂടാതെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ, തളർച്ച നേരിടുന്ന വ്യവസായങ്ങൾ എന്നിവ എങ്ങനെ വൈവിധ്യവൽക്കരിച്ചും ആധുനികവൽക്കരിച്ചും മുന്നോട്ടുകൊണ്ടുപോകാമെന്നതിനെ സംബന്ധിച്ചും തുറന്ന ചർച്ച നടന്നു. പുതിയ ആശയങ്ങൾ പിന്നാക്കംപോയ പല വ്യവസായങ്ങൾക്കും ഊർജ്ജമാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിന്റെ വ്യവസായാന്തരീക്ഷത്തിൽ വലിയ രീതിയിലുള്ള മാറ്റവും ഉണർവും ആത്മവിശ്വാസവും സംരംഭകർക്ക് നേടാൻ സാധിച്ചതിന്റെ ഫലമായി ഈ വർഷം കേന്ദ്ര സർക്കാരിന്റെ മികച്ച 'സംരംഭകവർഷം' എന്ന പദ്ധതിക്ക് അവാർഡ് ലഭിക്കുകയുണ്ടായി. ഏഷ്യയിൽ ഏറ്റവും മികച്ച സ്റ്റാർട്ടപ്പുകൾക്കുള്ള അന്തരീക്ഷമുള്ളത്

കേരളത്തിലാണെന്ന് നമുക്ക് അഭിമാനത്തോടെ പറയാം. സംരംഭകവർഷം പ്രഖ്യാപിച്ചശേഷം ഏതാണ്ട് 123968 പുതിയ സംരംഭങ്ങൾ തുടങ്ങാൻ സാധിച്ചു. അതുവഴി ഏതാണ്ട് 267196 തൊഴിലുകളും 7517 കോടി രൂപയുടെ നിക്ഷേപവും ഈ കാലയളവിലുണ്ടായി. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് രാജ്യത്തെ മികച്ച സംരംഭക സംസ്ഥാനത്തിനുള്ള അംഗീകാരം നൽകാൻ തയ്യാറായത്. ചവറയിലെ കെ.എം.എം.എൽ.-ന്റെ അവസ്ഥ ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അവിടെ മിനറൽ സെപ്പറേഷൻ യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാല് മൈനിംഗ് സൈറ്റുകളുണ്ട്. ഏകദേശം 750-ഓളം തൊഴിലാളികൾ കഴിഞ്ഞ ഇരുപത് വർഷമായി അവിടെ ജോലി ചെയ്യുകയാണെങ്കിലും മൈനിംഗ് സൈറ്റിൽ എല്ലാ ദിവസവും തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിരുന്നില്ല. ഈ 750 പേർക്കും എം.എസ്. പ്ലാന്റിനുള്ളിൽ താൽക്കാലികമായി, നേരിട്ട് ജോലി നൽകുന്ന വളരെ ധീരമായ തീരുമാനം ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. അതിനുള്ള നടപടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ചു, ഈ ഗവൺമെന്റ് അത് നടപ്പാക്കി. തൊഴിലാളികളെ ഒപ്പം നിർത്തിക്കൊണ്ട് അവരുടെ ക്ഷേമം മുന്നിൽകണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. ഇത് തൊഴിലാളികളുടേയും യുവജനങ്ങളുടേയും

വിദ്യാസമ്പന്നരുടേയും മാത്രം കാര്യമല്ല, പാർശ്വവൽക്കരിക്കപ്പെട്ട വ്യക്തികൾ, ആദിവാസി വിഭാഗത്തിൽപ്പെട്ട വ്യക്തികൾ എന്നിവർക്കായി 1752 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ കഴിഞ്ഞ ഒന്നര വർഷംകൊണ്ട് നൽകി. മുഴുവൻ ആദിവാസികൾക്കും ഭൂമി ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്ന പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇത്തരുണത്തിലാണ് സർക്കാരിനെതിരെ പല പ്രചരണങ്ങളുമായി പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. ക്ഷേത്രങ്ങളിലെ വരുമാനം സർക്കാർ ഖജനാവിലേയ്ക്ക് മാറ്റുകയാണെന്ന രീതിയിലുള്ള വലിയ കള്ളപ്രചരണങ്ങൾ വരുന്നുണ്ട്. പക്ഷേ, കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കും ഏകദേശം 450 കോടി രൂപയാണ് സർക്കാർ ഖജനാവിൽനിന്നും തിരിച്ചുനൽകിയത് എന്നതാണ് വസ്തുത. വായ്പയെടുത്ത് ക്ഷേമപ്രവർത്തനം നടത്തേണ്ടെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ ആഹ്വാനം. വായ്പയെടുത്ത പണംകൊണ്ട് വൻകിട കോർപ്പറേറ്റുകളുടെ കടം എഴുതിത്തള്ളുന്നതിന് ഒരു പ്രശ്നവുമില്ല. കഴിഞ്ഞ കുറച്ചുനാളുകളായി 11 ലക്ഷം കോടി രൂപയാണ് കേന്ദ്രം കോർപ്പറേറ്റുകളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി വിനിയോഗിച്ചത്. ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾക്കെതിരെയുള്ള കേന്ദ്രസർക്കാരിന്റെ തിട്ടൂരം

വിലപ്പോകില്ല. ഇത്തരത്തിലുള്ള കൃത്യവും വ്യക്തവുമായ മറുപടി കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകുകയുണ്ടായി. ഒരുപക്ഷത്ത് കേന്ദ്ര സർക്കാർ ജനദ്രോഹപരമായ നയങ്ങളുമായി മുന്നോട്ടുപോകുമ്പോഴും ജനങ്ങളെ കൂടെനിർത്തിക്കൊണ്ട് ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരാണിത്. പൊതുവിദ്യാഭ്യാസ രംഗത്തെയും ആരോഗ്യരംഗത്തെയുംകുറിച്ച് എടുത്തുപറയേണ്ട ആവശ്യമില്ല. Pratham Education Foundation നടത്തിയ സർവ്വേയിൽ വികസനത്തിന്റെ കാര്യത്തിലാണെങ്കിലും പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ എണ്ണം വർദ്ധിക്കുന്ന കാര്യത്തിലാണെങ്കിലും സൗകര്യങ്ങളുടെ കാര്യത്തിലാണെങ്കിലും എല്ലാ മേഖലകളിലും മികവ് പുലർത്തിയതിനുള്ള രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനമെന്നുള്ള രീതിയിൽ സംസ്ഥാനത്തെ അംഗീകരിക്കുകയുണ്ടായി. മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ്. യുവാക്കളെയും അഭ്യസ്തവിദ്യരെയും പാർശ്വവൽക്കരിക്കപ്പെട്ട എല്ലാവരെയും ചേർത്തുനിർത്തിക്കൊണ്ട് കേരളത്തിന്റെ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള ഈ നയത്തിന് ഒരിക്കൽക്കൂടി എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് പ്രതിപക്ഷത്തുനിന്ന് പലരും സംസാരിച്ചുവെങ്കിലും പ്രധാന വിമർശനമായി ഉയർന്നുവന്നത് നന്ദിപ്രമേയം 51 പേജിൽ ഒതുങ്ങിപ്പോയി എന്നുള്ളതുമാത്രമാണ്. നേരത്തെ 111 പേജുണ്ടായിരുന്നത് കഴിഞ്ഞ വർഷം 83-ഉം ഇപ്പോൾ 51-ഉം ആയി. പേജുകളുടെ എണ്ണത്തെ കണ്ടുകൊണ്ട് നന്ദിപ്രമേയത്തെ എതിർക്കുന്ന വിധത്തിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷം എത്തി. കുരുടൻ ആനയെ കാണുന്നതുപോലെയാണ് നന്ദിപ്രമേയത്തെയും സർക്കാരിന്റെ നയങ്ങളെയും പ്രവർത്തനങ്ങളെയും പ്രതിപക്ഷം നോക്കിക്കാണുന്നതെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. 2021 മേയ് മാസത്തിലാണ് രണ്ടാം പിണറായി സർക്കാർ അധികാരമേറ്റത്. അതിനുശേഷം പുതിയ പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷനിരയുണ്ടായി. അന്നവർ നടത്തിയ ഒരു പ്രഖ്യാപനത്തിൽ സൂചിപ്പിച്ചത്, ഞങ്ങൾ ക്രിയാത്മകമായ പ്രതിപക്ഷമായിരിക്കും, നിയമസഭയിൽ ഞങ്ങൾ വെല്ലിലിറങ്ങില്ല എന്നാണ്. അതാണ് ക്രിയാത്മകതയുടെ ഏറ്റവും വലിയ അടിത്തറയായി അവർ കണ്ടെത്തിയത്. വെല്ലിലിറങ്ങിയതുകൊണ്ട് ക്രിയാത്മകത നഷ്ടപ്പെട്ടുപോകുമെന്നൊന്നും

ഞാൻ പറയുന്നില്ല. ഇവിടെ അടിസ്ഥാനപരമായ പ്രശ്നം, ജനാധിപത്യത്തിൽ പ്രഭാവമുണ്ടാകേണ്ടത് ജനങ്ങളുടെ ഇച്ഛയ്ക്കാണ്. ജനങ്ങളുടെ ഇച്ഛ എങ്ങനെയാണ് നിശ്ചയിക്കപ്പെടുക; ജനങ്ങൾ തെരഞ്ഞെടുത്ത് അയയ്ക്കുന്ന നിയമസഭ, നിയമസഭയിൽ ഭൂരിപക്ഷമുള്ള എക്സിക്യൂട്ടീവ്. മന്ത്രിസഭയുടെ തീരുമാനങ്ങളെയും നിയമസഭ പാസ്സാക്കുന്ന നിയമങ്ങളെയും മാനിക്കാത്ത രൂപത്തിൽ ഭരണഘടനാപദവികൾ വഹിക്കുന്നവർ പെരുമാറുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. ജനങ്ങളുടെ ഇച്ഛാശക്തിയാണ് അവിടെ പരാജയപ്പെടുന്നത്. നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ ഐകകണ്ഠ്യേനയായിക്കോട്ടെ, ഭിന്നാഭിപ്രായത്തിൽ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലായിക്കോട്ടെ, അവ പ്രാബല്യത്തിലാകാതെ തടഞ്ഞുവയ്ക്കപ്പെടുന്ന നടപടിയെ എന്താണ് പ്രതിപക്ഷം എതിർക്കാത്തത്? അത് നന്നായിപ്പോയി, ഞങ്ങൾ എതിർത്ത നിയമം ഗവർണർ ഒപ്പിടാതിരിക്കുകയും പ്രാബല്യത്തിൽ വരാതിരിക്കുകയുമാണെങ്കിൽ നല്ലതാണെന്ന രൂപത്തിലുള്ള സമീപനം അവരുടെ ഭാഗത്തുനിന്നുണ്ടാകുന്നത് ക്രിയാത്മക പ്രതിപക്ഷത്തിന്റെ ലക്ഷണമല്ല. പ്രതിപക്ഷം ക്രിയാത്മകമാണെന്ന് തോന്നിപ്പിക്കണമെങ്കിൽ ഏറ്റവും കുറഞ്ഞത് ഈ സഭ പാസ്സാക്കുന്ന നിയമങ്ങൾ പ്രാബല്യത്തിൽ വരണമെന്ന നിലപാടിലേയ്ക്ക്

അവർ എത്തിച്ചേരണം. നിരവധി പ്രതികൂല സാഹചര്യങ്ങളിലൂടെയാണ് കേരളത്തിലെ സർക്കാർ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നത്. പദ്ധതികളിലെ കേന്ദ്രവിഹിതത്തിൽവന്ന വെട്ടിക്കുറവിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ആയിരക്കണക്കിന് കോടിരൂപയുടെ വരുമാനനഷ്ടമാണ് വരുത്തിയത്. ജി.എസ്.ടി. വിഹിതം യഥാസമയം ലഭിക്കാതെ വരുന്നുണ്ട്. ഇത്തരം ജനവിരുദ്ധ നിലപാടുകൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നിടത്ത് പ്രതിപക്ഷത്തിന്റെ നിലപാടെന്താണ്; അവയെ എതിർക്കാൻ തയ്യാറാകുന്നുണ്ടോ? ശ്രീ. ടി. ഐ. മധുസൂദനൻ കേരളം ഒന്നാംസ്ഥാനം നേടിയതിന്റെ കണക്കുകൾ വ്യക്തമായി ഇവിടെ സൂചിപ്പിച്ചു. ഏതെല്ലാം കാര്യങ്ങളിൽ എത്ര ആധികാരികമായ വിലയിരുത്തലിലൂടെയാണ് ഒന്നാംസ്ഥാനങ്ങൾ കിട്ടിയതെന്ന് സൂചിപ്പിച്ചു. ഒന്നാംസ്ഥാനം കിട്ടിയതിനെ കളിയാക്കുന്ന രൂപത്തിലുള്ള പ്രസംഗങ്ങളല്ലേ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കേട്ടത്? പ്രതിസന്ധികളും പ്രതികൂലനങ്ങളും സർക്കാരിന്റെ ജനക്ഷേമ പദ്ധതികളെ ബാധിക്കുന്നില്ലെന്നുള്ളതാണ് ഈ സർക്കാരിന്റെ പ്രത്യേകത. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി തവണ ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചു, കുടിശ്ശികയില്ലാതെ കൊടുക്കാൻ കഴിയുന്നുണ്ട്. വികസന പ്രവർത്തനങ്ങൾ യാതൊരു അമാന്തവുമില്ലാതെ

മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നു. ചില കാര്യങ്ങളിൽ സർക്കാർ ജാഗ്രത പുലർത്തണം. അത് പറയാൻ എനിക്ക് മടിയൊന്നുമില്ല. ഉദ്യോഗസ്ഥർ കാലത്തിനൊത്ത് മാറുന്നില്ല. പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ് പൂർത്തിയാക്കേണ്ട ഘട്ടങ്ങളിൽ വേണ്ടത്ര ടാർജറ്റ് നേടാൻ കഴിയുന്നില്ല. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടലുകളുണ്ടാകണം. വികസനപ്രവർത്തനങ്ങൾ കഴിഞ്ഞ നാളുകളിലുണ്ടായതിനേക്കാൾ കൂടുതൽ വേഗതയിലാക്കാനുള്ള നടപടികളുണ്ടാകണം. അതോടൊപ്പം പ്രധാനപ്പെട്ട കാര്യമാണ്, ഒരു രാജ്യത്തിന്റെ, ഒരു സംസ്ഥാനത്തിന്റെ, ഒരു നാടിന്റെ വളർച്ച നിർണ്ണയിക്കുന്ന പ്രധാനഘടകം അല്ലെങ്കിൽ അവിടത്തെ ആഭ്യന്തര വരുമാനത്തിലെ പ്രധാന ഘടകം എന്നുപറയുന്നത് അവിടെയുണ്ടാകുന്ന ഉൽപാദന പ്രക്രിയയാണ്. ഉൽപാദനപ്രക്രിയ കൂടുതലാക്കി സംസ്ഥാനത്ത് നിലനിർത്താനുള്ള പരിശ്രമവും പലരൂപത്തിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നടപടികളും ഉണ്ടാകുന്നുണ്ടെന്നുള്ളത് ഈ കാലഘട്ടത്തിലെ വലിയ നേട്ടമാണ്. 2016-2021-ലെ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ. സി. മൊയ്തീൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" എന്ന ആശയം ഈ ഗവൺമെന്റിന്റെ കാലത്തും

വലിയതോതിൽ നടപ്പിലാക്കപ്പെടുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഒന്നാം പിണറായി സർക്കാർ പ്രഖ്യാപിച്ച മിഷനുകൾ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നു. സർക്കാർ സ്കൂളുകൾ 2016-ന് മുമ്പുണ്ടായിരുന്ന അവസ്ഥയിലാണോ ഇന്ന്? സർക്കാർ സ്കൂളുകളിൽ മെച്ചപ്പെട്ട അവസ്ഥയിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് സംസ്ഥാനത്ത് സമാന്തരമായി പ്രവർത്തിച്ചിരുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ തളർത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളെ ആളുകൾ കൂടുതലായി ആശ്രയിക്കാൻ തുടങ്ങി. 'ഹരിത കേരളം' പദ്ധതിയിലൂടെ കാർഷികമേഖല, ജലസുരക്ഷ എന്നിവയിൽ ഇടപെടൽ നടത്തി. ലൈഫ് മിഷൻ പദ്ധതിവഴി വീടില്ലാത്തവർക്ക് വീട് കൊടുക്കാൻ സാധിച്ചു. ഈ പദ്ധതികൾ ഒന്നാം പിണറായി ഗവൺമെന്റ് നടപ്പിലാക്കിയ അതേ ആവേശത്തോടുകൂടി നടപ്പിലാക്കി പൂർണ്ണതയിലെത്തിക്കാൻ കഴിയണം. നദികൾ, തോടുകൾ, ജലസ്രോതസ്സുകൾ എന്നിവ ശുചിയാക്കുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിക്കാവുന്നതല്ല. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളുകൾ കിഫ്ബിയിലൂടെയും മറ്റുമായി നവീകരിക്കുകയും അവിടേയ്ക്ക് കുട്ടികൾ കൂടുതലായി എത്തുകയും ചെയ്തു. പക്ഷേ, തെരഞ്ഞെടുക്കപ്പെടാതിരുന്ന സർക്കാർ സ്കൂളുകളും ആധുനികതലത്തിലേയ്ക്ക് എത്തിക്കാനുള്ള

നടപടികളുണ്ടാകണം. അതുപോലെതന്നെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മെച്ചപ്പെട്ടിട്ടുണ്ട്, പക്ഷേ, എല്ലാ ആശുപത്രികളും മെച്ചപ്പെടുന്ന രൂപത്തിലുള്ള പ്രവൃത്തിയുണ്ടാകണം. ഒന്നാം പിണറായി സർക്കാർ മുന്നോട്ടുവച്ച നവകേരള മിഷനിൽപ്പെടുന്ന എല്ലാ പദ്ധതികളും ദൗത്യങ്ങളും തുടരാൻതക്കമുള്ള തീരുമാനവും അതിനനുസരിച്ചുള്ള നടപടികളുമുണ്ടാകണം. കഴിഞ്ഞകാലത്തെ പ്രവർത്തനങ്ങളോടൊപ്പം ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏറ്റെടുത്ത വലിയൊരു ദൗത്യമാണ് വൈജ്ഞാനിക സമൂഹമായി കേരളം മാറുകയെന്നത്. വൈജ്ഞാനിക സമ്പദ്ഘടനയിലേയ്ക്ക് മാറുന്നതിന് നാടിനെ രൂപപ്പെടുത്തിയെടുക്കാൻ കഴിയണമെങ്കിൽ വിദ്യാഭ്യാസക്രമത്തിൽ മാറ്റമുണ്ടാകണം. പരമ്പരാഗത വിദ്യാഭ്യാസ രൂപത്തിൽ കുട്ടികൾ ഇരുന്നാൽപ്പോര. പുതിയ അന്വേഷണം നടത്തുവാൻ, പുതിയവ കണ്ടെത്തി അവ ന്യായമായി പ്രയോഗിക്കാൻ, ഭാവിയിൽ വിജ്ഞാനം ഒരുമൂലധനമായി മാറുമ്പോൾ അതിൽ അവരുടേതായ പങ്കുവഹിക്കുന്നവരായി മാറാൻ കഴിയുന്ന രൂപത്തിലേയ്ക്ക് പുതിയ ആശയങ്ങൾ കൊണ്ടുവരാൻ കഴിയണം. അതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി അടക്കമുള്ള നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ടെന്നത് സന്തോഷകരമാണ്. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ വന്ന

വിഷയമാണ് വന്യമൃഗങ്ങളുടെ ആക്രമണം. ഞാനൊക്കെ പൊതുപ്രവർത്തനം ആരംഭിക്കുമ്പോൾ കടുവയുടെ വംശനാശം സംഭവിക്കരുതെന്ന അർത്ഥത്തിലുള്ള നടപടികളാണ് സ്വീകരിച്ചിരുന്നത്. ഇന്ന് ചിത്രം മാറിയപ്പോൾ ആ നയങ്ങളിലുണ്ടാകേണ്ടുന്ന വ്യതിയാനങ്ങൾ ദേശീയതലത്തിലുണ്ടാകേണ്ടതാണെന്ന് ഞാൻ സമ്മതിച്ചു. എങ്ങനെ ഇതിന്റെ വർദ്ധനവ് തടയാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ആലോചനയുണ്ടാകണം. വംശനാശ ഭീഷണിയുണ്ടായിരുന്ന കാലഘട്ടത്തിൽ സ്വീകരിച്ചിരുന്ന നടപടികളും നയങ്ങളുമല്ല വന്യമൃഗങ്ങളുടെ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സമയത്ത് സ്വീകരിക്കേണ്ടത്. ആ മാറ്റങ്ങൾ നമ്മുടെ മാത്രം പരിധിയിൽവരുന്ന കാര്യങ്ങളല്ലെന്നറിയാം. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി, ആഗോളതലത്തിൽ മൃഗശാലകളിൽ അത് എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്. എല്ലാരൂപത്തിലും ജനനന്മയെ ലാക്കാക്കി, ജനഹിതം മനസ്സിലാക്കി പ്രവർത്തിക്കുന്ന സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. പ്രകടന

പത്രികയിൽപ്പറഞ്ഞ 900 വാഗ്ദാനങ്ങൾ പൊതുജനസമക്ഷം അവതരിപ്പിച്ച് അധികാരത്തിലേയ്ക്ക് വന്ന സർക്കാർ, പറഞ്ഞ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്ന കാഴ്ചയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. അത്രമേൽ പ്രതികൂല സാഹചര്യത്തിലും എത്രമേൽ ജനപക്ഷത്തുനിൽക്കാമെന്ന് സർക്കാർ കാണിച്ചുതരുന്നു. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക നിശ്ചലാവസ്ഥയിൽ സംസ്ഥാനങ്ങളെ താങ്ങേണ്ട കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് തികച്ചും നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. ഭരണപരമായി ലഭിക്കേണ്ട സഹായങ്ങളും ധനകാര്യ കമ്മിഷൻ വഴി ലഭ്യമാക്കേണ്ട സഹായങ്ങളും നിരസ്സിക്കപ്പെട്ടു. സി. ആൻഡ് എ.ജി., ആദായ നികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് സംസ്ഥാനത്തെ വരിഞ്ഞുമുറുക്കാൻ ശ്രമിച്ചു. വികസന പ്രവർത്തനങ്ങളെ ദുർബ്ബലപ്പെടുത്താൻ സാമ്പത്തിക സമ്മർദ്ദം അടിച്ചേൽപ്പിച്ചു. പല ലോകരാഷ്ട്രങ്ങളിലും കോവിഡിനെത്തുടർന്ന് സാമ്പത്തിക മുരടിപ്പായപ്പോഴും കേരളത്തിന്റെ വളർച്ചാനിരക്ക് മികച്ച നിലവാരം പുലർത്തിയെന്നത് സർക്കാർ സ്വീകരിച്ച നടപടികൾ എത്രമാത്രം ഉപയോഗപ്രദവും ശാസ്ത്രീയവുമായിരുന്നുവെന്നതിന്റെ തെളിവായി മാറുന്നു. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉൽപ്പാദനം 12.01 ശതമാനം വളർച്ച

കൈവരിച്ചു. പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, സാമ്പത്തിക തളർച്ച എന്നിവയിൽനിന്നാണ് ഇത്രയും വലിയ നേട്ടം കൈവരിക്കാനായത് എന്നതും പ്രത്യേകം പരിഗണിക്കേണ്ടതാണ്. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കവും കോവിഡും സമ്പദ്ഘടനയുടെ സുസ്ഥിര വികസനത്തിന് കനത്ത വെല്ലുവിളിയുയർത്തി. 2020 മാർച്ചിലും 2021 ജൂണിലും 20,000 കോടിരൂപ വീതമുള്ള രണ്ട് സാമ്പത്തിക ഉത്തേജക പാക്കേജുകൾ പ്രഖ്യാപിച്ചു. 2021 ജൂലൈ മാസത്തിൽ ചെറുകിട വ്യവസായങ്ങൾക്കായി 5,650 കോടി രൂപയുടെ അനുബന്ധ പാക്കേജ് പ്രഖ്യാപിച്ചു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. നജീബ് കാന്തപുരം]

രാജ്യമാകെ ലോക്ക്ഡൗൺ നേരിട്ടപ്പോൾ ക്ഷേമ പെൻഷനായി 446 കോടി രൂപ സംസ്ഥാനം വിതരണം ചെയ്തു. പ്രതിമാസ പെൻഷൻ ഉറപ്പാക്കി. ക്ഷേമ പെൻഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് 1,000 രൂപ വീതം വിതരണം ചെയ്തു. ഇതിനായി 148 കോടി രൂപ വകയിരുത്തി. കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വരെ വായ്പ നൽകുകയും പലിശ സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. അവശ്യ ഭക്ഷ്യവസ്തുക്കൾ ഉറപ്പാക്കാൻ 1150 കോടി രൂപ നീക്കിവച്ചു. വിവിധ ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് 1000 രൂപ വീതം നൽകി. റബ്ബർ കർഷകർക്ക് മാത്രമായി 500 കോടി രൂപ വകയിരുത്തി വിതരണം

ചെയ്തു. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2800 കോടി രൂപ വകയിരുത്തി. ഉപജീവനം പ്രതിസന്ധിയിലായവർക്കായി 8900 കോടി രൂപ നീക്കിവച്ചു. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തി വിപുലമായ വായ്പാപദ്ധതി നടപ്പിലാക്കി. എല്ലാവർക്കും തൊഴിലുറപ്പാക്കാൻ ബൃഹത്തായ പദ്ധതി ഏറ്റെടുത്തു. തീരദേശ മേഖലയിൽ 11000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ഈ പ്രവർത്തനങ്ങളെല്ലാം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ പാകുകയാണുണ്ടായത്. കേരളത്തിന്റെ നട്ടെല്ലായ സഹകരണ സംഘങ്ങളുടെ വിശ്വാസത്തിനുനേരെയുള്ള കടുത്ത വെല്ലുവിളിയാണ് ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതി. റിസർവ് ബാങ്ക് വാണിജ്യ ബാങ്കുകൾക്കുമേൽ ചുമത്തുന്നതിന് സമാനമായ നിയന്ത്രണങ്ങൾ നിയമ ഭേദഗതിയിലൂടെ സഹകരണ ബാങ്കുകൾക്കും ബാധകമാക്കിയിരിക്കുകയാണ്. സഹകരണ സ്ഥാപനങ്ങൾ 'ബാങ്ക് ' എന്ന പദം ഉപയോഗിക്കുന്നതിനെതിരെയും നിക്ഷേപം സ്വീകരിക്കുന്നതിനെതിരെയും സർക്കുലർ പുറപ്പെടുവിച്ചു. അംഗങ്ങൾ അല്ലാത്തവരിൽനിന്നും അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നത് വിലക്കാനാണ് ഈ നീക്കമുണ്ടായത്. ജനങ്ങളെ

തെറ്റിദ്ധരിപ്പിക്കുന്ന ഇത്തരം നിരവധി ഉത്തരവുകൾ ഇറക്കുന്നതിനുപിന്നിൽ കേന്ദ്ര സർക്കാരിന്റെ സ്ഥാപിത താൽപ്പര്യമാണെന്നത് വ്യക്തമാണ്. സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കാൻ സാധാരണക്കാർ എന്നും താൽപ്പര്യം പ്രകടിപ്പിക്കുമ്പോൾ ഈ നിക്ഷേപങ്ങളെ സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്നതുതന്നെയാണ് നിയമ ഭേദഗതി നടത്തിയവരുടെ ഉദ്ദേശ്യം. ഇതോടൊപ്പം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ കടന്നുവരവും മറ്റൊരു ഭീഷണിയായി മാറുന്നു. വിവിധ സംസ്ഥാനങ്ങളിൽ ബാങ്കിംഗ് നടത്തുന്ന ഇവർക്ക് പലിശനിരക്കിലോ പ്രവർത്തനങ്ങളിലോ യാതൊരു നിയന്ത്രണവുമില്ലെന്നതും പ്രത്യേകം നോക്കിക്കാണേണ്ടതുണ്ട്. സഹകരണ രജിസ്ട്രാർക്കോ ഓഡിറ്റ് വിഭാഗത്തിനോ ഇവയ്ക്കുമേൽ യാതൊരു നിയന്ത്രണവുമില്ല. സഹകരണ മേഖലയെ ദുരുപയോഗിച്ചുകൊണ്ട് മുതലെടുക്കാൻ നടത്തുന്ന ഇത്തരം ശ്രമങ്ങൾ ആ മേഖലയെ കളങ്കപ്പെടുത്തുകയാണ്. ഇത്തരത്തിൽ സഹകരണ മേഖലയെ നശിപ്പിക്കുന്നതിനുള്ള നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോൾ സഹകരണ രംഗത്തുതന്നെ മാതൃകയാകുന്ന നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇന്റർനെറ്റ് അവകാശമാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം

മാറുകയാണ്. എല്ലാവർക്കും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണ് കെ-ഫോൺ പദ്ധതി. രാജ്യത്താദ്യമായാണ് ഇത്തരത്തിലൊരു പദ്ധതി സർക്കാർ നടപ്പിലാക്കുന്നത്. എല്ലാവർക്കും സൗജന്യമായും കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ലോകമാകെ നടക്കുന്ന പുരോഗമനപരമായ സംഭവ വികാസങ്ങളും സാങ്കേതികവിദ്യയുടെ പുരോഗതിയും അപ്പപ്പോൾ തിരിച്ചറിയുന്നതിന് സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും പ്രാപ്തരാക്കാൻ കെ-ഫോൺ പദ്ധതി സഹായകരമായിരിക്കും. ആദ്യഘട്ടത്തിൽ ഇന്റർനെറ്റ് കണക്ഷൻ നൽകേണ്ട പതിനാലായിരം കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നൂറ് വീതം കുടുംബങ്ങളെ തെരഞ്ഞെടുത്തുകൊണ്ടാണ് സേവനം ലഭ്യമാക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾക്ക് 10 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3 ശതമാനവും മുൻഗണനയുണ്ടെന്നതും അഭിനന്ദനാർഹമാണ്. അതോടൊപ്പം ഈ വിഭാഗത്തിൽ നിശ്ചയിച്ച എണ്ണം ലഭ്യമായില്ലെങ്കിൽ മറ്റ് വിഭാഗത്തിൽനിന്നും പരിഗണിക്കും. രണ്ടുമില്ലെങ്കിൽ പൊതുവിഭാഗത്തിനുതന്നെ

അനുവദിക്കുമെന്നതും മികച്ച തീരുമാനമാണ്. 30000 സർക്കാർ സ്ഥാപനങ്ങളും ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ സേവനത്തിന്റെ പരിധിയിൽ വരികയാണ്. സംസ്ഥാനത്തെ വ്യാവസായിക രംഗം പ്രതിസന്ധിയിലാണെന്നും വ്യവസായം ആരംഭിക്കണമെങ്കിൽ തമിഴ്നാട്ടിലോ ഗുജറാത്തിലോ തെലുങ്കാനയിലോ മറ്റിതര സംസ്ഥാനങ്ങളിലോ പോകണമെന്നുമുള്ള കള്ളപ്രചരണം തകർന്നുവീഴുന്ന കാഴ്ചയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. രാജ്യത്തെ മികച്ച പദ്ധതിയായി കേരളത്തിലെ വ്യവസായ വകുപ്പിന്റെ 'സംരംഭക വർഷം' പദ്ധതിയെ കേന്ദ്ര സർക്കാർ അംഗീകരിച്ചു. ഒരു വർഷത്തിനുള്ളിൽ രണ്ടുലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കപ്പെട്ട പദ്ധതിയാണിത്. ഇവിടെയിരിക്കുന്ന എല്ലാ അംഗങ്ങൾക്കും തങ്ങളുടെ മണ്ഡലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാവുന്നതാണ്. 2022 മാർച്ച് 30-ന് ബഹുമാന്യനായ മുഖ്യമന്ത്രി ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മാസത്തിൽ തുടക്കം കുറിച്ച് നവംബർ മാസമായപ്പോൾതന്നെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞു. സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപങ്ങളുടെയും തൊഴിലവസരങ്ങളുടെയും കാര്യത്തിലും എട്ട് മാസംകൊണ്ട് അത്ഭുതകരവും

അതിശയകരവും സമാനതകളില്ലാത്തതുമായ നേട്ടമാണ് 'സംരംഭക വർഷം' പദ്ധതിയിലൂടെ കൈവരിക്കാൻ സാധിച്ചിരിക്കുന്നത്. കാർഷിക മേഖലയിൽ നാൽപ്പതിനായിരത്തിലധികം പേർക്ക് തൊഴിൽ നൽകാനും വസ്ത്രനിർമ്മാണ (ഗാർമെന്റ്സ് ആൻഡ് ടെക്സ്റ്റൈൽസ്) മേഖലയിൽ ഇരുപത്തിരണ്ടായിരത്തിലധികം അവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു. ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് മേഖലയിലും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. വ്യാപാര മേഖലയിൽ അൻപതിനായിരത്തിലധികം പേർക്ക് തൊഴിൽ നൽകി. ഏറ്റവുമധികം തൊഴിൽ നൽകാൻ സാധിച്ചത് വ്യാപാര മേഖലയിലാണ്. കേരളത്തിനെതിരായി നിരന്തരം സൃഷ്ടിക്കുന്ന നുണപ്രചരണങ്ങളിലൂടെ ഈ നാടിനെയും സർക്കാരിനെയും തകർക്കാമെന്ന് ആരും കരുതണ്ട. ഇത്തരം മോഹം ഉപേക്ഷിച്ച് അവർകൂടി ഈ നാടിന്റെ നേട്ടങ്ങൾക്കായി അണിചേരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തെ ഇലക്ട്രോണിക് വ്യവസായ ഹബ്ബാക്കി മാറ്റുന്നതിനും ഓരോ മാസവും ഓരോ പുതിയ ഉൽപന്നം പുറത്തിറക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുന്നത് പ്രതീക്ഷ നൽകുന്നു. രാജ്യത്തെ ആദ്യ ഗ്രാഫീൻ പാർക്ക് കേരളത്തിൽ സ്ഥാപിക്കുന്നു. കരകുളത്തെ കെൽട്രോൺ സെന്ററിനെ പവർ

ഇലക്ട്രോണിക് ഹബ്ബാക്കി മാറ്റുന്നു. പ്രതിരോധ മേഖലയ്ക്കാവശ്യമുള്ള ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക് ഉപകരണങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്താനുള്ള ലാബ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഏഷ്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് അന്തരീക്ഷമുള്ളത് കേരളത്തിലാണെന്നതാണ് വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട അഭിമാനകരമായ മറ്റൊരു നേട്ടം. രാജ്യത്തുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് തടസ്സങ്ങളില്ലാതെ പ്രവർത്തിക്കാനും വളരാനും സാധിക്കുന്നത് കേരളത്തിലാണ്. ഉപഭോക്താക്കൾക്ക് ഒന്നിലധികം റസ്റ്റോറന്റുകളിൽനിന്നും ഒരു ബില്ലിൽ ഭക്ഷണം തെരഞ്ഞെടുക്കാനും അവ ഒരു സ്ഥലത്തിരുന്ന് സ്വീകരിക്കാനുമുള്ള സംവിധാനമായ വെൻഡിഗോയുടെ പ്രവർത്തനം തിരുവനന്തപുരത്ത് ആരംഭിച്ചു. 'വർക്ക് ഫ്രം ഹോം' എന്ന ആശയം സർക്കാർ മുന്നോട്ടുവയ്ക്കുകയും അതിൽ ഏറെ സ്വീകാര്യത ലഭിക്കുകയും ചെയ്തു. തിരുവനന്തപുരം ടെക്നോപാർക്കിന്റെ നാലാംഘട്ടമായ ടെക്നോസിറ്റിക്കായി 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കുള്ള വികസന പ്രവർത്തനങ്ങൾ സജ്ജമായിരിക്കുന്നു. 2025-ൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ് കണക്കാക്കുന്നത്. തിരുവനന്തപുരത്തെ വികസനപ്രവർത്തനങ്ങൾക്ക് പുതുമുഖം നൽകാൻ ഈ പദ്ധതി സഹായകരമായിരിക്കും. 1515 കോടി രൂപ

ചെലവഴിച്ച് തിരുവനന്തപുരത്തെ ടെക്നോസിറ്റി കാമ്പസിലെ 17 ഏക്കർ സ്ഥലത്ത് കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ കീഴിൽ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനുള്ള പദ്ധതിയാണ് ഏറെ പ്രതീക്ഷയോടെ നോക്കിക്കാണുന്ന മറ്റൊരു കാര്യം. ആശയങ്ങളെ ഉൽപന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററായി പ്രവർത്തിക്കുമെന്നതും കേരളത്തിന്റെ സാങ്കേതിക മേഖലയിൽ വലിയൊരു വിപ്ലവം ഈ സെന്റർ സൃഷ്ടിക്കുമെന്നതും ശ്ലാഘനീയമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്, ഇലക്ട്രോണിക്സ് ഹാർഡ്‌വെയറും ബയോടെക്നോളജിയുമായി ബന്ധപ്പെട്ട മേഖലകൾ തുടങ്ങിയ ഡിജിറ്റൽ സാങ്കേതിക മേഖലകൾക്ക് ഊന്നൽ നൽകുന്നു. ഇത് രാജ്യത്തെ ആദ്യ ഡിജിറ്റൽ പാർക്കായിരിക്കും. കേരളത്തിൽ വിജ്ഞാന വ്യവസായങ്ങൾക്ക് തുടക്കമിടാൻ ഈ പാർക്കുകൊണ്ട് സാധിക്കും. സ്വദേശ-വിദേശ സർവ്വകലാശാലകളിൽ ഗവേഷണം നടത്തുന്നവർക്ക് ഇതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യയിൽ പൂർണ്ണത കൈവരിക്കാൻ സാധിക്കും. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാനത്ത് കമ്പനികൾ ആരംഭിക്കാൻ കഴിയും. ചെറുകിട, ഇടത്തരം കമ്പനികൾക്കും സ്ഥാപനങ്ങൾക്കും വിദഗ്ദ്ധർക്കും കൂട്ടായ

പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളാണൊരുക്കുന്നത്. ലഭിച്ച കണ്ടെത്തലുകളെ പ്രായോഗികമായി ആവിഷ്കരിച്ച് സംരംഭങ്ങളിലേയ്ക്കെത്തിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. സാങ്കേതികവിദ്യ നവീകരണത്തിനുള്ള നിക്ഷേപത്തിന്റെ വലിയ ഭാഗം ഈ പാർക്കിലൂടെ നിറവേറ്റാൻ സാധിക്കും. വരാൻ പോകുന്ന കാലഘട്ടത്തെ മുൻകൂട്ടി കണ്ടുകൊണ്ട് ലോകത്തിന്റെ ഏത് കോണിൽനിന്നും വരുന്ന ആളുകളോടൊപ്പം മുന്നേറാൻ കഴിയുന്നതരത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളെ വളർത്തിയെടുക്കാനുള്ള ഒരു സർക്കാരിന്റെ കരുതലിന്റെ ഉദാഹരണംകൂടിയാണ് ഡിജിറ്റൽ സയൻസ് പാർക്ക്. കേരളത്തിന്റെ ഐ.ടി. മേഖലയിൽ 65000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾ അതിവേഗതയിൽ പുരോഗമിക്കുന്നു. സേവന, ഐ.ടി. മേഖലയിലുള്ള വ്യവസായങ്ങളിൽ നിക്ഷേപകർക്ക് മികച്ച അവസരമൊരുക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. 25 വർഷംമുമ്പ് തിരുവനന്തപുരം ടെക്നോപാർക്കിൽ അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ ഉദ്ഘാടനം ചെയ്ത് 55 ജീവനക്കാരുമായി പ്രവർത്തനമാരംഭിച്ച ഐ.ബി.എസ്. ഇന്ന് മൂവായിരത്തിലധികം ജീവനക്കാരുമായി

ആഗോളതലത്തിൽ വളർന്നത് ഈ സർക്കാരെടുത്ത നിലപാടുകൾക്ക് ഉദാഹരണമാണ്. പ്രകടനപത്രികയിൽ പറഞ്ഞ 900 വാഗ്ദാനങ്ങൾ പൊതുജനസമക്ഷം അവതരിപ്പിച്ച് അധികാരത്തിൽ വന്ന സർക്കാർ പറഞ്ഞ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്ന കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. പ്രതികൂല സാഹചര്യത്തിലും എത്രമേൽ ജനപക്ഷത്തുനിൽക്കാമെന്ന് കാണിച്ചുതരുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നിറവും മണവുമുണ്ടോ? എത്രയെത്ര നയപ്രഖ്യാപനങ്ങൾ കണ്ട സഭയാണിത്. ഇതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് പ്രമേയം അവതരിപ്പിക്കാൻ ശ്രീ. എ. സി. മൊയ്തീനെത്തന്നെ എന്തുകൊണ്ട് ഏൽപ്പിച്ചുവെന്ന് മനസ്സിലാകുന്നില്ല. ഇതൊരു കൊടിയ ശിക്ഷയായിപ്പോയെന്നാണ് എനിക്ക് തോന്നുന്നത്. നയപ്രഖ്യാപനം ഒരു വലിയ ബദലാണെന്നാണ് പറയുന്നത്. 'ബദൽ ബദൽ' എന്നുപറഞ്ഞാൽ ബദലാകുമോ? ഇന്ദിരാ ഗാന്ധി വെടിയേറ്റ് മരിച്ച ദിവസം എന്റെ വീടിന്റെ സമീപത്ത് ഒരു കുഞ്ഞുപിറന്നു. ആ കുഞ്ഞിന് ഇന്ദിര പ്രിയദർശിനി എന്ന് പേരിട്ടു. ഇപ്പോൾ അവർ വലുതായി അവർക്ക്

കുട്ടികളൊക്കെയായി. ആ കുട്ടി മോത്തിലാൽ നെഹ്റുവിന്റെ പൗത്രി ഇന്ദിരാ ഗാന്ധിയല്ല. ബദൽ എന്നു പറഞ്ഞാൽ ബദലാകില്ല. നിങ്ങൾക്ക് ബദൽ നയവും പരിപാടികളും വേണം. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്, 2021-ലെ നയപ്രഖ്യാപനത്തിൽ 121 പേജുണ്ടായിരുന്നത് 2022 ആയപ്പോൾ പകുതിയായി ചുരുങ്ങുകയും 2023-ലെത്തിയപ്പോൾ വീണ്ടും ശോഷിച്ച് 51 പേജിലൊതുങ്ങിയെന്നുമാണ്. അപ്പുറത്തുനിന്നുള്ള പലരും വീർപ്പുമുട്ടിയാണ് നന്ദിപ്രമേയ ചർച്ചയിൽ സംസാരിച്ചത്. പുലികളെപ്പോലെ ആഞ്ഞടിച്ചിരുന്ന ആളുകൾ പൂച്ചക്കുട്ടികളെപ്പോലെ സംസാരിക്കുന്നത് കാണുന്നു. ഇതിൽ കഴമ്പില്ലെന്ന് നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടുവെന്നുള്ളത് തന്നെയാണിതിന് കാരണം. ഗവർണറെ ഒതുക്കിനിർത്താൻ സാധിച്ചുവെന്നുള്ളതിൽ സർക്കാരിന് സന്തോഷിക്കാൻ വകയുണ്ട്. അത് ഞങ്ങൾക്കോ കേരളീയർക്കോ അല്ല; നിങ്ങൾക്കാണ്. മുഖ്യമന്ത്രി ഡൽഹിയിൽ പോയതുകൊണ്ട് വേറൊരു ഗുണവും കിട്ടിയില്ലെങ്കിലും സർക്കാർ പറഞ്ഞുകൊടുത്തതനുസരിച്ച് ഗവർണർ കുറച്ച് ഒതുങ്ങി നിൽക്കാൻ തയ്യാറായി. നിർവികാരനായി ഗവർണർ നയപ്രഖ്യാപനം വായിക്കുന്നത് കണ്ടില്ലേ? ഒരു മുഖപ്രസന്നതയും അദ്ദേഹത്തിൽ കണ്ടില്ല; പുതിയൊരു പ്രഖ്യാപനം നടത്തുന്നതിന്റെ പ്രസരിപ്പ് കാണാൻ കഴിഞ്ഞില്ല.

പ്രയാസത്തോടുകൂടിയാണ് അദ്ദേഹം നയപ്രഖ്യാപനം വായിച്ചതെന്ന് നമുക്കുതന്നെ ബോധ്യംവന്നു. പ്രധാനമന്ത്രിയെക്കണ്ട് മുഖ്യമന്ത്രി സംസാരിച്ചപ്പോൾ കേരളം സങ്കീർണ്ണമായി ചർച്ചചെയ്യുന്ന വിഷയങ്ങളിൽ ഒന്നെങ്കിലുമെടുക്കാൻ മുഖ്യമന്ത്രി തയ്യാറായില്ലെന്നുള്ളതിൽ ഖേദവും ദുഃഖവും അമർഷവും ഞാൻ പ്രകടിപ്പിക്കുകയാണ്. കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾക്കിടയിൽ ബഫർസോൺ ചർച്ച ചെയ്യുകയായിരുന്നു. 115 വില്ലേജുകളിലെ ലക്ഷക്കണക്കിന് കെട്ടിടങ്ങൾ, ഇതിന്റെ ദുരന്തഫലം അനുഭവിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾ. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് കേരളത്തിൽ സജീവമായി ചർച്ച നടക്കുന്ന സന്ദർഭത്തിൽ ഇതുസംബന്ധിച്ച് രണ്ടുമിനിട്ട് പ്രധാനമന്ത്രിയുമായി ചർച്ച ചെയ്യാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ലെന്നത് വളരെയേറെ ഖേദകരമാണ്. സർക്കാർ പല പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ നയപ്രഖ്യാപനങ്ങളിലും സി.പി.ഐ.(എം)-ന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലും ബഡ്ജറ്റിലും ഉല്പാദനച്ചെലവിന്റെ 150 ശതമാനം വിലനിശ്ചയിച്ച് കാർഷികോൽപന്നങ്ങൾ സംഭരിക്കുമെന്ന് പറഞ്ഞു. ആ പ്രഖ്യാപനം നടത്തി ഏകദേശം 7 വർഷമായിട്ടും ഉല്പാദനച്ചെലവിന്റെ പകുതിയെങ്കിലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. നാളികേര സംഭരണം എല്ലാ പഞ്ചായത്തിലേയ്ക്കും

വ്യാപിപ്പിക്കുമെന്ന് പറഞ്ഞെങ്കിലും നടപ്പാക്കിയിട്ടില്ല. ഞങ്ങൾ പറയുമ്പോൾമാത്രം രണ്ടോമൂന്നോ കേന്ദ്രങ്ങൾ പുതുതായി തുടങ്ങുന്നതല്ലേ നിങ്ങളുടെ നയം; എന്ത് ബദൽ നയമാണ് നിങ്ങൾക്കുള്ളത്? നിങ്ങൾക്കിടയിൽ വന്നുകൊണ്ടിരിക്കുന്ന ശോഷണത്തെക്കുറിച്ച് നിങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് ഞങ്ങൾക്ക് ബോധ്യമാണ്. അതുകൊണ്ടാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ മുസ്ലിം ലീഗിനെ നിങ്ങളുടെ ശോഷണം പരിഹരിക്കാൻ കിട്ടുമോ എന്നുള്ളതിന് ഇടതുമുന്നണിയിലേയ്ക്ക് ക്ഷണിച്ചത്. അതിന് മറുപടി മുസ്ലിം ലീഗിന്റെ നേതാക്കൾ പറഞ്ഞിട്ടുണ്ട്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ലീഗിനെ ക്ഷണിച്ചത് അസ്സമയത്തുള്ള പ്രഖ്യാപനമായിപ്പോയെന്ന് സി.പി.ഐ. സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞപ്പോൾ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അത് തിരുത്തിയത് ഞങ്ങൾക്ക് ഏറെ സന്തോഷമുള്ള വാർത്തയായി. **പാർട്ടിയെയല്ല മുസ്ലിം ലീഗിന്റെ നിലപാടിനെയാണ് ക്ഷണിച്ചതെന്നാണ് അദ്ദേഹം പറഞ്ഞത്. ലീഗിന്റെ നിലപാട് മെച്ചമുള്ളതാണെന്ന് സി.പി.ഐ.(എം)** ഒരിക്കൽക്കൂടി പറഞ്ഞു. ഞങ്ങൾ ഈ രാജ്യത്തിന്റെ തിരുമാറിലെ തങ്കത്തിരുവാഭരണമാണ്, അതിന്റെ മേന്മ ബോദ്ധ്യപ്പെട്ട ഒരാളാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ എന്ന് ഞങ്ങൾക്കറിയാം. എങ്ങനെയായിരുന്നാലും ഞങ്ങൾ

അങ്ങോട്ടുവരുന്നില്ല; സിപി.ഐ.(എം)-നെ ഞങ്ങൾ ഇങ്ങോട്ട് ക്ഷണിക്കുകയാണ്, ഇന്നല്ലെങ്കിൽ നാളെ നിങ്ങൾക്ക് വരേണ്ടിവരും. തമിഴ്നാട്ടിൽ നമ്മൾ ഒന്നിച്ചാണല്ലോ; ഞങ്ങളുടെ സ്ഥാപകനേതാവ് ഖാഇദെ മില്ലത്തിന്റെ ചിത്രം വച്ചല്ലേ കഴിഞ്ഞപ്രാവശ്യം നിങ്ങളും വോട്ട് ചോദിച്ചത്; ത്രിപുരയിൽ സി.പി.ഐ.(എം) കോൺഗ്രസുമായി സീറ്റ് വിഭജന ചർച്ചയിലെത്തിയില്ലേ? പശ്ചിമ ബംഗാളിലെ സി.പി.ഐ.(എം)-ലെ ഒരു വിഭാഗത്തിന് ബി.ജെ.പി-ക്കൊപ്പവും മറ്റൊരു വിഭാഗത്തിന് കോൺഗ്രസിനൊപ്പവും പോകണം. നിങ്ങളുടെ കുറേ നേതാക്കൾ ഇപ്പോൾ ബി.ജെ.പി-യിലുള്ളതിനാൽ അവർക്കൊപ്പം പോകാനാണ് കൂടുതൽ താല്പര്യം. രണ്ടുമാസംമുമ്പ് സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ഉം ബി.ജെ.പി-യും കൂടി പശ്ചിമ ബംഗാളിൽ മുന്നണിയായി മത്സരിച്ചു. ഇനിയുള്ള പൊതുതെരഞ്ഞെടുപ്പ് വരുമ്പോൾ കോൺഗ്രസ് വേണോ ബി.ജെ.പി. വേണോ എന്നുള്ളതാണ് ചർച്ച. ത്രിപുരയിൽ നിങ്ങൾ സമ്മതിക്കാത്തതുകൊണ്ടായിരുന്നുവെന്നാണ് ലഭിച്ച റിപ്പോർട്ട്. ഇപ്പോൾ കണ്ണൊന്ന് ചിമ്മിയിട്ടുള്ളതിനാൽ സീറ്റുവിഭജന ചർച്ചയിലെത്തിയിട്ടുണ്ട്. കർണ്ണാടകയിൽ സി.പി.ഐ.(എം)-നെ മറികടന്നുകൊണ്ട് സി.പി.ഐ. മുന്നേറുകയാണ്. കർണ്ണാടകയിൽ

കോൺഗ്രസ് നേതൃത്വത്തോട് അടുത്ത തെരഞ്ഞെടുപ്പിലേയ്ക്ക് 6 സീറ്റ് ചോദിച്ചിട്ടുള്ളത് നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും; നിങ്ങൾ പിന്നാലെ പോകുമെന്ന് ഞങ്ങൾക്കറിയാം. ഒന്നുരണ്ട് തെരഞ്ഞെടുപ്പുകൂടി കേരളത്തിൽ കഴിയുമ്പോൾ നിങ്ങൾ 1977-ലെ അവസ്ഥയേക്കാൾ താഴേയ്ക്കുവരും. അപ്പോൾ നിങ്ങൾ സ്വാഭാവികമായും ഞങ്ങളുടെ മുന്നണിയിലേയ്ക്ക് വരുന്ന സാഹചര്യമുണ്ടാകുമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ശ്രീ. കാനം രാജേന്ദ്രൻ അമർഷം രേഖപ്പെടുത്തിയതിൽ വസ്തുതയുണ്ട്. ഇന്ത്യ കണ്ട ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് നേതാവ് സി. രാജേശ്വര റാവു 1983-ൽ രണ്ട് പാർട്ടിയും കൂടി ലയിക്കണമെന്ന പ്രഖ്യാപനം നടത്തി. സി.പി.ഐ. (എം)-ഉം സി.പി.ഐ-യും വർഷങ്ങളായി സഹകരിച്ചുപോകുകയാണ്. രണ്ടുപാർട്ടിയും കൂടി ലയിക്കണമെന്ന് പറഞ്ഞതിന് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഇപ്പോൾ ലയിക്കേണ്ട ആവശ്യമില്ല, നാം സഹകരിച്ച് മുന്നോട്ടുപോകുകയാണ് വേണ്ടതെന്നും ഇങ്ങനെ പോകുകയെന്നതാണ് ഞങ്ങളുടെ നയമെന്നും ഇപ്പോൾ ലയനം ഞങ്ങളുടെ അജണ്ടയിൽപ്പോലുമില്ലെന്നും വ്യക്തമാക്കുകയുണ്ടായി. സി. രാജേശ്വര റാവുവിനെപ്പോലെയുള്ള ഒരാൾ പറഞ്ഞിട്ട് അജണ്ടയിൽ ഒരു ഇനമായി പരിഗണിക്കാൻപ്പോലും കഴിയാത്ത മാർക്സിസ്റ്റ് പാർട്ടി, ഒരു

ചെറുപുഞ്ചിരിപോലും നിങ്ങൾക്ക് നൽകാത്ത ഞങ്ങളെക്കുറിച്ച് പലയാവർത്തി നിങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. 1985-ൽ പന്ത്രണ്ടാം കോൺഗ്രസിൽ ലീഗിനെയും കേരളാ കോൺഗ്രസിനെയും മുന്നണിയിലെടുക്കില്ലെന്ന് നിങ്ങൾ പ്രഖ്യാപിച്ചു. ഒന്നരവർഷം കഴിഞ്ഞപ്പോൾ കൊല്ലത്തുവച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഞങ്ങളെ പരസ്യമായി ക്ഷണിച്ചു. അപ്പോൾ ഇ. കെ. നായനാർ അത് സഖാവിന് പറ്റിയ നാക്കുപിഴയാണെന്ന് പറഞ്ഞ് തിരുത്തുകയുണ്ടായി. നിങ്ങളുടെ പ്രമേയം അവിടെ വരുന്നുണ്ട്, ഇടയ്ക്കിടയ്ക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നുണ്ട്. എങ്ങനെയായിരുന്നാലും ക്ഷണവും കാര്യങ്ങളും ഉൾക്കൊള്ളുന്നത് നിങ്ങളുടെ തകർച്ചയുടെ സൂചനയാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ശ്രീ. കുറുക്കോളി മൊയ്തീൻ സി.പി.ഐ., കമ്മ്യൂണിസ്റ്റ് ലയനം എന്ന വിഷയം മുന്നോട്ടുവച്ചുവെന്ന് പറയുകയുണ്ടായി. സി.പി.ഐ. പറഞ്ഞത് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ തത്വാധിഷ്ഠിതമായ പുനരേകീകരണം കാലഘട്ടത്തിന് ആവശ്യമാണെന്നാണ്. ലയനവും പുനരേകീകരണവും തമ്മിൽ വ്യത്യാസമുണ്ടെന്നത് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

ആധുനിക വികസിത കേരളത്തിന്റെ അല്ലെങ്കിൽ നവകേരളത്തിന്റെ നിർമ്മിതി വിഭാവനം ചെയ്യുന്നതാണ് ബഹുമാന്യനായ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനവും അതിനോടനുബന്ധിച്ച് നന്ദിരേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയവും. ഇന്റർനെറ്റ് അവകാശമായി ആദ്യമായി അംഗീകരിച്ച ഇന്ത്യയിലെ ഒരു സംസ്ഥാനമാണ് കേരളം. ആ അവകാശം എല്ലാവർക്കും പ്രാപ്യമാക്കാനാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് രാവിലെ സൂചിപ്പിക്കുകയുണ്ടായി. എല്ലാവർക്കും സൗജന്യമായോ കുറഞ്ഞ നിരക്കിലോ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. 3000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയിലാണ് ഇത് നിലവിൽ വന്നിട്ടുള്ളത്. 1611 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 90 ശതമാനത്തോളം ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഇത്തരം പദ്ധതികളും ക്ഷേമപദ്ധതികളുമുൾപ്പെടെ എല്ലാം നടപ്പിലാക്കുമ്പോഴും കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽനിന്നോ ക്ഷേമപദ്ധതികളിൽനിന്നോ ഗവൺമെന്റ് പുറകോട്ട് പോയിട്ടില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാത്രം 1450 കോടിയോളം രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ലൈഫ് മിഷൻ മുഖേന ഭവന

നിർമ്മാണത്തിനായി 3828 കോടി രൂപ ചെലവഴിച്ചു. നേരത്തെ ഇവിടെ കണക്കുകൾ രേഖപ്പെടുത്തിയതുപോലെ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. നവകേരള സൃഷ്ടിക്കായി ഏറെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണ് ഗവൺമെന്റ് കാര്യമായി എടുത്തിട്ടുള്ളത്, സമാധാനപൂർണ്ണമായ ജീവിതം. മുഴുവൻ ജനങ്ങളെയും കൈകോർത്ത് പിടിച്ചുകൊണ്ട് എല്ലാവരേയും പങ്കാളികളാക്കി മയക്കുമരുന്ന് എന്ന വെല്ലുവിളിയെ നേരിടാൻ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളൊന്നും തയ്യാറാകാത്തപ്പോൾ കേരളം തയ്യാറായി. ഇന്നത്തെ കേരളത്തെയല്ല നാളത്തെ കേരളത്തെക്കൂടി കണക്കാക്കിക്കൊണ്ടുള്ള ബൃഹത് പദ്ധതിയാണ് ഇതുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ ആവിഷ്കരിച്ചിട്ടുള്ളത്. കേരളം ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമായ സംസ്ഥാനമാണ്. ശാസ്ത്രപുരോഗതി വരുന്നു, എന്നാൽ അതിനനുസൃതമായി ബോധപൂർവ്വം ശാസ്ത്രബോധത്തെയും യുക്തിചിന്തയെയുമെല്ലാം ഇല്ലാതാക്കുന്ന നില സമീപകാലങ്ങളിൽ ഉയർന്നുവരുന്നുണ്ട്. ജാഗ്രതയോടെ സമൂഹം നിൽക്കണമെന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. സമൂഹത്തിൽ സമീപകാലത്തായി വീണ്ടും ഉയർന്നുവരുന്ന അന്ധവിശ്വാസം, അനാചാരം തുടങ്ങിയവയ്ക്കെതിരെ കേരളീയ സമൂഹമാകെ ഉണർന്നുപ്രവർത്തിക്കേണ്ട അവസ്ഥ

സംജാതമായിരിക്കുകയാണ്. തൊഴിൽ മേഖലയിലേയ്ക്ക് കടന്നുവരുന്ന യുവജനങ്ങളെ ലക്ഷ്യംവച്ച് ഡിജിറ്റലും സാങ്കേതികവുമായ പുരോഗതിയും ശാസ്ത്രബോധവും ഉൽപ്പാദനത്തിന്റെ പുതിയ തലങ്ങളിലേയ്ക്ക് എത്തിക്കാനുമുള്ള ശ്രമമാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതൊരു ബദലാണോയെന്ന് അപ്പുറത്തുനിന്ന് ചോദിച്ചു. ഇതൊരു ബദലാണ്. പൊതുമേഖലയെ സംരക്ഷിക്കുന്നുവെന്നത് ഇന്ത്യയിൽ വിഭിന്നമായൊരു സമീപനമല്ലേ? പൊതുമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള നിലപാടുകൾ തുടങ്ങിയത് യു.പി.എ. ഗവൺമെന്റിന്റെ കാലത്താണെന്നത് നാം മറക്കരുത്. ഇപ്പോൾ അതിവേഗതയിൽ ബി.ജെ.പി. ഗവൺമെന്റ് അത് നടപ്പിലാക്കുകയാണ്. തുടങ്ങുമ്പോൾ കോൺഗ്രസ് അതാലോചിച്ചോ എന്നറിയില്ല. പൊതുമേഖല സ്വകാര്യവൽക്കരിക്കുന്നുവെന്ന് പറഞ്ഞാൽ നൂറ്റാണ്ടുകളായി സാമൂഹ്യനീതിയുടെ ഭാഗമായി സമൂഹത്തിന് ലഭിക്കേണ്ട സംവരണം കേരളത്തിൽ ഇല്ലാതാകുന്നു. ഇന്ത്യയിലെ കോടിക്കണക്കിന് എസ്.സി./എസ്.ടി./ഒ.ബി.സി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളാണ് പൊതുമേഖലയുടെ സ്വകാര്യവൽക്കരണത്തിലൂടെ ഇല്ലാതായിപ്പോയത്. അതിനെന്തുപറയാനുണ്ട് നിങ്ങൾക്ക്? അത് ബി.ജെ.പി-യുടെ അജണ്ടയാണ്. നമ്മുടെ നാടിനെ അത്തരമൊരു

കാലഘട്ടത്തിലേയ്ക്ക് മാറ്റണമെന്ന് ആഗ്രഹിക്കുന്ന ബി.ജെ.പി-യെ ലക്ഷ്യംവച്ചുകൊണ്ടാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ കാലയളവിൽ അവർ ഉന്നയിച്ച ആ വിഷയം നടപ്പിലാക്കാൻ പൊതുമേഖല സ്വകാര്യവൽക്കരണത്തിലൂടെ ശ്രമിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം എത്രമാത്രം വിപുലമാണ്. എല്ലാവരും അതിൽ പങ്കാളിയായില്ലേ? ആ പ്രവർത്തനം ഇനിയും തുടരേണ്ടതുണ്ട്. ഗവൺമെന്റ് സ്കൂളുകൾ ഇനിയും മെച്ചപ്പെടുത്തുന്നതിന് പശ്ചാത്തലസൗകര്യം ഒരുക്കേണ്ടതുണ്ട്. അതിന് പ്രത്യേക പദ്ധതി തയ്യാറാക്കണം. പൊതുജനാരോഗ്യമേഖലയിലും സൗജന്യചികിത്സയുടെ കാര്യത്തിലും നിരവധി മാറ്റങ്ങൾ വരുത്തി. കോവിഡ് കാലയളവിൽ ലോകത്തിനുതന്നെ മാതൃകയായി കേരളത്തിലെ ആരോഗ്യമേഖല പ്രവർത്തിച്ചത് ബദലല്ലേ? ആരോഗ്യമേഖലയിൽ മാത്രമല്ല ഭക്ഷണം കിട്ടാതെ ഒരു വീടും ഒരു പൗരനും പ്രയാസപ്പെടരുതെന്ന നിലയിൽ ഗവൺമെന്റ് എല്ലാവീടുകളിലും ഭക്ഷണമെത്തിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ തോതിൽ സാമൂഹ്യ അടുക്കളകൾ ആരംഭിച്ചു. അതൊരു ബദലല്ലേ? എന്താണ് ബദലെന്ന് പ്രതിപക്ഷം ചോദിക്കുമ്പോൾ അതാണ് കാണേണ്ടത്. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് പെൻഷൻ നൽകുന്നത്

നിങ്ങൾക്ക് സവിശേഷതയായി തോന്നണമെന്നില്ല. കാരണം, പലപ്പോഴും പെൻഷൻ കുടിശ്ശിക വരുത്തിയവരാണ് യു.ഡി.എഫ്. സർക്കാർ. പെൻഷൻ പാവപ്പെട്ടവരുടെ കയ്യിൽ എത്തിച്ച് കൊടുക്കുകയല്ലേ ഈ സർക്കാർ ചെയ്തത്, അതൊരു ബദലല്ലേ? ഇത്തരത്തിൽ നീണ്ട പട്ടികതന്നെ അവതരിപ്പിക്കാൻ കഴിയും. അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്താനുള്ള ശ്രമം നടത്തിയതിന്റെ ഫലമായി 64006 പേരെ ആ ഇനത്തിൽ കണ്ടെത്തി. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചികയിലേയ്ക്കുള്ള അടിസ്ഥാനതല റിപ്പോർട്ടിൽ ഇതിനെ അഭിനന്ദിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ജനുവരി 15 വരെ 322922 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. വീടില്ലാത്തവർ കേരളത്തിലുണ്ടാകരുതെന്ന ലക്ഷ്യത്തിലേയ്ക്ക് എത്തേണ്ടതുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ചെറിയ വ്യാവസായിക യൂണിറ്റുകൾ ആരംഭിച്ച് നിക്ഷേപക അന്തരീക്ഷം മെച്ചപ്പെടുത്തുന്ന പദ്ധതികൾ ലക്ഷ്യംവച്ചതിനേക്കാളും ഏറെ മുന്നോട്ടുപോയി. അതിന്റെ വിശദാംശങ്ങൾ നേരത്തെ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. പ്രധാനമന്ത്രി വിളിച്ചുചേർത്ത ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ കേരളത്തിലെ ഈ നടപടിയെ അഭിനന്ദിക്കുന്ന സാഹചര്യമുണ്ടായി. ഇന്ത്യ

ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ സമയത്തും നിശ്ചയദാർഢ്യത്തോടെ കേരള ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ഭരണഘടനയെ അട്ടിമറിക്കാനുള്ള പരിശ്രമം ചിലഭാഗത്തുനിന്നും നടത്തുന്നു. പുസ്തക ഷെൽഫിന് ചിതൽ പിടിച്ചതുപോലെ പാർലമെന്റിനെ നോക്കുകുത്തിയാക്കി, ജനാധിപത്യ അവകാശങ്ങളെ ധ്വംസിച്ചുകൊണ്ട്, ഭരണഘടനയിൽ പറയുന്ന അവകാശങ്ങളെല്ലാം ഒന്നൊന്നായി കവർന്നെടുക്കുകയാണ്. ജുഡീഷ്യറിയെക്കൂടി സ്വാധീനിച്ചുകൊണ്ടുള്ള പ്രവർത്തനത്തിലേയ്ക്ക് പോകുന്നു. ജുഡീഷ്യറിയിൽ കൊളീജിയത്തിന്റെ നിർദ്ദേശങ്ങളെ സ്വീകരിക്കാതെ 'മൂന്ന് ഞങ്ങൾ, മൂന്ന് നിങ്ങൾ' എന്ന നിലയ്ക്കുള്ള നിർദ്ദേശങ്ങൾ സുപ്രീംകോടതിയോട് പറയുന്ന നിലയിലെത്തിയിരിക്കുകയാണ്. എന്നുപറഞ്ഞാൽ, ഭരണഘടന പാർലമെന്റിൽപ്പോലും ചർച്ച ചെയ്താൽ അത് അവസാനിപ്പിക്കുന്ന നിലയിലേയ്ക്ക്, ഇന്ത്യൻ ജുഡീഷ്യറിയിൽ തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കാനുള്ള നിലപാട് അവർ സ്വീകരിക്കുമ്പോൾ നമ്മുടെ രാജ്യം എത്രമാത്രം പുറകിലോട്ടാണ് പോകുന്നത്. അതിനെ തടയാനുള്ള രാഷ്ട്രീയ സമീപനം രാജ്യത്ത് ഉയർന്നുവരേണ്ടതുണ്ടെന്നാണ് അത് കാണിക്കുന്നത്. അതോടൊപ്പമാണ് ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന ഗവൺമെന്റിനോട് സ്വീകരിക്കുന്ന സമീപനങ്ങൾ. സഹകരണ

മേഖലയിലേയ്ക്ക് റിസർവ് ബാങ്കിന്റെ കരാളഹസ്തങ്ങൾ കടന്നുവരികയും അതിലിടപെടാൻ തീരുമാനിക്കുന്ന രീതിയിലേയ്ക്ക് നീങ്ങുകയുമാണ്. ഫാസിസ്റ്റ് ഭരണസംവിധാനത്തിൽ ഒരു ജനാധിപത്യ വ്യവസ്ഥയെ എങ്ങനെ തകർക്കാൻ കഴിയുമെന്ന ശ്രമം നടത്തിക്കൊണ്ട് കേന്ദ്രം മുന്നോട്ടുപോകുമ്പോൾ അതിനെതിരെ രാജ്യത്തെ ജനങ്ങളെ അണിനിരത്തി മുന്നോട്ടുപോകണമെന്ന കാഴ്ചപ്പാടുള്ള ഗവൺമെന്റാണിത്. അതൊരു ബദലാണ്. അതാണ് നയപ്രഖ്യാപനത്തിലും പ്രഖ്യാപിച്ചിട്ടുള്ളത്. അതൊരു രാഷ്ട്രീയ പ്രശ്നമെന്ന് പറഞ്ഞാൽ കക്ഷി രാഷ്ട്രീയമല്ല. ഇന്ത്യയിലെ രാഷ്ട്രസംബന്ധിയായ പ്രശ്നത്തെ കാണുന്നൊരു ഗവൺമെന്റാണ് കേരളത്തിലേതെന്ന് തെളിയിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെകൂടെ എടുത്തുപറയേണ്ടതാണ് 'വിദ്യാകിരണം പദ്ധതി'. ബദലുകളുമായി ബന്ധപ്പെടുത്തി പറയേണ്ടതിനൊപ്പം ചേർക്കേണ്ടതാണ് പട്ടയത്തിന്റെ പ്രശ്നം. അൻപത്തി അയ്യായിരത്തിനോടടുത്ത് പട്ടയം നൂറുദിന പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും അല്ലെങ്കിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളും അധികാരത്തിൽ വരുന്നത് ഭൂമിക്കുവേണ്ടിയുള്ള സമരത്തിന്റെ തുടർച്ചയായാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടേ

ഗവൺമെന്റ് മുന്നോട്ടുപോകു എന്ന നിലയിൽ ആദ്യ നൂറുദിനം പ്രവർത്തിച്ചു. വരാൻ പോകുന്ന നൂറുദിനത്തിലും ആ ലക്ഷ്യവുമായാണ് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി 40000 പേർക്കുകൂടി 'പട്ടയം മിഷൻ' എന്ന ദൗത്യത്തിലൂടെ പട്ടയം നൽകാനുള്ള സംവിധാനങ്ങളും ഇപ്പോൾ ഒരുക്കിയിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങളെല്ലാം നടത്തി മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷത്തിന് അത് ബദലായി തോന്നുന്നില്ലേ? സംസ്ഥാനം അഭിമുഖീകരിക്കുന്ന വലിയ വെല്ലുവിളിയാണ് മാലിന്യ നിർമ്മാർജ്ജനം. അതിന് ബൃഹത്തായ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. പക്ഷേ, മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യംവരുമ്പോൾ എല്ലാ പ്രദേശങ്ങളിലും ജനങ്ങൾ സമരം ചെയ്യുകയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബീമാപള്ളിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. എല്ലാ പാർട്ടികളുടെയും പ്രതിനിധികൾ അവിടെ വന്നിരുന്നു. ജനനിബിഡമായ പ്രദേശത്ത് സ്ഥാപിച്ച സംസ്കരണ പ്ലാന്റ് ഒരു പ്രയാസവുമില്ലാതെ നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം പ്ലാന്റ് ഇതര മേഖലകളിലും സ്ഥാപിക്കാൻ സാധിക്കുന്നതാണ്. പ്ലാന്റിനെതിരെ സമരം നടത്തുന്നതിന്റെ പിന്നിൽ മാലിന്യം കടത്തുന്നവരുടെ സ്വാധീനവുമുണ്ട്.

സംസ്ഥാനത്ത് ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുമാണ്. പ്രകൃതിയുടെ ശക്തിസ്രോതസ്സുകളായ നദികളും പുഴകളും ശുദ്ധീകരിക്കുന്നതിന് ബൃഹത് പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത്തരം പദ്ധതികൾക്കായി 2343.81 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് ദേശീയ ഹരിത ട്രിബ്യൂണലിനെ അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ പദ്ധതി വേഗത്തിൽ നടപ്പാക്കാനുള്ള സംവിധാനമൊരുക്കിയാൽ നമ്മുടെ പുഴകളെയും നദികളെയും സംരക്ഷിക്കാൻ സാധിക്കുമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഡോ. മാത്യു കുഴൽനാടൻ: സർ, നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നയപ്രഖ്യാപനമെന്നത് ഒരു സർക്കാരിന്റെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക കാഴ്ചപ്പാടുകളുടെ ദിശാബോധം കാണിക്കുന്ന ഡോക്യുമെന്റായാണ് കാണുന്നത്. സർക്കാരിന് എല്ലായ്പ്പോഴും രാഷ്ട്രീയം പറഞ്ഞുകൊണ്ടിരിക്കാൻ സാധിക്കില്ല. പക്ഷേ, ഒരു നയപ്രഖ്യാപനത്തിലൂടെ അവരുടെ രാഷ്ട്രീയമെന്താണെന്ന് പറയാൻ മടികാണിക്കാറുമില്ല. ഇന്നത്തെ പല പ്രസംഗങ്ങളും ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ബി.ജെ.പി. വിരുദ്ധത

അല്ലെങ്കിൽ സംഘ്പരിവാർ/ആർ.എസ്.എസ്. വിരുദ്ധത, മോദി വിരുദ്ധത എന്നിവയെക്കുറിച്ച് പുട്ടിന് തേങ്ങയിടുന്നതുപോലെ 24 മണിക്കൂറും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അപ്പുറത്തിരിക്കുന്ന എല്ലാവരും അതിന്റെ മൊത്തകച്ചവടക്കാരെപ്പോലെയാണ് സംസാരിക്കാറുള്ളത്. അതിനുശേഷം മോദി സർക്കാരിനെ എതിർക്കുന്നതിൽ കോൺഗ്രസിന് ശക്തി പോരായെന്ന് പറഞ്ഞ് യു.ഡി.എഫ്.-നെ ആക്ഷേപിക്കും. അതാണ് നിങ്ങൾ പറയുന്ന രാഷ്ട്രീയം. കഴിഞ്ഞ ദിവസം മേശപ്പുറത്തുവച്ച ഡോക്യുമെന്റ് പരിശോധിച്ചാൽ ശ്രീ. നരേന്ദ്ര മോദിയെ എതിർക്കുന്ന കാര്യത്തിൽ സർക്കാരിന് എത്രമാത്രം കരുത്തും ശക്തിയും ആർജ്ജവവുമുണ്ടെന്ന് വ്യക്തമാകും. നരേന്ദ്ര മോദി ഗവൺമെന്റിന്റെ നയങ്ങളേയോ നടപടിയേയോ രാഷ്ട്രീയത്തേയോ എതിർക്കുന്ന ആത്മാർത്ഥതയുള്ള ഒരു വരിയെങ്കിലും ഇതിൽ കാണിച്ചുതരാൻ സാധിക്കുമോ? (നയപ്രഖ്യാപനത്തിന്റെ പകർപ്പ് ഉയർത്തി കാണിച്ചു). പക്ഷേ, അതിൽ പലതും പറഞ്ഞിട്ടുണ്ട്. ഞങ്ങൾ കണ്ടിട്ടില്ലാത്ത നേതാക്കളോ മുന്നണിയോ പാർട്ടിയോ അല്ലല്ലോ ഇവിടെ ഇരിക്കുന്നത്; ഇതിനുമുമ്പും രാഷ്ട്രീയം പറഞ്ഞിട്ടുണ്ട്. ആ പറയുന്ന രാഷ്ട്രീയത്തിന്റെ സ്വരം, കാഠിന്യം, ധിക്കാരം, ധാർഷ്ട്യം എന്നിവ കേരളം കണ്ടിട്ടുള്ളതുമാണ്. എന്നാൽ ശ്രീ. നരേന്ദ്ര മോദിക്കെതിരായി പറഞ്ഞപ്പോൾ

ഇതൊന്നും അതിൽ കണ്ടില്ല. എത്ര മൃദുവായ ഭാഷയും വിനീതമായ സബ്മിഷനുമാണിത്. ഇതിൽ പറഞ്ഞ ഓരോ കാര്യവും നിങ്ങൾ പരിശോധിക്കണം. ഇതിലെ ഒരു ഖണ്ഡിക ഞാൻ വായിക്കാം, തൊഴിലാളിവർഗ്ഗ പാർട്ടിയെന്ന് പറയുന്നത്, ഇതിലെ ഒരു വാക്യം വായിക്കുമ്പോൾ മനസ്സിലാകും. പിന്നോക്കക്കാരെയും ന്യൂനപക്ഷക്കാരെയും ബാധിക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കി. അതിനെക്കുറിച്ച് ഈ സർക്കാരിന്റെ നയത്തിൽ പറഞ്ഞിരിക്കുന്ന ഒരു വാചകം ഞാൻ വായിക്കാം. '1 മുതൽ 8 വരെ ക്ലാസ്സുകളിലെ പിന്നോക്ക വിഭാഗത്തിലെയും ന്യൂനപക്ഷത്തിലെയും വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ നിർത്തലാക്കിയ കേന്ദ്ര സർക്കാരിന്റെ സമീപകാല തീരുമാനം എന്റെ സർക്കാർ അറിയുന്നു. ഈ തീരുമാനം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കുറഞ്ഞ പ്രവേശനത്തിനും ഉയർന്ന കൊഴിഞ്ഞുപോക്കിനും പ്രേരകമായേക്കാമെന്ന് എന്റെ സർക്കാർ ആശങ്കപ്പെടുന്നു.' നിങ്ങൾക്ക് ആശങ്കയാണുള്ളത്, അല്ലാതെ അത് ഉറപ്പിച്ചുപറയാനുള്ള ആർജ്ജവമില്ല. പ്രീ-മെട്രിക് സ്കോളർഷിപ്പ് നിർത്തലാക്കാൻ പാടില്ലെന്ന് ഉറപ്പിച്ച് പറയാൻ സാധിക്കണം. പിന്നോക്കക്കാരുടെയും സാധാരണക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും

അവകാശമാണത്. ആ തീരുമാനത്തെ ഞങ്ങൾ എതിർക്കുമെന്ന് പറയണം. അല്ലെങ്കിൽ ഒരു പടികൂടി കടന്ന്, കേന്ദ്ര സർക്കാർ നിർത്തലാക്കിയാൽ അത് നൽകാനുള്ള ആർജ്ജവം എന്റെ സർക്കാരിനുണ്ടെന്ന് പറഞ്ഞിരുന്നെങ്കിൽ അത് ശ്രീ. നരേന്ദ്ര മോദിയോടുള്ള വെല്ലുവിളിയാകുമായിരുന്നു. അതിനുള്ള കരുത്തും ശക്തിയും തന്റേടവും സർക്കാരിനില്ല. ഗവർണറെക്കൊണ്ട് എല്ലാം വായിപ്പിച്ചുവെന്നും അങ്ങനെ വായിപ്പിച്ചത് വലിയ മിടുക്കായി എന്നും നിങ്ങൾ ഇവിടെ പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം ഗവർണർ ഏതാനും ഭാഗം വായിക്കാതെ വിട്ടുപോയത് ഞാനും നിങ്ങളും കണ്ടുകൊണ്ടിരുന്നതല്ലേ; ആനയിച്ചുകൊണ്ടുവന്ന ഗവർണറെ ആനയിച്ച് തിരിച്ചിറക്കിവിടുന്ന കാഴ്ച നമ്മൾ കണ്ടില്ലേ? തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ നയപ്രഖ്യാപനം സംബന്ധിച്ച ഡോക്യുമെന്റ് ഗവർണർക്ക് നൽകി. ബി.ജെ.പി. പ്രതിനിധിയായ ശ്രീ. ആർ. എൻ. രവിയാണ് തമിഴ്നാട് ഗവർണർ. അദ്ദേഹം നയപ്രഖ്യാപനം വായിക്കാൻ വിസമ്മതിച്ചു. അതിനോട് ശ്രീ. എം. കെ. സ്റ്റാലിൻ പ്രതികരിച്ചത് എങ്ങനെയാണെന്ന് കണ്ടില്ലേ? പ്രസംഗം അവസാനിച്ച ഉടൻതന്നെ അദ്ദേഹം എന്റെ സർക്കാർ എഴുതിയ മുഴുവൻ കാര്യങ്ങളും ഈ നിയമസഭയുടെ മേശപ്പുറത്ത് വച്ചതാണെങ്കിൽ അത് റെക്കോർഡിന്റെ ഭാഗമാണെന്ന പ്രമേയം പാസ്സാക്കണമെന്ന് പറയുകയും

അതിനുവേണ്ടി പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ദേശീയഗാനം ആലപിക്കുന്നതിനുപോലും കാത്തുനിൽക്കാതെ ഗവർണർ സഭ വിട്ട് ഇറങ്ങിപ്പോകുന്ന കാഴ്ച നമ്മൾ കണ്ടതാണ്. അതാണ് തന്റേടം, കരുത്ത്, രാഷ്ട്രീയ ഇച്ഛാശക്തി. നാഴികയ്ക്ക് നാല്പതുവട്ടം വായ കൊണ്ടുമാത്രം സംസാരിച്ചാൽ പോരാ, രാഷ്ട്രീയ ഇച്ഛാശക്തികൂടി വേണം. ഇന്ദ്രനെയും ചന്ദ്രനെയും ഭയമില്ലെന്ന് പറയുന്ന നിങ്ങൾ എന്തിനാണ് ശ്രീ. നരേന്ദ്ര മോദിയെ ഭയക്കുന്നത്; ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിൽ വന്ന ഒരു സർക്കാരിന് അവരുടെ നയം പറയാൻ എന്തിനാണിത്ര ഭയം; നിങ്ങൾ ശ്രീ. നരേന്ദ്ര മോദിയെ എതിർക്കുകയല്ല, മറിച്ച് അദ്ദേഹത്തോടൊപ്പം സഞ്ചരിക്കാൻ ആഗ്രഹിക്കുകയാണ്. സ്വാതന്ത്ര്യാനന്തര ഭാരതം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ യാത്രയായിരുന്നു കഴിഞ്ഞ ദിവസം കാശ്മീരിൽ അവസാനിച്ചത്. ശ്രീ. രാഹുൽ ഗാന്ധിയെയും കോൺഗ്രസ്സിന്റെ നയങ്ങളെയും എതിർത്തിട്ടുള്ള എത്രയോ മതേതര വിശ്വാസികളും മതേതര പാർട്ടിയുടെ നേതാക്കളും അതിൽ പങ്കെടുത്തു. ശ്രീ. നരേന്ദ്ര മോദിയോട് വിട്ടുവീഴ്ച ചെയ്യാത്ത അഭിമാനത്തോടുകൂടി മതേതര രാഷ്ട്രീയത്തിനുവേണ്ടി നിലകൊണ്ട തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിനാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ കയ്യിൽ പതാക ഏൽപ്പിച്ചത്. ആ പതാകയുമായി അദ്ദേഹം

നടന്നുകയറിയത് 4080 കിലോമീറ്ററാണ്. 135 ദിനങ്ങളിലായി 12 സംസ്ഥാനങ്ങളും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളും പിന്നിട്ട് രാജ്യത്തെ കോടാനുകോടി ജനങ്ങളുടെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി മതേതര വിശ്വാസികളുടെ പ്രതീക്ഷയായി കാശ്മീരിലെ ലാൽചൗക്കിൽ പതാക ഉയർത്തുമ്പോൾ ഞങ്ങൾ അവിടെയുണ്ടായിരുന്നു. രാജ്യം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ മഞ്ഞുവീഴ്ചയിൽ പതറാതെ ഇന്ത്യയുടെ പതാക ഉയരങ്ങളിലേയ്ക്ക് ഉയർത്തിയപ്പോൾ ഈ രാജ്യത്തിന്റെ അഭിമാനവും പ്രതീക്ഷയുമാണ് ഉയർന്നത്. നിങ്ങൾ ആക്ഷേപിച്ചതും ഇകഴ്ത്തിയതും ആ മനുഷ്യനെയാണ്. ആ ജാഥയെയാണ് രാഷ്ട്രീയപരമായി കേരളത്തിൽ ആക്രമിക്കാൻ ശ്രമിച്ചത്. ശ്രീ. രാഹുൽ ഗാന്ധിയെയും ഭാരത് ജോഡോ യാത്രയെയും ആർക്കുവേണ്ടിയാണ് നിങ്ങൾ ഇകഴ്ത്തിപ്പറഞ്ഞത്? ഈ രാജ്യത്ത് അതിന്റെ ഒരേയൊരു ഗുണഭോക്താവ് ശ്രീ. നരേന്ദ്ര മോദിയാണ്. ഞാൻ വീണ്ടും ഭയപ്പെടുകയാണ്. ശ്രീ. നരേന്ദ്ര മോദിയുടെയും സംഘ്പരിവാറിന്റെയും രാഷ്ട്രീയം എന്തായിരുന്നു? കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ അവർക്ക് ഒരു രാഷ്ട്രീയ സമവാക്യമുണ്ട്. ഡൽഹിയിൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയത് എങ്ങനെയാണ്? കോൺഗ്രസ്സിനെ നേരിട്ട് എതിർത്തുതോൽപ്പിക്കാൻ സാധിക്കാതെ വരുമ്പോൾ അവർ

സ്പോൺസർ ചെയ്യുന്ന മൂന്നാമതൊരു പാർട്ടിവരും. ശ്രീ. അരവിന്ദ് കെജ്രിവാളിന്റെ പാർട്ടിയായ ആം ആദ്മി പാർട്ടിക്ക് മുഴുവൻ പിന്തുണയും നൽകിയത് സംഘ്പരിവാറായിരുന്നു. അണ്ണാ ഹസാരെ സമരം നയിക്കുമ്പോൾ സാധാരണഗതിയിൽ ജനം ഓടിയിളകി വന്നതല്ല. സംഘ്പരിവാർ അയച്ച ജനമാണ് അവിടെ വന്നത്. അതാണ് പിന്നീട് ഒരു പ്രസ്ഥാനമായി മാറിയത്. അതിൽനിന്നാണ് ശ്രീ. അരവിന്ദ് കെജ്രിവാൾ എന്ന നേതാവും സർക്കാരുമുണ്ടായത്. പിന്നീട് ശ്രീ. അരവിന്ദ് കെജ്രിവാളിന്റെ സ്വരം നമ്മൾ കേട്ടിട്ടുണ്ട്. സി.പി.ഐ.(എം) മൃദു ഹിന്ദുത്വം എന്നുപറഞ്ഞ് കോൺഗ്രസ്സിനെ ആക്ഷേപിക്കുന്നു. ശ്രീ. അരവിന്ദ് കെജ്രിവാൾ ഈ രാജ്യത്തെ കറൻസി നോട്ടുകളിൽ ഹിന്ദു ദൈവങ്ങളുടെ പടം അച്ചടിക്കണമെന്ന് പറഞ്ഞപ്പോൾ അങ്ങ് ശബ്ദിച്ചില്ല. അങ്ങയുടെ പ്രസ്താവനയോ പ്രതിഷേധമോ ഉണ്ടായില്ല. മൃദു ഹിന്ദുത്വമെന്നോ തീവ്ര ഹിന്ദുത്വമെന്നോ നിങ്ങൾ പറഞ്ഞില്ല. ശ്രീ. അരവിന്ദ് കെജ്രിവാൾ സംഘ്പരിവാറിന്റെ സൃഷ്ടിയായിരുന്നു. അതുപോലെ കേരളത്തിലും അടുത്ത തെരഞ്ഞെടുപ്പിനുമുമ്പായി സംഘ്പരിവാർ സ്പോൺസർ ചെയ്യുന്ന മൂന്നാമതൊരു പാർട്ടിക്ക് ജന്മം കൊടുക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെന്ന് ഞാൻ ഭയപ്പെടുകയാണ്. അതാണ് രാഷ്ട്രീയം.

അതിന് മറുഭാഗമായി നിങ്ങൾ എന്തുചെയ്യും; അതിന് മറുഭാഗമായി നിങ്ങളുടെ വാഗ്ദാനം എന്താണ്? നിങ്ങളുടെ രാഷ്ട്രീയം ഞങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കും. ശ്രീ. നരേന്ദ്ര മോദിക്കുവേണ്ടി എൻ.ഡി.എ. മുന്നണിയും യു.പി.എ. മുന്നണിയുമല്ലാതെ മൂന്നാമതൊരു മുന്നണിയുണ്ടാകണമെന്ന് ശ്രീ. നരേന്ദ്ര മോദിയും ആഗ്രഹിക്കുന്നുണ്ട്. ഒരുപാട് തിരക്കുകൾക്കിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനുവരി മാസം 17-ാം തീയതി ഹൈദരാബാദിലേയ്ക്ക് പോയത് എന്തിനുവേണ്ടിയായിരുന്നു? ഈ രാജ്യത്ത് മൂന്നാം മുന്നണിക്ക് സാധ്യതയുണ്ടോയെന്ന് പരിശോധിക്കാൻ വേണ്ടിയായിരുന്നു ഹൈദരാബാദിലേയ്ക്ക് പോയത്. ഈ രാജ്യത്തെ മതേതരത്വം പിച്ചിച്ചീന്തപ്പെടുമ്പോൾ ഒരു മനുഷ്യൻ മഞ്ഞും മഴയും വകവയ്ക്കാതെ ഈ രാജ്യത്തിന് നെടുകയും കുറുകയും നടന്ന് മതേതരത്വം ഊട്ടിയുറപ്പിക്കാനും രാജ്യത്തിന്റെ മതേതരത്വം വീണ്ടെടുക്കാനും ശ്രമിക്കുമ്പോൾ മൂന്നാം മുന്നണിക്കുവേണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഹൈദരാബാദിൽ പോയിട്ടുണ്ടെങ്കിൽ മറ്റാർക്കും വേണ്ടിയല്ല, അത് ശ്രീ. നരേന്ദ്ര മോദിക്കുവേണ്ടിയാണ്. തെരഞ്ഞെടുപ്പിൽ ജയമോ പരാജയമോ ഉണ്ടാകാം. നിങ്ങൾ ജയിച്ചുവെന്നും ഞങ്ങൾ പരാജയപ്പെട്ടുവെന്നും വരാം. പക്ഷേ, ഞങ്ങളുടെ പരിശ്രമം ആത്മാർത്ഥമാണെന്ന് ഞങ്ങൾ

അഭിമാനത്തോടുകൂടി പറയും. കോൺഗ്രസ്സിന് ആത്മാർത്ഥതയില്ലെന്ന് നിങ്ങൾ ഇനിയും പറയരുത്. ശ്രീ. നരേന്ദ്ര മോദിയോട് പോരാടാനും അദ്ദേഹത്തെ വെല്ലുവിളിക്കാനും പ്രതിരോധിക്കാനും ശ്രീ. രാഹുൽ ഗാന്ധിക്ക് ആത്മാർത്ഥതയില്ലെന്ന് ഇനിയെങ്കിലും നിങ്ങൾ പറയരുത്. ഭാരത് ജോഡോ യാത്ര എന്നത് ഒരുപക്ഷേ ലോകം ശ്രദ്ധിച്ച, ലോകം കണ്ട വലിയ രാഷ്ട്രീയ പ്രഖ്യാപനങ്ങളിലൊന്നായിരുന്നു. അതിന് ഫലം കാണാതെ പോകില്ല. നിങ്ങൾ എങ്ങനെ എതിർത്താലും ഇന്നും നിങ്ങളുടെ ഹൃദയത്തിൽനിന്നും പോയിട്ടില്ലാത്ത, ഇന്നും നിങ്ങളുടെ മസ്തിഷ്കത്തിൽനിന്നും മാഞ്ഞിട്ടില്ലാത്ത നിങ്ങളുടെ മുൻതലമുറക്കാരനായ നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ 'ഏത് ചെകുത്താനെ കൂട്ടുപിടിച്ചും കോൺഗ്രസ്സിനെ പരാജയപ്പെടുത്തണം' എന്ന വാക്കുകളാണ് നിങ്ങളെ ഭരിക്കുന്നത്. നിങ്ങൾക്ക് ശ്രീ. നരേന്ദ്ര മോദിയെ എതിർക്കുന്നതിൽ ആത്മാർത്ഥതയില്ല. മഞ്ഞ് വാരിക്കോരിപ്പെയ്യുന്ന കാശ്മീരിന്റെ മണ്ണിൽ ശ്രീ. ഡി. രാജ എന്ന വന്ധ്യവയോധികനായ സി.പി.ഐ. നേതാവ് വന്നിരുന്നു. ഞങ്ങൾ അഭിമാനത്തോടുകൂടി സല്യൂട്ട് ചെയ്യും. പറയുന്ന കാര്യങ്ങളിൽ കുറച്ച് ആത്മാർത്ഥതയും സത്യസന്ധതയുമുണ്ടാകണം, ഹൃദയംകൊണ്ട് സംസാരിക്കാൻ കഴിയണം. എന്നും മസ്തിഷ്കംകൊണ്ടുമാത്രം രാഷ്ട്രീയ

പ്രവർത്തനം നടത്തരുത്. എൽ.ഡി.എഫ്. രണ്ടാം വട്ടമാണ് കേരളത്തിൽ തെരഞ്ഞെടുപ്പിൽ ജയിക്കുന്നത്. പക്ഷേ, കോൺഗ്രസ് ഇതുകൊണ്ട് അസ്തമിക്കുമെന്ന് നിങ്ങൾ കരുതണ്ട. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അങ്ങയുടെ നിലപാട് വ്യക്തമാക്കിയപ്പോൾ അങ്ങേയ്ക്കുള്ള കരുത്തും ശേഷിയും ആർജ്ജവവും ഉപയോഗിച്ച് നരേന്ദ്ര മോദി ഗവൺമെന്റിനെ എതിർക്കാൻവേണ്ടി പരിശ്രമിച്ചിട്ടുണ്ടെന്ന് അങ്ങേയ്ക്ക് ആത്മാർത്ഥമായി പറയാൻ കഴിയുമോ; ഇല്ല. നിങ്ങൾ ആരെയാണ് ഭയപ്പെടുന്നത്; നിങ്ങൾ എന്തിനെയാണ് ഭയപ്പെടുന്നത്? ജീവിതമൊന്നേയുള്ളൂ, ഒരു ജീവിതമേ ജീവിച്ചു തീർക്കാൻ കഴിയൂ. അത് ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടതാണ്. ഈ ലോകത്ത് പദവികളിലും സ്ഥാനങ്ങളിലുമൊന്നും എത്തിപ്പെടാതെ ധാരാളം ജീവിതങ്ങൾ അസ്തമിച്ചുപോയിട്ടുണ്ട്. പക്ഷേ, അവരുടെ രാഷ്ട്രീയ നിലപാടുകൾ ലോകം പിന്നീട് സല്യൂട്ട് ചെയ്തിട്ടുമുണ്ട്. എല്ലാവരും അധികാരത്തിലിരുന്നുകൊണ്ടുമാത്രമല്ല ചരിത്രത്തിലിടം പിടിച്ചിട്ടുള്ളത്. ചെയർ അല്പസമയം അനുവദിക്കുമെങ്കിൽ ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

<u>മി. സ്പീക്കർ</u>: സമയം അനുവദിക്കുന്നില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, നിങ്ങൾ പറയുന്നത് തൊഴിലാളിവർഗ്ഗ പാർട്ടിയെന്നാണ്. നിങ്ങളുടെ അടിസ്ഥാനമെന്നത് തൊഴിലാളിവർഗ്ഗ സിദ്ധാന്തമാണെന്നാണ് ഈ നയപ്രഖ്യാപനത്തിൽ പറയുന്നത്. ഈ നയപ്രഖ്യാപനത്തിൽ നിങ്ങൾ വിസ്മരിച്ചത് ആ വിഭാഗത്തെയാണ്. ഞാൻ ഇത് പലയാവർത്തി വായിച്ചു.

മി. സ്പീക്കർ: യെസ്... യെസ്... ഡോ. മാത്യു കുഴൽനാടൻ പ്ലീസ് കൺക്ലൂഡ്.

ഡോ. മാത്യു കുഴൽനാടൻ: സർ, തൊഴിലാളി വർഗ്ഗത്തിനുവേണ്ടിയുള്ള നയം ഇതിൽ എവിടെയാണെന്ന് നിങ്ങളുടെ സഖാക്കളോടും പാർട്ടി അണികളോടും പറയാൻ തയ്യാറാകണം. അങ്ങ് ഇത് ഒന്നുകൂടി വായിക്കണം. കാരണം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയങ്ങളും പരിപാടികളും രാഷ്ട്രീയവും അജഗജാന്തര വ്യത്യാസമാണ്. ഒരു വാചകം പറഞ്ഞ് കൺക്ലൂഡ് ചെയ്തുകൊള്ളട്ടെ, പ്ലീസ്. (.....മൈക്ക് ഓഫ്.....)

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. ഡോ. മാത്യു കുഴൽനാടൻ യഥാർത്ഥത്തിൽ ഇവിടെ നടത്തിയിട്ടുള്ള പ്രസംഗം നന്ദിപ്രമേയവുമായി ബന്ധപ്പെട്ടതാണോയെന്ന് അറിഞ്ഞുകൂടാ, പക്ഷേ, അത് നന്നായി. കാരണം

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ച് അവർക്കൊരു സംശയമുണ്ട്. ബി.ജെ.പി.-ക്കെതിരായ പോരാട്ടത്തിന് ഇന്ത്യയിൽ നേതൃത്വം നൽകുന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അതിനെ നയിക്കുന്ന നേതാക്കളിൽ ഒരാൾതന്നെയാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ശ്രീ. നരേന്ദ്ര മോദിയെ തൊട്ടുതലോടിയുള്ള നയപ്രഖ്യാപനമെന്നാണ് പ്രതിപക്ഷം പറഞ്ഞത്. ഇതിൽ തൊട്ടുതലോടലില്ല. നയപ്രഖ്യാപനത്തിൽ പറയുന്ന ചിലത് ഞാൻ വായിക്കാം. 'ഏറെ വെല്ലുവിളികൾ നേരിടുന്ന ഭരണഘടനാമൂല്യങ്ങളെ സംരക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ ദേശീയ ഐക്യത്തിന്റെ സുപ്രധാന അടിസ്ഥാനങ്ങളും ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗവുമായ ജനാധിപത്യം, മതനിരപേക്ഷത, ബഹുസ്വര മൂല്യങ്ങൾ, ഫെഡറലിസം എന്നിവ സംരക്ഷിക്കുന്നതിന് നാം പ്രത്യേകം പരിശ്രമിക്കേണ്ടതായിട്ടുണ്ട്. മതപരവും ഭാഷാപരവും മറ്റു മേഖലകളിലുമുള്ള ആധിപത്യ പ്രവണതകൾ രാജ്യത്തിന്റെ ഐക്യത്തെ ശക്തിപ്പെടുത്തുന്ന, നാനാത്വത്തെ മാനിക്കുന്ന കരുത്തുറ്റ ജനാധിപത്യ സംവിധാനത്തിന് തടസ്സം നിൽക്കുന്നു. ശക്തമായ ഒരു രാഷ്ട്രത്തിന് ശക്തമായ

ഒരു കേന്ദ്രവും ശാക്തീകരിക്കപ്പെട്ട സംസ്ഥാനങ്ങളും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന തദ്ദേശ സർക്കാരുകളുമുണ്ടായിരിക്കണം. രാഷ്ട്രത്തിന്റെ രാഷ്ട്രീയഘടന ശക്തമാക്കാൻ അതിന്റെ ഓരോ ഘടകവും ശക്തമായിരിക്കേണ്ടതുണ്ട്. സാമൂഹ്യമേഖലകളിൽ സംസ്ഥാനങ്ങൾക്ക് ഭാരിച്ച ഉത്തരവാദിത്വങ്ങളുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി ശക്തമായിരിക്കേണ്ടതാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി വെട്ടിക്കുറയ്ക്കാനുള്ള സമീപകാലത്തെ നടപടികൾ ആരോഗ്യ, വിദ്യാഭ്യാസ, അടിസ്ഥാനസൗകര്യ മേഖലകളിലെ സംസ്ഥാനങ്ങളുടെ ഇടപെടൽ ശേഷിയെ പരിമിതപ്പെടുത്തുന്നു. സാമ്പത്തിക അച്ചടക്കം കൃത്യതയോടെ നടപ്പിലാക്കേണ്ടിവരുമ്പോഴും കേന്ദ്ര സർക്കാരിന് ബാധകമാക്കാത്ത മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് ബാധകമാക്കരുത്.' സംസ്ഥാന നിയമസഭകളുടെ അവകാശങ്ങൾ സംരക്ഷിക്കണം. 'നമ്മുടെ ഭരണഘടന യൂണിയനും സംസ്ഥാനങ്ങൾക്കും നിയമനിർമ്മാണങ്ങൾക്ക് ഇടംനൽകിയിട്ടുണ്ട്. സംസ്ഥാനങ്ങളുടെ നിയമനിർമ്മാണ മേഖലകളിലേയ്ക്കുള്ള കടന്നുകയറ്റം ഒരു സഹകരണ ഫെഡറൽ സംവിധാനത്തിന് ശുഭകരമല്ല. നിയമനിർമ്മാണ സഭകളിലൂടെ ജനഹിതം പ്രതിനിധീകരിക്കപ്പെടുന്നു. നിയമനിർമ്മാണത്തിന്റെ അന്തഃസത്തയും

നിയമനിർമ്മാണ സഭകളുടെ ഉദ്ദേശ്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നിയമനിർമ്മാണ സഭകളുടെ ഉദ്ദേശ്യം, നിയമമായി പ്രാബല്യത്തിൽ വരണമെന്ന ഭരണഘടനാമൂല്യം സംരക്ഷിക്കുന്നതിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.' അന്വേഷണ ഏജൻസികൾ പ്രൊഫഷണലിസത്തിൽനിന്നും വ്യതിചലിക്കരുത്. ഇനിയും ധാരാളം പറയാനുണ്ട്. നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വായിക്കാൻ ഞാൻ സമയം കളയുന്നില്ല. ഞങ്ങൾ എവിടെയാണ് ഒത്തുതീർപ്പ് നടത്തുന്നത്; ഡോ. മാത്യു കുഴൽനാടൻ ഇത് കേട്ടില്ലേ? കാൽനൂറ്റാണ്ട് കാലത്തിനുള്ളിൽ കോൺഗ്രസ് ഒരു രാഷ്ട്രീയ ക്യാമ്പയിൻ ഏറ്റെടുത്തതിൽ സന്തോഷമുണ്ട്. കാരണം, ആ പണി കോൺഗ്രസിന് ഇല്ലായിരുന്നല്ലോ; എന്തായാലും കോൺഗ്രസ് ജാഥ നടത്തി, നല്ലകാര്യം, ഞങ്ങൾ അതിനെ സ്വാഗതവും ചെയ്യുന്നു. പക്ഷേ, ആ ജാഥ പോകുമ്പോഴും നിങ്ങളുടെ കൂട്ടത്തിൽനിന്നും ആളുകൾ പോയിക്കൊണ്ടിരിക്കുകയായിരുന്നില്ലേ? ഭാരത് ജോഡോ യാത്ര കാശ്മീരിൽ ചെല്ലുന്നതിന് രണ്ടുദിവസം മുമ്പാണ് അവിടത്തെ കോൺഗ്രസിന്റെ പ്രചരണ വിഭാഗത്തിലെ ഒരു വനിത രാജിവച്ചത്. ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രയത്നത്തെ ഞങ്ങൾ തള്ളിപ്പറയുന്നില്ല. ജയിച്ചാൽ കാലുമാറില്ലെന്ന് സ്ഥാനാർത്ഥിയെ അമ്പലത്തിൽക്കൊണ്ടുപോയി

സത്യപ്രതിജ്ഞ ചെയ്യിപ്പിക്കുകയാണ്. ഗോവയിൽ കണ്ടില്ലേ? ജയിച്ചുകഴിഞ്ഞപ്പോൾ ദൈവം മാറിക്കൊള്ളാൻ പറഞ്ഞെന്നാണ് പറയുന്നത്. ജയിച്ച കോൺഗ്രസ് ഇപ്പോൾ എവിടെ കിടക്കുന്നു; എന്താണ് സ്ഥിതി? നേതാക്കൾ, എം.പി-മാർ, മുഖ്യമന്ത്രിമാർ, കേന്ദ്രമന്ത്രിമാർ, സംസ്ഥാന മന്ത്രിമാർ ഒക്കെയായിരുന്നവരല്ലേ അപ്പുറത്തിരിക്കുന്നത്; ഞങ്ങളുടെ കുറ്റംകൊണ്ടാണോ യു.ഡി.എഫ്. വിജയിക്കാത്തത്? എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് യു.ഡി.എഫ്. പരിശോധിക്കണം. നിങ്ങളാണ് ബദലെന്ന് നിങ്ങൾ പറഞ്ഞു. ബദലാണെന്ന് തെളിയിക്കാൻ കഴിയണം. യു.പി., ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ആരാണ് ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചത്; നിങ്ങൾ സ്വീകരിച്ച നിലപാട് അങ്ങനെയല്ലേ? മുസ്ലിം ലീഗിന്റെ ബഹുമാന്യരായ കുറുക്കോളി മൊയ്തീനും എൻ. എ. നെല്ലിക്കുന്നും വാചാലമായി സംസാരിക്കുന്നത് കേട്ടു. എന്തായിരുന്നു യു.പി.-യിലെ നിങ്ങളുടെ നിലപാട്; യു.പി.-യിലെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? വലിയതരത്തിലുള്ള ഫാസിസ്റ്റ് വിരുദ്ധ പ്രസംഗം നടത്തുന്നത് ആരെ പറ്റിക്കാനാണെന്ന് മനസ്സിലാകുന്നില്ല. ഞങ്ങൾ മുസ്ലിം ലീഗിനെ ക്ഷണിച്ചിട്ടില്ല, ഇവിടെ ഒരു കുറവുമില്ല. പക്ഷേ, ലീഗിന് എത്രനാൾ യു.ഡി.എഫ്.-ൽ നിൽക്കാൻ കഴിയുമെന്ന് ആലോചിക്കണം. ഇന്നത്തെ കെ.പി.സി.സി.

പ്രസിഡന്റുമായി എത്രനാൾ ഒത്തുപോകാൻ കഴിയും? അദ്ദേഹമെടുക്കുന്ന നിലപാടുകളെ സംബന്ധിച്ച് സൂചിപ്പിക്കേണ്ട ആവശ്യമില്ലല്ലോ. ഇക്കാര്യങ്ങളെല്ലാം നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. പൗരത്വ ഭേദഗതി ബിൽ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ, ഇന്ത്യൻ പാർലമെന്റിൽ കോൺഗ്രസ്സിന്റെ എം.പി-മാർ നിശ്ശബ്ദത പാലിച്ചു. ആ സമയം ഇവരുടെ എല്ലാവരുടേയും നിലപാട് എവിടെയായിരുന്നു; ഇത്തരത്തിലാണെങ്കിൽ മുസ്ലിം ലീഗിനെങ്ങനെ അവിടെ നിൽക്കാൻ കഴിയും? ഞങ്ങൾക്ക് എന്തായാലും മുസ്ലിം ലീഗിനെക്കൊണ്ട് ശക്തിപ്പെടേണ്ട ആവശ്യമില്ല. അവർക്കെന്തുവേണമെന്ന് അവർതന്നെ ആലോചിച്ചാൽ മതിയാകും. നിങ്ങളുടെ അവസ്ഥ ഓർത്ത് ഞങ്ങൾക്ക് സങ്കടമേയുള്ളൂ. ഭാരതീയ ജനതാ പാർട്ടി നേതാവ് ശ്രീ. വി. മുരളീധരന്, രാജ്യസഭാംഗമായ ഒരു കോൺഗ്രസ് എം.പി., 'കേരളത്തിന്റെ അംബാസഡർ' എന്ന സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. ഇതിനെക്കാൾ വലിയ അപമാനമുണ്ടോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നിട്ടും വലിയതരത്തിലുള്ള ഫാസിസ്റ്റ് വിരുദ്ധ പ്രസംഗമാണ് സഭയിൽ നടത്തുന്നത്. കേരളത്തിലെ ജനങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിൽ നല്ല വിശ്വാസമുണ്ട്. എൽ.ഡി.എഫ്., ബി.ജെ.പി.-യിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് ഏജൻസിയല്ല. അങ്ങനെ പ്രവർത്തിക്കുന്നത് സാക്ഷാൽ കോൺഗ്രസ്സാണ്. അങ്ങോട്ടേയ്ക്ക് ആളെ

വിട്ടുകൊടുത്തുകൊണ്ടിരിക്കുന്നത് നിങ്ങളല്ലേ? എന്നിട്ടും കുറ്റംപറയുന്നത് മുഴുവൻ ഞങ്ങളെയാണ്. എൽ.ഡി.എഫ്.-ന്റെ ബദൽ എന്താണെന്നാണ് ശ്രീ. കുറുക്കോളി മൊയ്തീന് മനസ്സിലായില്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, രാജ്യത്തെ കൃഷിക്കാരൻ ആത്മഹത്യ ചെയ്യുന്ന അവസരത്തിലും കേരളത്തിലെ കൃഷിക്കാർക്ക് പ്രശ്നങ്ങളുണ്ടെന്ന് ചൂണ്ടിക്കാണിക്കാനാണ് ഇവർ പരിശ്രമിക്കുന്നത്. ഇന്ത്യയിലെ വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ കേരള മോഡൽ എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നില്ലേ? മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി നോക്കുകയാണെങ്കിൽ അത് കൂടുതൽ മനസ്സിലാക്കാൻ സാധിക്കും. ഇന്ത്യയിൽ ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി-യും നടപ്പാക്കുന്ന നയങ്ങളിൽനിന്നും വ്യത്യസ്തമായ നയം സ്വീകരിച്ച് മുന്നോട്ടുപോകുന്ന സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെന്ന് അഭിമാനത്തോടുകൂടി ഞങ്ങൾക്ക് പറയാൻ കഴിയും. കേന്ദ്ര സർക്കാരിന്റെ എല്ലാ അവഗണനകളേയും തരണം ചെയ്തുകൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ വിവേചനപരമായ നിലപാടുകളും

ഇടപെടലുകളുംവഴി സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി തകരുമ്പോഴും സംസ്ഥാനത്തിന് സമാഹരിക്കാൻ കഴിയുന്ന പരമാവധി വിഭവസമാഹരണം നടത്തി കേരളത്തെ ലോകത്തിനുമുന്നിലെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റാൻ രണ്ടാം പിണറായി സർക്കാരിനും കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടെ ചൂണ്ടിക്കാണിക്കുന്നു. 65 ലക്ഷം പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ തടസ്സമില്ലാതെ വിതരണം ചെയ്യുന്നത്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ തകർക്കാൻ കേന്ദ്രം ചില നിലപാടുകൾ സ്വീകരിച്ചു. സാമ്പത്തികസ്ഥിതിയെ പരാമർശിച്ച് കോൺഗ്രസ് പ്രസിദ്ധീകരിച്ച പത്രത്തിൽ അതിനെതിരായി ഒരു വരി എഴുതിയില്ല. കോൺഗ്രസ്സിന് കേരളത്തോട് സ്നേഹമുണ്ടെങ്കിൽ അത് ചെയ്യേണ്ടതായിരുന്നു. ലോകമാകെ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം മനസ്സിലാക്കണം. സാമ്പത്തിക പ്രതിസന്ധിയുടെ വിഷമതകൾ ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങൾ നേരിടുമ്പോഴും കേരളം കാണിക്കുന്ന മാതൃകയെ നിങ്ങൾ അഭിനന്ദിക്കണമെന്ന് ഞങ്ങൾ പറയുന്നില്ല, പക്ഷേ, ആക്ഷേപിക്കാതിരിക്കാനുള്ള മര്യാദയെങ്കിലും കാണിക്കണം. കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാകുന്നതുകൊണ്ടാണ് കേരളം പിടിച്ചുനിൽക്കുന്നതെന്നാണ് ഇവിടെ പ്രചരിപ്പിക്കുന്നത്. ഇന്ത്യയിലെ ആകെ സംസ്ഥാനങ്ങളുടെ ശരാശരി പരിശോധിച്ചാൽ റവന്യൂ വരുമാനത്തിന്റെ

45% കേന്ദ്ര വിഹിതമാണ്. എന്നാൽ കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 36% മാത്രമാണ് കേന്ദ്രവിഹിതം. ചില സംസ്ഥാനങ്ങൾക്ക് 75% വരെ ലഭിക്കുന്നു. ഇത്തരത്തിലുള്ള വസ്തുതകൾ മറച്ചുവച്ച് കേരളം കടക്കെണിയിലാണെന്ന് കള്ളപ്രചരണം നടത്തുകയാണ്. 20 വർഷംമുമ്പ് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം 63000 കോടി രൂപയായിരുന്നത് 16 ഇരട്ടി വർദ്ധനവോടെ 10 ലക്ഷം കോടിയിലധികം രൂപയായി. അതുപോലെ 20 വർഷംമുമ്പ് ആളോഹരി വരുമാനം 19,463 രൂപയായിരുന്നത് 2,30,000 രൂപയായി ഉയർത്താൻ കഴിഞ്ഞു. കേരളത്തിലെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ 77% ഉയർന്നതാണ്. കോൺഗ്രസ് പ്രസിദ്ധീകരിച്ച പത്രത്തിൽ ഇക്കാര്യംകൂടി രേഖപ്പെടുത്താമായിരുന്നു. 1,34,097 കോടി രൂപ റവന്യൂ വരുമാനത്തിൽ 85,867 കോടി രൂപയും സംസ്ഥാനത്തിന്റെ തനത് വരുമാനമാണ്. അതായത് 64 ശതമാനത്തോളമാണ് നികുതിയിനത്തിൽ പിരിച്ചെടുത്തത്. നികുതി പിരിവിൽ കേരളം കാര്യക്ഷമമായിത്തന്നെയാണ് മുന്നോട്ടുപോകുന്നത്. ആരോപണങ്ങളും വിവാദങ്ങളുംകൊണ്ട് എല്ലാ സംവാദങ്ങളേയും തോൽപ്പിക്കാമെന്നാണ് യു.ഡി.എഫ്. കരുതുന്നത്. പ്രതിസന്ധികളെ അതിജീവിച്ച് ജനങ്ങളെ ചേർത്തുപിടിച്ച് സർക്കാർ മുന്നേറുകയാണ്. കിടപ്പാടമില്ലാത്ത ലക്ഷക്കണക്കിന് ജനങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ്

ലൈഫ് പദ്ധതി. പ്രതിപക്ഷം അൽപ്പംകൂടി ഹൃദയവിശാലത കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നാടിന്റെ പൊതുവായ വികസനത്തെ ഇത്തരത്തിൽ എതിർക്കരുത്. കൊച്ചിയിൽ നടന്ന സംരംഭക മഹാസംഗമത്തിൽ നിങ്ങൾ പങ്കെടുക്കാതിരുന്നത് ശരിയാണോ; അക്കാര്യത്തിൽ നിങ്ങൾ സ്വീകരിച്ച നിലപാടെന്താണ്? ആലപ്പുഴയിൽ കഴിഞ്ഞ ദിവസം ഒരു നിക്ഷേപക സംഗമം നടന്നു. 475 കോടി രൂപയുടെ നിക്ഷേപമാണ് അവിടെ നടത്തിയത്. അതായത് അത്രയധികം സംരംഭങ്ങളാണ് ആരംഭിക്കാൻ പോകുന്നത്. സമാനതകളില്ലാത്ത വികസന പദ്ധതികളിലൂടെയാണ് കേരളം സഞ്ചരിക്കുന്നത്. പൊതുവിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ ദേശീയതലത്തിൽ ഒന്നാമതെത്തിയ കേരളം ടൂറിസം, സംരംഭകം, ഐ.ടി. തുടങ്ങിയ മേഖലകളിലും വലിയ മുന്നേറ്റം നടത്തുന്നത് അഭിമാനത്തോടെയാണ് കാണേണ്ടത്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നു. വ്യാവസായിക വളർച്ചയിലും കേരളത്തിന് ഗുണപരമായ കുതിച്ചുചാട്ടമാണുണ്ടായത്. കേരളത്തിന്റെ വളർച്ചയെക്കുറിച്ച് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ അന്വേഷിക്കുന്ന സാഹചര്യമാണിന്നുള്ളത്. ഇതുകണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും സംരംഭങ്ങൾ ആവശ്യമാണ്. സംരംഭകരെ കൈപിടിച്ചുയർത്താനെങ്കിലും ഒന്നിച്ചുനിൽക്കാൻ കഴിയണമെന്നാണ് പ്രിയപ്പെട്ട പ്രതിപക്ഷത്തോട്

അഭ്യർത്ഥിക്കാനുള്ളത്. ഇതിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളിൽനിന്നും നിങ്ങൾ വിട്ടുനിൽക്കുകയല്ല ചെയ്യേണ്ടത്. പകരം നാടിന്റെ വളർച്ചയുടെ ഭാഗമായി മാറണം. നിങ്ങൾ സഹകരിച്ചില്ലെങ്കിലും ഞങ്ങൾ അഭിമാനത്തോടുകൂടിത്തന്നെ മുന്നോട്ടുപോകും.

മി. സ്പീക്കർ: ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

**(2023 ഫെബ്രുവരി മാസം 02-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.26-ന് പിരിഞ്ഞു.)**

*********

**അനുബന്ധം 1**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**ഭക്ഷ്യസുരക്ഷ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

7 (*7) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നടപടികൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാ നടപടികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ആഘോഷവേളകളിലും ഉത്സവങ്ങൾ,

പ്രാദേശികമായി നടക്കുന്ന കൂടിച്ചേരലുകൾ, പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000 രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് 1556

പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. വഴിയോര കച്ചവടക്കാർ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ബീച്ചുകൾ എന്നിവ കേന്ദ്രീകരിച്ച് വില്പനയ്ക്കായി വച്ചിട്ടുള്ള ഉപ്പിലിട്ട പഴവർഗ്ഗങ്ങൾ (മാങ്ങ, പൈനാപ്പിൾ, നെല്ലിക്ക മുതലായവ) വിൽക്കുന്ന കടകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. ഭക്ഷ്യ സുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ

മായം ചേർക്കുന്നതിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ബോധവൽക്കരണത്തിന്റെ ഭാഗമായി സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷാ ലബോറട്ടറികൾ മുഖേന ടി ഡോക്യുമെന്ററി പ്രദർശിപ്പിച്ചുവരുന്നു. കൂടാതെ, SNF@School, Model Grama Panchayath തുടങ്ങിയ പദ്ധതികളിൽ ടി ഡോക്യുമെന്ററി പൊതുജന ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടിക്കുന്നതിനായി SNF@School എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2021 മേയ് മുതൽ നാളിതുവരെ സംസ്ഥാനത്തെ 2103 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിലൂടെ പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യ സുരക്ഷാലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും സമ്പൂർണ്ണ

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആകെ 573 പഞ്ചായത്തുകളെ നിലവിൽ മോഡൽ ഭക്ഷ്യസുരക്ഷാ പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കുടിവെള്ള പരിശോധന, ഭക്ഷ്യ വസ്തുക്കളിലെ മായം എന്നിവ പെട്ടെന്ന് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷാ ലാബുകൾ (Food Safety on wheels) പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു. നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കെത്തിക്കുന്ന മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് മത്സ്യം, മാംസം എന്നിവയുടെ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ

ഉറപ്പാക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ആരോഗ്യ വകുപ്പുമന്ത്രി 05-01-2023-ൽ ഭക്ഷ്യസുരക്ഷാ വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. വകുപ്പ് നടത്തുന്ന എല്ലാ പരിശോധനകളും ഓൺലൈനായി ഫോസ്കോറിസ് മുഖേന നടത്തേണ്ടതാണെന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം എല്ലാ ഫുഡ് ബിസിനസ് ഓപ്പറേറ്റേഴ്സിനും FosTac ട്രെയിനിംഗ് നൽകുന്നതിനും ഹോട്ടലുകൾ/റസ്റ്റോറന്റുകൾ/ബേക്കറികൾ/കാറ്ററിംഗ് സ്ഥാപനങ്ങൾ, വിദ്യാലയങ്ങളുടെ സമീപത്തെ സ്ഥാപനങ്ങൾ എന്നിവകളിൽ എല്ലാ മാസവും മിന്നൽ പരിശോധനകൾ നടത്തുന്നതിനും രാത്രികാലങ്ങളിലെ പരിശോധന, ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ചുള്ള പരിശോധന, തട്ടുകടകൾ കേന്ദ്രീകരിച്ചുള്ള പരിശോധന എന്നിവ ആഴ്ചയിലൊരിക്കലെങ്കിലും നടത്തുന്നതിനും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നതിനും കർശന നിർദേശം നൽകിയിട്ടുണ്ട്. ഒരിക്കൽ റദ്ദ് ചെയ്ത ലൈസൻസ് പിന്നീട് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ അനുമതിയോടുകൂടി മാത്രമേ അനുവദിക്കാവൂ എന്നും

നിർദ്ദേശിച്ചിട്ടുണ്ട്. പരിശോധനകൾ സംസ്ഥാനതലത്തിൽ രഹസ്യാത്മകമായി നടപ്പിലാക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സംസ്ഥാനതലത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഓപ്പറേഷൻ ഹോളിഡേ എന്ന പേരിൽ പരിശോധന നടത്തി വരുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് ക്രിസ്തുമസ്-പുതുവത്സരം പ്രമാണിച്ച് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഓപ്പറേഷൻ ഹോളിഡേ എന്ന പേരിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് 20-12-2022 മുതൽ 31-12-2022 വരെ പരിശോധനകൾ നടത്തുകയുണ്ടായി. ഇതിൽ 28 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് പ്രത്യേക പരിശോധനകൾ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയുമായി ബന്ധപ്പെട്ട് കേക്ക്, വൈൻ, മറ്റ് ബേക്കറി വസ്തുക്കൾ നിർമ്മിക്കുന്ന ബോർമ്മകൾ, ബേക്കറി, മറ്റ് ചെറുകിട സംരംഭങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 4864 പരിശോധനകൾ നടത്തുകയും 525 സ്ഥാപനങ്ങൾക്ക് നോട്ടീസ്

നൽകുകയും 26 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 276 സ്ഥാപനങ്ങൾക്ക് പിഴ അടയ്ക്കുന്നതിനുള്ള നോട്ടീസ് നൽകുകയും 337 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയമായ പരിശോധനകൾക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്തെ ഹോട്ടലുകളെ ശുചിത്വം, ഭക്ഷണ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരസ്യപ്പെടുത്തുന്ന Hygiene Rating എന്ന പദ്ധതി Food Safety and Standards Authority of India (FSSAI) നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്യുന്നതിനായി C-DIT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ

ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ നേരിട്ട് നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്. കൂടാതെ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ ഓഫീസുകളിൽ (തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങൾ, 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയങ്ങൾ, നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകൾ) നേരിട്ടെത്തിയോ, ടെലഫോൺ മുഖേനയോ, ഇ-മെയിൽ മുഖേനയോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേനയോ പൊതുജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ സംബന്ധിച്ച പരാതികൾ അറിയിക്കാവുന്നതാണ്.

(ഡി) നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 55684 സ്ഥാപനങ്ങൾ പരിശോധിക്കുകയും ന്യൂനതകൾ കണ്ടെത്തിയ 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ലൈസൻസില്ലാതെ പ്രവർത്തിച്ചുവന്ന 406 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അവയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്കുമുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ

നൽകുന്നത്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100 രൂപയും ലൈസൻസിന് 2000 രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. നിലവിലെ കണക്കുപ്രകാരം കേരളത്തിലാകെ 382687 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ ഭക്ഷ്യ സുരക്ഷാ ലൈസൻസ് രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. രജിസ്ട്രേഷൻ ലൈസൻസില്ലാത്ത ഒരു സ്ഥാപനവും പ്രവർത്തിക്കാൻ അനുവദിക്കേണ്ടതില്ലെന്നും ആയത് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തേണ്ടതാണെന്നും വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലഹരി വ്യാപനം തടയാൻ നടപടി

8 (*8) **ശ്രീ. ഇ. ചന്ദ്രശേഖരൻ:**
**ശ്രീ. മുഹമ്മദ് മുഹസിൻ:**
**ശ്രീ. വി. ആർ. സുനിൽകുമാർ:**
**ശ്രീ. സി. സി. മുകുന്ദൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയ പരിസരങ്ങളിൽ ലഹരി വ്യാപനമുണ്ടെന്നതും ലഹരി ഉല്പന്നങ്ങളുടെ സ്ഥിരം ഉപയോക്താക്കളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളും ഉൾപ്പെടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് ചില വിദ്യാലയ പരിസരങ്ങളിൽ ലഹരി വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി ഉല്പന്നങ്ങളുടെ സ്ഥിരം ഉപയോക്താക്കളിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സംഭവങ്ങളിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദ്യാലയ പരിസരങ്ങളിൽ വ്യാപകമാകുന്ന ലഹരി ഉപയോഗം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വിമുക്തിയുടെ ആഭിമുഖ്യത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ഇതുസംബന്ധിച്ച് വിദ്യാലയ പരിസരങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ നിരീക്ഷണം ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിദ്യാലയ പരിസരങ്ങളിൽ നിരീക്ഷണം ശക്തമാക്കുന്നതിനായി സ്കൂളുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കോളേജുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, അദ്ധ്യാപകർ, എക്സൈസ് ഉദ്യോഗസ്ഥർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ച് 'നേർക്കൂട്ടം' എന്ന പേരിൽ ക്യാമ്പസുകളിലും 'ശ്രദ്ധ' എന്ന പേരിൽ ഹോസ്റ്റലുകളിലും ലഹരിക്കെതിരെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾതലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം അദ്ധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ 'നേർവഴി' എന്ന പദ്ധതിയും കുട്ടികൾ ലഹരി ഉപയോഗത്തിലേയ്ക്ക് എത്തിപ്പെടാതിരിക്കുന്നതിനും അവരെ കലാകായിക വിനോദങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത സ്കൂളുകളിൽ 'ഉണർവ്' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ വകുപ്പും വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.

(സി) അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് 'കെമു' (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളില്ലാത്ത അതിർത്തി പ്രദേശങ്ങളിലൂടെയുള്ള മദ്യ-മയക്കുമരുന്നുകളുടെ കടത്ത് തടയുന്നതിനായി കെമുവിന്റെ സേവനം വിനിയോഗിക്കും.

(ഡി) എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തമാക്കിയതോടൊപ്പം ലഹരി മാഫിയയ്ക്കെതിരെ ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയതോടൊപ്പം, വിമുക്തിയുടെ നേതൃത്വത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന്

ലഹരിക്കടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകിവരുന്നു. ഈ ലക്ഷ്യത്തോടെ വിമുക്തിമിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ലഹരിമോചന ചികിത്സ നൽകുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും ജനപ്രതിനിധികൾ അദ്ധ്യക്ഷന്മാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ പ്രവർത്തിച്ചുവരുന്നു. ലഹരി ഉപയോഗം തടയുന്നതിന് സ്കൂൾ പരിസരങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ "ഈ സ്ഥാപനത്തിൽ ലഹരി വിൽക്കുന്നില്ല" എന്ന ബോർഡ് സ്ഥാപിക്കുകയും അതിൽ ലഹരി വസ്തുക്കളുടെ വില്പന ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാനുള്ള ഫോൺ നമ്പറുകളും നൽകിയിട്ടുണ്ട്.

വ്യാപാരിവ്യവസായി സംഘടനകളുമായി സഹകരിച്ച് സ്കൂൾ പരിസരങ്ങളിൽ ലഹരി വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെല്ല് സംഭരണത്തിലെ നിയന്ത്രണം**

9 (*9) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിൽ നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ക്രമക്കേടുകൾ തടയുക എന്ന ഉദ്ദേശ്യത്തോടെ കൂടുതൽ ജാഗ്രത പുലർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ നെല്ല് സംഭരണ വെബ്സൈറ്റ് (www.supplycopaddy.in) റവന്യൂ വകുപ്പിന്റെ ലാന്റ് റെക്കോർഡ് സൈറ്റുമായി ബന്ധിപ്പിച്ചിട്ടുണ്ട്. അതിലൂടെ കൃഷിസ്ഥലത്തിന്റെ വിസ്തൃതി

കൃത്യമായി അറിയുവാൻ സാധിക്കും. കൂടാതെ കർഷകരുടെ ആധാർ നമ്പറും രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ക്രോപ്പ് കട്ടിംഗ് രീതിയനുസരിച്ചാണ് ഓരോ പഞ്ചായത്തിലെയും നെല്ലിന്റെ ഉൽപ്പാദനക്ഷമത കണ്ടെത്തുന്നത്. ഇത്തരത്തിൽ കണ്ടെത്തുന്ന ഉൽപ്പാദനക്ഷമതയ്ക്കുള്ളിൽ നിൽക്കുന്ന കർഷകരുടെ നെല്ല് പ്രാരംഭഘട്ടത്തിൽ സംഭരിക്കുകയും അധികോൽപ്പാദനം കിട്ടിയിട്ടുള്ള കർഷകരുടെ നെല്ല് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം കിട്ടിയശേഷം തുടർന്ന് സംഭരിക്കുകയും ചെയ്യുന്നു. പ്രാദേശിക വ്യതിയാനം അനുസരിച്ച് ഏക്കറിന് 2200 കി.ഗ്രാം മുതൽ 3000 കി.ഗ്രാം വരെയുള്ള നെല്ല് പ്രാഥമികമായി സംഭരിക്കപ്പെടുന്നു. ഈർപ്പം ഉൾപ്പെടെയുള്ള ഗുണമേന്മ പരിശോധനയ്ക്കുശേഷം മാത്രമാണ് നെല്ല് സംഭരിക്കപ്പെടുന്നത്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് കൃഷിചെയ്യുന്ന ഭൂമിക്ക് ഉയർന്ന പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ ആനുകൂല്യം ചെറുകിട നാമമാത്ര കർഷകർക്കായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ അഞ്ചേക്കറിൽ കൂടുതൽ കൃഷി ചെയ്യുന്ന കർഷകർക്ക് അഞ്ചേക്കറിലുള്ള വിളവിനുമാത്രമായി സംസ്ഥാന പ്രോത്സാഹന ബോണസ് പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അധിക വിസ്തൃതിയിലുള്ള വിളവിന് കേന്ദ്ര സർക്കാരിന്റെ MSP ലഭിക്കുന്നതാണ്.

നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേമെന്റായി നേരിട്ട് നൽകുന്നതിലൂടെ നെല്ലുൽപ്പാദിപ്പിക്കുന്ന കർഷകർക്കുതന്നെ അതിന്റെ വിലയും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.

(ബി) നിശ്ചിത അളവിൽ നെല്ല് നൽകാൻ കഴിയാത്ത കർഷകരുടെ പേരിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും നെല്ല് കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ സംഭരണത്തിൽ ഉൾപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

നിശ്ചിത അളവിൽ നെല്ല് നൽകുവാൻ കഴിയാത്ത കർഷകരുടെ പേരിൽ അധികം നെല്ല് സംഭരിക്കപ്പെട്ടതായി സപ്ലൈകോ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ നെല്ല് അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നതാണെന്ന് ഉറപ്പാക്കുവാനുള്ള തെളിവുകൾ ലഭിച്ചിട്ടില്ല. നെല്ലിന്റെ ഉൽപ്പാദനക്ഷമതയും വിളവും സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ടതിനാൽ കർഷകർ അന്യസംസ്ഥാനങ്ങളിൽനിന്നുള്ള നെല്ല് സ്വയം ഉൽപ്പാദിപ്പിച്ച നെല്ലിനൊപ്പം കലർത്തുന്നുണ്ടോയെന്ന് കണ്ടുപിടിക്കാൻ സപ്ലൈകോയ്ക്ക് പരിമിതികളുണ്ട്. എന്നാൽ പരാതികൾ ലഭിക്കുന്നമുറയ്ക്ക് സപ്ലൈകോ വിജിലൻസ് വിഭാഗം ഇതുസംബന്ധിച്ച പരിശോധനകൾ നടത്തിവരുന്നു.

(സി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ?

സപ്ലൈകോ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് നെല്ല് വന്നിട്ടുണ്ടെന്ന് തെളിവുസഹിതം കൃത്യമായി കണ്ടെത്താൻ സാധിക്കാത്തതിനാൽ ഇതുസംബന്ധിച്ച നഷ്ടം നിജപ്പെടുത്താൻ സാധിച്ചിട്ടില്ല.

(ഡി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് 11-01-2023-ൽ കൂടിയ കൃഷി-ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഡോ. വി. കെ. ബേബി, IAS(Rtd)-നെ ചെയർമാനായും ഡോ. ശ്രീറാം വെങ്കിട്ടരാമൻ, IAS-നെ കൺവീനറായും ശ്രീമതി എൽ. ആർ. ആരതി, IES-നെ മെമ്പർ സെക്രട്ടറിയായും നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് (23-01-2023-ലെ G.O(Ms)No. 12/2023/Agri) പുറപ്പെടുവിച്ചിട്ടുണ്ട്. കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കി തുടർനടപടികൾക്കായി സപ്ലൈകോയിലേയ്ക്ക് നൽകുന്നതിനുമുമ്പ്

കൃഷിസ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ചുള്ള വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കൃഷി ഉദ്യോഗസ്ഥർ ഉറപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സൈറ്റിൽ രജിസ്റ്റർ ചെയ്ത സ്ഥലത്തുനിന്നുതന്നെയാണ് അതത് കർഷകരുടെ നെല്ല് സംഭരിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് പി.ആർ.എസ്. നൽകുന്ന സമയത്ത് കൃഷി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുവാൻ സപ്ലൈകോ വിജിലൻസ് വിഭാഗത്തിന്റെ കർശന പരിശോധനകൾ നടത്തിവരുന്നു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജന്റുമാരുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സംഭരണ സീസൺ ആരംഭിക്കുന്നതിനുമുമ്പ് മിൽ ഏജന്റുമാർക്ക് ഐ.ഡി. കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല് സംഭരണ പദ്ധതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി കൃഷി വകുപ്പുമായി ചേർന്ന് കാമ്പയിനുകൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**സിൽവർ ലൈൻ പദ്ധതി**

10 (*10) **ശ്രീ. മാണി. സി. കാപ്പൻ:**
**ശ്രീ. പി. ജെ. ജോസഫ്:**
**ശ്രീ. മോൻസ് ജോസഫ്:**

<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതി സംബന്ധിച്ച സർക്കാരിന്റെ അന്തിമ നിലപാട് വ്യക്തമാക്കാമോ?

കേന്ദ്രത്തിന്റെ അന്തിമാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകേണ്ട ജനങ്ങളുടെ ആശങ്കയും എതിർപ്പും സംസ്ഥാനം ഏറ്റെടുക്കേണ്ടിവരുന്ന സാമ്പത്തിക ബാധ്യതയും പരിഗണിച്ച് പ്രസ്തുത പദ്ധതി ഉപേക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാരും സർക്കാർ ഏജൻസികളും ഏറ്റെടുക്കുന്ന എല്ലാ വായ്പകളും സംസ്ഥാനത്തിന്റെ ബാധ്യതയായി കണക്കാക്കുമെന്ന കേന്ദ്ര സർക്കാരിന്റെ നയം വ്യക്തമായ സാഹചര്യത്തിൽ, ധന ഉത്തരവാദിത്ത നിയമത്തിന്റെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത പദ്ധതിക്കുവേണ്ട സാമ്പത്തിക വായ്പകൾ എങ്ങനെ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) കേന്ദ്രാനുമതി ലഭ്യമാകുന്നമുറയ്ക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ചാകും ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുക. ഇതുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനം, പബ്ലിക് ഹിയറിംഗ് തുടങ്ങിയവ നടത്തുന്നതാണ്. പ്രസ്തുത പഠന റിപ്പോർട്ട് എക്സ്പെർട്ട് ഗ്രൂപ്പ് അപ്രൈസൽ കമ്മിറ്റി അവലോകനം ചെയ്യുന്നതാണ്. കൃത്യമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തി മാത്രമേ ഭൂമി ഏറ്റെടുക്കുകയുള്ളൂ. ഇത്തരത്തിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകേണ്ട ജനങ്ങളുടെ ആശങ്കയും എതിർപ്പുമെല്ലാം ദൂരീകരിച്ചുകൊണ്ടു മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയുള്ളൂ. സിൽവർലൈൻ പദ്ധതിക്ക് വേണ്ടിവരുന്ന വായ്പ തുകയായ 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമാണ് കണ്ടെത്താനുദ്ദേശിക്കുന്നത്. ഈ സോഫ്റ്റ് ലോണുകൾക്ക് 0.5 - 1.5 ശതമാനം വരെയാണ് പലിശ ഈടാക്കുന്നത്. FIRR : 8.49% (CP 50 yrs) Economic IRR : 24.04 (CP 50 yrs) ആയിട്ടുള്ള ഈ പദ്ധതിയുടെ ലോൺ തുക 50 വർഷത്തിനകം തിരിച്ചടയ്ക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ,

കൊച്ചി വിമാനത്താവള വികസന മാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെന്റിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിരുന്നു. കൂടാതെ സിൽവർ ലൈൻ സെമി ഹൈ സ്പീഡ് റെയിൽ പാതയുടെ വായ്പാ സമാഹരണത്തിനായുള്ള സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന തീരുമാനം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു.

(ഡി) വരും സാമ്പത്തിക വർഷങ്ങളിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുൻഗണന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ സാമ്പത്തിക ബാധ്യത, അത് കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനുതകുംവിധം ദീർഘവീക്ഷണത്തോടുകൂടി അടിസ്ഥാന സൗകര്യവികസന പദ്ധതികളും ദേശീയപാത വികസനം ഉൾപ്പെടെയുള്ള റോഡ് വികസന പദ്ധതികളും കൊച്ചിൻ മെട്രോ ഉൾപ്പെടെയുള്ള റെയിൽ വികസന പദ്ധതികളും വാട്ടർ

മെട്രോ ഉൾപ്പെടെയുള്ള ജലഗതാഗത പദ്ധതികളും വിവിധ തുറമുഖ വികസന പദ്ധതികളും കൂടാതെ കൃഷി, വിവര സാങ്കേതികം, ഉന്നത വിദ്യാഭ്യാസം, വിനോദസഞ്ചാരം മുതലായ മേഖലകളിലെ വികസന പദ്ധതികൾ എന്നിവയെല്ലാം സർക്കാർ വിജയകരമായി നടപ്പിലാക്കിവരുന്നു. വരുംവർഷങ്ങളിലും ഇവ ഉൾപ്പെടെയുള്ള വിവിധ മുൻഗണനാ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടി**

11 (*11) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃത്തിഹീനമായ സ്ഥിതിയിലുള്ളതും പഴകിയതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ആഹാര പദാർത്ഥങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളുടെമേൽ കർശനനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിനെ കൂടുതൽ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. ആയതിലേയ്ക്ക് പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജൂഡിക്കേഷൻ കേസുകളും

നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 കേസുകൾ തീർപ്പാവുകയും 7,48,65,300/- രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരമായി നടത്തിവരുന്ന പരിശോധനകൾക്കുപുറമേ പ്രത്യേക വിഷയങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നു. ആയതിൽ ഉൾപ്പെടുന്ന ഒന്നാണ് സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ ഡ്രൈവ് 'ഓപ്പറേഷൻ ഷവർമ്മ'. അടുത്ത കാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. 'ഓപ്പറേഷൻ ഷവർമ്മയുടെ' ഭാഗമായി മാത്രം 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500 രൂപ (മുപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു.

വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾതലത്തിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനകളും നടത്തിവരുന്നു.

സംസ്ഥാനത്തെ പഴം, പച്ചക്കറി മാർക്കറ്റുകളിൽ സുരക്ഷിതവും ശുചിത്വവുമുള്ളതായ ഭക്ഷ്യവ്യാപാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മാർക്കറ്റുകളുടെ ഓഡിറ്റിംഗ് നടന്നുവരികയാണ്. കൂടാതെ, ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി F.S.S.A.I.-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുന്നതിലേയ്ക്കായി Hygiene Rating എന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിന് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആഹാര പദാർത്ഥങ്ങൾ വിപണനം നടത്തുന്ന സ്ഥാപനങ്ങളെല്ലാം ഭക്ഷ്യസുരക്ഷ ലൈസൻസോ പെർമിറ്റോ എടുത്തിരിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടിയെടുത്തിട്ടുണ്ടോ; ക്യൂ.ആർ. കോഡ് പോലുള്ള സംവിധാനം ഏർപ്പെടുത്തി ജനകീയ പരിശോധനയ്ക്കുള്ള സാധ്യത പരിഗണിക്കുമോ?

ഉണ്ട്. ഈ സാമ്പത്തിക വർഷം 55684 സ്ഥാപനങ്ങൾ പരിശോധിക്കുകയും ന്യൂനതകൾ കണ്ടെത്തിയ 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ലൈസൻസില്ലാതെ പ്രവർത്തിച്ചുവന്ന 406 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അവയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തി വയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്കുമുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ

ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ (F.S.S.A.I.) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റായ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100 രൂപയും ലൈസൻസിന് 2000 രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്.

നിലവിലെ കണക്കുപ്രകാരം കേരളത്തിലാകെ 382687 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ ഭക്ഷ്യ സുരക്ഷാ ലൈസൻസ് രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ക്യു.ആർ. കോഡ് പോലുള്ള സംവിധാനം ഏർപ്പെടുത്തി ജനകീയ പരിശോധന നിലവിൽ പരിഗണനയിലില്ല.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ പ്രവർത്തന വിലക്കേർപ്പെടുത്തുന്ന സ്ഥാപനങ്ങൾ നിയമവിരുദ്ധമായി

പ്രവർത്തിക്കുന്നതായും ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്നതായും കായികമായി നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

ഇത്തരത്തിൽ ചില സംഭവങ്ങൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ യഥാസമയം പോലീസിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ F.S.S.A.I. Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രവാസികൾക്കായുള്ള ക്ഷേമപദ്ധതികൾ**

12 (*12) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നിലവിലില്ല.

(ബി) സംസ്ഥാനത്തെ പ്രവാസികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന പ്രവാസി ക്ഷേമ പദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രവാസികളുടെ ക്ഷേമ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് സഹായം ആവശ്യപ്പെട്ടിരുന്നതെന്നും കേന്ദ്ര സർക്കാരിൽനിന്ന് അനുകൂല നടപടി ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് 2000 കോടി രൂപയുടെ പാക്കേജ് അനുവദിക്കുന്നതിനായി ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല.

(ഡി) തിരക്കേറിയ സീസണുകളിൽ വിമാനകമ്പനികൾ പ്രവാസികളിൽനിന്ന് ഉയർന്ന നിരക്ക് ഈടാക്കുന്നതിൽ ഇടപെടണമെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വിമാന യാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും കേന്ദ്ര വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന നിരക്കിലുള്ള ഡൈനാമിക്ക് പ്രൈസിംഗ് രീതി കുറയ്ക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം 2022 നവംബർ മാസത്തിൽ ന്യൂഡൽഹിയിൽവച്ച് നടന്ന സിവിൽ ഏവിയേഷൻ കോൺഫറൻസിൽ സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്. അവധിക്കാലങ്ങളിൽ വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, യാത്രക്കാരുടെ തിരക്ക്, ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന

മന്ത്രാലയം അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം കേന്ദ്ര സർക്കാർ എടുത്തുകളഞ്ഞതിലൂടെ വിമാനക്കമ്പനികൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പിന് ലഭിച്ച ദേശീയ പുരസ്കാരം**

13 (*13) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്തെ മികച്ച പ്രവർത്തനത്തിന് ഇന്ത്യാ ടുഡേ ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം ഇത്തവണ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിലയിരുത്തലിനായി അവലംബിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പൊതുജനാരോഗ്യരംഗത്ത് മികച്ച പ്രവർത്തനം കണക്കിലെടുത്ത് ഇന്ത്യാ ടുഡേ ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം ഇത്തവണ കേരളത്തിനാണ് ലഭിച്ചത്. 2022-ലെ ഏറ്റവും ഉയർന്ന പ്രതിശീർഷ ആരോഗ്യ ചെലവ് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയിലധികം തുക ചെലവഴിച്ച് ആരോഗ്യ പരിരക്ഷാ പദ്ധതികൾ നടപ്പിലാക്കി മാതൃക സൃഷ്ടിച്ചതിനാണ് ഇന്ത്യാ ടുഡേ ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചത്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ എന്തെല്ലാമാണെന്നും അവ ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങൾക്കായിരുന്നുവെന്നും അറിയിക്കാമോ?

വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.+

(സി) നവകേരളം കർമ്മപരിപാടിയിൽ പൊതുജനാരോഗ്യ മേഖലയുടെ ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ആശുപത്രികൾ ജനസൗഹൃദമാക്കുക, രോഗവുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കുക, ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവിതം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുകയാണ് നവകേരളം കർമ്മ പദ്ധതി II -ആർദ്രത്തിന്റ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നവകേരളം കർമ്മ പദ്ധതി II ആർദ്രത്തിന്റെ പ്രവർത്തനം, അതിന്റെ പൊതുലക്ഷ്യം എന്നിവ അനുബന്ധം 2 ആയി ചേർക്കുന്നു.+

**ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും റേറ്റിംഗ്**

14 (*14) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ നിരന്തരം അവലോകനങ്ങൾക്കും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിരുത്തലുകൾക്കും വിധേയമാക്കുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിന്റെ 2011-ലെ റൂൾസ് ആന്റ് റെഗുലേഷൻസ് പ്രകാരം 2013-ൽ രൂപീകൃതമായ സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ അഡ്ജൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു. 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന കാമ്പയിനിലുൾപ്പെടുത്തി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ

മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന

സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധനാവിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കിവരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരുന്നതും നിയമ നടപടികൾ സ്വീകരിക്കുന്നതും സ്ഥിരമായി വകുപ്പ് നടത്തിവരുന്ന പരിശോധനകൾക്കുപുറമേ ചില പ്രത്യേക വിഷയങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നു. അത്തരം സ്പെഷ്യൽ പരിശോധനകളുടെ വിവരം ചുവടെ ചേർക്കുന്നു.

**(1) ഓപ്പറേഷൻ മത്സ്യ**

മത്സ്യത്തിലെ രാസസാന്നിദ്ധ്യം കണ്ടെത്തുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഓപ്പറേഷൻ മത്സ്യ'. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ

സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി മത്സ്യ പരിശോധനകൾ നടത്തിവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8307 മത്സ്യ പരിശോധനകൾ നടത്തുകയും 494 നോട്ടീസുകൾ നൽകുകയും 20,000 കിലോ ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**(2) ഓപ്പറേഷൻ ഷവർമ്മ**

ഭക്ഷ്യ വിഭവങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500 രൂപ (മുപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ടക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ

സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന മയോണൈസ് റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുമാത്രമേ മയോണൈസ് നിർമ്മിക്കുവാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ച് വച്ച് ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതി, സമയം, കൂടാതെ അവ ഉപയോഗിക്കാവുന്ന സമയം എന്നിവ രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് 2023 ജനുവരി 1 മുതൽ 22 വരെ 6689 പരിശോധനകളും 218 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1114 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും 317 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി

വയ്പ്പിക്കുകയും 834 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 902 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ചെയ്തു.

**(3) ഓപ്പറേഷൻ ഫോസ്കോസ്**

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ പല ഭക്ഷ്യ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 26-09-2022 മുതൽ 30-09-2022 വരെ നടപ്പിലാക്കിയ സ്പെഷ്യൽ ഡ്രൈവാണ് ഓപ്പറേഷൻ ഫോസ്കോസ്. ഇതിന്റെ ഭാഗമായി 5764 പരിശോധനകൾ നടത്തുകയും 564 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 406 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 260 ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നിലവിൽ വന്നതുമുതൽ

31-12-2022 തീയതി വരെ 123073 FSSAI ലൈസൻസുകളും 774183 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകിയിട്ടുണ്ട്.

**(4) ഓപ്പറേഷൻ ഓയിൽ**

വെളിച്ചെണ്ണയിൽ സൾഫർ/രാസവസ്തുക്കളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് അറിയുന്നതിനായി 'ഓപ്പറേഷൻ ഓയിൽ' എന്ന പേരിൽ സംസ്ഥാനവ്യാപകമായി 2022 നവംബർ 14 മുതൽ നവംബർ 26 വരെ നടത്തിയ പരിശോധനകളിൽ 201 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ നടത്തിയ പരിശോധനകളിൽ സൾഫറിന്റെയോ മറ്റ് കെമിക്കലുകളുടെയോ സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടില്ല.

**(5) ഓപ്പറേഷൻ ജാഗറി**

ശർക്കരയുടെ ഗുണനിലവാരം സംബന്ധിച്ച് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുകയും ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തുവരുന്നു. ഇപ്രകാരം 2022 മേയ് മുതൽ നാളിതുവരെ 1184 പരിശോധനകൾ നടത്തുകയും ചെയ്തു. ഗുണനിലവാരമുള്ളതും മായം കലരാത്തതുമായ ശർക്കര വിപണിയിൽ

ലഭ്യമാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ശക്തമായ പരിശോധനകളും നടപടികളും നടത്തിവരുന്നു.

**(6) ക്രിസ്തുമസ്, പുതുവത്സര സ്ക്വാഡ്**

2022 ഡിസംബർ 20 മുതൽ 31 വരെ ക്രിസ്തുമസ്, പുതുവത്സരത്തോടനുബന്ധിച്ച് എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകൾ നടത്തിയിരുന്നു. ആയതിന്റെ ഭാഗമായി 4864 പരിശോധനകൾ നടത്തുകയും 525 നോട്ടീസുകൾ നൽകുകയും 276 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകുകയും 276 കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 337 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 540 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

**(7) രാത്രികാല പ്രത്യേക പരിശോധന**

വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾതലത്തിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തിവരുന്നു.

**(8) ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചുള്ള പരിശോധന**

അന്യസംസ്ഥാനങ്ങളിൽനിന്നും അതിർത്തി ചെക്ക്പോസ്റ്റുകൾവഴി സംസ്ഥാനത്തെത്തുന്ന പാൽ, മത്സ്യം, പഴം, പച്ചക്കറി, മാംസം എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 110 പരിശോധനകൾ നടത്തുകയുണ്ടായി.

**IEC പ്രവർത്തനങ്ങൾ**

**(i) സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി**

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസുകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകൾ പരിശോധിക്കുകയും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ

പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ഇതുവരെ 573 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി.

**(ii) സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് @ സ്കൂൾ (SNF@School)**

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് SNF@School. സംസ്ഥാനത്ത് ഇതുവരെ ആകെ 2103 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കി.

**FSSAI-യുടെ സഹകരണത്തോടെ MoU പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ**

FSSAI സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് ഒപ്പുവച്ചിട്ടുള്ള MoU പ്രകാരം 2020-21 സാമ്പത്തിക വർഷം മുതൽ വാർഷിക വർക്ക് പ്ലാൻ മുഖേന FSSAI-യും സംസ്ഥാന സർക്കാരും ചേർന്ന് 60:40 എന്ന അനുപാതത്തിൽ തുക അനുവദിച്ചുവരുന്നു. വർക്ക് പ്ലാൻപ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങൾ/പ്രോഗ്രാമുകൾ ചുവടെ ചേർക്കുന്നു.

(i) <u>ഫോസ്റ്റാക് ട്രെയിനിംഗ് (FoSTaC Training)</u>

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉല്പാദന കേന്ദ്രങ്ങൾ എന്നിവയിലെ

ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി.

ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിംഗ് വഴി ഇതുവരെ 4500-ലധികം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ ഭക്ഷണശാലകളിലെയും ഒരു സൂപ്പർവൈസർക്കാണ് പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിംഗ്, ഹൈ റിസ്ക് ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. ആയതിനാൽ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ii) Eat Right Campus

100-ൽ കൂടുതൽ തൊഴിലാളികളോ ജീവനക്കാരോ വിദ്യാർത്ഥികളോ ഉള്ള സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് പോഷകസമൃദ്ധവും ഗുണനിലവാരവുമുള്ള ഭക്ഷ്യ വസ്തുക്കൾ ഒരുക്കുക എന്നതും അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി മികച്ച സേവനം ഉറപ്പുവരുത്തുക എന്നതും ഈ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നു.

(iii) Eat Right School

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവും സുസ്ഥിരവുമായ ഭക്ഷണശീലങ്ങൾ വളർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. Eat Right Campus, Eat Right School എന്നിവയിലായി മുപ്പതോളം സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

(iv) ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്

ഏകദേശം 20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാകംചെയ്ത് പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ

പദ്ധതിപ്രകാരം ഈ വർഷം ഇതുവരെ മൂന്ന് സ്ട്രീറ്റ് ഫുഡ് ഹബുകളുടെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.

(v) <u>ക്ലീൻ ഫ്രൂട്ട് ആന്റ് വെജിറ്റബിൾ മാർക്കറ്റ്</u>

സംസ്ഥാനത്തെ പഴം, പച്ചക്കറി മാർക്കറ്റുകളിൽ സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷ്യവ്യാപാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെകൂടി സഹകരണം ആവശ്യമാണ്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള മാർക്കറ്റുകളുടെ ഓഡിറ്റിംഗ് നടന്നുവരികയാണ്.

(vi) <u>Hygiene Rating</u>

ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്.

(vii) BHOG പദ്ധതി

സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ ഈ വർഷം ഇരുപതിലധികം ആരാധനാലയങ്ങളുടെ ഓഡിറ്റിംഗ് ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. കൂടുതൽ ആരാധനാലയങ്ങൾ ഈ പാതയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(viii) RUCO (Repurpose Used Cooking Oil)

ഭക്ഷ്യ എണ്ണയുടെ അനിയന്ത്രിതമായ പുനരുപയോഗം നിയന്ത്രിക്കണം എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. FSSAI അംഗീകാരമുള്ള Bio Diesel Manufacturers വഴി used oil collection ഏജന്റുമാരുടെ സഹായത്തോടെ ഉപയോഗിച്ച എണ്ണ നിശ്ചിത പണം നൽകി തിരികെ ശേഖരിക്കുന്നതാണ് പദ്ധതി.

(ix) Safe Food Share Food

സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവരുന്ന പദ്ധതിയാണ് Safe Food Share Food. ഭക്ഷണം അധികമായി ഉൽപ്പാദിപ്പിക്കുകയും പാഴാകാൻ സാധ്യതയുമുള്ള മേഖല കണ്ടെത്തി അത് ആവശ്യമുള്ളവർക്ക്

എത്തിക്കുന്നതിനുള്ള സംവിധാനമാണ് ഇതിലൂടെ ഒരുക്കുന്നത്. സന്നദ്ധ സംഘടനകളുടെയും പൊതുപ്രവർത്തകരുടെയും സാമൂഹിക സംഘടനകളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷണം നൽകാൻ സന്നദ്ധതയുള്ളവർക്ക് ദാതാവ് (Donor) ആയോ ഭക്ഷണം ആവശ്യമുള്ളവർക്ക് സ്വീകർത്താവ് (Beneficiary) ആയോ, ഇവ വിതരണം ചെയ്യുന്നതിനോ മറ്റ് സഹായം ചെയ്യുന്നവരെ സന്നദ്ധ പ്രവർത്തകർ (Volunteer) ആയോ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ഇവരെ തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രവർത്തിക്കുന്നു. ഇത്തരത്തിൽ 123 Safe Food Instances ആണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മുഴുവൻ പരിശോധന നടത്തുവാൻ അധികാരമുള്ള പ്രത്യേക ദൗത്യസംഘത്തെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തുണ്ടാകാനിടയുള്ള ഭക്ഷ്യവിഷബാധ പോലുള്ള അടിയന്തരഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിനുമുമ്പുതന്നെ തടയുന്നതിനായി

രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

**സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ ചുമതലകൾ**

ഭക്ഷ്യവിഷബാധ, ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ, അവയുടെ ഉല്പാദക കേന്ദ്രങ്ങൾ, വിപണന മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച് പഠിച്ച് അവ ഉണ്ടാകാതിരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് നൽകൽ, ഭക്ഷ്യവിഷബാധയുണ്ടായാൽ അവ പെട്ടെന്ന് നിയന്ത്രിക്കാനുള്ള ഇടപെടൽ, അന്വേഷണം, റിപ്പോർട്ട് ചെയ്യൽ, പ്രവർത്തനം ഏകോപിപ്പിക്കൽ എന്നിവ നടത്തുക.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിക്ക് നിർദ്ദേശം നൽകൽ, നിലവാരമില്ലാത്ത ഭക്ഷ്യ എണ്ണ, നെയ് എന്നിവ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കൽ, അനുവദനീയമല്ലാത്ത കൃത്രിമ നിറങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിക്ക് നിർദ്ദേശം നൽകൽ, വ്യാജ ഓർഗാനിക് ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ, വില്പന എന്നിവ കണ്ടെത്തി നടപടി സ്വീകരിക്കൽ, ഹെൽത്ത് സപ്ലിമെന്റ്, ഫുഡ് സപ്ലിമെന്റ് എന്നിവയുടെ

നിർമ്മാണ രീതികളെക്കുറിച്ചുള്ള അന്വേഷണം തുടങ്ങി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കുകയും ആവശ്യമായ വിവരങ്ങൾ കമ്മീഷണർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യൽ, സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന ഭക്ഷണത്തെക്കുറിച്ചുള്ള പരാതികളിൽ ആവശ്യമായ അന്വേഷണവും നടപടിയും റിപ്പോർട്ടും നൽകൽ, കമ്മീഷണർ നിർദ്ദേശിക്കുന്ന മറ്റ് ചുമതലകൾ വഹിക്കൽ എന്നിവ.

ഭക്ഷ്യ വിഷബാധപോലുള്ള അടിയന്തര സാഹചര്യത്തിൽ ടാസ്ക്ഫോഴ്സ് ടീം അതിന്റെ അന്വേഷണം, തുടർ നടപടികൾ, റിപ്പോർട്ടിംഗ് എന്നിവ നടത്തുന്നതാണ്. ഭക്ഷ്യവിഷബാധയുടെ റിപ്പോർട്ടും പ്രത്യേക അന്വേഷണം നടത്തുന്ന റിപ്പോർട്ടും കാലതാമസം വരുത്താതെ കമ്മീഷണർ ഓഫീസിൽ അയയ്ക്കുന്നതാണ്. ഈ സംവിധാനത്തിന്റെയും ഓഫീസിന്റെയും പ്രവർത്തനം ആറുമാസത്തിലൊരിക്കൽ വിലയിരുത്തുന്നതും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതുമായിരിക്കും.

**(സി) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ശുചിത്വം, വിവിധ പരിശോധനകൾ എന്നിവയുടെ അടിസ്ഥാനത്തിൽ റേറ്റിംഗ് നൽകുന്നതിനും ഈ റേറ്റിംഗ് ഫുഡ് ഡെലിവറി ആപ്പുമായി പങ്കുവയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?**

ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. റേറ്റിംഗുള്ള സ്ഥാപനങ്ങൾ കണ്ടുപിടിക്കുവാനുള്ള മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്.

**പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന മികവിന് പ്രോത്സാഹനം**

15 (*15) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി പ്രത്യേക

പുരസ്കാരങ്ങളും സമ്മാനങ്ങളും നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സ്വരാജ് ട്രോഫി, നവകേരള പുരസ്കാരം, ആർദ്ര കേരളം പുരസ്കാരം, മഹാത്മ പുരസ്കാരം, മഹാത്മ അയ്യങ്കാളി പുരസ്കാരം എന്നിവ നൽകിവരുന്നുണ്ട്.

**സ്വരാജ് ട്രോഫി**

പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെയും ഭരണ നിർവ്വഹണത്തിലെയും മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി എല്ലാ വർഷവും മികച്ച ഗ്രാമപഞ്ചായത്തുകളെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തെരഞ്ഞെടുത്ത് ട്രോഫിയും ക്യാഷ് അവാർഡും സാക്ഷ്യപത്രവും നൽകി വരുന്നു. മികച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ സംസ്ഥാനതലത്തിൽ തെരഞ്ഞെടുത്ത് ട്രോഫിയും ക്യാഷ് അവാർഡും സാക്ഷ്യപത്രവും നൽകി

വരുന്നു. മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും സംസ്ഥാന തലത്തിൽ തെരഞ്ഞെടുത്ത് ട്രോഫിയും സാക്ഷ്യപത്രവും നൽകിവരുന്നു.

<u>നിലവിൽ സംസ്ഥാന തലത്തിൽ നൽകുന്ന സ്വരാജ് ട്രോഫി അവാർഡ് തുക (രൂപ ലക്ഷത്തിൽ) യുടെ വിശദാംശങ്ങൾ.</u>

| സ്ഥാപനം | 1-ാം സ്ഥാനം | 2-ാം സ്ഥാനം | 3-ാം സ്ഥാനം |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 25 | 20 | 15 |
| ബ്ലോക്ക് പഞ്ചായത്ത് | 25 | 20 | 15 |
| ജില്ലാ പഞ്ചായത്ത് | 25 | 20 | - |

ജില്ലാതലത്തിൽ ഒന്ന് രണ്ട് സ്ഥാനങ്ങളിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപയുടെ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

**നവകേരള പുരസ്കാരം**

ഖരമാലിന്യ സംസ്കരണത്തിലെ മികവിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നവകേരള പുരസ്കാരം എന്ന പേരിൽ ശുചിത്വ പുരസ്കാരം നൽകിവരുന്നുണ്ട്. 2 ലക്ഷം രൂപയും പ്രശംസാപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ

സൗകര്യങ്ങളൊരുക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ജില്ലാതലത്തിൽ പുരസ്കാരം നൽകുക.

**ആർദ്രകേരളം പുരസ്കാരം**

ആരോഗ്യമേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരമാണ് ആർദ്രകേരളം പുരസ്കാരം. തദ്ദേശസ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ നടത്തുന്ന രോഗീ സൗഹൃദ പ്രവർത്തനങ്ങൾ, മലിനീകരണ നിയന്ത്രണം, ആരോഗ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ വിലയിരുത്തിയാണ് പുരസ്കാരത്തിന് അർഹരായവരെ കണ്ടെത്തുന്നത്. സംസ്ഥാനതല, ജില്ലാതല അവാർഡുകളാണ് നൽകുന്നത്. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടുന്ന പ്രാദേശിക സർക്കാരിന് 10 ലക്ഷം രൂപയും രണ്ടാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 7 ലക്ഷം രൂപയും മറ്റുള്ളവയ്ക്ക് 5 ലക്ഷം രൂപയും വീതമാണ് പുരസ്കാരം നൽകുന്നത്. മൂന്നാം സ്ഥാനം നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 6 ലക്ഷം രൂപയും മറ്റുള്ളവയ്ക്ക് 3 ലക്ഷം രൂപ വീതവും ലഭിക്കും.

ജില്ലയിലെ മികച്ച പ്രകടനം നടത്തുന്ന ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്നവർക്ക് 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ ക്രമത്തിൽ പുരസ്കാരം ലഭിക്കും.

(ബി) പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന മികവ് പരിശോധിക്കുന്നതിന്റെ മാനദണ്ഡം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; മികവിനെ അടയാളപ്പെടുത്തി റാങ്ക് നിശ്ചയിച്ച് പ്രത്യേക പദവികൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന മികവ് പരിശോധിക്കുന്നതിന്റെ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചുവരുന്നു. മികവിന്റെ അടിസ്ഥാനത്തിൽ സ്റ്റാർ റേറ്റിംഗ് നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ആയതുവഴി ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിക്കും. സ്വയം വിമർശനപരമായി ചുമതലകളുടെയും ഉത്തരവാദിത്വങ്ങളുടെയും നിർവ്വഹണത്തെ വിലയിരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനങ്ങൾക്കും സാധിക്കുന്നതാണ്.

**ഭക്ഷ്യസുരക്ഷ സംബന്ധിച്ച് സി.എ.ജി.-യുടെ പരാമർശം**

16 (*16) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ 2016-2021 കാലയളവിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സി.എ.ജി.-യുടെ റിപ്പോർട്ടിൽ ഭക്ഷ്യസുരക്ഷാ നിയമം പാലിക്കുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയതായി പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇല്ല. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ മറുപടി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കൽ, ലൈസൻസും രജിസ്ട്രേഷനും നൽകൽ, പരിശോധന, സാമ്പിൾ ശേഖരണം, ഭക്ഷ്യവിശകലനം, നിരീക്ഷണം എന്നിവയിൽ വിവിധ ഘട്ടങ്ങളിൽ അപാകത നേരിട്ടതായി

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കൽ, ലൈസൻസും രജിസ്ട്രേഷനും നൽകൽ, പരിശോധന, സാംപിൾ ശേഖരണം, ഭക്ഷ്യവിശകലനം, നിരീക്ഷണം എന്നിവയിൽ വിവിധ ഘട്ടങ്ങളിൽ അപാകത നേരിട്ടതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കൂടുതൽ ശക്തമായി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്. ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ 2016-2021 കാലയളവിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സി.എ.ജി.-യുടെ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കിവരുന്നു. സി.എ.ജി.-യുടെ റിപ്പോർട്ടിന്മേലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ മറുപടി സർക്കാർ പരിശോധനയിലാണ്.

## ക്രിമിനൽ നടപടികളിൽ ഏർപ്പെട്ടിട്ടുള്ളതായി കണ്ടെത്തുന്ന പോലീസുകാർക്കെതിരെ നടപടി

17 (*17) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ഗുണ്ടാ-മാഫിയ ബന്ധമുള്ളവരും അവിഹിത സ്വത്ത് സമ്പാദിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പോലീസ് സേനയിലെ 14 ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നു. സംസ്ഥാനത്ത് പോലീസ് സേനയിൽ ഗുണ്ടാ-മാഫിയ ബന്ധമുള്ളതായും അവിഹിത സ്വത്ത് സമ്പാദിക്കുന്നതായും ആരോപിക്കപ്പെട്ട സർവ്വീസിലുള്ളവരും വിരമിക്കപ്പെട്ടവരുമായ 23 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ വിവിധ യൂണിറ്റുകളിൽ അന്വേഷണം നടന്നുവരുന്നു.

(ബി) ക്രിമിനൽ നടപടികളിൽ ഏർപ്പെട്ടിട്ടുള്ളതായി കണ്ടെത്തുന്ന പോലീസുകാരെ ക്രമസമാധാന പരിപാലന ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ക്രിമിനൽ നടപടികളിൽ ഏർപ്പെടുന്നതായി കണ്ടെത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് സസ്പെന്റ് ചെയ്ത് മാറ്റി നിർത്തിവരുന്നു. കൂടാതെ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ കേരള പോലീസ് ആക്ട്, KPDIP & A Rules എന്നിവ പ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21 പോലീസ് ഉദ്യോഗസ്ഥരെ Removal/Dismissal ചെയ്തിട്ടുണ്ട്. 3 പോലീസ് ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

1958-ലെ കേരള പോലീസ് (വകുപ്പുതല അന്വേഷണങ്ങളും ശിക്ഷയും അപ്പീലും) ചട്ടങ്ങളിൽ നിഷ്കർഷിക്കുംവിധമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെയും നിരന്തരം ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നവരെയും

സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതടക്കമുള്ള നടപടികൾ കേരള പോലീസ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം സ്വീകരിക്കുന്നുണ്ട്.

**പോഷക സമ്പുഷ്ട അരി വിതരണം**

18 (*18) ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകളിലൂടെ പോഷക സമ്പുഷ്ട അരി വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ടോ?

ഉണ്ട്. രാജ്യത്തെ സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ തുടങ്ങിയ രോഗങ്ങളുടെ പ്രധാന കാരണം ആഹാരത്തിലെ പോഷകക്കുറവാണെന്നും ഇത് പരിഹരിക്കുന്നതിലേയ്ക്കായി രാജ്യത്തെ റേഷൻ കടകളിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുവാനും കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ നിർദേശത്തോട് സംസ്ഥാന സർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ. (Custom Milled Rice) പോഷക സമ്പുഷ്ടമായതിനാൽ സംസ്ഥാനത്തിനെ പ്രസ്തുത പദ്ധതിയിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 18-01-2023, 24-11-2022, 05-04-2022 എന്നീ തീയതികളിൽ അർദ്ധ ഔദ്യോഗിക കത്തുകൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഇപ്രകാരമുള്ള അരി വിതരണം ചെയ്തിട്ടുണ്ടെന്നും മതിയായ പഠനത്തിനുശേഷമാണോ വിതരണം ചെയ്തതെന്നും വിശദമാക്കുമോ?

സമ്പുഷ്ടീകരിച്ച അരി വിതരണം ദേശീയ തലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വയനാട് ജില്ലയെ കേന്ദ്ര സർക്കാർ aspirational district ആയി തെരഞ്ഞെടുക്കുകയും ഫോർട്ടിഫൈഡ് അരിയുടെ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില മാധ്യമങ്ങളും സന്നദ്ധപ്രവർത്തകരും ഫോർട്ടിഫൈഡ് റൈസിന്റെ വിതരണത്തിൽ ആശങ്ക രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ വയനാട് ജില്ലയിലെ എം.എൽ.എ.-മാരുടെ

യോഗം 24-08-2022-ന് വിളിക്കുകയും തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെത്തുടർന്ന് ഇത്തരം രോഗികൾക്ക് ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക് ഹെൽത്ത്) കൺവീനറായും വിദഗ്ദ്ധരുടെ ഒൻപത് അംഗസമിതിയെ ആരോഗ്യ വകുപ്പിന്റെ 31-01-2023-ലെ ഉത്തരവ് പ്രകാരം (GO(Rt)No.233/2023/H&FWD) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് M.D.M.S. പദ്ധതിപ്രകാരം കഴിഞ്ഞ രണ്ട് വർഷമായി സമ്പുഷ്ടീകരിച്ച അരിയാണ് നൽകിവരുന്നത്.

**ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം - ഒരു ആശയം പദ്ധതി**

19 (*19) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം - ഒരു ആശയം എന്ന പദ്ധതിയുടെ വിഭാവന ലക്ഷ്യങ്ങളും വിശദാംശവും അറിയിക്കാമോ?

സംസ്ഥാന സർക്കാർ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം' (OLOI) എന്നത്. ഓരോ തദ്ദേശസ്ഥാപനത്തിലും വിപുലമായ ജനപങ്കാളിത്തത്തോടെ ഒരു നൂതനാശയം കണ്ടെത്തി ഫലപ്രദമായി നടപ്പാക്കുവാനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. തദ്ദേശ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന വികസനപ്രശ്നങ്ങൾ ജനകീയ പങ്കാളിത്തത്തോടെ തദ്ദേശീയഭരണ സംവിധാനത്തിൽത്തന്നെ സമാഹരിച്ച്, വിദഗ്ധരുടെയും പ്രയോക്താക്കളുടെയും കൂട്ടായ്മയുടെ സഹായത്തോടെ നൂതന പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികത ഉറപ്പുവരുത്തി, പ്രശ്നപരിഹാരത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. അതോടൊപ്പം പ്രാദേശിക നൂതനാശയ രൂപകർത്താക്കൾക്ക് അവരുടെ നൂതനാശയങ്ങൾ പ്രയോഗതലത്തിൽ കൊണ്ടുവരുവാനുള്ള സഹായവും കെ-ഡിസ്ക് മുഖേന ലഭ്യമാക്കാനും ലക്ഷ്യമിടുന്നുണ്ട്.

(ബി) ഈ പദ്ധതിയിലൂടെ ആശയങ്ങൾ സമാഹരിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ചവയിൽനിന്ന് ഏറ്റവും മികച്ചത് കണ്ടെത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമെന്നും അതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും പ്രസ്തുത സമിതിയുടെ ഘടനയും അംഗങ്ങളെ സംബന്ധിച്ച വിശദാംശവും അറിയിക്കുമോ?

'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം' (OLOI) എന്ന പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ, വികസന പ്രശ്നസമാഹരണത്തിനും ആശയ രൂപീകരണത്തിനും ഒരു ഓൺലൈൻ സംവിധാനത്തിന് (പോർട്ടൽ) കെ-ഡിസ്ക് രൂപം നൽകിയിട്ടുണ്ട്. ഒന്നാംഘട്ടം എന്ന രീതിയിൽ ഏതാനും തദ്ദേശ സ്ഥാപനങ്ങളെ തങ്ങളുടെ നൂതനാശയ വാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സഹായിച്ചുകൊണ്ട് OLOI പദ്ധതി പ്രശ്നസമാഹരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ആശയദാതാക്കളിൽനിന്നും നൂതനാശയങ്ങൾ സമാഹരിക്കുന്ന പ്രക്രിയ ആരംഭിക്കാനിരിക്കുന്നതേയുള്ളൂ. പോർട്ടലിൽ ലഭിക്കുന്ന ആശയങ്ങൾ പരിശോധിക്കാനും സമ്പുഷ്ടീകരിക്കാനും പ്രായോഗ സാധ്യത കണ്ടെത്താനുംവേണ്ടി, അക്കാദമിക വിദഗ്ധരും പ്രയോക്താക്കളും അടങ്ങിയ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP)

എന്നറിയപ്പെടുന്ന കൂട്ടായ്മ പ്രവൃത്തി (27 വിഷയമേഖലകളിൽ 1500-ൽപ്പരം പ്രാക്ടീഷണർമാരും വിദഗ്ധരുമടങ്ങുന്ന കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്) കെ-ഡിസ്ക് രൂപീകരിച്ചിട്ടുണ്ട്. OLOI പദ്ധതിക്ക് ദിശാബോധം നൽകുന്നതിനായി രാജ്യത്തേയും സംസ്ഥാനത്തേയും വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നാഷണൽ കൺസൾട്ടേറ്റീവ് ഗ്രൂപ്പും (NCG), ബോട്ടം അപ് കൺസൾട്ടേറ്റീവ് ഗ്രൂപ്പും (BCG) രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പരീക്ഷിച്ചിട്ടില്ലാത്ത തരത്തിലുള്ള നൂതനാശയങ്ങൾ വരുമ്പോൾ അവയെ നിലവിലുള്ള സമ്പ്രദായങ്ങളും വ്യവസ്ഥിതിയുമായി എങ്ങനെ കൂട്ടിയിണക്കി പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

OLOI പദ്ധതിയിലൂടെ വരുന്ന നൂതനാശയങ്ങൾ നിലവിലുള്ള സമ്പ്രദായങ്ങളും വ്യവസ്ഥിതിയുമായി ഒത്തുചേർന്നുപോകുംവിധം സാങ്കേതിക ക്ഷമതയും (Technology Readiness Level), സാമൂഹ്യ സന്നദ്ധതയും (Community Readiness Level), ഉപയോഗക്ഷമതയും പരിശോധിച്ച് ഉറപ്പുവരുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നൂതന ആശയങ്ങൾ കെ-ഡിസ്ക് രൂപീകരിച്ചിട്ടുള്ള റിസ്ക് മാനേജ്മെന്റ് കമ്മിറ്റി പരിശോധിച്ച്, വരാവുന്ന റിസ്കുകൾ വിലയിരുത്തി, റിസ്ക് മിറ്റിഗേഷനുള്ള നടപടിക്രമങ്ങൾ

സ്വീകരിക്കുകയും നൂതനാശയങ്ങളെ പൈലറ്റ് ചെയ്യുകയും ആശയങ്ങളുടെ തെളിവ് (proof of concept) ഉറപ്പുവരുത്തുകയും ചെയ്യും. ഈ പ്രക്രിയയിൽ നിലവിലുള്ള ജനകീയ സമിതികളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ്.

(ഡി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ നാനാതുറകളിലുംനിന്നും ലഭിക്കുന്ന ആശയങ്ങൾ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന് ഇന്നവേഷൻ എക്സ്പോകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

OLOI പദ്ധതിയിലൂടെ രൂപപ്പെടുന്ന നൂതനാശയങ്ങളും തദ്ദേശ നൂതനാശയ ദാതാക്കളിൽനിന്നും സമാഹരിക്കുന്ന ആശയങ്ങളും പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിനുവേണ്ടി ഇന്നവേഷൻ എക്സ്പോകൾ ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

**ഭക്ഷ്യ പരിശോധനാ ലാബുകൾ**

20 (*20) <u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. സജീവ് ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിഷബാധ കണ്ടെത്താനുള്ള ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പരിശോധനകൾക്ക് ആവശ്യമായ ലാബുകൾ സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന NABL അക്രെഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകളാണ് നിലവിലുള്ളത്. ഈ ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെയും വെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള Food Safety and Standards Act നിഷ്കർഷിക്കുന്ന GCMSMS, ICPOES, HPLC, FTIR, uv Visible Spectro Photometer, Ion Chromotography എന്നീ ആധുനിക സജ്ജീകരണങ്ങൾ നിലവിലുണ്ട്. കൂടാതെ 1997-ലെ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിന്റെയടിസ്ഥാനത്തിൽ ശബരിമലയിലെ വഴിപാട് പ്രസാദമായ അപ്പം, അരവണ എന്നിവയുടെ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തീർത്ഥാടകർക്ക് നൽകുന്ന കുടിവെള്ളം എന്നിവയുടെ ഗുണമേന്മ

ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ലാബിന് സ്വന്തമായി വിപുലീകരിച്ച കെട്ടിടം നിർമ്മിക്കുന്നതിന് പത്തനംതിട്ടയിൽ കോഴഞ്ചേരി താലൂക്കിൽ അനുവദിച്ച 4.55 ആർ ഭൂമിയിൽ ലാബിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതുകൂടാതെ കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ അനലിറ്റിക്കൽ ലാബിന്റെ പ്രവർത്തനം ഒരു താൽക്കാലിക കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. ടി ലാബുകൾ ഭക്ഷ്യപരിശോധന, ഭക്ഷ്യ സുരക്ഷയെക്കുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പൊതുജനങ്ങളിൽനിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യ എണ്ണ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ ലബോറട്ടറികളിൽ പരിശോധിക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധനാ വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ

അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഇറച്ചിയിലെയും മറ്റ് ഭക്ഷണപദാർത്ഥങ്ങളിലെയും സൂക്ഷ്മാണുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി മൈക്രോ ബയോളജി അടിസ്ഥാനമാക്കിയുള്ള ആധുനിക പരിശോധനാസൗകര്യങ്ങൾ അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പരിശോധനാസൗകര്യങ്ങൾ ജില്ലാടിസ്ഥാനത്തിൽ നിലവിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളില്ല. സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന NABL അക്രെഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകളാണ് നിലവിലുള്ളത്. ആയതിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയുടെ അധികാരപരിധിക്ക് കീഴിലും ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ എറണാകുളത്ത് പ്രവർത്തിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ അധികാരപരിധിക്ക് കീഴിലും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കോഴിക്കോട് പ്രവർത്തിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ അധികാരപരിധിക്ക് കീഴിലും വരുന്നു. കൂടാതെ പതിനാല് ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ യഥാക്രമം 2022 മാർച്ച്, 2021 ഡിസംബർ, 2022 ജൂൺ മാസങ്ങളിൽ NABL-FSSAI Intregated Assessment പൂർത്തിയായിട്ടുള്ളതാണ്. ഇതിൽ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി ഇന്ത്യയിൽ ആദ്യമായി പ്രസ്തുത അംഗീകാരം നേടുന്ന സ്റ്റേറ്റ് ഫുഡ് ലബോറട്ടറിയാണ്. രണ്ടാമതും മൂന്നാമതുമായി ഈ അംഗീകാരം ലഭിച്ചത് തിരുവനന്തപുരം, കോഴിക്കോട് ലബോറട്ടറികൾക്കാണ്.

(ഡി) സംസ്ഥാനത്തെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി വിജ്ഞാപനം ചെയ്ത ലബോറട്ടറികളിലെ എല്ലാ

പരിശോധനകൾക്കും ഗുണനിലവാര മാനദണ്ഡമായ നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് അംഗീകാരം നേടാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി വിജ്ഞാപനം ചെയ്ത ലബോറട്ടറികളിലെ കെമിക്കൽ വിഭാഗത്തിൽ റെഗുലേഷൻ പ്രകാരമുള്ള സ്റ്റാൻഡേർഡ്സിനും Pesticide Residues, Metals, Toxins, Fatty Acid Profile, Food Additives എന്നീ പരിശോധനകൾക്കും ഗുണനിലവാര മാനദണ്ഡപ്രകാരം NABL അംഗീകാരമുണ്ട്. അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് ISO/IEC 17025:2017 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിരിക്കേണ്ടതാണ്. നിലവിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ മൂന്ന് ലാബുകളും NABL അക്രെഡിറ്റഡാണ്. മൈക്രോബയോളജി വിഭാഗത്തിന് NABL അക്രെഡിറ്റേഷൻ ലഭിക്കണമെങ്കിൽ യൂണി ഡയറക്ഷണൽ സ്ട്രക്ച്ചറൽ ടെസ്റ്റിംഗ് സംവിധാനവും റഫറൻസ് കൾച്ചേഴ്സും stomaches/smashes എന്നിവയും ആവശ്യമാണ്. നിലവിലുള്ള മൂന്ന് ലാബുകളിലെയും മൈക്രോബയോളജി വിഭാഗം FSSAI-NABL നിലവാരത്തിലേയ്ക്ക്

ഉയർത്തുന്നതിനായി FSSAI- യുടെ Turn key അടിസ്ഥാനത്തിലുള്ള റേറ്റ് കോൺട്രാക്ട് നിലവിൽ വന്നിട്ടുള്ളതും അതനുസരിച്ച് Vendor ലബോറട്ടറികൾ സന്ദർശിച്ച് സമർപ്പിച്ച Layout FSSAI അംഗീകരിക്കുകയും പ്രസ്തുത കമ്പനിക്ക് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കണമെന്ന വ്യവസ്ഥയോടുകൂടി വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്.

**ഇ-ഫയലിംഗ് സംവിധാനം**

21 (*21) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കാൻ കഴിയുംവിധം ഭരണനിർവ്വഹണം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഭരണ നിർവ്വഹണം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും

അഴിമതിരഹിതവുമായി ലഭ്യമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവ്വത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM), സംസ്ഥാനത്തെ 80 വിവിധ വകുപ്പുകളുടെ 884 ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിൽ (https://services.kerala.gov.in/) ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ എം-സേവനം (m-sevanam) മൊബൈൽ ആപ്ലിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങളും ലഭ്യമാണ്. ജനങ്ങൾക്ക് ഓഫീസുകൾ സന്ദർശിക്കാതെതന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. സംസ്ഥാനത്ത് സാർവ്വത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി അതിവേഗ ഇന്റർനെറ്റ് സൗകര്യത്തിനായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ

മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാനാകും. സർക്കാർ ഓഫീസുകളിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതുവഴി ജനങ്ങൾക്ക് സേവനങ്ങൾ കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കാൻ സാധിക്കും.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സമ്പൂർണ്ണമായും സെക്രട്ടേറിയറ്റ് മാതൃകയിൽ ഇ-ഫയലിംഗ് സംവിധാനം അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, കളക്ടറേറ്റുകൾ, സബ്കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇ-ഫയൽ സംവിധാനം നടപ്പിലാക്കിവരുന്നു.

(സി) ഇ-ഫയലിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ ഓഫീസുകൾക്കും ഏകീകൃത സോഫ്റ്റ്‌വെയറും പഞ്ചിംഗും ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനമാണ് വകുപ്പുകളിൽ നടപ്പിലാക്കിവരുന്നത്. സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ 2018 മുതൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം കളക്ടറേറ്റുകളിലും ഡയറക്ടറേറ്റുകളിലും/വകുപ്പ് മേധാവികളുടെ ഓഫീസുകളിലും 2023 ജനുവരി 1-ന് മുമ്പായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കി ഹാജർ സ്പാർക്കുമായി ബന്ധപ്പെടുത്താനും മറ്റെല്ലാ ഓഫീസുകളിലും മാർച്ച് 31-ന് മുമ്പായി ടി സംവിധാനം നടപ്പിലാക്കാനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഡി) ഫയൽ നീക്കമറിയാൻ പൊതുജനങ്ങൾക്ക് കൂടുതൽ അവസരമൊരുക്കുവാനും പൊതുജനങ്ങളുടെ പ്രശ്നപരിഹാരം പൂർണ്ണമായി ഓൺലൈനാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ

(https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ/തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്നുമുള്ള വിവരങ്ങൾ അറിയാൻ സാധിക്കും.

പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി "മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം" ഏർപ്പെടുത്തിയിട്ടുണ്ട്. https://cmo.kerala.gov.in/ എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കുവാൻ കഴിയും. മാത്രമല്ല പരാതിയെ സംബന്ധിച്ച സ്ഥിതിയും പ്രസ്തുത പോർട്ടലിലൂടെ അറിയാൻ സാധിക്കും.

**ഭരണനിർവഹണം അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിന് നടപടി**

22 (*22) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഭരണനിർവ്വഹണം ജനകീയവും അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിന് സംസ്ഥാനം നടത്തിയ പ്രവർത്തനത്തിന് കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇൻഡ്യ അവാർഡ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ അവാർഡുകളുടെ ഏഴാം പതിപ്പിൽ കേരളത്തിൽ നിന്നുള്ള 3 സംരംഭങ്ങൾ വിജയികളായിട്ടുണ്ട്.

1. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (പ്ലാറ്റിനം അവാർഡ്, സ്റ്റാർട്ടപ്പ് മേഖലയുമായി സഹകരിച്ചുള്ള ഡിജിറ്റൽ സംരംഭങ്ങൾ)

2. കോട്ടയം ജില്ലയുടെ വെബ്സൈറ്റ് (ഗോൾഡ് അവാർഡ്, GIGW (Guidelines for Indian Government Websites), ആക്സസിബിലിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്ന മികച്ച വെബ്, മൊബൈൽ സംരംഭങ്ങൾ ഉൾപ്പെടുന്ന വിഭാഗം)

3. ക്ഷീരശ്രീ പോർട്ടൽ (സിൽവർ അവാർഡ്, ഗ്രാസ്റൂട്ട് ലെവൽ വിഭാഗത്തിലെ ഡിജിറ്റൽ സംരംഭങ്ങൾ)

(ബി) മികച്ച സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ചട്ടങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും സേവനങ്ങൾ ഡിജിറ്റലായി നൽകുന്നതിനും ജീവനക്കാരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ടോ;

(സി) ഫയൽ നീക്കം അപേക്ഷകനോ ബന്ധപ്പെട്ടയാളുകൾക്കോ നിരീക്ഷിക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിനും വകുപ്പുകൾ തമ്മിലുള്ള ആശയവിനിമയം ഇലക്ട്രോണിക് സംവിധാനത്തിലൂടെയാക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) പൊതുജനങ്ങൾക്ക് സേവനം ഒരു അവകാശമായി മാറ്റിക്കൊണ്ട് 2012-ൽ വിജ്ഞാപനം ചെയ്ത സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനായി ശിപാർശകൾ സമർപ്പിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറി - ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി - പൊതുഭരണ വകുപ്പ്, സെക്രട്ടറി - നിയമ വകുപ്പ്, സെക്രട്ടറി - ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്, ഡയറക്ടർ ജനറൽ - ഐ.എം.ജി (കൺവീനർ) എന്നിവരടങ്ങിയ ഒരു സമിതി 18-12-2022-ലെ സ.ഉ. (സാധാ)നം.416/2022/ഉ.ഭ.പ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇ-ഓഫീസ്

സംവിധാനംവഴി എല്ലാതരത്തിലുമുള്ള കത്തിടപാടുകൾ അയയ്ക്കുന്നതിന് വിവിധ വകുപ്പുകളിലെ ക്ലർക്കുമാർ ഉൾപ്പെടെയുള്ള എല്ലാ ഓഫീസർമാരെയും അധികാരപ്പെടുത്തി 03-12-2022-ൽ സ.ഉ.(പി)നം.27/2022/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം ഇ-ഓഫീസ് സംവിധാനം, ഇ-മെയിൽ എന്നിവ മുഖേന കത്തിടപാടുകൾ അയയ്ക്കുന്നതിന് അസിസ്റ്റന്റ്/സെക്ഷൻ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി 26-11-2022-ൽ സ.ഉ(പി) നം.25/2022/ഉ.ഭ.പ.വ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ 81 വകുപ്പുകളിൽനിന്നുള്ള 869 സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ സേവനങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്ലിക്കേഷനിൽ 79 വകുപ്പുകളുടെ 668 സേവനങ്ങൾ ലഭിക്കും. സംസ്ഥാന

സിവിൽ സർവ്വീസിനെ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനും വിവിധ വകുപ്പുകൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഡാഷ്ബോർഡ് സംവിധാനം തയ്യാറാക്കിയിട്ടുണ്ട് (https://dashboard.kerala.gov.in). സർക്കാർ വകുപ്പുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ/തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പറോ, ഫയൽ നമ്പറോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ 140 സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ഫയൽനീക്കം സംബന്ധിച്ച വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്. കൂടാതെ, ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇ-ഓഫീസിലൂടെതന്നെ

മറ്റ് ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്ന ഇന്റർ ഓഫീസ്/ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇന്റർ ഓഫീസ്/ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനത്തിലൂടെ മറ്റ് ഓഫീസുകളിലേയ്ക്ക് അയയ്ക്കണമെന്ന നിർദ്ദേശം 13-12-2022-ലെ ഐ.ടി.-സെൽ-2/207/2022/വിസവ നമ്പർ സർക്കുലർ പ്രകാരം വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്.

**ലഹരി മാഫിയയ്ക്കെതിരെ നടപടി**

23 (*23) **ശ്രീ. സനീഷ്കുമാർ ജോസഫ്:**
**ശ്രീ. ഷാഫി പറമ്പിൽ:**
**ശ്രീ. പി. സി. വിഷ്ണുനാഥ്:**
**ശ്രീ. റോജി എം. ജോൺ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് പൊലീസ് സ്റ്റേഷൻ പരിധിയിലെ മാണിക്കലിൽ ലഹരി മാഫിയയ്ക്കെതിരെ അധികൃതർക്ക് വിവരം നൽകിയ പെൺകുട്ടിയെയും മാതാവിനെയും സാമൂഹ്യവിരുദ്ധർ വീട് കയറി മർദ്ദിച്ച സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

വെഞ്ഞാറമൂട് മാണിക്കൽ പാറയിൽ കോളനിയിൽ താമസിക്കുന്ന പരാതിക്കാരി തന്റെ അയൽവാസിയായ സ്ത്രീയുടെ ഭർത്താവായ ദീപുവിനെതിരെ പോലീസിൽ പരാതി നൽകിയതിലുള്ള വിരോധം നിമിത്തം അയൽവാസികളായ മുരുകനും മറ്റൊരു സ്ത്രീയും 07-01-2023-ൽ വീടിന്റെ കോമ്പൗണ്ടിൽ അതിക്രമിച്ച് കയറി അസഭ്യം പറഞ്ഞ് മർദ്ദിക്കുകയും തടയാൻ ശ്രമിച്ച മകളെ സ്ത്രീ മർദ്ദിച്ചതായും ധരിച്ചിരുന്ന 30,000 രൂപ വിലവരുന്ന ആഭരണങ്ങൾ ഇതുവഴി നഷ്ടപ്പെട്ടുവെന്നും 08-01-2023-ൽ പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകി. മൊഴിയുടെ അടിസ്ഥാനത്തിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 42/2023 u/s 447, 294(b), 323, 324, 427 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ ഐ.പി.സി. സെക്ഷൻ 354 കൂട്ടിച്ചേർത്ത് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. രണ്ട് പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണഘട്ടത്തിലാണ്.

(ബി) ലഹരി മാഫിയയെ സംബന്ധിച്ച് വിവരം നൽകുന്ന ആളിന്റെ പേരുവിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് അധികൃതർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പോലീസിൽ പരാതി ഉന്നയിച്ച വിദ്യാർത്ഥിനിയുടെ

വിവരങ്ങൾ ലഹരി മാഫിയയ്ക്ക് ചോർത്തി നൽകിയതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ലഹരി മാഫിയയുമായി ബന്ധം സ്ഥാപിക്കുന്നതരത്തിലുള്ള വിവരങ്ങളൊന്നും പോലീസ് അന്വേഷണത്തിൽ ലഭിച്ചിട്ടില്ല. പരാതിയുടെയോ പരാതിക്കാരിയുടെയോ വിവരങ്ങൾ പോലീസ് ആർക്കും കൈമാറിയിട്ടില്ല.

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ക്രൈം നമ്പർ 42/2023 നമ്പറായി കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു.

**ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രവർത്തനത്തിന്മേൽ സി.എ.ജി.-യുടെ നിഗമനങ്ങൾ**

24 (*24) ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ 2016-21 കാലയളവിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സി.എ.ജി.-യുടെ റിപ്പോർട്ടിലെ നിഗമനങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളടങ്ങിയ സി.എ.ജി.-യുടെ റിപ്പോർട്ടിന്മേലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ മറുപടി സർക്കാർ പരിശോധനയിലാണ്.

(ബി) സ്ഥാപനങ്ങൾക്ക് ലൈസൻസും രജിസ്ട്രേഷനും നൽകുന്ന കാര്യത്തിൽ കമ്മീഷണറേറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്കുമുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ

ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റായ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/ രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100 രൂപയും ലൈസൻസിന് 2000 രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. 2022-23-ൽ FSSAI പ്രസിദ്ധീകരിച്ച ആക്ടീവ് ലൈസൻസ് ആന്റ് രജിസ്ട്രേഷൻ കണക്കുകളനുസരിച്ച് കേരളം Expected License and Registration-ന്റെ 220 ശതമാനമാണ് നേടിയിട്ടുള്ളത്. ഒരു കോടിയിലധികം ജനങ്ങളുള്ള സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഇത് ഉയർന്ന നേട്ടമാണ്. ഭക്ഷണവുമായി ബന്ധപ്പെട്ട ബിസിനസ് നടത്തുന്ന എല്ലാ ബിസിനസ് സ്ഥാപനങ്ങളെയും ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽനിന്നും വ്യക്തമായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ഇതിനായി ബോധവൽക്കരണ പരിപാടികൾ, ലൈസൻസ് മേളകൾ, ഭക്ഷ്യ സുരക്ഷാ പഞ്ചായത്ത് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം നടപടികളിലൂടെ പരമാവധി പേരെ ലൈസൻസ്/രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇനിയും ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നതിന് സ്ഥാപനങ്ങൾ ബാക്കിയുണ്ട് എന്നുള്ളത് പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങളെ താൽക്കാലികമായി അടപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽനിന്നും നൽകിയിട്ടുണ്ട്.

(സി) നിയമലംഘനം നടത്തിയ സ്ഥാപനങ്ങൾക്ക് പിഴ ചുമത്താത്തതും കോമ്പൗണ്ടിംഗ് കേസുകൾ തീർപ്പാക്കാത്തതും മൂലമുണ്ടായ ഗുരുതര കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തുന്ന സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിലും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത സാഹചര്യങ്ങളിലും Compounding നടത്തി പിഴ ചുമത്തുന്നതിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല. ജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരവുമുള്ള ഭക്ഷണം

ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. സാമ്പിൾ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും നിലവാരമില്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302

അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/- രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധനാ വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കെ-ഫോൺ പദ്ധതി**

25 (*25) ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കെ-ഫോൺ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

കെ-ഫോൺ പദ്ധതി പുരോഗമിക്കുന്നതിന്റെ ഭാഗമായുള്ള നിലവിലെ സ്ഥിതി താഴ ചേർക്കുന്നു.

1) ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6510 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.

2) 22802 കിലോമീറ്റർ എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18615 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്.

3) 375 പോയിന്റ് ഓഫ് പ്രെസെൻസുകളിൽ 337 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

4) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി. 1),

ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.

5) നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

6) 26,057 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

7) 11,832 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുമോ; ഇതിനായുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രാഥമിക ഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്കുവീതം 140 മണ്ഡലങ്ങളിലുള്ള ആകെ 14000 (പതിനാലായിരം) കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിച്ചിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്ന മുറയ്ക്കാണ് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഇതുവരെ 7020 ഗുണഭോക്താക്കളുടെ പട്ടികയാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത കണക്ഷൻ നൽകുവാൻ ഈ സാമ്പത്തിക വർഷം 70 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ഓഫീസുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

കെ-ഫോൺ പദ്ധതിയിലൂടെ സർക്കാർ ഓഫീസുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 26057 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 11832 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2023 മാർച്ച് 31-നകം പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**വിമാനത്താവളങ്ങളുടെ വികസനം**

26 (*26) <u>ശ്രീ. എ. രാജ</u>:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരമേഖല, സമ്പദ് വ്യവസ്ഥ എന്നിവ മെച്ചപ്പെടുത്തുന്നതിനായി യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വിമാനത്താവളങ്ങളുടെ വികസനത്തിനും പുതിയ വിമാനത്താവളങ്ങൾ ആരംഭിക്കുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ശബരിമല വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ശബരിമല തീർത്ഥാടകരുടെയും പ്രവാസികളുടെയും വിനോദ സഞ്ചാരികളുടെയും സൗകര്യാർത്ഥം എരുമേലിയിൽ ശബരിമല അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാന സർക്കാർ പദ്ധതിക്ക് 2017 ഫെബ്രുവരിയിൽ തത്വത്തിൽ അനുമതി നൽകുകയും കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയമിക്കുകയും M/s ലൂയിസ് ബർജർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ പദ്ധതിയുടെ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു.

പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മുൻ എം.ഡി.-യും എയർ ഇന്ത്യയുടെ മുൻ സി.എം.ഡി.-യുമായ ശ്രീ. വി. തുളസിദാസ്, ഐ.എ.എസ്. (റിട്ട.)-നെ 2019 ഡിസംബറിൽ നിയമിക്കുകയും ചെയ്തു. കൺസൾട്ടന്റ് തയ്യാറാക്കിയ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി.ഇ.എഫ്.ആർ.) പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA) ജൂൺ 2022-ന് അയച്ചുകൊടുത്തു. പദ്ധതിയുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് വിമാനത്താവളത്തിന് 3500 മീറ്റർ നീളമുള്ള റൺവേയും കോഡ്-ഇ വിമാനങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യവുമാണ്. കോട്ടയം, പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം സ്ഥാപിക്കാനുദ്ദേശിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയവും ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികളും ആവശ്യപ്പെട്ട വിവരങ്ങൾ കെ.എസ്.ഐ.ഡി.സി. വ്യോമയാന മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. മന്ത്രാലയത്തിൽനിന്നും 'സൈറ്റ്

ക്ലിയറൻസ് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പ്രദേശത്ത് ജിയോ ടെക്നിക്കൽ പഠനം പൂർത്തിയാക്കുകയും സ്ഥലം വിമാനത്താവളം നിർമ്മിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠനം തുടങ്ങിയിട്ടുണ്ട്, ഇത് ആറ് മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുമെന്ന് കരുതുന്നു.

**സാർവ്വത്രിക ആരോഗ്യ പരിരക്ഷ**

27 (*27) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാർവ്വത്രിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സാർവ്വത്രിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബനവലന്റ് ഫണ്ട്, മെഡിസെപ് എന്നീ ചികിത്സാ സഹായ പദ്ധതികൾ

നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യവും ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും അവർക്കുകൂടി ചികിത്സാ പരിരക്ഷ ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ സംബന്ധിച്ച വിശദാംശവും സർക്കാർ നടപ്പിലാക്കിവരുന്ന മറ്റ് ആരോഗ്യ പദ്ധതികളും ചുവടെ ചേർക്കുന്നു.

1. <u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)</u>

സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവ്വത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് KASP അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ

പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. കാരുണ്യ ആരോഗ്യ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിൽസാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു-സ്വകാര്യ ആശുപത്രികൾവഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം നിലവിൽ 761 ആണ്. ചികിത്സാ ആനുകൂല്യങ്ങളിൽ കാസ്പ് പാക്കേജുകളനുസരിച്ച് ദ്വിതീയ, ത്രിതീയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജ്ജുകൾ/ഡേ കെയർ സിറ്റിംഗ് ചാർജ്ജുകൾ എന്നിവ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജ്ജിനുശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു.

2. കാരുണ്യ ബനവലന്റ് ഫണ്ട്

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത എന്നാൽ 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന

നൽകിവരുന്ന ചികിത്സാനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നതാണ്.

3. മെഡിസെപ്

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കാനുള്ള സർക്കാരിന്റെ ഇൻഷ്വറൻസ് പദ്ധതിയാണ് മെഡിസെപ്. ഈ പദ്ധതിപ്രകാരം ഒരു വർഷം പരമാവധി 3 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

4. മറ്റ് പദ്ധതികൾ

i) 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളായി ആരോഗ്യ കിരണം, RBSK, ഹൃദ്യം, താലോലം, കാൻസർ സുരക്ഷാ സ്കീം, മിഠായി.

ii) ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലസ്സീമിയ രോഗചികിത്സയ്ക്കായി ആശാധാര പദ്ധതി.

iii) ഗർഭിണികൾക്കുള്ള ചികിത്സയ്ക്കായി JSSK, സുമൻ, മാതൃയാനം പദ്ധതികൾ.

iv) പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

v) അന്യ സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി.

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ കേന്ദ്ര സർക്കാർ അറുപത് ശതമാനം തുക നൽകുന്നുവെന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 21.5 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് 60:40 അനുപാതത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്നത്. അതിൽത്തന്നെ ഒരു കുടുംബത്തിന് 1052 രൂപ പ്രീമിയം എന്ന രീതിയിൽ കണക്കാക്കി അതിന്റെ 60 ശതമാനമായ 631.2 രൂപ നിരക്കിൽ ആകെ 138 കോടി രൂപ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി പദ്ധതിക്ക് ലഭിക്കുന്നത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മാത്രം 1400 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചതിൽ 1262 കോടി രൂപയും സംസ്ഥാന സർക്കാരാണ് വഹിച്ചത്. ഫലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ചെലവുവരുന്ന തുകയുടെ 90% സംസ്ഥാന സർക്കാരാണ് നിലവിൽ ചെലവഴിക്കുന്നത്. ഈ സാമ്പത്തികവർഷം 800 കോടി രൂപ ഇതിനകംതന്നെ സംസ്ഥാന സർക്കാർ അനുവദിച്ചുകഴിഞ്ഞു.

(സി) ഈ പദ്ധതിയിൽ എത്ര കുടുംബങ്ങൾ ഗുണഭോക്താക്കളായി ഉണ്ട്; ഇതിൽ എത്ര കുടുംബങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കായി കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 21.5 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് 60:40 അനുപാതത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്നത്. അതിൽത്തന്നെ ഒരു കുടുംബത്തിന് 1052 രൂപ പ്രീമിയം എന്ന രീതിയിൽ കണക്കാക്കി അതിന്റെ 60 ശതമാനമായ 631.2 രൂപ നിരക്കിൽ ആകെ 138 കോടി രൂപ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി പദ്ധതിക്ക് ലഭിക്കുന്നത്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ആകെ എത്ര രൂപ ചെലവഴിച്ചെന്നും അതിൽ കേന്ദ്ര, സംസ്ഥാന വിഹിതം എത്ര വീതമായിരുന്നു എന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; പ്രസ്തുത പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ?

2021-22 സാമ്പത്തികവർഷത്തിൽ 1400 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചതിൽ 1262 കോടി രൂപ സംസ്ഥാന സർക്കാരാണ്

വഹിച്ചത്. 138 കോടി രൂപയാണ് കേന്ദ്ര സഹായമായി കഴിഞ്ഞ സാമ്പത്തികവർഷം ലഭ്യമായത്. ഫലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ചെലവഴിക്കുന്ന തുകയുടെ 90% സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. ഈ സാമ്പത്തികവർഷം 800 കോടി രൂപ ഇതിനകംതന്നെ സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചുകഴിഞ്ഞു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (NFSA) പ്രകാരമുള്ള AAY, PHH കുടുംബങ്ങളെ പൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ആയതിന് ചെലവുവരുന്ന മുഴുവൻ തുകയുടെ 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതം അനുവദിക്കണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയെങ്കിലും നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നതുപോലെ 21.57 ലക്ഷം കുടുംബങ്ങൾക്കുമാത്രമായി പ്രതിവർഷം 138 കോടി രൂപ മാത്രമേ നൽകുകയുള്ളൂ എന്നാണ് നാഷണൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരമുള്ള കുടുംബങ്ങളെ പൂർണ്ണമായും ഉൾപ്പെടുത്തുന്നതിനും അർഹതപ്പെട്ട

വിഹിതം പൂർണ്ണമായും ലഭ്യമാക്കുന്നതിനുംവേണ്ടിയുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാരിലും നാഷണൽ ഹെൽത്ത് അതോറിറ്റിയിലും നിരന്തരം നടത്തി വരുന്നുണ്ട്.

**തപാൽ വോട്ടുകൾ കാണാതായ സംഭവം**

28 (*28) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ തപാൽ വോട്ടുകൾ സൂക്ഷിച്ച രണ്ടു പെട്ടികളിൽ ഒന്ന് പെരിന്തൽമണ്ണ ട്രഷറി സ്ട്രോംഗ് റൂമിൽനിന്നും കാണാതായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 038-പെരിന്തൽമണ്ണ നിയമസഭാ നിയോജക മണ്ഡലത്തിന്റെ വരണാധികാരിയായ പെരിന്തൽമണ്ണ സബ് കളക്ടർ പെരിന്തൽമണ്ണ സബ്ട്രഷറിയിലെ സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരുന്ന തപാൽ വോട്ടുകളടങ്ങിയ ട്രങ്ക് ബോക്സുകളിൽ സാധുവായ 482 തപാൽ വോട്ടുകൾ അടങ്ങിയ അഞ്ചാം നമ്പർ ബോക്സാണ് കാണാതായത്.

(ബി) പ്രസ്തുത പോസ്റ്റൽ ബാലറ്റുകൾ അടങ്ങിയ പെട്ടി എവിടെ നിന്നാണ് പിന്നീട് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ കാര്യാലയത്തിൽ നിന്നുമാണ് കണ്ടെടുത്തത്.

(സി) പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥ-മാഫിയ ഗൂഢാലോചന ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

(ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) ശ്രീ. കെ. പി. മുഹമ്മദ് മുസ്തഫ ഫയൽ ചെയ്ത ഇലക്ഷൻ പെറ്റീഷനെ (EP No.4/2021) തുടർന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ തപാൽ വോട്ടുകൾ അടങ്ങിയ പെട്ടി പരിശോധിക്കുവാൻ ഉത്തരവിടുന്നതും തുടർന്ന് പെട്ടി കാണാതായ വിവരം വരണാധികാരിയായ പെരിന്തൽമണ്ണ സബ് കളക്ടർ കോടതിയെ ധരിപ്പിക്കുന്നതും. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതിയുടെ തുടർ ഉത്തരവിന്റെയും തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ

നിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അതേസമയം, പെരിന്തൽമണ്ണ സബ്ട്രഷറിയിൽ സുരക്ഷിത സൂക്ഷിപ്പിനായി നൽകിയ സാമഗ്രികൾ യഥാവിധി വിട്ടുനൽകുന്നതിൽ വീഴ്ച വരുത്തിയ 2 ഉദ്യോഗസ്ഥരെ ട്രഷറി ഡയറക്ടർ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ FIR ഉള്ളടക്കം ചെയ്യുന്നു.+

**പോലീസ് സേനയുടെ നവീകരണത്തിനായുള്ള നടപടികൾ**

29 (*29) ശ്രീ. എച്ച്. സലാം:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സംവിധാനത്തിന് രാജ്യത്തെ ഏറ്റവും മികച്ച സേനകളിൽ ഒന്നായി ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇപ്രകാരം ഏറ്റവും മികച്ച രീതിയിൽ സംസ്ഥാനത്ത് ക്രമസമാധാനം നിലനിൽക്കുമ്പോൾ ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് സേനയുടെ വീര്യം കെടുത്തുന്ന തരത്തിൽ ചിലർ പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പശ്ചാത്തലത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രിമിനൽ കേസിലുൾപ്പെട്ട പോലീസുകാർക്കെതിരെ കർശന നടപടിയെടുക്കാൻ നിർദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാന പോലീസ് സംവിധാനത്തിന് ലഭിച്ച പ്രധാനപ്പെട്ട ദേശീയ പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

• അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.

• ഇന്ത്യാ ടുഡെ ന്യൂസ് മാഗസിന്റെ സംസ്ഥാന സർവ്വേ 2021-ൽ കേരളം ഭാരതത്തിലെ Most Happy State ആയി പ്രഖ്യാപിച്ചു.

• കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിനും സൈബർ ഡോമിനും 2020-21 വർഷത്തെ ദേശീയ e-Governance അവാർഡ് ലഭിച്ചു.

• പാസ്സ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് അർഹമായി. പോലീസിലെ സാങ്കേതികവിദ്യാ വിദഗ്ധർ നിർമ്മിച്ച e-VIP എന്ന സംവിധാനമാണ് പാസ്സ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിന് കേരള പോലീസിന് സഹായകരമായത്.

സുതാര്യവും നീതിയുക്തവുമായ നിയമം നടപ്പാക്കി പൗരാവകാശങ്ങൾ, വ്യക്തി മഹത്വം എന്നിവ സംരക്ഷിച്ചുകൊണ്ട് ക്രമസമാധാനപാലനം

നടത്തുവാൻ പ്രതിജ്ഞാബദ്ധമായ പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ഇപ്രകാരം ഏറ്റവും മികച്ച രീതിയിൽ സംസ്ഥാനത്ത് ക്രമസമാധാനം നിലനിൽക്കുമ്പോൾ പോലീസിന്റെ ജനോപകാര പ്രവർത്തനങ്ങൾ മൂടിവച്ച് ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി പൊതുജനങ്ങളുടെയിടയിൽ പോലീസിന് അവമതിപ്പുണ്ടാക്കുന്നതരത്തിലുള്ള പ്രസ്താവനകൾ സോഷ്യൽ മീഡിയവഴി പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിമിനൽ കേസിലുൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിർമ്മിത ബുദ്ധി സാങ്കേതികവിദ്യ ഉൾപ്പെടെ പ്രയോഗത്തിൽ വരുത്തി പോലീസ് സേനയുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ നിർമ്മിത ബുദ്ധി സംവിധാനം അടിസ്ഥാനപ്പെടുത്തി മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിനും ഡ്രോൺ/ആന്റിഡ്രോൺ സംവിധാനത്തിനുമായി 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 250 ലക്ഷം രൂപയുടെ പ്രൊപ്പോസൽ

സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുള്ളതുമാണ്. കേരള പോലീസ് സേനയിൽ നിർമ്മിത ബുദ്ധി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 15 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 'Dedicated AI Team'രൂപീകരിച്ചിട്ടുണ്ട്. ട്രാഫിക് കുറ്റകൃത്യങ്ങൾ നിർമ്മിതബുദ്ധി സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി ANPR (Automatic Number Plate Recognition) ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം സൈബർ ഡോമിൽ നിർമ്മിത ബുദ്ധി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കേരള പോലീസ് സൈബർ ഡോം മെറ്റാവേഴ്സിൽ പഠനങ്ങൾ നടത്തിവരുന്നു. ഇതിലൂടെ സോഷ്യൽ മീഡിയ, ഓൺലൈൻ ഗെയിമിംഗ്, Augmented Reality (AR), Virtual Reality (VR), ക്രിപ്റ്റോ കറൻസികൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മെറ്റാവേഴ്സ് സംയോജിപ്പിച്ച് ഉപയോക്താക്കൾക്ക് വെർച്വലായി അവബോധം നൽകുവാൻ സഹായിക്കുന്നു. കൂടാതെ പെരിമീറ്റർ സെക്യൂരിറ്റി, ഫെയ്സ് ഡിറ്റക്ഷൻ എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ പഠനങ്ങളും ഇവിടെ നടന്നുവരുന്നു.

(സി) സമൂഹത്തിലെ സ്ത്രീകൾ, വയോധികർ ഉൾപ്പെടെ പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് പോലീസിന്റെ പ്രത്യേക കരുതൽ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായകമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽനിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ഘട്ടംഘട്ടമായി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി

നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പറിലും പരാതികൾ അറിയിക്കാം. പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്. സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

തടയുന്നതിനും സ്ത്രീസുരക്ഷ ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ആയത് ശരിയായ രീതിയിൽ എങ്ങനെ ഉപയോഗിക്കണമെന്നും പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വിഷ്വൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 05-11-2019-ലെ G.O.(MS)No.175/2019/Home പ്രകാരം 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽക്കൂടി ആരംഭിച്ചു. 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചനത്തിനെതിരെയുള്ള അവബോധനത്തിനും 510 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 465 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിൽ Family & Women

Counselling Centres-ന്റെ പ്രവർത്തനത്തിന് 75 ലക്ഷം രൂപയും Women Victim Support Scheme-ന് 20 ലക്ഷം രൂപയും Self Defence Programmes & Trainings-ന് 105.84 ലക്ഷം രൂപയും നിർഭയ വോളന്റിയേഴ്സിനുള്ള പ്രതിഫലത്തിനായി 80 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 50 പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനായി 100 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ Elder Helpline പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർക്കായി CARE, Senior Citizen Help Desk എന്നീ സംവിധാനങ്ങൾവഴി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി ബീറ്റ് സംവിധാനംവഴി ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഇവർക്കാവശ്യമായ സുരക്ഷ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും SI/Addl.SI/ASI റാങ്കിൽപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥരെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി നിയോഗിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ കമ്മ്യൂണിറ്റി പോലീസിംഗിനായി 440 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

30 (*30) ശ്രീ. പി. വി. അൻവർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവ്വത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവ്വത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. അന്നേവരെ നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ

ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിത്സാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ സർക്കാർ-സ്വകാര്യ ആശുപത്രികൾവഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ 2020-ൽ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം 404 ആയിരുന്നെങ്കിൽ ഇപ്പോൾ ഇത് 761 ആയി വർദ്ധിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ചികിത്സ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം 318912 ആയിരുന്നെങ്കിൽ ചിട്ടയായ പ്രവർത്തനത്തിന്റെ ഫലമായി 2021-22-ൽ 541233 ഗുണഭോക്താക്കൾക്കും ഈ സാമ്പത്തികവർഷം 2022 ഡിസംബർ മാസംവരെ മാത്രം 508120 ഗുണഭോക്താക്കൾക്കും ചികിത്സാ സഹായം നൽകാനായി. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയിലധികം തുക ഈ ഇനത്തിൽ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. 2020-ൽ ആകെ 700 കോടിയോളം രൂപയാണ് സൗജന്യ ചികിത്സയ്ക്കായി വിനിയോഗിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം 1400 കോടിയോളം രൂപയായി ഇത് വർദ്ധിച്ചു. ചികിത്സാ ആനുകൂല്യങ്ങളിൽ കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, തൃതീയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും

ഹോസ്പിറ്റലൈസേഷൻ ചാർജുകൾ/ഡേ കെയർ സിറ്റിംഗ് ചാർജുകൾ എന്നിവ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനുശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു.

മേൽപ്പറഞ്ഞ സേവനങ്ങൾ കൃത്യതയാർന്ന രീതിയിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി സ്ഥാപനതലത്തിലും ജില്ലാതലത്തിലും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തലത്തിലും വകുപ്പ് തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനയോഗം നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നിയമപ്രകാരം അർഹമായ കേന്ദ്ര വിഹിതം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 21.5 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് 60:40 അനുപാതത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്നത്. അതിൽത്തന്നെ ഒരു കുടുംബത്തിന് 1052 രൂപ പ്രീമിയം എന്ന രീതിയിൽ കണക്കാക്കി അതിന്റെ 60% ആയ 631.2 രൂപ നിരക്കിൽ ആകെ 138 കോടി രൂപ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി പദ്ധതിക്ക് ലഭിക്കുന്നത്. എന്നാൽ 2021-22 സാമ്പത്തിക

വർഷത്തിൽ മാത്രം 1262 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചത്. ഫലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ചെലവഴിക്കുന്ന തുകയുടെ 90% സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. ഈ സാമ്പത്തികവർഷം 800 കോടി രൂപ ഇതിനകംതന്നെ സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചുകഴിഞ്ഞു.

(സി) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് പ്രകാരമുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി വിഹിതം അനുവദിക്കണമെന്ന ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ സമീപനം വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ ആവശ്യമായ അനുകൂല നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (NFSA) പദ്ധതി പ്രകാരമുള്ള AAY, PHH കുടുംബങ്ങളെ പൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ആയതിന് ചെലവുവരുന്ന മുഴുവൻ തുകയുടെ 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതം അനുവദിക്കണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം സംബന്ധിച്ച് കേന്ദ്രസർക്കാർ തത്വത്തിൽ അനുമതി നൽകിയെങ്കിലും നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ

പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നതുപോലെ 21.57 ലക്ഷം കുടുംബങ്ങൾക്കുമാത്രമായി പ്രതിവർഷം 138 കോടി രൂപ മാത്രമേ നൽകുകയുള്ളു എന്നാണ് നാഷണൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരമുള്ള കുടുംബങ്ങളെ പൂർണ്ണമായും ഉൾപ്പെടുത്തുന്നതിനും അർഹതപ്പെട്ട വിഹിതം പൂർണ്ണമായും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാരിലും നാഷണൽ ഹെൽത്ത് അതോറിറ്റിയിലും നിരന്തരം നടത്തി വരുന്നുണ്ട്.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**സംസ്ഥാനത്തിന്റെ സമഗ്ര വികസനം**

**1 (1) ശ്രീ. ടി. പി. രാമകൃഷ്ണൻ:**
**ശ്രീ. എം. മുകേഷ്:**
**ശ്രീ. പി. മമ്മിക്കുട്ടി:**
**ശ്രീ. എം. എസ്. അരുൺ കുമാർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യവികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവിഷ്കരിച്ചിട്ടുള്ള മുൻഗണനാ പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 4 ബാച്ചുകളിലായി 36 മുൻഗണനാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രധാന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും പ്രാവർത്തികമാകുന്നുവെന്ന് ഉറപ്പുവരുത്താൻ നിരന്തര അവലോകനം നടത്തിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും പ്രാവർത്തികമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ എന്നിവയെ ഉൾപ്പെടുത്തി പദ്ധതികളുടെ പ്രതിമാസ അവലോകന യോഗങ്ങൾ മുഖ്യമന്ത്രി വിളിച്ചുചേർക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പുതലത്തിലും ജില്ലാതലത്തിലും അവലോകന യോഗങ്ങൾ ചേർന്ന് പുരോഗതി വിലയിരുത്തിവരുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രാദേശികമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമെങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി/സ്ഥലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേർന്ന് നടപടികൾ കൈക്കൊള്ളുന്നുമുണ്ട്.

(സി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ അനുമതി നേടിയെടുക്കുന്നതിന് നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

പദ്ധതിയുടെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്മേൽ (TEFR) മിനിസ്ട്രി ഓഫ് സിവിൽ ഏവിയേഷനിൽനിന്നും ക്ലിയറൻസ് ലഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കം പുലർത്തി വരുന്നുണ്ട്.

**സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധി**

2 (2) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധിയായി ശ്രീ. കെ. വി. തോമസിനെ ഡൽഹിയിൽ നിയമിക്കുവാൻ മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

ഇദ്ദേഹത്തിന് നൽകാൻ തീരുമാനിച്ചിട്ടുള്ള ശമ്പളം, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

20-01-2023-ലെ. സ.ഉ.(കൈ)നം.9/2023/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധിയായി പ്രൊഫ. കെ. വി. തോമസിനെ ഡൽഹിയിൽ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ശമ്പളം നൽകേണ്ടതില്ലെന്നും ഓണറേറിയം നൽകിയാൽ മതിയാകുമെന്നും അറിയിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഡൽഹിയിൽ ചീഫ് സെക്രട്ടറി റാങ്കിൽ ഒരു ഒ.എസ്.ഡി.-യും മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ റസിഡന്റ് കമ്മീഷണർ തസ്തികയിലും ഉണ്ടായിരിക്കേ പ്രസ്തുത വ്യക്തിയെ പ്രത്യേക പ്രതിനിധിയായി നിയമിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

നിരന്തരവും സൗഹാർദ്ദപൂർണ്ണവുമായ കേന്ദ്ര-സംസ്ഥാന ബന്ധം നിലനിർത്തുന്നതിനും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിലും ഉന്നത തലത്തിലുള്ള ഇടപെടൽ ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും കേന്ദ്ര സർക്കാർ മുമ്പാകെ വളരെ വ്യക്തമായി

അവതരിപ്പിക്കേണ്ടത് കേന്ദ്രത്തിൽനിന്ന് അനുകൂല നടപടികൾ ഉറപ്പാക്കുന്നതിന് വളരെ അത്യന്താപേക്ഷിതവുമാണ്. ഈ സാഹചര്യത്തിലാണ് പ്രൊഫ. കെ. വി. തോമസിനെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ നിയമിച്ചത്.

(സി) മുമ്പ് സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ആരെയെങ്കിലും ഡൽഹിയിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവർക്ക് നൽകിയിട്ടുള്ള ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദവിവരം നൽകുമോ?

മുമ്പ് ഡോ. എ. സമ്പത്തിനെ സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ നിയമിച്ചിരുന്നു. 2,000 രൂപ അടിസ്ഥാന ശമ്പളവും 33,423 ക്ഷാമബത്തയും 57,000 രൂപ ന്യൂഡൽഹി അലവൻസുമുൾപ്പെടെ 92,423 രൂപയാണ് അദ്ദേഹത്തിന് പ്രതിമാസം അനുവദിച്ചിരുന്നത്.

**മൂന്നാം നൂറുദിന കർമ്മപരിപാടി**

3 (3) <u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീമതി സി. കെ. ആശ:</u>

<u>ശ്രീ. വാഴൂർ സോമൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ആദ്യ നൂറുദിന പരിപാടി, രണ്ടാം നൂറുദിന പരിപാടി എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം രണ്ട് ഘട്ടങ്ങളിലായി 100 ദിന കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിനകർമ്മ പരിപാടി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 13 വരെ നടപ്പിലാക്കി. 34 വകുപ്പുകളിലായി 184 പദ്ധതികൾ തെരഞ്ഞെടുത്തതിൽ 139 പദ്ധതികളും (75%), 240 പദ്ധതി ഘടകങ്ങളിൽ 195 എണ്ണവും (81%) നിശ്ചിത കാലയളവിൽ പൂർത്തിയാക്കുകയും 80559 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. രണ്ടാം നൂറുദിന കർമ്മ പരിപാടി 2022 ഫെബ്രുവരി 10 മുതൽ മേയ് 20 വരെ നടപ്പിലാക്കി. 40 വകുപ്പുകളിലായി 1564 പദ്ധതികൾ തെരഞ്ഞെടുത്തതിൽ 1276 പദ്ധതികളും (81%), 1921 പദ്ധതി ഘടകങ്ങളിൽ 1628 എണ്ണവും (94%) നിശ്ചിത കാലയളവിൽ പൂർത്തിയാക്കുകയും 464714 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

(ബി) മന്ത്രിസഭയുടെ രണ്ടാം വാർഷിക ദിനത്തിൽ അവസാനിക്കുന്ന വിധത്തിൽ സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പാക്കിയെന്ന് ഉറപ്പുവരുത്തുവാനും ഓരോ വകുപ്പും പരമാവധി പരിപാടികൾ നൂറുദിന പരിപാടികളുടെ ഭാഗമാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മൂന്നാം നൂറുദിന കർമ്മപരിപാടി കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി-ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ഡൽഹിയിലെ സർക്കാരിന്റെ പ്രത്യേക പ്രതിനിധികൾ**

4 (4) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി കേരള ഹൗസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണെന്നും ഇദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുള്ള ഔദ്യോഗിക കർത്തവ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഡൽഹി കേരള ഹൗസിന്റെ ചുമതല റസിഡന്റ് കമ്മീഷണർ സൗരഭ് ജയിൻ, ഐ.എ.എസ്.-നാണ്. 16-12-1991-ലെ സ.ഉ.(കൈ)നം.417/91/പൊ.ഭ.വ പ്രകാരം ന്യൂ ഡൽഹി കേരള ഹൗസിലെ റസിഡന്റ് കമ്മീഷണറുടെ ചുമതലകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു+.

(ബി) സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി റിട്ടയർ ചെയ്ത സിവിൽ സർവീസ് ഉദ്യോഗസ്ഥനെ ഡൽഹിയിൽ നിയമിച്ചിട്ടുണ്ടോ; ഇദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ എന്തൊക്കെയാണെന്നും നാളിതുവരെ ഇദ്ദേഹത്തിന്റെ സേവനങ്ങൾക്കായി സംസ്ഥാന സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് അറിയിക്കുമോ?

ഡൽഹി കേരള ഹൗസിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (വിദേശ സഹകരണം) എന്ന തസ്തികയിൽ റിട്ടയേർഡ് ഐ.എഫ്.എസ്. ഓഫീസർ ആയ ശ്രീ. വേണു രാജാമണിയെ 15-09-2021-ലെ സ.ഉ.(കൈ) നം.166/2021/പൊ.ഭ.വ. പ്രകാരം സംസ്ഥാന സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അദ്ദേഹത്തിന്റെ കർത്തവ്യങ്ങളും സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.+ നാളിതുവരെ അദ്ദേഹത്തിന്റെ സേവനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1. ഓണറേറിയം - 15,46,667/-
2. ടെലിഫോൺ ചാർജ് - 36,896/-
3. ഓഫീസ് ചെലവുകൾ - 73,728/-
4. യാത്രാ ബത്ത – 3,11,150/-
5. ജീവനക്കാരുടെ വേതനം - 71,370/-
6. ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റ പണികളുടെ ചെലവ് - 74,021/-
7. ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ് - 3,04,585/-

ആകെ തുക - 24,18,417/-

(സി) മേൽപ്പറഞ്ഞ രണ്ട് ഉദ്യോഗസ്ഥരെ കൂടാതെ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയായി ക്യാബിനറ്റ് റാങ്കോടുകൂടി മറ്റൊരാളെ ഡൽഹിയിൽ നിയോഗിക്കേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രതിനിധിയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്; അദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിരന്തരവും സൗഹാർദ്ദപൂർണ്ണവുമായ കേന്ദ്ര-സംസ്ഥാന ബന്ധം നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിലും ഉന്നതതലത്തിലുള്ള ഇടപെടൽ ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും കേന്ദ്ര സർക്കാർ മുമ്പാകെ വളരെ വ്യക്തമായി അവതരിപ്പിക്കേണ്ടത് കേന്ദ്രത്തിൽനിന്ന് അനുകൂല നടപടികൾ ഉറപ്പാക്കുന്നതിന് വളരെ അത്യന്താപേക്ഷിതവുമാണ്. ഈ സാഹചര്യത്തിലാണ് പ്രൊഫ. കെ. വി. തോമസിനെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ നിയമിച്ചത്. അദ്ദേഹത്തിന് ശമ്പളം നൽകേണ്ടതില്ലെന്നും ഓണറേറിയം നൽകിയാൽ മതിയാകുമെന്നും അറിയിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ**

5 (5) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

**കെ-റെയിൽ പദ്ധതിയുടെ പുരോഗതി**

6 (6) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സിൽവർ ലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടി റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയുമാണ്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അനുമതിപ്രകാരമുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കൽ, ജിയോ ടെക്നിക്കൽ പഠനം, C.R.Z. Mapping,

ഹൈഡ്രോളജിക്കൽ പഠനം, സമഗ്ര പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പ്ലാൻ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. റെയിൽവേയിൽനിന്നും അന്തിമാനുമതി ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി ഉൾപ്പെടെയുള്ള തുടർനടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) കെ-റെയിൽ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അംഗീകാരവുമായി ബന്ധപ്പെട്ട് 06-08-2020-ലെ കത്തുപ്രകാരം പദ്ധതിയുടെ അനുമതി പെട്ടെന്നുതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയുണ്ടായി. സിൽവർ ലൈൻ പദ്ധതിക്കായുള്ള റെയിൽവേ ഇക്വിറ്റി ആയ 2150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിനായി 29-11-2021-ന് കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ 06-12-2021-ലെ കത്തുപ്രകാരം പ്രധാനമന്ത്രിക്കും പദ്ധതി അംഗീകാരത്തിനായുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. സിൽവർ ലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം

മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുമ്പാകെ 24-03-2022-ന് നേരിട്ട് കൈമാറിയിരുന്നു. പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർ ലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ചചെയ്തു. കേരളത്തിന്റെ പുരോഗതിക്കായി ഈ പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സാധ്യമായ എല്ലാ പിന്തുണയും പ്രധാനമന്ത്രി വാഗ്ദാനം ചെയ്യുകയുണ്ടായി. 27-12-2022-ന് മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും സിൽവർ ലൈൻ പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്യുകയും പദ്ധതിയുടെ അന്തിമാനുമതി വേഗത്തിലാക്കണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുകയും ചെയ്തു.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ കെ-റെയിൽ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ കാലാവധി എത്രയെന്ന് വ്യക്തമാക്കാമോ?

സിൽവർ ലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സംസ്ഥാനത്തിന്റെ ഭാവി വികസനത്തിൽ കെ-റെയിൽ ഉണ്ടാക്കുന്ന മാറ്റം വിശദമാക്കാമോ?

നിലവിൽ 12-14 മണിക്കൂർ വേണ്ടിവരുന്ന അവസ്ഥയിൽനിന്ന് വിഭിന്നമായി വെറും മൂന്നുമണിക്കൂർ 54 മിനിറ്റുകൊണ്ട് സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേയ്ക്ക് യാത്ര ചെയ്യാൻ സാധ്യമാകുന്ന പദ്ധതിയാണ് സിൽവർ ലൈൻ. വെറും 1 മണിക്കൂർ 25 മിനിറ്റ് സമയം കൊണ്ട് എറണാകുളത്തുനിന്ന് തിരുവനന്തപുരത്തെത്താൻ സാധിക്കും. അതായത് സ്വന്തം നാട്ടിൽ താമസിച്ചുകൊണ്ട് വിദൂര ജില്ലകളിലെ ജോലി സ്ഥലത്തേയ്ക്ക് ദൈനംദിനം പോയി വരുവാനുള്ള സൗകര്യമൊരുങ്ങും. സൗകര്യപ്രദവും ലോകത്തെ ഏറ്റവും മലിനീകരണം കുറഞ്ഞതുമായ ഈ പൊതുഗതാഗത സംവിധാനം സംസ്ഥാനത്തെ അടുത്ത 50 വർഷത്തെ വികസനം മുന്നിൽ കണ്ടുള്ളതാണ്. പ്രവർത്തന വർഷംതന്നെ പ്രതിദിനം 80000 പേർ ആശ്രയിക്കും. ഇതിൽ റോഡുപയോഗിക്കുന്ന അരലക്ഷംപേർ സിൽവർ ലൈനിലേയ്ക്ക് മാറും. 12872 വാഹനങ്ങൾ ആദ്യവർഷം റോഡിൽനിന്ന് വിമുക്തമാക്കാൻ കഴിയും. അതുവഴി 530 കോടി രൂപയുടെ ഇന്ധനം പ്രതിവർഷം ലാഭിക്കുവാൻ സാധിക്കും. റോ റോ സർവ്വീസ് വഴി ദേശീയ പാതകളിൽനിന്ന് നീങ്ങുക 500-ഓളം ട്രക്കുകളാണ്. സിൽവർ ലൈൻ പദ്ധതി ഉപയോഗിക്കുകവഴി ദിവസേന 2800000 മണിക്കൂർ മനുഷ്യ സമയം ലാഭിക്കാൻ സാധിക്കും. ഇത്രയും സമയത്തെ മനുഷ്യ വിഭവശേഷി

മറ്റുതരത്തിൽ പ്രയോജനപ്പെടുത്താൻ പറ്റും. കൂടാതെ കേരളത്തിലെ നിരത്തുകളിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും അന്തരീക്ഷ മലിനീകരണവും കാർബൺ ബഹിർഗമനവും ഗണ്യമായി കുറയും. അതായത് 2025-ഓടെ 2.8 ലക്ഷം ടൺ കാർബൺ ബഹിർഗമനം ഇല്ലാതാകും. നൂറ് ശതമാനം പുനരുപയോഗ ഇന്ധന ഉപയോഗം ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കും. ഇത്തരത്തിൽ സിൽവർ ലൈൻ പദ്ധതി നിലവിൽ വരുന്നതോടെ സംസ്ഥാനത്തിന്റെ മുഖച്ഛായതന്നെ മാറുമെന്നുള്ളതാണ്.

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി**

7 (7) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

1. 17.263 ഹെക്ടർ വനഭൂമിയുടെ ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്.

2. പദ്ധതിയുടെ സമഗ്ര പാരിസ്ഥിതികാഘാത പഠനം എസ്.പി.വി. ആയ കെ.ആർ.സി.എൽ. നടത്തിവരുന്നു. 2023 ജൂലൈയിൽ പഠനം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
3. പദ്ധതിക്കാവശ്യമായി വരുന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതിയുടെ കോഴിക്കോട് ജില്ലയിൽപ്പെടുന്ന പ്രദേശത്ത് (ആനക്കാംപൊയിൽ) Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും റവന്യൂ വകുപ്പ് വിശദമായ മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. വയനാട് ജില്ലയിൽപ്പെടുന്ന (മേപ്പാടി) പ്രദേശത്ത് 11 (1) വിജ്ഞാപനം പുറപ്പെടുവിക്കാനായുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

(ബി) കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി അറിയിക്കുമോ?

ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ബംഗളൂരുവിലെ ഫോറസ്റ്റ് റീജിയണൽ ഓഫീസിന് അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

സമഗ്ര പാരിസ്ഥിതികാഘാത പഠനം ജൂലൈ 2023-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഭൂമി ഏറ്റെടുക്കലും നിയമപരമായ അനുമതികളും (വനം, പാരിസ്ഥിതിക) ലഭിച്ചാലുടൻ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കും.

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയ്ക്ക് വിദേശ സാങ്കേതിക വിദ്യ**

8 (8) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണത്തിന് വിദേശ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏത് മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനാണ് ധാരണയായിട്ടുള്ളതെന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. ഈ പദ്ധതിയുടെ അംഗീകരിക്കപ്പെട്ട ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) പ്രകാരം തുരങ്ക നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ N.A.T.M. (New Austrian Tunneling Method) ആണ്. ഇത് ലോകമെമ്പാടും അംഗീകരിക്കപ്പെട്ട ടണലിംഗ് രീതിയാണ്. കൂടാതെ തുരങ്കപാത നിർമ്മാണത്തിനായി നോർവീജിയൻ സാങ്കേതിക സഹകരണം പ്രയോജനപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**പാലമേൽ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന പദ്ധതി**

9 (9) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എന്തെങ്കിലും പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ Headquarters and Training Centre for the Urban Commandos ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പൈപ്പിലൂടെ പ്രകൃതിവാതക ഗാർഹിക വിതരണം ചെയ്യുന്നതിനുള്ള നടപടി**

10 (10) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ആദ്യഘട്ടമായി പൈപ്പിലൂടെ പ്രകൃതിവാതക ഗാർഹിക വിതരണ ശൃംഖല നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ചിറക്കൽ, പള്ളിക്കുന്ന്, പുഴാതി, വളപട്ടണം, അഞ്ചരക്കണ്ടി, കടമ്പൂർ, മുഴപ്പിലങ്ങാട്, ധർമ്മടം, പിണറായി, ചേലോറ, എടക്കാട്, എളയാവൂർ , മുണ്ടേരി, കൂടാളി, ചൊക്ലി, എരഞ്ഞോളി, കതിരൂർ, ന്യൂ മാഹി, പന്നിയൂർ എന്നീ പ്രദേശങ്ങളിൽ/പഞ്ചായത്തുകളിൽ ഗാർഹിക പ്രകൃതി വാതക വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സിറ്റി ഗ്യാസ് പദ്ധതി പ്രകാരം പൈപ്പിലൂടെ പ്രകൃതി വാതക വിതരണ ശൃംഖല നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 15, മുണ്ടേരി പഞ്ചായത്തിലെ വാർഡ് നമ്പർ 9 & 10, കൂടാളി പഞ്ചായത്തിലെ വാർഡ് നമ്പർ 13 & 14 എന്നീ സ്ഥലങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതിപ്രകാരം

പൈപ്പിലൂടെയുള്ള പ്രകൃതി വാതക ഗാർഹിക വിതരണ ശൃംഖല നടപ്പിലായിട്ടുണ്ട്.

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണം**

11 (11) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിന്റെ ഭാഗമായി സാമൂഹ്യാഘാത പഠനത്തിന് വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; സാമൂഹ്യാഘാത പഠനത്തിന്റെ മുന്നോടിയായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിമാനത്താവള നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(എ&ബി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി സർക്കാർ ആരംഭിച്ചുകഴിഞ്ഞു. കോട്ടയം ജില്ലയിൽ

കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ഏകദേശം 2570 ഏക്കർ വിസ്തൃതിയുള്ള ഭൂമി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുവാനും പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാമൂഹികാഘാത വിലയിരുത്തൽ പഠനം 20 ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കി, സാമൂഹികാഘാത വിലയിരുത്തൽ പ്ലാൻ സമർപ്പിക്കാൻ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**പുതുതായി സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ**

12 (12) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-ൽ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി**

13 (13) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ ഏതെല്ലാം തീവ്രയജ്ഞ പരിപാടികൾ എത്ര തവണകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് എല്ലാ വകുപ്പുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി 04-06-2022-ന് സ.ഉ.(കൈ)നം.11/2022/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ പ്രഖ്യാപനങ്ങൾകൊണ്ടുണ്ടായ ഫലം എന്താണെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രഖ്യാപനംവഴി സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടന്ന 1745294 ഫയലുകളിൽ 955671 ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. അനുബന്ധം (2) ആയി ചേർക്കുന്നു.+

(സി) ഇനിയും തീർപ്പാക്കാൻ എത്ര ഫയലുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഏതെല്ലാം വകുപ്പുകളിലാണ് ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നതെന്നും അവ പരിഹാരമില്ലാതെ അനന്തമായി നീളാൻ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) എത്രകാലമായി ഈ ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നു എന്ന് അറിയിക്കാമോ?

(സി&ഡി) വകുപ്പടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്.

(ഇ) ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; എത്രകാലമായി ഈ ഫയലുകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും ഏത് വകുപ്പുമായി ബന്ധപ്പെട്ട ഫയലുകളാണ് ഇവയെന്നും വെളിപ്പെടുത്തുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

31-03-2022 വരെ 175415 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നതിൽ 82401 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം - 3 ആയി ചേർക്കുന്നു+.

(എഫ്) ജില്ലകളിലും സെക്രട്ടേറിയറ്റിലും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുണ്ടാക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചട്ടങ്ങളുടെ സങ്കീർണ്ണത കാരണം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസമോ തടസ്സമോ ഉണ്ടെങ്കിൽ അവ കണ്ടെത്തി ലഘൂകരിക്കുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ വകുപ്പുതലത്തിൽ സമാഹരിച്ച് ബന്ധപ്പെട്ട സെക്രട്ടറിമാർ ചീഫ് സെക്രട്ടറിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും ചീഫ് സെക്രട്ടറി ഇത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**പൊതുജനങ്ങളുടെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ**

14 (14) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ പരാതികൾ മന്ത്രിമാർക്ക് നേരിട്ടല്ലാതെ നൽകുന്നതിനും അതിൽ തുടർനടപടി ഉറപ്പുവരുത്തുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുസംബന്ധിച്ച വിവരം പരാതിക്കാരെ അറിയിക്കുന്നതിനും ഓരോ വകുപ്പിലും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

1) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ cmo.kerala.gov.in എന്ന വെബ് പോർട്ടൽ വഴിയാണ് മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നത്. പരാതി സമർപ്പിക്കുന്നത് മുതൽ തീർപ്പാക്കുന്നതുവരെ ഓരോ നീക്കവും ഓൺലൈനായും SMS ആയും അറിയാനാകും. 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പറായ 1076 മുഖേനയും പരാതിയുടെ സ്ഥിതി അറിയാനാകും. പരാതി തീർപ്പാക്കുമ്പോൾ വിശദമായ മറുപടിയും പരാതിക്കാരന് ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കുന്ന പരാതികളുടെ ഗുണമേന്മ ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിലും വകുപ്പ് മേധാവികളുടെ ഓഫീസിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും വകുപ്പ് മേധാവികളുടേയും ജില്ലാ കളക്ടർമാരുടേയും യോഗം ചേർന്ന് പരാതികളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി തീർപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

2) പൊതുജനങ്ങൾക്ക് പരാതികൾ റവന്യൂ വകുപ്പുമന്ത്രിക്ക് ഓൺലൈനായി നൽകുന്നതിനും തുടർനടപടികൾ വില്ലേജ് ഓഫീസർമാർ

വരെ സ്വീകരിക്കുന്നത് ഉറപ്പുവരുത്തുന്നതിനും റവന്യൂ വകുപ്പിന്റെ കീഴിൽ "റവന്യൂ മിത്രം" എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. പൊതുജനങ്ങൾക്ക് യൂസർ ഫ്രണ്ട്‌ലിയായി രജിസ്റ്റർ ചെയ്തുകൊണ്ട് പരാതികൾ അയയ്ക്കുന്നതിന് ഈ പോർട്ടൽവഴി സാധിക്കുന്നു. എല്ലാ കളക്ടറേറ്റുകളിലും റവന്യൂ മിനിസ്റ്റർ സെൽ (ആർ.എം. സെൽ) എന്ന പേരിൽ ഒരു വിംഗ് രൂപീകരിച്ചിട്ടുള്ളതും അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

3) പൊതുമരാമത്ത് വകുപ്പിൽ പൊതുജനങ്ങൾക്കും വകുപ്പുമന്ത്രിക്കും ഉദ്യോഗസ്ഥർക്കും റോഡുകളെപ്പറ്റിയും മറ്റ് ആസ്തികളെപ്പറ്റിയുമുള്ള പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് പി.ഡബ്ല്യു.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് 07-06-2021 മുതൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പരാതികൾ നേരിട്ട് ഫോൺ വിളിച്ച് മന്ത്രിയെ അറിയിക്കുന്നതിന് റിംഗ് റോഡ് എന്ന ഫോൺ-ഇൻ-പ്രോഗ്രാമും പ്രതിമാസം നടത്തുന്നുണ്ട്. ആപ്പ് വഴി ലഭിക്കുന്ന പരാതികളുടെ നിജസ്ഥിതിയും പരിഹരിക്കുന്നതിന്റെ വിവരങ്ങളും പരാതിക്കാരന് ആപ്പിൽ ലോഗിൻ ചെയ്ത് എപ്പോൾ വേണമെങ്കിലും കാണാവുന്നതാണ്. ഫോൺവഴി ലഭിക്കുന്ന പരാതികൾ പരിഹരിച്ച് പരാതിക്കാരനെ നേരിട്ട് വിളിച്ച് അറിയിക്കുന്നതാണ്. ഓൺലൈനായി

ലഭിക്കുന്ന പരാതികൾ ഉദ്യോഗസ്ഥതലത്തിൽ പരിഹരിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓരോ ജില്ലയുടെയും ചുമതലയുള്ള റോഡ് മെയിന്റനൻസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഇതിന്റെ ഏകോപനം നിർവ്വഹിക്കുന്നു. സംസ്ഥാനതലത്തിൽ ഇതിന്റെ ഏകോപനം നടത്തുന്നതിന് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4) ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്ക് പൊതുജനങ്ങൾ ഓൺലൈനായും (ഇ-മെയിൽ മാർഗ്ഗം) തപാൽ മാർഗ്ഗവും സമർപ്പിക്കുന്ന പരാതികൾക്കും നിവേദനങ്ങൾക്കും തുടർനടപടികൾ സ്വീകരിക്കുന്നത് പൂർണ്ണമായും ഓൺലൈൻവഴി മാത്രമാണ്. എല്ലാ പരാതികളും/നിവേദനങ്ങളും പ്രോസസ്സ് ചെയ്യുമ്പോൾതന്നെ പരാതി/നിവേദനം സമർപ്പിച്ച വ്യക്തികൾക്ക് പരാതിയുടെ ഡോക്കറ്റ് നമ്പറും ആർക്കാണ് ഈ പരാതി/നിവേദനം തുടർനടപടി സ്വീകരിക്കുന്നതിന് കൈമാറിയിട്ടുള്ളത് എന്ന വിവരം അടങ്ങുന്ന അക്നോളഡ്ജ്മെന്റ് കാർഡ് തപാൽ മാർഗ്ഗം അറിയിക്കുകയും കൂടാതെ അപേക്ഷകന്റെ മൊബൈൽ നമ്പറിൽ പ്രസ്തുത വിവരം അടങ്ങുന്ന S.M.S.-ഉം അയയ്ക്കുന്നതിനുള്ള സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ

തീർപ്പുകൽപ്പിക്കുന്നതുവരെ ഓരോ ഘട്ടത്തിനും അപേക്ഷകന് ഇതിന്റെ സ്റ്റാറ്റസ് S.M.S. വഴി മൊബൈലിൽ ലഭ്യമാകും.

5) ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ ഔദ്യോഗിക മെയിലിൽ ലഭിക്കുന്ന പരാതികൾ ബഹുമാനപ്പെട്ട മന്ത്രി കണ്ടതിനുശേഷം വകുപ്പ് സെക്രട്ടറിമാർക്കോ, വകുപ്പ് മേധാവികൾക്കോ ഉചിതമായ തുടർനടപടികൾക്കായി കൈമാറുകയും ഇങ്ങനെ കൈമാറിയിട്ടുള്ള പരാതികളുടെ ഫയൽ നമ്പറും മറ്റുവിവരങ്ങളും പരാതിക്കാരനെ തപാൽ മാർഗ്ഗേന അറിയിക്കുകയും ചെയ്യുന്നുണ്ട്.

6) വൈദ്യുതി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഓൺലൈനായി പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഈ ആഫീസിൽ സജ്ജമായിട്ടില്ല. എന്നാൽ ഈ-മെയിൽ മുഖേന ലഭിക്കുന്ന പരാതികൾക്ക് മറുപടി കത്ത് മുഖാന്തരം നൽകുന്നുണ്ട്.

7) ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെ ഓഫീസിൽ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന ഓൺലൈൻ പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് അയയ്ക്കുകയും നടപടി സ്വീകരിക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തുകയും ചെയ്യുന്നു. ടി വിവരം പരാതിക്കാരെ യഥാസമയം അറിയിക്കുകയും ചെയ്യുന്നു.

8) കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഓൺലൈനായി പരാതി നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. പൊതുജനങ്ങൾ നിലവിൽ, നേരിട്ടും തപാൽ മുഖേനയും മന്ത്രിയുടെ ഇ-മെയിൽ മുഖാന്തരവുമാണ് പരാതികൾ നൽകിവരുന്നത്.

9) ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ ഒഫീഷ്യൽ മെയിൽ ഐ.ഡി. മുഖേനയും താപൽ വഴിയും നേരിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കിട്ടിയ പരാതികളുടെ മറുപടി ഒഫീഷ്യൽ മെയിൽ, മറുപടി കത്ത്, ഫോൺ മാർഗ്ഗം എന്നിങ്ങനെ പരാതിക്കാരെ അവരുടെ പരാതികളുടെ നിജസ്ഥിതി അറിയിക്കുകയും ചെയ്തുവരുന്നു.

10) ബഹുമാനപ്പെട്ട സഹകരണ, രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് ഇ-മെയിൽ മുഖേന ലഭിക്കുന്ന പരാതിക്ക് കത്ത് മുഖേന മറുപടി നൽകി വരുന്നു.

11) ബഹുമാനപ്പെട്ട ഫിഷറീസ്, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്ക് നേരിട്ടല്ലാതെ തപാലിലൂടെയും ഇ-മെയിലിലൂടെയും പരാതികൾ സമർപ്പിക്കുന്നതിനും ലഭിച്ച പരാതികൾ സംബന്ധിച്ച

തുടർനടപടികൾ പരാതിക്കാരെ അറിയിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

12) ബഹുമാനപ്പെട്ട തുറമുഖം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രിയുടെ ഓഫീസിൽ പൊതുജനങ്ങളുടെ പരാതികൾ നേരിട്ട് ഓഫീസിൽ എത്തിക്കുന്നതിനും തപാൽ മുഖേന അയയ്ക്കുന്നതും കൂടാതെ മന്ത്രിയുടെ ഇ-മെയിൽ വിലാസമായ min.sports@kerala.gov.in എന്നതിലേയ്ക്കും വാട്സ് ആപ് നമ്പറായ 9400552200 എന്നതിലേയ്ക്കും ഓഫീസിലെ ടെലഫോൺ നമ്പരിലേയ്ക്കും പരാതികൾ അറിയിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടികൾ കത്ത് മുഖേനയും പോസ്റ്റ് കാർഡ് മുഖേനയും ഇ-മെയിൽ വിലാസത്തിൽ വരുന്നവ ആയത് വഴിയും ടെലഫോൺ മുഖാന്തരവും പരാതിക്കാരെ അറിയിക്കാറുണ്ട്.

13) ബഹുമാനപ്പെട്ട വനം, എക്സൈസ് വകുപ്പുമന്ത്രിക്ക് പൊതുജനങ്ങളിൽനിന്നും ഇ-മെയിൽ, തപാൽ മുഖാന്തരമായും പരാതികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി പ്രത്യേകം ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

മറ്റ് മന്ത്രിമാരുടെ ഓഫീസുകളിൽ പൊതുജനങ്ങളിൽനിന്നും ഇ-മെയിൽ, തപാൽ എന്നിവ മുഖാന്തരം നിവേദനങ്ങൾ/അപേക്ഷകൾ

സ്വീകരിക്കുന്നുണ്ട്. ആയതിലെ പുരോഗതി സംബന്ധിച്ച വിവരം പരാതിക്കാരെ യഥാസമയം അറിയിക്കുന്നുമുണ്ട്.

(ബി) ഓരോ മന്ത്രിമാർക്കും ഇതേവരെ ലഭിച്ച പരാതികളുടെ എണ്ണമെത്രയെന്നും അതിൽ പരിഹരിക്കപ്പെട്ടവ എത്രയെന്നും അറിയിക്കാമോ?

1) സി.എം.ഒ. പോർട്ടൽ നിലവിൽ വന്ന 2016 ജൂൺ മുതൽ നാളിതുവരെ 481602 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ലഭിച്ച 131204 പരാതികളും ഉൾപ്പെടുന്നു. നിലവിൽ തുടർനടപടി സ്വീകരിച്ചുവരുന്നത് 9219 പരാതികളിലാണ്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനത്തിൽ ലഭിച്ച പരാതികളിൽ 98 ശതമാനവും തീർപ്പാക്കിയിട്ടുണ്ട്.

2) ബഹുമാനപ്പെട്ട ഫിഷറീസ്, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ 05-01-2023 മുതൽ 25-01-2023 വരെയുള്ള കാലയളവിൽ 315 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

3) ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിക്ക് ആകെ 9871 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

4) ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ഓഫീസിൽ 25-05-2021 മുതൽ 31-12-2022 വരെ 4236 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

5) ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5925 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

6) ബഹുമാനപ്പെട്ട തുറമുഖ, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഇതുവരെ 5770 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

7) ബഹുമാനപ്പെട്ട സഹകരണ, രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ ഓഫീസിൽ 19297 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിന്മേൽ

തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

8) ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ ഒഫീഷ്യൽ ഇ-മെയിൽ വഴി 2000 പരാതികളും ജനറൽ പരാതികളായി 1050 പരാതികളും വിവിധ മന്ത്രിമാരുടെ ഓഫീസുകളിൽനിന്നും എം.എൽ.എ.-മാരിൽനിന്നും എം.പി.-മാരിൽനിന്നും 598 പരാതികളും ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിൽനിന്നും 500 പരാതികളും ലഭിച്ചിട്ടുണ്ട്. അവയെല്ലാംതന്നെ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് പരിഹരിച്ചുകൊണ്ടിരിക്കുന്നു.

9) ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് 25-05-2021 മുതൽ 27-01-2023 വരെ തപാൽ മുഖേന 2434-ഉം ഇ-മെയിൽ മുഖേന 2585-ഉം നേരിട്ട് 8644-ഉം അപേക്ഷകൾ ലഭിക്കുകയുണ്ടായി. അവയെല്ലാംതന്നെ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് പരിഹരിച്ചുകൊണ്ടിരിക്കുന്നു.

10) ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിൽ 30-01-2023 വരെ 14169 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

11) ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രിയുടെ ഓഫീസിൽ 29-01-2023 തീയതി വരെ 28379 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ലഭിച്ച പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

12) ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക ഇ-മെയിൽ (min-hlth@kerala.gov.in) മുഖേന ഓൺലൈനായും തപാൽ വഴിയും പൊതുജനങ്ങളുടെ പരാതികൾ സ്വീകരിച്ചുവരുന്നു. തപാൽവഴി സ്വീകരിച്ച പരാതികളുടെ തപാൽ നമ്പറുൾപ്പെടെയുള്ള വിവരങ്ങൾ തപാൽ വഴിയും ഇ-മെയിൽ വഴി സ്വീകരിച്ചവയ്ക്ക് തിരിച്ച് ഇ-മെയിൽ വഴിയും മറുപടി നൽകിവരുന്നു. 24-01-2023 വരെ 23202 (CMO പോർട്ടൽ പരാതികൾ ഉൾപ്പെടെ) പരാതികൾ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

13) ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഇതുവരെയായി നേരിട്ടും ഓൺലൈനായും 7648 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്.

14) ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നേരിട്ട് 26614 പൊതുപരാതികളും 5603 വി.ഐ.പി. പരാതികളും റവന്യൂ മിത്രം പോർട്ടൽ വഴി 601 പരാതികളും റവന്യൂ റിക്കവറി

സംബന്ധിച്ച് 5603 എണ്ണം പരാതികളും/നിവേദനങ്ങളും സി.എം.ഡി.ആർ.എഫ്. സംബന്ധിച്ച് 5567 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്. മറ്റ് മന്ത്രിമാരുടെ ഓഫീസുകളിലെ വിവരങ്ങളും പരിഹരിച്ച പരാതികളുടെ എണ്ണവും ശേഖരിച്ചുവരുന്നു.

(സി) പരാതികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനും പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ ഓരോ ഘട്ടവും അറിയുന്നതിനും കഴിയുമായിരുന്ന പഴയ ഓൺലൈൻ സംവിധാനം മാറ്റാനുണ്ടായ കാരണം വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനത്തിൽ ഈ സൗകര്യങ്ങൾ ലഭ്യമാണ്.

**ഇ-ഫയൽ സംവിധാനം**

15 (15) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വകുപ്പുകളിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, കളക്ടറേറ്റുകൾ, സബ് കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇ-ഫയൽ സംവിധാനം നടപ്പിലാക്കിവരുന്നു.

(ബി) എല്ലാ വകുപ്പുകളിലും ഏകീകൃത ഇ-ഫയൽ സംവിധാനമാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനമാണ് നിലവിൽ വകുപ്പുകളിൽ നടപ്പിലാക്കി വരുന്നത്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ചുമതല കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷനാണ്.

(സി) പ്രസ്തുത സംവിധാനത്തിൽ പൊതുജനങ്ങൾക്ക് അവരുമായി ബന്ധപ്പെട്ട ഫയൽ ഏത് ഉദ്യോഗസ്ഥന്റെ പക്കലാണെന്നും ടിയാൾ

എത്രസമയം ഫയൽ കൈവശം വച്ചിരുന്നുവെന്നും അറിയാനുള്ള സംവിധാനമുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ/തപാൽ തിരയൽ സംവിധാനംവഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്നും ഓരോ ഉദ്യോഗസ്ഥനും എത്ര സമയം ഫയൽ കൈവശം വച്ചിരുന്നുവെന്നുമുള്ള വിവരങ്ങൾ അറിയാൻ സാധിക്കും.

**ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങൾ**

16 (16) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങൾ സെക്രട്ടേറിയറ്റ് പരിസരത്തുനിന്നും മറ്റ് ഓഫീസ് പരിസരങ്ങളിൽനിന്നും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് കാരണം മറ്റ് വാഹനങ്ങൾക്ക് പാർക്കിംഗിന് സ്ഥലം ലഭ്യമല്ലാതാകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. 16-08-2021-ലെ ജി.ഒ.(എം.എസ്)നം.91/2021/ഫിൻ, 28-10-2021-ലെ 99/2021/ധന നമ്പർ സർക്കുലർ എന്നിവ പ്രകാരം ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങൾ M/s.MSTC Ltd വഴി ലേലംചെയ്ത് നീക്കംചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആശ്രിത നിയമനം**

17 (17) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ, സംഘടന നേതാക്കന്മാരുമായി നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ?

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ, സർവീസ് സംഘടനകളുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. യോഗത്തിൽ സർവീസ് സംഘടനകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

(ബി) സംസ്ഥാനത്ത് ആശ്രിത നിയമനത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണം വ്യക്തമാക്കാമോ?

ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനുള്ള തുടർനടപടി കൈക്കൊള്ളുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ലഭിച്ചിട്ടുള്ള അപേക്ഷകരുടെ ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

**ആശ്രിത നിയമനം**

18 (18) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവീസിലിരിക്കേ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിലെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് 24-05-1999-ലെ G.O.(P)No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പിൽ) നിലവിലുള്ളതോ/തൊട്ടടുത്ത്

ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേയ്ക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ (CE സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകുവാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിന്മേൽ 29-06-2018-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകൾ മാത്രമേ ആശ്രിത നിയമനത്തിന് നീക്കിവയ്ക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകർക്ക് നിയമനം നൽകാനുണ്ടെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ?

ജീവനക്കാരൻ ജോലി ചെയ്ത വകുപ്പിലാണ് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സ്വീകരിച്ച് നിയമനത്തിനുള്ള തുടർനടപടി സ്വീകരിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ലഭിച്ച അപേക്ഷകളും നിയമനം നൽകിയവരുടെ എണ്ണവും ക്രോഡീകരിച്ചിട്ടില്ല.

**ആശ്രിത നിയമനം**

19 (19) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആശ്രിത നിയമനത്തിനായി ഓരോ വകുപ്പിലും ധാരാളം അപേക്ഷകർ നിലവിലുള്ളത് കണക്കിലെടുത്ത് അവർക്ക് വേഗത്തിൽ ജോലി ലഭ്യമാക്കുന്നതിനും ആശ്രിത നിയമനത്തിന് പുതിയ മാനദണ്ഡം കൊണ്ടുവരുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകളുടെ പശ്ചാത്തലത്തിൽ പൊതു തസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന്

കാലതാമസമുണ്ടാകുന്നുണ്ട്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുടെ ഒരു യോഗം ചീഫ് സെക്രട്ടറി വിളിച്ചുചേർത്തിരുന്നു. യോഗത്തിൽ സർവീസ് സംഘടനകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

## സിവിൽ സർവീസ് മേഖലയിൽ മലയാളികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് നടപടി

20 (20) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഐ.എ.എസ്., ഐ.പി.എസ്. പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്.

(ബി) സിവിൽ സർവീസ് മേഖലയിൽ മലയാളികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കേരളത്തിലെ സിവിൽ സർവ്വീസ് ഉദ്യോഗാർത്ഥികൾക്ക്, ഗുണനിലവാരമുള്ള കോച്ചിംഗ് നൽകുകയെന്ന ഉദ്ദേശ്യത്തോടെ, 2005-ൽ

കേരള സർക്കാർ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ (സി.സി.ഇ.കെ.) കീഴിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി സ്ഥാപിച്ചു. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി അതിന്റെ തുടക്കം മുതൽത്തന്നെ, കേന്ദ്ര സിവിൽ സർവ്വീസിലെ ഉന്നത സ്ഥാനങ്ങളിലെത്തുന്നതിൽ യുവമനസ്സുകളെ വാർത്തെടുക്കുന്നതിൽ മികവിന്റെ കേന്ദ്രമായി ഇടം നേടിയിട്ടുണ്ട്. രാജ്യത്തെ മുൻനിര സിവിൽ സർവ്വീസുകളിൽ കേരളത്തിന്റെ പ്രാതിനിധ്യം തുച്ഛമായിരിക്കുകയും പരിശീലന കേന്ദ്രങ്ങൾ ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ അക്കാഡമി ആരംഭിച്ചത്. സംസ്ഥാനത്തെ മറ്റ് ജില്ലകളിലേയ്ക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള വ്യാപകമായ ആവശ്യം കണക്കിലെടുത്ത് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ അക്കാഡമിയുടെ ഉപകേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗാർത്ഥികൾക്ക് താരതമ്യേന മിതമായ നിരക്കിൽ മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുക എന്നതാണ് അക്കാഡമിയുടെ സ്ഥാപിത ലക്ഷ്യം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. യു.പി.എസ്.സി. മെയിൻസ് പാസ്സായ കുട്ടികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവീസ്

അക്കാഡമിയുടെ "അഡോപ്ഷൻ സ്കീം" പ്രകാരം, അഭിമുഖ പരിശീലനവും U.P.S.C. ഡൽഹിയിൽവച്ച് നടത്തുന്ന ഇന്റർവ്യൂവിന് പോയിവരുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ എയർ ടിക്കറ്റ് ചാർജ്, ഡൽഹി കേരള ഹൗസിലെ താമസം, ഭക്ഷണം എന്നിവയ്ക്കുള്ള ചെലവും സിവിൽ സർവ്വീസ് അക്കാഡമി വഹിച്ചുവരുന്നു.

**റീബിൽഡ് കേരള പദ്ധതി**

21 (21) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

22 (22) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് പുതുതായി ഏതെങ്കിലും പ്രവൃത്തികൾ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തലങ്ങളിൽ പരിശോധിച്ച് പദ്ധതിയുടെ യോഗ്യത, ഫണ്ട് ലഭ്യത എന്നിവ വിലയിരുത്തി അവ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

23 (23) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രവൃത്തികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മാവേലിക്കര മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ നവീകരിക്കുന്ന വിഷയം പരിഗണിക്കുമോ?

(എ&ബി) വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നീ തലങ്ങളിൽ പരിശോധിച്ച് പദ്ധതിയുടെ യോഗ്യത, ഫണ്ട് ലഭ്യത എന്നിവ വിലയിരുത്തി പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ

ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കപ്പെട്ട മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി**

24 (24) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെങ്കിലും പ്രവൃത്തികൾക്ക് പുതുതായി അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ അവ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) പുതുതായി അനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇവയിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-ഡി) വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) റീബിൽഡ് കേരളയുടെ രണ്ടാം ഘട്ടത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) റീബിൽഡ് കേരള അടുത്ത ഘട്ടത്തിൽ കൂടുതൽ പദ്ധതികൾ വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ വിവിധ വകുപ്പുകളുടേതായി നാളിതുവരെ 8034 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കവയും ബഹുവർഷ പദ്ധതികളാണ്. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നീ തലങ്ങളിൽ പരിശോധിച്ച് പദ്ധതി നിർദ്ദേശങ്ങളുടെ യോഗ്യത, ഫണ്ട് ലഭ്യത തുടങ്ങിയവ കണക്കിലെടുത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ മണ്ഡലാടിസ്ഥാനത്തിലല്ല പരിഗണിക്കുന്നത്.

**ആലമ്പള്ളം പാലം**

25 (25) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ ആലമ്പള്ളം പാലത്തിന്റെ പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പണി തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് പാലം പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ&ബി) പാലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ഡിസൈൻ ചെയ്യുന്നതിനായി കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോതമംഗലം നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി**

26 (26) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ മണികണ്ഠം ചാൽ-വെള്ളാരം കുത്ത് റോഡ് ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) എറണാകുളം ജില്ലയിൽ കോതമംഗലം നിയോജകമണ്ഡലത്തിലുൾപ്പെട്ട മണികണ്ഠം ചാൽ - വെള്ളാരംകുത്ത് റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, റീബിൽഡ് കേരള (തദ്ദേശ സ്വയംഭരണ വകുപ്പ്)-ന് കൈമാറിയിരുന്നു. എന്നാൽ ഈ റോഡിന്റെ ഭൂരിഭാഗവും കുട്ടമ്പുഴ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇന്റർലോക്ക് ടൈൽസ് ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്തിട്ടുള്ളതാണ്. അവശേഷിക്കുന്ന റോഡിന്റെ നീളം 500 മീറ്ററിന് താഴെ മാത്രമേ വരുന്നുള്ളൂ. മൂന്ന് മീറ്ററിൽ കുറവ് വീതിയും ഒരു കിലോമീറ്ററിൽ കുറവ് നീളവുമുള്ള റോഡുകൾ ആർ.കെ.ഐ.പി.എം.യു. മുഖേന പുനർനിർമ്മിക്കേണ്ടതില്ല എന്നും പ്രസ്തുത റോഡുകൾ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന അറ്റകുറ്റപ്പണി

നടത്തിയാൽ മതിയാകുമെന്നും ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽപരാമർശിച്ച റോഡ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) റീബിൽഡ് കേരള പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) റീബിൽഡ് കേരള പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിൽനിന്ന് കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ഡി&ഇ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ വിവിധ വകുപ്പുകളുടേതായി നാളിതുവരെ 8034 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കവയും ബഹുവർഷ പദ്ധതികളാണ്. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ

എന്നീ തലങ്ങളിൽ പരിശോധിച്ച് പദ്ധതി നിർദ്ദേശങ്ങളുടെ യോഗ്യത, ഫണ്ട് ലഭ്യത തുടങ്ങിയവ കണക്കിലെടുത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

27 (27) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം നടന്നുവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം ഓരോ പ്രവൃത്തികളും തരംതിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് പ്രവൃത്തികൾ ഏതൊക്കെ പഞ്ചായത്തിലെ ഏതൊക്കെ വാർഡുകളിലാണ് നടപ്പിലാക്കുന്നതെന്ന് തരംതിരിച്ച് വിശദമാക്കാമോ?

(എ-സി) കുണ്ടറ മണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ റോഡുകളൊന്നും ഏറ്റെടുത്തിട്ടില്ല.

**സയൻസ് പാർക്ക് ആരംഭിക്കാൻ നടപടി**

28 (28) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ 2022-23 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച സയൻസ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

2022-23 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുസമീപം സയൻസ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിനനുസരിച്ച്, കണ്ണൂർ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമീപം സയൻസ് പാർക്ക് ആരംഭിക്കുന്നതിനുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതോടൊപ്പം കേരള യൂണിവേഴ്സിറ്റിയുമായി ചേർന്ന് തിരുവനന്തപുരത്തും കുസാറ്റുമായി ചേർന്ന്

എറണാകുളത്തും ഓരോ സയൻസ് പാർക്ക് തുടങ്ങുന്ന വിഷയവും സർക്കാർ സജീവമായി പരിഗണിക്കുന്നു.

**ബഫർസോൺ വിഷയത്തിൽ കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ**

29 (29) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബഫർസോൺ വിഷയത്തിൽ കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ (പരിസ്ഥിതി സംവേദക മേഖല) നിജപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനവാസ

മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് മലബാർ, ഇടുക്കി, ആറളം, കൊട്ടിയൂർ, ശെന്തുരുണി, തട്ടേക്കാട്, പെരിയാർ (പെരിയാർ ദേശീയ ഉദ്യാനം & പെരിയാർ വന്യജീവി സങ്കേതം), വയനാട്, സൈലന്റ്‌വാലി, പറമ്പിക്കുളം, നെയ്യാർ, പേപ്പാറ, ചൂലന്നൂർ, പീച്ചി, ചിമ്മിനി, മംഗളവനം എന്നീ 17 വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോട് കൂടിയുള്ള 15 കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സ്വീകരിച്ചുവരികയുമാണ്. മറ്റ് വന്യജീവി സങ്കേതങ്ങളുടെ കാര്യത്തിൽ ജനവാസ മേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കരട് ഭേദഗതി നിർദ്ദേശം ആവശ്യമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ജനവാസ മേഖലകളെയും കൃഷിസ്ഥലങ്ങളെയും ഒഴിവാക്കിയാണ് പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി വിദഗ്ധ സമിതി യോഗങ്ങൾ ചേരുകയും ആവശ്യപ്പെട്ട അധിക വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസമേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്ത

ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടുംഷോല, ആനമുടിഷോല, തട്ടേക്കാട് എന്നിവയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന് വിദഗ്ദ്ധ സമിതി യോഗത്തിൽ തത്വത്തിൽ തീരുമാനമായിരുന്നു. അപ്രകാരം ഭേദഗതി ചെയ്ത് സംസ്ഥാനത്തുനിന്നും സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കെയാണ് ദേശീയ ഉദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽനിന്നും ഒരു കിലോമീറ്റർ ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ W.P. (C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധി ലഭിക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ E.S.Z.-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള

സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (K.S.R.E.C.) ധാരണാപത്രത്തിൽ ഏർപ്പെട്ടു. ടി യോഗതീരുമാന പ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ

ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനംവകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് വനം, നിയമം, ജലവിഭവം, കൃഷി വകുപ്പുമന്ത്രിമാരെയും വനം, നിയമം, ജലവിഭവം, കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ, എക്സൈസ്, ഭവനനിർമ്മാണം, വ്യവസായം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരെയും അഡ്വക്കേറ്റ് ജനറൽ, സുപ്രീം കോടതിയുടെ സ്റ്റാൻഡിംഗ് കൗൺസൽ എന്നിവരെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന

ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (K.S.R.E.C.) കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെ തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സ.ഉ.(സാധാ.) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ദ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും

ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ആകെ ലഭിച്ച 63985

പരാതികളിൽ 61596 പരാതികൾക്ക് 30-01-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (K.S.R.E.C.) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. 28-12-2022-ലെ സ.ഉ.(സാധാ)നം.580/2022/വനം പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച പുന:പരിശോധനാ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി**

30 (30) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കാത്തതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 30-09-2019-ലെ S.O.നം. 3903(E) വിജ്ഞാപനപ്രകാരം പുന:സംഘടിപ്പിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 29-10-2022-ന് അവസാനിച്ചു. 29-10-2022-ന് കൂടിയ കമ്മിറ്റിയുടെ അവസാനത്തെ യോഗത്തിൽ അതുവരെ ലഭിച്ച പൂർണ്ണമായ അപേക്ഷകൾ പരമാവധി പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ യോഗത്തിൽ സമർപ്പിക്കുവാൻ കഴിയാത്തതും 29-10-2022-നുശേഷം ലഭിച്ചതുമായ അപേക്ഷകൾ മാത്രമാണ് നിലവിൽ തീർപ്പാക്കാനാകാതെ കേരള തീരദേശ പരിപാലന അതോറിറ്റിയിലുള്ളത്.

(ബി) കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി അടിയന്തരമായി പുന:സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനായി അംഗങ്ങൾ, വിദഗ്ധ അംഗങ്ങൾ, നിയമ വിദഗ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന മന്ത്രാലയം തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

## തീരദേശ പരിപാലന നിയമം

31 (31) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമംമൂലം പ്രതിസന്ധിയിലായ ജനങ്ങൾക്ക് കേന്ദ്ര സർക്കാരുമായി ഇടപെട്ട് ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

18-01-2019-ലെ G.S.R No. 37 (E) വിജ്ഞാപന പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ദൂരപരിധിയിൽ ഇളവുവരുത്തിക്കൊണ്ട് C.R.Z. വിജ്ഞാപനം 2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. C.R.Z. വിജ്ഞാപനം 2019 അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജനസാന്ദ്രത കൂടിയ 175 തീരദേശ പഞ്ചായത്തുകളെ C.R.Z. II കാറ്റഗറിയായി തരംമാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം C.R.Z. II-ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര

വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതിക കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്കുകൂടി ഇളവ് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. പൊക്കാളി/കൈപ്പാട് പാടങ്ങളുടെ ബണ്ട്/സ്ലൂയിസ് ഗേറ്റുകളുടെ H.T.L.-ന്റെ അതിർത്തി 1991-നുമുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഇളവുകളും 2019 C.R.Z. വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവുകളും ഉൾപ്പെടുത്തിയ 2019 തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്നമുറയ്ക്ക് ഈ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്നതാണ്.

(ബി) ലൈഫ് ഭവന പദ്ധതികളിൽ പ്രസ്തുത നിയമം പ്രതികൂലമായി ബാധിക്കുന്ന അപേക്ഷകർക്ക് ഇളവുകൾ നൽകാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം (MoEF&CC) കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന C.R.Z. വിജ്ഞാപനത്തിന്റെ വ്യവസ്ഥകൾക്ക്

വിധേയമായാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത്.

**സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി**

32 (32) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാകേണ്ട അപേക്ഷകൾ എത്രയെന്ന് ജില്ല അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാകേണ്ട അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | വിവിധ പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം | ജില്ലാതല കമ്മിറ്റിയിൽനിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 22 | 44 |
| കൊല്ലം | 17 | 54 |
| ആലപ്പുഴ | 20 | 458 |
| എറണാകുളം | 14 | 151 |
| കോട്ടയം | 0 | 1 |
| തൃശ്ശൂർ | 12 | 57 |
| മലപ്പുറം | 11 | 0 |

| | | |
|---|---|---|
| കോഴിക്കോട് | 25 | 150 |
| കണ്ണൂർ | 21 | 92 |
| കാസർഗോഡ് | 12 | 29 |

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എന്നത്തേയ്ക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി അവസാനിച്ചതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുതിയ കമ്മിറ്റി പുന:സംഘടിപ്പിക്കുന്നമുറയ്ക്ക് അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നെന്ന് വ്യക്തമാക്കുമോ;

(ഡി) അതോറിറ്റി പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

(സി&ഡി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 30-09-2019-ലെ S.O.No.3903 (E) വിജ്ഞാപന പ്രകാരം പുന:സംഘടിപ്പിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 29-10-2022-ന് അവസാനിച്ചു. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനായി

അംഗങ്ങൾ, വിദഗ്ദ്ധ അംഗങ്ങൾ, നിയമ വിദഗ്ദ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ഇ) വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്ന് സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾക്ക് അനുമതി നൽകേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

അതത് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുഖേനയാണ് തീരദേശ പരിപാലന അതോറിറ്റിയുടെ സംസ്ഥാന കമ്മിറ്റി/ജില്ലാതല കമ്മിറ്റികളിൽ അപേക്ഷകൾ ലഭിക്കുന്നത്. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ**

33 (33) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ?

പ്ലാൻ സ്കീമുമായി ബന്ധപ്പെട്ട് "Study on the Impact of Heavy Flood on Environmental Characteristics of Vembanad Back Water", "Hydrochemistry of Vembanad Backwater with Special Reference to Pollution Problems and its Managements Measures" എന്നീ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

കാപ്പിത്തോട് നവീകരണത്തിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് അനുവദിച്ച 40 ലക്ഷം രൂപയിൽ 2,70,338/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

അരൂർ ചന്തിരൂർ ACCEPT Society-യ്ക്ക് കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പി.സി.ബി. 3 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും നാളിതുവരെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല . ഇതുകൂടാതെ ദേശീയ-സംസ്ഥാന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലെ ജലസ്രോതസ്സുകളുടെയും അന്തരീക്ഷവായുവിന്റെയും ഗുണനിലവാരവും ബോർഡ് തിട്ടപ്പെടുത്തി വരുന്നു. S.W.M.P. (State Water Monitoring Programme) പ്രകാരം മണിമല ആറിലെ 8 സ്റ്റേഷനുകളിൽ

(പോയിന്റുകളിൽ) നിന്നും Central Pollution Control Board (C.P.C.B.)-യുടെ N.W.M.P. (National Water Monitoring Programme) പദ്ധതി പ്രകാരം പുഴ, കായൽ, കിണർജലം തുടങ്ങി പതിനൊന്ന് സ്റ്റേഷനുകളിൽനിന്നും ജലം ശേഖരിച്ച് ബോർഡിന്റെ ലാബിൽ പരിശോധനകൾ നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നു. C.P.C.B.-യുടെ N.A.M.P. (National Air Monitoring Programme) പദ്ധതിപ്രകാരം വായുഗുണനിലവാര തോത് ആലപ്പുഴ ജില്ലയിൽ 2 സ്റ്റേഷനുകളിൽ പരിശോധിച്ചുവരുന്നു. മൂന്നാമത്തെ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ടാർ മിക്സിംഗ് യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങൾ**

34 (34) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാർ മിക്സിംഗ് യൂണിറ്റുകൾ (പ്ലാന്റുകൾ) അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഹോട്ട് മിക്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ, 01-10-2015-ലെ സർക്കുലർ നമ്പർ പി.സി.ബി./എച്ച്.ഒ./ സർക്കുലർ/2015(4) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ്

പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 27-04-2021-ലെ PCB/HO/SEE3/TECH/ 112/2021 പ്രകാരം ഹോട്ട് മിക്സ് പ്ലാന്റുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 04-08-2021-ന് പുറത്തിറക്കിയ വിശദീകരണക്കുറിപ്പ് പ്രകാരം മേൽ മാർഗ്ഗനിർദ്ദേശം 01-10-2015-ലെ സർക്കുലർ പ്രകാരമുള്ള ദൂരപരിധി മാനദണ്ഡങ്ങൾ പാലിക്കുന്ന താൽക്കാലിക ഹോട്ട് മിക്സ് പ്ലാന്റുകൾക്ക് ബാധകമല്ല. എന്നിരുന്നാലും ആയവ ഖണ്ഡിക 17, 18, 19 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. കൂടാതെ ദൂരപരിധി പാലിക്കുന്ന സ്ഥിര ഹോട്ട് മിക്സ് പ്ലാന്റുകൾക്കെതിരെ പരാതിയുണ്ടെങ്കിൽ, അനുമതി നൽകുമ്പോൾ മാനദണ്ഡപ്രകാരമുള്ള ഉപാധികൾ സ്ഥാപിക്കാൻ സമയപരിധി നിശ്ചയിക്കാവുന്നതാണ്.

(ബി) കുത്താട്ടുകുളം വെങ്കളം ടാർ മിക്സിംഗ് പ്ലാന്റിന് നിലവിൽ മലിനീകരണ നിയന്ത്രണ നിയമപ്രകാരം പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ അതിന് ആധാരമായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ബാച്ച് ടൈപ്പ് ഹോട്ട് മിക്സ് പ്ലാന്റിന് പ്രവർത്തനാനുമതി ഒരു മാസത്തെ ട്രയൽ റണ്ണിനായി അനുവദിച്ചിട്ടുണ്ട്. സ്ഥാപനാനുമതിയിലെ നിബന്ധനകൾ പ്രകാരമുള്ള വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ദൂരപരിധി

മാനദണ്ഡങ്ങളും പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് 16-02-2023 വരെ കാലാവധിയുള്ള പ്രവർത്തനാനുമതി നൽകിയത്.

(സി) പ്രസ്തുത ടാർ മിക്സിംഗ് പ്ലാന്റ് ആരംഭിക്കുന്നതിന് മുൻപായി പാരിസ്ഥിതിക/മലിനീകരണ ആഘാത പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ?

2006-ലെ E.I.A. നോട്ടിഫിക്കേഷൻ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് E.I.A. ആവശ്യമാണ്. ടാർ മിക്സിംഗ് പ്ലാന്റ് ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി സ്ഥലം പരിശോധിച്ചപ്പോൾ പ്രസ്തുത മേഖലയിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ സ്ഥിതിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത മേഖലയിലെ പ്രദേശവാസികൾക്ക് ടാർ മിക്സിംഗ് പ്ലാന്റിൽനിന്നുള്ള മലിനീകരണം ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ സൃഷ്ടിക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) എങ്കിൽ പ്രസ്തുത പ്ലാന്റ് മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി-എഫ്) സ്ഥിര അനുമതിയുള്ള ഹോട്ട് മിക്സ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 50 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ ഇല്ലാത്ത സ്ഥലം വേണമെന്ന് പി.സി.ബി./എച്ച്.ഒ./സർക്കുലർ/2015(4)-ൽ പ്രതിപാദിക്കുന്നുണ്ട്. ഈ ദൂരപരിധി മാനദണ്ഡം പാലിക്കുന്നതിനാലാണ് സ്ഥാപനാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത മേഖലയിലുള്ള കോളനി പ്ലാന്റിൽനിന്നും 100 മീറ്റർ അകലെയാണ്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

35 (35) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് (കെ.എ.എസ്) നിലവിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ?

105 പേർക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനിയായി നിയമനം നല്കിയിട്ടുണ്ട്.

(ബി) ഇവരുടെ ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ ഇപ്രകാരം ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവരെ എത് കാറ്റഗറിയിലാണ് നിയമിച്ചിരിക്കുന്നതെന്നും അറിയിക്കാമോ?

ട്രെയിനിംഗ് പൂർത്തിയായിട്ടില്ല.

**കെ.എ.എസ്. പരീക്ഷ**

36 (36) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകിയിരിക്കുന്നവരുടെ എണ്ണം വ്യക്തമാക്കാമോ?

105 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റുകളിൽനിന്നും വ്യത്യസ്ത സ്ട്രീമുകളിൽ നിയമനം ലഭിച്ചവരുടെ വിശദാംശം ലഭ്യമാക്കാമോ?

സ്ട്രീം 1 – 35, സ്ട്രീം 2 – 35, സ്ട്രീം 3 - 35

(സി) സിവിൽ സർവീസ് മാതൃകയിൽ കെ.എ.എസ്. പരീക്ഷ എല്ലാ വർഷവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഇല്ല; പരിഗണനയിലില്ല.

**പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ**

37 (37) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 8-11-2022-ലെ ഉപ.സി.3/100/2022/ ഉഭപവ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഓവർസീയർ ഗ്രേഡ് 1 (സിവിൽ), ഓവർസീയർ ഗ്രേഡ് 2 (സിവിൽ), ഓവർസീയർ ഗ്രേഡ് 3 (സിവിൽ) എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ, മൂന്നാംതരം ഓവർസീയർ തസ്തികകളിലെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | പുതിയത് | എൻ.ജെ.ഡി. | റിമാർക്സ് | ആകെ |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 5 | 8 | വകുപ്പ് തല ക്വാട്ട-1 | 14 |
| ഒന്നാതരം ഓവർസീയർ | 5 | 27 | - | 32 |

| | | | | |
|---|---|---|---|---|
| രണ്ടാംതരം ഓവർസീയർ | 43 | 39 | സ്പെഷ്യൽ റിക്രൂട്ട്മെന്റ്-1 | 83 |
| മൂന്നാം തരം ഓവർസീയർ | 20 | 46 | - | 66 |

**ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സംവിധാനം**

38 (38) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

അതത് കലണ്ടർ വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനും എല്ലാ വകുപ്പുമേധാവിമാർക്കും ജില്ലാ കളക്ടർമാർക്കും വർഷംതോറും നിർദ്ദേശം നൽകിവരുന്നുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്) വകുപ്പ്, സ്പെഷ്യൽ ഡ്രൈവ് നടത്തി വിവിധ വകുപ്പുകളിൽനിന്നും പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒഴിവുകൾ മാറ്റിവയ്ക്കാറുണ്ടോയെന്ന്

പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ വകുപ്പുമേധാവികളിൽനിന്ന് നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമകൾ ഇ-മെയിൽ മുഖാന്തരം ശേഖരിക്കുകയും അവ പരിശോധിച്ച് നിയമപ്രകാരം റിപ്പോർട്ട് ചെയ്യേണ്ടുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ഉചിതമായ നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു.

(ബി) 2021, 2022 വർഷങ്ങളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഇത്തരത്തിൽ ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വകുപ്പ് തിരിച്ച് വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. 2021, 2022 വർഷങ്ങളിൽ വിവിധ വകുപ്പുകളിലായി നടത്തിയ പരിശോധനകളുടെ വിശദാംശം 'അനുബന്ധം-1' ആയും+, ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനായി 2021 വർഷത്തിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവ് വിശദാംശം 'അനുബന്ധം-2'+ ആയും ചേർക്കുന്നു.

**വയനാട് ജില്ലയിലെ പി.എസ്.സി. നിയമനം**

39 (39) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മേയ് മുതൽ 2022 ഡിസംബർ 31 വരെ വയനാട് ജില്ലയിൽ നടത്തിയ പി.എസ്.സി. നിയമനങ്ങളുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയമനങ്ങളിൽ ആകെ എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിയമനങ്ങളിൽ 314 (മുന്നൂറ്റി പതിനാല്) പട്ടികജാതി ഉദ്യോഗാർത്ഥികളും 333 (മുന്നൂറ്റി മുപ്പത്തി മൂന്ന്) പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്.

**പി.എസ്.സി. നിയമനങ്ങൾ**

40 (40) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

39275 (മുപ്പത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) നിലവിലുള്ള ഒഴിവുകൾ കാലതാമസം കൂടാതെ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

നിയമന നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. ഓൺലൈനായി പരീക്ഷ നടത്തുന്നതിനായി പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ പൊതുപ്രാഥമിക പരീക്ഷകൾ നടത്തിവരുന്നു. നിയമന ശിപാർശകൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**പി.എസ്.സി. മുഖേനയുള്ള നിയമനം**

41 (41) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആകെ 2,00,543 (രണ്ട് ലക്ഷത്തി അഞ്ഞൂറ്റി നാൽപ്പത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ**

42 (42) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022 ഡിസംബർ വരെ പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ആകെ 2,00,543 (രണ്ട് ലക്ഷത്തി അഞ്ഞൂറ്റി നാൽപ്പത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. ഓൺലൈനായി പരീക്ഷ നടത്തുന്നതിനായി പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ പൊതുപ്രാഥമിക പരീക്ഷകൾ നടത്തിവരുന്നു. നിയമന ശിപാർശ കൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**പി.എസ്.സി. നിയമനം**

43 (43) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ച എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് അറിയിക്കാമോ?

സർക്കാർ വകുപ്പുകളിൽ പി.എസ്.സി./എംപ്ലോയ്മെന്റ് മുഖേനയും ആശ്രിത നിയമനം/സ്പോർട്സ് ക്വാട്ട മുഖേനയും നിയമനങ്ങൾ നടത്തുന്നുണ്ട്. പി.എസ്.സി. മുഖേന മാത്രം നിയമനം ലഭിച്ചവരുടെ വിവരം പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷ കാലയളവിൽ നടത്തിയ പി.എസ്.സി. നിയമനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

2016 മുതൽ 2021 വരെ ആകെ 189526 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 39275 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തൃശ്ശൂർ ജില്ലാ ഓഫീസിന് പുതിയ കെട്ടിടം**

44 (44) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തൃശ്ശൂർ ജില്ലാ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിൽനിന്നും പ്രസ്തുത തൃശ്ശൂർ ജില്ലാ ഓഫീസിനായി സ്ഥലം അനുവദിച്ച് കിട്ടുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ&ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ടെക്സ്റ്റ് ബുക്ക് ഡിപ്പോ

പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തൃശ്ശൂർ വില്ലേജിൽ സർവ്വേ നമ്പർ 1049/1, 1049/4, 1049/7 എന്നിവയിൽപ്പെട്ട 38 സെന്റ് ഭൂമി പി.എസ്.സി.-ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

45 (45) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇനി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളതെന്നും അറിയിക്കാമോ?

പ്രസ്തുത തസ്തികയിലെ നാല് പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ ആകെ ഏഴ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്ന് ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ജില്ലയിൽ 2023 നവംബർ മാസത്തിനുമുൻപ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ നാല് പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്രപേർ വീതം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ താൽക്കാലിക/കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**നിയമനങ്ങൾ പി.എസ്.സി. മുഖേന ആക്കിയിട്ടുള്ള സ്ഥാപനങ്ങൾ**

46 (46) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമനങ്ങൾ പി.എസ്.സി. മുഖേന ആക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടും നാളിതുവരെ പി.എസ്.സി. വഴി നിയമനം നടത്തുവാൻ സാധിക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ?

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ നിയമനചട്ടങ്ങൾ 01-10-2022-ലെ G.O.(P)No.98/2022/LBR (S.R.O No. 1223/2022) സർക്കാർ ഉത്തരവിലൂടെ നിലവിൽവന്നിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) നിയമനങ്ങൾ പി.എസ്.സി. മുഖേന ആക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നാളിതുവരെ നിലവിൽ വന്നിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുനൽകിയ തീയതിയും വ്യക്തമാക്കുമോ?

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുനൽകിയ സ്ഥാപനങ്ങളിൽ നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. വിവിധ സർക്കാർ വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് വ്യത്യസ്ത ഉത്തരവുകളിലൂടെയാണ്. ഉത്തരവുകളുടെ പകർപ്പ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പി.എസ്.സി. മുഖേനയുള്ള നിയമനം**

47 (47) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് ഇപ്രകാരം നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 39275 (മുപ്പത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിലുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പി.എസ്.സി. നിയമനം**

48 (48) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

39275 (മുപ്പത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സർക്കാർ മേഖലയിൽ കൂടുതൽ തൊഴിൽ ലഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

(ബി&സി) കഴിഞ്ഞ 6 വർഷത്തിനിടയിൽ പി.എസ്.സി. മുഖേന രണ്ട് ലക്ഷത്തിലധികം നിയമന ശിപാർശകളാണ് നൽകിയത്. ഇന്ത്യയിലെ മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് ഇത് ഉയർന്നനിരക്കാണ്. ഒഴിവുകൾ യഥാസമയം നികത്തിയതിലൂടെയും പുതുതായി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതിലൂടെയുമാണ് ഈ നേട്ടം കൈവരിക്കാനായത്. നിയമന നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് പി.എസ്.സി. ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ അവ ഉണ്ടാകുന്നമുറയ്ക്ക് തന്നെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖേന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾക്ക് കൃത്യമായ റൊട്ടേഷൻ ക്രമം പാലിച്ചുകൊണ്ട് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നുണ്ട്.

2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ കൃത്യമായി

റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നത് പരിശോധിക്കുവാൻ അതത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പും വിവിധ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം**

49 (49) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ തസ്തിക വെട്ടിക്കുറയ്ക്കലും പുനർവിന്യാസവുംമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും കാര്യമായ നിയമനം നടക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിലേയ്ക്ക് ദിവസവേതന/ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് അവസാനിപ്പിച്ച് തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുകൾക്കും അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

(എ&ബി) പുതുതായി നിരവധി തസ്തികകൾ സൃഷ്ടിക്കുന്നതോടൊപ്പം വകുപ്പുകളിൽ കാലഹരണപ്പെട്ടതോ നിലവിൽ അനിവാര്യമല്ലാത്തതോ ആയ തസ്തികകൾ ഒഴിവാക്കി പകരം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങളുണ്ടായിട്ടുണ്ട്. 2021 മേയ് മാസം 21 മുതൽ 2022 ഡിസംബർ 31 വരെ 39366 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2016 മേയ് മാസം മുതൽ 2021 ഡിസംബർ 31 വരെ 200727 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08-11-2022-ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് മോണിറ്റർ

ചെയ്യുന്നതിലേയ്ക്ക് അതത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ മറ്റൊരുതരത്തിലും നികത്തുവാൻ പാടില്ലായെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജ്യോഗ്രഫി അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ്**

50 (50) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തിയ കേരള കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ജ്യോഗ്രഫിയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ (കാറ്റഗറി നമ്പർ 294/2019) റാങ്ക് ലിസ്റ്റ് പട്ടികയിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജ്യോഗ്രഫി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ (കാറ്റഗറി നമ്പർ 294/2019) തസ്തികയ്ക്ക് 07-12-2022-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും 2 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ നിയമനങ്ങൾക്കായി നിലവിൽ എത്ര ഒഴിവുകളാണ് കെ.പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഫുഡ് സേഫ്റ്റി ഓഫീസർ റാങ്ക് ലിസ്റ്റ്**

51 (51) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തിയ ഫുഡ് സേഫ്റ്റി ഓഫീസർ (കാറ്റഗറി നമ്പർ 499/2019) റാങ്ക് പട്ടികയിൽനിന്നും എത്ര പേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരള പി.എസ്.സി. നടത്തിയ ഫുഡ് സേഫ്റ്റി ഓഫീസർ (കാറ്റഗറി നമ്പർ 499/2019) റാങ്ക് പട്ടികയിൽനിന്നും 38 പേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ നിയമനങ്ങൾക്ക് നിലവിൽ എത്ര ഒഴിവുകളാണ് കെ.പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ 11 ഒഴിവുകളുണ്ട്. ആയതിൽ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 5 എണ്ണം കോടതിയുടെ പരിഗണനയിലായതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഗണിതശാസ്ത്രം അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ്**

52 (52) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാറ്റഗറി നമ്പർ 296/2019 പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഗണിതശാസ്ത്രം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി. പരീക്ഷയും അഭിമുഖവും പൂർത്തിയാക്കി ദീർഘകാലം കഴിഞ്ഞിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ?

റാങ്ക് പട്ടിക തയ്യാറാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് അക്കാഡമിക് വെയിറ്റേജ് നൽകുന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ട്. റാങ്ക് പട്ടിക എത്രയുംവേഗം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാർക്ക് മിതമായ പലിശനിരക്കിൽ വാഹന വായ്പ**

53 (53) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്കും കേന്ദ്ര പൊതുമേഖല ജീവനക്കാർക്കും ഇതര സംസ്ഥാന സർക്കാർ ജീവനക്കാർക്കും വാഹനം

വാങ്ങുന്നതിനായി മിതമായ പലിശനിരക്കിൽ വായ്പ അനുവദിക്കുന്ന മാതൃകയിൽ കേരള സർക്കാർ ജീവനക്കാർക്കും വാഹനം വാങ്ങുന്നതിന് മിതമായ പലിശനിരക്കിൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സ്വകാര്യ/പൊതുമേഖല/സഹകരണ ബാങ്കുകളിൽനിന്നും വാഹനം വാങ്ങുന്നതിനായി മിതമായ പലിശനിരക്കിൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി സർക്കാർ ജീവനക്കാർക്ക് പ്രത്യേക വാഹന വായ്പ അനുവദിക്കുന്ന വിഷയം ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യുമോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ മിതമായ പലിശനിരക്കിൽ അനുവദിക്കുന്ന വാഹന വായ്പകളുടെ തിരിച്ചടവ് കാലാവധി കുറഞ്ഞത് പത്ത് വർഷമായി നിജപ്പെടുത്തുന്നതിനുള്ള ശിപാർശ പരിഗണിക്കുമോ?

(എ-ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ ഓഫീസുകളിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

54 (54) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുള്ള ബയോമെട്രിക് പഞ്ചിംഗ് സംവിധാനം മുഖേന ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്ന സമ്പ്രദായം നിലവിൽ വന്ന വകുപ്പ് ആസ്ഥാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നാളിതുവരെ ആരംഭിക്കാത്ത വകുപ്പ് ആസ്ഥാനങ്ങൾ ഏതെല്ലാമെന്നും ആയത് ആരംഭിക്കാത്തതിന്റെ കാരണവും വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം ഇനിയും ഏർപ്പെടുത്താത്ത വകുപ്പ് ആസ്ഥാനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) എല്ലാ വകുപ്പ് ആസ്ഥാനങ്ങളിലും പൂർണ്ണമായും പ്രസ്തുത സംവിധാനം എന്നത്തേയ്ക്ക് ഏർപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുള്ള ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നിലവിലുള്ള വകുപ്പ് ആസ്ഥാനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| Sl.No | NAME OF OFFICE |
|---|---|
| 1 | Directorate of Agriculture, Thiruvananthapuram |
| 2 | Chemical Examiners Laboratory, Thiruvananthapuram |
| 3 | Directorate of Coir Development, Trivandrum |
| 4 | Co-operative vigilance head quarters |
| 5 | O/o Director of Co-operative Audit, TVM |
| 6 | Directorate of culture, Thiruvananthapuram |
| 7 | O/o The Drugs Controller, Thiruvananthapuram |
| 8 | Commissionarate of Excise, Thiruvananthapuram |
| 9 | Directorate of Health Services, Thiruvananthapuram |
| 10 | Directorate of Indian Systems of Medicine, Trivandrum |
| 11 | Directorate of Insurance Medical Service, Thiruvananthapuram |
| 12 | O/o The Labour Commissioner, Thiruvananthapuram |
| 13 | Directorate of Mining & Geology, Trivandrum |
| 14 | Inspector General of Registration, Trivandrum |
| 15 | State Planning Board, Thiruvanathapuram |
| 16 | Directorate of Sports & Youth Affairs, Thiruvananthapuram |
| 17 | Directorate of Backward Classes Development Department |
| 18 | Directorate of Environment and Climate Change, Trivandrum |

മറ്റ് വകുപ്പുകളിൽ പഞ്ചിംഗ് മെഷീനുകളുടെ സ്ഥാപനവും സ്പാർക്കുമായി ബന്ധിപ്പിക്കുന്നതടക്കമുള്ള നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ കളക്ടറേറ്റുകളിലും/വകുപ്പുമേധാവികളുടെ ഓഫീസുകളിലും 2023

ജനുവരി 1-നും കൂടാതെ, മറ്റെല്ലാ ഓഫീസുകളിലും 2023 മാർച്ച് 31-ന് മുമ്പായും പദ്ധതി നടപ്പിലാക്കി സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നു. എല്ലാ ഓഫീസുകളിലും ഒരുമിച്ച് മെഷീനുകൾ സ്ഥാപിക്കുന്നത് കാലതാമസം നേരിടുന്നുണ്ട്. 2023 മാർച്ച് 31-ന് തന്നെ പദ്ധതി എല്ലാ ഓഫീസുകളിലും നടപ്പിൽ വരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം**

55 (55) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നടത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ട് 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം 1)+. പ്രസ്തുത ഉത്തരവിന് തുടർച്ചയായി 21-10-2021-ലെ സ.ഉ.(സാധാ)നം.155/2021/ഉ.ഭ.പ.വ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(അനുബന്ധം 2)+ പ്രകാരം പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് ഓൺലൈൻ സംവിധാനത്തിലൂടെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും നടത്തുന്നത് സംബന്ധിച്ച് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്ഥലംമാറ്റം നൽകുന്നതിന് സീനിയോറിറ്റി കണക്കാക്കുമ്പോൾ ആകെയുള്ള സേവനകാലയളവല്ല മറിച്ച് നിലവിൽ ജോലി ചെയ്യുന്ന ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതിയാണ് പരിഗണിക്കുക എന്ന് പൊതുഭരണ വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല. 01-04-2022-ലെ G.O.(MS)No.52/2022/GAD പ്രകാരം (അനുബന്ധം 3)+ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചാണ് പൊതുഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതുപ്രകാരം ഒരു വകുപ്പിൽനിന്നും മറ്റൊരു വകുപ്പിലേയ്ക്ക് സെക്രട്ടേറിയറ്റ് ജീവനക്കാരെ സ്ഥലം മാറ്റി നിയമിക്കുന്നതിനുള്ള കാലയളവാണ് നിശ്ചയിച്ചിട്ടുള്ളത്.

**സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച പുതിയ ആക്സസ്സ് കാർഡ് സംവിധാനം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

56 (56) <u>ശ്രീ. പി. അബ്ദുൽ ഹമീദ് </u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ പുതുതായി നടപ്പിലാക്കിയ ആക്സസ്സ് കാർഡ് സംവിധാനം കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ?

സുരക്ഷാ കാരണങ്ങളാൽ ജീവനക്കാരുടെയും സന്ദർശകരുടെയും സെക്രട്ടേറിയറ്റിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള സഞ്ചാരം ക്രമീകരിക്കുന്നതിനും രേഖപ്പെടുത്തുന്നതിനുമാണ് ആക്സസ്സ് കൺട്രോൾ സിസ്റ്റം നടപ്പാക്കാൻ തീരുമാനിച്ചത്.

(ബി) ആക്സസ്സ് കാർഡ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി എത്ര തുക ചെലവഴിച്ചു; കരാർ നൽകിയ സ്ഥാപനത്തിന്റെ വിശദാംശം നൽകാമോ?

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടുകൂടി കെൽട്രോൺ മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് 1,95,40,631 (ഒരു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി നാല്പതിനായിരത്തി അറുന്നൂറ്റിമുപ്പത്തിയൊന്ന്) രൂപയാണ് അനുവദിച്ചിട്ടുള്ളത്. 58,62,190 രൂപ ഇതിനകം കെൽട്രോണിന് നൽകിയിട്ടുണ്ട്.

(സി) ആക്സസ്സ് കാർഡ് സംവിധാനം നടപ്പിലാക്കുന്നതിന് സെക്രട്ടേറിയറ്റിനുള്ളിലെ ഭരണ-പ്രതിപക്ഷ സർവ്വീസ് സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ച സാഹചര്യത്തിൽ ഭീമമായ തുക വിനിയോഗിച്ച് സ്ഥാപിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

പുതിയ സംവിധാനം ആരംഭിക്കുന്നതിന് മുന്നോടിയായി സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ സംഘടനകളുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) എം.എൽ.എ., എം.പി. തുടങ്ങിയവർക്കും അവരുടെ പേഴ്സണൽ സ്റ്റാഫുകൾക്കും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾക്ക് അനുവദിച്ച ഇളവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആക്സ്സ് കൺട്രോൾ സംവിധാനം എപ്രകാരം നടപ്പാക്കണമെന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു.

**ഭരണഭാഷ മലയാളം ആക്കുന്നതിനുള്ള നടപടി**

57 (57) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മലയാളം ആക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭരണഭാഷാമാറ്റം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഔദ്യോഗികഭാഷാ ഉന്നതതലസമിതിയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതലസമിതിയും സമ്മേളിക്കുന്നുണ്ട്. കൂടാതെ ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല സമിതി, വകുപ്പുതല ഏകോപന സമിതി, ജില്ലാതല സമിതി, ജില്ലാതല ഏകോപന സമിതി എന്നിവ രൂപവൽക്കരിച്ചിട്ടുണ്ട്. ഓരോ വകുപ്പുകളുടെയും കോഡുകളും മാന്വലുകളും റെഗുലേഷനുകളും പരിഭാഷപ്പെടുത്തി മലയാളത്തിൽക്കൂടി പ്രസിദ്ധീകരിക്കണമെന്നും വെബ്സൈറ്റ് മലയാളത്തിൽക്കൂടി ലഭ്യമാക്കണമെന്നും എല്ലാ വകുപ്പുതലവന്മാർക്കും സ്ഥാപനമേധാവികൾക്കും നിർദേശം നൽകിയിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മേയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാപ്രഖ്യാപനം നടത്തിയിട്ടുണ്ട്. സർക്കാർ ഓഫീസുകളുടെ ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേരും

ഉദ്യോഗപ്പേരുമടങ്ങുന്ന ബോർഡുകൾ, വാഹനങ്ങളുടെ ബോർഡുകൾ എന്നിവ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കേണ്ടതാണ്. ഓഫീസ് മുദ്രകൾ, ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗികപദവിയുമടങ്ങുന്ന തസ്തിക മുദ്രകൾ എന്നിവ മലയാളത്തിൽക്കൂടി തയ്യാറാക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് മലയാളം ടൈപ്പിംഗ് പരിശീലനവും ഭരണഭാഷാ പരിശീലനവും നൽകുന്നുണ്ട്. മലയാളഭാഷയുടെ ഉപയോഗം സാർവ്വത്രികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ഔദ്യോഗിക ഭാഷാ വകുപ്പ് സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്.

(ബി) നിലവിൽ ഭരണഭാഷ മലയാളമായി ഉപയോഗിക്കുന്ന എത്ര വകുപ്പുകളാണുള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(ബി&സി) എല്ലാ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന വകുപ്പുകളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പാർട്ട് ടൈം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റം**

58 (58) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാർട്ട് ടൈം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് ജില്ലാ കളക്ടർ തയ്യാറാക്കുന്ന മുൻഗണനാ പട്ടിക തിരുവനന്തപുരം ജില്ലയിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പട്ടിക നൽകാമോ?

നിലവിലില്ല.

**ക്രിമിനൽ കേസുകളിൽ പ്രതികളാകുന്ന സർക്കാർ ജീവനക്കാർക്കെതിരെ നടപടി**

59 (59) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുതര കുറ്റങ്ങൾക്ക് ക്രിമിനൽ കേസുകളിൽ പ്രതികളായ സർക്കാർ ജീവനക്കാരുടെ വിശദാംശം ജില്ല, വകുപ്പ് എന്നിവ തിരിച്ച് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുതര കുറ്റങ്ങൾക്ക് ക്രിമിനൽ കേസുകളിൽ പ്രതികളായ സർക്കാർ ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കോടതിവിധി വരുന്നതിന് മുമ്പുതന്നെ ഇത്തരക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

ഗുരുതര കുറ്റകൃത്യങ്ങൾക്ക് ക്രിമിനൽ കേസുകളിൽ പ്രതികളായ ജീവനക്കാർക്കെതിരെ കോടതിവിധി വരുന്നതിനുമുൻപുതന്നെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റകൃത്യത്തിന്റെ ഗൗരവത്തിന്റെ അടിസ്ഥാനത്തിലും വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും അച്ചടക്ക നടപടിയിന്മേൽ അന്തിമ തീർപ്പ് കൽപ്പിക്കാറുമുണ്ട്. ക്രിമിനൽ കേസുകളിൽ പ്രതികളാകുന്ന സർക്കാർ ജീവനക്കാരെ കേരള സിവിൽ സർവ്വീസസ് തരംതിരിക്കലും നിയന്ത്രണവും അപ്പീലും റൂൾസ് 1960-ലെ ചട്ടം 10-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർവ്വീസിൽനിന്നും സസ്പെൻഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യാവുന്നതാണ്. കൂടാതെ ക്രിമിനൽ കേസിലെ നടപടികൾക്കൊപ്പം സമാന്തരമായി അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ ക്രിമിനൽ കേസ് നിലവിലുള്ള സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ശിക്ഷണാധികാരിക്ക് ബോധ്യമുള്ളപക്ഷം ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്.

(സി) കോടതിവിധി ജീവനക്കാർക്ക് പ്രതികൂലമാകുന്നപക്ഷം സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സ്വീകരിക്കുന്ന നടപടികൾ എന്താണെന്ന് വിശദമാക്കുമോ?

കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 18-ലെ പ്രത്യേക നടപടിക്രമ വ്യവസ്ഥപ്രകാരം സർവ്വീസിൽനിന്ന് പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

**കോതമംഗലം നിയോജകമണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി**

60 (60) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) കോതമംഗലം നിയോജക മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലുമാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി കോതമംഗലം നിയോജക മണ്ഡലത്തിലെ 186 ഓഫീസുകൾ/സ്ഥാപനങ്ങളിൽ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓഫീസുകൾ/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് കെ-ഫോൺ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുന്ന ഇന്റർനെറ്റ് കണക്ഷൻ കൂടുതൽ പേർക്ക് ലഭ്യമാക്കി വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിലെ ആദിവാസി മേഖലകളിലുള്ളവർക്ക് കൂടി പ്രയോജനം ലഭിക്കത്തക്കവിധം കെ-ഫോൺ പദ്ധതി വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി-ഇ) ആദ്യഘട്ടത്തിൽ കോതമംഗലം ഉൾപ്പെടെയുള്ള എല്ലാ നിയമസഭാമണ്ഡലങ്ങളിലും ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം 140 നിയോജക മണ്ഡലങ്ങളിലുള്ള ആകെ 14000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിക്കുകയും അതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കണക്ഷൻ അനുവദിക്കുന്നതിന്, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാകേണ്ടതുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്നമുറയ്ക്ക് മാത്രമേ കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. തുടർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയശേഷമേ കൂടുതൽ ഗുണഭോക്താക്കൾക്ക് സൗജന്യ കണക്ഷൻ നൽകുന്നത് സംബന്ധിച്ചും പദ്ധതി വിപുലീകരിക്കുന്നത് സംബന്ധിച്ചുമുള്ള തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

61 (61) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്കും ഓഫീസുകൾക്കുമാണ് ആദ്യഘട്ടമായി കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത ഘട്ടത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ മേഖലകളിലാണ് ആയത് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിലാണ് നിലവിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

(എ-സി) ആദ്യഘട്ടത്തിൽ, ആലത്തൂർ നിയോജകമണ്ഡലത്തിലെ 92 (തൊണ്ണൂറ്റി രണ്ട്) ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ/സ്ഥാപനങ്ങളുടെ

പഞ്ചായത്തടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+. 169 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മണ്ഡലത്തിലെ ആലത്തൂർ, എരുമയൂർ, കിഴക്കഞ്ചേരി, കുഴൽമന്ദം, മേലാർക്കോട്, തേങ്കുറിശ്ശി, വണ്ടാഴി എന്നീ മേഖലകളിൽ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആദ്യഘട്ടത്തിലെ പ്രവൃത്തി പൂർത്തീകരിച്ചശേഷമേ അവ വിലയിരുത്തി എത്ര കണക്ഷനുകൾ തുടർന്ന് നൽകാനാകുമെന്നും ഏതൊക്കെ മേഖലകളിൽ കണക്റ്റിവിറ്റി ഉറപ്പുവരുത്താനാകുമെന്നുമുള്ള കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

62 (62) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ എത്ര വീടുകൾക്കും ഓഫീസുകൾക്കുമാണ് കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിലാണ് നിലവിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിലവിൽ 201 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകൾ/സ്ഥാപനങ്ങളുടെ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിയോജകമണ്ഡലത്തിലെ ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ**

63 (63) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ ഒരു കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

**ഐ.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ**

64 (64) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ?

ജില്ലാടിസ്ഥാനത്തിലുള്ള അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | ജില്ല | അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 260 |
| 2 | കൊല്ലം | 198 |
| 3 | പത്തനംതിട്ട | 126 |
| 4 | ആലപ്പുഴ | 216 |
| 5 | കോട്ടയം | 199 |
| 6 | എറണാകുളം | 253 |
| 7 | ഇടുക്കി | 122 |
| 8 | തൃശ്ശൂർ | 236 |
| 9 | പാലക്കാട് | 230 |
| 10 | മലപ്പുറം | 297 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 197 |
| 12 | വയനാട് | 66 |
| 13 | കണ്ണൂർ | 234 |
| 14 | കാസർഗോഡ് | 127 |

(ബി) ഓരോ സേവനങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിശ്ചിത ഫീസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കാത്ത ഏതെങ്കിലും അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത ഫീസ് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകാമോ?

(ബി&സി) ഇല്ല. എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം സംരംഭകർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കൃത്യമായി സംരംഭകർ പാലിക്കുന്നുണ്ടെന്ന് ഫീൽഡ് സ്റ്റാഫ് അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ഉറപ്പുവരുത്താറുണ്ട്.

(ഡി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉണ്ട്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയകേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയകേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയുൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

**ചാത്തന്നൂർ മണ്ഡലത്തിൽ കെ-ഫോൺ സേവനം**

65 (65) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം നൽകുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി എന്താണെന്നും പ്രസ്തുത സേവനം ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 150 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ 93 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ അറിയിക്കാമോ?

കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കേണ്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല.

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം നൽകുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**സി-ഡിറ്റ് പ്രോജക്റ്റുകൾ**

66 (66) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സി-ഡിറ്റിൽ പുതുതായി എത്ര പ്രോജക്റ്റുകൾ ആരംഭിച്ചുവെന്നും പ്രസ്തുത കാലയളവിൽ എത്രപേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചുവെന്നും പ്രസ്തുത പ്രോജക്റ്റുകളുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കുമോ?

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2016 മേയ് മുതൽ 2021 ഏപ്രിൽ) സി-ഡിറ്റ് പുതുതായി 1096 പ്രോജക്റ്റുകളാരംഭിച്ചു. പ്രസ്തുത കാലയളവിൽ 182 ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു. ഈ പ്രോജക്റ്റുകളിൽ 21 എണ്ണം ഭാഗികമായി തുടർന്നുവരുന്നു. ബാക്കിയുള്ളവ പൂർത്തീകരിച്ചു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016 ജൂൺ 1 മുതൽ 2023 ജനുവരി 15 വരെ പുതുതായി എത്രപേരെ സി-ഡിറ്റിലെ വെബ് സർവ്വീസ് വിഭാഗത്തിൽ പുതുതായി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; അവരുടെ തസ്തികയും ശമ്പളവും വ്യക്തമാക്കുമോ?

2016 ജൂൺ 1 മുതൽ 2023 ജനുവരി 15 വരെ വെബ് സർവ്വീസ് വിഭാഗത്തിൽ 38 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ തസ്തികയും ശമ്പളവും അനുബന്ധമായി ചേർക്കുന്നു.+

(സി) 2016 ജൂൺ മാസം 1 മുതൽ 2022 ഡിസംബർ വരെ പുതുതായി എത്ര പ്രോജക്ടുകൾ സി-ഡിറ്റിലെ വെബ് സർവ്വീസ് വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്; പ്രോജക്ടുകളുടെ വിവരവും തുകയും വിശദമാക്കുമോ; ഈ വിഭാഗത്തിൽ നിലവിൽ ആകെ എത്രപേർ ജോലി ചെയ്തുവരുന്നു; വ്യക്തമാക്കാമോ?

2016 ജൂൺ മാസം 1 മുതൽ 2022 ഡിസംബർ വരെ പുതുതായി 1896 പ്രോജക്ടുകൾ സി-ഡിറ്റിലെ വെബ് സർവ്വീസ് വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരവും തുകയും അനുബന്ധമായി ചേർക്കുന്നു.+ വെബ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വീസ് വിഭാഗത്തിൽ ആകെ 68 ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നു.

(ഡി) മോട്ടോർ വെഹിക്കിൾസ് വകുപ്പുമായുള്ള എഫ്.എം.എസ്. പ്രോജക്ടിൽ തുച്ഛശമ്പളത്തിന് ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാരെ സ്ഥലംമാറ്റാനുണ്ടായ സാഹചര്യം വിശദമാക്കുമോ; ഈ പ്രോജക്ടിലെ ഹൗസ് കീപ്പിംഗ് ജീവനക്കാർക്ക് നൽകിവരുന്ന ദിവസവേതനം എത്രയാണെന്ന് വിശദമാക്കുമോ; നിലവിലെ ജീവിതച്ചെലവ് സൂചികയനുസരിച്ച് ശമ്പളവർദ്ധനവിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ദീർഘകാലമായി ഒരേസ്ഥലത്ത് ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലംമാറ്റണമെന്ന് 21-10-2022-ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കത്തിലെ നിർദ്ദേശപ്രകാരമാണ് പ്രോജക്ടിലെ കരാർ ജീവനക്കാരെ സ്ഥലംമാറ്റിയത്. ഹൗസ് കീപ്പിംഗ് ജീവനക്കാർക്ക് നൽകിവരുന്ന വേതനം 320 രൂപയാണ്. എല്ലാ ജീവനക്കാരുടെയും വേതന നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് സി-ഡിറ്റ് മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) മോട്ടോർ വാഹന വകുപ്പിലെ എഫ്.എം.എസ്. പ്രോജക്ടിൽ ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. എന്നിവ പി.വി.സി. കാർഡിൽ പ്രിന്റ് ചെയ്യാൻ സി-ഡിറ്റിനെ ഏൽപ്പിച്ചിട്ട് അത് സമയബന്ധിതമായി

പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിൽനിന്നും പ്രിന്റിംഗ് നഷ്ടപ്പെടുകയും മറ്റ് കമ്പനികളെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം സൃഷ്ടിച്ച ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമോയെന്ന് വിശദമാക്കുമോ?

സി-ഡിറ്റിനെ ഏൽപ്പിച്ച പ്രിന്റിംഗ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്.

**ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ**

67 (67) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഐ.ടി. മേഖലയിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

2016 മുതൽ നാളിതുവരെ തിരുവനന്തപുരം ടെക്നോപാർക്കിൽ 20000-വും കൊച്ചി ഇൻഫോപാർക്കിൽ 32100-ഉം കോഴിക്കോട് സൈബർ പാർക്കിൽ 1978-ഉം ഉൾപ്പെടെ കേരളത്തിലെ സർക്കാർ ഐ.ടി. പാർക്കുകളിൽ മൊത്തം 54078 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുകയുണ്ടായി.

(ബി) സംസ്ഥാനത്ത് പുതിയതായിവന്ന ഐ.ടി. കമ്പനികളേതെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതുതായിവന്ന കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഐ.ടി. മേഖലയിൽ കൂടുതൽ കമ്പനികളെ ആകർഷിക്കുന്നതിനായി വികസിപ്പിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളെന്തെല്ലാമെന്ന് വിവരിക്കുമോ; വിശദാംശം നൽകുമോ?

ദേശീയ-അന്തർദ്ദേശീയ കമ്പനികളെ സംസ്ഥാനത്തേയ്ക്കാകർക്ഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ് ഓഫീസുകൾ, കോവർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, വാർത്താ-വിനിമയ സംവിധാനങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റനുബന്ധ സൗകര്യങ്ങളും സർക്കാർ ഐ.ടി. പാർക്കുകളിലൊരുക്കിവരുന്നു. കമ്പനികൾക്കായി കോ-വർക്കിംഗ് സ്പെയിസുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനുള്ള നടപടികളുടെ ഭാഗമായി ഇൻഫോപാർക്ക് കൊച്ചിയിലെ തപസ്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബിൽഡിംഗിലെ രണ്ടാം നിലയിൽ പ്ലഗ്-ആൻഡ്-പ്ലേ പ്രീമിയം വർക്കിംഗ് സ്റ്റേഷനായ 'ദി ഡബ്ല്യു റൂം' സ്ഥാപിച്ച് 51 കമ്പനികൾക്ക് സീറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്.

**സി-ഡിറ്റ് നിർവ്വഹിച്ചുവരുന്ന വിവിധ സർക്കാർ പ്രോജക്ടുകൾ**

68 (68) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളുടെ എത്ര പ്രോജക്ടുകളാണ് നിലവിൽ സി-ഡിറ്റ് ചെയ്തുവരുന്നത്; 2016-നുശേഷം എത്ര പ്രോജക്ടുകൾ സി-ഡിറ്റ് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

വിവിധ സർക്കാർ വകുപ്പുകളുടെ 365 പ്രോജക്ടുകളാണ് നിലവിൽ സി-ഡിറ്റ് ചെയ്തുവരുന്നത്. 2016-നുശേഷം പ്രോജക്ടുകളൊന്നും ഔട്ട്സോഴ്സ് ചെയ്തിട്ടില്ല.

(ബി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി, സി.എം.ഡി.ആർ.എഫ്., സി.എം.ഒ. പോർട്ടൽ എന്നീ പ്രോജക്ടുകൾ സി-ഡിറ്റ് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികൾക്കാണ് ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നത്; വിശദമാക്കുമോ?

ഔട്ട്സോഴ്സ് ചെയ്തിട്ടില്ല.

(സി) പത്ത് വർഷത്തിലേറെയായി സി-ഡിറ്റ് നിർവ്വഹിച്ചുവരുന്ന എഫ്.എം.എസ്.എം.വി.ഡി. പ്രോജക്ട് ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകാനുള്ള നീക്കം നടക്കുന്നുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എഫ്.എം.എസ്.എം.വി.ഡി. പ്രോജക്ടിൽ ഈ സർക്കാരിന്റെ മിനിമം വേജസ് ഉത്തരവനുസരിച്ചാണോ ശമ്പളം നൽകിവരുന്നത്; ഇവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് ഏതുവർഷമാണ്; വിശദമാക്കുമോ?

എഫ്.എം.എസ്.എം.വി.ഡി. പ്രോജക്ടിൽ സി-ഡിറ്റും മോട്ടോർ വാഹന വകുപ്പുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ ഭാഗമായി തീരുമാനിക്കപ്പെട്ട പരമാവധി വേതന നിരക്കുകളെ അടിസ്ഥാനപ്പെടുത്തിയതും സി-ഡിറ്റും പ്രോജക്ടിലെ താത്കാലിക ജീവനക്കാരുമായുള്ള കരാറിൽ നിജപ്പെടുത്തിയതുമായ വേതന നിരക്കുകളാണ് നൽകിവരുന്നത്. 2018-ൽ വേതന നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഐ.ടി. കമ്പനികൾ**

69 (69) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മുതൽ പുതുതായി എത്ര ഐ.ടി. കമ്പനികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മുതൽ തിരുവനന്തപുരം ടെക്നോപാർക്കിൽ 82-ഉം കൊച്ചി ഇൻഫോപാർക്കിൽ 171-ഉം കോഴിക്കോട് സൈബർപാർക്കിൽ 28-ഉം ഉൾപ്പെടെ മൊത്തം 281 ഐ.ടി. കമ്പനികൾ പുതുതായി ആരംഭിക്കുകയുണ്ടായി.

(ബി) ഐ.ടി. മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഐ.ടി. മേഖലയിൽ കൂടുതൽ നിക്ഷേപം ആർജ്ജിക്കുന്നതിനുവേണ്ടി ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ ഇരുപതോളം വൻകിട കമ്പനികളെയും ദേശീയ-അന്തർദ്ദേശീയതലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ. ഉൾപ്പെടെയുള്ള പ്രമുഖ ഐ.ടി. കമ്പനികളെയും കേരളത്തിലേയ്ക്കാകർഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സർക്കാർ പങ്കാളിത്തത്തോടുകൂടി സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവയുൾപ്പെടെയുള്ള ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി. മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും

കേരളത്തിലെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാദ്ധ്യതകൾ തുടങ്ങിയവ മനസ്സിലാക്കികൊടുക്കുകവഴി കൂടുതൽ തദ്ദേശ/വിദേശ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്കാകർഷിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സർക്കാരിന്റെ ഹൈ പവർ ഐ.ടി. കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽവച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ, സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിലന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ഡിജിറ്റൽ മാർക്കറ്റിംഗ് ചാനൽ സോഫ്റ്റ്‌വെയർ**

70 (70) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓറക്കിൾ ഡിജിറ്റൽ മാർക്കറ്റിംഗ് ചാനൽ സോഫ്റ്റ്‌വെയർ വാങ്ങുന്നതിനായി അറുപത്തിനാല് ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ

സൊനാറ്റ ഇൻഫർമേഷൻ ടെക്നോളജി എന്ന കമ്പനിക്ക് 31-05-2019-ൽ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പർച്ചേസ് ഓർഡർ ചട്ടവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി സി-ഡിറ്റിലെ ഉദ്യോഗസ്ഥൻ പരാതി നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതിയിൽ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി-ഡിറ്റിൽനിന്നും ലഭ്യമായ പരാതി അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) തുടർന്ന് കരാർ ഒപ്പിട്ടിരുന്നില്ലെന്ന കാരണത്താൽ പ്രസ്തുത പർച്ചേസ് ഓർഡർ സി-ഡിറ്റ് റദ്ദാക്കിയിരുന്നോവെന്ന് അറിയിക്കുമോ; സി-ഡിറ്റ് ഓർഡർ റദ്ദാക്കിയെങ്കിലും നിഷ്കർഷിച്ചതിനേക്കാൾ കൂടുതലളവിൽ സോഫ്റ്റ്വെയർ സി-ഡിറ്റ് ഉപയോഗിച്ചിട്ടുണ്ടെന്നും അതിന് അധിക തുക ആവശ്യപ്പെട്ടുകൊണ്ട് ഒറാക്കിൾ സി-ഡിറ്റിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റദ്ദാക്കിയിരുന്നു. വിഷയത്തിൽ ഒറാക്കിൾ സി-ഡിറ്റിന് നേരിട്ട് കത്ത് നൽകിയിട്ടില്ല. എന്നാൽ ഒറാക്കിളിന്റെ ഡീലറായ സൊനാറ്റ അധിക തുക ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു.

(ഡി) 11-08-2021-ലെ 83/എ 1/അഡ്മിൻ./2020/സി-ഡിറ്റ് നമ്പർ കത്തിൽ സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ മാർക്കറ്റിംഗ് ലൈസൻസ് വാങ്ങിയതിനെക്കുറിച്ച് പ്രത്യേക റിപ്പോർട്ട് സി-ഡിറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രത്യേക റിപ്പോർട്ട് നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**കെ-ഡിസ്കിൽ നിയമനം**

71 (71) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 നവംബർ മുതൽ നാളിതുവരെ കെ-ഡിസ്കിൽ ഏതൊക്കെ തസ്തികയിൽ നിയമനത്തിനായി സി.എം.ഡി. മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്; ഓരോ തസ്തികയുടെയും പേര്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ഒഴിവുകളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022 നവംബർ മുതൽ നാളിതുവരെ കെ-ഡിസ്കിൽ സി.എം.ഡി. മുഖേന നടത്തിയ നിയമനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ നേരിട്ടുള്ള കരാർ നിയമനത്തിനായി രണ്ട് തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ നടത്താൻ സി.എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

i. <u>സീനിയർ പ്രോഗ്രാം എക്സിക്യൂട്ടീവ് (എമർജിംഗ് ടെക്നോളജീസ്)</u>

<u>വിദ്യാഭ്യാസ യോഗ്യത:</u>

- എഞ്ചിനീയറിംഗ് ബിരുദം/കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തര ബിരുദം/കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദം.
- PMP/Prince 2 സർട്ടിഫിക്കേഷൻ
- സർട്ടിഫൈഡ് ബിസിനസ് അനാലിസിസ് പ്രൊഫഷണൽ (CBAP) അല്ലെങ്കിൽ ISEB ബിസിനസ് അനാലിസിസ് ഡിപ്ലോമ അഭികാമ്യം
- മികച്ച ആശയവിനിമയ കഴിവ്

<u>പ്രവൃത്തി പരിചയം:</u>

- കോർപ്പറേറ്റ് ഐ.ടി. മേഖലയിലോ വലിയ മൾട്ടിനാഷണൽ കമ്പനിയിലോ മൊത്തത്തിൽ 7 മുതൽ 10 വർഷംവരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിപരിചയം, അതിൽ ബിസിനസ് വിശകലനത്തിലോ അനുബന്ധ സാങ്കേതിക മേഖലയിലോ (ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, ഡിപ്ലോയ്മെന്റ് ഇംപ്ലിമെന്റേഷൻ & ഇൻഫ്രാസ്ട്രക്ചർ) പരമാവധി 3 വർഷത്തെ പ്രവൃത്തിപരിചയവും പ്രോജക്ട് മാനേജ്മെന്റിൽ 5 വർഷത്തെ പ്രവൃത്തി പരിചയവുമുണ്ടായിരിക്കണം.

- ബിസിനസ്, യൂസർ & നോൺ ഫംഗ്ഷണൽ/സിസ്റ്റം ലെവൽ ആവശ്യകതകൾ എഴുതുന്നതിലും അവലോകനം ചെയ്യുന്നതിലുമുള്ള പരിചയം.
- സർക്കാർ പദ്ധതികളിൽ പ്രവർത്തിച്ച പരിചയം അഭികാമ്യം
- വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ വിലയിരുത്തുന്നതിനായി ഗ്രൂപ്പ് ഡിസ്കഷൻ, എഴുത്തുപരീക്ഷകൾ മുതലായവ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ ഷോർട്ട്ലിസ്റ്റ് ചെയ്യുന്നു.
- ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളെ ഉന്നതതല കമ്മിറ്റി അഭിമുഖം നടത്തുകയും യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ഒഴിവുകളുടെ എണ്ണം: 01

ii. പ്രോഗ്രാം എക്സിക്യൂട്ടീവ്

വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും:

- ഫസ്റ്റ് ക്ലാസ് ഫുൾ ടൈം MBA/MSW/ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി, അപ്ലൈഡ് സയൻസസ്, സോഷ്യൽ സയൻസസ് എന്നിവയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ, വീഡിയോ കമ്മ്യൂണിക്കേഷൻ, മീഡിയ സ്റ്റഡീസ് എന്നിവയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ബി.ടെക്/എഞ്ചിനീയറിംഗ് ബിരുദവും 2 മുതൽ 3 വർഷം പ്രവൃത്തിപരിചയവും.
- മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മികച്ച ആശയവിനിമയ വൈദഗ്ദ്ധ്യം.
- മികച്ച ലോജിക്കൽ, അനലിറ്റിക്കൽ, ക്രിട്ടിക്കൽ റീസണിംഗിനുള്ള കഴിവ്
- കമ്പ്യൂട്ടർ പരിജ്ഞാനം
- വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ വിലയിരുത്തുന്നതിനായി ഗ്രൂപ്പ് ഡിസ്കഷൻ, എഴുത്തുപരീക്ഷകൾ

മുതലായവ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നു.

- ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളെ ഉന്നതതല കമ്മിറ്റി അഭിമുഖം നടത്തുകയും യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ഒഴിവുകളുടെ എണ്ണം: 01

(ബി) മേൽപ്പറഞ്ഞ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മേൽപ്പറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തെ എംപ്ലോയ്മെന്റ്/പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അധികാരികൾ രേഖാമൂലം കെ-ഡിസ്കിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച് നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി നടപ്പാക്കുന്ന മേൽപ്പറഞ്ഞ നിയമനപ്രക്രിയ അടിയന്തരമായി റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി-ഡി) കെ-ഡിസ്കിലെ നിയമനങ്ങൾ സി.എം.ഡി. മുഖേനയാണ് നടത്തിവരുന്നത്.

**സി.എം.ഡി.ആർ.എഫ്.**

72 (72) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി ചികിത്സയ്ക്ക് വിധേയരായ രോഗികൾക്ക് സി.എം.ഡി.ആർ.എഫ്.-ൽ അപേക്ഷിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്ന മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇത്തരത്തിൽ ചികിത്സ തേടുന്ന രോഗികൾക്ക് തുടർചികിത്സയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചെലവിലേയ്ക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

രണ്ട് ലക്ഷത്തിൽത്താഴെ വരുമാന പരിധിയിൽവരുന്ന കുടുംബങ്ങളിലെ രോഗികൾക്ക് രോഗത്തിന്റെ തീവ്രതയും മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചികിത്സാ ചെലവും പരിഗണിച്ച് നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

73 (73) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ അന്തിമ രൂപരേഖയും റിപ്പോർട്ടും തയ്യാറായിട്ടുണ്ടോ; എങ്കിൽ ആയതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും അനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

(എ&ബി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കുവേണ്ടി ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടും (ടി.ഇ.എഫ്.ആർ.)

പാരിസ്ഥിതികാഘാത പഠന (ഇ.ഐ.എ.) റിപ്പോർട്ടും തയ്യാറാക്കാൻ M/s. ലൂയിസ് ബെർജർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ കൺസൾട്ടന്റായി സർക്കാർ നിയോഗിച്ചിരുന്നു. കൺസൾട്ടന്റ് തയ്യാറാക്കിയ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അന്തിമരൂപം ജൂൺ 2022-ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA) പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്മേൽ കേന്ദ്ര വ്യോമയാന മന്ത്രാലയവും ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികളും നടത്തിയ നിരീക്ഷണങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. മുഖേന മറുപടി നൽകിയിരുന്നു. പദ്ധതിയുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് വിമാനത്താവളത്തിന് 3500 മീറ്റർ നീളമുള്ള റൺവേയും കോഡ്-ഇ വിമാനങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യവുമാണ്. കോട്ടയം, പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും എസ്റ്റേറ്റിനുപുറത്ത് കുറച്ച് അധിക ഭൂമിയിലുമായി ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം നിർമ്മിക്കാനുദ്ദേശിക്കുന്നത്.

22-11-2022-ൽ ഡൽഹിയിൽവച്ച് കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റി യോഗം കൂടുകയും സൈറ്റ് ക്ലിയറൻസ് അനുമതി അപേക്ഷയിന്മേൽ ചർച്ച നടക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഉന്നയിച്ച ചില ചോദ്യങ്ങളുടെ മറുപടിയും കെ.എസ്.ഐ.ഡി.സി. മുഖേന വ്യോമയാന മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. മന്ത്രാലയത്തിൽനിന്ന് സൈറ്റ് ക്ലിയറൻസ് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ; സ്ഥലമേറ്റെടുക്കൽ എന്നത്തേയ്ക്ക് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി സർക്കാർ ആരംഭിച്ചുകഴിഞ്ഞു. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ഏകദേശം 2570 ഏക്കർ വിസ്തൃതിയുള്ള ഭൂമി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ച്

സാമൂഹികാഘാത വിലയിരുത്തൽ പഠനം നടത്താനും പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാമൂഹികാഘാത വിലയിരുത്തൽ പഠനം 20 ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കി, സാമൂഹികാഘാത വിലയിരുത്തൽ പ്ലാൻ സമർപ്പിക്കാൻ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തി 23-01-2023-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്നും പദ്ധതിക്ക് അനുമതി ലഭിച്ച് ഏകദേശം ഒരു വർഷത്തിനകം സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

**കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം**

74 (74) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലമെറ്റെടുക്കൽ നടപടികളുടെ

ഭാഗമായി സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. കേന്ദ്രസർക്കാർ ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനുമായി 100 കോടി രൂപ നൽകാമെന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ബാക്കി തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശം. കോഴിക്കോട് വിമാനത്താവളം 2022-2025 വർഷങ്ങളിൽ മോണിട്ടൈസേഷനുവേണ്ടി കേന്ദ്രസർക്കാർ തയ്യാറാക്കിയ പട്ടികയിലുൾപ്പെടുത്തിയതായി കാണുന്നു. അങ്ങനെവന്നാൽ സർക്കാർ ഇപ്പോൾ വിമാനത്താവള വികസനത്തിനായി ചെലവഴിക്കുന്ന പണം ഏതുരീതിയിൽ തിരിച്ചുതരുമെന്ന കാര്യത്തിൽ വ്യക്തതയുണ്ടായിട്ടുമില്ല.

(ബി) ഈ വർഷം ഹജ്ജ് പുറപ്പെടൽ കേന്ദ്രമായി കരിപ്പൂർ വിമാനത്താവളം പ്രഖ്യാപിച്ചതിനാൽ ഹജ്ജ് സീസണിനുമുമ്പ് വിമാനത്താവളത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോഴിക്കോട് വിമാനത്താവളത്തിൽനിന്നും പുതിയ ആഭ്യന്തര വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള സർവ്വീസുകളുടെ

എണ്ണം വർദ്ധിപ്പിക്കുന്നതിനും വ്യോമയാന വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനം ഇറങ്ങുന്നതിനുള്ള തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിനായി 14.5 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണെന്നും RESA വികസനത്തിനായി വരുന്ന മൊത്തം ചെലവ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വഹിക്കണമെന്നുമുള്ള ആവശ്യങ്ങൾ കേന്ദ്രസർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്നും അന്തിമതീരുമാനം ലഭ്യമായിട്ടില്ല. വിമാനത്താവളത്തിന്റെ സമഗ്രവികസനം ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

(ഇ) വിമാനത്താവള റൺവേ വികസനത്തിനുവേണ്ടി കുടിയൊഴിപ്പിക്കുന്നവർക്ക് ഭൂമിയും വീടും പകരം ലഭിക്കത്തക്കവിധത്തിൽ പുതിയ പാക്കേജ് നൽകി സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ RR പാക്കേജ് തയ്യാറാക്കുന്നത് 2013-ലെ LARR ACT 2nd Schedule-നുവേണ്ടി സർക്കാർ പുറപ്പെടുവിച്ച 29-12-2017-ലെ GO (Ms) 448/2017/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

**പറമ്പിക്കുളം-ആളിയാർ കരാർ**

75 (75) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പി.എ.പി.-യിൽനിന്നും കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാൻ സംയുക്ത ജലക്രമീകരണ സമിതി യോഗങ്ങളിൽ കേരളം ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. ഉദ്യോഗസ്ഥതലത്തിലെ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ യഥാസമയം സർക്കാർതലത്തിൽ ശക്തമായ ഇടപെടലുകൾ നടത്തിവന്നിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലുമുള്ള ശക്തമായ ഇടപെടലുകളെത്തുടർന്ന് നിലവിൽ പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം ഒട്ടുമിക്ക സ്റ്റേഷനുകളിലും

ലഭ്യമാക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് ജലവർഷങ്ങളിൽ (ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലാവധി) കേരളത്തിന് വിവിധ സ്റ്റേഷനുകളിൽ ലഭ്യമായ ജലത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| Water year | Kerala Sholayar | Manacadavu | | Upper Nirar quantity received in Mcft. |
|---|---|---|---|---|
| | Quantity in Mcft. | Quantity realised in Mcft. | Quantity net accepted in Mcft. | |
| 2018-19 | 9996.49 | 18476.50 | 7657.00 | 539.94 |
| 2019-20 | 12571.92 | 9268.58 | 7594.00 | 854.72 |
| 2020-21 | 12320.20 | 9407.25 | 7626.00 | 991.00 |
| 2021-22 | 13954 | 17964.85 | 7628.00 | 1498.78 |
| Note: | At Manacadavu Weir Agreement Quantity: 7250 Mcft<br>At Kerala Sholayar Agreement Quantity: 12300 Mcft | | | |

10-01-2023-ൽ കൂടിയ 106-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിലും കരാർപ്രകാരമുള്ള ജലം മുഴുവനും കേരളത്തിന് ലഭ്യമാക്കണമെന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2022-23 ജലവർഷത്തിൽ ഡിസംബർ 31 വരെ മണക്കടവ് വിയറിൽ കേരളത്തിന് ലഭിച്ചത് 4282.00 എം.സി.എഫ്.ടി. ജലമാണ്. കേരള ഷോളയാർ പവർ ഹൗസിൽ 2022 ഡിസംബർ 31 വരെയുള്ള ഉപയോഗം 6295.72 എം.സി.എഫ്.ടി. ജലമാണ്. കൂടാതെ നീരാറിൽനിന്നും 31-12-2022 വരെ

727.73 എം.സി.എഫ്.ടി. ജലവും ലഭിച്ചിട്ടുണ്ട്. ഈ ജലവർഷവും കരാർപ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത കരാർപ്രകാരം 2022-2023 വർഷം എത്ര ടി.എം.സി. ജലമാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

2022-23 ജലവർഷത്തിൽ ഡിസംബർ 31 വരെ മണക്കടവ് വിയറിൽ കേരളത്തിന് ലഭിച്ചത് 4282.00 എം.സി.എഫ്.ടി. ജലമാണ്. കേരള ഷോളയാർ പവർ ഹൗസിൽ 2022 ഡിസംബർ 31 വരെയുള്ള ഉപയോഗം 6295.72 എം.സി.എഫ്.ടി. ജലമാണ്. കൂടാതെ നീരാറിൽനിന്നും 31-12-2022 വരെ 727.73 എം.സി.എഫ്.ടി. ജലവും ലഭിച്ചിട്ടുണ്ട്. 2022-23 ജലവർഷത്തിലെ ഈ അളവുകൾ ജെ.ഡബ്ല്യൂ.ആർ.ബി. യോഗത്തിൽ ഇരുസംസ്ഥാനങ്ങളും ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതുണ്ട്.

**പറമ്പിക്കുളം-ആളിയാർ കരാർ**

76 (76) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ട് കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ നടത്തിയ ചർച്ചയിലെടുത്ത തീരുമാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ?

അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-09-2019-ന് തിരുവനന്തപുരത്തുചേർന്ന കേരളാ-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പറമ്പിക്കുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രസ്തുത യോഗത്തിൽ പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ ഇരുസർക്കാരും തീരുമാനിക്കുകയും ഇതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു കമ്മിറ്റി (Joint Expert Committee) രൂപീകരിക്കാനും തീരുമാനിക്കുകയുണ്ടായി.
- ആനമലയാർ, നീരാർ, നല്ലാർ ഡൈവെർഷനുകളെക്കുറിച്ചും മണക്കടവ് വിയറിൽനിന്ന് കേരളത്തിന് കരാർപ്രകാരം ലഭ്യമാക്കേണ്ട ജലം സംബന്ധിച്ചും പി.എ.പി. കരാറുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളിൽ പരിഗണിക്കേണ്ട കാര്യങ്ങളുടെ അജണ്ടയും ഇതേ കമ്മിറ്റി പരിശോധിക്കും.

- ഇരുസംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറ് മാസത്തിലൊരിക്കൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്താനും തീരുമാനിക്കുകയുണ്ടായി.
- പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന് കൈമാറേണ്ട കെട്ടിടങ്ങൾ, മറ്റ് ചെറിയ തർക്കങ്ങൾ എന്നീ വിഷയങ്ങൾ കേരളവും തമിഴ്നാടും ചേർന്ന് പരിഹരിക്കുന്നതാണ്.
- പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം ജലവിഭജനത്തിനും വിതരണത്തിനും അധികാരമുള്ള ജെ.ഡബ്ല്യൂ.ആർ. ബോർഡ്, വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും തീരുമാനമുണ്ടായി.

(ബി) ഇതിനായി സംയുക്ത സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത സമിതി കൈക്കൊണ്ട തീരുമാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ?

25-09-2019-ന് തിരുവനന്തപുരത്ത് ചേർന്ന ഇരു (കേരള, തമിഴ്നാട്) സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരുടെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇരുസംസ്ഥാനങ്ങളിലെയും ജലവിഭവ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഒരു Joint Expert Committee

രൂപീകരിക്കുകയും തുടർന്ന് ഈ കമ്മിറ്റിയുടെ മൂന്ന് മീറ്റിംഗുകൾ യഥാക്രമം 12-12-2019, 11-09-2020, 17-09-2021 എന്നീ തീയതികളിൽ കൂടുകയും ചെയ്തിരുന്നു. പ്രസ്തുത യോഗങ്ങളിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ ഇരുസംസ്ഥാനങ്ങൾക്കും ഗുണപ്രദമായ രീതിയിൽ അവലോകനം നടത്തി സമവായത്തിലെത്തി കരാർ പുതുക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. കൂടാതെ പറമ്പിക്കുളം-ആളിയാർ കരാർ അവലോകനത്തിനും നീരാർ-നല്ലാർ, ആനമലയാർ പദ്ധതികളുടെ സാങ്കേതിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായും ഇരു സംസ്ഥാനങ്ങളിൽനിന്നും നാലുപേർ വീതമുള്ള ഒരു Technical Sub Committee രൂപീകരിക്കാനും തീരുമാനിച്ചിരുന്നു. ഇതുപ്രകാരം 16-05-2022-ലെ G.O. (Rt) No. 410/2022/WRD സർക്കാർ ഉത്തരവുപ്രകാരം കേരളത്തിന്റെ പ്രതിനിധികളുൾപ്പെട്ട മേൽകമ്മിറ്റി രൂപീകരിക്കുകയും തുടർന്ന് ഈ കമ്മിറ്റിയുടെ ആദ്യയോഗം 21-10-2022-ന് കൂടുകയും ചെയ്തിരുന്നു. പ്രസ്തുത Technical Sub Committee പറമ്പിക്കുളം-ആളിയാർ കരാറിന്റെ സമഗ്രമായ അവലോകനം സംബന്ധിച്ചും നീരാർ-നല്ലാർ പദ്ധതി, ആനമലയാർ പദ്ധതി എന്നിവയെ സംബന്ധിച്ചും വിശദമായി പഠിച്ചതിനുശേഷം തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടുമായി ഈ വിഷയത്തിൽ തുടർചർച്ചകൾ നടത്തി കേരളത്തിന്

പരമാവധി ഗുണകരമായ രീതിയിൽ PAP കരാർ പുനരവലോകനം നടത്താനുള്ള നടപടികൾ കൈക്കൊള്ളാനുമാണുദ്ദേശിക്കുന്നത്.

**വടകര-മാഹി കനാൽ പ്രവൃത്തികൾ**

77 (77) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ വിവിധ റീച്ചുകളിലെ സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വടകര-മാഹി കനാൽ നിർമ്മാണത്തിന്റെ ഭാഗമായി എട്ട് പ്രവൃത്തികൾക്കാണ് സ്ഥലമേറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ അഞ്ച് പ്രവൃത്തികളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ശേഷിച്ചതിൽ മൂഴിക്കൽ പാലം നിർമ്മാണപ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക വിതരണം നടന്നുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള (റീച്ച്-1, റീച്ച്-5) വികസന പ്രവൃത്തികളുടെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക 20-01-2023-ലെ സ.ഉ.(കൈ.) 01/23/സി.എസ്.ഐ.എൻ. നമ്പർ ഉത്തരവുപ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങളെന്തൊക്കെയാണെന്ന് അറിയിക്കാമോ?

സ്ഥലമേറ്റെടുക്കൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ താഴെപ്പറയും പ്രകാരമാണ്.

- അർത്ഥന അധികാരി (dept) അലൈൻമെന്റ് പ്രൊപ്പോസൽ സമർപ്പിക്കുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നു.
- 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം ഡിപ്പാർട്ട്മെന്റ് അതിർത്തി കല്ലുകൾ സ്ഥാപിച്ച് സ്കെച്ച് LA അധികൃതർക്ക് സമർപ്പിക്കുകയും LA അധികൃതർ സ്ഥലപരിശോധനയും സർവ്വേയും നടത്തുകയും 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.
- സ്വതന്ത്ര ഏജൻസി മുഖേന സാമൂഹ്യാഘാത പഠനം നടത്തുകയും ടി റിപ്പോർട്ട് വിദഗ്ധ സമിതി പരിശോധിച്ച് ശിപാർശ ചെയ്യുകയും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.
- LA അധികൃതർ സ്ഥലത്തിന്റെ വില നിർണ്ണയം നടത്തി ആവശ്യകതയനുസരിച്ച് സർക്കാർ ഫണ്ട് അനുവദിക്കുകയും 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

- LA അധികൃതർ നഷ്ടപരിഹാര വിതരണ നടപടികൾ പൂർത്തിയാക്കി ഏറ്റെടുത്ത സ്ഥലം വകുപ്പിന് കൈമാറുന്നു.

(സി) പ്രസ്തുത കനാലിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റീച്ച് തിരിച്ച് വിശദമാക്കാമോ?

പ്രസ്തുത കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു.

<u>റീച്ച് 1 (4 കിലോമീറ്റർ)</u>

കനാൽ ഭാഗികമായി നിർമ്മിച്ചു. പൂർണ്ണതോതിലുള്ള വികസനത്തിനായി 21.80 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് 31-12-2022-ലെ സ.ഉ. (കൈ.) 6/22/സി.എസ്.ഐ.എൻ.ഡി. പ്രകാരം 21.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>റീച്ച് 2 (3.30 കിലോമീറ്റർ)</u>

കനാൽ നിർമ്മാണം പൂർത്തിയായി.

<u>റീച്ച് 3 (3.24 കിലോമീറ്റർ)</u>

ഉയർന്ന കട്ടിംഗ് ആവശ്യമുള്ള 800 മീറ്റർ ഭാഗത്ത് പ്രത്യേക സംരക്ഷണ പ്രവൃത്തിക്കുള്ള 161 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്ക് ലഭ്യമാക്കിയിരുന്നെങ്കിലും LBS തയ്യാറാക്കിയ ഡിസൈനിന്റെ പ്രായോഗികതയും സ്ഥലത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് കൂടുതൽ

പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ മറ്റ് ഡിസൈനിന്റെ സാധ്യതയും പരിശോധിച്ചുവരുന്നു.

<u>റീച്ച് 4 (3.59 കിലോമീറ്റർ)</u>

ഇതിൽ 2.60 കിലോമീറ്റർ നിർമ്മാണം പൂർത്തിയായി. ഈ പ്രവൃത്തി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്.

<u>റീച്ച് 5 (3.48 കിലോമീറ്റർ)</u>

പ്രവൃത്തി പുരോഗമിക്കുന്നു. 2.50 കിലോമീറ്റർ പൂർത്തിയായി.

(ഡി) 2025 വർഷത്തിനകം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളെന്തൊക്കെയെന്ന് അറിയിക്കാമോ?

2025 വർഷത്തിനകം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഈ വർഷംതന്നെ പൂർത്തിയാക്കുന്നതാണ്. കൂടാതെ ഭരണാനുമതി ലഭിച്ച ഒന്നാം റീച്ചിന്റെ വിപുലീകരണ പ്രവൃത്തിയും ഈ വർഷംതന്നെ നടപ്പിലാക്കുന്നതാണ്. ഭരണാനുമതി ലഭിക്കാനുള്ള മൂന്നാം റീച്ചിന്റെ ബാക്കി

പ്രവൃത്തി കോട്ടപ്പള്ളി, കളിയാംവള്ളി പാലങ്ങൾ എന്നിവ താമസിപ്പിക്കാതെ നടപ്പിലാക്കുന്നതാണ്.

**മലയാളി നാവികരുടെ മോചനം**

78 (78) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്വറ്റോറിയൽ ഗ്വിനിയയിൽ 09-08-2022-ന് സമുദ്രാതിർത്തി ലംഘിച്ചതിന്റെ പേരിൽ അറസ്റ്റിലായ 'എം.ടി. ഹീറോയിക് ഇഡുൻ' എന്ന ചരക്കുകപ്പലിലെ മലയാളികളായ നാവികരുടെ മോചനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇവരെ എന്നത്തേയ്ക്ക് മോചിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) സമുദ്രാതിർത്തി ലംഘിച്ചതിനെത്തുടർന്ന് ഇക്വറ്റോറിയൽ ഗ്വിനിയ നാവികസേന കസ്റ്റഡിയിലെടുത്ത, നോർവേ ആസ്ഥാനമായ 'എം.ടി. ഹീറോയിക് ഇഡുൻ' എന്ന ചരക്ക് കപ്പലിലെ മലയാളികളുടെ മോചനം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. തുടർന്ന്, നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 26-11-2022-ന് കേന്ദ്ര വിദേശകാര്യ സെക്രട്ടറിക്കും നൈജീരിയയിലുള്ള അബുജയിലെ ഇന്ത്യൻ

ഹൈക്കമ്മീഷണർക്കും അർദ്ധ ഔദ്യോഗിക കത്തും അയച്ചിരുന്നു. ഇതുസംബന്ധിച്ച് 01-12-2022-ൽ നൈജീരിയയിലുള്ള അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുടെ മറുപടിയും തുടർന്ന് 04-01-2023-ൽ കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയും ലഭിച്ചിട്ടുള്ളതാണ്. കപ്പലിൽ മൂന്ന് മലയാളികളുൾപ്പെടെ 26 ജീവനക്കാരുണ്ടെന്നും എല്ലാവരും സുരക്ഷിതരാണെന്നും 14-11-2022-ന് പ്രസ്തുത കേസ് നൈജീരിയയിലെ Court of the Rivers State (Southern State of Nigeria)-ന്റെ പരിഗണനയ്ക്ക് വന്നിട്ടുള്ളതും വിചാരണ തുടരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ നാവികരുടെ മോചനം സാധ്യമാകുവെന്നും നാവികരുടെ സുരക്ഷ സംബന്ധിച്ച അന്വേഷണത്തിനായി അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ 28-11-2022-ന് നാവികരെ സന്ദർശിച്ചിട്ടുണ്ടെന്നും അവർ സുരക്ഷിതരാണെന്നും ടി വിഷയത്തിന്മേൽ സ്വീകരിക്കുന്ന നടപടികൾ ഇന്ത്യൻ ഹൈക്കമ്മീഷണർ പരിശോധിച്ചുവരുന്നതാണെന്നും കേന്ദ്ര വിദേശകാര്യ മന്ത്രാലയവും അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറും കേരള സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. എങ്കിലും ഇക്കാര്യം ഇന്ത്യൻ

മിഷന്റെ സജീവ പരിഗണനയിൽ കൊണ്ടുവരാൻ സാധ്യമായ ശ്രമങ്ങൾ തുടരുന്നതാണ്.

**ദേശീയ ജലപാത വികസനം**

79 (79) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നടക്കുന്ന പ്രവൃത്തികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

ജലപാത വികസനത്തിന്റെ ഭാഗമായി ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് എറണാകുളം ജില്ലയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

| നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ | റിമാർക്സ് |
|---|---|---|---|
| 1 | മുളവുകാട് പഞ്ചായത്തിൽ 3-ാം വാർഡിൽ നിലവിലുള്ള തകർന്ന ബോട്ട് ജെട്ടി പൊളിച്ച് പുതിയത് നിർമ്മിക്കുന്ന പ്രവൃത്തി | 28.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | വൈപ്പിൻ ബോട്ട് ജെട്ടിയുടെ പുനരുദ്ധാരണവും ബോട്ട് ജെട്ടിക്ക് സമീപം ആഴം കൂട്ടുന്നതുൾപ്പെടെയുള്ള പ്രവൃത്തിയും | 35.00 | പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിനോട് ചേർന്നുകിടക്കുന്ന ദേശീയ ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിലൂടെ കടന്നുപോകുന്ന ദേശീയ ജലപാത-3 (കൊല്ലം-കോഴിക്കോട്)-ന്റെ വികസനപ്രവൃത്തികൾ ഇൻലാൻഡ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് നിർവ്വഹിക്കുന്നതിനാൽ അതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വൈപ്പിൻ നിയോജകമണ്ഡലത്തിനോട് ചേർന്നുകിടക്കുന്ന ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

| നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | മുളവുകാട് മുതൽ ചിറ്റൂർ വരെയുള്ള SWTD ബോട്ട് റൂട്ട് ആഴംകൂട്ടുന്ന പ്രവൃത്തി | 381.00 |
| 2 | ഹൈക്കോർട്ട് മുതൽ മുളവുകാട് വരെയുള്ള SWTD ബോട്ട് റൂട്ട് ആഴംകൂട്ടുന്ന പ്രവൃത്തി | 370.00 |
| 3 | പിഴല മുതൽ കടമക്കുടി വരെയുള്ള SWTD ബോട്ട് റൂട്ട് ആഴംകൂട്ടുന്ന പ്രവൃത്തി | 346.20 |
| 4 | മുളവുകാട് പഞ്ചായത്തിലെ സിസിലി ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |

| | | |
|---|---|---|
| 5 | മുളവുകാട് പഞ്ചായത്തിലെ മുളവുകാട് നോർത്ത് ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |
| 6 | മുളവുകാട് പഞ്ചായത്തിലെ പൊന്നാരിമംഗലം ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |
| 7 | മുളവുകാട് പഞ്ചായത്തിലെ ഹോസ്പിറ്റൽ ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |

**പ്രവാസികളുടെ ക്ഷേമത്തിനുള്ള നടപടികൾ**

80 (80) ശ്രീ. വി. ജോയി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സംഘടിപ്പിച്ച പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൽ വൻതുക രജിസ്ട്രേഷൻ ഫീസായി നിശ്ചയിച്ചതിനാൽ അസംഘടിത മേഖലയിൽ പ്രവാസലോകത്ത് പണിയെടുക്കുന്ന സംസ്ഥാനത്തെ തൊഴിലാളികളുടെ പ്രതിനിധികളുടെ പ്രാതിനിധ്യത്തിൽ കുറവുണ്ടായതും സമ്മേളനത്തിനെത്തിയ പ്രതിനിധികൾക്ക് സമ്മേളനത്തിൽ പങ്കെടുക്കാനുള്ള സാഹചര്യം നിഷേധിക്കപ്പെട്ടതുമായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലോക കേരള സഭയുടെ നാലാം സമ്മേളനം വിളിച്ചുചേർക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(സി) പ്രവാസികളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പ്രവാസികളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി നടപ്പാക്കുന്ന പദ്ധതികളെല്ലാംതന്നെ അങ്ങേയറ്റം ഫലപ്രദമാണെന്ന് സർക്കാർ വിലയിരുത്തുന്നു.

**പ്രവാസികളുടെ ക്ഷേമപദ്ധതികൾ**

81 (81) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തിയ പദ്ധതികളിൽ നടപ്പിലാക്കി വരുന്നവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

(എ&ബി) കേരളീയ പ്രവാസികാര്യ വകുപ്പിന് 2022-23 സാമ്പത്തികവർഷം 25 പദ്ധതികൾക്കായി 14,751 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികൾക്ക് വകയിരുത്തിയിരിക്കുന്ന തുകയും 27-01-2023 വരെ ചെലവഴിച്ച തുക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പ്രവാസി മലയാളികളുടെ ക്ഷേമം**

82 (82) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രവാസികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ പ്രവാസി ക്ഷേമനിധി അംഗങ്ങൾ**

83 (83) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എത്ര പ്രവാസികൾ നോർക്ക റൂട്ട്സിലും പ്രവാസി ക്ഷേമനിധിയിലും അംഗങ്ങളായുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ എത്രപേർക്ക് സാന്ത്വനം പദ്ധതിപ്രകാരം ധനസഹായം നൽകിയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എത്രപേർക്ക് പ്രവാസി ക്ഷേമനിധി മുഖേന പെൻഷൻ ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവരങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ അപ്രകാരം കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

**നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് പദ്ധതി**

84 (84) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി പുനരധിവാസത്തിന് നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് പദ്ധതിയെ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതിപ്രകാരം നൽകിവരുന്ന വായ്പകളേതെല്ലാമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ&ബി) വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിന് പിന്തുണ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ് എന്നീ മേഖലകളിൽ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന ബാങ്കുകൾ മുഖേന വായ്പ നൽകിവരുന്നു. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള

പദ്ധതികൾക്ക് കൃത്യമായ വായ്പ്പ തിരിച്ചടവിന് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്കാവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴി സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 18 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പ്പ ലഭ്യമാക്കിവരുന്നു. 2022-23 സാമ്പത്തികവർഷം NDPREM പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുകയും നാളിതുവരെ 12,82,44,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

### പ്രവാസികൾക്കായുള്ള സഹായ പദ്ധതികൾ

85 (85) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസികളുടെ മൃതശരീരം നാട്ടിലേയ്ക്കെത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വിദേശ രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം തൊഴിൽദാതാവോ, സ്പോൺസറോ, എംബസിയോവഴി നാട്ടിലെത്തിക്കാത്ത സാഹചര്യങ്ങളിൽ നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ പദ്ധതിവഴി ഭൗതികശരീരം നാട്ടിൽ കൊണ്ടുവരികയോ അല്ലെങ്കിൽ കാർഗോയിനത്തിൽ ചെലവായ തുക നോർക്ക റൂട്ട്സ് നേരിട്ട് നൽകുകയോ പ്രവാസിയുടെ കുടുംബത്തിന് തിരികെ നൽകുകയോ ചെയ്തുവരുന്നു. ഇതിനായി യു.എ.ഇ.-യിൽനിന്നും ഭൗതികശരീരം കൊണ്ടുവരുന്നതിനായി വിമാന കമ്പനികളായ എമിറേറ്റ്സും എയർ അറേബ്യയുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഇത്തരത്തിലുള്ള എത്ര മൃതശരീരങ്ങൾ നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിവഴി വിദേശത്തുനിന്നും എട്ട് ഭൗതികശരീരങ്ങളും കേരളത്തിനുപുറത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് നാല് ഭൗതികശരീരങ്ങളും കേരളത്തിലെത്തിച്ചു. ടി ഇനത്തിൽ 4,88,714/- രൂപ ചെലവഴിച്ചു.

(സി) വിദേശത്തുവച്ച് അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ നാട്ടിലെത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; എങ്കിൽ എത്ര കേസുകളിൽ ഇത്തരം സഹായം ഉറപ്പുവരുത്തിയെന്നും ഇതിനായി ആകെ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വിദേശത്തുവച്ച് അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ നാട്ടിലെത്തിക്കുന്നതിന് നടപടികൾ അതത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയാണ് സ്വീകരിക്കുന്നത്. നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസികൾവഴി നോർക്ക വകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിവരുന്നു. ആയതിനാൽ ടി ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

(ഡി) വിവിധ വിദേശരാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ; ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള നിയമസഹായമോ മറ്റ് സഹായങ്ങളോ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത ഇനത്തിൽ കഴിഞ്ഞ

സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കുമോ?

വിദേശരാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ നോർക്ക വകുപ്പിൽ ലഭ്യമല്ല. മലയാളികളുടേത് മാത്രമായ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന വിവരമാണ് എംബസികൾ നൽകിവരുന്നത്. വിദേശരാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞതമൂലം അന്യനാട്ടിലുണ്ടാകുന്ന കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമ കുരുക്കുകളിലുമുൾപ്പെട്ട് യാതൊരുവിധ നിയമസഹായവും ലഭിക്കാതെ വിഷമിക്കുന്ന നിസ്സഹായരായ പ്രവാസികൾക്ക് കേസുകളിന്മേൽ നിയമോപദേശം നൽകുക, നഷ്ടപരിഹാരം നേടുന്നതിനും ദയാഹർജികൾ തയ്യാറാക്കുന്നതിനും സഹായിക്കുക, നിയമ ബോധവത്കരണ പരിപാടികൾ മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ രേഖകളുടെ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക എന്നിവയ്ക്കുവേണ്ടി ആവിഷ്കരിച്ചുവരുന്ന പദ്ധതിയാണ് പ്രവാസി നിയമസഹായ സെൽ. നാളിതുവരെ 188 അപേക്ഷകൾ നിയമസഹായ സെൽ പദ്ധതിയിൻകീഴിൽ പരിഗണിച്ചിട്ടുണ്ട്. ആയതിൽ 24-ഓളം കേസുകൾ ജയിലിലകപ്പെട്ട പ്രവാസികളുടേതായിരുന്നു.

2018-2021 കാലഘട്ടത്തിൽ 35,62,312 രൂപയാണ് (മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപമാത്രം) പ്രവാസി നിയമസഹായ സെൽ പദ്ധതിയിലൂടെ ചെലവഴിച്ചിട്ടുള്ളത്. 2021-22 മുതൽ നാളിതുവരെ 35,88,401 രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തിയെട്ടായിരത്തി നാനൂറ്റിയൊന്ന് രൂപമാത്രം) ഈ പദ്ധതിയിൻകീഴിൽ ചെലവഴിച്ചിട്ടുണ്ട്.

**ക്രിമിനലുകളായ പോലീസുകാരെ സർവീസിൽനിന്ന് നീക്കാൻ നടപടി**

86 (86) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവമുള്ള പോലീസുകാരുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സ്ത്രീപീഡന കേസുകളിൽ പ്രതികളായവർ സ്റ്റേഷന്റെ അധികാരികളായി പ്രവർത്തിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവമുള്ള ചില പോലീസുദ്യോഗസ്ഥരുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ക്രിമിനൽ കേസുകളിൽ പ്രതികളായവരെ സർവ്വീസിൽനിന്ന് നീക്കം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഗുരുതരമായ കുറ്റകൃത്യങ്ങളിലുൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസിൽനിന്ന് നീക്കം ചെയ്യുന്നതടക്കമുള്ള കർശന വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20-01-2023 വരെ ക്രിമിനൽ കേസുകളിൽ പ്രതികളായുൾപ്പെട്ട 21 പോലീസുദ്യോഗസ്ഥരെ Removal/Dismissal ചെയ്തിട്ടുണ്ട്. മറ്റ് 3 പോലീസുദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

**ഗുണ്ടാമാഫിയകളുമായി ബന്ധമുള്ള പോലീസുദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ**

87 (87) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആഭ്യന്തര വകുപ്പിൽ നിരവധി പോലീസുദ്യോഗസ്ഥർ ഗുണ്ടകളും മറ്റ് മാഫിയകളുമായി ഉറ്റ ബന്ധം പുലർത്തുന്നവരാണെന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സേനയിലെ 14 ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം

സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ വകുപ്പ് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പിങ്ക് പോലീസിനുള്ള ബഡ്ജറ്റ് വിഹിതം**

88 (88) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2022-23 വരെ പിങ്ക് പോലീസിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ?

2016 മുതൽ 2022-23 വരെ പിങ്ക് പോലീസിനായി വാർഷിക പദ്ധതിയുടെ ഭാഗമായി ബഡ്ജറ്റിൽ വകയിരുത്തുകയും ചെലവാക്കിയതുമായ തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| 2016-17 | 65 | 65 |
| 2017-18 | 65 | 65 |
| 2018-19 | 70 | 70 |
| 2019-20 | 0 | 0 |
| 2020-21 | 43 | 33 |
| 2021-22 | 43 | 40 |
| 2022-23 | 0 | 0 |

**ഗുണ്ടാബന്ധമുള്ള പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി**

89 (89) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില പോലീസുദ്യോഗസ്ഥർക്ക് ഗുണ്ടകളുമായി ബന്ധമുള്ളതായും പലരും ബിനാമി ബിസിനസ് നടത്തുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ഈ സർക്കാർ കാലയളവിൽ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി അറിവായതിന്റെ അടിസ്ഥാനത്തിൽ 14 പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം പോലീസുകാരെ കണ്ടെത്തി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്നതായി കണ്ടെത്തുന്ന പോലീസുദ്യോഗസ്ഥരെ കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് സസ്പെന്റ് ചെയ്ത് മാറ്റിനിർത്തിവരുന്നു. കൂടാതെ നിരന്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പോലീസുദ്യോഗസ്ഥരെ കേരള പോലീസ് ആക്ട്, KPDIP & A Rules എന്നീ നിയമങ്ങൾ പ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21 പോലീസുദ്യോഗസ്ഥരെ Removal/Dismissal ചെയ്തിട്ടുണ്ട്. 3 പോലീസുദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) പോലീസ്-ഗുണ്ടാ ബന്ധം നിലനിൽക്കുന്നതിനാൽ ഗുണ്ടകൾക്കെതിരെ നടപടിയെടുക്കുന്നതിലും കാപ്പ നിയമം നടപ്പാക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗുണ്ടകൾക്കെതിരെ നടപടിയെടുക്കുന്നതിലും കാപ്പ നിയമം നടപ്പാക്കുന്നതിലും യാതൊരു വിട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല.

**ക്രിമിനലുകളുമായി ബന്ധമുള്ള പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി**

90 (90) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഗുണ്ടകളുമായും ക്രിമിനലുകളുമായും ബന്ധമുള്ള പോലീസുദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് അത്തരം പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനം വളരെ കാര്യക്ഷമമായി സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും പരിശോധിച്ചുവരുന്നു. കുറ്റക്കാരെന്ന് കണ്ടെത്തുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത്തരം പോലീസുദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത്തരം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) ഉണ്ട്. പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ നിരന്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പോലീസുദ്യോഗസ്ഥരെ KPDIP & A റൂൾസ്, കേരള പോലീസ് ആക്ട് എന്നിവപ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും Removal/Dismissal ചെയ്തിട്ടുണ്ട്. 3 ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

## കുറ്റകൃത്യങ്ങളിലേർപ്പെട്ട പോലീസുകാർ

91 (91) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിമിനൽ കുറ്റകൃത്യങ്ങളിലേർപ്പെട്ടിട്ടുള്ള പോലീസുകാരുടെ എണ്ണമെത്രയാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും വിശദമാക്കുമോ; ഇതിൽ കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയതിനുശേഷവും സർവ്വീസിൽ തുടരുന്നവരുടെ എണ്ണമെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാരണത്താൽ സർവ്വീസിൽനിന്ന് പുറത്താക്കപ്പെട്ടവരുടെ എണ്ണമെത്രയെന്ന് അറിയിക്കുമോ; അപ്രകാരം സർവ്വീസിൽനിന്നും പുറത്താക്കിയവരെ തിരിച്ചെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് സേനാംഗങ്ങൾ**

92 (92) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ക്രിമിനൽ കേസുകളിലുൾപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2016 മുതൽ പോലീസ് സേനാംഗങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളുടെ എണ്ണമെത്ര; ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി) ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത പോലീസ് സേനയിൽപ്പെട്ടവർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയവയിൽ ആരോപണവിധേയരായ പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസ്സും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്. കേസുകളിലെ പങ്കാളിത്തം, കുറ്റകൃത്യങ്ങളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങളിലേർപ്പെടുന്ന പോലീസുകാരെ കണ്ടെത്തി പുറത്താക്കൽ ഉൾപ്പെടെ ശക്തമായ വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2016 മുതൽ നാളിതുവരെ ക്രിമിനൽ കേസുകളിലുൾപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽനിന്നും പിരിച്ചുവിട്ട പോലീസ് സേനാംഗങ്ങളുടെ എണ്ണമെത്ര; ഇവരുടെ തസ്തിക, ജില്ല എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

**മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിനുള്ള നടപടികൾ**

93 (93) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും വിതരണവും തടയുന്നതിന് വിവിധങ്ങളായ കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ഒരു മാസം നീണ്ടുനിന്ന തീവ്ര കർമ്മപരിപാടി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന രണ്ടാംഘട്ട കർമ്മപരിപാടി ആരംഭിച്ചിട്ടുള്ളതുമാണ്. സംസ്ഥാന പോലീസ് മുഖേന ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്നപേരിൽ ഒരു കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഒക്ടോബർ 6-നാണ് ഇത് ഔദ്യോഗികമായി ലോഞ്ച്

ചെയ്യത്. പോലീസിന്റെ പ്രധാന ചുമതല മയക്കമരുന്ന് ശൃംഖലയുടെ വിതരണം തടയുക എന്നതാണെങ്കിലും ആ ലക്ഷ്യം കൈവരിക്കുന്നതിന് മയക്കമരുന്ന് ഉപഭോഗം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവിൽനിന്നാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി ഓരോ സ്കൂളിലും യോദ്ധാവായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ അദ്ധ്യാപകർക്ക് സ്കൂളിലുള്ള മയക്കമരുന്ന് ഉപയോഗിക്കുന്ന കുട്ടികളിലുണ്ടാകുന്ന പെരുമാറ്റ വ്യത്യാസം തിരിച്ചറിഞ്ഞ് അവരെ ബോധവൽക്കരിക്കുന്നതിനും പിന്നെയും മയക്കമരുന്ന് ഉപയോഗത്തിലേയ്ക്ക് പോകാതെ തടയുന്നതിനും ആവശ്യമായ പരിശീലനം നൽകിവരുന്നു. ലഹരിവിരുദ്ധ പ്രവർത്തന മേഖലയിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചവരെയാണ് ട്രെയിനിംഗ് നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായി ഒരു പരിശീലന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വിദഗ്ധരെ റിസോഴ്സ് പേഴ്സണുകളായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ജനമൈത്രി പോലീസുകാർക്കും ട്രെയിനിംഗ് നൽകിവരുന്നു. അവർ ഭവന സന്ദർശനവേളയിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുടുംബങ്ങൾക്ക് ബോധവൽക്കരണം നടത്തും.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും ലഹരിവിരുദ്ധ പ്രവർത്തനത്തിനാവശ്യമായ ട്രെയിനിംഗ് നൽകിവരുന്നു. ഇത്തരത്തിൽ 3752 സ്കൂളുകളിലായി 88000 കേഡറ്റുകൾ ലഹരിവിരുദ്ധ അവബോധം സൃഷ്ടിക്കും. 50039 കേഡറ്റുകൾ ഇതുവരെ പരിശീലനം പൂർത്തിയാക്കി. ലഘു ചിത്രങ്ങളും വീഡിയോകളും ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു. സാമൂഹ്യമാധ്യമ പ്ലാറ്റ്ഫോമുകളും ഇലക്ട്രോണിക് മാധ്യമങ്ങളും ഇതിനായി ഉപയോഗിച്ചുവരുന്നു. സൈക്കിൾ റാലി, വാക്കത്തോൺ, മാരത്തോൺ, മറ്റ് കായികയിനങ്ങൾ തുടങ്ങിയവയും ലഹരിവിരുദ്ധ ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു. ലഹരിക്കെതിരെ ബഹുജനങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനവ്യാപകമായി പ്രതിജ്ഞ സംഘടിപ്പിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നവംബർ 11-ന് പ്രതീകാത്മകമായി മയക്കമരുന്ന് കുഴിച്ചുമൂടൽ ചടങ്ങ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്ന് വില്പന തടയുന്നതിനായി സ്കൂൾ/കോളേജ് പരിസരങ്ങളിൽ നിരന്തരമായ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും വിദ്യാർത്ഥികളിൽനിന്നും വിവരങ്ങൾ ശേഖരിച്ചും പോലീസ് സ്റ്റേഷൻ പരിധിയിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ

നിരന്തരമായ റെയ്ഡുകൾ സംഘടിപ്പിച്ചു. ജില്ലാതലത്തിൽ രൂപീകരിച്ച DANSAF (District Anti Narcotic Special Action Force) സ്ക്വാഡും മയക്കുമരുന്ന് വില്പന തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി സുരക്ഷാ പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ തുടങ്ങിയ വിവിധ പദ്ധതികൾവഴി വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും വിവിധ ബോധവൽക്കരണ പദ്ധതികൾ നടത്തിവരുന്നു. മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥലങ്ങളെ ഹോട്ട്സ്പോട്ടുകളായി കണക്കാക്കി പ്രസ്തുത സ്ഥലങ്ങളിൽ കൂടുതൽ റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിയ Clean Campus, Safe Campus എന്ന പദ്ധതിയിലൂടെ ലഹരിമരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ സിനിമാ, സ്പോർട്സ് എന്നീ മേഖലകളിലെ താരങ്ങളെ അണിനിരത്തിക്കൊണ്ട് മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. വിദ്യാർത്ഥികളേയും യുവാക്കളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ

ബോധ്യപ്പെടുത്താനായി സംസ്ഥാന എക്സൈസ് വകുപ്പ് മേൽനോട്ടം വഹിക്കുന്ന 'വിമുക്തി' പദ്ധതിക്ക് എല്ലാവിധ പിന്തുണയും സംസ്ഥാന പോലീസ് നൽകിവരുന്നുണ്ട്. സംസ്ഥാന എക്സൈസ് വകുപ്പുമുഖേന ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടത്തിവരുന്നത്.

ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് ഫീൽഡുതലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം, 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, സൈബർ സെല്ലുകൾ, മേജർ കേസുകൾ അന്വേഷിക്കുന്നതിനായി ക്രൈംബ്രാഞ്ച് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള കമ്മീഷണർ സ്ക്വാഡ് എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. ക്ലബ്ബുകൾ, ബാറുകൾ, ലോഡ്ജുകൾ, ടർഫുകൾ എന്നിവ നിരീക്ഷിച്ച് പരിശോധനകൾ നടത്തിവരുന്നു. പോലീസ്, തീരദേശ പോലീസ്, വനം, റവന്യൂ, ഭക്ഷ്യസുരക്ഷാ എന്നീ വകുപ്പുകളുമായി സംയോജിത പരിശോധനകളും

നടത്തിവരുന്നു. ലഹരി വ്യാപനം അമർച്ച ചെയ്യുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ പരിശോധിച്ച് മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി ആയതിലുൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും പരമാവധി ശിക്ഷ കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ, വാർഡുതല കമ്മിറ്റികൾ എന്നിവയുമായും ഗ്രാമപഞ്ചായത്തുകൾ, ക്ലബ്ബുകൾ, വിവിധ വകുപ്പുകളുമായും ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി മാഫിയ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം രൂപീകരിച്ചിട്ടുണ്ട്. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികളെല്ലാംതന്നെ യഥാസമയം സബ് ഓഫീസുകളിലേയ്ക്ക് അറിയിച്ച് നടപടി സ്വീകരിച്ചുവരുന്നു. രാത്രികാലങ്ങളിൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി കേസുകൾ കണ്ടെത്തുന്നതിന് താലൂക്കടിസ്ഥാനത്തിൽ രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ളതാണ്. എക്സൈസ് ഇന്റലിജൻസ് വിഭാഗം വിവിധ സബ് ഓഫീസുകളുമായി ചേർന്ന് രഹസ്യവിവരങ്ങൾ ശേഖരിച്ച് മയക്കുമരുന്ന്

കേസുകൾ കണ്ടെത്തുന്നുണ്ട്. ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആർ.പി.എഫ്.-ഉമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധന നടത്തിവരുന്നു. തീരദേശ പോലീസുമായി ചേർന്ന് തീരദേശമേഖലകളിൽ ശക്തമായ പരിശോധനകളും നടത്തിവരുന്നു. അന്യസംസ്ഥാന ബന്ധമുള്ള ലഹരി മാഫിയകളുടെ ബന്ധങ്ങൾ പരിശോധിക്കുന്നതിന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും ഡയറക്ടർ ജനറൽ ഓഫ് റവന്യൂ ഇന്റലിജൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(ബി) വാണിജ്യാടിസ്ഥാനത്തിൽ മയക്കമരുന്ന് കടത്തിക്കൊണ്ടുവരുന്നത് വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മയക്കമരുന്നുകളാണ് കൂടുതലായി കടത്തിക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

മുൻ വർഷങ്ങളെ അപേക്ഷിച്ച് മയക്കമരുന്ന് കടത്തിക്കൊണ്ടുവരുന്നത് കണ്ടെത്തുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചാവ്, എം.ഡി.എം.എ., എൽ.എസ്.ഡി. എന്നിവപോലുള്ള മയക്കമരുന്നുകളാണ് കൂടുതലായി കടത്തിക്കൊണ്ടുവരുന്നത്.

(സി) വാണിജ്യാടിസ്ഥാനത്തിൽ മയക്കുമരുന്ന് കടത്തിക്കൊണ്ടുവരുന്നത് പിടികൂടിയതും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും സംബന്ധിച്ച് പോലീസ് ജില്ലാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

2022 ജനവരി 1 മുതൽ 2022 ഡിസംബർ 31 വരെ സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ കടത്തിക്കൊണ്ടുവന്ന മയക്കുമരുന്ന് എക്സൈസ് വകുപ്പ് പിടികൂടി രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധം -I ആയും+ പോലീസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധം-II ആയും+ ചേർക്കുന്നു.

**സസ്പെൻഷനിലായ പോലീസുദ്യോഗസ്ഥരുടെ വിശദാംശങ്ങൾ**

94 (94) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിലെ ഇൻസ്പെക്ടർ മുതൽ സൂപ്രണ്ട് വരെയുള്ള റാങ്കുകളിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ നിലവിൽ സസ്പെൻഷനിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉദ്യോഗസ്ഥരുടെ റാങ്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലീസ് വകുപ്പിൽ ഇൻസ്പെക്ടർ മുതൽ പോലീസ് സൂപ്രണ്ട് വരെയുള്ള 18 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

പോലീസ് സൂപ്രണ്ട്-0

ഡിവൈ.എസ്.പി.-6

പോലീസ് ഇൻസ്പെക്ടർ-12

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ എത്ര കാലമായി സസ്പെൻഷനിൽ കഴിയുന്നുണ്ട്; ഉദ്യോഗസ്ഥരുടെ റാങ്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് 'മെമ്മോ ഓഫ് ചാർജ്ജ്' നൽകിയിട്ടുള്ളത് സസ്പെൻഡ് ചെയ്ത തീയതി മുതൽ എത്ര നാളുകൾക്കുശേഷമാണ്; പ്രസ്തുത ഉദ്യോഗസ്ഥരുടെ റാങ്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ തീയതി മുതൽ എത്ര നാളുകൾക്കുശേഷമാണ് ഉപജീവന ബത്ത നൽകിത്തുടങ്ങിയത്; റാങ്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) നാളിതുവരെ ഉപജീവനബത്ത ലഭിക്കാത്ത എത്ര ഉദ്യോഗസ്ഥർ നിലവിൽ സസ്പെൻഷനിലുണ്ട്; റാങ്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) ഉപജീവനബത്ത യഥാസമയം നൽകാതെ കാലതാമസം വരുത്തുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(ഡി-എഫ്) ചട്ടപ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നമുറയ്ക്കാണ് പ്രതിമാസ ഉപജീവനബത്ത അനുവദിക്കുന്നത്.

**ലഹരി മാഫിയയ്ക്കെതിരെ സ്വീകരിച്ച നടപടി**

95 (95) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് മാണിക്കലിൽ ലഹരി മാഫിയയ്ക്കെതിരെ അധികൃതർക്ക് വിവരം നൽകിയ വിദ്യാർത്ഥിനിയുടെ വീട് കയറി പെൺകുട്ടിയെയും മാതാവിനെയും മർദ്ദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കേസ്സെടുക്കാൻ പോലീസ് വിസമ്മതിച്ചതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) മർദ്ദനമേറ്റതിനെത്തുടർന്ന് പരാതിയുമായി എത്തിയപ്പോൾ കുട്ടികളെ മർദിച്ച സംഭവത്തിൽ കേസ്സെടുക്കാൻ കഴിയില്ലെന്നും മറ്റേതെങ്കിലും കേസ് രജിസ്റ്റർ ചെയ്യാമെന്നും അറിയിച്ച് പൊലീസ് പരാതിക്കാരെ മടക്കി അയച്ചതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) വെഞ്ഞാറമൂട് മാണിക്കൽ പാറയിൽ കോളനിയിൽ താമസിക്കുന്ന പരാതിക്കാരി തന്റെ അയൽവാസിയായ സ്ത്രീയുടെ ഭർത്താവായ ദീപുവിനെതിരെ പോലീസിൽ പരാതി നൽകിയതിലുള്ള വിരോധം നിമിത്തം അയൽവാസികളായ മുരുകനും മറ്റൊരു സ്ത്രീയും 07-01-2023-ൽ വീടിന്റെ കോമ്പൗണ്ടിൽ അതിക്രമിച്ചുകയറി അസഭ്യം പറഞ്ഞ് മർദ്ദിക്കുകയും തടയാൻ ശ്രമിച്ച മകളെ സ്ത്രീ മർദ്ദിച്ചതായും ധരിച്ചിരുന്ന 30,000 രൂപ വിലവരുന്ന ആഭരണങ്ങൾ ഇതുവഴി നഷ്ടപ്പെട്ടുവെന്നും 08-01-2023-ൽ പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകി. മൊഴിയുടെ അടിസ്ഥാനത്തിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 42/2023 u/s 447, 294(ബി), 323, 324, 427 & 34 IPC പ്രകാരം

കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ IPC സെക്ഷൻ 354 കൂട്ടിച്ചേർത്ത് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. രണ്ട് പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്. ലഹരി മാഫിയയുമായി ബന്ധം സ്ഥാപിക്കുന്ന തരത്തിലുള്ള വിവരങ്ങളൊന്നും പോലീസ് അന്വേഷണത്തിൽ ലഭിച്ചിട്ടില്ല.

**ക്രിമിനലുകളായ പോലീസുകാർക്കെതിരെ നടപടി**

96 (96) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുമായും ക്വട്ടേഷൻ സംഘങ്ങളുമായും അടുത്ത് ബന്ധമുള്ള പോലീസുദ്യോഗസ്ഥർ മിക്ക സ്ഥലങ്ങളിലും ക്രമസമാധാനപാലന ചുമതല വഹിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

(ബി&സി) സംസ്ഥാനത്ത് പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനം വളരെ കാര്യക്ഷമമായി സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും പരിശോധിച്ചുവരുന്നു. കുറ്റക്കാരെന്ന് കണ്ടെത്തുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നു. നിരന്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പോലീസുദ്യോഗസ്ഥരെ KPDIP & A റൂൾസ്, കേരള പോലീസ് ആക്ട് എന്നിവപ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും Removal/Dismiss ചെയ്തിട്ടുണ്ട്. 3 പേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

**പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം**

97 (97) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം വളരെ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള പോലീസുകാരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

വളരെ കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് പോലീസ് സേനയിലെ ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഗുണ്ട/സ്ഥിരം കുറ്റവാളികളുമായി ബന്ധം ആരോപിക്കപ്പെട്ട് വകുപ്പുതല നടപടിക്ക് വിധേയരായവരുടെ എണ്ണം ജില്ല/യൂണിറ്റ് തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം സിറ്റി | 1 |
| തിരുവനന്തപുരം റൂറൽ | 7 |
| കോട്ടയം | 3 |
| തൃശ്ശൂർ സിറ്റി | 1 |
| റെയിൽവേ | 1 |
| വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ | 1 |
| ആകെ | 14 |

(ബി) പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം രഹസ്യമായി കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ട സ്പെഷ്യൽ ബ്രാഞ്ച് നിഷ്ക്രിയമായതുകൊണ്ടാണോ പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം കൂടിവരുന്നത്; വ്യക്തമാക്കാമോ?

പോലീസുദ്യോഗസ്ഥരുടെ അത്തരം ബന്ധങ്ങൾ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് നിരന്തരമായി നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്പെഷ്യൽ ബ്രാഞ്ചിന്റെ ചുമതലയുള്ള ഡിവൈ.എസ്.പി.-മാരുടെ അവലോകനയോഗം മാസത്തിൽ എത്ര തവണയാണ് നടക്കുക; അവസാനമായി നടന്ന തീയതി എന്നാണ്?

സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ചുമതലയുള്ള റെയ്ഞ്ച് എസ്.പി.-മാരുടെയും ഡിവൈ.എസ്.പി.-മാരുടെയും പ്രവർത്തനങ്ങൾ ദൈനംദിനം അവലോകനം ചെയ്തുവരുന്നു.

(ഡി) ഈ സ്പെഷ്യൽ ബ്രാഞ്ചിലെ ഉദ്യോഗസ്ഥർക്കും ഗുണ്ടകളുമായി ബന്ധമുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ക്രിമിനൽ ബന്ധമുള്ള പോലീസ് സേനാംഗങ്ങൾക്കെതിരെ കർശന നടപടി**

98 (98) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഒക്ടോബർ 28-ന് തിരുവനന്തപുരം മ്യൂസിയം പരിസരത്ത് നടന്ന ലൈംഗികാതിക്രമ കേസിൽ ജാമ്യം ലഭിക്കുന്ന വകുപ്പുകൾമാത്രം ചുമത്തി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിക്കനുകൂലമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്ത മ്യൂസിയം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ., സബ് ഇൻസ്പെക്ടർ എന്നിവർക്കെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് പൊതുപ്രവർത്തകനായ ശ്രീ. ചാല നാസർ ഡി.ജി.പി.-ക്ക് നൽകിയ പരാതിയിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ക്രിമിനൽ ബന്ധമുള്ള പോലീസ് സേനാംഗങ്ങൾക്കെതിരെ കർശനനടപടി സ്വീകരിക്കേണ്ടത് അനിവാര്യമായിരിക്കുന്ന സാഹചര്യത്തിൽ ഗുരുതര കൃത്യവിലോപം നടത്തിയ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ടി വിഷയം സംബന്ധിച്ച് ശ്രീ. ചാല നാസർ എന്ന വ്യക്തി സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയിരുന്നു. തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ മുഖേന വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്മേൽ കൂടുതൽ വ്യക്തത പോലീസ് മേധാവി തേടിയിരിക്കുകയാണ്.

**ലഹരിക്കടത്ത് തടയാൻ നടപടി**

99 (99) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പാർട്ടിയിലെ നേതാക്കൾ ഭരണസ്വാധീനം ഉപയോഗപ്പെടുത്തി ലഹരിക്കടത്തിനടക്കം കൂട്ടുനിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരുനാഗപ്പള്ളിയിലടക്കം രാഷ്ട്രീയ പാർട്ടിയിലെ നേതാക്കൾ ലഹരിക്കടത്ത് നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിരോധിത പുകയിലയുൽപ്പന്നങ്ങൾ കടത്തിയതുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 40/2023 u/s 77 of JJ Act, Sec.118(i) of KP Act & Sec.6 r/w 24 of COTPA Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരിക്കടത്തുമായി ബന്ധപ്പെട്ട ചില കേസുകളിൽ രാഷ്ട്രീയ പാർട്ടി അനുഭാവികളായ ചിലരുൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സമാനമായ സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിനായി പോലീസ് നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിയിട്ടുള്ളതും കൃത്യമായ ഇടവേളകളിൽ പരിശോധനകളും സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരികയും ചെയ്യുന്നു. ലഹരിക്കടത്ത് തടയുന്നതിന് എക്സൈസ് വകുപ്പും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന്

കേസുകളിലുൾപ്പെടുന്നവർക്കെതിരെ NDPS Act-ലെ 31, 34 വകുപ്പുകൾ പ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ഥിരം NDPS കേസുകളിലുൾപ്പെടുന്നവർക്കെതിരെ Rowdy History Sheet തുറക്കുകയും 107 CrPC, PITNDPS Act, KAA(P) ആക്ട് എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. Commercial Quantity കേസുകളിലുൾപ്പെടുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ സ്കൂൾ, കോളേജ്, ജനവാസ മേഖല എന്നിവിടങ്ങളിൽ ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ മുഖേന ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്.

**ബാലറ്റ് പെട്ടി കാണാതായ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് നടപടി**

100 (100) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിലെ ട്രഷറി സ്ട്രോംഗ് റൂമിൽ സൂക്ഷിച്ച ബാലറ്റുകളടങ്ങിയ പെട്ടി കാണാതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ എന്ത് അന്വേഷണമാണ് നടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ബാലറ്റ് പെട്ടി കാണാതായ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഇ) പ്രസ്തുത സംഭവത്തിൽ എത്ര പേരാണ് കുറ്റക്കാരെന്നും ആരൊക്കെയാണ് ഇതെന്നും വിശദമാക്കുമോ?

(ബി-ഇ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 166/2023 U/s 134(1), 136(1)(സി)(f)(g), 136(2)(എ) Representation of People Act, 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിന്മേൽ ഊർജ്ജിത അന്വേഷണം നടത്തുന്നതിന് മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. കേസ് അന്വേഷണാവസ്ഥയിലാണ്.

**പോലീസ് സേനയിലെ ക്രിമിനൽ കേസിൽപ്പെട്ടവരുടെ വിശദാംശം**

101 (101) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ക്രിമിനൽ കേസുകളിൽപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയബന്ധം തുടങ്ങിയവയിൽ ആരോപണവിധേയരായ പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്. കേസുകളിലെ പങ്കാളിത്തം, കുറ്റകൃത്യങ്ങളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങളിലേർപ്പെടുന്ന പോലീസുകാരെ കണ്ടെത്തി പുറത്താക്കൽ ഉൾപ്പെടെ ശക്തമായ വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസ് സേനയിൽ ക്രിമിനൽ കേസിൽപ്പെട്ടവരുടെയും ഗുണ്ടകളുമായി ബന്ധമുള്ളവരുടെയും ജില്ല തിരിച്ചുള്ള പട്ടിക തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചട്ടപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ക്രിമിനൽ കേസിൽപ്പെട്ട പോലീസുദ്യോഗസ്ഥർ എത്രയാണെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; ഇവരുൾപ്പെട്ട കേസുകളുടെ സ്വഭാവം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പോലീസുദ്യോഗസ്ഥർ സസ്പെൻഷനിൽ കഴിയുന്നുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; എത്രകാലമായി ഇവർ സസ്പെൻഷനിൽ കഴിയുന്നുവെന്നും അവർ ചെയ്ത കുറ്റമെന്താണെന്നും വ്യക്തമാക്കാമോ?

(സി&ഡി) സേനയുടെ വിവിധ യൂണിറ്റുകളിൽനിന്നും പോലീസ് സ്റ്റേഷനുകളിലുള്ളവരുടേത് മാത്രമായ സസ്പെൻഷൻ വിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ അസാധു വോട്ടുകളടങ്ങിയ ബാലറ്റുപെട്ടി കണ്ടെത്തിയ സംഭവത്തിൽ സ്വീകരിച്ച നടപടി**

102 (102) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അസാധു വോട്ടുകളടങ്ങിയ കാണാതായ ബാലറ്റുപെട്ടി എവിടെവച്ചാണ് കണ്ടുകിട്ടിയതെന്ന് വിശദമാക്കുമോ;

(ബി) ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി തന്നെയാണ് കണ്ടുകിട്ടിയതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി ഏതുതരത്തിലാണ് കണ്ട് കിട്ടിയതെന്ന് വിശദമാക്കുമോ?

(എ-സി) മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ഓഫീസിൽനിന്നും കണ്ടെത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ വിശദമായ അന്വേഷണത്തിന് മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതലന്വേഷണം നടത്തിയാലേ നിജസ്ഥിതി വെളിവാകുകയുള്ളൂ. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി വീണ്ടെടുക്കുമ്പോൾ സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയപാർട്ടികളുടെയും പ്രതിനിധികളുടെ സാന്നിദ്ധ്യമുണ്ടായിരുന്നോ; എങ്കിൽ ആരെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

സ്ഥാനാർത്ഥികളുടെയോ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയോ സാന്നിദ്ധ്യമുണ്ടായിരുന്നില്ല.

(ഇ) ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി കണ്ടുകിട്ടുമ്പോൾ സംഭവസ്ഥലത്ത് ഹാജരായ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

ഇലക്ഷൻ സാമഗ്രികൾ മലപ്പുറം സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ഓഫീസിൽനിന്നും കണ്ടുകെട്ടുന്ന വേളയിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീമതി ശ്രീധന്യ സുരേഷ് IAS, സബ് കളക്ടർ & വരണാധികാരി, 038- പെരിന്തൽമണ്ണ നിയമസഭാ മണ്ഡലം.
2. ശ്രീ. വേണുഗോപാലൻ എ., സ്പെഷ്യൽ തഹസിൽദാർ, ലാൻഡ് അക്വിസിഷൻ (കരിപ്പൂർ എയർപോർട്ട്), മലപ്പുറം
3. ശ്രീ. സുരേന്ദ്രൻ കെ.പി., ജൂനിയർ സൂപ്രണ്ട് (ഇലക്ഷൻ)
4. ശ്രീ. അനൂപ് അച്യുതൻ, ഇലക്ഷൻ ക്ലാർക്ക്
5. ശ്രീ. അബ്ദുൽ ഫത്താഹ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, പാതായ്ക്കര വില്ലേജ്
6. ശ്രീ. ബഷീർ പി., ജോയിന്റ് രജിസ്ട്രാർ, സഹകരണ വകുപ്പ്, മലപ്പുറം
7. ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ 16-01-2023-ൽ ജോലിക്ക് ഹാജരായിരുന്ന മുഴുവൻ ജീവനക്കാരും.

പെരിന്തൽമണ്ണ നിയമസഭാ വരണാധികാരിയുടെ കാലിയായ ട്രങ്ക് ബോക്സ് പെരിന്തൽമണ്ണ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ഓഫീസിൽനിന്ന് വീണ്ടെടുക്കുമ്പോൾ ഹാജരായിരുന്ന ജീവനക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീമതി ശ്രീധന്യ സുരേഷ് IAS, സബ് കളക്ടർ & വരണാധികാരി, 038-പെരിന്തൽമണ്ണ നിയമസഭാ മണ്ഡലം
2. ശ്രീ. രാജഗോപാലൻ പി., സീനിയർ സൂപ്രണ്ട്, സബ് കളക്ടർ ഓഫീസ്, പെരിന്തൽമണ്ണ
3. ശ്രീ. ഹംസ പി., ജൂനിയർ സൂപ്രണ്ട്, സബ് കളക്ടർ ഓഫീസ്, പെരിന്തൽമണ്ണ
4. ശ്രീ. സുരേന്ദ്രൻ കെ. പി., ജൂനിയർ സൂപ്രണ്ട്, സബ് കളക്ടർ ഓഫീസ്, പെരിന്തൽമണ്ണ
5. ശ്രീ. ഷംസുദ്ദീൻ പി., അസിസ്റ്റന്റ് രജിസ്ട്രാർ
6. ശ്രീ. ഷാജഹാൻ കെ., ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ
7. 18-01-2023-ൽ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ജോലിക്ക് ഹാജരായ മുഴുവൻ ജീവനക്കാരും

(എഫ്) ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി കണ്ടുകിട്ടുമ്പോൾ പ്രസ്തുത പെട്ടിയിൽ എന്തെല്ലാം രേഖകളാണുണ്ടായിരുന്നതെന്നും എന്തെല്ലാം രേഖകളാണ് നഷ്ടപ്പെട്ടതെന്നും വിശദമാക്കുമോ?

ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തിയാലേ നിജസ്ഥിതി വെളിവാകുകയുള്ളൂ. കേസ് അന്വേഷണാവസ്ഥയിലാണ്.

**ക്രിമിനൽ കേസിൽ പ്രതികളായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി**

103 (103) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയ്ക്ക് ചേരാത്ത വിധത്തിൽ പ്രവർത്തിച്ച എത്ര ഉദ്യോഗസ്ഥരെയാണ് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ പിരിച്ചുവിട്ടതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രിമിനൽ കേസുകളിലുൾപ്പെട്ട 21 പോലീസുദ്യോഗസ്ഥരെ Removal/Dismissal ചെയ്തിട്ടുണ്ട്. 3 ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) പീഡനം ഉൾപ്പെടെ ക്രിമിനൽ കേസിൽ പ്രതികളായ എത്ര പോലീസുദ്യോഗസ്ഥരാണ് നിലവിൽ സേനയിലുള്ളത്; ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കേരള പോലീസ് ആക്ട് വകുപ്പ് 86(2) പ്രകാരം മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

**മണലൂർ മണ്ഡലത്തിലെ ജനമൈത്രി പോലീസ്**

104 (104) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ജനമൈത്രി പോലീസ് ഏതെല്ലാം സ്റ്റേഷനുകളിലുണ്ട്?

1) തൃശ്ശൂർ സിറ്റിയിലെ പാവറട്ടി, ഗുരുവായൂർ, കുന്നംകുളം എന്നീ പോലീസ് സ്റ്റേഷനുകൾ.

2) തൃശ്ശൂർ റൂറൽ ജില്ലയിലെ അന്തിക്കാട്, വാടാനപ്പള്ളി എന്നീ പോലീസ് സ്റ്റേഷനുകൾ.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി കമ്മിറ്റികൾ നിലവിലുണ്ടോ?

ഉണ്ട്.

(സി) ജനമൈത്രി കമ്മിറ്റികൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ?

കേരളാ പോലീസ് ആക്ട് സെക്ഷൻ 64, പോലീസ് ആസ്ഥാനത്തെ സർക്കുലർ നമ്പർ 34/09, 35/09 എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ജനമൈത്രി സുരക്ഷാ സമിതികൾ രൂപീകരിക്കുന്നത്.

(ഡി) ജനമൈത്രി കമ്മിറ്റികൾ യഥാസമയം പുനഃസംഘടിപ്പിക്കാറുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. മുതിർന്ന പൗരന്മാർക്കും സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും പ്രാതിനിധ്യം ഉറപ്പുവരുത്തിയും സ്ഥലത്തെ മാന്യരും വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരിൽനിന്നും സ്ഥലത്തെ റെസിഡൻഷ്യൽ ഭാരവാഹികളെയും റിട്ടയേർഡ് സർക്കാർ ഉദ്യോഗസ്ഥർ, റിട്ടയേർഡ് പോലീസുദ്യോഗസ്ഥർ, പട്ടാള ഉദ്യോഗസ്ഥർ, പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ മെമ്പർമാർ, സന്നദ്ധ സംഘടനകൾ, സ്വയംസഹായ

സംഘടനകൾ എന്നിവരിൽനിന്നും മറ്റുമാണ് സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ഇ) മണലൂർ മണ്ഡലത്തിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള ജനമൈത്രി കമ്മിറ്റികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

മണലൂർ മണ്ഡലത്തിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള ജനമൈത്രി കമ്മിറ്റികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ലഹരി മാഫിയയുടെ ആക്രമണക്കേസുകളിൽ സ്വീകരിച്ച നടപടി**

105 (105) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ ഒന്ന് മുതൽ നാളിതുവരെ ലഹരി മാഫിയയുടെ ആക്രമണം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

7 കേസുകളിലുൾപ്പെട്ട ആകെ 24 പ്രതികളിൽ 23 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകൾ അന്വേഷണഘട്ടത്തിലാണ്. ഒരു കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലഹരി മാഫിയയ്ക്ക് സഹായം നൽകിയതിന്റെ പേരിൽ ഇക്കാലയളവിൽ എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ലഹരി മാഫിയയ്ക്ക് സഹായം നൽകിയതിന്റെ പേരിൽ ഇക്കാലയളവിൽ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**പൊതുയോഗങ്ങൾ നടത്തുന്നതിന് ഈടാക്കുന്ന ഫീസുകൾ**

106 (106) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുയോഗങ്ങൾ നടത്തുന്നതിന് സർക്കാരിൽനിന്നും എന്തൊക്കെ അനുമതികളാണ് നടത്തിപ്പുകാർ വാങ്ങിയിരിക്കേണ്ടതെന്നും ഏതൊക്കെ അധികാരികളിൽനിന്നാണ് വാങ്ങേണ്ടതെന്നും വ്യക്തമാക്കുമോ?

പൊതുയോഗങ്ങൾ നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥന്റെയോ സ്ഥാപനങ്ങളുടെയോ അധികാരികളിൽനിന്നുള്ള സമ്മതപത്രവും പരിപാടികളെപ്പറ്റിയുള്ള വിവരങ്ങളടങ്ങിയ അപേക്ഷ അതത് ജില്ലാ പോലീസ് മേധാവിമാർക്ക് നൽകുന്നമുറയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സമ്മേളനത്തിന്

ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനും സമ്മേളനത്തിന്റെ പ്രചരണാർത്ഥം ചട്ടപ്രകാരം വാഹനങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനും അപേക്ഷകന് അനുമതി നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ പൊതുയോഗങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണ്.

(ബി) ഇതിനായി എത്ര രൂപവീതമാണ് സംഘാടകരിൽനിന്നും ഈടാക്കുന്നതെന്നും സംസ്ഥാനത്ത് എല്ലായിടത്തും ഈ ഫീസുകൾ ഒരേ നിരക്കിൽ തന്നെയാണോ ഈടാക്കുന്നതെന്നും വിശദമാക്കുമോ?

15-06-2022-ലെ സർക്കാർ ഉത്തരവ് G.O. (Ms) No.117/2022/Home പ്രകാരമുള്ള തുകകളാണ് നിലവിലെ ഫീസായി വാഹന അനൗൺസ്മെന്റിന് ചുമത്തുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ പൊതുയോഗങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനമനുസരിച്ച് വാടകത്തുക ഒടുക്കിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ പൊതുയോഗങ്ങളുടെ ഫീസിനത്തിൽ നാളിതുവരെ എത്ര രൂപയാണ് ആകെ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പൊതുയോഗങ്ങൾക്കും മൈക്ക് പെർമിഷനുമായി ഫീസിനത്തിൽ 3,94,99,509 രൂപ (മൂന്ന് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ്റിയൊൻപത് രൂപ) ലഭിച്ചിട്ടുണ്ട്.

(ഡി) വൻതുകകൾ ഫീസിനത്തിൽ അടയ്ക്കേണ്ടിവരുന്നത് പൊതുസേവനാർത്ഥവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽനിന്നും പ്രവർത്തകരെ പിന്തിരിപ്പിക്കാൻ കാരണമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പൊതുജന സേവനാർത്ഥവും ബോധവൽക്കരണത്തിന്റെ ഭാഗമായും നടത്തുന്ന യോഗങ്ങൾക്ക് ഫീസിൽ ഇളവ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി&ഇ) ഇല്ല.

**അമ്പലപ്പാറ പോലീസ് ഔട്ട് പോസ്റ്റ്**

107 (107) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തിന് സഹായമാകുന്ന രീതിയിൽ അമ്പലപ്പാറയിൽ രൂപീകരിച്ച പോലീസ് ഔട്ട് പോസ്റ്റിന്റെ നിലവിലെ പ്രവർത്തനരീതി വിശദമാക്കാമോ;

(ബി) എത്ര പോലീസുദ്യോഗസ്ഥരാണ് അവിടെ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അമ്പലപ്പാറയിൽ ഒരു പുതിയ ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

**നഗരൂർ പോലീസ് സ്റ്റേഷനിലെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾ**

108 (108) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നഗരൂർ പോലീസ് സ്റ്റേഷനിലെ പോലീസുകാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) നഗരൂർ പോലീസ് സ്റ്റേഷനിൽ നിലവിൽ ആവശ്യാനുസരണമുള്ള പോലീസുദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്റ്റേഷൻ പരിധിയിൽ സമ്മേളനങ്ങൾ, ഉത്സവങ്ങൾ, പെട്ടെന്നുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ എന്നിവയ്ക്കും മറ്റുമായി അധിക സേനാംഗങ്ങളെ വിന്യസിക്കേണ്ട സാഹചര്യമുണ്ടായാൽ താൽക്കാലികമായി മറ്റ് പോലീസ് സ്റ്റേഷനുകളിൽനിന്നും ക്യാമ്പുകളിൽനിന്നും പോലീസുദ്യോഗസ്ഥരെ നിയോഗിക്കുന്നതാണ്.

**പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരെ നടപടി**

109 (109) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പോലീസ് സേനയിൽ ക്രിമിനലുകളുള്ളതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിലുൾപ്പെട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിമിനൽ

കേസുകളിലുൾപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ, സസ്പെൻഷൻ, പിരിച്ചുവിടൽ ഉൾപ്പെടെയുള്ള ശക്തമായ വകുപ്പുതല നടപടികൾ എന്നിവ സ്വീകരിച്ചും ആരോപണവിധേയരായ പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചും വരുന്നു.

**സൈബർ ഡോം**

**110 (110) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) കഴക്കൂട്ടത്ത് നിർമ്മാണം നടന്നുവരുന്ന കേരള പോലീസ് സൈബർ ഡോം എന്ന് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ?**

2024 വർഷാവസാനത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?**

സൈബർ ഡോമിനായി അനുവദിച്ചിട്ടുള്ള സ്ഥലം താഴ്ന്ന പ്രദേശവും സമീപത്തായി തോടും ഉള്ളതിനാൽ മഴ സമയങ്ങളിൽ വെള്ളം കയറി നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരുന്നു. എന്നാൽ മഴ മാറി നിൽക്കുന്ന

ഈ സമയത്ത് സൈബർ ഡോമിന്റെ നിർമ്മാണം വളരെ വേഗത്തിൽ നടന്നുവരികയാണ്.

(സി) പ്രസ്തുത സംവിധാനത്തിൽ കേരള പോലീസിന്റെ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ?

കഴക്കൂട്ടത്ത് നിർമ്മാണം നടന്നുവരുന്ന കേരള പോലീസ് സൈബർ ഡോമിൽ താഴെ പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

Social Media Cell, Banking Fraud Cell, Mobile Technician Cell, Ransomware & Malware School, Grapnel (Darknet Monitoring Cell), B-Safe, Perimeter Security, Artificial Intelligence/Natural Language Processing (NLP) Project, Web Application Development, Security Operations Centre (SOC) & Network Operations Centre (NOC), Vulnerability Assessment & Penetration Testing (VAPT) & Offensive Security, Robotic Development.

**കല്ലാർ ജംഗ്ഷൻ കേന്ദ്രീകരിച്ച് ഒരു പോലീസ് എയ്ഡ് പോസ്റ്റ്**

111 (111) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാരികൾ നിരന്തരം അപകടത്തിൽപ്പെടുന്ന കല്ലാർ മേഖലയിൽ കല്ലാർ ജംഗ്ഷൻ കേന്ദ്രീകരിച്ച് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

കല്ലാർ മേഖലയിൽ വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്ന സമയങ്ങളിൽ പ്രസ്തുത മേഖല കേന്ദ്രീകരിച്ച് മതിയായ പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്. കൂടാതെ കാര്യക്ഷമമായ രീതിയിൽ പോലീസ് പട്രോളിംഗും നടത്തിവരുന്നുണ്ട്. ആയതിനാൽ കല്ലാർ ജംഗ്ഷൻ കേന്ദ്രീകരിച്ച് ഒരു പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

**സ്ഥാനാർത്ഥിയെ ഭീഷണിപ്പെടുത്തി നാമനിർദ്ദേശപത്രിക പിൻവലിപ്പിച്ച വിഷയം സംബന്ധിച്ച അന്വേഷണം**

112 (112) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥിയെ തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തി നാമനിർദ്ദേശപ്പത്രിക പിൻവലിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലാ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥിയെ തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തി നാമനിർദ്ദേശപ്പത്രിക പിൻവലിപ്പിച്ചതുമായി ബന്ധപ്പെട്ട് കാസർഗോഡ് ബദിയടുക്ക പോലീസ് സ്റ്റേഷനിൽ Crime No. 193/2021 u/s. 171(ബി)171(ഇ) IPC and Added Sec. 201, 506(i), 342 r/w 34 IPC, Sec.3(1) (l)(ബി), 3(2)(Va) of SC/ST PoA ACT പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്മേൽ കാസർഗോഡ് ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി 10-01-2023-ൽ കാസർഗോഡ് ജില്ലാ സെഷൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണ്; അവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണെന്നും അവരുടെ രാഷ്ട്രീയബന്ധവും ചുവടെ ചേർക്കുന്നു.

| പ്രതികളുടെ പേര് | രാഷ്ട്രീയ ബന്ധം |
|---|---|
| A1 കെ. സുരേന്ദ്രൻ | ബി.ജെ.പി.<br>സംസ്ഥാന പ്രസിഡന്റ് |
| A2 മണികണ്ഠറായി | ബി.ജെ.പി.<br>മഞ്ചേശ്വരം |

| | |
|---|---|
| | നിയോജകമണ്ഡലം പ്രസിഡന്റ് |
| A3 സുരേഷ് വൈ. | ബി.ജെ.പി. മഞ്ചേശ്വരം നിയോജകമണ്ഡലം സെക്രട്ടറി |
| A4 സുനിൽ കുമാർ | യുവമോർച്ച മുൻ സംസ്ഥാന ട്രഷറർ |
| A5 അഡ്വ. ബാലകൃഷ്ണ ഷെട്ടി | ബി.ജെ.പി. സംസ്ഥാന കമ്മിറ്റി മെമ്പർ |
| A6 ലോകേഷ് നോണ്ട | ബി.ജെ.പി. പൈവളികെ പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി |

**കൊച്ചിൻ ദേവസ്വം ബോർഡ് അംഗത്തിന്റെ ആത്മഹത്യ**

113 (113) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡ് അംഗം എം.ജി. നാരായണൻ ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) എം. ജി. നാരായണൻ എഴുതിയ ആത്മഹത്യാക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആത്മഹത്യക്ക് ഇടയാക്കിയ കാരണം പ്രസ്തുത കുറിപ്പിലുണ്ടോയെന്ന് വിശദമാക്കുമോ?

(എ&ബി) കൊച്ചിൻ ദേവസ്വം ബോർഡ് അംഗം എം. ജി. നാരായണൻ ആത്മഹത്യ ചെയ്ത കാര്യത്തിന് 22-08-2022-ാം തീയതി തൃശ്ശൂർ ടൗൺ

ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1713/2022 u/s. 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(സി) എം. ജി. നാരായണന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ?

(സി&ഡി) ഇതുസംബന്ധിച്ച് പ്രസാദ് എന്നയാൾ 04-01-2023-ന് തൃശ്ശൂർ പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ ഒരു പരാതി നൽകിയിട്ടുണ്ട്. പരാതി, നാരായണന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിനോടൊപ്പം ചേർത്ത് അന്വേഷണം നടത്തിവരുന്നു.

**വാട്ട്സ് ആപ് ഗ്രൂപ്പിൽ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്തത് സംബന്ധിച്ച പരാതി**

114 (114) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അയ്യമ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ത്രീകളുടെ ചിത്രങ്ങൾ മൊബൈലിൽ ശേഖരിച്ച് വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ അപ്‌ലോഡ് ചെയ്തതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിരുന്നോ;

എങ്കിൽ പ്രസ്തുത പരാതി എന്നാണ് ലഭിച്ചത്; പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചിരുന്നോ; പ്രസ്തുത പരാതി എന്നാണ് ലഭിച്ചതെന്നും അതിന്മേൽ പോലീസ് സ്വീകരിച്ച നടപടികൾ മുഖ്യമന്ത്രിയോ ആഭ്യന്തര വകുപ്പോ പരിശോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ആയതിന്മേലുള്ള പോലീസ് റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 11-09-2022-ാം തീയതി അയ്യമ്പുഴ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിരുന്നു. തുടർന്ന് ക്രൈം. നം. 312/2022 U/s. 119(ബി) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിന്റെ അന്വേഷണം പൂർത്തിയാക്കി 25-10-2022-ന് ബഹുമാനപ്പെട്ട പെരുമ്പാവൂർ JFCM-IV കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഇ-മെയിൽ പരാതി പോലീസ് മേധാവിക്ക് കൈമാറുകയുണ്ടായി. തുടർന്ന് പോലീസ് മേധാവി ഡി.ഐ.ജി. മുഖേന നടത്തിയ പരിശോധനയിൽ കേസന്വേഷണത്തിൽ അപാകതകൾ കണ്ടെത്തുകയുണ്ടായി. തുടർന്ന് കേസിന്മേൽ തുടരന്വേഷണം നടത്തുന്നതിന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി 23-01-2023-ൽ എറണാകുളം

റൂറൽ സി - ബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതും ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് നൽകി 24-01-2023 തീയതി മുതൽ പ്രസ്തുത കേസിന്റെ അന്വേഷണം എറണാകുളം റൂറൽ സി - ബ്രാഞ്ച് ഡിവൈ. എസ്.പി. ഏറ്റെടുത്ത് നടത്തിവരുന്നതുമാണ്.

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ചുമത്തിയ വകുപ്പുകളേതെല്ലാമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത സംഭവത്തിന് അയ്യമ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 322/2022 U/s. 119(ബി) of KP Act കേസിൽ GASI ബൈജു കുട്ടൻ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും നിലവിൽ കേസിന്റെ പുനരന്വേഷണം എറണാകുളം റൂറൽ സി - ബ്രാഞ്ച് ഡിവൈ.എസ്.പി. നടത്തിവരുന്നതുമാണ്.

(ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഡിജിറ്റൽ തെളിവ് ശേഖരിക്കുന്നതിന് പ്രതിയുടെ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ളവ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉണ്ട്. പ്രതിയുടെ മൊബൈൽ ഫോൺ 26-09-2022-ന് സ്വീഷർ മഹസ്സർ പ്രകാരം ബന്തവസിലെടുത്ത് 151-A Form-ൽ ചേർത്ത് പെരുമ്പാവൂർ JFCM-IV കോടതിക്ക് അയച്ചിട്ടുള്ളതും കൂടുതൽ തെളിവുകൾ ലഭിക്കുന്നതിനായി പ്രതിയുടെ മൊബൈൽ ഫോൺ എറണാകുളം റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി ജോയിന്റ് ഡയറക്ടർക്ക് അയയ്ക്കുന്നതിന് Forwarding Note തയ്യാറാക്കി പെരുമ്പാവൂർ JFCM-IV കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കേസിൽ പരാതി ലഭിച്ച് എത്ര ദിവസത്തിനുശേഷമാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; കേസ് രജിസ്റ്റർ ചെയ്യുന്നതിനും ആവശ്യമായ വകുപ്പുകൾ ചുമത്തുന്നതിനുമുണ്ടായ വീഴ്ച പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

11-09-2022-ാം തീയതിയാണ് അയ്യമ്പുഴ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുള്ളത്. 18-09-2022 -നാണ് കേസ് രജിസ്റ്റർ ചെയ്തത്.

(എഫ്) പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ലളിതകുമാരി Vs. കർണ്ണാടക കേസിലെ വിധിയിലെ വ്യവസ്ഥകൾ പ്രകാരം പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. പ്രതിക്ക് 41 (എ) CrPC പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ജി) സ്ത്രീകളുടെ മാനത്തിനും അന്തസ്സിനും കളങ്കം വരുത്താൻ ശ്രമിച്ചവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ കേസിന്റെ അന്വേഷണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ അന്വേഷണ ഉദ്യോഗസ്ഥനായ GASI ബൈജു കുട്ടനെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്.

**കാലടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി**

115 (115) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ആലുവ റൂറൽ കാലടി പോലീസ് സ്റ്റേഷനിൽ 179230/2022 നമ്പരായി ശ്രീ. റോബിൻ ഫ്രാൻസിസ് നൽകിയ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ എന്നാണ് രജിസ്റ്റർ ചെയ്തതെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്നും വിശദമാക്കുമോ; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) എറണാകുളം ജില്ലയിലെ കാലടി പോലീസ് സ്റ്റേഷനിൽ ശ്രീ. റോബിൻ ഫ്രാൻസിസ് എന്നയാളുടെ പരാതി ലഭിച്ചിട്ടില്ലെന്ന് പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

**തോട് നികത്തിയതിനെതിരെ പരാതിയിന്മേലുള്ള നടപടി**

116 (116) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കാളംതിരുത്തി പ്രദേശത്ത് നീരൊഴുക്കുള്ള തോട് സ്വകാര്യ വ്യക്തികൾ മണ്ണിട്ട് നികത്തിയതിനെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ബോർഡ് തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി

തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും കേസ് രജിസ്റ്റർ ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാളംതിരുത്തി തോട് നികത്തിയതുമായി ബന്ധപ്പെട്ട് നന്നമ്പ്ര പഞ്ചായത്തിലെ സെക്രട്ടറിയിൽനിന്നും ലഭിച്ച പരാതിയിന്മേൽ തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാളംതിരുത്തി തോട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ടിട്ടില്ല. കൂടാതെ മേൽപ്പറഞ്ഞ ഭൂമി സ്വകാര്യ കൈവശത്തിലുൾപ്പെട്ട നിലം (നഞ്ച) ഭൂമിയാണെന്ന് വില്ലേജിലെ രേഖകൾ പ്രകാരം വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തോടുകളുടെയും നീർച്ചാലുകളുടെയും സംരക്ഷണം പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പ്രസ്തുത പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) മേൽപ്പറഞ്ഞ അക്രമികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനും നികത്തിയ നീരൊഴുക്കുള്ള തോട് പൂർവ്വസ്ഥിതിയിലാക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട ജനപ്രതിനിധികൾ മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ജില്ലാ

കളക്ടർ-തിരൂർ, ആർ.ഡി.ഒ. - തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. എന്നിവർക്ക് നൽകിയ പരാതികളിൽ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി താലൂക്കിൽ നന്നമ്പ്ര വില്ലേജിൽ കാളംതിരുത്തി തോട് പുറമ്പോക്ക് മണ്ണിട്ട് നികത്തുന്നത് സംബന്ധിച്ച് ലഭ്യമായ പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ അക്രമികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനും മണ്ണിട്ട് നികത്തിയ തോട് പൂർവ്വസ്ഥിതിയിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തോട് മണ്ണിട്ട് നികത്തി നീരൊഴുക്ക് തടസ്സപ്പെടുത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് ആയത് പൂർവ്വസ്ഥിതിയിലാക്കണമെന്ന് ആവശ്യപ്പെട്ട് പരാതിയിലെ എതിർ കക്ഷികൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്.

**കാലടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ നടപടി**

117 (117) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കാലടി പോലീസ് സ്റ്റേഷനിൽ 180501/2022 നമ്പരായി ഏതെങ്കിലും പരാതി ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരാതിപ്രകാരം പോലീസ് ഡിജിറ്റൽ തെളിവുകൾ ശേഖരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത കേസിൽ ആരോപണവിധേയന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളുൾപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കാരണമെന്താണെന്നും വിശദമാക്കാമോ;

(ഡി) ലളിതകുമാരി Vs. കർണ്ണാടക കേസിലെ സുപ്രീംകോടതി വിധി വ്യവസ്ഥപ്രകാരം പ്രസ്തുത കേസിൽ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ-ഡി) എറണാകുളം ജില്ലയിലെ കാലടി പോലീസ് സ്റ്റേഷനിൽ 180501/2022 നമ്പരായി ഒരു പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതിയിൽ

പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ സാധിക്കാത്ത കുറ്റകൃത്യമായതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പരാതി വിഷയത്തിൽ 155(1) CrPC പ്രകാരം ബഹുമാനപ്പെട്ട കോടതി മുഖാന്തരം പരിഹാരം കാണാവുന്നതാണെന്ന് പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

**സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട അഴിമതി**

118 (118) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നീണ്ടകര താലൂക്കാശുപത്രിയിലും തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല താലൂക്കാശുപത്രിയിലും റെസണൻസ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം മുഖേന സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയവർക്കെതിരെ ക്രിമിനൽ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശത്തെത്തുടർന്ന് തിരുവല്ലം പോലീസ് സ്റ്റേഷൻ മുമ്പാകെ സി-ഡിറ്റ് എന്നാണ് പരാതി സമർപ്പിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) താലൂക്കാശുപത്രികൾ കൂടാതെ മ്യൂസിയം, കാപെക്സ് തുടങ്ങിയ സ്ഥാപനങ്ങളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ക്രമക്കേടുകളുൾപ്പെടെയുള്ള പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; അന്വേഷണം ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ശ്രീ. മാഹീൻ എസ്.എച്ച്. സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി**

119 (119) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഹീൻ എസ്. എച്ച്. സമർപ്പിച്ച പരാതിപ്രകാരം ആഭ്യന്തര(എം) വകുപ്പിന്റെ എം1/678/2019/ആഭ്യന്തരം നമ്പർ ഫയലിന്മേൽ സംസ്ഥാന പോലീസ് ആസ്ഥാനത്ത് ആരംഭിച്ച K1/107069/2020/PHQ നമ്പർ ഫയലിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ വിശദാംശം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) ശ്രീ. മാഹീൻ എസ്. എച്ച്. എന്നയാൾ സാമ്പത്തിക വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിച്ച പരാതി സംസ്ഥാന

പോലീസ് മേധാവിക്ക് നൽകിയിരുന്നു. പ്രസ്തുത പരാതിയിന്മേൽ പോലീസ് ആസ്ഥാനത്തുനിന്നും 12-10-2021-ലെ കെ1/166302/2019/പി.എച്ച്.ക്യൂ. നമ്പർ റിപ്പോർട്ടും 01-11-2022-ലെ കെ1/107069/2020/പി.എച്ച്.ക്യൂ നമ്പർ അന്വേഷണ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. എതിർകക്ഷി പണം നൽകുന്നില്ലെന്ന വിഷയം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട കോടതിവഴി പരിഹാരം കാണാൻ ശ്രീ. മാഹീനോട് നിർദ്ദേശിച്ചിട്ടുള്ളതായും സമൻസുകൾ കൃത്യസമയത്ത് നൽകുന്നില്ലെന്ന പരാതിയിൽ ശ്രീ. മാഹീന് തിരുവനന്തപുരം സിറ്റി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ മറുപടി നൽകിയതായും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീ. മാഹീന്റെ പരാതിയിന്മേൽ കൂടുതൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ പാലോട് പോലീസ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും സർക്കാരിൽ ലഭ്യമായ 01-11-2022-ലെ കെ1/107069/2020/പി.എച്ച്.ക്യൂ. നമ്പർ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരാതി നിലവിൽ ഏത് അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെയാണുള്ളതെന്ന് അറിയിക്കാമോ?

പാലോട് പോലീസ് ഇൻസ്പെക്ടർ പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു.

(ഡി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം എന്തെല്ലാമെന്നറിയിക്കുമോ ?

പരാതിയിൽ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ**

120 (120) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകളുള്ളതെന്ന് വിശദമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന 10 സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ നിലവിലുള്ളത്.

1. സെന്റ് ആന്റണീസ് എച്ച്.എസ്., പൂഞ്ഞാർ

2. എസ്.എം.വി.എച്ച്.എസ്., പൂഞ്ഞാർ

3. മുസ്ലീം ഗേൾസ് ഹൈസ്കൂൾ, ഈരാറ്റുപേട്ട

4. ജെ.ജെ. മർഫി എച്ച്.എസ്., ഏന്തയാർ

5. സി.എം.എസ്., മുണ്ടക്കയം

6. സി.കെ.എം.എച്ച്.എസ്., കോരുത്തോട്

7. സെന്റ് തോമസ് എച്ച്.എസ്., എരുമേലി

8. വാവർ മെമ്മോറിയൽ സ്കൂൾ, എരുമേലി

9. സെന്റ് മേരീസ് എച്ച്.എസ്., ഉമിക്കുപ്പ

10. സാന്തോം എച്ച്.എസ്., കണമല

(ബി) പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**സ്ത്രീപീഡനക്കേസുകളിലെ പ്രതികളുടെ അറസ്റ്റ്**

121 (121) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ ഒന്ന് മുതൽ നാളിതുവരെ എത്ര സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സ്ത്രീ പീഡനക്കേസിലെ പ്രതികൾക്ക് സഹായം നൽകിയതിന്റെ പേരിൽ ഈ കാലയളവിൽ എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സർക്കാർ ഓഫീസുകളിൽനിന്നും ഫയൽ മോഷണം**

122 (122) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽനിന്നും ഫയൽ നഷ്ടപ്പെടുന്നത്/ മോഷണം പോകുന്നത് സംബന്ധിച്ച പരാതികളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതില്ലെന്ന് ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും 2021 നവംബർ മാസം ഫയലുകൾ മോഷണം പോയതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ പരാതിയിന്മേൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്വേഷണ ഉദ്യോഗസ്ഥനായ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. തീരുമാനമെടുത്തത് ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) നിർദ്ദേശം നൽകിയിട്ടില്ല. ആരോഗ്യ വകുപ്പ് ആസ്ഥാനത്തെ സുപ്രധാന ഫയലുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഡോ. വി. ആർ. രാജു, മുൻ ആരോഗ്യ വകുപ്പ് ഡയറക്ടർ സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിരുന്നു. ഫയലുകൾ നഷ്ടപ്പെട്ടതായി പരാതിയിൽ പറയുന്നുണ്ടെങ്കിലും മോഷണം നടന്നതായി പരാമർശിച്ചിട്ടില്ല. പരാതിയിന്മേൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മുഖാന്തരം പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്. ഫയലുകൾ മോഷണം പോയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. അതിനാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) പ്രസ്തുത ഓഫീസിനുള്ളിൽ ഫയൽ മോഷണം നടത്തിയത് ഉദ്യോഗസ്ഥർ തന്നെയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോയെന്നും ഇപ്രകാരം കണ്ടെത്തിയാൽ വകുപ്പുതല നടപടികൾമാത്രം മതിയെന്ന് അന്വേഷണ ഉദ്യോഗസ്ഥന് തീരുമാനിക്കാൻ

സാധിക്കുമോയെന്നും എങ്കിൽ ഏത് ചട്ടപ്രകാരമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

അപ്രകാരം കണ്ടെത്തിയിട്ടില്ല. മോഷണം പോലൊരു Cognizable Offence നടന്നതായി പരാതി ലഭിക്കുകയാണെങ്കിൽ നിയമാനുസരണം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സുപ്രധാനമായ ഫയലുകൾ നഷ്ടമായത് സംബന്ധിച്ച് രേഖാമൂലം പരാതി ലഭിച്ചിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താതിരുന്ന ഉദ്യോഗസ്ഥനെതിരെ കർശനനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രാഥമികാന്വേഷണത്തിൽ ഫയലുകൾ മോഷണം പോയതായി കണ്ടെത്തിയിട്ടില്ല. അതിനാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

**ഗോൾഡ് പാലസ് ജൂവല്ലറി നിക്ഷേപ തട്ടിപ്പ്**

123 (123) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജൂവല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണ പുരോഗതി വിശദമാക്കാമോ?

ഗോൾഡ് പാലസ് ജ്വല്ലറി തട്ടിപ്പുമായി ബന്ധപ്പെട്ട് കുറ്റ്യാടി, നാദാപുരം എന്നീ പോലീസ് സ്റ്റേഷനുകളിലായി ആകെ 13 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒമ്പത് കേസുകളിൽ അന്വേഷണം പൂർത്തിയാക്കി പ്രാഥമിക കുറ്റപത്രം നാദാപുരം JFMC-1 മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പയ്യോളി പോലീസ് സ്റ്റേഷനിലെ നാല് കേസുകൾ അന്വേഷണാവസ്ഥയിലാണ്.

(ബി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഈ തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ വീടും സ്ഥാപനങ്ങളും പരിശോധന നടത്തി സ്വർണ്ണവും പ്രതികളുടെയും കുടുംബാംഗങ്ങളുടെയും ആധാരങ്ങളും ബാങ്ക് അക്കൗണ്ടുകളുടെ രേഖകളും ബന്തവസ്സിലെടുക്കുകയും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്ക് മാനേജർമാർക്ക് കത്ത് നൽകുകയും സ്വത്ത് വകകൾ കൈമാറ്റം ചെയ്യാതിരിക്കാൻ ബന്ധപ്പെട്ട സബ്‌രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ നടന്ന മോഷണക്കേസുകളുടെ വിശദാംശം**

124 (124) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നടന്ന മോഷണക്കേസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മോഷണക്കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ തെളിയിക്കപ്പെടാത്ത മോഷണക്കേസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത 94 മോഷണക്കേസുകളിൽ 42 കേസുകളിലായി 66 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 64 കേസുകളിൽ 21 കേസുകളിലും കുമ്പള പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 30 കേസുകളിൽ 8 കേസുകളിലും ഉൾപ്പെട്ട പ്രതികളെ തിരിച്ചറിയാൻ കഴിയാത്തതിനാൽ ടി കേസുകൾ undetected ആയി പരിഗണിക്കുന്നതിന് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് ബഹുമാനപ്പെട്ട കോടതി അപ്രകാരം

പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. തെളിവുകൾ ലഭിക്കുന്നമുറയ്ക്ക് ടി കേസുകൾ റീ ഓപ്പൺ ചെയ്ത് തുടരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

**അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

125 (125) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

ആമിന അബ്ദുൾ ഖാദറിന്റെ മരണവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 434/2021 U/s. 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നതും തുടർന്ന് നടത്തിയ അന്വേഷണത്തിൽ മരണപ്പെട്ട ആമിന ധരിച്ചിരുന്ന ഒൻപതേകാൽ പവൻവരുന്ന സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടതായും ആഭരണങ്ങൾ അപഹരിക്കുന്നതിനായി ആരെങ്കിലും കൊല ചെയ്തിരിക്കാമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കേസിലെ വകുപ്പുകൾ

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302, 397 പ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

(ബി) ക്രൈം നമ്പർ 434/2021 u/s 174 സിആർ.പി.സി. പ്രകാരം കോതമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 257/CB/EKM/R/2021 റീ നമ്പർ ചെയ്ത് ക്രൈം ബ്രാഞ്ചിന് കൈമാറിയതിനുശേഷമുള്ള അന്വേഷണ പുരോഗതി വിവരിക്കാമോ?

22-09-2021-ൽ എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഷൻ സയൻസ് ലാബിൽനിന്നും ലഭിച്ചിട്ടുള്ള പരിശോധന റിപ്പോർട്ട് പരിശോധിച്ച് കൂടുതൽ പരിശോധനയ്ക്കായി Forensic Science Lab-ലേയ്ക്ക് അയച്ചും സംശയിക്കുന്നവരുടെ CDR ശേഖരിച്ചും കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

(സി) പ്രസ്തുത കേസ് എന്നുമുതലാണ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തതെന്നും ഏത് യൂണിറ്റിനാണ് അന്വേഷണ ചുമതലയെന്നും വ്യക്തമാക്കാമോ?

ക്രൈംബ്രാഞ്ച് എറണാകുളം യൂണിറ്റിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 22-09-2021 മുതൽ ഈ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) പ്രസ്തുത അന്വേഷണത്തിൽ കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം കൂടുതൽ ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

**നിതാ ഫാത്തിമയുടെ മരണം സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം ഉറപ്പാക്കാൻ നടപടി**

126 (126) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിനായി നാഗ്പൂരിൽ എത്തിയ കേരള ടീം അംഗം നിതാ ഫാത്തിമയുടെ മരണം സംബന്ധിച്ച് നിലവിൽ കേരള പോലീസ് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കാലതാമസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) നിതാ ഫാത്തിമയുടെ മരണം സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടക്കുമെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ-സി) നാഷണൽ സൈക്കിൾ പോളോ (Under 14) മത്സരത്തിനായി നാഗ്പൂരിലെത്തിയ നിതാ ഫാത്തിമയുടെ മരണത്തിലെ ദുരൂഹത നീക്കണമെന്നാവശ്യപ്പെട്ട് അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തംഗം ശ്രീ. യു. എം. കബീർ ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അമ്പലപ്പുഴ പോലീസ് ഇൻസ്പെക്ടർക്ക് ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു. മരണപ്പെട്ട കുട്ടിയുടെ രക്തബന്ധുക്കൾ, സൈക്കിൾ പോളോ കോച്ച്, ടീം ക്യാപ്റ്റൻ, ടീം അംഗങ്ങൾ എന്നിവരുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും കുട്ടി മരണപ്പെട്ടതുമായി ബന്ധപ്പെട്ട മഹാരാഷ്ട്രയിലെ ധാന്റോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ADR 58/22-ന്റെ Certified copy, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന്റെ പകർപ്പ്, പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ഡോക്ടറുടെ മൊഴിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഈ രേഖകൾ എത്രയുംവേഗം ലഭ്യമാക്കി തുടർനടപടി പോലീസ് സ്വീകരിക്കുന്നതാണ്.

**അബ്ദുൽ കരീം വധക്കേസ് സി.ബി.ഐ.-ക്ക് വിടുന്നതിന് നടപടി**

127 (127) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം കൊല്ലപ്പെട്ടത് സംബന്ധിച്ച എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതെന്നാണെന്ന് വ്യക്തമാക്കാമോ?

എരഞ്ഞോണ അബ്ദുൾ കരീം കൊല്ലപ്പെട്ടത് സംബന്ധിച്ച് താമരശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം 764/2013 നമ്പറായി 02-10-2013-ൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അബ്ദുൽ കരീം വധക്കേസിലെ പ്രതികൾ ജാമ്യത്തിലിറങ്ങിയ തീയതി വ്യക്തമാക്കാമോ?

അബ്ദുൾ കരീം വധക്കേസ് പ്രതികളായ മിഥിലാജ്, ഫിർദോസ് എന്നിവർ 11-07-2014-നും മുഹമ്മദ് ഫായിസ് 12-08-2014-നും മൈമൂന 29-08-2014-നും റഫീഖ് 03-09-2014-നും ജാമ്യത്തിലിറങ്ങിയിട്ടുണ്ട്.

(സി) കേസിലെ പ്രതികളുടെ ക്വട്ടേഷൻ മാഫിയ ബന്ധം സംബന്ധിച്ച് എന്തെങ്കിലും പരാതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേലുള്ള എഫ്.ഐ.ആർ.-ന്റെ കോപ്പി ലഭ്യമാക്കാമോ?

പ്രതികളുടെ ക്വട്ടേഷൻ മാഫിയ ബന്ധം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അബ്ദുൽ കരീം വധക്കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ആരാണെന്ന് വിശദമാക്കാമോ?

ക്രൈംബ്രാഞ്ച് കോഴിക്കോട് യൂണിറ്റിലെ ഡിറ്റക്ടീവ് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരുന്നു.

(ഇ) പ്രസ്തുത കേസിലെ പ്രതികൾ ജാമ്യത്തിലിറങ്ങി എട്ട് വർഷത്തിലേറെയായിട്ടും ഈ കേസിൽ കുറ്റപത്രം സമർപ്പിക്കാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

കേസിന്റെ അന്വേഷണം പൂർത്തിയാക്കി Investigation Completion Report ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള വിശദപരിശോധന നടത്തിവരികയാണ്.

(എഫ്) നീതി വൈകുന്നത് നീതി നിഷേധത്തിന് തുല്യമാണെന്ന വസ്തുത പരിഗണിച്ചും അബ്ദുൽ കരീമിന്റെ വൃദ്ധയായ മാതാവിന്റെ അപേക്ഷ പരിഗണിച്ചും കേസന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കഞ്ചാവ്, ലഹരി മാഫിയ അതിക്രമങ്ങൾ**

128 (128) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ് മാഫിയയുടെ അതിക്രമങ്ങളെക്കുറിച്ച് കോട്ടയം നീണ്ടൂർ റോഡിൽ കള്ളുഷാപ്പ് നടത്തുന്ന പ്രവാസി വ്യവസായി സമൂഹമാധ്യമങ്ങളിലൂടെ പരാതി ഉന്നയിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പ്രവാസി സംരംഭകനായ ശ്രീ. ജോർജ്ജ് വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള അതിരമ്പുഴ മുള്ളുവേലിപ്പടി ഭാഗത്ത് കിഴക്കേച്ചിറ കള്ള് ഷാപ്പിൽ അതിക്രമം നടത്തിയതുമായി ബന്ധപ്പെട്ട് ഏറ്റുമാനൂർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ (ക്രൈം നം. 2005/2022 u/s. 452, 393, 506(ii), 294(ബി), 427, 34 IPC, കൂടാതെ ക്രൈം നം. 2006/2022 u/s. 294(ബി), 308, 324, 323, 506(i), 427, 34 IPC പ്രകാരം) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. 15-01-2023-ൽ പരാതിക്കാരന്റെ സ്ഥാപനത്തിൽവച്ചുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് ക്രൈം നം. 65/23 u/s. 294(ബി), 323, 324, 427

IPC പ്രകാരവും ക്രൈം നം. 76/2023 u/s. 294(ബി), 323, 341, 34 IPC പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി) ലഹരി ഗുണ്ടാ സംഘങ്ങളുടെ അതിക്രമങ്ങൾമൂലം കേരളത്തിൽ സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിനും ജനങ്ങളുടെ സൈ്വരജീവിതം ഉറപ്പാക്കുന്നതിനും ആഭ്യന്തര വകുപ്പ് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

ലഹരി ഗുണ്ടാ സംഘങ്ങളുടെ അതിക്രമങ്ങൾമൂലം കേരളത്തിൽ സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. ജനങ്ങളുടെ സൈ്വര്യജീവിതം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. സംസ്ഥാനത്ത് ഗുണ്ടകൾ, മറ്റ് സംഘടിത കുറ്റകൃത്യങ്ങളിലേർപ്പെടുന്ന സംഘങ്ങൾ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസുദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങളാണ്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും

അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ടസമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസുദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ, കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്നപേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ്

ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമപ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻതലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

**ക്രിമിനൽ കേസിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

129 (129) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിമിനൽ കേസിൽ പ്രതികളായ എത്ര പോലീസുദ്യോഗസ്ഥരുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരിൽ എത്ര ഉദ്യോഗസ്ഥർ ഒന്നിലധികം കേസിൽ പ്രതികളായിട്ടുണ്ട്; ഇവരുടെ പേരിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ലഹരി, ഗുണ്ടാ മാഫിയകൾക്ക് സഹായം ചെയ്തുകൊടുക്കുന്ന പോലീസ് സേനാംഗങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള

അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവരെയും ക്രിമിനലുകൾക്ക് സഹായം നൽകുന്ന സേനാംഗങ്ങളെയും കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഇപ്പോൾ നിലവിലുള്ളതെന്നും ഇവ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഗുണ്ടാ ആക്രമണ കേസുകളിലെ പ്രതികളുടെ അറസ്റ്റ്**

130 (130) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ ഒന്ന് മുതൽ നാളിതുവരെ എത്ര ഗുണ്ടാ ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്?

വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേസുകളുടെ എണ്ണം | 168 |
| പ്രതികളെ അറസ്റ്റ് ചെയ്ത കേസുകളുടെ എണ്ണം | 167 |

| | |
|---|---|
| അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | 824 |
| വിചാരണ പൂർത്തിയാക്കി പ്രതികളെ ശിക്ഷിച്ച കേസുകളുടെ എണ്ണം | 15 |

(ബി) ഗുണ്ടകൾക്ക് സഹായം നൽകിയതിന്റെ പേരിൽ ഈ കാലയളവിൽ എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഈ സർക്കാർ കാലയളവിൽ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി അറിവായതിന്റെ അടിസ്ഥാനത്തിൽ 14 പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഗുണ്ടാ അക്രമങ്ങൾ തടയാൻ നടപടി**

131 (131) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിന്റെ കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുവിവരം ചുവടെ ചേർക്കുന്നു.

| സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | |
|---|---|
| 2020 | 31 |
| 2021 | 42 |
| 2022 | 62 |
| 2023 ജനുവരി 4 വരെ | 6 |

(ബി) ഗുണ്ടാ അക്രമങ്ങളും കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിക്കുന്നതുമൂലമുള്ള ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളും ലഹരി ഉപയോഗവും മറ്റും തടയുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് ഗുണ്ടകൾ, മറ്റ് സംഘടിത കുറ്റകൃത്യങ്ങളിലേർപ്പെടുന്ന സംഘങ്ങൾ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസുദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങളാണ്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ടസമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസുദ്യോഗസ്ഥരുൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും

സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി 'ഓപ്പറേഷൻ കാവൽ' എന്നപേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ട് വരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റുചെയ്ത് കാപ്പ നിയമപ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന്

ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്നപേരിൽ ഒരു കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ലഹരി മാഫിയ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനായി പോലീസ് നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിയിട്ടുള്ളതും കൃത്യമായ ഇടവേളകളിൽ പരിശോധനകളും സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരികയും ചെയ്യുന്നു. മയക്കുമരുന്ന് കേസുകളിലുൾപ്പെടുന്നവർക്കെതിരെ 31, 34 NDPS Act പ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ഥിരം NDPS കേസുകളിലുൾപ്പെടുന്നവർക്കെതിരെ RHS, 107 CrPC, PITNDPS Act, KAAPA Act പ്രകാരവും Commercial Quantity കേസുകളിലുൾപ്പെടുന്നവരുടെ സ്വത്ത് കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. Anti Narcotic Project, KANSAF, DANSAF, Yodhav, CAP തുടങ്ങിയ വിവിധ പദ്ധതികളാവിഷ്കരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോലീസിന്റെ Community Policing പദ്ധതിയായ ജനമൈത്രി പ്രോജക്ടിലൂടെയും മാതൃകാ പൗരന്മാരെ വളർത്തിയെടുക്കുന്നതിനായി നടപ്പിലാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിലൂടെയും പൊതുസമൂഹത്തിലും വിദ്യാർത്ഥികളുടെ ഇടയിലും ലഹരിക്കെതിരായി

വിവിധ കാമ്പയിനുകൾ നടത്തിവരുന്നു. 'Say No to Drugs' എന്ന സർക്കാർ പദ്ധതിയും നടപ്പിലാക്കിവരുന്നു.

**കാപ്പ സെല്ലിന്റെ പ്രവർത്തനം**

132 (132) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ കാപ്പ സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാപ്പ ചുമത്തി നാടുകടത്തിയ ഗുണ്ടകളെ നിരീക്ഷിക്കാനും അവർ സ്വന്തം ജില്ലയിൽ കടക്കുന്നില്ലെന്ന് ഉറപ്പാക്കാനും സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. കാപ്പ ചുമത്തി നാടുകടത്തിയ സാമൂഹ്യവിരുദ്ധ പ്രവർത്തകർ സ്വന്തം ജില്ലയിൽ പ്രവേശിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നാടുകടത്തപ്പെട്ടവരുടെ വിവരങ്ങൾ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനിലും അറിയിച്ചുവരുന്നു. ഇവരുടെ വാസസ്ഥലം സ്ഥിരമായി നിരീക്ഷിക്കുന്നതിനും മൊബൈൽ ഫോൺ ലൊക്കേഷൻ സമയബന്ധിതമായി പരിശോധിക്കുന്നതിനും അതത് പോലീസ് സ്റ്റേഷൻ

എസ്.എച്ച്.ഒ.-മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും ജില്ലകളിലെ രഹസ്യാന്വേഷണ വിഭാഗവും നാടുകടത്തപ്പെടുന്നവർ ജില്ലയിൽ പ്രവേശിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ചുവരുന്നുണ്ട്.

(സി) ഓപ്പറേഷൻ കാവൽ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ?

പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) 2016 മുതൽ 2022 വരെ കാപ്പ ചുമത്തിയ ഗുണ്ടകളുടെ എണ്ണം, നാടുകടത്തിയ ഗുണ്ടകളുടെ എണ്ണം എന്നിവ എത്രയെന്ന് അറിയിക്കുമോ?

ക്രോഡീകരിച്ച പട്ടിക ലഭ്യമല്ല.

**സോഷ്യൽ മീഡിയ വഴിയുള്ള അപവാദ പ്രചാരണം**

133 (133) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുള്ള ചുരുക്കം ചില ഇന്ത്യൻ പൗരന്മാർ കേരളത്തിലെ വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവർക്കെതിരെ സോഷ്യൽ മീഡിയവഴി നടത്തുന്ന സൈബർ ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിക്കുന്ന നടപടികളെന്തൊക്കെയെന്ന് അറിയിക്കാമോ?

വ്യാജ സോഷ്യൽ മീഡിയ അക്കൗണ്ടുകളുപയോഗിച്ച് നടത്തുന്ന കുറ്റകൃത്യങ്ങൾക്ക് ഏത് രാജ്യത്തുനിന്നാണോ കുറ്റകൃത്യം ഉത്ഭവിച്ചിട്ടുള്ളത് ആ രാജ്യവുമായി Mutual Legal Assistance Treaty (MLAT) പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കരാർ നിലവിലില്ലാത്ത രാജ്യങ്ങളിൽനിന്നുള്ള ഇത്തരം കുറ്റകൃത്യങ്ങൾക്ക് Cr.P.C. സെക്ഷൻ 166-A, പ്രകാരം Letters Rogatory തയ്യാറാക്കി സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ രജിസ്ട്രേഷൻ ഡീറ്റെയിൽസ്, ആക്സസ് ഡീറ്റെയിൽസ്, ഐ.പി. അഡ്രസ്, മറ്റനുബന്ധ വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾക്കുപിന്നിൽ പ്രവർത്തിച്ച കുറ്റക്കാരെ കണ്ടെത്തി IT Act 2000-ലെ ബന്ധപ്പെട്ട വകുപ്പുകൾപ്രകാരം നിയമനടപടികൾ, സ്വീകരിച്ചുവരുന്നു. ഇത്തരം ആക്രമണങ്ങൾ തടയുന്നതിനായി സോഷ്യൽ മീഡിയ അക്കൗണ്ടുകൾ നിരന്തരം നിരീക്ഷിക്കുന്നതിന് സോഷ്യൽ മീഡിയ സെല്ലുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതും സൈബർ പോലീസ് സ്റ്റേഷനുകളിലോ പോലീസ് സ്റ്റേഷനുകളിലോ സൈബർ ആക്രമണങ്ങളെ സംബന്ധിച്ച പരാതികൾ ലഭിച്ചാലുടൻതന്നെ ഇത്തരം അക്കൗണ്ടുകളും പോസ്റ്റുകളും നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നു. സൈബർ ഡോമിൽ നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യകളുടെ

സഹായത്തോടെ സൈബർ ഇടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരത്തിൽ സോഷ്യൽ മീഡിയവഴി നേരിട്ട അപവാദ പ്രചരണങ്ങൾക്കെതിരെ 349/Ptn./CCPS/DR/22 നമ്പർ പ്രകാരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പെറ്റീഷനിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

349/PTN/CCPS/DR/22 നമ്പർപ്രകാരം കോഴിക്കോട് റൂറൽ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പരാതിയിന്മേൽ, പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള ഫേസ്ബുക്ക് അക്കൗണ്ടിന്റെ ഉടമയുടെ വിവരങ്ങൾ ലഭിക്കുന്നതിനായി ഫേസ്ബുക്കിന്റെ കാലിഫോർണിയയിലെ ലീഗൽ എൻഫോഴ്സ്മെന്റ് ഏജൻസിക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ട്. വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത അപവാദപ്രചരണങ്ങൾ നടത്തി സമൂഹത്തിൽ തെറ്റിദ്ധാരണ പടർത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് അറിയിക്കാമോ?

സോഷ്യൽ മീഡിയവഴി അപവാദപ്രചരണങ്ങൾ നടത്തുന്ന വിദേശത്തുള്ള സോഷ്യൽ മീഡിയ അക്കൗണ്ട് ഉടമകൾക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുകയും അപവാദ പ്രചരണങ്ങളുൾക്കൊള്ളുന്ന അക്കൗണ്ടുകളും പോസ്റ്റുകളും ബന്ധപ്പെട്ട സോഷ്യൽ മീഡിയ ഏജൻസിമുഖേന നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടികളും സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ**

134 (134) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്ലാമൂട്ടുകടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കായംകുളം കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണം**

135 (135) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ വിട്ടുനൽകിയ സ്ഥലത്തെ കായംകുളം കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

പോലീസ് ആധുനികവത്കരണ (ASUMP) സ്കീമിലെ 2022-23-ലെ വാർഷിക പദ്ധതിയിൽ കായംകുളം കരീലകുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടം പൂർത്തീകരണം**

136 (136) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടം പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) കെട്ടിട പൂർത്തീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടം പൂർത്തിയാക്കുന്നതിന് അധികമായി ആവശ്യംവരുന്ന 2.50 കോടി രൂപ, നിലവിലെ വ്യവസ്ഥകൾപ്രകാരം എംഎൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച തുക മറ്റൊരു ഫണ്ടുമായി കൂട്ടിച്ചേർക്കാൻ സാധിക്കാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് എം.എൽ.എ. ഫണ്ടിൽനിന്നും മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ.

**മംഗലപുരം പോലീസ് സ്റ്റേഷനിലെ അച്ചടക്ക നടപടി**

137 (137) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മംഗലപുരം പോലീസ് സ്റ്റേഷനിൽ മുഴുവൻ പോലീസുകാരെയും അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലം മാറ്റുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) ഒരു പോലീസ് സ്റ്റേഷനിലെ മുഴുവൻ പോലീസുകാരെയും ഒറ്റയടിക്ക് സ്ഥലം മാറ്റുന്നതിനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പോലീസുകാർക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങളെന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇവർക്കെതിരെ മറ്റുതരത്തിലുള്ള വകുപ്പുതല നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-ഡി) തിരുവനന്തപുരം മംഗലപുരം പോലീസ് സ്റ്റേഷനിലെ പോലീസുകാരെ ഭരണ സൗകര്യാർത്ഥമാണ് സ്ഥലം മാറ്റിയിട്ടുള്ളത്.

## പെരുമ്പിലാവ് പോലീസ് സ്റ്റേഷൻ

138 (138) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പിലാവ് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പുരോഗതി വിശദമാക്കാമോ;

(സി) കുന്നംകുളം പോലീസ് സ്റ്റേഷൻ വിഭജിച്ച് പെരുമ്പിലാവ് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(എ-സി) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ പെരുമ്പിലാവ് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

**കോടഞ്ചേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

139 (139) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീർണ്ണാവസ്ഥയിലായ കോഴിക്കോട് റൂറലിലെ കോടഞ്ചേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കോഴിക്കോട് റൂറലിലെ കോടഞ്ചേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിലെ 1036/22 നമ്പർ കേസ്**

140 (140) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1036/22 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ ഇപ്പോഴത്തെ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഈ കേസ്സിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) തൃശ്ശൂർ സിറ്റി വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1036/2022 U/s 341, 506 IPC & 119(എ) of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി 30-09-2022-ാം തീയതി ബഹുമാനപ്പെട്ട തൃശ്ശൂർ JFCM-II കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കേസ് ബഹുമാനപ്പെട്ട കോടതി CC 2089/2022 നമ്പറായി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ കേസിലെ പ്രതി ആരാണെന്നും ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെന്നും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും വിശദീകരിക്കുമോ?

ശ്രീ കേരളവർമ്മ കോളേജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവിയായി പ്രവർത്തിച്ചുവരുന്ന ശ്രീ. പ്രമോദ് സി. ആർ. എന്നയാളാണ് ഈ കേസിലെ പ്രതി. കേസിൽ U/s. 341, 506 IPC & 119(എ) of KP Act

എന്നീ വകുപ്പുകൾ ചുമത്തി 41(1) (എ) Cr.P.C. പ്രകാരമുള്ള പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ലിതാരയുടെ കുടുംബത്തിനുള്ള ധനസഹായം**

141 (141) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഹാറിൽ റെയിൽവേ വിഭാഗത്തിൽ ജോലി ചെയ്യവേ വട്ടോളി സ്വദേശിയായ ലിതാര മരിച്ച സംഭവത്തിൽ അന്വേഷണം ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തുവന്നിരുന്ന ബാസ്കറ്റ്ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടിയാളുടെ മരണവുമായി ബന്ധപ്പെട്ട് ശ്രീ. ബിനീഷ് എരട്ടേൻചാൽ, നരിപ്പറ്റ എന്നയാളുടെ പരാതി മുഖ്യമന്ത്രിയുടെ പരാതിപരിഹാര പോർട്ടൽ മുഖാന്തരം ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ലിതാരയുടെ മരണത്തിൽ ബാസ്കറ്റ്ബോൾ കോച്ചായ രവിസിംഗ് എന്നയാൾക്ക് പങ്കുള്ളതായി സംശയിക്കപ്പെടുന്നതായും മരണപ്പെട്ട ലിതാരയുടെ മൃതദേഹം പാറ്റ്നയിലുള്ള ഇന്ദിരാഗാന്ധി

ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽവച്ച് പോസ്റ്റുമോർട്ടം നടത്തിയതായും തുടർന്ന് മൃതദേഹം 28-04-2022-ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചതായും അറിവായിട്ടുണ്ട്. മേൽകാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr. No.185/22 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് ധനസഹായം നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

നിവലിൽ അതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

**കരുതൽ തടങ്കലിലാക്കുന്നതിന് നടപടി**

142 (142) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരംകുറ്റവാളികളെ വിചാരണയില്ലാതെ കരുതൽ തടങ്കലിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ

സർക്കാരിന്റെ കാലയളവിൽ എത്രപേരെ കരുതൽ തടങ്കലിലാക്കിയെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

ഉണ്ട്. സജീവമായി അക്രമപ്രവർത്തനങ്ങളിലേർപ്പെട്ട് പൊതുസമാധാനത്തിന് ഭീഷണിയായിട്ടുള്ള അക്രമികളെയും ഗുണ്ടാ-മയക്കുമരുന്ന് കടത്ത് തുടങ്ങിയ സാമൂഹ്യവിരുദ്ധ ശക്തികളെയും അമർച്ചചെയ്യുന്നതിന് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരം സ്ഥിരം നിയമവിരുദ്ധ പ്രവൃത്തിയിലേർപ്പെടുന്ന 343 പേരെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരുതൽ തടങ്കലിലാക്കിയിട്ടുണ്ട്. പട്ടിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ എത്രപേരെ കരുതൽ തടങ്കലിലാക്കാൻ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ ശിപാർശ നൽകിയിരുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

KAA(P)A, PITNDPS ആക്ട് എന്നീ നിയമങ്ങൾ പ്രകാരം കരുതൽ തടങ്കലിലാക്കാൻ ശിപാർശ ചെയ്തിട്ടുള്ളവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് നടപടി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

143 (143) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ അഴിമതി മുൻകൂട്ടിക്കണ്ട് തടയുന്നതിന്റെ ഭാഗമായി മിന്നൽ പരിശോധനകളും ട്രാപ് കേസുകളും ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ ഓഫീസുകളിലെ അഴിമതി മുൻകൂട്ടിക്കണ്ട് തടയുന്നതിന്റെ ഭാഗമായി വളരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി അഴിമതിക്കും കൈക്കൂലിക്കുമെതിരെ മിന്നൽ പരിശോധനകൾ നടത്തുന്നതിനും ട്രാപ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഇത്തരത്തിൽ നടത്തുന്ന മിന്നൽ പരിശോധന/ ട്രാപ്പുകളിൽനിന്നും ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല

നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. മുൻവർഷങ്ങളിൽ നടത്തിയിട്ടുള്ള മിന്നൽ പരിശോധനകളുടെയും ട്രാപ്പുകളുടെയും താരതമ്യപഠനം നടത്തിയതിൽ കഴിഞ്ഞവർഷം ഇക്കാര്യത്തിൽ സർവ്വകാല നേട്ടം കൈവരിച്ചിട്ടുണ്ട്. 1715 മിന്നൽ പരിശോധനകളും 47 ട്രാപ്പുകളുമാണ് വിജിലൻസ് നടത്തിയത്.

(ബി) നടപടികളുടെ ഭാഗമായി വിജിലൻസ് അന്വേഷണങ്ങൾ, ട്രൈബ്യൂണൽ എൻക്വയറികൾ എന്നിവയ്ക്ക് ആരംഭം കുറിച്ചിട്ടുണ്ടോ?

മിന്നൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും മറ്റ് പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിലും 140 വിജിലൻസ് അന്വേഷണങ്ങളും 35 ട്രൈബ്യൂണൽ എൻക്വയറികളും ആരംഭിച്ചിട്ടുണ്ട്.

(സി) അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇന്റേണൽ-വിജിലൻസ്

സംവിധാനമുപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസിലേയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതിലുപരിയായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽനിന്നുമുള്ള അന്വേഷണം ആവശ്യമില്ലാത്ത ഘട്ടങ്ങളിൽ പ്രസ്തുത അന്വേഷണം ബന്ധപ്പെട്ട ഭരണ വകുപ്പുമുഖേനതന്നെ നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഗുരുതരമായ ക്രമക്കേടുകളിന്മേൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തുന്നു. അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽവരാത്ത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അനുയോജ്യമായ ശിക്ഷണനടപടികൾ ബന്ധപ്പെട്ട ഭരണ വകുപ്പുമുഖേന സർക്കാർതലത്തിൽ സ്വീകരിക്കാറുണ്ട്.

**വിജിലൻസ് കേസുകളുടെ വിശദാംശം**

144 (144) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരായ പ്യൂൺ മുതൽ വകുപ്പ് തലവന്മാരുൾപ്പെടെ എത്രപേരാണ് കഴിഞ്ഞ ആറുവർഷത്തിനിടെ വിജിലൻസ് കേസിൽ ശിക്ഷിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഉദ്യോഗസ്ഥരായ പ്യൂൺ മുതൽ വകുപ്പ് തലവന്മാരുൾപ്പെടെ 216 പേർ കഴിഞ്ഞ ആറ് വർഷത്തിനിടെ വിജിലൻസ് കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർവ്വീസിലുള്ള ഉദ്യോഗസ്ഥരായ 1061 പേർക്കെതിരെ വിജിലൻസ് കേസും 129 പേർക്കെതിരെ വിജിലൻസ് അന്വേഷണവും 423 പേർക്കെതിരെ പ്രാഥമികാന്വേഷണവും നടന്നുവരുന്നു.

(സി) കഴിഞ്ഞ ആറുവർഷത്തിനിടെ ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തത് ഏത് വകുപ്പുമായി ബന്ധപ്പെട്ടാണ്; ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളുടെ വകുപ്പുതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ ആറ് വർഷത്തിനിടെ ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തത് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ്. ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളുടെ വകുപ്പുതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) വിജിലൻസ് പിടികൂടിയതിനെത്തുടർന്ന് സസ്പെൻഷനിൽ കഴിയുന്ന എത്ര ഉദ്യോഗസ്ഥർ സംസ്ഥാനത്തുണ്ടെന്ന് വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിജിലൻസ് പിടികൂടിയതിനെത്തുടർന്ന് സസ്പെൻഷനിൽ കഴിയുന്ന ഉദ്യോഗസ്ഥരുടെ വകുപ്പുതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

**ഓപ്പറേഷൻ ഓവർലോഡ് –2**

145 (145) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഓവർലോഡ്-2 പരിശോധനയിൽ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഓപ്പറേഷൻ ഓവർലോഡ്-2 എന്നപേരിൽ നടത്തിയ മിന്നൽ പരിശോധനയിൽ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പരിശോധനപ്രകാരം എത്രരൂപ പിഴയിനത്തിൽ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പിഴയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

**ജുഡീഷ്യൽ അന്വേഷണ കമ്മിഷനുകളുടെ നിയമനം സംബന്ധിച്ച്**

146 (146) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസത്തിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷനുകളുടെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ?

(എ&ബി) 2016 ജൂൺ മാസത്തിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഏഴ് ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

1. <u>ജസ്റ്റിസ് പി. എസ്. ഗോപിനാഥൻ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ:</u>

10-04-2016-ൽ കൊല്ലം ജില്ലയിൽ പരവൂർ പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് ദുരന്തത്തിലേയ്ക്കുനയിച്ച സാഹചര്യങ്ങളെയും കാരണങ്ങളെയുംകുറിച്ച് അന്വേഷിക്കുന്നതിനായി 1952-ലെ കമ്മീഷൻസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫ് ഇൻക്വയറി ആക്ട് പ്രകാരം 13-02-2017-ലെ 32725/എസ്.എസ്.എ.2/2016/ആഭ്യന്തരം നമ്പർ വിജ്ഞാപനത്തിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻജഡ്ജായ ജസ്റ്റിസ് ശ്രീ. പി. എസ്. ഗോപിനാഥനെ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 1,07,82,661 രൂപയാണ് ചെലവ്.

2. <u>ജസ്റ്റിസ് പി.എ. മുഹമ്മദ് ജൂഡീഷ്യൽ അന്വേഷണ കമ്മീഷൻ:</u>

2016 ജൂലായ് 20-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്നുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിലേയ്ക്ക് നയിച്ച സംഭവങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനായി ജസ്റ്റിസ് (റിട്ട.) ശ്രീ. പി. എ. മുഹമ്മദ് കമ്മീഷനെ 08-11-2016-ലെ 60903/എസ്.എസ്.എ 2/2016/ആഭ്യന്തരം വിജ്ഞാപന പ്രകാരം സർക്കാർ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 2,77,44,814 രൂപ ചെലവുചെയ്തു.

3. <u>ജഡ്ജ് പി. എസ്. ആന്റണി ജൂഡീഷ്യൽ അന്വേഷണ കമ്മീഷൻ:</u>

മംഗളം ടെലിവിഷൻ ചാനലിൽ 2017 മാർച്ച് 26-ന് സംപ്രേഷണം ചെയ്ത വാർത്തയെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി

ശ്രീ. പി. എസ്. ആന്റണിയെ അന്വേഷണ കമ്മീഷനായി 31-03-2017-ലെ സർക്കാർ വിജ്ഞാപനം നമ്പർ 29780/എസ്.എസ്.എ 2/ 2017/ആഭ്യന്തരം പ്രകാരം സർക്കാർ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 25,85,232/- രൂപ ചെലവായി.

4. <u>ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് ജൂഡീഷ്യൽ അന്വേഷണ കമ്മീഷൻ:</u>

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത 49 വയസ്സുള്ള രാജ്കുമാറിന്റെ ജുഡീഷ്യൽ കസ്റ്റഡി മരണത്തിലേയ്ക്കുനയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ശ്രീ. കെ. നാരായണ കുറുപ്പിനെ (റിട്ട. ഹൈക്കോർട്ട് ജഡ്ജ്) അന്വേഷണ കമ്മീഷനായി 06-07-2019-ലെ ആഭ്യന്തരം-എസ്.എസ്.എ 2/172/2019-ആഭ്യന്തരം വിജ്ഞാപനപ്രകാരം സർക്കാർ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 92,84,305 രൂപ ചെലവഴിച്ചു.

5. <u>ജഡ്ജ് പി. കെ. ഹനീഫ ജൂഡീഷ്യൽ അന്വേഷണ കമ്മീഷൻ:</u>

പാലക്കാട് വാളയാർ സ്റ്റേഷൻ പരിധിയിലെ ശെൽവപുരം അട്ടപ്പള്ളം എന്നസ്ഥലത്ത് പതിമൂന്നും ഒൻപതും വയസ്സുള്ള പെൺകുട്ടികൾ യഥാക്രമം 2017 ജനവരി, മാർച്ച് മാസങ്ങളിൽ അസ്വാഭാവിക സാഹചര്യത്തിൽ

മരണപ്പെട്ടത് അന്വേഷിക്കുന്നതിനായി 1952-ലെ കമ്മീഷൻ ഓഫ് ഇൻക്വയറി ആക്ട് പ്രകാരം അന്വേഷണ കമ്മീഷനായി ശ്രീ. പി. കെ. ഹനീഫ (മുൻ ജില്ലാ ജഡ്ജി)-യെ 25-11-2019 ആഭ്യന്തരം-എസ്.എസ്.എ 2/278/2019-ആഭ്യന്തരം വിജ്ഞാപനപ്രകാരം നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 1,01,791 രൂപ ചെലവായിട്ടുണ്ട്.

6. ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ:

പോലീസ് വകുപ്പിന്റെ പർച്ചേസുകൾക്കും സേവനങ്ങൾ സ്വീകരിക്കുന്ന കരാറുകൾക്കും പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കേണ്ട വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുൻഹൈക്കോടതി ജഡ്ജി ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ, (3 ബി, ഭവാനി അപ്പാർട്ട്മെന്റ്സ്, കുന്നുംപുറം, കാക്കനാട്, കൊച്ചി -682030) ചെയർമാനും ശ്രീ. സുബ്രതാ ബിശ്വാസ് (മുൻആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എ. ബി. 287, സാൾട്ട് ലേക്ക്, വെസ്റ്റ് ബംഗാൾ), ശ്രീ. ജേക്കബ് പുന്നൂസ് (മുൻസംസ്ഥാന പോലീസ് മേധാവി, 65 യമുന കോളനി, കുടപ്പനക്കുന്ന്, തിരുവനന്തപുരം-43) എന്നിവർ അംഗങ്ങളായുള്ള മൂന്നംഗ അന്വേഷണ കമ്മീഷൻ 07-03-2020-ലെ ആഭ്യന്തരം-എസ്.എസ്.എ 2/66/2020-

ആഭ്യന്തരം നമ്പർ വിജ്ഞാപനത്തിലൂടെ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 12,36,074 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

7. <u>ജസ്റ്റിസ് (റിട്ട.) വി.കെ.മോഹനൻ ജൂഡീഷ്യൽ അന്വേഷണ കമ്മീഷൻ:</u>

വിവിധ കേന്ദ്ര ഏജൻസികൾ നടത്തിവരുന്ന അന്വേഷണങ്ങൾ വഴിമാറുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിനായി ശ്രീ. വി. കെ. മോഹനനെ (റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി) അന്വേഷണ കമ്മീഷനായി 2021 മേയ് 7-ാം തീയതിയിലെ ആഭ്യന്തരം-എസ്.എസ്എ 2/67/2021-ആഭ്യന്തരം (എസ്.ആർ.ഒ നം.389/2021) നമ്പർ വിജ്ഞാപനത്തിലൂടെ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 83,76,489 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ട കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

ജസ്റ്റിസ് (റിട്ട.) ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ അന്വേഷണ കമ്മീഷൻ, ജസ്റ്റിസ് (റിട്ട.) ശ്രീ. വി. കെ. മോഹനൻ അന്വേഷണ കമ്മീഷൻ എന്നിവയൊഴികെയുള്ള കമ്മീഷനുകളെല്ലാം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശയിന്മേൽ സർക്കാർ

നടപടി സ്വീകരിക്കുകയും ആക്ഷൻടേക്കൻ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

**പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണം**

147 (147) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കാമോ?

പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ ഒന്നാം നിലയ്ക്കുള്ള സ്ലാബിന്റെ കോൺക്രീറ്റ് വർക്ക് പൂർത്തിയായി. തുടർന്നുള്ള നിലകളുടെ നിർമ്മാണത്തിനായി 2.4 മീറ്റർ നീളമുള്ള കോളങ്ങളുടെ നിർമ്മാണവും പൂർത്തിയായി. ശേഷിക്കുന്ന നിലകൾക്കുള്ള സ്ലാബിന്റെയും ബീമിന്റെയും നിർമ്മാണത്തിനുള്ള ഡിസൈൻ ലഭ്യമായതിനുശേഷം ബാക്കിയുള്ള ജോലികളാരംഭിക്കും.

(ബി) ഈ പ്രവൃത്തി ആരംഭിച്ചതെപ്പോഴാണെന്നും പൂർത്തീകരിക്കാൻ അനുവദിച്ച തീയതി എന്നാണെന്നും വ്യക്തമാക്കാമോ?

നിർമ്മാണപ്രവൃത്തി 13-03-2020-ന് കരാറുകാരനെ ഏൽപ്പിച്ചിരുന്നു. നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച തീയതി 12-03-2023 ആണ്.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

കെട്ടിടത്തിന്റെ ശേഷിക്കുന്ന നിലകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എത്രയുംവേഗം ഡിസൈൻ നൽകാൻ പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഈ കെട്ടിടത്തിന്റെ പൂർണ്ണമായ ഡിസൈൻ പൊതുമരാമത്ത് വകുപ്പിൽനിന്ന് സമയബന്ധിതമായി കിട്ടാത്തത് നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സമയബന്ധിതമായി ഡിസൈൻ ലഭ്യമാകാത്തത് പരിശോധിച്ചുവരുന്നു. 2023 ഫെബ്രുവരി ആദ്യവാരം ഡിസൈൻ ലഭ്യമാകുമെന്ന് പൊതുമരാമത്ത് ഡിസൈൻ വിഭാഗം അറിയിച്ചിട്ടുണ്ട്.

**ആലപ്പുഴ ഫയർ ആന്റ് റസ്ക്യൂവിന്റെ ജില്ലാ കേന്ദ്രത്തിന് പുതിയ കെട്ടിടം**

148 (148) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിൽ പ്രവർത്തിക്കുന്ന ഫയർ ആന്റ് റസ്ക്യൂ ജില്ലാ കേന്ദ്രത്തിന്റെ നിലവിലെ കെട്ടിടത്തിന്റെ കാലപ്പഴക്കം എത്രവർഷമാണ്; അറിയിക്കുമോ?

നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് ഏകദേശം 70 വർഷം പഴക്കമുണ്ട്.

(ബി) തകർച്ച നേരിടുന്ന പഴയ കെട്ടിടത്തിനുപകരം പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 1028 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി വകുപ്പ് മേധാവി സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധനയിലാണ്.

**കെട്ടിടങ്ങൾക്കുള്ള അഗ്നി സുരക്ഷാ സർട്ടിഫിക്കറ്റ്**

149 (149) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

നിലവിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും നാഷണൽ ബിൽഡിംഗ് കോഡ് 2016-ലെ അഗ്നിസുരക്ഷാ സംവിധാനങ്ങൾ മാനദണ്ഡമാക്കിയുമാണ് കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് നൽകുന്നത്.

(ബി) അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കാരിൽ ഒടുക്കേണ്ട ഫീസുകൾ കൃത്യമായി നിശ്ചയിക്കപ്പെട്ട രീതിയിൽ ലഭിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ലഭിക്കുന്നുണ്ട്.

(സി) വൻകിട കെട്ടിടങ്ങൾക്ക് വ്യവസ്ഥകളിൽ ഇളവുനൽകി അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് അനുവദിക്കാറുണ്ടോ; ആയതിന് നിശ്ചയിക്കപ്പെട്ട ഫീസുകളിൽ ഇളവ് നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

**ചാരുമ്മൂട് കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ**

150 (150) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ ചാരുമ്മൂട് കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**രാജാക്കാട് കേന്ദ്രമാക്കി പുതിയ ഫയർ & റസ്ക്യൂ സ്റ്റേഷൻ**

151 (151) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ രാജാക്കാട് കേന്ദ്രമാക്കി ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) 18-02-2021-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 51/2021 പ്രകാരം അനുവദിച്ച ഈ ഫയർ സ്റ്റേഷനാവശ്യമായ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് അടിസ്ഥാനസൗകര്യങ്ങൾ താൽക്കാലികമായി ഏർപ്പെടുത്തുന്നപക്ഷം ഫയർ സ്റ്റേഷൻ അടിയന്തരമായി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിനായി ഓഫീസും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും രാജാക്കാട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ശ്രീ. വി. എൻ. രവീന്ദ്രന്റെ ഉടമസ്ഥതയിലുള്ള 7/11 നമ്പർ കെട്ടിടം ഫയർ സ്റ്റേഷനായി സർക്കാർ നിശ്ചയിക്കുന്ന വാടക നിരക്കിൽ വിട്ടുനൽകാൻ തയ്യാറാണെന്ന സമ്മതപത്രം ടി വ്യക്തിയിൽനിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**തിരൂരങ്ങാടി ഫയർ സ്റ്റേഷൻ നിർമ്മാണം**

152 (152) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കോഴിച്ചെനയിലെ കണ്ടഞ്ചിറ എന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കണ്ടഞ്ചിറ എന്ന സ്ഥലത്ത് പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) സ്ഥലം ലഭ്യമല്ലാത്തതിന്റെ പേരിൽ ആരംഭിക്കാതിരുന്ന പ്രസ്തുത പദ്ധതിക്കായി മേൽപ്പറഞ്ഞ സ്ഥലം നിർദ്ദേശിച്ചിരുന്നെങ്കിലും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രസ്തുത സ്ഥലം ദേശീയപാതയിൽ ഉൾപ്പെട്ടതാണെന്ന റിപ്പോർട്ട് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം മുമ്പ് പരിശോധിക്കുന്ന സമയത്ത് കണ്ടഞ്ചിറയിൽ കണ്ടെത്തിയ സ്ഥലം ദേശീയപാതയിൽ

ഉൾപ്പെട്ടതാണെന്ന് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിരുന്നു.

**കാട്ടാക്കട ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

153 (153) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാട്ടാക്കട ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് 10-06-2020-ലെ സ.ഉ (സാധാ) നം. 1339/2020/ആഭ്യന്തരം പ്രകാരം 231 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള 75% പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികളും സ്റ്റേഷന്റെ ചുറ്റുമതിൽ, 32,000 ലിറ്റർ ശേഷിയുള്ള SUMP, ഇന്റർലോക്ക് എന്നീ അധിക നിർമ്മാണങ്ങളും നടത്തുന്നതിന് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഫണ്ടിനും ഭരണാനുമതിക്കുമായി ലഭിച്ചുവെങ്കിലും ബന്ധപ്പെട്ട ശീർഷകത്തിൽ

നടപ്പ് സാമ്പത്തിക വർഷം ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആയത് അടുത്ത സാമ്പത്തിക വർഷം മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുന്നതിന് ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൂത്തുപറമ്പ് സ്പെഷൽ സബ് ജയിൽ പ്രവർത്തനസജ്ജമാക്കാൻ നടപടി**

154 (154) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ 2022 ജൂൺ 7-ന് പ്രവർത്തനം ആരംഭിക്കുകയും 2022 ഒക്ടോബർ 18-ന് ആയതിലേയ്ക്ക് തസ്തികകൾ അനുവദിക്കുകയും ചെയ്തെങ്കിലും ഇതുവരെ പ്രവർത്തനസജ്ജമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് ജയിലിലാവശ്യമായ ഫർണിച്ചറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം ഭരണ നിർവ്വഹണത്തിനാവശ്യമായ സൗകര്യങ്ങളും പണമിടപാടുകൾക്ക് വേണ്ട ക്രമീകരണങ്ങളും സുരക്ഷാ സംവിധാനവും അന്തേവാസികളുടെ ഭക്ഷണം, കിടക്ക, റേഷൻ മുതലായ സൗകര്യങ്ങളും ഒരുക്കി ജയിൽ എത്രയും വേഗം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സബ് ജയിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കി പ്രതികളെ എപ്പോൾ പാർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാകുന്നമുറയ്ക്ക് അന്തേവാസികളെ പ്രവേശിപ്പിക്കാൻ സാധിക്കുന്നതാണ്.

**അച്ചടി വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി**

155 (155) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-02-2021-ലെ എസ്.ആർ.ഒ.177/2021-ാം നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുള്ള കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവീസ് (അമൻമെന്റ്) സ്പെഷ്യൽ റൂൾസ് 2021-ന്

ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിയുടെ പരിശോധന പൂർത്തീകരിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

2016-ലെ വിശേഷാൽ ചട്ടങ്ങളിൽ ബ്രാഞ്ച് VII-ലെ അസിസ്റ്റന്റ് ഫോർമാൻ (മെഷീൻ)-ന്റെ ഫീഡർ കാറ്റഗറിയായി നിശ്ചയിച്ചിരുന്ന ഓഫ്സെറ്റ് പ്രിന്റിംഗ് വിഭാഗത്തിലെ (ബ്രാഞ്ച് XVI) സീനിയർ ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ എന്ന തസ്തികയ്ക്ക് പകരമായി ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് 1-നെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി ഉത്തരവാണ് 10-02-2021-ലെ SRO 177/21 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഭേദഗതി കേരള നിയമസഭ സബ്ജക്റ്റ് കമ്മിറ്റിയും പബ്ലിക് സർവ്വീസ് കമ്മീഷനും നിർദ്ദേശിച്ചതുപ്രകാരമാണ് വരുത്തിയിട്ടുള്ളത്. അടിയന്തര സാഹചര്യമായതിനാൽ പ്രസ്തുത ഭേദഗതി ചട്ടത്തിന്റെ കരട് സബ്ജക്റ്റ് കമ്മിറ്റി പരിശോധിക്കുന്ന നടപടിക്രമം പാലിക്കാൻ സാധിച്ചിട്ടില്ല. ഭേദഗതി ഉത്തരവ് സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ സാധൂകരണത്തിനായി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത അമന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2021-ൽ ബ്രാഞ്ച് VII (മെഷീൻ സെക്ഷൻ കാറ്റഗറി 3) അസിസ്റ്റന്റ് ഫോർമാൻ (മെഷീൻ)-ലേയ്ക്കുള്ള ഫീഡർ കാറ്റഗറിയായി പുതുതായി ഉൾപ്പെടുത്തിയ ഓഫ് മെഷീൻ ഓപ്പറേറ്റർ

ഗ്രേഡ്-1-ന്റെ നിയമനരീതി 'ട്രാൻസ്ഫർ' എന്ന് തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം സൂചിപ്പിച്ചുകൊണ്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരുന്നു.

(സി) അസിസ്റ്റന്റ് ഫോർമാൻ (മെഷീൻ)-ലേയ്ക്കുള്ള നിയമനങ്ങളിൽ ഫീഡർ കാറ്റഗറികളിൽനിന്നും 1:1 അനുപാതം പാലിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള വിവിധ വ്യവസ്ഥകൾ കണക്കിലെടുക്കുമ്പോൾ രണ്ട് ബ്രാഞ്ചുകളിലെയും (ബ്രാഞ്ച് VII & ബ്രാഞ്ച് XVI) ഓരോ ലെവലിലും പ്രൊമോഷൻ അഥവാ ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നതിനായി 2 വിഭാഗങ്ങൾ (ഫീഡർ കാറ്റഗറി) മാത്രമാണുള്ളത്. ആകയാൽ ജനറൽ റൂൾസ് 11(ബി) പ്രകാരം 1:1 അനുപാതമാണ് പാലിക്കേണ്ടതെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

(ഡി) കേരള ഗവൺമെന്റ് പ്രസസ്സ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 14-12-2022-ലെ സ.ഉ.(കൈ.) നമ്പർ 5/2022/എസ്.പി.ഡി. ഉത്തരവിന് ആധാരമായ സി1/142/2022/എസ്.പി.ഡി. നമ്പർ ഫയലിലെ കുറിപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടെയും പകർപ്പ് നൽകാമോ?

പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**അച്ചടി വകുപ്പിൽ അസംസ്കൃത വസ്തുക്കൾ സമയബന്ധിതമായി വാങ്ങുന്നതിന് നടപടി**

156 (156) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണത്തെത്തുടർന്ന് കമ്പോസിംഗ് വിഭാഗത്തിൽ വിലപിടിപ്പുള്ള തേക്ക് ഉരുപ്പടികൾ മഴയും വെയിലുംകൊണ്ട് നശിച്ച സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തേക്ക് ഉരുപ്പടികൾ മഴയും വെയിലുംകൊണ്ട് നശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവ MSTC മുഖാന്തരം ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) അച്ചടി വകുപ്പിൽ അസംസ്കൃത വസ്തുക്കൾ വാങ്ങാതിരുന്നതിനാൽ സർക്കാരിന്റെ പ്രധാനപ്പെട്ട അച്ചടി ജോലികൾ ഉൾപ്പെടെ തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അസംസ്കൃത വസ്തുക്കൾ സമയബന്ധിതമായി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അച്ചടി വകുപ്പിലെ വിവിധ സാങ്കേതിക തസ്തികകളിൽ നിയമനം**

157 (157) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ വിവിധ സാങ്കേതിക തസ്തികകളിൽ നിയമനത്തിനായി ഡിപ്ലോമ, ബിരുദ യോഗ്യതകളുള്ളവരെ നിലവിൽ പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിലേയ്ക്ക് ഡിപ്ലോമ, ബിരുദ യോഗ്യതയുള്ളവരെയും പരിഗണിക്കണമെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) അച്ചടി വകുപ്പിലെ സാങ്കേതിക തസ്തികകളിലെ നിയമനത്തിനായി ഡിപ്ലോമ, ബിരുദ യോഗ്യതകൾ ഉള്ളവരെക്കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) പരിഗണിക്കുന്നുണ്ട്. BE/B.Tech, B.Sc, ഡിപ്ലോമ, VHSE യോഗ്യതകൾ വകുപ്പിലെ എല്ലാ തസ്തികകളിലും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അച്ചടി വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാർ**

158 (158) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ എസ്.എൽ.ആർ. വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി ചെയ്തുവരുന്നുവെന്നും എത്ര വർഷമായി ജോലി ചെയ്തുവരുന്നുവെന്നും വ്യക്തമാക്കാമോ?

2006 മുതൽ 30 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ബി) അച്ചടി വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാർ ഈ വകുപ്പിലെ മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെപ്പോലെ സ്ഥിരം ജീവനക്കാരാണോയെന്ന് വ്യക്തമാക്കാമോ?

വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാരുടെ തസ്തികകൾ സൂപ്പർന്യൂമററിയായി സൃഷ്ടിച്ചവയാണ്.

(സി) പ്രസ്തുത ജീവനക്കാർക്ക് മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പോലെയുള്ള ഏതെല്ലാം സർക്കാർ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുവെന്നും ഏതെല്ലാം ലഭിക്കുന്നില്ലെന്നും വ്യക്തമാക്കാമോ?

ഉദ്യോഗക്കയറ്റം ഒഴികെ ക്ലാസ് IV ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിച്ചുവരുന്നു.

(ഡി) പ്രസ്തുത ജീവനക്കാർക്ക് മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിച്ചുവരുന്ന മെഡിസെപ് ആനുകൂല്യം നിഷേധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

എസ്.എൽ.ആർ. ജീവനക്കാരെ MEDISEP പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) പ്രസ്തുത ജീവനക്കാർക്ക് അച്ചടി വകുപ്പിലെ മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിച്ചുവരുന്ന ഉദ്യോഗക്കയറ്റം തുടങ്ങിയ ആനുകൂല്യങ്ങൾ നിലവിൽ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

സൂപ്പർന്യൂമററി തസ്തികയായതിനാൽ എസ്.എൽ.ആർ. ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിക്കാൻ കഴിയില്ല.

**അച്ചടി വകുപ്പിന് തുക അനുവദിക്കുന്നത് സംബന്ധിച്ച്**

159 (159) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി ജോലികൾ ഓൺലൈനിലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന്

ആവശ്യമായ തുക അച്ചടി വകുപ്പിന് അനുവദിച്ചിട്ടുണ്ടോ/ വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ചിട്ടുള്ള/വകയിരുത്തിയിട്ടുള്ള തുക എത്രയെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം തുക വകയിരുത്തിയിട്ടില്ലെങ്കിൽ അടിയന്തരമായി തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

(എ&ബി) കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ആന്റിവൈറസ് സോഫ്റ്റ്‌വെയറും വാങ്ങുന്നതിലേയ്ക്കായി ഈ സാമ്പത്തിക വർഷത്തിൽ മുപ്പത് ലക്ഷത്തി അൻപത്തി എണ്ണായിരത്തി ഒരുന്നൂറ്റി അൻപത്തിയെട്ട് രൂപ (30,58,158)-യുടെ ഭരണാനുമതി 12-01-2023-ലെ G.O(Rt)5/2023/SPD നമ്പർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്.

**അച്ചടി വകുപ്പിലെ സ്ഥാനക്കയറ്റം**

160 (160) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ മുതൽ സൂപ്രണ്ട് വരെയുള്ള തസ്തികകളിലെ സ്ഥാനക്കയറ്റം നിലച്ചിരിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കോടതികളിൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് അച്ചടി വകുപ്പിന്റെ ഭാഗത്തുനിന്നുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) അച്ചടി വകുപ്പിൽ ചില സാങ്കേതിക തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ വിവിധ കോടതി വ്യവഹാരങ്ങൾ മുഖാന്തരം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ്**

161 (161) <u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. എച്ച്. സലാം:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന മൗലാന ആസാദ് ദേശീയ ഫെലോഷിപ്പ്

അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിനുള്ള കാരണമെന്തെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പിൽനിന്നും ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനം ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും അതിൽ ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ യഥാവിധി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ന്യൂനപക്ഷങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു.

**കാസർഗോഡ് ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പി.എസ്.സി. കോച്ചിംഗ് സെന്റർ**

162 (162) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പി.എസ്.സി. കോച്ചിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് എവിടെയാണ് പ്രവർത്തിക്കുന്നതെന്നും ഏത് വർഷത്തിലാണ് സ്ഥാപിച്ചതെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രവർത്തിക്കുന്നുണ്ട്. 2013-ൽ കാസർഗോഡ് ജില്ലയിൽ ചെർക്കളയിലാണ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പി.എസ്.സി. ഉൾപ്പെടെയുള്ള നിയമന ഏജൻസികളുടെ മത്സരപരീക്ഷയ്ക്ക് പരിശീലനം നൽകുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം ആരംഭിച്ചത്.

(സി) ഇതുവരെ എത്രപേർ പ്രസ്തുത സ്ഥാപനത്തിൽനിന്ന് പരിശീലനം നേടിയെന്നും അതുവഴി അവർക്കുണ്ടായ നേട്ടങ്ങൾ എന്താണെന്നും വിശദമാക്കുമോ?

2022 വർഷം വരെ ആകെ 1970 വിദ്യാർത്ഥികൾ കാസർഗോഡ് പരിശീലന കേന്ദ്രത്തിൽനിന്നും പരിശീലനം നേടിയിട്ടുണ്ട്. ഇവരിൽ 64 പേർക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്.

(ഡി) എത്രപേർക്ക് പരിശീലനം നൽകാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളുമാണ് പ്രസ്തുത സ്ഥാപനത്തിലുള്ളതെന്നും നിലവിൽ എത്രപേർ പരിശീലനം നേടിവരുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഒരേസമയം 70 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളുമാണ് പ്രസ്തുത സ്ഥാപനത്തിലുള്ളത്. നിലവിൽ 70 വിദ്യാർത്ഥികൾ ടി സെന്ററിൽ പരിശീലനം നേടി വരുന്നുണ്ട്.

(ഇ) പ്രസ്തുത കോച്ചിംഗ് സെന്ററിന്റെ പ്രവർത്തനത്തിന് ഒരു വർഷത്തെ ചെലവ് എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

അനുബന്ധമായി ചേർക്കുന്നു+.

(എഫ്) പ്രസ്തുത കോച്ചിംഗ് സെന്റർ നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്ന് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മാറ്റാൻ ഉദ്ദേശിക്കുന്ന സ്ഥലം ഏതാണെന്നും മാറ്റാനുള്ള കാരണം എന്താണെന്നും അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

**മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള കമ്മീഷൻ**

163 (163) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടിയുള്ള റിട്ട. ജസ്റ്റിസ് എ. വി. രാമകൃഷ്ണപിള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം ശിപാർശകൾ സർക്കാർ നടപ്പിലാക്കിയെന്നും വ്യക്തമാക്കാമോ?

റിട്ട. ജസ്റ്റിസ് എ. വി. രാമകൃഷ്ണപിള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും പ്രതിപാദിക്കുന്ന നടപടി പത്രിക അനുബന്ധമായി ചേർക്കുന്നു+. കമ്മീഷൻ റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിൽ പ്രതിപാദിച്ച സംവരണേതര വിഭാഗങ്ങളുടെ പട്ടിക ലഘുമാറ്റങ്ങളോടെ 03-06-2021-ലെ സ.ഉ(എം.എസ്) 114/2021/പൊ.ഭ.വ ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റിട്ട. ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) 2022 മാർച്ചിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിക്കേണ്ട തുടർനടപടികൾ എന്തെല്ലാമെന്നും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണവും വ്യക്തമാക്കാമോ?

(ബി&സി) ശിപാർശകൾ നടപ്പിലാക്കുന്നതുസംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊടുങ്ങല്ലൂർ നിയോജകമണ്ഡലം റീബിൽഡ് കേരള പദ്ധതി**

164 (164) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയ്ക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയവ ഏതൊക്കെയെന്നും പൂർത്തിയാക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ അനുമതി നൽകിയ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കുട്ടനാട്ടിലെ എൻ.സി.സി.(നാഷണൽ കാഡറ്റ് കോർ) നാഷണൽ ട്രെയിനിംഗ് സെന്റർ**

165 (165) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുള്ള എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി നേവൽ എൻ.സി.സി.-ക്ക് അനുവദിക്കുകയും എൻ.സി.സി.-യുടെ ആവശ്യപ്രകാരം നേവൽ ഓഫീസ്, നേവൽ ട്രയ്നിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കി എൻ.സി.സി.-ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിംഗ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് 2 കേസുകൾ ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ തീരുമാനപ്രകാരം ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയിനിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിമൂലം കുട്ടനാട്ടിലെ ജനങ്ങൾക്കും രാജ്യത്തെ വിദ്യാർത്ഥികൾക്കും കുട്ടനാടൻ കായൽ ടൂറിസത്തിനും ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ കുട്ടനാട്ടിലെയും ആലപ്പുഴ ജില്ലയിലെയും കേഡറ്റുകൾക്ക് മികച്ച പരിശീലനം നൽകാൻ സാധിക്കും. ടി പരിശീലന കേന്ദ്രത്തിൽ, ഇന്ത്യൻ നേവിയുടെ പ്രാഥമിക പരിശീലനം, ക്യാമ്പ് പരിശീലനം, ജലയാത്ര പരിശീലനം, സ്ക്യൂബ ഡൈവിംഗ്,

ഫയറിംഗ് തുടങ്ങിയ സാഹസിക പരിശീലനങ്ങളും പുനീത് സാഗർ അഭ്യാൻ, എയ്ഡ്സ് ബോധവൽക്കരണം, റോഡ് സുരക്ഷ ക്ലാസ്സുകൾ, പ്രാഥമിക സുരക്ഷാ പരിശീലനങ്ങൾ, മൊബൈൽ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ലഹരി വിരുദ്ധ ക്യാമ്പയിൻ തുടങ്ങിയ പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ സാധിക്കും. കൂടാതെ കുട്ടനാട്ടിലെ പ്രളയസമയത്ത് അടിയന്തരഘട്ടങ്ങളിൽ ജില്ലാഭരണകൂടത്തിന് നേവൽ ട്രെയിനിംഗ് സെന്റർ ഷെൽട്ടറായി ഉപയോഗിക്കാനും നേവി ഓഫീസർമാരുടെ സേവനവും നേവിയുടെ സുരക്ഷ ഉപകരണങ്ങളും പ്രയോജനപ്പെടുത്താനും സാധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി നേവൽ എൻ.സി.സി.-ക്ക് അനുവദിക്കുകയും എൻ.സി.സി.-യുടെ ആവശ്യപ്രകാരം നേവൽ ഓഫീസ്, നേവൽ ട്രയ്നിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി.-ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിംഗ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമാരാമത്ത്

വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് 2 കേസുകൾ ആലപ്പുഴ ബഹുമാനപ്പെട്ട മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ തീരുമാനപ്രകാരം ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയിനിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

166 (166) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട് അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട് അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥയും അനുബന്ധമായി നൽകുന്നു+.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ**

167 (167) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്ര-സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണെന്നും അവ എപ്രകാരമാണ് നടപ്പാക്കി വരുന്നതെന്നും വിശദീകരിക്കാമോ?

സാർവ്വത്രിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട്, മെഡിസെപ് എന്നിവ. ഈ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ സംബന്ധിച്ച വിശദാംശവും സർക്കാർ നടപ്പിലാക്കി വരുന്ന മറ്റ് ആരോഗ്യ പദ്ധതികളും ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)

സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവ്വത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസ്സിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. കാരുണ്യ ആരോഗ്യ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിത്സാനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു-സ്വകാര്യ ആശുപത്രികൾവഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ ആശുപത്രികളുൾപ്പെടെ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം നിലവിൽ 761 ആണ്.

ചികിത്സാ ആനുകൂല്യങ്ങളിൽ കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, ത്രിതീയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജ്ജുകൾ/ഡേ കെയർ സിറ്റിംഗ് ചാർജ്ജുകൾ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനുശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു.

2. കാരുണ്യ ബെനവലന്റ് ഫണ്ട്

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത എന്നാൽ മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകി വരുന്ന ചികിത്സാനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നതാണ്.

3. മെഡിസെപ്

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കാനുള്ള സർക്കാരിന്റെ ഇൻഷ്വറൻസ്

പദ്ധതിയാണ് മെഡിസെപ്. ഈ പദ്ധതി പ്രകാരം ഒരു വർഷം പരമാവധി 3 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

4. മറ്റ് പദ്ധതികൾ

i) 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളായി ആരോഗ്യ കിരണം, RBSK, ഹൃദ്യം, താലോലം, കാൻസർ സുരക്ഷാ സ്കീം, മിഠായി.

ii) ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലസ്സീമിയ രോഗചികിത്സയ്ക്കായി ആശാധാര പദ്ധതി.

iii) ഗർഭിണികൾക്കുള്ള ചികിത്സയ്ക്കായി JSSK, സുമൻ, മാതൃയാനം പദ്ധതികൾ.

iv) പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

v) അന്യസംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി.

**പൂഞ്ഞാർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

168 (168) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മൂന്നിലവ്, ഈരാറ്റുപേട്ട എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. നെറ്റ്‌വർക്കിംഗ്, കണക്ടിവിറ്റി എന്നീ വർക്കുകൾ പൂർത്തിയായ മുണ്ടക്കയം, പൂഞ്ഞാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഹാർഡ്‌വെയറുകൾ ലഭിക്കുന്നമുറയ്ക്ക് ഇ-ഹെൽത്ത് പദ്ധതി കാലതാമസം കൂടാതെ ആരംഭിക്കുന്നതാണ്.

(ബി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പുതിയ ആശുപത്രികൾ ഏതെല്ലാമാണെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

2022-23 സാമ്പത്തിക വർഷം ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനായി തയ്യാറാക്കിയ ആശുപത്രികളുടെ പുതുക്കിയ പട്ടിക അനുബന്ധമായി ചേർക്കുന്നു+. ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി കമ്മ്യൂണിറ്റി ഹെൽത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെന്റർ, പൂഞ്ഞാർ ജി.വി. രാജ കുടുംബാരോഗ്യ കേന്ദ്രം എന്നീ ആശുപത്രികൾ മേൽപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പുതുക്കിയ പട്ടികയിലുള്ള ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനാവശ്യമായ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

**ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ**

169 (169) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സംസ്ഥാനമെന്ന നിലയിൽ ജനാഭിമുഖ്യ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു+.

(ബി) പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സ്കാനിംഗ് ഉൾപ്പെടെയുള്ള സേവനങ്ങളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മരുന്ന് ലഭ്യതയും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഓരോ തലങ്ങളിലുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നത് Indian Public Health Standards- ന്റെ മാനദണ്ഡപ്രകാരമാണ്. ഇതിൽ നിഷ്കർഷിച്ചിട്ടുള്ള Hospital Standardization പ്രകാരമുള്ള സേവനങ്ങളാണ് ഓരോ തലത്തിലുള്ള ആശുപത്രികൾക്ക് നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള ഉപകരണങ്ങളും അനുബന്ധ സേവനങ്ങളുമാണ് ഓരോ ആശുപത്രികളിൽനിന്നും നൽകി വരുന്നത്. അതുകൊണ്ടുതന്നെ പ്രാഥമികതലം മുതൽ ത്രിതീയതലം വരെയുള്ള ഓരോതരം ആശുപത്രികൾക്കും വിവിധ തരത്തിലുള്ള സേവന വ്യവസ്ഥകളും അനുബന്ധ ഭൗതിക സാഹചര്യങ്ങളുമായിരിക്കും ഉണ്ടായിരിക്കുന്നത്. സേവനങ്ങൾക്കനുസൃതമായിട്ടുള്ള മരുന്നുകളാണ് ഓരോ ആശുപത്രികൾക്കും ലഭ്യമാക്കിയിട്ടുള്ളത്. Standardization പ്രകാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ മാനദണ്ഡങ്ങളനുസരിച്ച് താലൂക്കാശുപത്രി മുതലുള്ള എല്ലാ സ്ഥാപനങ്ങളിലും സ്കാനിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ സർക്കാർ

ആശുപത്രികളിലും Essential മരുന്നുകളും സ്പെഷ്യാലിറ്റി മരുന്നുകളും കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ HMC/LSGD ഫണ്ടുകൾ ഉപയോഗിച്ചുള്ള ലോക്കൽ പർച്ചേസുകൾവഴി അവശ്യഘട്ടങ്ങളിൽ എല്ലാതലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. മുഖേന മരുന്നുകൾ ലഭ്യമാക്കിവരുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ സ്കാനിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

**മൃതസഞ്ജീവനി പദ്ധതി**

170 (170) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ വിവിധ അവയവങ്ങൾക്കായി പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

വൃക്ക - 2249

കരൾ -765

ഹൃദയം - 62

ശ്വാസകോശം - 4

പാൻക്രിയാസ് - 11

ചെറുകുടൽ -4

(ബി) മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും അവയവദാനം സുതാര്യമാക്കാനും ഈ രംഗത്തെ ചൂഷണവും അവയവ കച്ചവടവും ഇല്ലാതാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

അവയവദാനവും അവയവ കൈമാറ്റവും കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ

ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955-ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായി വരുന്നുണ്ട്. ഈ രജിസ്ട്രി നിലവിൽവരുന്നതോടെ ഈ പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുന്നതാണ്. അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് 26-06-2022-ലെ സ.ഉ.(സാധാ) നം.1522/2022/ആകുവ പ്രകാരം 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ 1994-ലെ മനുഷ്യാവയവ കൈമാറ്റ നിയമത്തിന്റെ കീഴിൽ അപ്രോപ്രിയേറ്റ് അതോറിറ്റിയായി നിയമിച്ചും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ ഓഫീസ് അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയും 18-06-2022-ലെ സ.ഉ.(അച്ചടി) നം.24/2022/ആകുവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയവമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, അവയവ

കച്ചവടം, മനുഷ്യാവയവ കൈമാറ്റ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നിവയെക്കുറിച്ചുള്ള പരാതി അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് കഴിയുന്നതാണ്.

**ചികിത്സ സഹായ പദ്ധതി**

171 (171) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ചികിത്സ സഹായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ചികിത്സ പരിരക്ഷ/ചികിത്സാ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (KASP)

സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവ്വത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. അന്നേവരെ നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS

Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസ്സിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. കാരുണ്യ ആരോഗ്യ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിത്സാനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു-സ്വകാര്യ ആശുപത്രികൾവഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ ആശുപത്രികളുൾപ്പെടെ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം നിലവിൽ 761 ആണ്. ചികിത്സാനുകൂല്യങ്ങളിൽ കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, ത്രിതീയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജ്ജുകൾ/ഡേ കെയർ സിറ്റിംഗ് ചാർജ്ജുകൾ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനുശേഷമുള്ള മരുന്നുകളുൾപ്പെടെ നൽകുന്നു.

2. <u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടാത്ത എന്നാൽ 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകി വരുന്ന ചികിത്സാനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നതാണ്.

3. <u>മെഡിസെപ്</u>

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കാനുള്ള സർക്കാരിന്റെ ഇൻഷ്വറൻസ് പദ്ധതി. ഈ പദ്ധതി പ്രകാരം ഒരു വർഷം പരമാവധി 3 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

4. <u>മറ്റ് പദ്ധതികൾ</u>

i) 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളായി ആരോഗ്യ കിരണം, RBSK, ഹൃദ്യം, താലോലം, കാൻസർ സുരക്ഷാ സ്കീം, മിഠായി.

ii) ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലസ്സീമിയ രോഗചികിത്സയ്ക്കായി ആശാധാര പദ്ധതി.

iii) ഗർഭിണികൾക്കുള്ള ചികിത്സയ്ക്കായി JSSK, സുമൻ, മാതൃയാനം പദ്ധതികൾ.

iv) പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.

v) അന്യസംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

172 (172) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പെരുന്ന അർബൻ പ്രാഥമികാരോഗ്യ കേന്ദ്രം, പായിപ്പാട് പ്രാഥമികാരോഗ്യ കേന്ദ്രം, മടപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു.

(ബി) ഇ-ഹെൽത്ത് പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

2022-23 സാമ്പത്തികവർഷം ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനായി തയ്യാറാക്കിയ ആശുപത്രികളുടെ പുതുക്കിയ പട്ടിക അനുബന്ധമായി ചേർക്കുന്നു+. ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കൂടുതൽ ആശുപത്രികൾ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. പുതുക്കിയ പട്ടികയിലെ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനാവശ്യമായ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

**മിഠായി പദ്ധതി**

173 (173) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കായുള്ള മിഠായി പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; ഈ പദ്ധതിയിൽ സംസ്ഥാനത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിശദവിവരം നൽകാമോ?

ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കായുള്ള മിഠായി പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളും മിഠായി പദ്ധതി ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട കുട്ടികൾക്ക് കണ്ടിന്യുവസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സിസ്റ്റം (സി.ജി.എം.എസ്.) ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഇതുവരെ എത്ര കുട്ടികൾക്കാണ് സി.ജി.എം.എസ്. നൽകിയിട്ടുള്ളതെന്ന വിവരം അറിയിക്കുമോ?

ഉണ്ട്. 593 കുട്ടികൾക്കാണ് ഇതുവരെ സി.ജി.എം.എസ്. നൽകിയിട്ടുള്ളത്.

(സി) മിഠായി പദ്ധതിയിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി എത്രയാണ്; ഇതിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കുട്ടികൾക്ക് പ്രായപൂർത്തിയായാൽ തുടർ ചികിത്സ സഹായം നൽകാനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഠായി പദ്ധതിയിൽ അംഗമാകാനുള്ള വരുമാനപരിധി നിലവിലെ മാനദണ്ഡപ്രകാരം പ്രതിവർഷം 2 ലക്ഷം രൂപയാണ്. ഇത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾക്ക് 18 വയസുകഴിഞ്ഞാൽ തുടർചികിത്സ നൽകുന്നത് സംബന്ധിച്ച് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കത്ത് നൽകിയിട്ടുണ്ട്.

**ആരോഗ്യ കിരണം പദ്ധതി**

174 (174) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ കിരണം പദ്ധതി പ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതിപ്രകാരം ചികിത്സാസഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക്

പുറമേയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാസഹായം ലഭിക്കും. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് പരിഗണന. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി ലഭിക്കും.

(ബി) ആരോഗ്യ കിരണം പദ്ധതി പ്രകാരം അർഹതപ്പെട്ടവർക്ക് 18 വയസ്സിന് ശേഷവും സൗജന്യ ചികിത്സ തുടരുകയോ മരുന്നുകൾ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ആരോഗ്യ കിരണം പദ്ധതി പ്രകാരം അർഹതപ്പെട്ടവർക്ക് 18 വയസ്സിന് ശേഷം ഗുണഭോക്താവിന് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) അല്ലെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പ്രകാരം യോഗ്യനാണെങ്കിൽ, പദ്ധതിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ & സ്വകാര്യ ആശുപത്രികൾവഴി ചികിത്സാ ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതാണ്.

**രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന കാർഡ്**

175 (175) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (ആർ.എസ്.ബി.വൈ.) കാർഡ് പുതുക്കുന്നതിന് ഇൻഷ്വറൻസ് കമ്പനി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എത്ര വർഷം കൂടുമ്പോഴാണ് കാർഡ് പുതുക്കേണ്ടതെന്നും കാർഡ് പുതുക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത് ആരാണെന്നും അറിയിക്കാമോ?

നിലവിൽ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (ആർ.എസ്.ബി.വൈ.) കാർഡ് പുതുക്കുന്നതിന് ഇൻഷ്വറൻസ് കമ്പനി പ്രവർത്തിക്കുന്നില്ല. 2018-19 കാലയളവിൽ സാധുവായ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (RSBY) ആരോഗ്യ ഇൻഷ്വറൻസ് കാർഡുള്ളവർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കീഴിൽ എംപാനൽ ചെയ്ത സർക്കാർ/സ്വകാര്യ ആശുപത്രികളിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കിയോസ്കുകളിൽ ചികിത്സ ആവശ്യം വരുന്നമുറയ്ക്ക് നേരിട്ട് ചെന്ന് KASP അംഗത്വം നേടാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ വിവരങ്ങൾ http://sha.kerala.gov.in/list-of-empanelled-hospitals/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അർഹതപ്പെട്ട പലരും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് പദ്ധതിയിൽ ചേരുന്നതിനോ കാർഡ് പുതുക്കുന്നതിനോ സമയം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിലുൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(സി) ആർ.എസ്.ബി.വൈ. കാർഡ് നഷ്ടപ്പെട്ട് പോയവർക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനായി ഡ്യൂപ്ലിക്കേറ്റ് കാർഡ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സാധുതയുള്ള ആർ.എസ്.ബി.വൈ./കാസ്പ് കാർഡ് നഷ്ടപ്പെട്ടുപോയ കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ആവശ്യമായി വരുന്നമുറയ്ക്ക് എംപാനൽ ചെയ്ത സർക്കാർ/സ്വകാര്യ ആശുപത്രികളിലെ AB PMJAY KASP കിയോസ്കിനെ സമീപിക്കുകയും റേഷൻ കാർഡോ ആദ്യ എൻറോൾമെന്റ്

സമയത്ത് നൽകിയ മൊബൈൽ നമ്പറോ ഉപയോഗിച്ച് കാസ്പിൽ അംഗത്വം നേടാവുന്നതാണ്. പദ്ധതിയിലുൾപ്പെട്ട ആശുപത്രികളുടെ വിവരങ്ങൾ http://sha.kerala.gov.in/list-of-empanelled-hospitals/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ആശ്വാസ കിരണം, സമാശ്വാസം പദ്ധതികളുടെ പുരോഗതി**

176 (176) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങളിലെ വൃക്ക, കരൾ, ഹൃദയം മുതലായ ആന്തരിക അവയവങ്ങൾക്കുണ്ടാകുന്ന ഗുരുതരമായ രോഗമുള്ളവർക്കും ഡയാലിസിസ് രോഗികൾക്കും മറ്റും ആശ്വാസ കിരണം, സമാശ്വാസം മുതലായ പദ്ധതികൾ പ്രകാരം നൽകിയിരുന്ന ചികിത്സ സഹായം കഴിഞ്ഞ നാല് വർഷമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഈ ചികിത്സാ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നാല് വർഷമായി ലഭിക്കുന്നില്ലെന്നത് ശരിയല്ല.

**സമാശ്വാസം പദ്ധതി**

വൃക്ക/കരൾ എന്നീ അവയവങ്ങൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും ഡയാലിസിസിന് വിധേയരാകുന്നവർക്കും മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റ് ഇതര രേഖകളും കൃത്യമായി സമർപ്പിച്ചവർക്ക് സമാശ്വാസം പദ്ധതിയിലുൾപ്പെടുത്തി 2022 നവംബർ മാസം വരെ ചികിത്സാ സഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

**ആശ്വാസകിരണം പദ്ധതി**

2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800 രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെയും ബാക്കി 7 ജില്ലകളിൽ നാലുമാസത്തെയും ധനസഹായം ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34965 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത രോഗികൾക്കുള്ള ചികിത്സ സഹായം മുടങ്ങിയിട്ടുണ്ടെങ്കിൽ അത് മുൻകാല പ്രാബല്യത്തോടെ പുന:സ്ഥാപിച്ച് രോഗികളുടെ ദയനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവശേഷിക്കുന്ന ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

177 (177) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ആർദ്രം ഒന്നാംഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുക്കുകയും രണ്ടാംഘട്ടത്തിൽ അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യ

കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനം, ലാബ് സൗകര്യം ആരംഭിക്കൽ എന്നിവ നൽകി ടി സ്ഥാപനങ്ങൾ നിലവിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു. ആർദ്രം മൂന്നാംഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെടുത്തുന്നതിലേയ്ക്കായി എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായിത്തന്നെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഒ.പി. രജിസ്ട്രേഷൻ, ഫാർമസി ബ്ലോക്ക് നവീകരണം, രോഗീസൗഹൃദ സംവിധാനങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിലെ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തെയും വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും ബ്ലോക്ക്തല കുടുംബാരോഗ്യ

കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതി പ്രകാരം അനുവദിച്ച പുതിയ തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

178 (178) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാലിയേറ്റീവ് പ്രവർത്തകർക്ക് മെച്ചപ്പെട്ട പരിശീലനം**

179 (179) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൂടുതൽ ആളുകളെ പാലിയേറ്റീവ് പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും പാലിയേറ്റീവ് പ്രവർത്തകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കൂടുതൽ ആളുകളെ പാലിയേറ്റീവ് പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും പാലിയേറ്റീവ് പ്രവർത്തകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുമായി ഒരു പാലിയേറ്റീവ് നയം 2019-ൽ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16-11-2022-ലെ സ.ഉ. (സാധാ) നം. 2744/2022/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒരു ഹൈപവർ കമ്മിറ്റിയും പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കുകയും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യയോഗം കൂടുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ, വീടുകളിൽ നഴ്സിംഗ് മെഡിക്കൽ പരിചരണം

നൽകുന്ന സന്നദ്ധ സംഘടനകൾക്ക് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനതല രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കാൻ വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും എല്ലാ മെഡിക്കൽ കോളേജുകളിലും ഏകീകൃത രീതിയിൽ പാലിയേറ്റീവ് കെയർ വിഭാഗം അടിയന്തരമായി ആരംഭിക്കാനും മെഡിക്കൽ വിദ്യാർത്ഥികൾക്ക് പാലിയേറ്റീവ് കെയർ പരിശീലനം ലഭ്യമാക്കാനും പാലിയേറ്റീവ് കെയറിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു. സംസ്ഥാനത്ത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിലൂടെയും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലൂടെയും ഇതര വകുപ്പുകളിലൂടെയും നടപ്പിലാക്കിവരുന്നുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ള നിരവധിപേർ വിവിധ സംഘടനകളുടെ ഭാഗമായി കർമ്മഭൂമിയിൽ വ്യാപൃതരാണ്. ഈ സന്നദ്ധ പ്രവർത്തകർക്ക് എല്ലാംതന്നെ ഏകീകൃതമായ പ്രവൃത്തി പരിചയം നൽകുന്നതിന് വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്കോൾ കേരളയുമായി സഹകരിച്ചുകൊണ്ട് വോളന്റിയർമാർക്കും ഹോം നഴ്സുമാർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ആരോഗ്യ വകുപ്പിന്റെ ജില്ലാ പാലിയേറ്റീവ് പരിശീലന

കേന്ദ്രങ്ങളിൽവച്ച് സാന്ത്വന ചികിത്സാ പരിശീലനവും സർട്ടിഫിക്കറ്റ് കോഴ്സുകളും തുടർച്ചയായി നൽകിവരുന്നു. സംസ്ഥാനത്തെ വിവിധ അംഗീകൃത സന്നദ്ധ സംഘടനകളും പാലിയേറ്റീവ് പരിശീലനം നൽകിവരുന്നു.

**ദേവികുളം മണ്ഡലത്തിലെ ആർദ്രം പദ്ധതി**

180 (180) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ആർദ്രം | സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|---|
| ഒന്നാം ഘട്ടം | വട്ടവട പി.എച്ച്.സി. | കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി |
| രണ്ടാം ഘട്ടം | പി.എച്ച്.സി.ചിന്നക്കനാൽ | കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി |
| | പി.എച്ച്.സി. ബൈസൺവാലി | |
| | പി.എച്ച്.സി ദേവിയാർ കോളനി | |
| | പി.എച്ച്.സി. ദേവികുളം | നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| | പി.എച്ച്.സി. വെള്ളത്തൂവൽ | സ്ഥലപരിമിതി മൂലം നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| മൂന്നാം ഘട്ടം | പി.എച്ച്.സി. മാങ്കുളം | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| | പി.എച്ച്.സി. കാന്തല്ലൂർ | |
| | പി.എച്ച്.സി. ഇടമലക്കുടി | |

കൂടാതെ, സി.എച്ച്.സി. മറയൂർ, സി.എച്ച്.സി. ചിത്തിരപുരം എന്നീ സ്ഥാപനങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. അടിമാലി താലൂക്കാശുപത്രിയുടെ ഒ.പി. നവീകരണ പ്രവർത്തനത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതിനാൽ ആർദ്രം മുഖേനയുള്ള നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ദേവികുളം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

| സ്ഥാപനം | തസ്തിക |
|---|---|
| വട്ടവട എഫ്.എച്ച്.സി. | അസിസ്റ്റന്റ് സർജൻ-1 |
| | സ്റ്റാഫ് നഴ്സ് ഗ്രേഡ് II-2 |
| | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-1 |
| ദേവിയാർ കോളനി | അസിസ്റ്റന്റ് സർജൻ-1 |
| | സ്റ്റാഫ് നഴ്സ് ഗ്രേഡ് II-2 |
| വെള്ളത്തൂവൽ | അസിസ്റ്റന്റ് സർജൻ-1 |
| | സ്റ്റാഫ് നഴ്സ് ഗ്രേഡ് II-2 |

| | |
|---|---|
| ചിന്നക്കനാൽ | അസിസ്റ്റന്റ് സർജൻ-1 |
| | സ്റ്റാഫ് നഴ്സ് ഗ്രേഡ് II-2 |
| | ലാബ് ടെക്നീഷ്യൻ-1 |
| ബൈസൺവാലി | അസിസ്റ്റന്റ് സർജൻ-1 |
| | സ്റ്റാഫ് നഴ്സ് ഗ്രേഡ് II-2 |
| | ലാബ് ടെക്നീഷ്യൻ-1 |
| ദേവികുളം | സ്റ്റാഫ് നഴ്സ് ഗ്രേഡ് II-2 |
| അടിമാലി താലൂക്ക് ആശുപത്രി | കൺസൾട്ടന്റ് (O&G)-1 |

**കാൻസർ ബാധിതർക്കായുള്ള പെൻഷൻ**

181 (181) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ ബാധിച്ചവർക്ക് നിലവിൽ ക്ഷേമ പെൻഷൻ നൽകുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്നും മറ്റ് ക്ഷേമ പെൻഷനുകൾ, സർവ്വീസ് പെൻഷനുകൾ എന്നിവ കൈപ്പറ്റുന്നവർക്ക് ഇത്തരം പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോയെന്നും വ്യക്തമാക്കാമോ?

തുടർച്ചയായി രണ്ടുവർഷത്തിൽ കുറയാതെ കേരളത്തിൽ താമസമായവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപ എന്ന പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കാൻസർ രോഗികൾക്കാണ് നിലവിൽ പ്രതിമാസ

കാൻസർ പെൻഷൻ നൽകുന്നത്. മറ്റ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപ എന്ന വരുമാന പരിധിക്കുള്ളിലാണെങ്കിൽ കാൻസർ പെൻഷന് അർഹതയുണ്ടായിരിക്കും.

(ബി) മറ്റ് ക്ഷേമ പെൻഷനുകൾ 1600 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിൽ കാൻസർ ബാധിതർക്കായുള്ള പെൻഷനായി നൽകുന്ന 1000 രൂപ ചുരുങ്ങിയത് 3000 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

1000 രൂപയിൽനിന്നും വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കാൻസർ രോഗികളുടെ ചികിത്സ ചെലവുകൾ**

182 (182) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനംപ്രതി വർദ്ധിക്കുന്ന കാൻസർ രോഗികളുടെ ചികിത്സ ചെലവുകൾ ലഘൂകരിക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകിവരുന്നുണ്ട്. ജില്ലാ കാൻസർ കെയർ പദ്ധതി 24 ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രികളിലൂടെ റീജിയണൽ കാൻസർ സെന്ററിൽ നൽകിവരുന്ന ചികിത്സയുടെ തുടർചികിത്സ നൽകുന്നതിന് സാധ്യമാകുന്നതാണ്. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആരോഗ്യ സർവ്വേയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ള കാൻസർ ലക്ഷണമുള്ള ആളുകളെ സ്ക്രീനിംഗിന് വിധേയമാക്കുന്നതിലൂടെ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും സാധ്യമാകുന്നു. കാൻസർ രോഗചികിത്സയ്ക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന 5 ലക്ഷം രൂപ വരെയുള്ള വാർഷിക ധനസഹായവും RBSK പദ്ധതി വഴി 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുള്ള ചികിത്സാ സഹായവും ലഭ്യമാക്കിവരുന്നുണ്ട്.

<u>കാൻസർ ചികിത്സയ്ക്കായി സർക്കാർതലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

1. കാൻസർ സുരക്ഷാ പദ്ധതി (CSS)

2. താലോലം

3. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ( AB-PMJAY – KASP)

4. കാരുണ്യ ബെനവലന്റ് ഫണ്ട് (KBF)

5. കോംപ്രിഹെൻസീവ് ഹെൽത്ത് സ്കീം ഫോർ ഷെഡ്യൂൾഡ് ട്രൈബ് (ST)

6. സ്നേഹസാന്ത്വനം (എൻഡോസൾഫാൻ)

7. മെഡിസെപ് (MEDISEP)

8. RSBY

9. RBSK

10. ആരോഗ്യ ഇൻഷ്വറൻസ്

11. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

18 വയസ്സിന് താഴെയുള്ള കാൻസർ രോഗബാധിതരായവർക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ (ഗവൺമെന്റ് ജോലിക്കാരുടെയും റീഇംപേഴ്സ്മെന്റ് ഉള്ളവരുടെയും കുട്ടികൾ ഒഴികെ) മരുന്നുകളും ലാബ് പരിശോധനകളും സ്കാൻ, റേഡിയേഷൻ തുടങ്ങിയ എല്ലാ ചികിത്സകളും സൗജന്യമായി നൽകിവരുന്നു.

(ബി) ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി പൊതുജനങ്ങളുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്താൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

നവകേരള കർമ്മ പദ്ധതി, ആർദ്രം-2-ന്റെ ഭാഗമായി നടപ്പിലാക്കുന്ന വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി ജീവിതശൈലീ രോഗങ്ങളുണ്ടാകാൻ സാധ്യതയുള്ള ജനങ്ങളെ കണ്ടെത്തുന്നതിന് ആരോഗ്യ വകുപ്പ് ആരംഭിച്ച 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിൻ മുഖാന്തരം ഏകദേശം 70 ലക്ഷത്തിലധികം ആളുകളെ പരിശോധിക്കുന്നതിന് സാധ്യമായിട്ടുണ്ട്. 'ശൈലീ' ആപ്പ് ഉപയോഗിച്ച് ജീവിതശൈലീ രോഗ രജിസ്റ്ററി പദ്ധതി 2022 മേയ് മാസത്തിൽ തുടക്കമിട്ടു. ആശാവർക്കർമാർ മുഖേന ഓരോ പഞ്ചായത്തിലും 30 വയസ്സിനുമുകളിൽ ജീവിതശൈലീരോഗമുള്ള എല്ലാവരുടെയും വിവരം ശേഖരിക്കാനും ജീവിതശൈലീ രോഗങ്ങളുണ്ടാകാനുള്ള കാരണം കണ്ടുപിടിച്ച് അതിനെ തരണം ചെയ്യാനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇങ്ങനെ രോഗലക്ഷണമുള്ളവരെയോ രോഗം വരാൻ സാധ്യതയുള്ള ഹേതുക്കൾ (Risk factors) ഉള്ളവരെയോ പരിശോധിക്കുന്നതിലൂടെ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ജനങ്ങളുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ

കൊണ്ടുവരുന്നതിനും സഹായകരമാകുന്നുണ്ട്. ആരോഗ്യ വകുപ്പ് നടപ്പിലാക്കാൻ പോകുന്ന healthy life campaign-ലൂടെ ജനങ്ങളുടെ വ്യായാമം, ഭക്ഷണം, ലഹരിയോടുള്ള ആസക്തി, മാനസിക പിരിമുറുക്കം എന്നീ ശീലങ്ങളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സാധ്യമാകുന്നതാണ്. ദൃശ്യ, ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെ ആരോഗ്യ വകുപ്പ് ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ക്യാമ്പയിനുകൾ എല്ലാ സാമ്പത്തികവർഷവും നടപ്പിലാക്കിവരുന്നു.

കാൻസറിനെപ്പറ്റിയുള്ള അവബോധം ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ കാൻസർ നിയന്ത്രണപദ്ധതി (DCCP-District Cancer Control Programe) സർക്കാർ ആരംഭിച്ചിട്ടുള്ളത്. ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്താനുള്ള സാഹചര്യങ്ങൾ ഒരുക്കുകയുമാണ് DCCP-യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും സമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗനിർണ്ണയത്തിനും കാൻസറിന്

മുന്നോടിയായി ചികിത്സിക്കുന്നതിനും പരിശീലന പരിപാടികൾ ആർ.സി.സി. സംഘടിപ്പിച്ചുവരുന്നുണ്ട്. താലൂക്ക് ആശുപത്രികളിലെയും ജില്ലാ ആശുപത്രികളിലെയും ഡോക്ടർമാർക്ക് ആരംഭദിശയിലുള്ള കാൻസറുകളുടെ ചികിത്സയ്ക്കായി പരിശീലനം നടത്താനുള്ള നടപടികളും നടന്നുവരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ആർ.സി.സി.-യുടെ നേതൃത്വത്തിൽ ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആശാപ്രവർത്തകർക്കുള്ള പരിശീലനം നടന്നുകഴിഞ്ഞു. ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും എം.എൽ.എസ്.പി. (Mid Level Service Provides)-മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പരിശീലനവും പ്രാക്ടിക്കൽ പരിശീലനവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽവച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ താലൂക്ക് ആശുപത്രികളിലെയും ജില്ലാ ആശുപത്രികളിലെയും ഡോക്ടർമാർക്ക് ആരംഭ ദിശയിലുള്ള കാൻസറുകളുടെ ചികിത്സയ്ക്കായി പരിശീലനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

കേരളത്തിലെ പഠനപ്രകാരം 32 ശതമാനം സ്ത്രീകളും 29 ശതമാനം പുരുഷന്മാരും അമിതവണ്ണമുള്ളവരായി കാണപ്പെടുന്നു. കുട്ടികളിലും

അമിതവണ്ണം കൂടിവരുന്നതായി കണ്ടുവരുന്നു. ഇതിന്റെ ഭാഗമായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പുകളും മരുന്നുവിതരണവും നടന്നുവരുന്നു. ഇതുകൂടാതെ കേരള ഗവൺമെന്റ് ഫാറ്റ് ടാക്സ്, ഫാസ്റ്റ് ഫുഡുകൾക്ക് കൂടുതൽ ടാക്സ് എന്നിവ ഈടാക്കുകയും ചെയ്തുവരുന്നു. ഇത് കൂടാതെ കേരള ന്യൂട്രീഷൻ മിഷന്റെ ഭാഗമായി സമ്പുഷ്ടകേരളം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ വളർച്ചക്കുറവും അമിതവണ്ണവും നിയന്ത്രിക്കാൻ പദ്ധതി നടത്തിവരുന്നു.

(സി) കാൻസർ രോഗത്തിനുള്ള ആധുനിക തലമുറ മരുന്നുകൾ സാധാരണക്കാർക്ക് പ്രാപ്യമാകുന്ന രീതിയിൽ ലഭ്യമാക്കുന്നതിനും ചികിത്സ കേന്ദ്രങ്ങൾ അവരവരുടെ ജില്ലകളിൽതന്നെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകിവരുന്നുണ്ട്. ജില്ലാ കാൻസർ കെയർ പദ്ധതി 24 ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രികളിലൂടെ റീജീയണൽ കാൻസർ സെന്ററിൽ നൽകിവരുന്ന ചികിത്സയുടെ തുടർചികിത്സ നൽകുന്നതിന് സാധ്യമാകുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന 13 മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആന്റി കാൻസർ മരുന്നുകൾ കെ.എം.എസ്.സി.എൽ. മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. പ്രസ്തുത ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ
3. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം
4. ഗവ.മെഡിക്കൽ കോളേജ്, എറണാകുളം
5. ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ
6. ഗവ.മെഡിക്കൽ കോളേജ്, മലപ്പുറം
7. ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്
8. ഗവ.മെഡിക്കൽ കോളേജ്, കണ്ണൂർ
9. എസ്.എ.ടി. ആശുപത്രി, തിരുവനന്തപുരം
10. ഐ.സി.എച്ച്., കോട്ടയം
11. ഐ.എം.സി.എച്ച്., കോഴിക്കോട്

12. നെഞ്ച് രോഗ ആശുപത്രി, തൃശ്ശൂർ

13. നെഞ്ച് രോഗ ആശുപത്രി, കോഴിക്കോട്

മേൽപ്പറഞ്ഞ ആശുപത്രികളിൽ 2022-23-ൽ കെ.എം.എസ്.സി.എൽ. മുഖേന ആന്റി കാൻസർ മരുന്നുകൾ വാങ്ങുന്നതിനായി 25,42,46,300/- രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

**പുതുക്കാട് നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി**

183 (183) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പുതുക്കാട് നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളും സേവനങ്ങളുമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പുതുക്കാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രത്തിൽ ഏർപ്പെടുത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ആർദ്രം ഒന്നാം ഘട്ടം

ആർദ്രം ഒന്നാംഘട്ടത്തിലുൾപ്പെടുത്തി നെന്മണിക്കര പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്ത് അസിസ്റ്റന്റ് സർജൻ 1, നഴ്സിംഗ് ഓഫീസർ ഗ്രേഡ് II-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ അനുവദിച്ചു. ആർദ്രം മാനദണ്ഡമനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു.

<u>ആർദ്രം രണ്ടാം ഘട്ടം</u>

ആർദ്രം രണ്ടാംഘട്ടത്തിലുൾപ്പെടുത്തി വല്ലച്ചിറ, തൃക്കൂർ, വരന്തരപ്പള്ളി, പറപ്പൂക്കര എന്നീ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും വല്ലച്ചിറ എഫ്.എച്ച്.സി.-ൽ നഴ്സിംഗ് ഓഫീസറിന്റെ ഒരു തസ്തികയും തൃക്കൂർ എഫ്.എച്ച്.സി.-ൽ ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ-1, വരന്തരപ്പള്ളി, പറപ്പൂക്കര എന്നീ എഫ്.എച്ച്.സി.-കളിൽ ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ-1, നഴ്സിംഗ് ഓഫീസർ-1 എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്.

<u>ആർദ്രം മൂന്നാം ഘട്ടം</u>

ആർദ്രം മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി അളഗപ്പനഗർ, മുപ്ലിയം എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ ഒ.പി. സമയം രാവിലെ 9.00 മുതൽ വൈകിട്ട് 6.00 മണിവരെയാക്കി. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ കുടുംബാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ അനുവദിച്ചിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ടി പ്രവൃത്തികൾക്കായി 38 ലക്ഷം രൂപ അനുവദിച്ച് നിർമ്മാണ പ്രവത്തികൾ പുരോഗമിക്കുന്നു. പുതുക്കാട് താലൂക്ക് ആശുപത്രിയിലെ മെയിൽ വാർഡിന്റെ വെർട്ടിക്കൽ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്കായി NHM ROP-യിൽ 325 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 8 ബെഡ്ഡോടുകൂടിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. 2 ദിവസം നടത്തിയിരുന്ന ഗൈനക്കോളജി ഒ.പി. ആഴ്ചയിൽ 6 ദിവസമായി ഉയർത്തി. ഏകദേശം 30 വർഷത്തോളം അടഞ്ഞുകിടന്ന ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തനമാരംഭിച്ചു. ഐസോലേഷൻ വാർഡ് നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഒ.പി., ഐ.പി., കുട്ടികളുടെ ഒ.പി., മൈനർ ഗൈനക്കോളജി പ്രൊസീഡ്യുവർ,

ഡെന്റൽ യൂണിറ്റ്, എക്സ്റേ, ലാബ്, ഫാർമസി, പോസ്റ്റുമോർട്ടം, പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ, കോവിഡ് ടെസ്റ്റിംഗ്, കോവിഡ് വാക്സിനേഷൻ, IUD insertion എന്നീ വിഭാഗങ്ങളും പ്രവർത്തിച്ചുവരുന്നു. പുതുക്കാട് താലൂക്കാശുപത്രിയിൽ 22-09-2021-ലെ സ.ഉ(കൈ) നം. 168/2021/ആ.കു.വ. പ്രകാരം നഴ്സിംഗ് ഓഫീസർ-1, ക്ലാർക്ക്-1 എന്നീ തസ്തികകളും 07-10-2016-ലെ സ.ഉ(കൈ) നം. 192/2016/ആ.കു.വ. പ്രകാരം ലാബ് ടെക്നീഷ്യൻ-2 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ആർദ്രം പദ്ധതി**

184 (184) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

| ആർദ്രം | സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|---|
| ഒന്നാം ഘട്ടം | പി.എച്ച്.സി. മുണ്ടൂർ | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തിച്ചുവരുന്നു. |
| | പി.എച്ച്.സി. തെക്കുംക്കര | |

| | | |
|---|---|---|
| രണ്ടാം ഘട്ടം | പി.എച്ച്.സി. പൂമല | കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി |
| | പി.എച്ച്.സി. അടാട്ട് | |
| | പി.എച്ച്.സി. പാമ്പൂർ | |
| മൂന്നാം ഘട്ടം | പി.എച്ച്.സി. മുണ്ടത്തിക്കോട് | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| | പി.എച്ച്.സി. അവണൂർ | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| എഫ്.എച്ച്.സി. മുണ്ടൂർ | അസിസ്റ്റന്റ് സർജൻ -1 |
| | സ്റ്റാഫ് നഴ്സ് -2 |
| | ലാബ് ടെക്നീഷ്യൻ-1 |
| എഫ്.എച്ച്.സി. തെക്കുംക്കര | അസിസ്റ്റന്റ് സർജൻ -1 |
| | സ്റ്റാഫ് നഴ്സ് -2 |
| | ലാബ് ടെക്നീഷ്യൻ-1 |
| എഫ്.എച്ച്.സി. പൂമല | അസിസ്റ്റന്റ് സർജൻ -1 |
| | ലാബ് ടെക്നീഷ്യൻ-1 |
| എഫ്.എച്ച്.സി. അടാട്ട് | അസിസ്റ്റന്റ് സർജൻ -1 |
| | സ്റ്റാഫ് നഴ്സ് -1 |
| എഫ്.എച്ച്.സി. പാമ്പൂർ | സ്റ്റാഫ് നഴ്സ് -1 |

കൂടാതെ, ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന റവന്യൂ ബ്ലോക്കിലെ ഒരു സി.എച്ച്.സി.-യെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിലെ വടക്കാഞ്ചേരി റവന്യൂ ബ്ലോക്കിൽനിന്നും സി.എച്ച്.സി. എരുമപ്പെട്ടിയെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്ത് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിലെ താലൂക്കാശുപത്രിയിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 3 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 1 |
| ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ) | 1 |
| ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II | 1 |
| ഡെന്തൽ മെക്കാനിക്ക് ഗ്രേഡ് II | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് II | 1 |

(സി) ആർദ്രം പദ്ധതിയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥലങ്ങളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുബാരോഗ്യ കേന്ദ്രമായി ഉയർത്തിയ സ്ഥാപനങ്ങളിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 170 |
| നഴ്സിംഗ് ഓഫീസർ | 340 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 170 |
| ഫാർമസിസ്റ്റ് | 150 |

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ സ്ഥാപനങ്ങളിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 400 |
| നഴ്സിംഗ് ഓഫീസർ | 400 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് | 200 |
| ആകെ | 1000 |

**ഡോക്ടർമാരുടെ രാത്രികാല സേവനം**

185 (185) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ഡോക്ടർമാരുണ്ടെന്നും എത്ര മണിവരെയാണ് ഇവിടങ്ങളിൽ ഒ.പി. സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിലുള്ള ഡോക്ടർമാരുടെ പട്ടികയും ഒ.പി. സമയവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഡോക്ടർമാരുടെ വിവരം | ഒ.പി. സമയം |
|---|---|---|---|
| 1 | സി.എച്ച്.സി. പാലോട് | 5 പേർ കൂടാതെ എൻ.എച്ച്.എം -2, ത.സ്വ.ഭ.വ. - 1 | 24 മണിക്കൂർ |
| 2 | സി.എച്ച്.സി. കല്ലറ എസ്.സി.പി. | 3 പേർ കൂടാതെ എൻ.എച്ച്.എം. -1 | 9 AM to 6 PM |
| 3 | പി.എച്ച്.സി. ഭരതന്നൂർ | ഒരു ഡോക്ടർ കൂടാതെ ത.സ്വ.ഭ.വ. - 1 | 9 AM to 4 PM |

| | | | |
|---|---|---|---|
| 4 | പി.എച്ച്.സി. പെരിങ്ങമ്മല | 2 പേർ | 9 AM to 2 PM |
| 5 | എഫ്.എച്ച്.സി. ആനക്കുടി | 2 പേർ കൂടാതെ ത.സ്വ.ഭ.വ. - 1 | 9 AM to 6 PM |
| 6 | പി.എച്ച്.സി. പുല്ലമ്പാറ | 2 പേർ | 9 AM to 2 PM |
| 7 | എഫ്.എച്ച്.സി. പനവൂർ | 2 പേർ കൂടാതെ എൻ.എച്ച്.എം-1, ത.സ്വ.ഭ.വ. - 1 | 9 AM to 6 PM |
| 8 | പി.എച്ച്.സി. ആനാട് | 2 പേർ കൂടാതെ ത.സ്വ.ഭ.വ. -1 | 9 AM to 6 PM |
| 9 | എഫ്.എച്ച്.സി. വാമനപുരം | 5 പേർ | 9 AM to 6 PM |

(ബി) മണ്ഡലത്തിലെ ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമാണ് ഡോക്ടർമാരുടെ രാത്രികാല സേവനം ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഡോക്ടർമാരുടെ രാത്രികാല സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാമോ?

(ബി&സി) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഫോൺകാൾ സേവനം മുഖേന രാത്രികാലങ്ങളിൽ അവശ്യസേവനവും നൽകിവരുന്നു.

കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം മാനദണ്ഡമനുസരിച്ച് ഒ.പി. സമയം 9 മണി മുതൽ 6 മണി വരെ നിജപ്പെടുത്തിയിരിക്കുന്നു.

(ഡി) സ്ഥിരം ഡോക്ടർമാർ, നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ഡോക്ടർമാർ എന്നിവരുടെ എത്ര ഒഴിവുകളാണ് ഇവിടങ്ങളിൽ നിലവിലുള്ളത്; വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള രണ്ട് ഡോക്ടർമാരുടെ തസ്തികയിൽ ഒരാൾ ആർദ്രം നോഡൽ ഓഫീസറായി ജില്ലാ മെഡിക്കൽ ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്തുവരുന്നു. ടിയാന് പകരമായാണ് എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടറെ നിയമിച്ചിട്ടുള്ളത്. മണ്ഡലത്തിലെ മറ്റ് സാമൂഹിക/പ്രാഥമിക/കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല.

**ആയുർവേദ ആശുപത്രികളിൽ മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് നടപടി**

186 (186) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് അനുവദിച്ച 300 തസ്തിക വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് അംഗീകരിച്ചതാണോ; വ്യക്തമാക്കുമോ; ആകെ തസ്തിക 300 എന്ന് നിജപ്പെടുത്തിയത് എങ്ങനെയെന്ന് വിശദമാക്കാമോ;

(ബി) ഒരു മെഡിക്കൽ ഓഫീസർ മാത്രമുള്ള, കിടത്തി ചികിത്സിക്കുന്ന 50 ആയുർവേദ ആശുപത്രികളിൽ മികച്ച ചികിത്സ ലഭ്യമാക്കുന്നതിനുള്ള പരിമിതി അധിക തസ്തിക സൃഷ്ടിച്ച് പരിഹരിക്കുമോ; വ്യക്തമാക്കുമോ;

(സി) നിലവിലെ ആയുർവേദ മെഡിക്കൽ ഓഫീസർ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്ക് മുമ്പ് പോസ്റ്റ് ക്രിയേഷൻ സാധ്യമാക്കാമോ; വ്യക്തമാക്കുമോ?

(എ-സി) അല്ല. 19-02-2021-ലെ സ.ഉ.(കൈ) നം. 52/2021/ആ.കു.വ. ഉത്തരവുപ്രകാരം 300 തസ്തികകൾ തരംതിരിവില്ലാതെയാണ് ആയുഷ് വകുപ്പിന് തത്വത്തിൽ അനുവദിച്ചിരുന്നത്. ആയതിൽ 25-02-2021-ലെ സ.ഉ.(കൈ) നം. 5/2021/ആയുഷ്, 25-02-2021-ലെ ജി.ഒ.(എം.എസ്.) നം. 7/2021/ആയുഷ് എന്നീ ഉത്തരവുകൾ പ്രകാരം 27 തസ്തികകൾ തരംതിരിച്ച്

സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ള തസ്തികകൾ (മെഡിക്കൽ ഓഫീസർ ഉൾപ്പെടെ) അടങ്ങുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുജനാരോഗ്യ മേഖലയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ**

187 (187) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുജനാരോഗ്യ മേഖലയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അനുബന്ധം-I ആയി ചേർത്തിരിക്കുന്നു+.

(ബി) സർക്കാർ ആശുപത്രികളെ ജനസൗഹൃദമാക്കിയ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

അനുബന്ധം - II ആയി ചേർത്തിരിക്കുന്നു+.

(സി) സർക്കാർ ആശുപത്രികളിലെ എല്ലാ തസ്തികകളിലെയും ജീവനക്കാരിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും അത്യപൂർവ്വ നേട്ടങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈവരിക്കുകയും ചെയ്യുന്നവർക്ക് ഗുഡ് സർവീസ് എൻട്രിക്കുപുറമേ പ്രത്യേക അവാർഡുകൾ ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ ആശുപത്രികളിൽ ജീവനക്കാർക്ക് നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾക്കുപുറത്ത് നൂതനവും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്കും കാലാകാലങ്ങളിൽ ഗുഡ് സർവീസ് എൻട്രിക്കായി പരിഗണനയ്ക്ക് ശിപാർശ ചെയ്യാറുണ്ട്. ഇത് ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന അവാർഡ് നൽകി വരാറുണ്ട്. അതുപോലെതന്നെ സ്റ്റാഫ് നഴ്സുമാർക്ക് ഫ്ലോറൻസ് നൈറ്റിംഗ്ഗേൽ അവാർഡും മികവിന്റെ അടിസ്ഥാനത്തിൽ നൽകിവരാറുണ്ട്.

**ആർ.സി.സി.-ലെ രോഗനിർണ്ണയ സംവിധാനങ്ങൾ**

188 (188) **ശ്രീ. സി. ആർ. മഹേഷ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കാൻസർ സെന്ററിൽ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ, മാമോഗ്രാം മെഷീൻ എന്നിവയുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; ഇതിനാൽ നിരവധി രോഗികൾക്ക് വൻതുക നൽകി മറ്റ് സ്ഥാപനങ്ങളിൽ രോഗനിർണ്ണയ പരിശോധനകൾ നടത്തേണ്ടിവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

റീജിയണൽ കാൻസർ സെന്ററിൽ എം.ആർ.ഐ., മാമോഗ്രാം മെഷീൻ എന്നിവയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. നിലവിലുള്ള മെഷീനുകൾ കാലഹരണപ്പെട്ടതിനാൽ ഇവ മാറ്റി പുതിയവ സ്ഥാപിക്കാൻ സമയബന്ധിതമായിത്തന്നെ നടപടി സ്വീകരിച്ചുവരികയാണ്. ആയതിന് 3-4 മാസം വേണ്ടിവരും. പ്രസ്തുത കാലയളവിൽ ആർ.സി.സി.-യിൽ വരുന്ന രോഗികളുടെ എം.ആർ.ഐ. പരിശോധന നടത്തുന്നതിന് സർക്കാർ നിരക്കിൽ പൊതുമേഖലാ സ്ഥാപനമായ HLL-മായി കരാറിലേർപ്പെട്ടിട്ടുള്ളതിനാൽ രോഗികൾക്ക് സർക്കാർ നിരക്കിൽ പരിശോധന നടത്താവുന്നതാണ്.

(ബി) പ്രസ്തുത മെഷീനുകളുടെ പ്രവർത്തന കാലാവധി അവസാനിക്കുന്നതിന് മുമ്പായി പുതിയത് വാങ്ങി സ്ഥാപിക്കുന്നതിന് പകരം സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാട് ഉദ്യോഗസ്ഥർ

സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മെഷീനുകളുടെ പ്രവർത്തനം എപ്പോൾ പുന:സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഇല്ല. നിലവിലുള്ള എം.ആർ.ഐ. മെഷീൻ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്താണ് പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ പുതിയ മെഷീൻ സ്ഥാപിക്കുന്നത്. സ്ഥല സൗകര്യമില്ലാത്തതിനാലാണ് പഴയ എം.ആർ.ഐ. മെഷീൻ buyback condition-ൽ തിരികെ നൽകി അതേസ്ഥലത്ത് പുതിയ മെഷീൻ ടെണ്ടർ ചെയ്ത് സ്ഥാപിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല.

**ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിലെ ജീവനക്കാർ**

189 (189) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ

സൊസൈറ്റിയിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരെ സ്ഥിരം ജീവനക്കാരായി നിയമിച്ചത് എങ്ങനെയെന്ന് വ്യക്തമാക്കാമോ; ഈ ജീവനക്കാരുടെ തസ്തിക, ശമ്പളം, നിയമന രീതി, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിൽ 87 സ്ഥിരം ജീവനക്കാരുണ്ട്. ഈ ജീവനക്കാരുടെ തസ്തിക, ശമ്പളം എന്നിവ അടങ്ങിയ സ്റ്റേറ്റ്മെന്റ്, ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള പൊതുവായ ഉത്തരവിന്റെ പകർപ്പ് എന്നിവ അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത സൊസൈറ്റിയിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ജീവനക്കാരുടെ തസ്തിക, ശമ്പളം, നിയമന രീതി, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ; പ്രസ്തുത താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സൊസൈറ്റിയിൽ 130 താൽക്കാലിക ജീവനക്കാരാണുള്ളതെന്നും ഇവരെ സൊസൈറ്റി നേരിട്ടാണ് നിയമിക്കുന്നതെന്നും മെഡിക്കൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ ജീവനക്കാരുടെ പേര്, തസ്തിക, ശമ്പളം എന്നിവ അടങ്ങിയ സ്റ്റേറ്റ്മെന്റ്, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ അനുബന്ധം-2 ആയി ചേർക്കുന്നു+. ദിവസവേതനക്കാരായി ഹെൽപ്പർ/കാഷ്വൽ ലേബർ തസ്തികയിൽ ജോലി ചെയ്യുന്ന 34 ജീവനക്കാർക്ക് പ്രത്യേക നിയമന ഉത്തരവ് നൽകിയിട്ടില്ലെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇവരുടെ പേര്, തസ്തിക എന്നീ വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധം-3 ആയി ചേർക്കുന്നു+. ഈ 130 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത സൊസൈറ്റിയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തസ്തികയിലാണോ നിലവിലും സേവനം അനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ ആരെല്ലാം തസ്തിക മാറിയെന്നും അതിനിടയാക്കിയ കാരണവും വ്യക്തമാക്കാമോ?

സൊസൈറ്റിയിലെ നല്ലൊരു വിഭാഗം ജീവനക്കാരുടെയും തസ്തികകൾ/ ഉദ്യോഗപ്പേര് അവർ ജോലിയിൽ പ്രവേശിച്ചതിന് ശേഷം മാറിയിട്ടുണ്ടെന്നും ജീവനക്കാരുടെ സേവന മികവും യോഗ്യതയും സൊസൈറ്റിയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യങ്ങളും മുൻനിർത്തിയാണ് തസ്തിക മാറ്റങ്ങൾ നൽകിയിട്ടുള്ളതെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തസ്തികമാറ്റം നൽകിയിട്ടുള്ള ജീവനക്കാരുടെ വിശദാംശം അനുബന്ധം-4 ആയി ചേർക്കുന്നു+.

(ഡി) മേൽപ്പറഞ്ഞ സൊസൈറ്റിയിലെ ജീവനക്കാരുടെ വിരമിക്കൽ തീയതി വ്യക്തമാക്കാമോ?

സൊസൈറ്റിയിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാണെന്നും ഉയർന്ന തസ്തികയിൽ, മറ്റ് സർവ്വീസുകളിൽനിന്ന് വിരമിച്ച പരിചയസമ്പന്നരായ ചില ഉദ്യോഗസ്ഥരുടെ സേവനം സൊസൈറ്റിയുടെ പ്രവർത്തനത്തിന് അനിവാര്യമാണെന്നും ഇത്തരത്തിൽ സൊസൈറ്റിയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് മേൽപ്പറഞ്ഞ പ്രായപരിധി ബാധകമാക്കിയിട്ടില്ലെന്നും ഇവരുടെ സേവനത്തിന്റെ അനിവാര്യതയും സൊസൈറ്റിയിലെ മറ്റ് സാഹചര്യങ്ങളുമനുസരിച്ചാണ് തുടർസർവ്വീസ് കാലയളവ് നിശ്ചയിക്കുന്നതെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിൽ ഓഡിറ്റ് സംവിധാനം നിലിവിലുണ്ടെങ്കിൽ അത് നടത്തുന്ന വിഭാഗം ഏതാണെന്ന് വ്യക്തമാക്കാമോ?

അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റ് എല്ലാ വർഷവും ഓഡിറ്റ് നടത്തുന്നുണ്ട്.

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം**

190 (190) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഇല്ല. നിലവിൽ അവശ്യമരുന്ന് പട്ടികയിലുൾപ്പെട്ട 557 മരുന്നുകളിൽ 47 മരുന്നുകളുടെ ഏറ്റക്കുറച്ചിലുകൾ ചില ജില്ലകളിലെ ചില സ്ഥാപനങ്ങളിൽ നേരിട്ടിട്ടുണ്ട്. മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കമ്മിറ്റി രൂപീകരിച്ച് മരുന്നുകളുടെ Inter Institution Transfer-ഉം Inter District Transfer-ഉം നടത്തിവരുന്നു.

വിവിധ പദ്ധതികളിലൂടെ ആശുപത്രി വികസന സമിതി/കാരുണ്യ ഫാർമസി/തദ്ദേശ സ്ഥാപനങ്ങൾ എന്നിവ മുഖേന മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

(ബി) ഗുരുതര രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ന്യായമായ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ മിതമായ നിരക്കിൽ മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും കാരുണ്യ ഫാർമസികൾ മുഖേന ലഭ്യമാക്കുന്നു. മരുന്ന് കമ്പനിക്കാരുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശി 45 ദിവസത്തെ വായ്പാകാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. മരുന്നുവിതരണ രംഗത്ത് ഒരു സുപ്രധാന പങ്ക് വഹിക്കുന്ന കാരുണ്യ ഫാർമസിക്ക് മറ്റ് സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും തടയുന്നതിന് പരമാവധി കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ

ലഭിക്കുന്നതിനേക്കാളും വിപണി വിലയിൽനിന്ന് 10 മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ ഫാർമസിയിൽനിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നു. ചില ജീവൻരക്ഷാ മരുന്നുകൾ പൊതുവിപണിയിൽനിന്നും 90-95% വരെ വിലക്കിഴിവിലാണ് നൽകിവരുന്നത്. നടപ്പുസാമ്പത്തിക വർഷം 284 കോടി രൂപയുടെ മരുന്നുകളും മറ്റനുബന്ധ സാമഗ്രികളുമാണ് കാരുണ്യ എന്ന സംരംഭത്തിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്തത്. കാൻസർ, വൃക്കരോഗം, കരൾ രോഗം, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവർ മുതലായ മാരക അസുഖങ്ങൾ ബാധിച്ചവർക്ക് ആവശ്യമായുള്ള മരുന്നുകൾ വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തരം കാരുണ്യ ഫാർമസികളിലൂടെ ലഭ്യമാക്കിവരുന്നു. മണ്ഡലകാലത്ത് പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്നവ ഉൾപ്പെടെ, നിലവിൽ 73 കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നു. ഇവയിൽ 6 എണ്ണം 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്.

(സി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികൾക്ക് മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുമ്പോൾ സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ദർഘാസ് മുഖേന മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമുണ്ടാകുന്നപക്ഷം, പ്രസ്തുത മരുന്നുകൾ ലഭ്യമായ ജില്ലകൾ/ ആശുപത്രികൾ എന്നിവിടങ്ങളിൽനിന്ന് ഇന്റർ വെയർഹൗസ്/ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ മുഖേന ടി മരുന്നുകൾ ആവശ്യമായ ജില്ലകൾ/ ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് ലഭ്യമാക്കാറുണ്ട്. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ ഏറെ അത്യാവശ്യമുള്ള മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന സംഭരിച്ച് സർക്കാർ ആശുപത്രികളിൽ നൽകാറുണ്ട്. ആരോഗ്യ കേന്ദ്രങ്ങളുടെ ആവശ്യാനുസൃതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് കാരുണ്യ ഫാർമസിവഴി മരുന്നുകൾ ഇപ്രകാരം വിതരണം ചെയ്തുവരുന്നു. നടപ്പ് സാമ്പത്തിക വർഷം ഈ രീതിയിൽ 56.6 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ലോക്കൽ പർച്ചേയ്സിന് ആരോഗ്യ കേന്ദ്രങ്ങൾക്ക് ലഭ്യമായ ഫണ്ട് വിനിയോഗിച്ചും കാരുണ്യയിൽനിന്നും മരുന്നുകൾ വിതരണം ചെയ്തുവരുന്നു. സർക്കാരിന്റെ ആരോഗ്യ സുരക്ഷ പദ്ധതികളായ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, ആരോഗ്യ കിരണം മുതലായ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക്

മരുന്നുകൾ സൗജന്യമായി കാരുണ്യ ഫാർമസികളിൽനിന്നും വിതരണം ചെയ്തുവരുന്നു.

**ടൈപ്പ് വൺ ഡയബറ്റിക് രോഗികൾക്കുള്ള ചികിത്സ**

191 (191) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ ഡയബറ്റിക് രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം ചികിത്സകളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

ടൈപ്പ്-1 ഡയബറ്റിക് രോഗികൾക്കുവേണ്ട ഇൻസുലിൻ, സിറിഞ്ച് എന്നിവ സൗജന്യമായി മെഡിക്കൽ കോളേജുകളിൽ നൽകിവരുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരുന്ന ടൈപ്പ് -1 പ്രമേഹ രോഗികൾക്കാവശ്യമായ ചികിത്സയും നൽകിവരുന്നു. ടൈപ്പ്-1 പ്രമേഹരോഗമുള്ള കുട്ടികൾക്കായി മിഠായി പദ്ധതിവഴി ചികിത്സ നൽകുന്നുണ്ട്. ഈ പദ്ധതിവഴി ചികിത്സ വേണ്ടിവരുന്ന കുട്ടികളെ രജിസ്റ്റർ ചെയ്യുകയും തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിലവിൽ ഈ പദ്ധതിവഴി കുട്ടികൾക്ക് ചികിത്സ നൽകി

വരുന്നുണ്ട്. ഈ പദ്ധതിയിലൂടെ കുഞ്ഞുങ്ങളുടെ രക്തപരിശോധന നടത്തുകയും ആവശ്യാനുസരണം ഇൻസുലിൻ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇൻസുലിൻ പെൻ, ഷുഗർ ലെവൽ മോണിറ്റർ ചെയ്യുന്നതിന് ഗ്ലൂക്കോമീറ്റർ, തുടർച്ചയായ ഷുഗർ പരിശോധനാ സംവിധാനങ്ങൾ എന്നിവയും നൽകിവരുന്നുണ്ട്.

(ബി) ഇത്തരം രോഗികൾക്ക് ഇൻസുലിനും മറ്റ് അനുബന്ധ സാധനങ്ങളും സൗജന്യമായി നൽകി വന്നിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; അറിയിക്കുമോ?

ടൈപ്പ്-1 രോഗികൾക്ക് മിഠായി പദ്ധതിയിലൂടെ നൽകിവരുന്ന സൗജന്യ ഇൻസുലിനും അനുബന്ധ സാധനങ്ങളും ഇപ്പോഴും മുടക്കം കൂടാതെ നൽകിവരുന്നുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 'കാരുണ്യ' എന്ന സംരംഭത്തിലൂടെ ഡയബറ്റിക് രോഗികളുടെ ചികിത്സയ്ക്കായി ദേശീയ ആരോഗ്യ ദൗത്യം മുഖേന ഇൻസുലിനും മറ്റ് അനുബന്ധ മരുന്നുകളും വാങ്ങി വിതരണം ചെയ്തുവരുന്നു. നടപ്പുസാമ്പത്തിക വർഷം 1.5 കോടി രൂപയുടെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന വയോമധുരം പദ്ധതി മുഖേന നടപ്പ് സാമ്പത്തിക വർഷം 5.4 ലക്ഷം രൂപ ചെലവഴിച്ച് 1400

ഗ്ലൂക്കോമീറ്ററുകൾ വിതരണം ചെയ്തിട്ടുണ്ട്. ടൈപ്പ് വൺ ഡയബറ്റിക് ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കുമായി കേരള സാമൂഹ്യസുരക്ഷാ മിഷൻ ആവിഷ്കരിച്ച 'മിഠായി' പദ്ധതിയിലേയ്ക്ക് Insulin Cartridges, Glucometer, Glucometer Strips, Lancet, Urine Ketone Strips എന്നിവ വിതരണം ചെയ്തുവരുന്നു. ഇവയുടെ വിതരണത്തിനായി നടപ്പുസാമ്പത്തിക വർഷം 3 കോടി രൂപ കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി മുഖേന നടപ്പുസാമ്പത്തിക വർഷം 2.1 കോടി രൂപ ചെലവഴിച്ച് ഇൻസുലിൻ വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ടൈപ്പ്-1 പ്രമേഹ രോഗികൾക്ക് ഇൻസുലിൻ, സിറിഞ്ച് എന്നിവ നിലവിൽ സൗജന്യമായി നൽകിവരുന്നുണ്ട്.

(സി) എറണാകുളം ജനറൽ ഹോസ്പിറ്റലിൽ ഇതിന്റെ വിതരണം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ആയത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

എറണാകുളം ജില്ലയിൽ കളമശ്ശേരി സർക്കാർ മെഡിക്കൽ കോളേജിലാണ് മിഠായി ക്ലിനിക് പ്രവർത്തിച്ചുവരുന്നത്. മരുന്ന് വിതരണവും

മറ്റ് സേവനങ്ങളും കളമശ്ശേരി മെഡിക്കൽ കോളേജിൽനിന്നും രോഗികൾക്ക് ലഭ്യമാകുന്നതാണ്.

(ഡി) തീവ്രപരിചരണം വേണ്ടിവരുന്ന ഇത്തരം പ്രമേഹ രോഗികൾക്ക് ഇൻസുലിൻ പമ്പും സെൻസറും സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മിഠായി പദ്ധതി പ്രകാരം ടൈപ്പ്-1 പ്രമേഹരോഗികൾക്ക് അനലോഗ് ഇൻസുലിനും കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററും സൗജന്യമായാണ് നൽകിവരുന്നത്. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവിൽ കാതലായ വ്യതിയാനമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ അവലോകനത്തിനുശേഷം ആവശ്യമെങ്കിൽ ഇൻസുലിൻ പമ്പും സൗജന്യമായി നൽകിവരുന്നു.

**ആമച്ചൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ്**

192 (192) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ആമച്ചൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിനനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്ന കാരണത്താൽ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, ലഭ്യമാകുന്ന സ്ഥലത്ത്

പ്ലാനിൽ മാറ്റങ്ങൾ വരുത്തി ഈ ആശുപത്രിയിൽതന്നെ ഐസൊലേഷൻ വാർഡ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കാട്ടാക്കട മണ്ഡലത്തിലെ ആമച്ചൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിനനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഈ ആശുപത്രിയിൽ Multipurpose Hall ആയി നിർമ്മാണം നടത്തുന്നതിന് പരിഗണിച്ചെങ്കിലും Multipurpose Hall-നും മതിയായ സ്ഥലം ലഭ്യമല്ലെന്നാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്.

**ഓലത്താന്നി പി.എച്ച്.സി.-യുടെ വികസന പ്രവർത്തനം**

193 (193) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ഓലത്താന്നി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഓലത്താന്നി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

ഈ സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ ഉപയോഗിച്ച് സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. ലബോറട്ടറിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മുനിസിപ്പൽ പ്രോജക്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുകയും 12,23,399 രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

**നർക്കിലക്കാട് പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി**

194 (194) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയിലെ പ്രധാന ആതുരാലയമായ നർക്കിലക്കാട് പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിലെ നർക്കിലക്കാട് പ്രൈമറി ഹെൽത്ത് സെന്ററിനെ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുകയും ഒരു സ്റ്റാഫ് നഴ്സിന്റെ അധിക തസ്തിക സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരും താമസിക്കുന്ന പ്രസ്തുത പ്രദേശത്ത് കിടത്തി ചികിത്സ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ആർദ്രം മാനദണ്ഡപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല.

**തിരൂരങ്ങാടി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

195 (195) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ 14 കോടി രൂപയുടെ കിഫ്ബി മുഖേനയുള്ള കെട്ടിട നിർമ്മാണത്തിന്റെ ഉദ്ഘാടനം

നിർവ്വഹിച്ചശേഷം നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ ഉദ്ഘാടനം എന്നാണ് നിർവ്വഹിച്ചതെന്നും ഇതുവരെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണങ്ങളെന്താണെന്നും വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഇനി പൂർത്തീകരിക്കാനുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) തിരൂരങ്ങാടി താലൂക്കാസ്ഥാന ആശുപത്രിയിൽ കിഫ്ബി മുഖാന്തരമുള്ള നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലത്ത് തിരൂരങ്ങാടി ബ്ലോക്കിനുകീഴിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്റർ ആശുപത്രിയിലെ എച്ച്.എം.സി. യൂണിറ്റും എക്സ്റേ യൂണിറ്റുംമറ്റും മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്കും പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നമുറയ്ക്കും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. തിരൂരങ്ങാടി ആസ്ഥാന ആശുപത്രിയിൽ കിഫ്ബി മുഖാന്തരമുള്ള നിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനം 18-02-2021-ന് ഉച്ചയ്ക്ക് 300 മണിക്ക് നടന്നു.

(ഡി) ഈ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് നടപടികൾ പൂർത്തീകരിക്കുന്നതിന് മുമ്പായിരുന്നോയെന്ന് വിശദമാക്കാമോ?

ടി പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിന് മുമ്പുതന്നെ പ്രസ്തുത യൂണിറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിരുന്നു.

**മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കാൻ നടപടി**

196 (196) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല.

(ബി) മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ നിലവിൽ ഹോമിയോ ഡിസ്പെൻസറിയില്ലാത്തതിനാൽ രോഗികൾക്ക് കിലോമീറ്ററുകൾ യാത്രചെയ്ത് മറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ട്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് മങ്കട പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ മങ്കട പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. നിലവിൽ മങ്കട പഞ്ചായത്തിന് അടുത്തായി സ്ഥിതിചെയ്യുന്ന ആനക്കയം ഡിസ്പെൻസറിയിൽനിന്നും മങ്കട പഞ്ചായത്തിലെ ജനങ്ങൾക്ക് സേവനം നൽകിവരുന്നുണ്ട്.

**കുണ്ടറ താലൂക്ക് ആശുപത്രിയിലെ കെട്ടിട നിർമ്മാണം**

197 (197) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തിവരുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

കുണ്ടറ താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് 76.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ടി ആശുപത്രിയിൽ നിലവിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ ആറാം നിലയുടെ കോൺക്രീറ്റ് വർക്ക് പുരോഗമിക്കുന്നു. കൂടാതെ മൂന്ന് നിലകളിലെ ഇലക്ട്രിക്കൽ വർക്കും പുരോഗമിക്കുന്നു. നിലവിൽ പ്രവൃത്തിയുടെ 55% പൂർത്തിയായിട്ടുണ്ട്. 2023 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കുന്ന നിലയിൽ പ്രവൃത്തി പുരോഗമിക്കുന്നു.

**മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

198 (198) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ പുതിയ ബഹുനില മന്ദിര നിർമ്മാണത്തിന് നാല് കോടി രൂപ അനുവദിച്ചതിനെതുടർന്ന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണത്തിന് തുക

വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വിശദമായ റിപ്പോർട്ട് തുടർനടപടികൾക്കായി തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി**

199 (199) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പ്രവർത്തിക്കുന്ന എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി ആരംഭിക്കുന്നതിന് 18-03-1994-ലെ ഉത്തരവുപ്രകാരമാണ് സർക്കാർ അനുമതി നൽകിയത്.

(ബി) പ്രസ്തുത സൊസൈറ്റി ആരംഭിക്കാൻ സർക്കാർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

(സി) ആശുപത്രികളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് പുറമേ മറ്റ് ചാരിറ്റബിൾ സൊസൈറ്റിക്ക് പ്രവർത്തിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ അനുവാദമില്ലാതെ പ്രവർത്തിക്കാൻ കഴിയില്ല.

(ഡി) എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി ശ്രീ അവിട്ടം തിരുനാൾ ആശുപത്രിക്ക് എന്തെല്ലാം സൗജന്യ സേവനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ആശുപത്രിയുടെ വിവിധ ഭാഗങ്ങളിൽ ജീവനക്കാരെ നിയമിക്കുക, എല്ലാ വാർഡുകളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക, ആംബുലൻസ്, ജനറേറ്റർ തുടങ്ങിയവയ്ക്ക് ഇന്ധനം വാങ്ങി നൽകുക, സൗജന്യമായി ഭക്ഷണം, മരുന്ന് എന്നിവ ലഭ്യമാക്കുക, എയർകണ്ടീഷണർ പോലെയുള്ള വിവിധ ഉപകരണങ്ങൾ, Echo, ECG, EEG, Ultrasound മെഷീനുകൾ എന്നിവ വാങ്ങി നൽകുക, വിവിധ ഫാറങ്ങൾ, രജിസ്റ്ററുകൾ മറ്റ് സ്റ്റേഷനറി സാധനങ്ങൾ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്റർനെറ്റ് കണക്ഷനുകൾ ലഭ്യമാക്കുക തുടങ്ങി നിരവധി സൗജന്യ സേവനങ്ങൾ ആശുപത്രിക്കുവേണ്ടി സൊസൈറ്റി നൽകിവരുന്നുണ്ട്.

(ഇ) പ്രസ്തുത സൊസൈറ്റിയിൽനിന്നും എസ്.എ.ടി. ആശുപത്രിക്ക് എന്തെല്ലാം നേട്ടങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

2002 വർഷത്തിൽ എസ്.എ.ടി. ആശുപത്രിയിലെ ഗോൾഡൻ ജൂബിലി മന്ദിരനിർമ്മാണ ചെലവിലേയ്ക്കായി മൂന്ന് കോടി രൂപ സൊസൈറ്റി നൽകിയിട്ടുണ്ട്. ആശുപത്രിയുടെ വിവിധ വിഭാഗങ്ങളിലായി സൊസൈറ്റിയുടെ ചെലവിൽ നിയമിച്ച ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. എസ്.എ.ടി. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള മരുന്ന് ലഭിക്കുന്നതിനുവേണ്ടി ഫാർമസികൾ പ്രവർത്തിപ്പിക്കുന്നു. എസ്.എ.ടി. ആശുപത്രിയിലെത്തുന്ന രോഗികൾക്കുവേണ്ടി വിവിധ ലാബുകൾ പ്രവർത്തിപ്പിക്കുന്നു. രോഗികളുടെയും അവരുടെ കൂട്ടിരിപ്പുകാരുടെയും വിനോദവും വിജ്ഞാനവും ലക്ഷ്യമാക്കി വാർഡുകളിൽ അമ്പതിലധികം ടി.വി. സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നു. സെപ്റ്റംബർ 2021-ൽ ആശുപത്രിയിലെ ലിഫ്റ്റ് നവീകരിക്കുന്നതിനുവേണ്ടി 20.80 ലക്ഷം രൂപ സൊസൈറ്റി നൽകിയിട്ടുണ്ട്.

(എഫ്) 2008-ൽ ഈ സൊസൈറ്റിയെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയിലേയ്ക്ക് ലയിപ്പിക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവ് എന്തുകൊണ്ട് പാലിച്ചില്ലെന്ന് അറിയിക്കാമോ?

ഇപ്രകാരം സർക്കാർ ഉത്തരവ് നൽകിയതായി കാണുന്നില്ല.

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ സ്കാനിംഗ് മെഷീന്റെ പ്രവർത്തനം**

200 (200) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ സ്കാനിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടോയെന്നും നിലവിൽ രോഗികളുടെ സ്കാനിംഗ് ഈ ആശുപത്രിയിൽ നടന്നുവരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ സ്കാനിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ സ്കാനിംഗ് ചെയ്തുവരുന്നില്ല.

(ബി) സ്കാനിംഗ് മെഷീൻ നിലവിൽ പ്രവർത്തനക്ഷമമല്ലെങ്കിൽ അത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഒരു ഡോക്ടറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

റേഡിയോളജിസ്റ്റിന്റെ തസ്തിക ഈ സ്ഥാപനത്തിലില്ലാത്തതിനാൽ താൽക്കാലികമായി ഒരു റേഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ-കം-കാഷ്വാലിറ്റി ബ്ലോക്ക്**

201 (201) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ-കം-കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഡയാലിസിസ്-കം-കാഷ്വാലിറ്റി ബ്ലോക്കിനായി മൂന്ന് നില കെട്ടിടം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മൂന്നുനിലകളുടെയും കോൺക്രീറ്റ് ജോലികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ബ്ലോക്കിന്റെ സിവിൽ വർക്കുകൾ 2023 മേയ് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. ഇലക്ട്രിക് വർക്കുകൾകൂടി പൂർത്തിയാകുന്നമുറയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഡയാലിസിസ് സെന്ററിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യ വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റിലേയ്ക്ക് കെ.എം.എസ്.സി.എൽ. മുഖേന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഈ ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണ്.

(ഡി) എന്തെല്ലാം ഉപകരണങ്ങളാണ് ഡയാലിസിസ് സെന്ററിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡയാലിസിസ് യൂണിറ്റിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഉപകരണങ്ങളടക്കം എന്തെല്ലാം സൗകര്യങ്ങളാണ് ഡയാലിസിസ് സെന്ററിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഒരേസമയം അഞ്ച് രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യമാണ് പ്രസ്തുത യൂണിറ്റിൽ നടപ്പിലാക്കുന്നത്.

**വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ കെട്ടിട നിർമ്മാണം**

202 (202) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡ്, ആശുപത്രിയുടെ ഒന്നാം നില എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

26-07-2021-ലെ സ.ഉ.(ആർ.റ്റി.) നം.1555/2021/ആ.ക.വ, ഉത്തരവ് പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് കുന്നത്തുനാട് മണ്ഡലത്തിൽനിന്നും വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിലവിൽ Plinth

beam concrete പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ 25-03-2022-ലെ ഉത്തരവ് നം. RD7-1176/22, പ്രകാരം വടവുകോട് സി.എച്ച്.സി.-യിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ചുവരുന്ന ആശുപത്രിയുടെ ഒന്നാം നിലയുടെ തൂണുകളുടെ നിർമ്മാണം നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ SPV (Special Purpose Vehicle) ആയി പ്രവർത്തിക്കുന്നത് KMSCL-ഉം നിർമ്മാണ ഏജൻസിയായി പ്രവർത്തിക്കുന്നത് TDLC (Thrissur District Labour Contract Co-operative Society)-യുമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, എറണാകുളം നിർവ്വഹണ ഉദ്യോഗസ്ഥനായി ആശുപത്രിയുടെ ഒന്നാം നിലയുടെ നിർമ്മാണം നടന്നുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം 2023 ഏപ്രിൽ അവസാനത്തോടെയും ആശുപത്രിയുടെ ഒന്നാം നിലയുടെ നിർമ്മാണം 2023 ആഗസ്റ്റ് അവസാനത്തോടുകൂടിയും പൂർത്തിയാകുമെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ്**

203 (203) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടുപയോഗിച്ച് പേരാമ്പ്ര മണ്ഡലത്തിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡ് ഏത് ആശുപത്രിയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാമെന്നാണ് കരുതുന്നത്; നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര താലൂക്ക് ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത ആശുപത്രിയിലും മണ്ഡലത്തിലെ മറ്റ് ആശുപത്രികളിലും അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ

Multipurpose Hall ആയി നിർമ്മാണം നടത്തുന്നതിന് പേരാമ്പ്ര മണ്ഡലത്തിലെ ആവള പ്രാഥമികാരോഗ്യ കേന്ദ്രം പരിഗണിച്ചെങ്കിലും ടി ആശുപത്രിയിലും Multipurpose Hall നിർമ്മാണത്തിന് സ്ഥലം അനുയോജ്യമല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) എത്ര തുകയാണ് പ്രസ്തുത പ്രവൃത്തിക്കുവേണ്ടി നീക്കിവച്ചിരിക്കുന്നതെന്നും പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ?

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി 1,75,96,748/- കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

**പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഡിജിറ്റൽ എക്സ്-റേ യൂണിറ്റ്**

204 (204) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച

എക്സ്-റേ യൂണിറ്റ് സ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(സി) ഡിജിറ്റൽ എക്സ്-റേ യൂണിറ്റ് എന്ന് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) 04-11-2019-ലെ സ.ഉ(സാധാ) നം. 8718/2019/ ധന പ്രകാരം പട്ടാമ്പി നിയോജകമണ്ഡലം എം.എൽ.എ.-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, ജനറേറ്റർ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിരുന്നു. AERB മാനദണ്ഡപ്രകാരം നിലവിൽ ഒരു എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയാണുള്ളത്. നിലവിൽ എൻ.എച്ച്.എം. മുഖേന കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീൻ പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

**ജനറേറ്റർ സ്ഥാപിക്കുന്നതിന് നടപടി**

205 (205) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷത്തിലെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിലുൾപ്പെടുത്തി വളപട്ടണം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

കണ്ണൂർ ജില്ലാ കളക്ടറുടെ 07-11-2022-ലെ DCKNR/3106/2022/E10 പ്രകാരം വളപട്ടണം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആയത് വാങ്ങി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന കണ്ണൂർ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം**

206 (206) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ?

23-01-2018-ലെ സ.ഉ(സാധാ) നം. 258/2018/ആ.കു.വ പ്രകാരം കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തി.

(ബി) പ്രസ്തുത ആശുപത്രിക്കാവശ്യമായ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളടക്കം സൃഷ്ടിച്ച് ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആർദ്രം പ്രകാരം താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രിയിൽ ഘട്ടംഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി സ്റ്റാഫ് നഴ്സ് -6, ലാബ് ടെക്നീഷ്യൻ-1, ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ)-1, സി.എം.ഒ.-1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ ഹീമോഫീലിയ രോഗികൾ കൂടുതലുള്ള കൊണ്ടോട്ടി താലൂക്കിലെ പ്രസ്തുത ആശുപത്രിയെ ഹീമോഫീലിയ

രോഗികൾക്കുള്ള സ്ഥിരം സെന്ററാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനായ ഒരു അഞ്ചംഗ സമിതി ആശുപത്രിയിലെ സൗകര്യങ്ങൾ പരിശോധിച്ച് മേൽ സ്ഥാപനത്തെ സ്ഥിരം സെന്ററാക്കി തെരഞ്ഞെടുക്കുകയും 2022 ആഗസ്റ്റ് മാസം മുതൽ ഹീമോഫീലിയ ചികിത്സ നൽകാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

207 (207) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള വിശദാംശം നൽകാമോ?

ഇടുക്കി ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിയോജകമണ്ഡലം | സ്ഥാപനം |
|---|---|
| | പി.എച്ച്.സി. ബൈസൻവാലി<br>പി.എച്ച്.സി. ചിന്നക്കനാൽ<br>പി.എച്ച്.സി. വട്ടവട<br>പി.എച്ച്.സി. ദേവികുളം |

| | |
|---|---|
| ദേവികുളം | പി.എച്ച്.സി. ദേവിയാർ കോളനി<br>പി.എച്ച്.സി. വെള്ളത്തൂവൽ<br>പി.എച്ച്.സി. മാങ്കുളം<br>പി.എച്ച്.സി. കാന്തല്ലൂർ<br>പി.എച്ച്.സി. കല്ലാർ വട്ടിയാർ<br>പി.എച്ച്.സി. ഇടമലക്കുടി |
| ഇടുക്കി | പി.എച്ച്.സി. കാമാക്ഷി<br>പി.എച്ച്.സി. കൊന്നത്തടി<br>പി.എച്ച്.സി. കുടയത്തൂർ<br>പി.എച്ച്.സി. മരിയാപുരം<br>പി.എച്ച്.സി. കാഞ്ചിയാർ<br>പി.എച്ച്.സി. അറക്കുളം<br>പി.എച്ച്.സി. വാഴത്തോപ്പ്<br>പി.എച്ച്സി. വാത്തിക്കുടി |
| പീരുമേട് | പി.എച്ച്.സി. ഏലപ്പാറ<br>പി.എച്ച്.സി. അയ്യപ്പൻ കോവിൽ<br>പി.എച്ച്.സി. കൊക്കയാർ<br>പി.എച്ച്.സി. ചക്കുപ്പള്ളം<br>പി.എച്ച്.സി. കുമളി<br>പി.എച്ച്.സി. പെരുവന്താനം |
| തൊടുപുഴ | പി.എച്ച്.സി. ഇളംദേശം<br>പി.എച്ച്.സി. മുട്ടം<br>പി.എച്ച്.സി. തട്ടക്കുഴ<br>പി.എച്ച്.സി. മണക്കാട്<br>പി.എച്ച്.സി. വണ്ണപ്പുറം<br>പി.എച്ച്.സി. പൂമാല<br>പി.എച്ച്.സി. പൂച്ചപ്ര<br>പി.എച്ച്.സി. ഇടവെട്ടി<br>പി.എച്ച്.സി. ആലക്കോട്<br>പി.എച്ച്.സി. കരിമണ്ണൂർ<br>പി.എച്ച്.സി. കരിങ്കുന്നം<br>പി.എച്ച്.സി. കോടിക്കുളം |

| | |
|---|---|
| | പി.എച്ച്.സി. കുമാരമംഗലം |
| ഉടുമ്പൻ ചോല | പി.എച്ച്.സി.കെ.പി. കോളനി<br>പി.എച്ച്.സി. രാജകുമാരി<br>പി.എച്ച്.സി. ഉടുമ്പൻചോല<br>പി.എച്ച്.സി. കാഞ്ചിയാർ<br>പി.എച്ച്.സി. സേനാപതി<br>പി.എച്ച്.സി. പാമ്പാടുംപാറ<br>പി.എച്ച്.സി. കരുണാപുരം<br>പി.എച്ച്.സി. ശാന്തൻപാറ<br>പി.എച്ച്.സി. ചെമ്പകപ്പാറ |

(ബി) ഇതിൽ ഏതൊക്കെ സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

പി.എച്ച്.സി. കൊന്നത്തടി, പി.എച്ച്.സി. കുമളി, പി.എച്ച്.സി. കുമാരമംഗലം, പി.എച്ച്.സി. രാജകുമാരി, പി.എച്ച്.സി. ഉടുമ്പൻചോല.

(സി) ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുമ്പോൾ ഏതൊക്കെ തസ്തികകളാണ് അധികമായി അനുവദിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകളാണ് അധികമായി അനുവദിക്കുന്നത്.

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്ന കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും എന്തൊക്കെ

ചികിത്സകളാണ് അധികമായി നടത്താൻ കഴിയുന്നതെന്നത് സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഒ.പി. സേവനം രാവിലെ 9 മുതൽ 6 വരെയാക്കുകയും നഴ്സസ് പ്രീ ചെക്ക് അപ്പ്, കൗൺസിലിംഗ് സേവനങ്ങൾ, നിത്യേനയുള്ള ജീവിതശൈലീ രോഗങ്ങൾ, ശ്വാസ് ആശ്വാസ് ക്ലിനിക്ക് എന്നീ സേവനങ്ങൾ നൽകിവരുന്നു.

**നിലമ്പൂർ ജില്ല ആശുപത്രിയിൽ കാർഡിയോളജി ഡോക്ടറെ നിയമിക്കാൻ നടപടി**

208 (208) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ല ആശുപത്രിയിൽ കാർഡിയോളജി ഡോക്ടറെ നിയമിക്കണമെന്നഭ്യർത്ഥിച്ച് ആരോഗ്യ വകുപ്പുമന്ത്രിക്ക്, എം.എൽ.എ. നൽകിയ നിവേദനങ്ങളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നിവേദനങ്ങൾ സ്വീകരിച്ച തീയതിയും ഫയൽ നമ്പറും ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി ഡോക്ടറെ നിയമിക്കണമെന്നഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനങ്ങൾ 16-08-2022, 20-09-2022 എന്നീ തീയതികളിൽ ലഭ്യമായി. ആയതിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പി.എൽ.എ.2/ 55190/2022/ ആ.വ.ഡ. നമ്പർ ഫയലിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള നിലമ്പൂർ താലൂക്കിലെ ഒരു സർക്കാർ/സ്വകാര്യ ആശുപത്രികളിലും കാർഡിയോളജി വിഭാഗമോ

ഡോക്ടർമാരോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാർഡിയോളജി ഡോക്ടറില്ലാത്തതിനാൽ താലൂക്കിലെ പ്രമുഖരായ വ്യക്തിത്വങ്ങൾ ഹൃദയാഘാതം കാരണം മരണപ്പെട്ട സാഹചര്യങ്ങളും തുടർന്നുണ്ടായ ജനകീയ പ്രതിഷേധങ്ങളും സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

നിലമ്പൂർ താലൂക്കിൽ സർക്കാർ മേഖലയിൽ കാർഡിയോളജി സൗകര്യമുള്ള ആശുപത്രികൾ നിലവിലില്ല. എന്നാൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഹൃദയസംബന്ധമായ അസുഖങ്ങളുള്ളവർക്ക് ഒ.പി. ചികിത്സ ഫിസിഷ്യന്റെ നേതൃത്വത്തിൽ നൽകിവരുന്നു. അത്യാഹിത വിഭാഗത്തിലെത്തുന്ന ഹൃദയാഘാതമുള്ള രോഗികൾക്ക് ത്രോംബോലൈസസ് ചികിത്സ ആവശ്യമായ കേസുകളിൽ നൽകിവരുന്നു. അരിത്മിയ, ഹൈപ്പോ ടെൻഷൻ, ഷോക്ക്, ഹൈപ്പർ ടെൻസീവ് ക്രൈസിസ് തുടങ്ങിയ കാർഡിയാക് എമർജൻസി രോഗങ്ങൾക്കും ലഭ്യമായ ചികിത്സ ജനറൽ മെഡിസിൻ വിഭാഗം മുഖേന ആശുപത്രിയിൽനിന്ന് നൽകിവരുന്നു.

(സി) കാർഡിയോളജി വിഭാഗം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും ഉപകരണങ്ങളും സംവിധാനങ്ങളും ജനപ്രതിനിധികളുടെ ഫണ്ടുപയോഗിച്ച് ഒരുക്കാൻ സന്നദ്ധമെങ്കിൽ

കാർഡിയോളജി ഡോക്ടറെയും ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ;

(ഡി) നിലമ്പൂർ താലൂക്കിന്റെ അതിർത്തി പ്രദേശങ്ങളിൽനിന്നും തൊട്ടടുത്ത കാർഡിയോളജി സൗകര്യമുള്ള സർക്കാർ ആശുപത്രിയിലേയ്ക്ക് 60 കിലോമീറ്ററിലധികം ദൂരമുള്ളതിനാൽ രോഗികളായവരുടെ ജീവൻ രക്ഷിക്കാൻ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി ഡോക്ടറെ അനുവദിക്കണമെന്ന എം.എൽ.എ.-യുടെ അഭ്യർത്ഥന പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; ഇതിനായി മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി സേവനം ആദ്യം നടപ്പിലാക്കുന്നത് ജില്ലാതല ആശുപത്രികളിലാണ്. ആയതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽനിന്ന് തെരഞ്ഞെടുത്തിരിക്കുന്നത് തിരൂർ ജില്ലാ ആശുപത്രിയെയാണ്.

**ആലിപ്പറമ്പ് കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടം**

209 (209) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലിപ്പറമ്പ് കുടുംബാരോഗ്യ കേന്ദ്രത്തിൽ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിന് ആരോഗ്യ വകുപ്പ് നിലവിൽ ഏതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആലിപ്പറമ്പ് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലെ രണ്ട് കെട്ടിടങ്ങളിൽ ഒരു കെട്ടിടത്തിൽ ഓഫീസ്, ഫീൽഡ് സ്റ്റാഫിന്റെ ഓഫീസ്, മറ്റേ കെട്ടിടത്തിൽ ഒ.പി, ലാബ്, ഫാർമസി, കുത്തിവയ്പ്പ് തുടങ്ങിയവ പ്രവർത്തിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ 50% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ ഒ.പി. കെട്ടിടത്തിന്റെ മുകളിൽ റൂഫിംഗ് വർക്ക്, ഒരു കോൺഫറൻസ് ഹാൾ എന്നിവയും ഒ.പി, ലാബ്, ഫാർമസി എന്നിവയ്ക്ക് വെയിറ്റിംഗ് ഏരിയ പണിയുക തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നു. ആലിപ്പറമ്പ് കുടുംബാരോഗ്യ കേന്ദ്രത്തിൽ

പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് എൻ.എച്ച്.എം. ആർ.ഒ.പി. 2023-24-ൽ ഉൾപ്പെടുത്തി 1.43 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എം.എൽ.എ. ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും ഉപയോഗിച്ച് ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ നിലവിലുള്ള ഒഴിവുകൾ**

210 (210) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ നിലവിൽ താഴെ പറയുന്ന തസ്തികകളിൽ ഒഴിവുകൾ ഉണ്ട്.

| ക്രമ നം | തസ്തിക | സ്ഥാപനം |
|---|---|---|
| 1 | ജെ.പി.എച്ച്.എൻ.- 6 | നാവായിക്കുളം -2<br>കരവാരം-2 |

| | | |
|---|---|---|
| | | തോണിപ്പാറ -2 |
| 2 | പി.ടി.എസ്. -7 | ചെറിയന്നൂർ-1, കരവാരം-1, പള്ളിക്കൽ-1, മടവൂർ-1, ഇടവ-1, വർക്കല-2 |
| 3 | നഴ്സിംഗ് അസിസ്റ്റന്റ് -2 | തോണിപ്പാറ-1<br>വർക്കല-1 |
| 4 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-5 | ഒറ്റൂർ -1<br>മടവൂർ-1<br>വർക്കല-3 |
| 5 | കൺസൽട്ടന്റ് (ജനറൽ മെഡിസിൻ-) 1 | വർക്കല-1 |

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ അവയിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ജെ.പി.എച്ച്.എൻ.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II

ടി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി നിലവിൽ സർക്കാർ സർവ്വീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന

ജീവനക്കാരെ തസ്തികമാറ്റം മുഖാന്തരം നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പി.ടി.എസ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് അസിസ്റ്റന്റ്

ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)

ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

211 (211) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട എന്തൊക്കെ

വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന വിവരം ആശുപത്രിയുടെ പേര്, വികസന പ്രവൃത്തി, വികസന പ്രവൃത്തിയുടെ പുരോഗതി എന്നിവ സഹിതം വിശദമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി 2020-21 പ്രകാരം കോങ്ങാട് നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രമായ തച്ചമ്പാറ, കുടുംബാരോഗ്യ കേന്ദ്രങ്ങളായ മണ്ണൂർ, കാഞ്ഞിരപ്പുഴ, മങ്കര, കേരളശ്ശേരി, കല്ലടിക്കോട്, കാരക്കുറിശ്ശി, സാമൂഹികാരോഗ്യ കേന്ദ്രങ്ങളായ കോങ്ങാട്, പറളി എന്നീ ആശുപത്രികളിലേയ്ക്ക് കോവിഡ് 19 പ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 12,45,603 രൂപയുടെ ഭരണാനുമതി നൽകുകയും 7,74,984 രൂപയുടെ പ്രതിരോധ ഉപകരണങ്ങൾ വാങ്ങിനൽകുകയും ചെയ്തിട്ടുണ്ട്. ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന പദ്ധതിയിൽ പാലക്കാട് കോങ്ങാട് നിയോജകമണ്ഡലത്തിൽനിന്നും കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

## പേരാമ്പ്ര സർക്കാർ ആശുപത്രി വികസനം

212 (212) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര സർക്കാർ ആശുപത്രി നിലവിൽ ഏത് കാറ്റഗറിയിലാണെന്നും സ്റ്റാഫ് പാറ്റേൺ ഏത് കാറ്റഗറിക്കുള്ളതാണെന്നും വ്യക്തമാക്കാമോ?

പേരാമ്പ്ര താലൂക്ക് ആശുപത്രി, താലൂക്ക് ആശുപത്രി എന്ന കാറ്റഗറിയിലാണ് ഉൾപ്പെടുന്നതെങ്കിലും സ്റ്റാഫ് പാറ്റേൺ സി.എച്ച്.സി. കാറ്റഗറിയിലാണുള്ളത്.

(ബി) നിലവിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് ഡോക്ടർമാരും മറ്റ് ജീവനക്കാരുമില്ലാത്തതെന്ന് അറിയിക്കുമോ;

(സി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി&സി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിലവിൽ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒരു ഒഴിവ്

നിലനിൽക്കുന്നുണ്ട്. പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി മണ്ഡലത്തിലെ കുടുംബ ആരോഗ്യ കേന്ദ്രം**

213 (213) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ചെങ്ങോട്ടുകാവ് പി.എച്ച്.സി.-യിൽ എത്ര ജീവനക്കാരെ അധികമായി നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കൊയിലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ടുകാവ് പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1, ലാബ് ടെക്നീഷ്യൻ-1 എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്ക് 2022-23-ൽ എൽ.എസ്.ജി.ഡി. പ്രോജക്ട് മുഖേന കരാർ വ്യവസ്ഥയിൽ താൽക്കാലികമായി ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1, ഫാർമസിസ്റ്റ്-1 എന്നീ ജീവനക്കാരെയും എൻ.എച്ച്.എം.

മുഖേന ദിവസവേതനാടിസ്ഥാനത്തിൽ ഒരു ലാബ് ടെക്നീഷ്യനെയും നിയമിച്ചിട്ടുണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രത്തിലുണ്ടായിരിക്കേണ്ട മിനിമം ജീവനക്കാർ ഇവിടെയുണ്ടോ; അറിയിക്കുമോ?

കുടുംബാരോഗ്യ കേന്ദ്രത്തിൽ എൽ.എസ്.ജി.ഡി., എൻ.എച്ച്.എം. സപ്പോർട്ടോടുകൂടി ആവശ്യമായ മിനിമം ജീവനക്കാർ നിലവിലുണ്ട്.

**ആരോഗ്യ കേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

214 (214) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 26-7-2021-ലെ GO(Rt)No.1555/2021/H&FWD പ്രകാരം ഇരിക്കൂർ മണ്ഡലത്തിൽ കുട്ടമുഖം സി.എച്ച്.സി.-യെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരുന്നത്. എന്നാൽ ടി സ്ഥാപനത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കി ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

## ആര്യാട് പ്രാഥമിക ആരോഗ്യ കേന്ദ്രം

215 (215) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മൂന്ന് ഡോക്ടർമാരുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത ആശുപത്രിയിൽ സേവനം ചെയ്യുന്ന ഡോക്ടർമാർക്ക് മറ്റ് സ്ഥാപനങ്ങളിൽ ഡ്യൂട്ടി ചാർജ്ജ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഒരു ഡോക്ടർക്ക് ജില്ലാ മെഡിക്കൽ ഓഫീസിലെ ആർ.സി.എച്ച്. ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. ആർ.സി.എച്ച്. ഓഫീസർ ജോയിൻ ചെയ്യുന്ന മുറയ്ക്ക് ഈ ഡോക്ടറെ തിരികെ നിയമിക്കുന്നതാണ്.

(സി) പ്രസ്തുത ആശുപത്രിയിലെത്തുന്ന രോഗികളെ പരിശോധിക്കുന്നതിനും വീടുകളിൽ കഴിയുന്ന പാലിയേറ്റീവ് രോഗീപരിചരണത്തിന് ഗൃഹസന്ദർശനം കാര്യക്ഷമമായി നടത്തുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ ഒരു ഡോക്ടറെക്കൂടി നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഉണ്ട്. പാലിയേറ്റീവ് കെയർ നഴ്സിന്റെ നേതൃത്വത്തിൽ മാസംതോറും 180 കിടപ്പ് രോഗികളെ വീട്ടിലെത്തി പരിചരിച്ചുവരുന്നു.

**മംഗൽപാടി താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതി**

216 (216) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

മംഗൽപ്പാടി താലൂക്കാശുപത്രിയിൽ 17.47 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബി ഫണ്ട് മുഖേന ഭരണാനുമതി നൽകുകയും 13.737 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്ത കെട്ടിടത്തിന്റെ പുതുക്കിയ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേസ്മെന്റ് ജി+7 കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്ലാൻ ചെയ്തിരുന്നതെങ്കിലും ടി കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടക്കത്തിൽ ജി+1 നിലവാരത്തിലാണ് അനുമതി ലഭിച്ചത്. എന്നാൽ ജി+2 നിലവാരത്തിലുള്ള ബേസ്മെന്റ് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകളും പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ പുതുക്കിയ സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് മറ്റ് നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്.

**കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം**

217 (217) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കാൻ 5 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കേശവപുരം സാമൂഹികാരോഗ്യകേന്ദ്രത്തിന് 2021-22-ലെ ബജറ്റിൽ പുതിയ കെട്ടിടനിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലക്കാട് താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ**

218 (218) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളിയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും നവീകരണ

പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളിയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായുള്ള പ്രൊപ്പോസൽ നബാർഡ് 28-ാം ട്രാഞ്ചെയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**കോട്ടായി കുടുംബാരോഗ്യകേന്ദ്രം നവീകരിക്കാൻ നടപടി**

219 (219) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കോട്ടായി കുടുംബാരോഗ്യകേന്ദ്രം നവീകരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

തരൂർ മണ്ഡലത്തിലെ കോട്ടായി കുടുംബാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി

14,00,000 രൂപയുടെ (പതിനാല് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിൽ ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുശേഷം ആർദ്രം പദ്ധതിയുടെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത കുടുംബാരോഗ്യകേന്ദ്രം നബാർഡ് ഫണ്ട് ഉപയോഗപ്പെടുത്തി നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**വടക്കഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം**

220 (220) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

തരൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന

ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടമായ ഗ്രൗണ്ട് ഫ്ലോറിന്റെ മെയിൻ വാർപ്പ് പൂർത്തിയായിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി ആദ്യഘട്ടം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടത്തിനുമുകളിൽ നിർമ്മിക്കുന്ന ഒന്നാം നിലയുടെയും രണ്ടാം നിലയുടെയും പ്ലാനുകൾ തയ്യാറാക്കിയത് അംഗീകാരത്തിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യവിഷബാധ സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ**

221 (221) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചിലയിടങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഭക്ഷ്യവിഷബാധ സംബന്ധിച്ച് വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് ജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി

നിരന്തരം പരിശോധനകൾ നടത്തിവരുന്നു. സാമ്പിൾ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും നിലവാരമില്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000 രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി

അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുമുണ്ട്. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധനാ വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട സാമ്പിളുകളുടെ വിവരങ്ങൾ കണക്കാക്കി ജില്ലകൾക്ക് നൽകിവരികയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധന നടത്തി നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് പൊതുജനങ്ങളെ ഉൾപ്പെടെ സഹകരിപ്പിക്കുന്നതിനും കൂടുതൽ വ്യാപകമായ പരിശോധനകൾ നടത്തുന്നതിനും വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യ വിഭവങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ചില മുൻകരുതലുകൾ ഉൽപ്പാദകരും ഉപഭോക്താക്കളും സ്വീകരിക്കേണ്ടതുണ്ട്. ഷവർമ്മ പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം പച്ച മുട്ട ഉപയോഗിച്ച് തയ്യാറാക്കുന്ന മയോണൈസ് സംസ്ഥാനത്ത് നിരോധിക്കുകയും Pasturised Egg മയോണൈസും Veg മയോണൈസും പ്രോത്സാഹിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാഴ്സൽ ഭക്ഷണം സുരക്ഷിതമായി ഉപയോഗിക്കുന്നതിനായി ഭക്ഷണം തയ്യാറാക്കിയ തീയതിയും സമയവും ഒപ്പം ടി ഭക്ഷണം ഉപയോഗിക്കേണ്ട സമയപരിധിയും പാഴ്സലിൽ രേഖപ്പെടുത്തുന്നതും നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം ഭക്ഷണങ്ങളുടെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനും അതിലൂടെ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തിയെടുക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കിക്കൊടുക്കുന്നതിലേയ്ക്കുമായി ഭക്ഷ്യ സുരക്ഷാ വിഭാഗം നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി പരിശോധനകളും

ട്രെയിനിംഗുകളും ബോധവൽക്കരണവും ശക്തമാക്കിയിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അടുത്ത മൂന്ന് മാസത്തിനുള്ളിൽ 10 പേരുള്ള ഹോട്ടലിൽ ഒരാളെങ്കിലും ട്രെയിനിംഗ് നേടിയിരിക്കണമെന്ന ലക്ഷ്യത്തോടുകൂടി ട്രെയിനിംഗ് പരിപാടികൾ തുടർന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ഭക്ഷ്യവിഷബാധ തടയാൻ നടപടി**

222 (222) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണത്തിൽനിന്നുള്ള ഭക്ഷ്യവിഷബാധ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

ഭക്ഷണ ശീലത്തിൽ മാറ്റം വന്നതുപ്രകാരം ഹോട്ടലുകളിൽനിന്നുള്ള പാകം ചെയ്ത ഭക്ഷണം നേരിട്ടും പാഴ്സലായും കഴിക്കുന്ന ശീലത്തിലേയ്ക്ക് മലയാളികൾ എത്തിച്ചേർന്നിട്ടുണ്ട്. ഭക്ഷ്യ വിഭവങ്ങൾ കൈകാര്യം

ചെയ്യുമ്പോൾ ചില മുൻകരുതലുകൾ ഉൽപ്പാദകരും ഉപഭോക്താക്കളും സ്വീകരിക്കേണ്ടതുണ്ട്. ഈ സാഹചര്യങ്ങളിൽ ഹോട്ടലുകൾ ഉൾപ്പെടെയുള്ള പാകം ചെയ്ത ഭക്ഷണം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളെല്ലാം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളെല്ലാം പാലിക്കുന്നുണ്ടെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ആയതിന്റെ ഭാഗമായി നിരന്തര പരിശോധനകളും ട്രെയിനിംഗുകളും നൽകിവരുന്നു. കൂടുതൽ പരിശോധനകൾക്കും ബോധവൽക്കരണത്തിനും ട്രെയിനിംഗ് പരിപാടികൾക്കും രൂപം നൽകിയിട്ടുണ്ട്. ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 ഹോട്ടൽ റെസ്റ്റോറന്റുകൾ പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500 രൂപ (മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ

പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന മയോണൈസ് റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നതിനാൽ റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുണ്ട്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യൂറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുമാത്രമേ മയോണൈസ് നിർമ്മിക്കാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ ഭക്ഷണം പാകം ചെയ്ത തീയതിയും സമയവും കൂടാതെ അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചുവരികയും ചെയ്യുന്നു.

2023 ജനവരി 1 മുതൽ 22 വരെ 6689 പരിശോധനകൾ നടത്തുകയും 218 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1114 സർവൈലൻസ് സാമ്പിളുകളും

ശേഖരിക്കുകയും 317 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 834 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 902 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ചെയ്തു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. കൂടാതെ 1152 ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിംഗ് വഴി ഇതുവരെ 45,000-ലധികം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ ഭക്ഷണ ശാലകളിലെയും ഒരു സൂപ്പർവൈസർക്കാണ് ഈ പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിംഗ്, ഹൈ റിസ്ക് ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. ആയതിനാൽ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് അറിയിക്കാമോ?

ഗുണനിലവാരമുള്ള ഹോട്ടൽ ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടികൾ എന്നീ മാർഗ്ഗങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ചുവരുന്നു. വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ പല ഭക്ഷ്യ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 26-09-2022 മുതൽ 30-09-2022 വരെ നടപ്പിലാക്കിയ സ്പെഷ്യൽ ഡ്രൈവാണ് ഓപ്പറേഷൻ ഫോസ്കോസ്. ഇതിന്റെ ഭാഗമായി 5764 പരിശോധനകൾ നടത്തുകയും 564 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 406 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 260 ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ വകുപ്പിൽ 343302 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നേടിയും 45173 സ്ഥാപനങ്ങൾ ലൈസൻസ് നേടിയും പ്രവർത്തിക്കുന്നുണ്ട്.

**ഫോസ്റ്റാക് ട്രെയിനിങ് (FoSTaC Training)**

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിംഗ് വഴി ഇതുവരെ 45,000-ലധികം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ ഭക്ഷണ ശാലകളിലെയും ഒരു സൂപ്പർവൈസർക്കാണ് പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക്

ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിംഗ്, ഹൈ റിസ്ക് ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. ആയതിനാൽ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**Hygiene Rating**

ശുദ്ധവും വൃത്തിയും ഗുണനിലവാരമുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യം അറിയുന്നതിനുള്ള മൊബൈൽ ആപ്പ് വികസിപ്പിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. പരമാവധി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ട്രെയിനിംഗുകൾ നൽകുന്നതിനും

ശ്രമിച്ചുകൊണ്ടിരിക്കുന്നു. 10 ജീവനക്കാരുള്ള ഹോട്ടലിൽ ട്രെയിനിംഗ് കഴിഞ്ഞ ഒരാളെങ്കിലുമുണ്ടാവണമെന്ന ലക്ഷ്യത്തോടുകൂടി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

(സി) ഭക്ഷ്യസുരക്ഷ വകുപ്പ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ?

നിലിവിൽ ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസറാണുള്ളത്. ഇവരെ ഉപയോഗിച്ച് പരമാവധി കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പ് ശക്തിപ്പെടുത്തുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

**ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പ്രവർത്തനം**

223 (223) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി ഉമ തോമസ് :
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ആവശ്യത്തിന് ജീവനക്കാരില്ലാത്തതും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുയെന്നത് വസ്തുതയാണോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിലവിലെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമതയോടുകൂടി പ്രവർത്തിച്ചുവരുന്നു. വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഭക്ഷ്യവിഷബാധ കൂടിവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി 8 സർക്കാർ വാഹനങ്ങളാണ് നിലവിലുള്ളത്. 27 വാഹനങ്ങൾ കരാറടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത് എഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആവശ്യമുള്ള ജീവനക്കാരെ യുദ്ധകാലാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനമാണ് വകുപ്പ് നടത്തിവരുന്നത്. വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളടങ്ങിയ വിശദമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പരിശോധനകൾ**

224 (224) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് 2022 കലണ്ടർ വർഷത്തിൽ പരിശോധന നടത്തി എത്ര സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും സർവ്വൈലൻസ് സാമ്പിളുകളും എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് 2022 കലണ്ടർ വർഷത്തിൽ 59529 പരിശോധനകൾ നടത്തിയിട്ടുണ്ട്. പരിശോധനകളുടെ ഭാഗമായി

8099 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 27002 സർവൈലൻസ് സാമ്പിളുകളും എടുത്തിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് 2022 ജനുവരി മുതൽ ഇതുവരെയായി വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി പിഴയായി എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് 2022 ജനുവരി മുതൽ ഇതുവരെയായി പിഴയിനത്തിൽ 1,73,44,750 രൂപ (ഒരു കോടി എഴുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി എഴുനൂറ്റി അൻപത് രൂപ) ഈടാക്കിയിട്ടുണ്ട്.

**മായം കലർന്ന പാലിന്റെ പരിശോധന**

225 (225) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടില്ലെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അന്തിമ പരിശോധന ഫലത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിലുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ള തിരുവനന്തപുരം ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ടെന്ന ക്ഷീര വകുപ്പിന്റെ കണ്ടെത്തലിന് വിരുദ്ധമായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അന്തിമ പരിശോധനാഫലം വരാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ. അംഗീകാരമുള്ള തിരുവനന്തപുരം ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യമില്ല എന്നത് ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പിച്ചിട്ടുണ്ട്.

(സി) പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തി ആറ് മണിക്കൂറിനകം പരിശോധന നടത്തിയില്ലെങ്കിൽ രാസസാന്നിദ്ധ്യം കണ്ടെത്താൻ കഴിയില്ലെന്നത് വസ്തുതയാണോ; എങ്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന വൈകാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഹൈഡ്രജൻ പെറോക്സൈഡ് ആറ് മണിക്കൂറിനുള്ളിൽ പരിശോധിച്ചില്ലെങ്കിൽ കണ്ടെത്താൻ കഴിയില്ലെന്ന് ശാസ്ത്രീയ പഠന റിപ്പോർട്ട് ഒന്നുംതന്നെയില്ല. ടി വിഷയത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധന വൈകിയിട്ടില്ല. രാവിലെ 6 മണിക്ക് അറിയിപ്പ് കിട്ടി രാവിലെ 9 മണിക്ക് മുമ്പുതന്നെ ആര്യങ്കാവ് ചെക്ക് പോസ്റ്റിലെത്തുകയും സ്റ്റാറ്റ്യൂട്ടറിയായിത്തന്നെ 4 പാർട്ട് സാമ്പിളെടുത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബിലെത്തിക്കുകയുമാണ് ചെയ്തത്. സ്റ്റാറ്റ്യൂട്ടറി സാമ്പിൾ എടുക്കുന്നതിന് 1.30 മുതൽ 2.00 മണിക്കൂർ വരെ സമയം ആവശ്യമാണ്. അതുകഴിഞ്ഞ് സാമ്പിൾ കോൾഡ് ചെയിൻ നിലനിർത്തി 2.30 PM-ന് ലാബിലെത്തിച്ചു. ഈ കാലതാമസം സ്വാഭാവികം മാത്രമാണ്.

**ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടി**

226 (226) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോട്ടലുകളിൽ നിന്നും നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ഭക്ഷ്യസുരക്ഷ വിഭാഗം നടപ്പിൽവരുത്തിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോട്ടലുകളിൽനിന്നും നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പരിശോധനകൾ കൂടുതൽ ശക്തമാക്കുകയും വീഴ്ച കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യ സുരക്ഷ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ടക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെയൊപ്പം നൽകുന്ന മയോണൈസ് റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ട് റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം

സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നത് അപകടകരമാണെന്നതിനാൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും കൂടാതെ അവ ഉപയോഗിക്കാവുന്ന സമയപരിധിയും രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു. ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വിഭാഗം നിരന്തരം പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ പരിശോധനാ ലാബുകളിലയച്ച് പരിശോധിക്കുകയും ചെയ്യുന്നു. ഇത്തരം പരിശോധനകളിൽ നിലവാരമില്ലാത്തതായി പരിശോധനാഫലം ലഭിക്കുകയാണെങ്കിൽ അഡ്ജ്യൂഡിക്കേഷൻ കേസുകളും ആരോഗ്യത്തിന് ഹാനികരമായി പരിശോധനാഫലം ലഭിക്കുകയാണെങ്കിൽ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോട്ടലുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷണം ഗുണനിലവാരമുള്ളതും ശുദ്ധവും വൃത്തിയുള്ളതുമാണെന്ന് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന

ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഹൈജീൻ റേറ്റിംഗ്. ഈ പദ്ധതിയുടെ ഭാഗമായി 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. കൂടുതൽ പേർക്ക് പരിശീലനവും ബോധവൽക്കരണവും നടത്താനുള്ള പരിപാടികൾ നടന്നുവരുന്നു. എല്ലാ ഹോട്ടലുകളിലും ഭക്ഷണം കൈകാര്യം ചെയ്യുന്നവർ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യ വിഷബാധപോലുള്ള അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായിതന്നെ തടയുന്നതിനായി രഹസ്യ സ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട്

ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ഹോട്ടലുകളിൽ നടത്തുന്ന പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ ഭക്ഷ്യസുരക്ഷ വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഹോട്ടലുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷണം ഗുണനിലവാരമുള്ളതും ശുദ്ധവും വൃത്തിയുള്ളതുമാണെന്ന് ഉറപ്പുവരുത്തുന്നതിനായി നിരന്തരമായി പരിശോധനകൾ നടത്തിവരുന്നുണ്ട്.

**ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് നടപടി**

227 (227) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽനിന്നും ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ കഴിച്ച് പൊതുജനങ്ങൾക്ക് ജീവഹാനി ഉൾപ്പെടെ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഹോട്ടലുകളിൽനിന്നും ഭക്ഷണപദാർത്ഥങ്ങൾ കഴിച്ചശേഷം പിന്നീട് ആരോഗ്യനില വഷളായി ജീവഹാനി സംഭവിച്ച ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷണം ഗുണനിലവാരമുള്ളതും ശുദ്ധവും വൃത്തിയുമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനായി കാര്യക്ഷമമായ രീതിയിൽ നിരന്തരം പരിശോധനകൾ നടത്തിവരുന്നു. നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിനിലുൾപ്പെടുത്തി ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000 രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാ

ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/- രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക്

നൽകിവരുന്നതും അതിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ചു വരുന്നതും. ഭക്ഷണ വിഭവങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഉൽപ്പാദകരും ഉപഭോക്താക്കളും സ്വീകരിക്കേണ്ട ചില മുൻകരുതലുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. അതനുസരിച്ച് ഷവർമ്മ തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഒപ്പം പച്ച മുട്ട ഉപയോഗിച്ച് മയോണൈസ് നിർമ്മിക്കുന്നത് സംസ്ഥാനത്ത് നിരോധിക്കുകയും Pasturised Egg/Veg മയോണൈസും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പാഴ്സൽ ഭക്ഷണ സംസ്കാരം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്ത തീയതിയും സമയവും ഒപ്പം ടി ഭക്ഷണം ഉപയോഗിക്കേണ്ട സമയപരിധിയും പാഴ്സലിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതുൾപ്പെടെയുള്ള അവസരങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കുംമറ്റും അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിശീലന പരിപാടികളും നടത്തിവരുന്നു. അത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി</u>

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസുകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജല സ്രോതസ്സുകൾ പരിശോധിക്കുകയും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ഇതുവരെ 573 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി.

സേഫ് ആൻഡ് ന്യൂട്രീഷ്യസ്സ് ഫുഡ് @ സ്കൂൾ (SNF@School)

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് SNF@School. സംസ്ഥാനത്ത് ഇതുവരെ ആകെ 2103 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കി.

ഫോസ്റ്റാക് ട്രെയിനിംഗ് (FoSTaC Training)

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റുഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിംഗ് വഴി ഇതുവരെ 45000-ലധികം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ ഭക്ഷണ ശാലകളിലെയും ഒരു സൂപ്പർവൈസർക്കാണ് പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിംഗ്, ഹൈ റിസ്ക് ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. ആയതിനാൽ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

Eat Right Campus

100-ൽ കൂടുതൽ തൊഴിലാളികളോ ജീവനക്കാരോ വിദ്യാർത്ഥികളോ ഉള്ള സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് പോഷകസമൃദ്ധവും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കൾ ഒരുക്കുക എന്നതും ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി മികച്ച സേവനം ഉറപ്പുവരുത്തുക എന്നതും ഈ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നു.

Eat Right School

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവും സുസ്ഥിരവുമായ ഭക്ഷണശീലങ്ങൾ വളർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Eat Right School. Eat Right Campus, Eat Right School എന്നിവയിലായി 30-ഓളം സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്

ഏകദേശം 20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാകം ചെയ്ത് പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ

പദ്ധതിപ്രകാരം ഈ വർഷം ഇതുവരെ മൂന്ന് സ്ട്രീറ്റ് ഫുഡ് ഹബ്ബുകളുടെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.

ക്ലീൻ ഫ്രൂട്ട് ആൻഡ് വെജിറ്റബിൾ മാർക്കറ്റ്

സംസ്ഥാനത്തെ പഴം, പച്ചക്കറി മാർക്കറ്റുകളിൽ സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷ്യവ്യാപാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെകൂടി സഹകരണം ആവശ്യമാണ്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള മാർക്കറ്റുകളുടെ ഓഡിറ്റിംഗ് നടന്നുവരികയാണ്.

(ബി) ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഓരോ പ്രദേശത്തെയും ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ/കഫേകൾ എന്നിവകളുടെ നിലവാരം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ മനസ്സിലാക്കുന്നതിനായി "ഹൈജീൻ റേറ്റിംഗ്" നടപ്പാക്കുന്നു. ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിലെയും

സ്ഥാപനങ്ങൾക്ക് ഹൈജീൻ റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യം അറിയുന്നതിനുള്ള മൊബൈൽ ആപ്പ് വികസിപ്പിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപ്പന തടയാൻ സമയബന്ധിതമായി കർശന പരിശോധന നടത്തുന്ന കാര്യവും പരിഗണിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ സുരക്ഷിതവും ഗുണനിലവാരവുമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് സമയബന്ധിതമായി നിരന്തര പരിശോധനകൾ കർശനമായി നടത്തിവരുന്നു. സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യവിഷബാധ പോലുള്ള അടിയന്തരഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായിതന്നെ തടയുന്നതിനായി രഹസ്യ സ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി

ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

**ഭക്ഷ്യവിഷബാധ കേസുകളിൽ സ്വീകരിച്ച നടപടികൾ**

228 (228) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ സംബന്ധിച്ച എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ സംബന്ധിച്ച 112 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| DISTRICT | No. of Food poisoning |
|---|---|
| Thiruvananthapuram | 3 |
| Kollam | 3 |
| Pathanamthitta | 6 |
| Alappuzha | 9 |

| | |
|---|---|
| Kottayam | 12 |
| Idukki | 0 |
| Ernakulam | 27 |
| Thrissur | 14 |
| Palakkad | 0 |
| Malappuram | 9 |
| Kozhikkode | 6 |
| Wayanad | 1 |
| Kannur | 21 |
| Kasaragod | 1 |
| TOTAL | 112 |

കേസുകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷാ നിയമം പ്രകാരമുള്ള പ്രോസിക്യൂഷൻ, അഡ്ജ്യൂഡിക്കേഷൻ, അടക്കമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു+.

(സി) മേൽപ്പറഞ്ഞ കാലയളവിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം ചെയ്തതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭക്ഷ്യസുരക്ഷാ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്; സ്ഥാപനങ്ങളുടെ പേര് ഉൾപ്പെടെയുള്ള വിശദാംശം ജില്ല തിരിച്ച് നൽകാമോ?

വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു+.

**ഭക്ഷ്യസുരക്ഷ വിഭാഗം നടത്തിയ പരിശോധനകൾ**

229 (229) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022 ജനുവരി മുതൽ 2023 ജനുവരി വരെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഓരോ മാസവും ഓരോ ജില്ലയിലും ഭക്ഷ്യസുരക്ഷാ വിഭാഗം നടത്തിയ പരിശോധനകളുടെ എണ്ണം ജില്ല, മാസം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത പരിശോധനയിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ എത്രയെന്നും അവ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധനയിൽ വീഴ്ച കണ്ടെത്തിയ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 2-ഉം+ 3-ഉം ആയി ചേർക്കുന്നു+.

(സി) ഗുരുതരമായ വീഴ്ച കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഗുരുതരമായ വീഴ്ച കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തപക്ഷം നിയമപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് സ്ഥാപനത്തിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്യുന്നു. ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ഓഫീസർ പുനപരിശോധന നടത്തി ഷെഡ്യൂൾ IV-ലെ നിബന്ധനകൾ പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ഡെസിഗ്നേറ്റഡ് ഓഫീസർ ചുമത്തിയിരിക്കുന്ന പിഴ ഈടാക്കിയശേഷം മാത്രമാണ് സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ അനുവാദം നൽകുന്നത്.

(ഡി) ഇത്തരം പരിശോധനകൾ നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ ഓരോ ജില്ലയിലും എത്ര ഉദ്യോഗസ്ഥർ വീതമാണുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരം പരിശോധനകൾ നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിൽ സംസ്ഥാനതലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), മേഖലാതലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരും ജില്ലാതലത്തിൽ 14 ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുമുണ്ട്. കൂടാതെ 160 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരും വകുപ്പിലുണ്ട്. ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 19 |
| കൊല്ലം | 12 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 10 |
| കോട്ടയം | 10 |
| ഇടുക്കി | 5 |
| എറണാകുളം | 17 |
| തൃശ്ശൂർ | 14 |
| പാലക്കാട് | 13 |
| മലപ്പുറം | 17 |
| കോഴിക്കോട് | 16 |
| വയനാട് | 3 |
| കണ്ണൂർ | 12 |
| കാസർഗോഡ് | 6 |

## ഭക്ഷ്യവിഷബാധ തടയാൻ നടപടി

230 (230) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീമതി ദെലീമ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഭക്ഷ്യവിഷബാധയുണ്ടായ പശ്ചാത്തലത്തിൽ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും പരിശോധനകൾ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഭക്ഷ്യവിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കർശന പരിശോധനകൾ നടന്നുവരുന്നു. ക്രമക്കേടുകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമം പ്രകാരമുള്ള അഡ്ജൂഡിക്കേഷൻ, പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവയ്പ്പിക്കുന്നത്

ഉൾപ്പെടെ നടപടി സ്വീകരിക്കുന്നുണ്ട്. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500 രൂപ (മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന മയോണൈസ് റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നതിനാൽ റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുമാത്രമേ മയോണൈസ് നിർമ്മിക്കാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച്

ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു.

2023 ജനുവരി 1 മുതൽ 22 വരെ 6689 പരിശോധനകൾ നടത്തുകയും 218 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1114 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും 317 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 834 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 902 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ചെയ്തു.

(ബി) 2022-ലെ ക്രിസ്തുമസ് കാലയളവിൽ 'ഓപ്പറേഷൻ ഹോളിഡേ' എന്ന പേരിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് ക്രിസ്തുമസ് പുതുവത്സരം പ്രമാണിച്ച് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഓപ്പറേഷൻ ഹോളിഡേ എന്ന പേരിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് 20-12-2022 മുതൽ 31-12-2022 വരെ പരിശോധനകൾ നടത്തുകയുണ്ടായി. ഇതിൽ 28 മുതൽ 30 വരെയുള്ള

ദിവസങ്ങളിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് പ്രത്യേക പരിശോധനകൾ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയുമായി ബന്ധപ്പെട്ട് കേക്ക്, വൈൻ, മറ്റുള്ള ബേക്കറി വസ്തുക്കൾ നിർമ്മിക്കുന്ന ബോർമ്മകൾ, ബേക്കറി, മറ്റ് ചെറുകിട സംരംഭങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് 4864 പരിശോധനകൾ നടത്തുകയും 525 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 26 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 276 സ്ഥാപനങ്ങൾക്ക് പിഴ അടയ്ക്കുന്നതിനുള്ള നോട്ടീസ് നൽകുകയും 337 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയമായ പരിശോധനകൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലാബുകളിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭക്ഷണത്തിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് പരാതി നൽകുന്നതിന് പൊതുജനങ്ങൾക്ക് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ നേരിട്ട് നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത്

നിലവിലുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ (തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങൾ, 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയങ്ങൾ, നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ) നേരിട്ടെത്തിയോ, ടെലഫോൺ മുഖേനയോ, ഇ-മെയിൽ മുഖേനയോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേനയോ പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച പരാതികൾ അറിയിക്കാവുന്നതാണ്. ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. സംസ്ഥാനത്തെ ഹോട്ടലുകളെ ശുചിത്വം, ഭക്ഷണ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരസ്യപ്പെടുത്തുന്ന Hygiene Rating എന്ന പദ്ധതി Food Safety and Standards Authority of India (FSSAI) നടപ്പിലാക്കിയിട്ടുണ്ട്. ഇത്

പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്യുന്നതിനായി C-DIT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ**

231 (231) ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമായും അതിലൂടെ സുരക്ഷിതവും ഗുണനിലവാരവുമുള്ളതായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിക്കുന്നുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2011-ലെ റൂൾസ് ആൻഡ് റെഗുലേഷൻസ് പ്രകാരം 2013-ൽ രൂപീകൃതമായ സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ,

ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു. നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിനിലുൾപ്പെടുത്തി ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301

സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധനാ വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ

വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരികയും ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ തുടങ്ങിയ ഭക്ഷണസാധനങ്ങൾ പാകം ചെയ്ത് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ചർച്ചനടത്തുകയും അവരുടെ സഹകരണത്തോടുകൂടി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുമുണ്ടായി. അതനുസരിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തുക, ജീവനക്കാർ FoSTaC ട്രെയിനിംഗ് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക, സ്ഥാപനങ്ങളുടെ ഹൈജീൻ മോണിറ്റർ ചെയ്യുന്നതിന് ഒരാളെ ചുമതലപ്പെടുത്തുക, എല്ലാ സ്ഥാപനങ്ങളും ഹൈജീൻ റേറ്റിംഗ് സർട്ടിഫിക്കറ്റ് നേടുക, ഭക്ഷ്യ സുരക്ഷ ലൈസൻസും ഭക്ഷ്യസുരക്ഷാ ടോൾ ഫ്രീ നമ്പറും വ്യക്തമായി പ്രദർശിപ്പിക്കുക കൃത്രിമ കളറുകൾ പൂർണ്ണമായും ഒഴിവാക്കുക തുടങ്ങി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ട തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കിവരുന്നു. അതോടൊപ്പം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പരിശോധനകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി തദ്ദേശസ്വയംഭരണ

വകുപ്പുമായി സഹകരിച്ച് പരസ്പരധാരണയോടെ പ്രവർത്തിക്കുന്നതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതനുസരിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽപ്പെടുന്ന ഹോട്ടൽ/റെസ്റ്റോറന്റ് ഉൾപ്പെടെയുള്ള ഭക്ഷ്യവിതരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശീലനം പഞ്ചായത്തുതലത്തിൽ നൽകുന്നതിനും ഒരുമിച്ച് പ്രവർത്തിക്കുന്നതിനും പരിസരശുചിത്വമില്ലാതെ പ്രവർത്തിക്കുന്ന തട്ടുകടകൾ ഉൾപ്പെടെയുള്ള ഭക്ഷണശാലകൾ മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഭക്ഷ്യ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിനുള്ള പ്രചരണ പരിപാടികൾ പഞ്ചായത്തുതലത്തിൽ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ശുദ്ധവും വൃത്തിയും ഗുണനിലവാരമുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ്

ഹൈജീൻ റേറ്റിംഗ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യം അറിയുന്നതിനുള്ള മൊബൈൽ ആപ്പ് വികസിപ്പിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. പരമാവധി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ട്രെയിനിംഗുകൾ നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 10 ജീവനക്കാരുള്ള ഹോട്ടലിൽ ട്രെയിനിംഗ് കഴിഞ്ഞ ഒരാളെങ്കിലും ഉണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്ന മയോണൈസിൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന്

കണ്ടതിനാൽ റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവവരികയും ചെയ്യുന്നു.

(ബി) നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ ചില ഭക്ഷ്യ സ്ഥാപനങ്ങൾ ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ

കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 26-09-2022 മുതൽ 30-09-2022 വരെ നടപ്പിലാക്കിയ സ്പെഷ്യൽ ഡ്രൈവാണ് ഓപ്പറേഷൻ ഫോസ്കോസ്. ഇതിന്റെ ഭാഗമായി 5764 പരിശോധനകൾ നടത്തുകയും 564 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 406 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 260 ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ വകുപ്പിൽ 343302 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നേടിയും 45173 സ്ഥാപനങ്ങൾ ലൈസൻസ് നേടിയും പ്രവർത്തിക്കുന്നുണ്ട്.

(സി) ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും അവയുടെ പേര് വിവരങ്ങൾ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം

ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പരിശോധന നടക്കുന്നുണ്ട്. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500 രൂപ (മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് 2023 ജനുവരി 1 മുതൽ 22 വരെ 6689 പരിശോധനകൾ നടത്തുകയും 218 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1114 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും 317 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 834 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 902 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ചെയ്തു. വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ ലാബ് പരിശോധനയിൽ Unsafe, Substandard ആകുന്ന സാഹചര്യങ്ങളിൽ ഇവസംബന്ധിച്ച വിവരം വകുപ്പിന്റെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ സുരക്ഷിതമല്ലാത്ത ഭക്ഷണം നൽകിയതിന് നടപടികൾ സ്വീകരിക്കുന്ന അവസരത്തിലും പ്രസ്തുത ഹോട്ടലുകളുടെ പേരുവിവരം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കാറുണ്ട്.

(ഡി) ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് എത്തുന്ന മാംസം, മത്സ്യം, പാൽ എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വിശദമാക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കെത്തുന്ന മാംസം, മത്സ്യം, പാൽ എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു;

ഓപ്പറേഷൻ മത്സ്യ

മത്സ്യത്തിലെ രാസസാന്നിദ്ധ്യം കണ്ടെത്തുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഓപ്പറേഷൻ മത്സ്യ'. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യമൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ

സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി മത്സ്യ പരിശോധനകൾ നടത്തിവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8307 മത്സ്യ പരിശോധനകൾ നടത്തുകയും 494 നോട്ടീസുകൾ നൽകുകയും 20000 കിലോ ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പാൽ പരിശോധന

അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്നതുൾപ്പെടെ കേരളത്തിൽ വിൽപ്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മാർക്കറ്റുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് പാലിന്റെ പരിശോധന നടത്തിവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 3493 പരിശോധനകൾ നടത്തുകയും 348 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 934 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. ലാബ് പരിശോധനയിൽ 3 സാമ്പിളുകൾ Unsafe ആയും 20 എണ്ണം Substandard ആയും 5 എണ്ണം Misbranded ആയും കണ്ടെത്തുകയുണ്ടായി.

**ഹോട്ടൽ ഭക്ഷണങ്ങളുടെ ഗുണനിലവാരം**

232 (232) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം :

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2011-ലെ റൂൾസ് ആൻഡ് റെഗുലേഷൻസ് പ്രകാരം 2013-ൽ രൂപീകൃതമായ സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിരന്തരം പരിശോധനകൾ നടത്തിവരുന്നു. നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള

കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന

പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500 രൂപ (മുപ്പത്തിആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന മയോണൈസ് റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നതിനാൽ റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുമാത്രമേ മയോണൈസ് നിർമ്മിക്കാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച്

ഉപയോഗിക്കുന്നതായി മനസിലാക്കിയതിന്റെയടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു. 2023 ജനുവരി 1 മുതൽ 22 വരെ 6689 പരിശോധനകൾ നടത്തുകയും 218 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1114 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും 317 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 834 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 902 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ചെയ്തു. കൂടാതെ ഭക്ഷ്യവിഷബാധപോലുള്ള അടിയന്തരഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായിതന്നെ തടയുന്നതിനായി രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷണം സൂക്ഷിക്കുന്ന സ്ഥലത്തെ വൃത്തിയില്ലായ്മ, പഴകിയ ഭക്ഷണത്തിന്റെ വിൽപ്പന, ഭക്ഷണത്തിൽ നിറം ചേർക്കൽ തുടങ്ങിയവ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഭക്ഷണം സൂക്ഷിക്കുന്ന സ്ഥലത്തെ വൃത്തിയില്ലായ്മ, പഴകിയ ഭക്ഷണത്തിന്റെ വിൽപ്പന, ഭക്ഷണത്തിൽ നിറം ചേർക്കൽ തുടങ്ങിയവ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു.

(സി) ആരോഗ്യത്തിന് ദോഷകരമായ ഭക്ഷണം വിൽക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പരിശോധനയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഗുണനിലവാരം പാലിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുന്നതാണ്. സാമ്പിൾ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും

നിലവാരമില്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

233 (233) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ് :
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ പൊതുജനങ്ങളിൽ എത്തുന്നില്ലെന്ന് ഉറപ്പാക്കുന്നതിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലൈസൻസുള്ള ഭക്ഷ്യസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനുള്ള ഇടവേള നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് ഭക്ഷ്യ വ്യവസായ സ്ഥാപനങ്ങളിൽ നിരന്തരമായ പരിശോധനകളാണ് നടത്തുന്നത്. പരിശോധനകളിൽ കാണപ്പെടുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനായി ആവശ്യമായ നോട്ടീസ്

നൽകുകയും പൊതുജനാരോഗ്യത്തെ ബാധിക്കുന്നതരത്തിൽ വൃത്തിഹീനമായി കാണപ്പെടുകയോ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കാതെയോ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം ന്യൂനതകൾ പരിഹരിക്കുന്നതുവരെ നിർത്തിവയ്പ്പിക്കുകയും ചെയ്യുന്നു. ഭക്ഷ്യ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് ഇടവേള നിർദ്ദേശിച്ചിട്ടില്ല.

(സി) രജിസ്ട്രേഷനുള്ള കാറ്ററിംഗ് സ്ഥാപനങ്ങൾ വർഷംതോറും പരിശോധിക്കണമെന്ന വ്യവസ്ഥ വകുപ്പ് പാലിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കാറ്ററിംഗ് സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള എല്ലാ ഭക്ഷ്യ നിർമ്മാണ/സംഭരണ/വിതരണ/വില്പന സ്ഥാപനങ്ങളും ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷനെടുത്ത് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തങ്ങൾ**

234 (234) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഷബാധമൂലം മരണം സംഭവിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2011 ആഗസ്റ്റ് 5 മുതൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരുന്നു. നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച്

നടപടി സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടന്നുവരുന്നു. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000 രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും

ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധനാ വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരികയും അതിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് കാര്യക്ഷമമായി പരിശോധനകളും നടപടികളും നടന്നുവരുന്നു. നിലവിൽ ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തികയും ഒരു മിനിസ്റ്റീരിയൽ സ്റ്റാഫ് തസ്തികയുമാണുള്ളത്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കൂടുതൽ തസ്തിക അനുവദിക്കണമെന്ന ശിപാർശകളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഭക്ഷ്യവിഷബാധമൂലം അനിഷ്ട സംഭവങ്ങൾ നടന്നശേഷം മാത്രമേ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ കാര്യക്ഷമമായി നടത്തുന്നുള്ളൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടന്നുവരുന്നു. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കി തുടങ്ങിയ 2012-13 വർഷത്തിൽ 6358-ഉം 2013-14-ൽ 358 പരിശോധനകളാണ് നടത്തിയിട്ടുള്ളത്. എന്നാൽ 2016

മുതൽ ക്രമാനുഗതമായി പരിശോധനകൾ വർദ്ധിച്ച് 2022-ൽ 59529 എണ്ണത്തിൽ എത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഭക്ഷ്യ സ്ഥാപനങ്ങളിൽ നിരന്തരമായ പരിശോധനകളും തുടർനടപടികളുമാണ് സ്വീകരിച്ചുവരുന്നത്.

**ഭക്ഷ്യസുരക്ഷാ ലൈസൻസ് ഫീസുകൾ**

235 (235) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം, സംഭരണം, വിൽപ്പന എന്നിവ നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാണോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്.

(ബി) ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം, സംഭരണം, വിൽപ്പന എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്;

(സി) ഇതിൽ രജിസ്ട്രേഷനും ലൈസൻസും നേടിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം എത്ര വീതം ആണെന്ന് അറിയിക്കുമോ?

(ബി&സി) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിൽനിന്നും 343302 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നേടിയും 45173 സ്ഥാപനങ്ങൾ ലൈസൻസ് നേടിയും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും ലൈസൻസിനുമായി സ്ഥാപനങ്ങളിൽനിന്ന് ഈടാക്കുന്ന ഫീസുകളുടെ വിശദാംശം ലഭ്യമാക്കുമോ; അടയ്ക്കുന്ന വേളയിൽ എത്ര കാലയളവിലേയ്ക്കുള്ള ഫീസാണ് ഓരോ സ്ഥാപനത്തിൽനിന്നും ഈടാക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ?

പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റായ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽനിന്നും

ലൈസൻസ്/രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100 രൂപയും ലൈസൻസിന് 2000 രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഒന്നിച്ച് ഫീസടച്ച് പരമാവധി 5 വർഷത്തേയ്ക്ക് രജിസ്ട്രേഷൻ നേടാവുന്നതാണ്. എന്നാൽ ലൈസൻസ് നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് മാത്രമാണ് അനുവദിക്കുന്നത്.

(ഇ) ചെറുകിട സ്ഥാപനങ്ങൾ ആരംഭിച്ച് ജീവിതമാർഗ്ഗം കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്ക് ഇത്തരത്തിൽ തുടക്കത്തിലെ വൻതുകകൾ ഫീസിനത്തിൽ അടയ്ക്കേണ്ടി വരുന്നത് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ചെറുകിട സംരംഭകരുടെ കാര്യത്തിൽ ഫീസുകളിൽ ഇളവ് വരുത്തി ഇത്തരക്കാരെ കൂടി രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ് ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ/ലൈസൻസ് എന്നിവയുടെ ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100 രൂപയും ലൈസൻസിന് 2000 രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്.

പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. ഫീസിളവ് സംബന്ധിച്ച തീരുമാനം കേന്ദ്ര ഭക്ഷ്യ സുരക്ഷ അതോറിറ്റി തലത്തിലാണ് എടുക്കേണ്ടത്.

**ഭക്ഷ്യവിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും**

236 (236) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ :
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭക്ഷ്യവിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ

നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/-രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/-രൂപ (ഏഴ് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ

പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരികയും അതിന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഭക്ഷണസാധനങ്ങൾ പാകം ചെയ്ത് വിൽപ്പന നടത്തുന്ന ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ സഹകരണത്തോടുകൂടി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുമുണ്ടായി. അതനുസരിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തുക, ജീവനക്കാർ FoSTaC ട്രെയിനിംഗ് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക, സ്ഥാപനങ്ങളുടെ ഹൈജീൻ മോണിറ്റർ

ചെയ്യുന്നതിന് ഒരാളെ ചുമതലപ്പെടുത്തുക, എല്ലാ സ്ഥാപനങ്ങളും ഹൈജീൻ റേറ്റിംഗ് സർട്ടിഫിക്കറ്റ് നേടുക, ഭക്ഷ്യ സുരക്ഷ ലൈസൻസും ഭക്ഷ്യസുരക്ഷാ ടോൾ ഫ്രീ നമ്പറും വ്യക്തമായി പ്രദർശിപ്പിക്കുക, കൃത്രിമ കളറുകൾ പൂർണ്ണമായും ഒഴിവാക്കുക തുടങ്ങി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ട തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിവരുന്നു. അതോടൊപ്പം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പരിശോധനകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് പരസ്പരധാരണയോടെ പ്രവർത്തിക്കുന്നതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതനുസരിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽപ്പെടുന്ന ഹോട്ടൽ/റെസ്റ്റോറന്റ് ഉൾപ്പെടെയുള്ള ഭക്ഷ്യവിതരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശീലനം പഞ്ചായത്ത്തലത്തിൽ നൽകുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്നതിനും പരിസരശുചിത്വമില്ലാതെ പ്രവർത്തിക്കുന്ന തട്ടുകടകൾ ഉൾപ്പെടെയുള്ള ഭക്ഷണശാലകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഭക്ഷ്യ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിനുള്ള പ്രചരണ

പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ച് വരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്ന മയോണൈസിൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ടതിനാൽ റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസോ അല്ലെങ്കിൽ പാസ്ച്യൂറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് കാണിച്ച്

ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വരികയുംചെയ്യുന്നു. സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യ വിഷബാധപോലുള്ള അടിയന്തരഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായിത്തന്നെ തടയുന്നതിനായി രഹസ്യ സ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ലൈസൻസും ശുചിത്വവും ഇല്ലാത്ത കടകളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ പല ഭക്ഷ്യ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 26-09-2022 മുതൽ 30-09-2022 വരെ നടപ്പിലാക്കിയ സ്പെഷ്യൽ ഡ്രൈവാണ് ഓപ്പറേഷൻ

ഫോസ്കോസ്. ഇതിന്റെ ഭാഗമായി 5764 പരിശോധനകൾ നടത്തുകയും 564 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 406 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 260 ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ വകുപ്പിൽനിന്നും 343302 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നേടിയും 45173 സ്ഥാപനങ്ങൾ ലൈസൻസ് നേടിയും പ്രവർത്തിക്കുന്നുണ്ട്. രജിസ്ട്രേഷനില്ലാത്ത ചെറുകിട കച്ചവടക്കാർക്ക് നോട്ടീസ് നൽകി പിഴ ഈടാക്കുകയും എന്നാൽ ലൈസൻസോടുകൂടി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾക്ക് ലൈസൻസില്ലാത്തപക്ഷം ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 63 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുംവരുന്നു. പരിശോധനയിൽ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന തരത്തിൽ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്തതരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ന്യൂനതകൾ പരിഹരിക്കുന്നതുവരെ താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ചെയ്യുന്നു.

(സി) ലൈസൻസിന് അപേക്ഷ നൽകി 60 ദിവസത്തിനകം തീരുമാനമെടുത്തില്ലെങ്കിൽ കടകൾക്ക് പ്രവർത്തിക്കാം എന്ന വ്യവസ്ഥ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് നിയമത്തിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ലൈസൻസ് ലഭ്യമാകുന്നതിനെടുക്കുന്ന കാലതാമസം മുതലെടുത്തുകൊണ്ട് കടകൾ പ്രവർത്തിക്കുന്ന സാഹചര്യം തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) Foscos സൈറ്റ് വഴി രജിസ്ട്രേഷന് അപേക്ഷ നൽകി കഴിഞ്ഞാൽ വകുപ്പ് ഏഴ് ദിവസത്തിനുള്ളിൽ അപേക്ഷ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിവരുന്നു. എന്നാൽ ഏഴ് ദിവസത്തിനുള്ളിൽ പ്രോസസ്സിംഗ് തുടങ്ങിയില്ലെങ്കിൽ എട്ടാമത്തെ ദിവസം രജിസ്ട്രേഷൻ auto generate ആകും. Foscos സൈറ്റ് വഴി ലൈസൻസിന് അപേക്ഷ നൽകിക്കഴിഞ്ഞാൽ വകുപ്പ് 30 ദിവസത്തിനുള്ളിൽ അപേക്ഷ പരിശോധിച്ച് ലൈസൻസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. എന്നാൽ 30 ദിവസത്തിനുള്ളിൽ പ്രോസസിംഗ് തുടങ്ങിയില്ലെങ്കിൽ 30 ദിവസം കഴിഞ്ഞ് ലൈസൻസ് auto generate ആകും. പ്രോസസിംഗ് തുടങ്ങിക്കഴിഞ്ഞാൽ 60 ദിവസത്തിനുള്ളിൽ ലൈസൻസ് നൽകിയില്ലെങ്കിൽ ലൈസൻസ് auto

generate ആകും. എന്നാൽ ഇത്തരത്തിൽ ലൈസൻസ് രജിസ്ട്രേഷൻ auto generate ആകാതെ സമയബന്ധിതമായി ലൈസൻസ് രജിസ്ട്രേഷൻ നൽകി നിയമപരമായി സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കാൻ നടപടി**

237 (237) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഏറെ ആശങ്കകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യവസ്തുക്കൾ പരിശോധിക്കാൻ ആവശ്യമായ ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട ജില്ലയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും നിലവിലുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ഒരു പുതിയ റീജിയണൽ അനലിറ്റിക്കൽ ലാബ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ

തുടങ്ങുകയും ലാബിന്റെ പ്രവർത്തനം താൽക്കാലിക കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.

(ബി) പതിമൂന്നാം കേരള നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി സമർപ്പിച്ച പതിനൊന്നാമത് റിപ്പോർട്ടിൽ ഓരോ ജില്ലയിലും അക്രെഡിറ്റഡ് ഫുഡ് അനലിറ്റിക്കൽ ലാബുകൾ സജ്ജമാക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്.

(സി) മലപ്പുറം ജില്ലയിൽ ഭക്ഷ്യവസ്തുക്കൾ പരിശോധിക്കാൻ ആവശ്യമായ ഭക്ഷ്യസുരക്ഷാ ലാബ് സ്ഥാപിക്കാൻ മലപ്പുറം ജില്ലാ പഞ്ചായത്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) മലപ്പുറം നിയോജകമണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് സ്ഥലവും കെട്ടിടവും ലഭ്യമാക്കാമെന്നറിയിച്ചിട്ടും ലാബിന് അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എത്രയും വേഗം ആവശ്യമായ ജീവനക്കാരെ നിയമിച്ച് ലാബിന്റെ പ്രവർത്തനം ആരംഭിക്കുമോ?

(സി&ഡി) മലപ്പുറം ജില്ലയിൽ ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിന് ആവശ്യമായ ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഹോട്ടൽ ഭക്ഷണത്തിൽനിന്നുണ്ടായ അണുബാധ**

238 (238) ശ്രീ. പി. കെ. ബഷീർ:
ശ്രീ . മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം സംക്രാന്തിയിലുള്ള ഹോട്ടലിലെ ഭക്ഷണത്തിൽനിന്നും അണുബാധയുണ്ടായി രശ്മി രാജൻ എന്ന യുവതി മരിക്കാനിടയായ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോട്ടയം മുനിസിപ്പാലിറ്റിയിൽ സംക്രാന്തിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഹോട്ടൽ പാർക്ക് (മലപ്പുറം കുഴിമന്തി) എന്ന സ്ഥാപനത്തിൽനിന്നും

21-12-2022-ന് ഭക്ഷണം കഴിച്ച നിരവധി പേർക്ക് ഭക്ഷ്യ വിഷബാധയുണ്ടായിയെന്ന് 30-12-2022-ന് നിരവധി പരാതികൾ ലഭിച്ചതിനെത്തുടർന്ന് കോട്ടയം ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം കോട്ടയം സർക്കിൾ ഭക്ഷ്യസുരക്ഷാ ഓഫീസർ ടി സ്ഥാപനം പരിശോധന നടത്തി അവിടെ കണ്ടെത്തിയ ന്യൂനതകളുടെയും തുടർച്ചയായുള്ള പരാതികളുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം സ്ഥാപനം അടച്ചുപൂട്ടുകയുണ്ടായി. 31-12-2022-ൽ കോട്ടയം ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ പ്രത്യേക സ്ക്വാഡ് KIMS Health Hospital സന്ദർശിച്ച് രോഗികളുടെയും ഡോക്ടർമാരുടെയും മൊഴി ശേഖരിക്കുകയും ചെയ്തു. ടി ഹോട്ടലിന്റെ അടുക്കള പ്രവർത്തിച്ചിരുന്നത് മറ്റൊരിടത്താണെന്ന് വിവരം ലഭിച്ചതിനെത്തുടർന്ന് സംക്രാന്തി മെഡിക്കൽ കോളേജ് റോഡിലുള്ള സ്ഥാപനത്തിന്റെ അടുക്കള സന്ദർശിക്കുകയും ആയത് പൂട്ടിക്കിടക്കുകയാണെന്ന് ശ്രദ്ധയിൽപ്പെടുകയും ചെയ്തു. 31-12-2022-ൽ കോട്ടയം ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ ടി സ്ഥാപനത്തിന്റെ

ലൈസൻസ് സസ്പെന്റ് ചെയ്തു. ടി സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ഹോട്ടലും ഹോട്ടലിൽ നിന്നുമാറി മറ്റൊരു സ്ഥലത്ത് സ്ഥിതിചെയ്യുന്ന അടുക്കളയും പരിശോധന നടത്തി. പരിശോധനയിൽ അടുക്കള വൃത്തിരഹിതമായ സാഹചര്യത്തിൽ ശ്രദ്ധയിൽപ്പെട്ടു. മലിനജലം ഒഴുക്കുന്നതിന് ശാസ്ത്രീയ സംവിധാനമുണ്ടായിരുന്നില്ല. രോഗബാധിതരായവരെ സർവൈലൻസിന് വിധേയമാക്കുകയും Stool Sample test-ന് വിധേയമാക്കുകയും ചെയ്യുവെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ്, കോമ്പൗണ്ടിംഗ് നോട്ടീസ് എന്നിവ നൽകുകയും പിഴ ചുമത്തുകയും

ചെയ്യുന്നു. കൂടാതെ പരിശോധനകളുടെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി പരിശോധനാഫലം ലഭിക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും Substandard/Misbranded ആയി പരിശോധനാഫലം ലഭിക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തുവരുന്നു. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യോൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിംഗ് വഴി ഇതുവരെ 45000-ത്തിലധികം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ ഭക്ഷണശാലകളിലെയും ഒരു സൂപ്പർവൈസർക്കാണ് പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിംഗ്, ഹൈറിസ്ക്

ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. കൂടുതൽ പരിശീലന പരിപാടികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെകൂടി സഹകരണത്തോടെ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യവിഷബാധപോലുള്ള അടിയന്തരഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികളെടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കളെത്തുന്നതിന് മുമ്പായിതന്നെ തടയുന്നതിനായി രഹസ്യ സ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആരോഗ്യ വകുപ്പ് ഡയറക്ടറും ഭക്ഷ്യവിഷബാധ തടയുന്നതിനായി ആർ.ആർ.ടി മീറ്റിംഗ് വിളിക്കുകയും എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഗൃഹസന്ദർശനം, കിണറുകളിൽ ക്ലോറിനേഷൻ, ബോധവൽക്കരണം എന്നിവയും എല്ലാ വെള്ളിയാഴ്ചയും ഹോട്ടലുകളിൽ ഇൻസ്പെക്ഷൻ ക്യാമ്പയിനും നടത്തിവരുന്നു.

(സി) ഇത്തരം സാഹചര്യങ്ങളിൽ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ടി വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല. കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച കണ്ടെത്തുന്ന സാഹചര്യങ്ങളിൽ കുറ്റാരോപിതർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**മായം കലർന്ന ഭക്ഷണം കണ്ടെത്തുന്നതിനുള്ള നടപടികൾ**

239 (239) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2011-ലെ റൂൾസ് ആൻഡ് റെഗുലേഷൻസ് എന്നിവ പ്രകാരം രൂപീകൃതമായ സംസ്ഥാന ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ

മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി

അറുപത്തിഅയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും ജില്ലകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യവസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരികയും അതിന്റെയടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇവകൂടാതെ ഉത്സവ സീസണുകളിലും ആഘോഷവേളകളിലും മറ്റും സ്ഥിരമായി വകുപ്പ് നടത്തിവരുന്ന പരിശോധനകൾക്കുപുറമേ ചില പ്രത്യേക വിഷയങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും

നടത്തിവരുന്നു. സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യവിഷബാധപോലുള്ള അടിയന്തരഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികളെടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിനുമുമ്പായിതന്നെ തടയുന്നതിനുമായി രഹസ്യ സ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഭക്ഷ്യവിഷബാധപോലുള്ള അടിയന്തര സാഹചര്യത്തിൽ ടാസ്ക്ഫോഴ്സ് ടീം അതിന്റെ അന്വേഷണം, തുടർനടപടികൾ, റിപ്പോർട്ടിംഗ് എന്നിവ നടത്തുന്നതാണ്. ഭക്ഷ്യവിഷബാധയുടെ റിപ്പോർട്ടും പ്രത്യേക അന്വേഷണം നടത്തുന്ന റിപ്പോർട്ടും കാലതാമസം വരുത്താതെ കമ്മീഷണറുടെ ഓഫീസിൽ അയക്കുന്നതുമാണ്. ഈ സംവിധാനത്തിന്റെയും ഓഫീസിന്റെയും പ്രവർത്തനം ആറ് മാസത്തിലൊരിക്കൽ വിലിയിരുത്തുന്നതും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതുമാണ്. സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഭക്ഷണസാധനങ്ങൾ പാകം ചെയ്ത് വിൽപ്പന നടത്തുന്ന ഹോട്ടലുകൾ/റസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സംഘടനാ

പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെകൂടി സഹകരണത്തോടുകൂടി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുമുണ്ടായി. അതനുസരിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തുക, ജീവനക്കാർ FoSTaC ട്രെയിനിംഗ് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക, സ്ഥാപനങ്ങളുടെ ഹൈജീൻ മോണിറ്റർ ചെയ്യുന്നതിന് ഒരാളെ ചുമതലപ്പെടുത്തുക, എല്ലാ സ്ഥാപനങ്ങളും ഹൈജീൻ റേറ്റിംഗ് സർട്ടിഫിക്കറ്റ് നേടുക, ഭക്ഷ്യ സുരക്ഷ ലൈസൻസും ഭക്ഷ്യസുരക്ഷാ ടോൾ ഫ്രീ നമ്പറും വ്യക്തമായി പ്രദർശിപ്പിക്കുക, കൃത്രിമ കളറുകൾ പൂർണ്ണമായും ഒഴിവാക്കുക തുടങ്ങി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ട തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിവരുന്നു. അതോടൊപ്പം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പരിശോധനകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് പരസ്പരധാരണയോടെ പ്രവർത്തിക്കുന്നതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗംചേർന്ന് ആവശ്യമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതനുസരിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽപ്പെടുന്ന ഹോട്ടൽ/റെസ്റ്റോറന്റ് ഉൾപ്പെടെയുള്ള ഭക്ഷ്യവിതരണ സ്ഥാപനങ്ങളുടെ

വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശീലനം പഞ്ചായത്തുതലത്തിൽ നൽകുന്നതിനും ഒരുമിച്ചുപ്രവർത്തിക്കുന്നതിനും പരിസര ശുചിത്വമില്ലാതെ പ്രവർത്തിക്കുന്ന തട്ടുകടകൾ ഉൾപ്പെടെയുള്ള ഭക്ഷണശാലകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഭക്ഷ്യസുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിനുള്ള പ്രചരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ശുദ്ധവും വൃത്തിയും ഗുണനിലവാരമുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഹൈജീൻ റേറ്റിംഗ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 800-ലധികം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യം അറിയുന്നതിനുള്ള മൊബൈൽ ആപ്പ് വികസിപ്പിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. പരമാവധി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ

കൊണ്ടുവരുന്നതിനും ട്രെയിനിംഗുകൾ നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 10 ജീവനക്കാരുള്ള ഹോട്ടലിൽ ട്രെയിനിംഗ് കഴിഞ്ഞ ഒരാളെങ്കിലും ഉണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്ന മയോണൈസിൽ സൂക്ഷ്മാണുക്കൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ടതിനാൽ റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസോ അല്ലെങ്കിൽ പാസ്ച്യൂറൈസ്ഡ് എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതായി

മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും കൂടാതെ അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചുവരികയും ചെയ്യുന്നു.

(ബി) ഹോട്ടലുകളിലും മറ്റ് ഭക്ഷ്യോല്പാദക സ്ഥാപനങ്ങളിലും മായം കലർന്ന ഭക്ഷണം കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഭക്ഷ്യവിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി ഭക്ഷണം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തരം പരിശോധനകൾ നടന്നുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500/- രൂപ (മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു.

**ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി**

240 (240) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന പാലിൽ മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ കീഴിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത്; ക്ഷീരവികസന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പിടികൂടുന്ന മായം കലർന്ന പാൽ യഥാസമയം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബുകളിൽ എത്തിച്ച് പരിശോധന നടത്തുവാൻ സാധിക്കാത്തതിനാൽ മായം കലർത്തിയത് കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മറ്റ് സംസ്ഥാനങ്ങളിൽനിന്നുൾപ്പെടെ സംസ്ഥാനത്തേയ്ക്കെത്തുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ

കേന്ദ്രീകരിച്ച് ശേഖരിക്കുന്നതുൾപ്പെടെയുള്ള പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലെത്തിച്ച് പരിശോധനകൾ നടത്തുന്നതിൽ കാലതാമസവും വീഴ്ചയുമുണ്ടായിട്ടില്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ എല്ലാ ബ്ലോക്കുകളിലും ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ ബ്ലോക്ക് തലത്തിലും ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രാദേശികതലത്തിൽ കൂടുതൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിലവിൽ അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ സർക്കിൾ രൂപീകരിച്ച് ഒരു ഭക്ഷ്യസുരക്ഷാ സർക്കിളിൽ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ എന്ന നിലയിലാണ് നിയോഗിച്ചിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനും അതിലൂടെ പരിശോധനാ

സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

**ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

241 (241) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവർ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമമനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ പല ഭക്ഷ്യ സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവരെ ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. 2022 ഏപ്രിൽ

മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 260 ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. കൂടാതെ ഭക്ഷ്യസംരംഭകരെ ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് 26-09-2022 മുതൽ 30-09-2022 വരെ ആവിഷ്കരിച്ച് നടപ്പിലാക്കിയ സ്പെഷ്യൽ ഡ്രൈവാണ് ഓപ്പറേഷൻ ഫോസ്കോസ്. ഇതിന്റെ ഭാഗമായി 5764 പരിശോധനകൾ നടത്തുകയും 564 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 406 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിൽനിന്നും 343302 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നേടിയും 45173 സ്ഥാപനങ്ങൾ ലൈസൻസ് നേടിയും പ്രവർത്തിച്ചുവരുന്നു.

(ബി) ഭക്ഷ്യവസ്തുക്കളിൽ ഹാനികരമായ മായം ചേർക്കൽ, പഴകിയ ഭക്ഷണം നൽകുന്ന സാഹചര്യം, രാസവസ്തുക്കൾ കലർത്തൽ എന്നിവ തടഞ്ഞ് സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാവിഭാഗം നടപ്പാക്കിവരുന്ന നടപടികൾ വിശദമാക്കാമോ?

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2011-ലെ റൂൾസ് ആൻഡ് റെഗുലേഷൻസ് പ്രകാരം രൂപീകൃതമായ സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ,

ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- രൂപ (ഒരു കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും 301 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ

കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300 രൂപ (ഏഴ് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തിയയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യസാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ ഓരോ മാസവും ജില്ലകളിൽനിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകുകയും അതിന്റെയടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) 2016-2021 കാലഘട്ടത്തിലെ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന സി. ആൻഡ് എ. ജി. റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2016-2021 കാലഘട്ടത്തിലെ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് സി.എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളടങ്ങിയ സി.എ.ജി.-യുടെ റിപ്പോർട്ടിന്മേലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ മറുപടി സർക്കാർ പരിശോധിച്ചുവരുന്നു.

**അരുവിക്കര മണ്ഡലത്തിലെ ഹോട്ടലുകളിലെയും ബേക്കറികളിലെയും ഭക്ഷണത്തിന്റെ ഗുണനിലവാരം**

242 (242) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിലെ ഹോട്ടലുകളിലും ബേക്കറികളിലും നിന്നും

വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വിഭാഗം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പരിശോധനകൾ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനകളുടെ ഭാഗമായി 72 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 767 സർവൈലൻസ് സാമ്പിളുകളും ശേഖരിച്ചിട്ടുണ്ട്. കുറ്റക്കാർക്കെതിരെ അഞ്ച് അഡ്ജ്യൂഡിക്കേഷൻ കേസുകളും നാല് പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. 72500 രൂപ പിഴ ചുമത്തുകയും ചെയ്തു.

**ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിയ പരിശോധനകൾ**

243 (243) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ എന്തെല്ലാം മാരകമായ വിഷപദാർത്ഥങ്ങളാണ് ഭക്ഷണത്തിൽ ചേർത്തിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ പച്ചക്കറികളിൽ Acephate പോലുള്ള കീടനാശിനിയുടെ സാന്നിദ്ധ്യവും പഴവർഗ്ഗങ്ങളിൽ Primathanil പോലുള്ള Acetamiprid കീടനാശിനിയും ഡ്രൈഫ്രൂട്ട്സിൽ Chlorpyriphos, Carbendazin, Thiamethoxan എന്നീ കീടനാശിനികളും മസാല പൊടികളിൽ Etofenprox, Aflatoxin B1 തുടങ്ങിയ വിഷപദാർത്ഥങ്ങളുടെ സാന്നിദ്ധ്യവും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരം ഉല്പന്നങ്ങൾ വിതരണം നടത്തിയ കമ്പനികൾക്കെതിരെയും ഭക്ഷണസാധനങ്ങൾ വിതരണം നടത്തിയ സ്ഥാപനങ്ങൾക്കെതിരെയും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മനുഷ്യാരോഗ്യത്തിന് ഹാനികരമാകുന്ന രാസവസ്തുക്കൾ കലർന്ന ഭക്ഷണ സാധനങ്ങൾ നിർമ്മിച്ചവർക്കെതിരെയും വിൽപ്പന നടത്തിയവർക്കെതിരെയും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം വിഷപദാർത്ഥങ്ങൾ മനുഷ്യരിൽ ഉണ്ടാക്കാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഇത്തരം വിഷപദാർത്ഥങ്ങൾ മനുഷ്യരിൽ ഉണ്ടാക്കാനിടയുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ഡി) നിലവിലുള്ള നിയമം കൊണ്ടുമാത്രം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയിടുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നിയമനടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യോൽപ്പാദകർക്കായി നിരവധി പരിശീലന പരിപാടികളും ഉപഭോക്താക്കൾക്കായി അനേകം ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സുരക്ഷിതമല്ലാത്ത ഭക്ഷണ സാധനങ്ങൾ വിറ്റാൽ 6 മാസം മുതൽ 6 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ പിഴയും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മായം കലർത്തുന്നത് തടയുന്നതിന് നടപടി**

244 (244) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ബ്രാൻഡുകളിലായി വില്പനക്കെത്തുന്ന ഭക്ഷ്യവസ്തുക്കൾ, കറിപൗഡറുകൾ എന്നിവയിൽ മായം, വിഷപദാർത്ഥങ്ങൾ എന്നിവ കലർത്തുന്നതിനെതിരെ കൂടുതൽ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്നറിയിക്കുമോ?

പ്രസ്തുത നിയമം സംബന്ധിച്ച് നിയമനിർമ്മാണം നടത്തേണ്ടത് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയാണ്.

(ബി) ഇത്തരം സംഭവങ്ങളിൽ കർശനമായ അന്വേഷണം നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വിഭാഗത്തിന് കൂടുതൽ ഓഫീസുകൾ അനുവദിക്കുന്നതിനും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമായി കൂടുതൽ ഓഫീസുകളും ഉദ്യോഗസ്ഥരെയും അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഒഴിവുള്ള തസ്തികകൾ**

245 (245) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും നിലവിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണവും ജില്ല തിരിച്ച് അറിയിക്കുമോ ?

ഭക്ഷ്യസുരക്ഷാ വകുപ്പിലെ ജീവനക്കാരുടെ ജില്ലതിരിച്ചുള്ള എണ്ണവും ഒഴിവും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിൽ മതിയായ ജീവനക്കാർ ഇല്ലാത്തതുമൂലം പരിശോധനകൾ കൃത്യമായി നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് കാര്യക്ഷമമായി പരിശോധനകളും നടപടികളും നടന്നുവരുന്നു. നിലവിൽ ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയും ഒരു മിനിസ്റ്റീരിയൽ സ്റ്റാഫ് തസ്തികയുമാണുള്ളത്. ആകെയുള്ള 140 സർക്കിൾ ഓഫീസുകളിൽ 90 സർക്കിളുകളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും അതുവഴി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**അലൈഡ് ഹെൽത്ത് കെയറുമായി ബന്ധപ്പെട്ട പ്രൊഫഷനലുകളുടെ രജിസ്ട്രേഷൻ**

246 (246) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലൈഡ് ഹെൽത്ത് കെയറുമായി ബന്ധപ്പെട്ട പ്രൊഫഷണലുകളുടെ രജിസ്ട്രേഷൻ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത സ്കീം ഉദ്ഘാടനം നടത്തിയതല്ലാതെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ അദ്ധ്യായം III സെക്ഷൻ 22 പ്രകാരം സംസ്ഥാനത്ത് 28-09-2022-ലെ 3327-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ SRO നമ്പർ 924/22 ആയി പ്രസിദ്ധീകരിച്ച 28-09-2022-ലെ സ.ഉ (അച്ചടി) നമ്പർ 53/2022/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ച "ദി കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ" ചുമതലകളും ഉത്തരവാദിത്വങ്ങളും ശരിയായവിധം നിർവ്വഹിക്കുന്നതിന് കേന്ദ്ര

റെഗുലേഷനുകളും അതോടൊപ്പം സംസ്ഥാന ചട്ടങ്ങളും അനിവാര്യമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 68 പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ കരട് ചട്ടങ്ങളും അതോടൊപ്പം കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ധനപരമായ കാര്യങ്ങൾ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയവയും സർക്കാർ പരിശോധിച്ചുവരികയാണ്. നിയമത്തിലെ സെക്ഷൻ 66 (l) പ്രകാരം പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി റെഗുലേഷനുകൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്കും റെഗുലേഷനുകൾ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്നമുറയ്ക്കും പ്രസ്തുത കൗൺസിലിന് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ നിർവ്വഹിക്കാൻ സാധിക്കും. 21-03-2002-ലെ സ.ഉ(എം.എസ്) 73/2002/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേരള പാരാമെഡിക്കൽ കൗൺസിലിന് പുതിയ കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതുവരെ തുടർന്നും പാരാമെഡിക്കൽ സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനുമുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിലവിൽ നൽകിവരുന്നുണ്ട്.

(ബി) രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന അലൈഡ് ഹെൽത്ത് കെയർ രംഗത്തെ വ്യാജന്മാർക്കെതിരെ എന്ത് നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്; സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ കീഴിൽ നടത്തുന്ന കൗൺസിലിംഗ് കോഴ്സുകൾ ചെയ്യുന്നവർക്ക് അലൈഡ് ഹെൽത്ത് കെയറിന് കീഴിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ എന്നറിയിക്കുമോ?

NCHAP ആക്ട് 2021-ലെ വകുപ്പ് 59-ൽ നിയമത്തിലോ ചട്ടങ്ങളിലോ റെഗുലേഷനുകളിലോ നിഷ്കർഷിക്കുന്ന വ്യവസ്ഥകളുടെ ലംഘനം ഉന്നയിക്കുന്നപക്ഷം ഒരു വർഷത്തിൽ കുറയാത്ത എന്നാൽ മൂന്ന് വർഷം വരെ നീളാവുന്ന തടവ് ശിക്ഷയും അല്ലെങ്കിൽ 1 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നമുറയ്ക്ക് പ്രസ്തുത ആക്ടിലെ വകുപ്പ് 59 പ്രകാരം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന അലൈഡ് ഹെൽത്ത് കെയർ രംഗത്തെ വ്യാജന്മാർക്കെതിരെ സ്റ്റേറ്റ് കൗൺസിലിന് പരാതി നൽകാവുന്നതാണ്. സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ കീഴിൽ നടത്തുന്ന കൗൺസിലിംഗ് കോഴ്സുകൾ ചെയ്യുന്നവർക്ക് അലൈഡ് ഹെൽത്ത് കെയറിന് കീഴിൽ രജിസ്റ്റർ ചെയ്യുന്ന വിഷയം കൗൺസിൽ പൂർണ്ണമായും

പ്രവർത്തനസജ്ജമാകുന്നമുറയ്ക്ക് കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കാവുന്നതാണ്.

(സി) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ കീഴിൽ നടത്തുന്ന കൗൺസിലിംഗ് കോഴ്സുകളുടെ ഉദ്ദേശ്യം വ്യക്തമാക്കുമോ; പ്രസ്തുത കോഴ്സുകൾ പാസാകുന്നവർക്ക് കൗൺസിലർ ആയോ സൈക്കോളജിസ്റ്റായോ പ്രാക്ടീസ് ചെയ്യാൻ അധികാരം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

ജീവിതശൈലീരോഗങ്ങളുടെ കാലത്ത് ജനങ്ങളുടെ മാനസികാരോഗ്യവും അതുവഴി ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് എസ്.ആർ.സി കൗൺസിലിംഗ് കോഴ്സുകളുടെ പ്രധാന ഉദ്ദേശ്യം. ഇതിനായി വ്യക്തികൾക്ക് കൗൺസിലിംഗ് രംഗത്ത് അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനും മാനസിക സംഘർഷങ്ങളിൽനിന്നും മാറിനിൽക്കുന്നതിന് സ്വയം സഹായിക്കുന്നതിനും കൂടെയുള്ളവരെ സന്നദ്ധരാക്കുന്നതിനുതകുന്ന രീതിയിലാണ് പ്രസ്തുത കോഴ്സുകൾ നടത്തിവരുന്നത്. എസ്.ആർ.സി. കോഴ്സുകളെല്ലാം അസിസ്റ്റൻസ് അഥവാ മറ്റൊരു വിദഗ്ദ്ധന്റെ/യുടെ സാന്നിദ്ധ്യത്തിൽ മാത്രമേ നടത്താവൂവെന്ന് എസ്.ആർ.സി. നിഷ്കർഷിക്കുന്നുണ്ട്. എസ്.ആർ.സി. കൗൺസിലിംഗ് കോഴ്സുകൾമാത്രം പൂർത്തിയാക്കിയവർ കൗൺസിലിംഗ് രംഗത്ത്

സ്വതന്ത്രരായി പ്രവർത്തിക്കാൻ യോഗ്യരല്ല. മറിച്ച് മറ്റ് വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഒരു അധിക യോഗ്യതയായോ കൗൺസലിംഗ് രംഗത്ത് കൂടുതൽ നൈപുണ്യം നേടാനോ ആണ് പ്രസ്തുത കോഴ്സുകൾ രൂപകല്പന ചെയ്തിട്ടുള്ളത്. എസ്.ആർ.സി.-യുടെ കൗൺസിലിംഗ് കോഴ്സുകൾ പാസാകുന്നവർക്ക് സൈക്കോളജിസ്റ്റായോ സ്വതന്ത്ര കൗൺസിലറായോ പ്രാക്ടീസ് ചെയ്യാൻ സാധ്യമല്ല.

**മാനസിക രോഗമുള്ളവർക്ക് കാസർഗോഡ് ജില്ലയിലെ ചികിത്സ സൗകര്യങ്ങൾ**

247 (247) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗമുള്ളവർക്ക് കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മാനസിക രോഗമുള്ളവർക്ക് കാസർഗോഡ് ജില്ലയിൽ ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി കാസർഗോഡ്, താലൂക്കാശുപത്രി നീലേശ്വരം (വിമുക്തി) എന്നീ ആശുപത്രികളിലും ജില്ലാ മാനസികരോഗ്യ ക്ലിനിക്കുകൾ മുഖേന താഴെ പറയുന്ന PHC/CHC/FHC/ താലൂക്ക് ആശുപത്രികളിലും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

| | |
|---|---|
| ഒന്നാമത്തെ തിങ്കൾ | PHC വെള്ളരിക്കുണ്ട് |
| ഒന്നാമത്തെ ചൊവ്വ | FHC അജാനൂർ |
| ഒന്നാമത്തെ വ്യാഴം | FHC ഉദുമ |
| ഒന്നാമത്തെ വെള്ളി | FHC ചിറ്റാരിക്കാൽ |
| ഒന്നാമത്തെ ശനി | PHC ചെങ്കള |
| രണ്ടാമത്തെ തിങ്കൾ | CHC ബദിയടുക്ക |
| രണ്ടാമത്തെ ചൊവ്വ | THQH ബേഡഡുക്ക |
| ഒന്നാമത്തെ വ്യാഴം | THQH മംഗൽപാടി |
| രണ്ടാമത്തെ വെള്ളി | THQH പനത്തടി |
| മൂന്നാമത്തെ തിങ്കൾ | PHC പെർള |
| മൂന്നാമത്തെ ചൊവ്വ | CHC മഞ്ചേശ്വരം |
| മൂന്നാമത്തെ വ്യാഴം | CHC കുമ്പള |
| മൂന്നാമത്തെ വെള്ളി | THQH നീലേശ്വരം |
| മൂന്നാമത്തെ ശനി | FHC വോർക്കാടി |
| നാലാമത്തെ തിങ്കൾ | FHC കരിന്തളം |
| നാലാമത്തെ ചൊവ്വ | CHC പെരിയ |
| നാലാമത്തെ വ്യാഴം | CHC മുളിയാർ |
| നാലാമത്തെ വെള്ളി | CHC ചെറുവത്തൂർ |
| നാലാമത്തെ ശനി | THQH തൃക്കരിപ്പൂർ |

ഇതിനുപുറമേ സമ്പൂർണ്ണ മാനസികാരോഗ്യം പരിപാടി മുഖേന വോർക്കാടി, കയ്യൂർ, ഉദുമ, കരിന്തളം, മുള്ളേരിയ, മൊഗ്രാൽ പുത്തൂർ, എണ്ണപ്പാറ, തൈക്കടപ്പുറം, പാണത്തൂർ, ചിറ്റാരിക്കാൽ, നർക്കിലക്കാട്, ഉടമ്പുതല, വലിയപറമ്പ, മടിക്കൈ, ആനന്ദാശ്രമം, ചട്ടഞ്ചാൽ, ഓലാട്ട്,

മൈക്കോട്, പടന്ന, കുമ്പടാജെ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ചികിത്സാസൗകര്യങ്ങൾ ലഭ്യമാണ്.

(ബി) ഈ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ എവിടെയൊക്കെ ലഭ്യമാണെന്ന് അറിയിക്കാമോ?

ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറലാശുപത്രി കാസർഗോഡ്, താലൂക്കാശുപത്രി നീലേശ്വരം (വിമുക്തി) എന്നീ ആശുപത്രികളിലും ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകൾ മുഖേനയും സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി നടപ്പാക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും ഈ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാണ്.

**കാൻസർ രോഗികൾക്കുള്ള പെൻഷൻ**

248 (248) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്കുള്ള പെൻഷൻ തുടർന്നുവരുന്നുണ്ടോയെന്ന് അറിയിക്കുമോ?

കാൻസർ രോഗികൾക്കുള്ള പെൻഷൻ തുടർന്നുവരുന്നുണ്ട്.

(ബി) ചിലയിടങ്ങളിലെങ്കിലും കാൻസർ രോഗികൾക്ക് പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യരായ കാൻസർ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നുണ്ട്.

**പ്രതിമാസ ശിശു ജനന നിരക്ക്**

249 (249) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രതിമാസ ശിശു ജനന നിരക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ ആന്വൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് 2020 പ്രകാരമുള്ള ജില്ലാതല Crude Birth Rate ചുവടെ ചേർക്കുന്നു.

Crude Birth Rate – 2020

1. തിരുവനന്തപുരം - 12.32

2. കൊല്ലം - 10.12

3. പത്തനംതിട്ട - 12.84

4. ആലപ്പുഴ - 6.83

5. കോട്ടയം - 11.26

6. ഇടുക്കി - 10.42

7. എറണാകുളം - 7.51

8. തൃശ്ശൂർ - 12.80

9. പാലക്കാട് - 11.38

10. മലപ്പുറം - 19.61

11. കോഴിക്കോട് - 15.02

12. വയനാട് - 16.44

13. കണ്ണൂർ - 14.92

14. കാസർഗോഡ് - 13.77

**കോഴിക്കോട് അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രം**

250 (250) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ 6.5 ഏക്കർ സ്ഥലവും മൂന്ന് നില കെട്ടിടവും കോഴിക്കോട്

ജില്ലയിൽ ആരംഭിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കോഴിക്കോട് അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രം പ്രാവർത്തികമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) ആരോഗ്യ വകുപ്പിനുകീഴിലുള്ള ചേവായൂർ ത്വക്ക് രോഗ ആശുപത്രിയിൽ ലഭ്യമായ സ്ഥലത്ത് അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രത്തിന് പുതിയ കെട്ടിടം പണിതുകഴിയുന്നതുവരെ താൽക്കാലികമായി മാവൂർ കാൻസർ സെന്റർ കെട്ടിടം ഉപയോഗിക്കാനാകുമോയെന്ന് പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 02-12-2022-ലെ സ.ഉ (കൈ) നം. 254/2022/ആ.കു.വ പ്രകാരം കോഴിക്കോട് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ & റിസർച്ച്, പുതുച്ചേരിയിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം പ്രൊഫസറായ ഡോ. ബിജു പൊറ്റക്കാടിനെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഫയലുകൾ കാണാതായത് സംബന്ധിച്ച തുടർനടപടി**

251 (251) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 നവംബർ മാസത്തിൽ ഹെൽത്ത് സർവീസ് ഡയറക്ടറേറ്റിൽനിന്നും ഫയലുകൾ കാണാതായത് സംബന്ധിച്ച് പോലീസിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട്/അറിയിപ്പ് നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ/ അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വഷണം നടത്തി തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ നൽകിയ മറുപടിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) ആരോഗ്യ വകുപ്പ് ആസ്ഥാനത്തുനിന്നും എത്ര ഫയലുകളാണ് മേൽപ്പറഞ്ഞ പ്രകാരം കാണാതായിട്ടുള്ളത്; ഏതൊക്കെ വിഷയങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച ഫയലുകളാണ് കാണാതായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്ന ഫയലുകൾ സംബന്ധിച്ച് വ്യക്തിഗത രജിസ്റ്ററുകൾ സൂക്ഷിക്കാറുണ്ടോ; എങ്കിൽ കാണാതായ ഫയലുകൾ ഡയറക്ടറേറ്റിലെ ഏതൊക്കെ സീറ്റുകളിൽ കൈകാര്യം ചെയ്തിരുന്നതാണെന്ന് സീറ്റ് തിരിച്ചും ഫയൽ നമ്പർ, വിഷയം എന്നിവ സഹിതവും വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ പ്രകാരം നഷ്ടപ്പെട്ട ഫയലുകളിൽ കോവിഡ് കാല പർച്ചേസുകളുമായി ബന്ധപ്പെട്ട ഫയലുകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഫയലുകളാണ് ഇപ്രകാരം നഷ്ടപ്പെട്ടതെന്ന് വിഷയം തിരിച്ച് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

(ബി-ഡി) പഴയ ചില ഫയലുകൾ നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഫിസിക്കൽ ഫയലുകളുടെ പകർപ്പ് എടുത്ത് സൂക്ഷിക്കുന്ന രീതി പിൻതുടരുന്നില്ല. Stat2B, MSP(!), MSA, MSA(2) എന്നീ സെക്ഷനുകളിലെ ഫയലുകളാണ് പ്രധാനമായും നഷ്ടമായത്. നഷ്ടപ്പെട്ട ഫയലുകൾ കോവിഡ്കാല പർച്ചേസുകളുമായി ബന്ധപ്പെട്ടവയല്ല.

(ഇ) ഫയലുകൾ കാണാതായത് സംബന്ധിച്ച വകുപ്പുതല അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച് ലഭ്യമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജമാക്കിയ ലബോറട്ടറി സംവിധാനങ്ങൾ**

252 (252) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ സ്ഥിതിചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജമാക്കിയ ലബോറട്ടറി സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നത് വിശദമാക്കാമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കിയ 80000 ചതുരശ്ര അടി ഫേസ് IB കെട്ടിടത്തിൽ 8 പുതിയ ലാബുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

2. സാംക്രമിക വൈറസുകളെക്കുറിച്ചുള്ള പഠനവും ഗവേഷണവും സുഗമമാക്കുന്നതിന് ബിഎസ്എൽ III സൗകര്യം സ്ഥാപിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയിടുന്നു. 2023-24 വർഷത്തിൽ BSL III ലാബിന്റെ നിർമ്മാണം പൂർത്തിയാക്കാനും ഉദ്ദേശിക്കുന്നു.

3. 2021-2024 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കാര്യപരിപാടിയായി വിവിധ ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകൾ വിഭാവനം ചെയ്ത് പ്രവർത്തനം തുടങ്ങി.

4. ക്ലിനിക്കൽ സാമ്പിളുകളുടെ ബയോ റെപ്പോസിറ്ററി ഉണ്ടാക്കി അജ്ഞാതമായ വൈറസ് രോഗങ്ങളെ കണ്ടെത്തുന്നതിനുള്ള മെറ്റാജെനോമിക് സീക്വൻസിംഗ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

5. കൂടാതെ ഇതുവരെ രോഗ നിർണ്ണയം സാധ്യമല്ലാത്ത സാമ്പിളുകൾ ശേഖരിച്ച് ഇല്യൂമിന പ്ലാറ്റ്ഫോം ഉപയോഗിച്ച് എറ്റിയോളജി തിരിച്ചറിയാനുള്ള പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

6. വാക്സിൻ പ്രതിരോധ പഠനങ്ങൾക്കും സീറോ നിരീക്ഷണ പഠനങ്ങൾക്കുമായി വൈറൽ ബയോ അസ്സെ ഫെസിലിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

7. റികോമ്പിനന്റ് ഹ്യൂമൻ മോണോ ക്ലോണൽ ആന്റിബോഡികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫേജ് ഡിസ്‌പ്ലേ സ്ക്രീനിംഗ് സൗകര്യം നിർമ്മിക്കുന്നതിനായി ബാക്ടീരിയോഫേജ് ലാബ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനെല്ലാം പുറമേ 13-01-2023-ലെ സ.ഉ(എം.എസ്)1/2023/ശാ.സാ.വ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആൻഡ് റെഗുലേഷൻസും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**പകർച്ചവ്യാധികളും പകർച്ചപ്പനികളും പ്രതിരോധിക്കാൻ നടപടി**

253 (253) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി വിവിധയിനം പകർച്ചവ്യാധികളും പകർച്ചപ്പനികളും പടർന്ന് പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തെ പ്രതിരോധിച്ച് ജനങ്ങളുടെ ആശങ്ക അകറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വായുജന്യരോഗങ്ങൾ, പ്രാണിജന്യരോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ ഉൾപ്പെടെ വിവിധ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സാധാരണ കാണപ്പെടുന്ന വൈറൽ പനി കൂടാതെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട പകർച്ചവ്യാധികൾ ഡെങ്കിപ്പനി, എലിപ്പനി, ചെള്ള് പനി (Scrub typhus), H1 N1 Influenza, Covid -19, അഞ്ചാം പനി, വയറിളക്കരോഗങ്ങൾ, ഹെപ്പറ്റൈറ്റിസ്-എ, മലേറിയ എന്നിവയാണ്. പകർച്ചവ്യാധികൾ തടയുന്നതിന് ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടന്നുവരുന്നു. അതിന്റെ ഭാഗമായി രോഗങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ പനി സർവ്വേ, വെക്ടർ സർവ്വേ എന്നിവ നടത്തുകയും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ സംസ്ഥാനതലത്തിൽ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി SPEID

Cell (State Prevention of Epidemic and Infectious Disease Cell) പ്രവർത്തിക്കുന്നു. SPEID Cell-ന്റെ ആഭിമുഖ്യത്തിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും Regional PEID Cell സ്ഥാപിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെത്തുന്ന പകർച്ചവ്യാധിയുടെ വിവരങ്ങൾ RPEID Cell വഴി, ശേഖരിച്ച് SPEID Cell-ൽ എല്ലാദിവസവും അറിയിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ അതിനനുസരിച്ച് നടത്തിവരികയും ചെയ്യുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെത്തുന്ന പകർച്ചവ്യാധികൾ കൃത്യമായി നിരീക്ഷിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉടനടി നടപ്പിൽവരുത്തുവാനും ഈ സംവിധാനം വളരെ സഹായകമാണ്. മെഡിക്കൽ കോളേജുകളിലെ Infectious control പ്രവർത്തനങ്ങൾക്ക് PEID Cell-കൾ നേതൃത്വം നൽകുന്നു. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യങ്ങളിൽ ആരോഗ്യ വകുപ്പുമായിചേർന്ന് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി വിഭാഗം Outbreak Investigation നടത്തുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്തുവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി നിരവധി ദേശീയ പരിപാടികളോടൊപ്പം പ്രാദേശികമായിവരുന്ന പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ

പ്രവർത്തനങ്ങൾ നടത്തുന്നതിനായി വാർഡുതലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം (RRT) പ്രവർത്തിച്ചുവരുന്നു. പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യാൻ ബോധവത്കരണ ക്ലാസ്സുകൾ കമ്മ്യൂണിറ്റിതലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ആശാവർക്കർ, അങ്കണവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI), സന്നദ്ധപ്രവർത്തകൻ എന്നിവരെല്ലാം ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. വീടുകളിൽ മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടത്തുക, തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കുക, സംഭരിച്ചുവയ്ക്കുന്ന വെള്ളം മൂടി വയ്ക്കുക എന്നിവയുടെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണം നൽകുന്നു. രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആശ/ഫീൽഡ് ജീവനക്കാർ, സൂപ്പർവൈസർമാർ എന്നിവരുടെ നേതൃത്വത്തിൽ വീടുകൾ, സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ച് ഉറവിട സ്രോതസ്സുകൾ നശിപ്പിക്കുകയും ബോധവത്കരണം നടത്തുകയുംചെയ്യുന്നു. തീരദേശ മേഖലകൾ, ട്രൈബൽ മേഖലകൾ, അതിഥി തൊഴിലാളികൾ എന്നിവർക്കുവേണ്ടി പ്രത്യേക ക്യാമ്പധിഷ്ഠിത സേവനങ്ങളും നൽകിവരുന്നു. വാക്സിനേഷൻ കുറവുള്ളയിടങ്ങളിൽ പ്രത്യേകം ഊന്നൽ നൽകി പ്രതിരോധ

കുത്തിവെയ്പുകൾ നൽകുന്നു. ഏകാരോഗ്യം എന്ന ആശയം മുൻനിർത്തി മറ്റുവകുപ്പുകളുമായി ചേർന്ന് ജന്തുജന്യരോഗങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. എലിപ്പനി തടയുന്നതിന് തൊഴിലുറപ്പ് ജീവനക്കാർ, കൃഷിക്കാർ എന്നിവർക്ക് ഡോക്സിസൈക്ലിൻ പ്രതിരോധമരുന്ന് നൽകുന്നു. കുട്ടികളിൽ പ്രതിരോധ വാക്സിനുകൾ കൃത്യസമയത്ത് എടുക്കുന്നതിനുവേണ്ടി ആശാപ്രവർത്തകർ ഉൾപ്പെടെയുള്ള ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന-ജില്ലാതല മാസ്സ് മീഡിയ വിഭാഗങ്ങൾവഴി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും സന്നദ്ധ പ്രവർത്തകർക്കും വിവിധ ദൃശ്യ-ശ്രവ്യ-അച്ചടി-നവ മാധ്യമങ്ങൾ മുഖേന അവബോധ സന്ദേശങ്ങൾ നൽകുന്നു.

**കാൻസർ രോഗികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി**

254 (254) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ പെൻഷൻ തുകയിൽ കാലോചിതമായ വർദ്ധനവ് ഏർപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതര ക്ഷേമ പെൻഷൻ തുകകൾക്ക് തുല്യമായ നിലയിൽ കാൻസർ രോഗികൾക്കും പെൻഷൻ വർദ്ധനവ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; അറിയിക്കുമോ;

(സി) 2023-24 സാമ്പത്തിക വർഷം മുതൽ കാൻസർ രോഗികളുടെ പെൻഷൻ ഉയർത്തി നൽകുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) കാൻസർ രോഗികളുടെ പെൻഷൻ 1000 രൂപയിൽനിന്നും വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആരോഗ്യ പ്രവർത്തകരുടെ ഒഴിവുകൾ**

255 (255) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആരോഗ്യപ്രവർത്തകരുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരോഗ്യ പ്രവർത്തകരുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രൊമോഷൻ തസ്തിക ഒഴികെയുള്ള ഒഴിവുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകളിൽ കരാർ വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തി ആശുപത്രിയുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഇല്ലാത്തതുകൊണ്ട് ഐക്യു ടെസ്റ്റ് മുടങ്ങുന്ന സാഹചര്യം നിലവിലുണ്ടോ; അറിയിക്കുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ നിലവിലുള്ള ഒരു തസ്തികയിൽ ജോലി ചെയ്യുന്നയാൾ പ്രസവാവധി എടുത്തതിനാലാണ് ഇത്തരം സാഹചര്യമുണ്ടായത്.

(സി) ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇത് പരിഹരിക്കാനായി താൽക്കാലിക നിയമനം നടത്തുന്നതിന് 2 തവണ ഇന്റർവ്യൂ നടത്തി. എന്നാൽ മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഒഴിവ് നികത്താൻ കഴിഞ്ഞിട്ടില്ല.

**കോഴിക്കോട് മെഡിക്കൽ കോളേജിൽ അർബുദ ചികിത്സ**

256 (256) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ അർബുദ ചികിത്സാരംഗത്ത് നടത്തിയിട്ടുള്ള ഇടപെടലുകൾ വെളിപ്പെടുത്തുമോ?

നൂതന കാൻസർ ചികിത്സാരംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ National Programme for Prevention and Control of Cancer, Diabetics, Cardio Vascular Diseases and Stroke (NPCDCS)-ന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ 44.5 കോടി രൂപ ചെലവിൽ നടപ്പിലാക്കിയ പദ്ധതിയാണ് ത്രിതീയ കാൻസർ കെയർ സെന്റർ. ഇതിന്റെ വിപുലീകരണത്തിന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാൻസർ ചികിത്സാകെട്ടിടത്തിന്റെ മുകൾനിലയിൽ പുതിയ വാർഡുകൾ പണിയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി നാല് കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ അർബുദ ചികിത്സാരംഗത്ത് അത്യാധുനിക ചികിത്സ സംവിധാനങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ അർബുദ ചികിത്സാരംഗത്ത് അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ടെർഷ്യറി കാൻസർ സെന്ററിൽ എറ്റവും ആധുനികമായ Linear Accelerator (Truebeam), Harmonic Scalpel & CT Stimulator എന്നിവ സ്ഥാപിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കാൻസർ രോഗികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ചികിത്സ നൽകിക്കൊണ്ടിരിക്കുന്നു.

**കാസർഗോഡ് മെഡിക്കൽ കോളേജ്**

257 (257) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ തറക്കല്ലിട്ട കാസർഗോഡ് മെഡിക്കൽ കോളേജ് ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

2016-ൽ മുഖ്യ നിർമ്മാണം ആരംഭിച്ച കാസർഗോഡ് മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണം പൂർത്തിയായിവരുന്ന ആശുപത്രി ബ്ലോക്കിൽ നിർമ്മാണം പൂർത്തിയായാലുടൻ ഐ.പി. വിഭാഗവും ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് മൊത്തം വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിടം നിർമ്മാണത്തിനായി ഇതുവരെ അനുവദിച്ച തുക കൂടാതെ കെട്ടിട നിർമ്മാണത്തിനും ഫയർ ഫൈറ്റിംഗ് ജോലികൾക്ക് മൊത്തംകൂടി 53 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ മറ്റ് നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബി മുഖേന 160.23 കോടി രൂപയുടെ ഭരണാനുമതിയും മെഡിക്കൽ കോളേജ് റസിഡൻഷ്യൽ സൗകര്യങ്ങളുടെ ഭാഗമായ രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 29 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഇതുവരെ എത്ര രൂപ ചെലവഴിച്ചെന്ന് ഇനം തിരിച്ചും ഏത് വർഷം, ഏത് ഫണ്ടിൽനിന്ന്, എത്ര രൂപയാണ് അനുവദിച്ചതെന്നും അറിയിക്കുമോ?

അനുബന്ധം 1, 2 ആയി ചേർക്കുന്നു.*

(ഡി) മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് ഇനി വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും അത് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ഇനി വേണ്ടിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി വഴി 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായി അധിക തുക ആവശ്യമായി വരുന്നപക്ഷം സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ആശുപത്രി കെട്ടിട നിർമ്മാണം പാതി വഴിയിൽ നിർത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോൾ മുതലാണ് നിർമ്മാണം നിലച്ചതെന്നും സ്തംഭനാവസ്ഥയ്ക്ക് കാരണമെന്താണെന്നും ഇത് പരിഹരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഭാഗമായിട്ടുള്ള റസിഡൻഷ്യൽ ഫെസിലിറ്റീസ് ഒരുക്കുന്നതിനുള്ള നിർമ്മാണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ആശുപത്രി ബ്ലോക്കിന്റെ ഇലക്ട്രിക്കൽ സംബന്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പാലിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(എഫ്) മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും അല്ലാതെയും എത്ര അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും എടുത്ത തീരുമാനങ്ങളിൽ ഏതൊക്കെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്, സ്റ്റേറ്റ് പ്ലാൻ ഫണ്ട്, നബാർഡ്, കിഫ്ബി തുടങ്ങിയ ഫണ്ടുകളുപയോഗിച്ചാണ് നടത്തുന്നത്. അതിനാൽതന്നെ നിരവധി യോഗങ്ങൾ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ട്. 19-02-2020, 12-03-2020, 27-06-2020, 04-09-2020, 06-10-2020, 20-10-2020, 02-11-2020, 16-08-2021, 12-10-2021, 28-12-2021, 16-10-2022, 02-11-2021, 21-02-2022, 03-06-2022, 24-08-2022, 30-10-2022, 14-11-2022, 22-11-2022, 12-01-2023 എന്നീ തീയതികളിൽ ഔദ്യോഗികമായും നിരവധി തവണ അനൗദ്യോഗികമായും നബാർഡ് പ്രോജക്ട് ആയതിനാൽ

നബാർഡിന്റെ ഹൈ വാല്യൂ പ്രോജക്ട് മോണിറ്റർ ചെയ്യുന്ന ഓരോ ഘട്ടങ്ങളിലും കാസർഗോഡ് ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ടായിരുന്നു. ജനപ്രതിനിധികളെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായാണ് ഒ.പി. ഉൾപ്പടെ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നത്.

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 തസ്തികയിലുള്ളവരുടെ പ്രൊമോഷൻ**

258 (258) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് കാലാനുസൃതമായ പ്രൊമോഷൻ ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ സ്ഥാനക്കയറ്റത്തിനായി നിലവിൽ തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി പട്ടികയിലെ 317 റാങ്ക് വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ 2009, 2010, 2011 കാലഘട്ടത്തിൽ പെൻഷൻ പ്രായം ഏകീകരണത്തിന്റെ ഭാഗമായി സൂപ്പർന്യൂമററിയായി നിയമനം ലഭിച്ച ജീവനക്കാർകൂടി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ജീവനക്കാരെ സ്ഥിരം തസ്തികയിൽ ആഗിരണം ചെയ്ത തീയതി സംബന്ധിച്ച് ഓഡിറ്റ് തടസ്സവാദം ഉണ്ടായതിനെത്തുടർന്ന് ജീവനക്കാർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് കോടതി വിധിക്ക് വിധേയമായി സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവരെ സ്ഥിരം ഒഴിവിലേയ്ക്ക് ആഗിരണം ചെയ്ത തീയതി മുതൽ റെഗുലറൈസേഷൻ നടത്തി സീനിയോറിറ്റി പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പട്ടികയിൽ ഭേദഗതി വരുത്തി സീനിയോറിറ്റി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. അന്തിമ സീനിയോറിറ്റി പട്ടിക

പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് പ്രസ്തുത ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പുതുതായി സൃഷ്ടിച്ച തസ്തികകൾ**

259 (259) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ (2016-2021) കാലയളവിലും ഈ സർക്കാരിന്റെ ഇന്നേവരെയുള്ള കാലയളവിലും ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്നും പ്രസ്തുത തസ്തികകൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ 3377 തസ്തികകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 385 തസ്തികകളും ആരോഗ്യവകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലുമായി സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ഫോറൻസിക് ഡോക്ടറുടെ നിയമനം**

260 (260) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് ഡോക്ടറെ നിയമിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഫോറൻസിക് ഡോക്ടറുടെ സേവനം ലഭ്യമാക്കാത്തതിനാൽ പല പോസ്റ്റ്മോർട്ടങ്ങളും നടത്താൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യക്തമായ മരണകാരണം മനസ്സിലാക്കുവാൻ സാധിക്കാത്ത കേസുകളിലാണ് ഫോറൻസിക് സർജന്റെ സേവനം അത്യന്താപേക്ഷിതമായി വരുന്നത്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനായി വരുന്ന, വ്യക്തമായ മരണകാരണം മനസ്സിലാക്കാൻ സാധിക്കാത്ത കേസുകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നുണ്ട്.

(സി) ഫോറൻസിക് ഡോക്ടറെ എപ്പോൾ നിയമിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

മറുപടി (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

## ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ അഭാവം

261 (261) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ വേണ്ടത്ര ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നംകുളം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| തസ്തിക | സ്വീകരിച്ച നടപടി |
|---|---|
| ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ | അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു മെഡിക്കൽ ഓഫീസറെ ഈ സ്ഥാപനത്തിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II-ന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | ഒഴിവ് പ്രൊമോഷനിലൂടെ നികത്തുന്നതാണ്. പ്രൊമോഷൻ നടപടികൾ അന്തിമഘട്ടത്തിലാണ് . |
| സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, എൽ.ഡി. ടൈപ്പിസ്റ്റ് | ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശകൾ ലഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. |

| | |
|---|---|
| പാർട്ട് ടൈം ക്ലീനർ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് I | തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I | 2009-2011 കാലഘട്ടത്തിൽ പെൻഷൻ പ്രായം ഏകീകരണത്തിന്റെ ഭാഗമായി സൂപ്പർന്യൂമററിയായി നിയമനം ലഭിച്ച ജീവനക്കാരുടെ റെഗുലറൈസേഷൻ നടത്തി സീനിയോറിറ്റി കണക്കാക്കുന്നതിനാൽ സീനിയോറിറ്റി ലിസ്റ്റ് പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ JPHN ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഒഴിവ് നികത്തുന്നതാണ്. |

**കാൻസർ ബാധിതയുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ**

262 (262) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റായ സുധ ഇ.പി. എന്നവർ എറണാകുളം ജില്ലയിൽ കാൻസർ ചികിത്സയിൽ ആയതിനാൽ ജില്ലയിലേയ്ക്ക് അനുതാപാർഹമായ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നൽകിയ അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അന്തർജില്ലാ സ്ഥലം മാറ്റത്തിന് നൽകിയ അപക്ഷയിൽ ഒന്നര വർഷത്തിന് ശേഷവും തീരുമാനമുണ്ടാകാത്തത് അപേക്ഷകയുടെ ക്യാൻസർ ചികിത്സയെ ബാധിക്കുന്നുണ്ടെന്നതിനാൽ ഈ അപേക്ഷയിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ;

(സി) ഈ അനുതാപാർഹ അന്തർ ജില്ലാ സ്ഥലംമാറ്റ അപേക്ഷയിൽ അടിയന്തര പ്രാധാന്യത്തോടെ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പരിഗണിച്ചുകൊണ്ട് 19-08-2022-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നഴ്സിംഗ് അസ്സിസ്റ്റന്റ്മാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റായ ശ്രീമതി സുധ ഇ.പി.-യുടെ എറണാകുളം ജില്ലയിലേയ്ക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 13-10-2022-ലെ കത്ത് നമ്പർ എ 3-24539/2022/ജി.മെ.ഒ(ആ) പ്രകാരം 25-10-2022-ലാണ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായത്. എറണാകുളം ജില്ലയിൽ നിലവിലുള്ള

ഒഴിവിലേയ്ക്ക് ശ്രീമതി സുധ ഇ. പി.-യുടെ അപേക്ഷ പരിഗണിക്കുന്നതാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ആശാവർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ**

263 (263) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാർക്ക് നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലായി നിലവിൽ 21694 പേർ ഗ്രാമ പ്രദേശങ്ങളിലും 4205 പേർ നഗര പ്രദേശങ്ങളിലും 549 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26448 പേർ ആശ പ്രവർത്തകരായി പ്രവർത്തിച്ചുവരുന്നു. മാതൃ-ശിശു സംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നനങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ-ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക,

ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിതശൈലീരോഗങ്ങൾ, സാന്ത്വനശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യപരിപാടി തുടങ്ങിയവയാണ് ആശാപ്രവർത്തകരുടെ പ്രധാന ചുമതലകൾ. വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും (അനുബന്ധമായി ചേർത്തിരിക്കുന്നു.*) സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 6000 രൂപ ഓണറേറിയവും കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് നൽകിക്കൊണ്ടിരിക്കുന്നത്.

(ബി) നിലവിൽ എത്ര ആശാവർക്കർമാരാണുള്ളതെന്ന് ജില്ലതിരിച്ച് അറിയിക്കാമോ?

| ജില്ല | ആശാവർക്കർമാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2616 |
| കൊല്ലം | 2019 |
| പത്തനംതിട്ട | 1041 |
| ആലപ്പുഴ | 2060 |
| കോട്ടയം | 1555 |
| ഇടുക്കി | 1047 |
| എറണാകുളം | 2333 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| തൃശ്ശൂർ | 2341 |
| പാലക്കാട് | 2357 |
| മലപ്പുറം | 3225 |
| കോഴിക്കോട് | 2065 |
| വയനാട് | 872 |
| കണ്ണൂർ | 1984 |
| കാസർഗോഡ് | 933 |
| **ആകെ** | **26448** |

(സി) ആശാവർക്കർമാരെ സർക്കാർ ജീവനക്കാരായി പരിഗണിച്ച് ഇവരുടെ സേവന-വേതന വ്യവസ്ഥകൾ പുനർനിർണ്ണയിക്കുന്നതിനും മിനിമം വേതനം ലഭ്യമാക്കുന്നതിനുംവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പാലിയേറ്റീവ് നയം**

264 (264) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആതുര ശുശ്രൂഷ രംഗത്ത് പാലിയേറ്റീവ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് ആതുര ശുശ്രൂഷ രംഗത്തെ പുതുക്കിയ പാലിയേറ്റീവ് പരിചരണ നയം 2019-ൽ നിലവിൽ വന്നു. 'അരികെ' എന്ന സമഗ്ര സാന്ത്വന ചികിത്സാ പരിപാടിയാണ് പുതുക്കിയ നയംകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയെ ശാക്തീകരിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെയും ഇതര വകുപ്പുകളുടെയും സഹകരണം ഉറപ്പിക്കുകയുമാണ് പാലിയേറ്റീവ് നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ഇതിലൂടെ നിലവിലുള്ള സാന്ത്വന ചികിത്സാ പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുകയും കൂടുതൽ പ്രവർത്തകർക്ക് സാന്ത്വന ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുകയും ചെയ്യാൻ കഴിയും. ഇതിനായി സർക്കാർതലത്തിൽ പരിശീലന-പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രത്യേകം കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16-11-2022-ലെ സ.ഉ(സാധാ) നം. 2744/2022/ആ.കു.വ പ്രകാരം ഒരു ഹൈ പവർ കമ്മിറ്റിയും പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കുകയും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ

ആദ്യയോഗം കൂടുകയും പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

(ബി) ഈ രംഗത്ത് എത്രപേർ ജോലി ചെയ്യുന്നു; ഇവരുടെ സേവന വേതന വ്യവസ്ഥകൾ അറിയിക്കാമോ?

സാന്ത്വന ചികിത്സാ രംഗത്ത് മൂന്ന് തലങ്ങളിലാണ് ആരോഗ്യപ്രവർത്തകർ ജോലി ചെയ്തുവരുന്നത്. പ്രാഥമിക തലത്തിൽ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫണ്ടുകളുപയോഗിച്ചുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും ഒരു പാലിയേറ്റീവ് കെയർ നഴ്സിന്റെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സെക്കണ്ടറിതലത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ദേശീയ ആരോഗ്യ ദൗത്യത്തിൽനിന്നുമാണ് നൽകിവരുന്നത്. ഇവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മെഡിക്കൽ ഓഫീസർ - 11

സ്റ്റാഫ് നേഴ്സ് - 327

ഫിസിയോതെറാപ്പിസ്റ്റ് - 247

(സി) പാലിയേറ്റീവ് പരിചരണത്തിലെ സമഗ്ര സംഭാവന പരിഗണിച്ച് കേന്ദ്ര സർക്കാർ നൽകുന്നതുപോലെ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അംഗീകാരം നൽകുവാൻ സംസ്ഥാന സർക്കാരും നടപടി സ്വീകരിക്കുമോ?

പാലിയേറ്റീവ് പരിചരണ രംഗത്ത് മികച്ച സംഭാവന നൽകുന്നവർക്ക് പ്രത്യേക അംഗീകാരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് പാലിയേറ്റീവ് പരിചരണം എത്രത്തോളം രോഗികൾക്ക് ഉപയോഗപ്രദമാണെന്ന് വിശദീകരിക്കാമോ; ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ വേതനം ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്ത് സർക്കാർ മേഖലയിലുള്ള സാന്ത്വന പരിചരണ പദ്ധതിയുടെ ഗുണഭോക്താക്കളായി രണ്ടേകാൽ ലക്ഷത്തോളം ജനങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 49000 ആൾക്കാർ കിടപ്പുരോഗികളും ഭവന സന്ദർശനത്തിലൂടെ സേവനം ലഭ്യമാക്കുന്നവരുമാണ്. പതിനായിരത്തോളം രോഗികൾ പ്രതിമാസം സെക്കണ്ടറിതല ആശുപത്രികളിൽനിന്ന് സേവനം ലഭിക്കുന്നവരാണ്. സെക്കണ്ടറിതല പാലിയേറ്റീവ് കെയർ പ്രവർത്തകർക്ക് ദേശീയ ആരോഗ്യ ദൗത്യം നിജപ്പെടുത്തിയിട്ടുള്ള വേതനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇവരുടെ വേതനം ഉയർത്തുന്നത് കേന്ദ്ര അനുമതിയോടുകൂടി മാത്രമേ

നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പ്രാഥമികതലത്തിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ്**

265 (265) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ നിരന്തരമുണ്ടാകുന്നത് കണക്കിലെടുത്ത് ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഭക്ഷ്യ സ്ഥാപനങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റോടുകൂടി മാത്രമേ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. ജീവനക്കാരുടെ ശാരീരിക പരിശോധന നടത്തി നിശ്ചിത മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും പുതുക്കേണ്ടതാണ്. പകർച്ചവ്യാധി, ത്വക്ക് രോഗം എന്നിവ ഇല്ലായെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ ജീവനക്കാരെ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന്

അനുവദിക്കുകയുള്ളൂ. ആയതിനാൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**കാരമൂട് അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം**

266 (266) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് അങ്കണവാടി മഴവന്നൂർ പഞ്ചായത്തിലെ കാരമൂടിലെ 7-ാം നമ്പർ അങ്കണവാടി കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

മഴവന്നൂർ പഞ്ചായത്തിലെ കാരമൂടിലെ 7-ാം നമ്പർ അങ്കണവാടിയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. ടി അങ്കണവാടി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

അങ്കണവാടി സ്ഥിതിചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് കാലതാമസം വന്നതിനാലും ടി കാലയളവിൽ നിർമ്മാണസാമഗ്രികളുടെ വിലയിൽ വർദ്ധനവ് വന്നതിനാലും നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം കെട്ടിടനിർമ്മാണം നടത്തുവാൻ സാധിക്കുകയില്ലെന്ന് കരാറുകാരൻ ബ്ലോക്ക്

പഞ്ചായത്തിൽ അറിയിക്കുകയും തുടർന്ന് എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) തടസ്സങ്ങൾ നീക്കി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മഴവന്നൂർ പഞ്ചായത്തിലെ 7-ാം നമ്പർ അങ്കണവാടി കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഇനങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ച് ജില്ലാ കളക്ടറിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്തിൽനിന്നും അറിയിച്ചിട്ടുണ്ട്.

**ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ**

267 (267) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽനിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഏതൊക്കെയാണെന്ന് ഇനം തിരിച്ച് അറിയിക്കാമോ; അപേക്ഷ സമർപ്പിച്ചശേഷം ഓരോ സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതിനുള്ള സമയപരിധി അറിയിക്കാമോ;

(ബി) ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുകയാണെങ്കിൽ പ്രസ്തുത കാരണം സൂചിപ്പിച്ച് അപേക്ഷ നിരസിച്ചതായി അപേക്ഷകനെ അറിയിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) DMLT, DRT, DRRT, DNT, DDT, DET, DCDM, DHC, DORA, DCSST, DOA, DOTAT, DCVT, D Pharm, D.Resp.T എന്നീ കോഴ്സുകളിലേയ്ക്കുള്ള മാർക്ക് ലിസ്റ്റുകൾ, ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റുകൾ, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ, മൈഗ്രേഷൻ, എൻ.ഒ.സി, ട്രാൻസ്ക്രിപ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഇക്വലൻസി സർട്ടിഫിക്കറ്റ് എന്നിവയും കേരള പാരാമെഡിക്കൽ കൗൺസിൽ നൽകുന്ന ഗുഡ് സ്റ്റാൻഡിംഗ് സർട്ടിഫിക്കറ്റ്, വെസ് വെരിഫിക്കേഷൻ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ എന്നീ സർട്ടിഫിക്കറ്റുകളും ഡി.എം.ഇ.-യിൽനിന്നും നൽകിവരുന്നു. പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഒപ്പം കാലതാമസമില്ലാതെ മാർക്ക് ലിസ്റ്റുകളും സർട്ടിഫിക്കറ്റുകളും നൽകുന്നു. ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുകയാണെങ്കിൽ പ്രസ്തുത കാരണം സൂചിപ്പിച്ച് അപേക്ഷ നിരസിച്ചതായി അപേക്ഷകനെ അറിയിക്കാറുണ്ട്.

**സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതിന് നടപടി**

268 (268) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ചേർന്ന് പഠനം പൂർത്തിയാക്കുന്നതിനുമുമ്പ് കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ പൂർണ്ണമായും അടച്ചുതീർക്കാത്ത കാരണത്താൽ പ്ലസ് ടു സർട്ടിഫിക്കറ്റുകൾ തിരിച്ചുനൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ഇത്തരം പരാതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധസ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) 2019-ലെ 13-ാം ആക്ട് പ്രകാരം സഹകരണമേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02-03-2019 പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നിരുന്നു. സർക്കാർ ഏറ്റെടുക്കുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനത്തിൽ പ്രവേശനം നേടിയിരുന്ന ചില വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം അവസാനിപ്പിച്ചിരുന്നു. പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിശ്ചിത തുക അടയ്ക്കാത്തപക്ഷം കോഴ്സ് പൂർത്തിയാക്കാതെ പഠനത്തിൽനിന്നും വിടുതൽ ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുവാൻ കഴിയുമായിരുന്നില്ല. അതിനാൽ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിശ്ചിത തുക അടയ്ക്കാതിരുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ കോളേജ് ഓഫീസിൽ നിലവിൽ സൂക്ഷിച്ചിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് നിലവിലുള്ള ഇത്തരം പരാതികളിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്ന വിഷയം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽനിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ പരിശോധിക്കുന്നതാണ്.

**അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് രജിസ്ട്രേഷൻ**

269 (269) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിനുപുറത്തുള്ള അംഗീകൃത ആരോഗ്യ സർവ്വകലാശാലകളിൽ നിന്നും അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷനും തുല്യത സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ സെക്ഷൻ 22 പ്രകാരം സംസ്ഥാനത്ത് 28-09-2022-ലെ 3327-ാം നമ്പർ കേരളാ അസാധാരണ ഗസറ്റിൽ SRO നമ്പർ 924/22 ആയി പ്രസിദ്ധീകരിച്ച 28-09-2022-ലെ സ.ഉ (അച്ചടി) നമ്പർ. 53/2022/ആ.കു.വ നമ്പർ പ്രകാരം കേരള സർക്കാർ ദി കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിലിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും ശരിയായവിധം നിർവ്വഹിക്കുന്നതിന് കേന്ദ്ര റഗുലേഷനുകളും സംസ്ഥാന ചട്ടങ്ങളും അനിവാര്യമാണ്. 2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ടിലെ സെക്ഷൻ 68 പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ കരട് ചട്ടങ്ങളും കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ധനപരമായ കാര്യങ്ങൾ,

തസ്തിക സൃഷ്ടിക്കൽ തുടങ്ങിയവയും സർക്കാർ പരിശോധിച്ചുവരികയാണ്. നിയമത്തിലെ സെക്ഷൻ 66 (l) പ്രകാരം പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി റെഗുലേഷനുകൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്കും റെഗുലേഷനുകൾ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്കും കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. പ്രസ്തുത കൗൺസിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നമുറയ്ക്ക് കേരളത്തിന് പുറത്തുള്ള അംഗീകൃത ആരോഗ്യ സർവ്വകലാശാലകളിൽനിന്നും അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷനും തുല്യത സർട്ടിഫിക്കറ്റും ലഭ്യമാക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ആശുപത്രികളിലെ സൗജന്യ ചികിത്സ**

270 (270) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികളിൽ നിന്നും രോഗനിർണ്ണയ ടെസ്റ്റുകൾക്ക്

തുക ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടെസ്റ്റുകളുടെ നിരക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ?

സർക്കാരിന്റെ ക്ഷേമപദ്ധതികളിൽപ്പെടാത്ത രോഗികൾക്ക് രോഗനിർണ്ണയ ടെസ്റ്റുകൾക്ക് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഈടാക്കിവരുന്ന നിരക്കുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടാതെ അഡ്മിറ്റാകുന്ന രോഗികൾക്ക് ചികിത്സയും രോഗനിർണ്ണയ ടെസ്റ്റുകളും സൗജന്യമായി ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇവർക്ക് എല്ലാവിധ ചികിത്സയും സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി&സി) ബി.പി.എൽ (മഞ്ഞ റേഷൻ കാർഡുള്ളവർ) ESIC ഗുണഭോക്താക്കൾ, അതി ദരിദ്രർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന രോഗികൾക്ക് ചികിത്സയും രോഗനിർണ്ണയ ടെസ്റ്റുകളും സൗജന്യമായി നൽകിവരുന്നുണ്ട്.

## വയനാട് മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

271 (271) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിൽ അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിനായി നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ അഡ്മിഷൻ ആരംഭിക്കുന്നതിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി പ്രവേശനത്തിനായി നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) വയനാട് മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

07-03-2020-ലെ സ.ഉ (സാധാ) നം.531/2020/H&FWD പ്രകാരം ബജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി ഫണ്ട് ലഭ്യമാക്കി വയനാട് സർക്കാർ മെഡിക്കൽ കോളേജ് പദ്ധതിയുടെ നിർമ്മാണത്തിനായി M/s WAPCOS-നെ "Special Purpose Vehicle (SPV)" ആയി നിയമിച്ച് ഉത്തരവായിട്ടുള്ളതും

നടപടികൾ തുടർന്നുവരികയും ചെയ്യുന്നുണ്ട്. WAPCOS തയ്യാറാക്കിയ സോണിംഗ് പ്ലാൻ നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്**

272 (272) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലാണോ അതോ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലാണോയെന്ന് അറിയിക്കുമോ?

15-11-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3240/2011/ആ.കു.വ പ്രകാരം പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണപരവും അക്കാദമിക്കുമായ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

(ബി) അവിടെ നിലവിലുള്ള തസ്തികകൾ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ?

തസ്തികകളുടെയും ഒഴിവുകളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അവിടെ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്നും പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

നിലവിൽ ഈ സ്ഥാപനത്തിൽ ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി കോഴ്സ് മാത്രമാണുള്ളത്.

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പിലാത്തറയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം ശ്രീസ്ഥയിൽ അനുവദിച്ച 75 സെന്റ് സ്ഥലത്ത് പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്കുള്ള ഹോസ്റ്റൽ കെട്ടിടവും ഇവിടെ പണികഴിപ്പിച്ചിട്ടുണ്ട്. കോളേജ് കെട്ടിടവും ഹോസ്റ്റൽ ബ്ലോക്കും 20-02-2021 മുതൽ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച 4.55 കോടി രൂപ ഉപയോഗിച്ചാണ് മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുള്ളത്. 19-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 974/2022/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുപ്രകാരം ഒരു കോടി എഴുപത്തിമൂന്ന് ലക്ഷം രൂപ ചെലവിൽ ലാബ് വർക്ക്, ചുറ്റുമതിൽ നിർമ്മാണം, ലാബിലേയ്ക്കുള്ള ഫർണിച്ചർ, ഹോസ്റ്റലിൽ

ടോയ്‌ലറ്റ് ബ്ലോക്കിന്റെയും വാഷിംഗ് ഏരിയയുടെയും നിർമ്മാണം എന്നിവയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**മഞ്ചേരി നഴ്സിംഗ് കോളേജ്**

273 (273) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പുതുതായി ആരംഭിച്ച സർക്കാർ നഴ്സിംഗ് കോളേജിന് ഇതുവരെ ഹെഡ് ഓഫ് അക്കൗണ്ട് ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

(എ&ബി) ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) മഞ്ചേരി നഴ്സിംഗ് കോളേജിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ക്ലാസ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളേർപ്പെടുത്തി മഞ്ചേരി നഴ്സിംഗ് കോളേജിൽ അദ്ധ്യയനം ആരംഭിച്ചിട്ടുണ്ട്. കെട്ടിടം

നിർമ്മിക്കുന്നതിനുള്ള സ്ഥലവും ഫണ്ടും ലഭ്യമായതിനുശേഷം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നഴ്സിംഗ് കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രിൻസിപ്പൽ, പ്രൊഫസർ തസ്തികകളിൽ സ്ഥിര നിയമനം നടത്തി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽവരുന്നമുറയ്ക്ക് പി.എസ്.സി. വഴി സ്ഥിര നിയമനം നടത്തുന്നതാണ്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഒഴിവ് നികത്തിയിട്ടുണ്ട്. മിനിസ്റ്റീരിയൽ തസ്തികകളിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആലുവ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ഡിസ്പെൻസറി**

274 (274) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നാവശ്യപ്പെട്ട് 07-06-2021, 02-11-2019 തീയതികളിൽ

സമർപ്പിച്ച അപേക്ഷകളിൽ (252/21/Min(H,W&CD, 3619/VIP/M,SJ,W&C)/19) നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിലുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷ തുടർനടപടികൾക്കായി ഹോമിയോപ്പതി ഡയറക്ടർക്ക് കൈമാറിയിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) ആലുവ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുടെയും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി**

275 (275) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന 07-07-2022-ലെ അപേക്ഷയിൽ (E/6335343/22/M(H,W&CD) നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഹോമിയോ ഡിസ്പെൻസറി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) ആലുവ നിയോജകമണ്ഡലത്തിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ ഹോമിയോ ഡിസ്പെൻസറി

ആരംഭിക്കണമെന്ന 07-07-2022-ലെ അപേക്ഷയിന്മേൽ സി2/145/2022-ആയുഷ് നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരികയാണ്. ടി അപേക്ഷയിന്മേൽ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി 07-12-2022-ലെ കത്ത് മുഖേന ഹോമിയോപ്പതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചൂർണ്ണിക്കര പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ എറണാകുളം ഡി.എം.ഒ.-യോട് ആവശ്യപ്പെട്ടിട്ടുണ്ട് (കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.)* ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ NHM ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്.

**മാവേലിക്കര ആയുർവേദ ആശുപത്രിയിലെ നിർമ്മാണം**

276 (276) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന ആയുർവേദ ആശുപത്രിക്ക് 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

(എ&ബി) മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട് 1,17,19,949 രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് ഭാരതീയ ചികിത്സാ വകുപ്പുഡയറക്ടർ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് തുടർനടപടികൾക്കായി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ പൊതുമരാത്ത് വകുപ്പുദ്യോഗസ്ഥർ സോയിൽ ടെസ്റ്റിനായുള്ള സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിലവിൽ ആരംഭിച്ചിട്ടില്ല.

**കോട്ടൂർ ആയുർവേദ ആശുപത്രിയുടെ ശോചനീയാവസ്ഥ**

277 (277) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ ആദിവാസി മേഖലയിൽ പ്രവർത്തിച്ചുവരുന്ന കോട്ടൂർ ആയുർവേദ ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയെ താലൂക്കായുർവേദ ആശുപത്രിയായി ഉയർത്തി നാഷണൽ ആയുഷ് മിഷൻ മുഖേന അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഭാരതീയ ചികിത്സാ വകുപ്പ് മുഖേനയും നാഷണൽ ആയുഷ് മിഷന്റെ അനുവദനീയമായ സ്കീമുകളിൽ ഉൾപ്പെടുത്തിയും കോട്ടൂർ ആയുർവേദ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കുട്ടനാട്ടിലെ ആയുർവേദ ആശുപത്രികളുടെ നവീകരണം**

278 (278) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കായൽ ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആയുർവേദ ക്ലിനിക്കുകളെയും ആശുപത്രികളെയും നവീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് മേഖലയിൽ സാധ്യതയുള്ള സ്ഥലങ്ങളിലെ ആയുർവേദ ക്ലിനിക്കുകളെയും ആശുപത്രികളെയും നവീകരിക്കുന്നതിന് നിലവിലുള്ള

പദ്ധതികൾപ്രകാരം ഭാരതീയ ചികിത്സാവകുപ്പ് മുഖേനയും നാഷണൽ ആയുഷ് മിഷൻ മുഖേനയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നവീകരണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കായൽ ടൂറിസത്തിന്റെ പ്രാധാന്യമുൾക്കൊണ്ട് കുട്ടനാട്ടിൽ സ്ഥലലഭ്യതയുള്ള പ്രദേശത്ത് വിനോദ സഞ്ചാരികൾക്ക് ഗുണകരമായ വിധത്തിൽ വിപുലമായ സൗകര്യങ്ങളോടെ ആയുർവേദ ആശുപത്രി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ടൂറിസം കേന്ദ്രങ്ങളിൽ വെൽനസ് ആപ്ലിക്കേഷനുവേണ്ടി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നിലവാരവും വ്യവസ്ഥ ചെയ്യുന്ന ആയുഷ് മെഡിക്കൽ വാല്യൂ ടൂറിസം സംബന്ധിച്ച് ഒരു പദ്ധതിയുടെ രൂപരേഖ വകുപ്പ് തയ്യാറാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ കുട്ടനാടിനെയും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആയുഷ് വകുപ്പിലെ നിയമനം**

279 (279) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആയുഷ് വകുപ്പിൽ 300 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് പുറപ്പെടുവിച്ച 19-02-2021-ലെ സ.ഉ.(കൈ) നം.52/2021/ആ.കു.വ. ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകൾ കാറ്റഗറി തിരിച്ച് ഏതൊക്കയാണെന്ന് വ്യക്തമാക്കാമോ?

19-02-2021-ലെ സ.ഉ.(കൈ) നം.52/2021/ആ.കു.വ പ്രകാരം ആയുഷ് വകുപ്പിൽ 300 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. പ്രസ്തുത 300 തസ്തികകളിൽ ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന് 19 തസ്തികയും ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സിദ്ധ വിഭാഗത്തിന് എട്ട് തസ്തികയും സൃഷ്ടിച്ചിരുന്നു. തസ്തിക സൃഷ്ടിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ അവശേഷിക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികകളിൽ ഏതെല്ലാം കാറ്റഗറിയിലാണ് നിയമനം നടത്തിയിട്ടുള്ളത്; നിയമനം നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച തസ്തികകളിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ രണ്ട് ഒഴിവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം ബൈ ട്രാൻസ്ഫർ പ്രൊമോഷനുവേണ്ടി നീക്കിവച്ചിട്ടുള്ളതും ഫാർമസി സ്റ്റോർകീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർ വകുപ്പിൽ നിലവിലില്ലാത്തതിനാൽ ടി തസ്തികകളും ഒഴികെ ബാക്കി എല്ലാ തസ്തികകളും പി.എസ്.സി, ഡെപ്യൂട്ടേഷൻ, പ്രൊമോഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന് അനുവദിച്ച സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിടം**

280 (280) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ 155 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമുള്ളതുമായ അങ്കണവാടികളുടെ പേര് വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമുള്ളതുമായ അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്മാർട്ട് അങ്കണവാടി/എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ഡലത്തിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി നിലവിൽ പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വടവുകോട് ഐസിഡിഎസ് പ്രോജക്ടിലെ തിരുവാണിയൂർ പഞ്ചായത്തിലെ 52-ാം നമ്പർ അങ്കണവാടിക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിനുള്ള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസൽ നടപ്പ് വർഷം ലഭിക്കുകയും പ്രസ്തുത അങ്കണവാടിക്ക് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ അങ്കണവാടികൾ**

281 (281) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ 197 അങ്കണവാടികളുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അവയിൽ ഏതെല്ലാം അങ്കണവാടികൾക്കാണ് സ്വന്തമായി കെട്ടിടമുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

164 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായ ഒമ്പത് അങ്കണവാടികളുണ്ട്. വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

**ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിടം**

282 (282) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ 184, 109 എന്നീ നമ്പരുകളിലുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ അടുത്ത സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

(ബി) മണ്ഡലത്തിലെ 97-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പാരിപ്പള്ളി വില്ലേജിലെ ഏഴ് സെന്റ് പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന ആവശ്യമുന്നയിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ 97-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പാരിപ്പള്ളി വില്ലേജിലെ ഏഴ് സെന്റ് പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം ഉന്നയിച്ച് ലഭ്യമായ നിവേദനത്തിന്മേൽ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വനിത ശിശുവികസന വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ 4 അങ്കണവാടികൾക്ക് വകുപ്പ് വിഹിതമായി 68,00,000 രൂപ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി**

283 (283) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**1. കെ-സ്റ്റോർ പദ്ധതി**

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമായാണ് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾവഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗംകൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

**റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.**

1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ

3. റേഷൻകടകളുടെ 02 KM ചുറ്റളവവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ നിലവിൽ എല്ലാ ജില്ലകളിൽനിന്നുമായി 73 റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. "കെ-സ്റ്റോർ" പദ്ധതിയുടെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവയുംകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി., മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**2. റേഷൻ കാർഡുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ**

സംസ്ഥാനത്ത് 20674 എ.എ.വൈ. കാർഡുകളും 266849 പി.എച്ച്.എച്ച്. കാർഡുകളും അനുവദിച്ചു. ആധാർ കാർഡ് നമ്പർ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്ന ലക്ഷ്യം 100% കൈവരിച്ചു. തെളിമ പദ്ധതി

മുഖേന റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി. 'Operation yellow' പ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്നും 4,19,19,486 രൂപ പിഴ ഈടാക്കുകയും 17596 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യുകയുംചെയ്തു. ഇ-റേഷൻ കാർഡിനോടൊപ്പം PVC കാർഡുകളും നൽകിവരുന്നു.

**3. ഗോഡൗൺ നിർമ്മാണം**

പയ്യന്നൂർ, കോന്നി, വെള്ളരിക്കുണ്ട് എന്നീ സ്ഥലങ്ങളിൽ ശാസ്ത്രീയമായി ഗോഡൗൺ നിർമ്മിക്കുന്നതിന് 16 കോടി 57 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.

**4. സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി**

സഞ്ചരിക്കുന്ന റേഷൻ കട സംസ്ഥാനത്ത് നിലവിൽ 10 ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**5. സുഭിക്ഷ ഹോട്ടൽ**

വിശപ്പുരഹിത കേരളം പദ്ധതിമുഖേന മിതമായ നിരക്കിൽ ഒരു നേരത്തെ ഭക്ഷണം നൽകുന്നതിനായി ഊണൊന്നിന് 5 രൂപ സബ്സിഡി

നൽകി 20 രൂപ നിരക്കിൽ "സുഭിക്ഷ ഹോട്ടൽ" 14 ജില്ലകളിലായി 50 നിയോജകമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**6. GPS ട്രാക്കിംഗ്**

ഭക്ഷ്യധാന്യങ്ങളുടെ ചോർച്ച പൂർണ്ണമായി തടയുന്നതിലേയ്ക്കും വാതിൽപ്പടി വിതരണം കൃത്യതയോടെ നടപ്പാക്കുന്നതിലേയ്ക്കും സംസ്ഥാനത്ത് വാതിൽപ്പടി വിതരണം നടത്തുന്ന എല്ലാ വാഹനങ്ങളിലും C-DAC-ന്റെ സാങ്കേതിക സഹായത്തോടെ GPS ട്രാക്കിംഗ് സംവിധാനം നടപ്പാക്കിവരുന്നു. നിലവിൽ 475 വാഹനങ്ങളിൽ VLC device ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. തൃശ്ശൂർ താലൂക്കിൽ പൈലറ്റടിസ്ഥാനത്തിൽ GPS ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കി. വാഹനങ്ങളുടെ ഗതാഗത പാതയിൽ മനപ്പൂർവ്വമായ വ്യതിയാനം വരുത്തുന്നുണ്ടോയെന്നുള്ള ഡാറ്റ ശേഖരിക്കുകയും ടി വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ടി ആപ്പിന്റെ പ്രവർത്തന പുരോഗതി പരിശോധിച്ചശേഷം രണ്ടാംഘട്ടത്തിലായി തൃശ്ശൂർ ജില്ലയിലൊട്ടാകെയും തുടർന്ന് സംസ്ഥാനത്തൊട്ടാകെയും നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിക്കുന്നതാണ്.

**7. FPS ആപ്പ്**

റേഷൻ കടകളിൽ മൊബൈൽ ഫോൺ ഉപയോഗിച്ചിട്ടുള്ള ഓൺലൈൻ പരിശോധന സംവിധാനം FPS ഓൺലൈൻ ഇൻസ്പെക്ഷൻ ആപ്ലിക്കേഷനിലൂടെയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുവിതരണ സംവിധാനങ്ങളിലൂടെ കൂടുതൽ ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ മുഖേന നിലവിൽ 13 ഇനം സബ്സിഡി നിത്യോപയോഗ സാധനങ്ങളും കൂടാതെ FMCG ഉൽപ്പന്നങ്ങളും വിതരണം നടത്തിവരുന്നു. സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ എന്നിവ കെ-സ്റ്റോർ മുഖേനയും വിതരണം നടത്താൻ ഉദ്ദേശിക്കുന്നു.

**മലമ്പുഴ മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ**

284 (284) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം മലമ്പുഴ മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

മലമ്പുഴ മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിൽ മുൻഗണനാ റേഷൻ കാർഡ്**

285 (285) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്രപേർ മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽനിന്ന് സ്വമേധയാ ഒഴിഞ്ഞു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

5156 പേർ.

(ബി) പ്രസ്തുത ജില്ലയിൽ അനർഹമായി ബി.പി.എൽ. റേഷൻ കാർഡുള്ള എത്രപേരെ പിഴ ഈടാക്കി എ.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിയെന്ന് അറിയിക്കാമോ?

48 പേരെ പിഴ ഈടാക്കി മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് ലഭ്യമായ 20508 അപേക്ഷകളിൽ 14852 എണ്ണം PHH വിഭാഗത്തിലേയ്ക്കും 396 എണ്ണം എ.എ.വൈ. വിഭാഗത്തിലേയ്ക്കും മാറ്റി നൽകിയിട്ടുണ്ട്.

**മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽ ഉൾപ്പെട്ട അനർഹർ**

286 (286) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിലുൾപ്പെട്ട അനർഹരായവരെ കണ്ടെത്തുന്നതെങ്ങനെയെന്ന് അറിയിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെട്ട അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തുന്നു.

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.

4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.

5. തുടർച്ചയായി മൂന്നുമാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.

6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നതുവഴി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ.

7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി 'Operation Yellow' എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി വകുപ്പിന്റെ 24x7 പ്രവർത്തിക്കുന്ന മൊബൈൽ നമ്പറിലും (9188527301) 1967 എന്ന ടോൾഫ്രീ നമ്പറിലും അനർഹരെക്കുറിച്ചുള്ള വിവരങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്.

8. താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും ഫീൽഡുതല പരിശോധനയിലൂടെയും അന്വേഷണം നടത്തി അനർഹരെ കണ്ടെത്തി ഒഴിവാക്കിവരുന്നു.

**മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

287 (287) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

എ.എ.വൈ., പി.എച്ച്.എച്ച് വിഭാഗങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10(എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ഇതിലേയ്ക്കായി സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്:-

സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ, എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും. ഇതുകൂടാതെ കേന്ദ്രസർക്കാർ നിർദ്ദേശിച്ചപ്രകാരം എ.എ.വൈ.

വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, കാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18-09-2017-ലെ സ.ഉ.(സാധാ) നം. 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണന (പി.എച്ച്.എച്ച്.) വിഭാഗങ്ങളെ കണ്ടെത്തുന്നത്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡത്തിലുൾപ്പെട്ടതും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിലുൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ(സാധാ)നം.

319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) അർഹതയുണ്ടായിട്ടും മുൻഗണനാ റേഷൻ കാർഡുകളിൽ ഉൾപ്പെടാതെപോയവരെ ആയതിലേയ്ക്ക് പരിഗണിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം 2011-ലെ സെൻസസ് അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി അർബൻ, റൂറൽ റേഷ്യോ കണക്കാക്കി 15480040 അംഗങ്ങളെന്ന് നിജപ്പെടുത്തിയത്. നിലവിലെ ജനസംഖ്യപ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാപരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണിക്കാനാകൂവെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂവെന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തദ്ദേശസ്വയം ഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തുന്നു.

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.

4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.

5. തുടർച്ചയായി മൂന്നുമാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.

6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നതുവഴി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ.

7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി 'Operation Yellow' എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.

2009-നുശേഷം പുതുക്കിയ ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ അർഹരായവർക്ക് മുൻഗണനാ പട്ടികയിൽ

അവസരം ഉറപ്പാക്കുന്നതിനായി 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തതും നിലവിലെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലമനുസരിച്ച് ആനുകൂല്യത്തിന് അർഹമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നവർക്കുകൂടി ക്ലേശഘടകങ്ങൾ കണക്കിലെടുത്ത് 20 മാർക്ക് നൽകി മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡത്തിലുൾപ്പെട്ടതും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിലുൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ(സാധാ)നം. 319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ

ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

**മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിലെ കാലതാമസം**

288 (288) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദം, ഹൃദ്രോഗം, ഓട്ടിസം, മനോരോഗം ബാധിച്ചവർ, കിടപ്പ് രോഗികൾ എന്നിവരടക്കം നിർബന്ധിത പട്ടികയിൽ ഉൾപ്പെടുന്നവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ അപേക്ഷിച്ചവർക്ക് എന്നത്തേയ്ക്ക് കാർഡ് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതര രോഗബാധിതർ അടങ്ങുന്നതുമായ കുടുംബങ്ങളുടെ കാർഡുകൾ നിർബന്ധിത പട്ടികയിൽ ഉൾപ്പെടുത്തി ഓരോ മാസവും ഒഴിവുണ്ടാകുന്നമുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിവരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ

കേസിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27-10-2020-ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ലഭ്യമായ അപേക്ഷകളുടെ മെരിറ്റ് പരിശോധിച്ച് കാലതാമസം കൂടാതെ കാർഡുകൾ നൽകിവരുന്നു.

(ബി) 2022 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പ്രസ്തുത വിഭാഗക്കാർക്കുള്ള മുൻഗണനാ കാർഡിന് അപേക്ഷ ക്ഷണിച്ചതിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേരുടെ പട്ടിക തയ്യാറാക്കിയെന്നും ഇവർക്ക് എന്നത്തേയ്ക്ക് കാർഡ് നൽകാൻ കഴിയുമെന്നും വിശദമാക്കുമോ?

വിവിധ താലൂക്കുകളിൽനിന്ന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 2022 സെപ്റ്റംബറിൽ 278 പേരുടെയും ഒക്ടോബറിൽ 359 പേരുടെയും കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗക്കാർക്ക് പുതുതായി അപേക്ഷ നൽകുന്നതിന് സ്ഥിരമായ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. താലൂക്ക് സപ്ലൈ ഓഫീസുകളിലും ഓൺലൈനായും മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി ലഭ്യമാകുന്ന ഗുരുതര

രോഗബാധിതരടങ്ങുന്ന കുടുംബങ്ങളുടെ അപേക്ഷകൾ പരിശോധിച്ച് അർഹമായവ നിർബന്ധമായും ഉൾപ്പെടുത്തേണ്ട പട്ടികയിൽ ഉൾപ്പെടുത്തി ഓരോ മാസവും മുൻഗണനയിലേയ്ക്ക് മാറ്റിവരുന്നു.

**എസ്.ടി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡ്**

289(289) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എസ്.റ്റി. വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

8176 എണ്ണം.

(ബി) ഉൾപ്രദേശങ്ങളിൽ ഉൾപ്പെടെ താമസിക്കുന്ന എസ്.ടി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻകടകൾ മുഖേനയുള്ള ഭക്ഷ്യധാന്യ വിതരണം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ഉൾപ്രദേശങ്ങളിലും ഒറ്റപ്പെട്ട ആദിവാസിമേഖലകളിലും പ്രതികൂല ചുറ്റുപാടുകളിൽ താമസിക്കുന്ന എസ്.ടി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ്

ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിപ്രകാരം അർഹതപ്പെട്ട റേഷൻസാധനങ്ങൾ യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്. 10 ജില്ലകളിൽ നടപ്പാക്കിയിട്ടുള്ള ഈ പദ്ധതിയിലൂടെ അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**ബി.പി.എൽ. റേഷൻ കാർഡ് തിരിച്ചേൽപ്പിക്കുമ്പോൾ ഈടാക്കുന്ന പിഴ**

290 (290) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായി കൈവശംവച്ച ബി.പി.എൽ. റേഷൻ കാർഡുകൾ തിരിച്ചേൽപ്പിക്കുന്ന അവസരത്തിൽ കാർഡുടമകളിൽനിന്ന് പിഴ ഈടാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

മുൻഗണനാപട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി, അർഹരായവർക്ക് അവസരമുറപ്പാക്കുന്നതിനായി അനർഹമായി കൈവശംവച്ച മുൻഗണനാ കാർഡുകൾ പിഴകൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 മുതൽ 2022 മാർച്ച് 31-വരെ അവസരം നൽകിയിരുന്നു. ദീർഘകാലത്തെ ടി അവസരം പ്രയോജനപ്പെടുത്താതെ വീണ്ടും

അനർഹമായ കാർഡുകൾ കൈവശം വച്ചിരുന്നവരിൽനിന്നാണ് പിഴ ഈടാക്കുന്ന നടപടികൾ സ്വീകരിച്ചത്.

(ബി) പിഴ ഈടാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശംവയ്ക്കുന്ന വ്യക്തികളുടെ പേരിൽ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ ഖണ്ഡിക 11 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അനർഹമായി കൈപ്പറ്റിയ റേഷൻസാധനങ്ങളുടെ കമ്പോള നിരക്കിലുള്ള വില പിഴയായി ഈടാക്കുന്നു

(സി) പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽനിന്ന് കഴിഞ്ഞ മൂന്നുമാസത്തിനിടെ ഇപ്രകാരം എത്ര റേഷൻ കാർഡുകൾ തിരിച്ചേൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കാർഡുകൾ തിരിച്ചേൽപ്പിക്കുന്നതിന് അനുവദിച്ചിരുന്ന സമയപരിധി 2022 മാർച്ച് 31 വരെയായിരുന്നു. മുൻഗണനാ വിഭാഗത്തിൽനിന്നും 476 റേഷൻ കാർഡുകളും മുൻഗണനേതര (സബ്സിഡി) വിഭാഗത്തിൽനിന്നും 211 റേഷൻ കാർഡുകളും മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിലേയ്ക്ക് തരംമാറ്റിയിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ പിഴയിനത്തിൽ എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ താലൂക്കിൽ പിഴയിനത്തിൽ 31,08,581 രൂപ ഈടാക്കിയിട്ടുണ്ട്.

**എ.എ.വൈ. ക്വാട്ടയിലെ ഒഴിവുകൾ**

291 (291) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.എ.വൈ. ക്വാട്ടയിൽ എത്ര ഉപഭോക്താക്കളുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

7737 ഉപഭോക്താക്കളുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ദേവികുളം താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ എ.എ.വൈ. ക്വാട്ടയിൽ എത്ര കാർഡുകളുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനതലത്തിലാണ് ഒഴിവുകൾ തിട്ടപ്പെടുത്തുന്നത്. 595800 കാർഡുകളാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പട്ടികവർഗ്ഗ, അതിദരിദ്ര വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ അർഹത പരിശോധിച്ച് എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

**എ.ടി.എം. കാർഡ് മാതൃകയിൽ റേഷൻ കാർഡ്**

292 (292) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ കാർഡുകൾ എ.ടി.എം. കാർഡിന്റെ മാതൃകയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

നിലവിലുള്ള പുസ്തകരൂപത്തിലുള്ള കാർഡിന്റെ സാധുത നിലനിൽക്കുന്നതിനാൽ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് എ.ടി.എം. കാർഡ് വലിപ്പത്തിലുള്ള പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡുകൾ അക്ഷയ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് ഉപയോഗിക്കുന്നതിന് 29-10-2021-ലെ സ.ഉ.(സാധാ)നം. 427/2021/ഭ.പൊ.വി.വ. തീയതി പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**മുൻഗണനാ റേഷൻകാർഡ്**

293 (293) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി റേഷൻകാർഡിന് അപേക്ഷിക്കുന്നവർക്ക് വെള്ളക്കാർഡുകൾ മാത്രം ഇഷ്യൂ ചെയ്തുവരുന്നതുമൂലം അർഹതയുള്ള പല കുടുംബങ്ങൾക്കും മുൻഗണന നഷ്ടപ്പെടുകയും സഹായങ്ങൾ ലഭിക്കാതെ പോകുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ പൊതുവിഭാഗം (വെള്ള) കാർഡാണ് നൽകിവരുന്നത്. എന്നാൽ എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുകളിൽനിന്നും അംഗങ്ങളെ മാറ്റി പുതിയ കാർഡ് അനുവദിക്കുമ്പോൾ മുൻഗണന കാർഡ് നൽകിവരുന്നു. പൊതുവിഭാഗം കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അദാലത്ത് നടത്തി ക്ലേശ ഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് പൊതുവിതരണ കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(ബി) മാരകരോഗം ബാധിച്ചവർ, വിധവകൾ തുടങ്ങിയ അംഗങ്ങളുള്ള അർഹരായ കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മുൻഗണനാ വിഭാഗത്തിലേയ്ക്കുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരാത്തതും വിധവ ഗൃഹനാഥയായതോ (21 വയസ്സിനു മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത), ഗുരുതര ശാരീരിക മാനസിക വൈകല്യമുള്ളതോ ആയ അംഗങ്ങൾ ഉൾപ്പെട്ടുവരുന്നതോ ആയ കുടുംബങ്ങളെ പരിശോധനയ്ക്ക് വിധേയമായി അർഹതയുള്ളപക്ഷം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടതും ഗുരുതര രോഗം, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ളപക്ഷം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനയിലേയ്ക്ക് പരിവർത്തനം ചെയ്യാൻ 27-10-2020-ലെ സ.ഉ. (സാധാ)നം.319/2020/ ഭ.പൊ.വി.വ പ്രകാരം സിവിൽ സപ്ലൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗം ബാധിച്ചതുമൂലം സാമ്പത്തികമായി തകർന്ന മുൻഗണനേതര വിഭാഗങ്ങൾക്ക്

ചികിത്സാരേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അനുമതിപ്രകാരം ചികിത്സാനുകൂല്യം ലഭിക്കുന്നതിനായി മാത്രം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകളിൽ "സ്റ്റേറ്റ് പ്രയോറിറ്റി" സീൽ പതിച്ച് നൽകിവരുന്നുണ്ട്.

**റേഷൻ കടകൾക്ക് ലൈസൻസ്**

294 (294) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. പുതിയ റേഷൻ കടകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി റേഷൻകട അനുവദിക്കുന്നത് സംബന്ധിച്ച് നൽകിയ അപേക്ഷകളിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

പുതിയ റേഷൻകടയ്ക്കായി അപേക്ഷകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

**റേഷൻകടകളുടെ പ്രവർത്തന സമയം**

295 (295) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ പ്രവർത്തന സമയം നിരന്തരം മാറുന്നത് ഉപഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിച്ചിരുന്ന റേഷൻ കടകൾ പകുതി സമയമാക്കിയത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) റേഷൻ കടകളുടെ പ്രവർത്തന സമയം മാറുന്നതുസംബന്ധിച്ച് പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ മുഖേന ഉപഭോക്താക്കളെ യഥാസമയം അറിയിക്കുന്നുണ്ട്. ജനങ്ങൾക്ക് ഏതുസമയവും ബന്ധപ്പെടുന്നതിന് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ റേഷൻ കാർഡിലും റേഷൻ കടയിലും സിവിൽ സപ്ലൈസിന്റെ ഔദ്യോഗിക വെബ്സൈറ്റിലും നൽകിയിട്ടുണ്ട്. വിതരണ സമയം മാറ്റിയതുകൊണ്ട് റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന പരാതി നാളിതുവരെയും കാർഡുടമകളിൽനിന്നും ലഭിച്ചിട്ടില്ല.

(സി) റേഷൻ കടകളിൽ ഇപ്രകാരം സമയമാറ്റത്തിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ?

റേഷൻ വിതരണം തടസ്സംകൂടാതെ നടത്തുന്നതിന് Aadhar Authentication സാധ്യമാകുന്നതിനായി PDS സെർവർ കൂടാതെ രാജ്യത്തിന്റെ പലഭാഗത്തായി സ്ഥിതിചെയ്യുന്ന മറ്റ് മൂന്ന് സെർവറുകൾകൂടി ഒരേ സമയത്ത് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയിൽ (AUA) നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി(ASA)-യിലേയ്ക്കുള്ള നെറ്റ്‌വർക്ക് ട്രാഫിക് അധികമായി കാണപ്പെടുകയും അതുമൂലം ബയോമെട്രിക് ഓതന്റിക്കേഷൻ നടക്കാതെ വരികയും ചെയ്ത സാഹചര്യത്തിലുണ്ടായ തിരക്ക് നിയന്ത്രിക്കുന്നതിനാണ് റേഷൻ വിതരണത്തിലെ സമയക്രമത്തിൽ മാറ്റം വരുത്തിയത്.

(ഡി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സാങ്കേതിക തടസങ്ങൾ നീക്കംചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)

സെർവറിലുണ്ടാകുന്ന നെറ്റ്‌വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC-യുടെ (AUA) സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന് രണ്ട് ഓതന്റിക്കേഷൻ യൂസർ ഐഡി നിലവിൽ വരികയും ബയോമെട്രിക് ഓതന്റിക്കേഷൻ സുഗമമാകുകയും തുടർന്ന് റേഷൻ വിതരണം തടസംകൂടാതെ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. പുതിയ റേഷൻ കടയ്ക്കായി അപേക്ഷകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

**കേരളത്തിന് ലഭിക്കേണ്ടതായ റേഷൻ അരിയുടെ വിഹിതം**

296 (296) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ലഭിക്കേണ്ടതായ റേഷൻ അരിയുടെ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചത് റേഷനരിയുടെ വിതരണത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഭക്ഷ്യഭദ്രതാ നിയമപ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ധാന്യത്തിന്റെ (പ്രതിവർഷം 14.25 ലക്ഷം മെ.ടൺ) അളവ് പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനുമുൻപ് അധിക വിഹിതമുൾപ്പെടെ ലഭിച്ചുവന്ന

ധാന്യത്തിന്റെ അളവിനേക്കാൾ ഏകദേശം 2 ലക്ഷം മെട്രിക് ടൺ കുറവാണ്. മുൻകാലത്ത് എ.പി.എൽ. വിഭാഗത്തിന് നിശ്ചിത അളവിൽ ഭക്ഷ്യധാന്യം ലഭ്യമായിരുന്നു. എന്നാൽ ഇപ്പോൾ ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ധാന്യമുപയോഗിച്ച് മുൻഗണനേതര വിഭാഗത്തിന് നാമമാത്രമായ വിഹിതമേ നൽകാൻ കഴിയുന്നുള്ളൂ.

(ബി) കേരളത്തിന് ലഭിക്കേണ്ട റേഷൻ അരിയുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കേന്ദ്ര സർക്കാരിനോട് വിവിധ കത്തുകൾ മുഖേനയും നേരിട്ടും പല തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം ഇതുവരെയും പരിഗണിച്ചിട്ടില്ല.

(സി) സമ്പുഷ്ടീകരിച്ച അരി മാത്രമേ റേഷൻ കടകളിലൂടെ വിതരണം ചെയ്യാവൂവെന്നത് കൊണ്ട് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചമ്പാവ് പോലുള്ള അരി വിതരണം ചെയ്യാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2024 മുതൽ റേഷൻകടകൾ മുഖേന സമ്പുഷ്ടീകരിച്ച അരിമാത്രം വിതരണം ചെയ്യുണമെന്ന നിർദ്ദേശം നടപ്പിലാക്കുവാൻ

സാവകാശമാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തുനൽകിയിട്ടുണ്ട്. നിലവിൽ നെല്ലുസംഭരണം മുഖേന ലഭ്യമാക്കുന്ന ചമ്പാവരി വിതരണം നടത്തുന്നുണ്ട്.

(ഡി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അരികൂടി റേഷൻ കടകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താമോ; വിശദാംശം നൽകുമോ?

കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന അരി നിലവിൽ റേഷൻ കടകൾവഴി വിതരണം നടത്തുന്നുണ്ട്. സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ. (Custom Milled Rice) പോഷക സമ്പുഷ്ടമാണ്. റേഷൻ കടകൾ മുഖാന്തരം വിതരണം ചെയ്യുന്നതിനായി കുത്തരി, നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽനിന്നും നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് ഗോഡൗണുകളിൽ വിതരണത്തിനായി സംഭരിച്ച് കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത അരി വിതരണം നടത്തിയില്ലെങ്കിൽ നശിച്ചുപോകാനിടയുണ്ട്. ആയത് വലിയ സാമ്പത്തിക നഷ്ടം ഉളവാക്കും. മേൽ കാരണങ്ങളാലും സമ്പുഷ്ടീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതിനാലും കേരളത്തിൽ ഇത്തരത്തിൽ അരി സമ്പുഷ്ടീകരിക്കുന്നതിന് ഒരു ബ്ലൻഡിംഗ് യൂണിറ്റ് മാത്രമേയുള്ളൂവെന്നതിനാലും സംസ്ഥാനത്ത് വിതരണം ചെയ്യുന്ന

സി.എം.ആർ. സംന്യഷ്ടീകരിക്കുന്നതിൽനിന്നും കേരളത്തെ 2023 മാർച്ച് മാസംവരെയെങ്കിലും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**കെ-സ്റ്റോർ പദ്ധതി**

297 (297) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമായാണ് വൈവിദ്ധ്യവത്കരണത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു

അധികവരുമാന മാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.

1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ

3. റേഷൻകടകളുടെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.

നിലവിൽ എല്ലാ ജില്ലകളിൽനിന്നുമായി 73 റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 'കെ-സ്റ്റോർ' പദ്ധതിയുടെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി., മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ലൈസൻസികൾക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷനുപുറമേ അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് നിലവിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ 'കെ-സ്റ്റോർ' പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക നൽകുന്നതിനും ആയത് പ്രാവർത്തികമാക്കുന്നതിനുമായി വ്യാപാരികൾക്ക് സാമ്പത്തിക സഹായം നൽകുന്നതും പരിശോധിച്ചുവരുന്നു. പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കി വിലയിരുത്തിയശേഷം കൂടുതൽ കടകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

(ബി) ചങ്ങനാശ്ശേരി താലൂക്കിൽ കെ-സ്റ്റോർ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കട നമ്പർ 114-ൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി താലൂക്കിൽ കെ-സ്റ്റോർ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള 114-ാം നമ്പർ റേഷൻ കടയോട് ചേർന്ന് കെ-സ്റ്റോറിനാവശ്യമായ സ്ഥലം കണ്ടെത്തുകയും നിർദ്ദിഷ്ട മാതൃകയിലുള്ള പെയിന്റിംഗ് നടത്തി രൂപമാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ റേഷൻ കടകൾ

298(298) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോന്നിലും എത്ര റേഷൻ കാർഡുകൾ വീതമുണ്ടെന്നും അറിയിക്കാമോ?

385 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള റേഷൻ കടകളുടെയും റേഷൻ കാർഡുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ജില്ലയിൽ പുതുതായി എത്ര റേഷൻ കടകൾ തുടങ്ങുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൻമേലുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

പുതിയതായി റേഷൻ കടകൾ തുടങ്ങുന്നതിന് ലഭ്യമായ അഞ്ച് അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ-സ്റ്റോർ പദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

299 (299) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കെ-സ്റ്റോർ പദ്ധതി വിശദീകരിക്കാമോ; ഏതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമായാണ് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗംകൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

<u>റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.</u>

1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാവരുന്നവർ

3. റേഷൻകടകളുടെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.

നിലവിൽ എല്ലാ ജില്ലകളിൽനിന്നുമായി 73 റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) റേഷൻ കടകൾ വൈവിധ്യവത്ക്കരിക്കാനും പൊതുവിതരണം ശക്തിപ്പെടുത്താനും ജനോപകാരപ്രദമായ സേവനങ്ങൾ നൽകാനും എന്തെല്ലാം പദ്ധതികളാണ് കെ-സ്റ്റോർ വഴി ആവിഷ്കരിച്ച് നടപ്പാക്കുന്നത്; വിശദാംശം നൽകാമോ?

'കെ-സ്റ്റോർ' പദ്ധതിയുടെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും

ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി., മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ കൂടുതൽ സേവനങ്ങളും ഉല്പന്നങ്ങളും നൽകുന്നതുമൂലം കടയുടമയ്ക്ക് അധിക വരുമാനം ലഭിക്കുമോ;

(ഡി) ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കൾക്ക് പ്രയോജനകരമായ പ്രത്യേക പദ്ധതികൾ കെ-സ്റ്റോറിന് കീഴിലുണ്ടോ; പദ്ധതി കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) ലൈസൻസികൾക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷനുപുറമേ അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് നിലവിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ 'കെ-സ്റ്റോർ' പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക നൽകുന്നതിനും ആയത് പ്രാവർത്തികമാക്കുന്നതിനുമായി വ്യാപാരികൾക്ക് സാമ്പത്തിക സഹായം നൽകുന്നതും പരിശോധിച്ചുവരുന്നു. ടി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കി വിലയിരുത്തിയശേഷം കൂടുതൽ കടകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**പൂവത്തൂരിലെ എൻ.എഫ്.എസ്.എ. ഗോഡൗൺ**

300 (300) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പൂവത്തൂരിൽ പ്രവർത്തിക്കുന്ന എൻ.എഫ്.എസ്.എ. ഗോഡൗൺ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഗോഡൗണിന്റെ പ്രതിമാസ വാടക എത്ര രൂപയാണെന്ന് അറിയിക്കാമോ?

പ്രതിമാസം 44,813/- രൂപ

(സി) പ്രസ്തുത ഗോഡൗണിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ചാവക്കാട് താലൂക്കിൽ എൻ.എഫ്.എസ്.എ. ഗോഡൗൺ പണിയുന്നതിനനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ടി താലൂക്ക് പരിധിയിൽ എൻ.എഫ്.എസ്.എ. ഗോഡൗൺ പണിയുന്നതിനനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമല്ലെന്ന് തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഗോഡൗണിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എൻ.എഫ്.എസ്.എ. ഗോഡൗൺ പണിയുന്നതിനനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമായ താലൂക്കുകളിൽ ആയത് നിർമ്മിക്കുന്നതിനുള്ള നടപടികളാണ് ആദ്യഘട്ടത്തിൽ സ്വീകരിച്ചുവരുന്നത്.

**വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻ കട**

301 (301) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻ കട നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഈ പദ്ധതിയുടെ പ്രവർത്തനം നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സഞ്ചരിക്കുന്ന റേഷൻ കടകൾ കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ?

(എ-സി) ഉണ്ട്. മാനന്തവാടി താലൂക്കിലെ തവിഞ്ഞാൽ പഞ്ചായത്തിൽ കുഞ്ഞോം പ്രദേശത്തെ ചുരുളി, തിരുനെല്ലി പഞ്ചായത്തിൽ

ബാവലി മീൻകൊല്ലി, വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ അരണമല, പൊഴുതന പഞ്ചായത്തിലെ ഭ്രദാനം എന്നീ ആദിവാസി കോളനികളിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പ്രവർത്തിച്ചുവരുന്നു. വൈത്തിരി താലൂക്കിലെ പൊഴുതന പഞ്ചായത്തിലെ അമ്പ ഏഴാം നമ്പർ കോളനിയിലും മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ കോളനിയിലും ടി പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ആദിവാസി ഊരുകളിലേയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടാമ്പി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

302 (302) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആദ്യഘട്ടത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ റേഷൻ കടകൾ കെ-സ്റ്റോർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ എല്ലാ ജില്ലകളിൽനിന്നുമായി 73 റേഷൻ കടകളെയാണ് ടി പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കി വിലയിരുത്തിയശേഷം കൂടുതൽ കടകളിലേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്.

**നിലമ്പൂർ താലൂക്കിലെ അരി വിതരണം**

303 (303) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ റേഷൻ കടകൾമുഖേന പുഴക്കലരി, മട്ടയരി എന്നിവ വിതരണം ചെയ്യാതെ പച്ചരി മാത്രം വിതരണം ചെയ്യുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇപ്രകാരം പച്ചരി മാത്രം വിതരണം ചെയ്യാൻ തുടങ്ങിയിട്ട് എത്ര മാസമായെന്നും ഇതേനിലയിൽ ഇനിയും തുടരേണ്ടിവരുമോയെന്നും അറിയിക്കാമോ?

(എ&ബി) 2022 ഒക്ടോബർ മാസം മുതൽ എഫ്.സി.ഐ.-യിൽനിന്ന് ആവശ്യകതയേക്കാൾ കൂടുതൽ പച്ചരി ലഭ്യമാകുകയും പുഴുക്കലരി ആവശ്യാനുസരണം ലഭ്യമാകാത്തതുമായ സാഹചര്യം നിലവിലുണ്ട്. 2022 ഡിസംബർ, 2023 ജനുവരി മാസങ്ങളിൽ എഫ്.സി.ഐ.-യിൽനിന്ന് പച്ചരി മാത്രമാണ് ലഭ്യമായത്. ഇപ്രകാരം പച്ചരിയുടെ അനുപാതം കൂടുതലായതിനാലാണ് പച്ചരി മാത്രം വിതരണം നടത്തിയിട്ടുള്ളത്. എഫ്.സി.ഐ.-യിൽനിന്ന് പുഴുക്കലരി കൂടുതൽ ലഭ്യമാകുന്നതുവരെ ഇതേനില തുടരേണ്ടിവരുന്നതാണ്. എന്നാൽ നെല്ലുസംഭരണംമുഖേന ലഭ്യമാകുന്ന സി.എം.ആർ. അരിയുടെ ലഭ്യതയ്ക്കനുസരിച്ച് മട്ടയരി വിതരണം നടത്തിവരുന്നുണ്ട്.

(സി) പ്രസ്തുത താലൂക്കിലെ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഏതുതരം അരിയാണ് നിലവിൽ വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ; ഇതിനുള്ള വിഹിതം എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്നും അറിയിക്കാമോ?

കേന്ദ്ര സർക്കാരിൽനിന്നും അനുവദിക്കുന്ന A-Grade Boiled (Fortified) അരിയാണ് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ഉച്ചഭക്ഷണം നൽകുന്നതിനായി വിതരണം ചെയ്തുവരുന്നത്.

(ഡി) പ്രസ്തുത താലൂക്കിലെ റേഷൻ വിഹിതത്തിന്റെ പകുതിയെങ്കിലും പുഴുക്കലരിയും മട്ടയരിയും റേഷൻ കടകൾവഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പുഴുക്കലരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എഫ്.സി.ഐ.-യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചെങ്കിലും പുഴുക്കലരി ലഭ്യമാകുന്നില്ലായെന്ന് അറിയിപ്പ് ലഭിക്കുകയുണ്ടായി. കൂടുതൽ പുഴുക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നെല്ലുസംഭരണം മുഖേന ലഭ്യമാകുന്ന സി.എം.ആർ. അരിയും ലഭ്യതയ്ക്കനുസരിച്ച് പരമാവധി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**റേഷൻ ഷോപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ**

304 (304) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റേഷൻ ഷോപ്പുകളിൽനിന്നും കാർഡുടമകൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് റേഷൻ കടകളിൽനിന്ന് ലഭ്യമാക്കുന്ന തൻമാസ റേഷൻ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി

ചേർത്തിരിക്കുന്നു.* ഇതിനുപുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ റേഷൻ കടകൾ മുഖേന നൽകുന്നതിന്റെ ഭാഗമായി ആരംഭിച്ച 'കെ-സ്റ്റോർ' പദ്ധതിപ്രകാരം പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന ധാന്യങ്ങളുടെ ഗുണനിലവാരം

305 (305) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന റേഷനരിയിൽ ഭൂരിഭാഗവും പച്ചരിയായതുമൂലം റേഷൻ കാർഡ് ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ പുഴുക്കലരി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എഫ്.സി.ഐ.-യിൽനിന്ന് പച്ചരി കൂടുതൽ ലഭ്യമാകുന്ന ജില്ലകളിൽ നെല്ലുസംഭരണം മുഖേന ലഭ്യമാകുന്ന സി.എം.ആർ. അരി പരമാവധി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എഫ്.സി.ഐ. ഗോഡൗണുകൾവഴി വിതരണം ചെയ്യുന്ന ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഓരോ മാസവും വിതരണത്തിനുമുൻപ് എഫ്.സി.ഐ.-യിൽനിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ.-യിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17-12-2021-ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും എഫ്.സി.ഐ. ജനറൽ മാനേജറുംചേർന്ന് ഒപ്പുവച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നത്

സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 20-04-2022-ലെ സർക്കുലർ നം.8/2022 പ്രകാരം പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥരുൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോധ്യപ്പെട്ട് റേഷൻ കടകളിൽ ഇറക്കേണ്ട ഉത്തരവാദിത്വം എ.ആർ.ഡി. ലൈസൻസികൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം എൻ.എഫ്.എസ്.എ. ഗോഡൗണുകളുമായി ബന്ധപ്പെട്ട് മോശം ഭക്ഷ്യധാന്യം മാറ്റി നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും റേഷൻ കടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി എഫ്.സി.ഐ.-യിൽനിന്ന് വിട്ടെടുക്കുമ്പോൾ സപ്ലൈകോയുടെ അസിസ്റ്റന്റ് മാനേജർ/ജൂനിയർ മാനേജർ(QA)യും എഫ്.സി.ഐ.-യുടെ ക്വാളിറ്റി കൺട്രോളർ ഓഫീസറും സംയുക്തമായി പരിശോധിക്കുകയും ഗുണനിലവാരമുള്ള ലോട്ടുകൾ മാർക്ക് ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം വിട്ടെടുക്കുന്ന അരി സപ്ലൈകോ അസിസ്റ്റന്റ് മാനേജർ/ജൂനിയർ മാനേജർ(QA) പരിശോധന നടത്തുകയും കീട നിയന്ത്രണത്തിനുവേണ്ട സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ തുടങ്ങിയവ യഥാസമയം നടത്തുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തിയ അരിയാണ് സ്കൂളുകളിലേയ്ക്ക് വിതരണം ചെയ്യുന്നത്.

**കുട്ടനാട്ടിലെ പൊതുവിതരണ സംവിധാനം**

306 (306) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ദ്വീപുകളിൽ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിൽ 115 റേഷൻ കടകളും 53418 റേഷൻ കാർഡുകളുമാണ് നിലവിലുള്ളത്. റദ്ദ് ചെയ്തതോ കൂട്ടിച്ചേർക്കപ്പെട്ടതോ മരണപ്പെട്ട ലൈസൻസികളുടെ അനന്തരാവകാശികൾ കട ഏറ്റെടുക്കാൻ തയ്യാറാകാത്തതോ ആയ കടകളിലേയ്ക്ക് ലൈസൻസി വിജ്ഞാപനം ക്ഷണിച്ചതിന്റെ ഭാഗമായി 11 റേഷൻകടകൾക്കുവേണ്ടി ലൈസൻസി വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിൽ 3 റേഷൻ കടകൾക്ക് സ്ഥിരം ലൈസൻസിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഡിപ്പോയുടെ പ്രവർത്തനം കൃത്യമായി നടന്നുവരുന്നു. കൃത്യമായ ഇടവേളകളിൽ ഉദ്യോഗസ്ഥർ എൻ.എഫ്.എസ്.എ. ഡിപ്പോയും റേഷൻകടകളും പരിശോധിക്കുന്നുണ്ട്. 'കെ-സ്റ്റോർ' പദ്ധതിക്കായി കുട്ടനാട് താലൂക്കിൽനിന്നും എ.ആർ.ഡി. 248-നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത റേഷൻകടയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല ഉദ്ഘാടനം നടത്തുന്ന മുറയ്ക്ക് കെ-സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ഇത്തരം ഒറ്റപ്പെട്ട പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ, പൊതുവിതരണ വകുപ്പിന്റെ സഞ്ചരിക്കുന്ന റേഷൻകട എന്നിവ മുഖേന നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത നിലവിൽ ഉറപ്പുവരുത്തുന്നുണ്ട്.

**കേന്ദ്രസർക്കാർ അനുവദിക്കുന്ന റേഷൻ വിഹിതം**

307 (307) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കഴിഞ്ഞ മൂന്നുമാസമായി സംസ്ഥാനത്തിന് അനുവദിക്കുന്ന റേഷൻ വിഹിതത്തിൽ എൺപത് ശതമാനത്തിലധികം പച്ചരിയാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്ത് റേഷൻ വാങ്ങുന്നവരുടെ എണ്ണത്തിൽവന്ന വ്യത്യാസം അറിയിക്കാമോ?

സംസ്ഥാനത്തെ പല ജില്ലകളിലും കഴിഞ്ഞ രണ്ടുമൂന്നുമാസങ്ങളിലായി എഫ്.സി.ഐ.-യിൽനിന്ന് ആവശ്യകതയേക്കാൾ കൂടുതൽ പച്ചരി

ലഭിക്കുകയും ആവശ്യകതയ്ക്കനുസരിച്ച് പുഴുക്കലരി ലഭിക്കാത്തതുമായ സാഹചര്യം നിലവിലുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട വകുപ്പിന്റെ പോർട്ടലിലെ വിവരങ്ങൾ പ്രകാരം 2022 ആഗസ്റ്റ് മാസത്തിൽ 8372376 കുടുംബങ്ങളും 2022 സെപ്റ്റംബർ മാസത്തിൽ 8371047 കുടുംബങ്ങളും 2022 ഒക്ടോബർ മാസത്തിൽ 7434260 കുടുംബങ്ങളും 2022 നവംബറിൽ 7857568 കുടുംബങ്ങളും 2022 ഡിസംബറിൽ 7277992 കുടുംബങ്ങളും റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്.

(ബി) റേഷൻ വിഹിതത്തിന്റെ പകുതിയെങ്കിലും പുഴുക്കലരി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

ഉണ്ട്. കേന്ദ്രസർക്കാരിൽനിന്ന് ഇതുസംബന്ധിച്ച് മറുപടിയൊന്നും ലഭ്യമായിട്ടില്ല.

(സി) പുഴുക്കലരി നിഷേധിക്കുന്നതിലൂടെ പൊതുവിപണിയിലെ അരിവില വർദ്ധനവിന് കാരണമാകുന്ന നടപടി തിരുത്തിക്കുന്നതിനും ആവശ്യാനുസരണം അരി വിഹിതം അനുവദിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

കൂടുതൽ പുഴുക്കലരി അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനും എഫ്.സി.ഐ.-യ്ക്കും കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകാത്തതിനെത്തുടർന്ന് ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി**

308 (308) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ക്രിസ്തുമസ്-പുതുവത്സരത്തോടനുബന്ധിച്ച് പ്രത്യേക ചന്തകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ; രാജ്യത്താകെ വിലക്കയറ്റം രൂക്ഷമാകുമ്പോൾ സംസ്ഥാനത്ത് വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് ഇത്തരം നടപടികൾ എങ്ങനെയെല്ലാം സഹായകരമായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് കഴിഞ്ഞ ക്രിസ്തുമസ്-പുതുവത്സരത്തോടനുബന്ധിച്ച് പ്രത്യേക ഫെയറുകൾ സംഘടിപ്പിച്ചിരുന്നു. എല്ലാ വർഷവും ക്രിസ്തുമസ്

സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോയുടെ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇത്തവണയും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്മസ്-പുതുവത്സര ഫെയറുകൾ സംഘടിപ്പിച്ചിരുന്നു. ഇക്കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ മുതലായ വിൽപ്പനശാലകളും ക്രിസ്മസ്-പുതുവത്സര മാർക്കറ്റുകളായി പ്രവർത്തിച്ചിരുന്നു. രാജ്യത്താകെ വിലക്കയറ്റം രൂക്ഷമാകുമ്പോൾ സംസ്ഥാനത്ത് വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് ഇത്തരം നടപടികൾ പൊതുജനങ്ങൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴിയും വിവിധ ഫെയറുകൾ വഴിയും സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നുണ്ട്. 2016 മേയ് മാസം മുതൽ ടി സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 31 മുതൽ 76 ശതമാനംവരെ

വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്.

(ബി) ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി നിത്യോപയോഗ സാധനങ്ങൾ വിതരണ കേന്ദ്രങ്ങളിൽ എത്തിച്ചുകൊടുക്കുന്ന വാഹനങ്ങളിൽ പ്രത്യേക കളർകോഡ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കിയതിന്റെ ഭാഗമായി ഭക്ഷ്യധാന്യ വിതരണവും അനുബന്ധപ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനായി വാതിൽപ്പടി വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ വേഗത്തിൽ തിരിച്ചറിയുന്നതിനായി ഒരു ഏകീകൃത കളർ കോഡ് (വാഹനങ്ങളുടെ നാല് വശവും സർക്കാർ നിശ്ചയിക്കുന്ന ചുവപ്പും മഞ്ഞയും നിറത്തിലുള്ള മുദ്ര) പതിപ്പിക്കുന്നതിന് അനുമതി 22-12-2020-ലെ സ.ഉ (സാധാ)നം. 356/2020/ഭ.പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ കളർകോഡ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ട് കമ്മീഷണറിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

309 (309) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് പൊതുവിപണിയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സഹായകരമായിട്ടുണ്ട്. കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്ന അരി FCI വഴി സംഭരിച്ച് റേഷൻകടകൾ വഴി വിതരണം ചെയ്യുതുവഴി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചു. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽവഴി 13 അവശ്യസാധനങ്ങൾ സപ്ലൈകോയുടെ 1632 ഔട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) മുഖേന മേയ് 2016-ലെ നിരക്കിൽ ഇപ്പോഴും നൽകിവരുന്നു. പൊതുവിപണിയേക്കാൾ 31 മുതൽ 76

ശതമാനംവരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. സപ്ലൈകോ സബ്സിഡി വിലയും പൊതുവിപണി വിലയും തമ്മിലുള്ള താരതമ്യം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുതുമൂലം 2021 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ ഏകദേശം 701.47 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉല്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്. 90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ, അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തി ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കുന്നു. നെൽക്യഷി പ്രോത്സാഹിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും രാജ്യത്തുതന്നെ ഏറ്റവും കൂടിയ വില നൽകി മുൻവർഷങ്ങളേക്കാൾ കൂടിയ അളവിൽ നെല്ല് സംഭരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യമില്ലുകളുമായിചേർന്ന് നെല്ല് സംസ്കരിച്ച് സർക്കാർ വലിയ നഷ്ടം സഹിച്ചുകൊണ്ടാണ് നെല്ല് സംഭരണത്തിൽനിന്നുള്ള അരി പൊതുവിതരണത്തിനായി നൽകുന്നത്. ഒരു കിലോഗ്രാം സി.എം.ആർ. അരി (മട്ട കുത്തരി) റേഷൻ കടയിലേയ്ക്ക് എത്തിക്കുന്നതിന് ഏകദേശം 53 രൂപ സർക്കാർ ചെലവഴിക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിക്കാലത്ത്

പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുമായി മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 2022-ലെ ഓണക്കാലത്തും 8569583 ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ എല്ലാവിഭാഗം റേഷൻ കാർഡുടമകൾക്കും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 2022 ഓണത്തോടനുബന്ധിച്ച് സപ്ലൈകോ തയ്യാറാക്കി നൽകിയ 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോടുചേർന്നും

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽനിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാവർഷവും ക്രിസ്തുമസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ് - പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇക്കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നീ വിൽപ്പനശാലകളും ക്രിസ്തുമസ് –പുതുവത്സര മാർക്കറ്റുകളായി പ്രവർത്തിച്ചു. 04-04-2022 മുതൽ 02-05-2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു-ഈസ്റ്റർ-ഈദ്-ഉൽ ഫിതർ

ഫെയറുകളായി പ്രവർത്തിച്ചു. അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തരസാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ അരി വണ്ടി എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേയ്ക്ക് എല്ലാതാലൂക്കുകളിലും എത്തിച്ചേരുന്നവിധത്തിൽ താൽക്കാലികമായി പുനക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻ കാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് അരിവണ്ടിയുടെ സേവനം ക്രമീകരിച്ചത്.

**സപ്ലൈകോയിൽനിന്ന് തിരികെ വരുന്ന ജീവനക്കാരുടെ നിയമനം**

310 (310) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പാസാക്കിയ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് 2019 പ്രകാരം സംസ്ഥാന, ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ എക്സിക്യൂഷൻ വിഭാഗത്തിന്റെയും മീഡിയേഷൻ സെല്ലിന്റെയും പ്രവർത്തനത്തിനായി 103

വിവിധ തസ്തികകൾ അനുവദിക്കുന്നതിനായി 22-07-2022-ലെ CCS/5151/2021-B1 പ്രകാരമുള്ള സിവിൽ സപ്ലൈസ് കമ്മീഷണറുടെ ശിപാർശപ്രകാരം സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം എക്സിക്യൂഷൻ വിഭാഗത്തിന്റെ എക്സിക്യൂഷനിലുൾപ്പെട്ടുവരുന്ന 'വസ്തു കൈവശമെടുക്കൽ' ജില്ലാ ഭരണകൂടത്തെ ഏൽപ്പിക്കാൻ കഴിയുമോയെന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിനുശേഷം മാത്രമേ എക്സിക്യൂഷൻ വിഭാഗത്തിലെ തസ്തിക സൃഷ്ടിക്കൽ പരിഗണിക്കാൻ കഴിയുകയുള്ളൂ. മീഡിയേഷൻ സെല്ലുകളുടെ പ്രവർത്തനത്തിനായി 26-12-2022-ലെ ജി.ഒ.(എം.എസ്) നം.9/2022/ സിഎഡി പ്രകാരം രണ്ടുവർഷ കാലാവധിയിൽ മുപ്പത് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പൊതുവിതരണ വകുപ്പിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക് തസ്തികകളിലെ ജീവനക്കാരുടെ എണ്ണം വർഷംതോറും 10 ശതമാനം വീതം കുറച്ചതനുസരിച്ച് സപ്ലൈകോയിൽനിന്ന് തിരികെവരുന്ന ജീവനക്കാരെ നിയമിക്കാൻ വകുപ്പിൽ മതിയായ ഒഴിവുകൾ

ലഭ്യമല്ലാത്തതിനാൽ അധിക സാമ്പത്തികബാധ്യത വരാതെതന്നെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ നിയമിക്കണമെന്ന 22-07-2022-ലെ സിവിൽ സപ്ലൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

സിവിൽ സപ്ലൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

(സി) പൊതുവിതരണ വകുപ്പിൽനിന്ന് സപ്ലൈകോയിലേയ്ക്കുള്ള ഡെപ്യൂട്ടേഷനിൽ 2019-ൽ 10 ശതമാനം കുറവ് വരുത്തുന്നതിന് മുൻപ് സപ്ലൈകോയിലെ ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകളിലുണ്ടായിരുന്ന ജീവനക്കാരുടെയും നിലവിലുള്ള ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് അറിയിക്കാമോ?

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽനിന്നും സപ്ലൈകോയിലേയ്ക്കുള്ള ഡെപ്യൂട്ടേഷനിൽ 2019-ൽ 10% കുറവ് വരുത്തുന്നതിനുമുൻപ് സപ്ലൈകോയിലെ ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക് തസ്തികയിലുണ്ടായിരുന്ന ജീവനക്കാരുടെയും നിലവിലുള്ള ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-ൽ 10% കുറവ് വരുത്തുന്നതിന് മുൻപുണ്ടായിരുന്ന ക്ലാർക്കുമാരുടെ എണ്ണം | 364 |
| നിലവിലുള്ള ക്ലാർക്കുമാരുടെ എണ്ണം | 220 |
| 2019-ൽ 10% കുറവ് വരുത്തുന്നതിന് മുൻപുണ്ടായിരുന്ന സീനിയർ ക്ലാർക്കുമാരുടെ എണ്ണം | 305 |
| നിലവിലെ സീനിയർ ക്ലാർക്കുമാരുടെ എണ്ണം | 185 |
| 2021-ൽ 10% കുറവ് വരുത്തുന്നതിന് മുൻപുണ്ടായിരുന്ന ഹെഡ് ക്ലാർക്കുമാരുടെ എണ്ണം | 443 |
| നിലവിലുള്ള ഹെഡ് ക്ലാർക്കുമാരുടെ എണ്ണം | 363 |

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

311 (311) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ ആകെ 3496.49 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ പ്രത്യേക തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാരിന്റെ കാലത്ത് സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 75 കോടി രൂപയും കോവിഡ് സമാശ്വാസക്കിറ്റ്, ഓണക്കിറ്റ് എന്നിവ വിതരണം ചെയ്യുന്നതിനായി 1700.19 കോടി രൂപയും ചേർത്ത് വിപണിയിടപെടൽ ശീർഷകത്തിൽ ആകെ 1775.19 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചുവടെ പറയുംപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിപണിയിടപെടലിന്റെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴിയും വിവിധ ഫെയറുകൾ വഴിയും സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്ക് വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില 2016 മേയ് മാസം മുതൽ വർദ്ധിപ്പിച്ചിട്ടില്ല. പൊതു

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിപണിയേക്കാൾ 31 മുതൽ 76 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉല്പന്നങ്ങളും MRP- യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്. 90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തി ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ.

കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കുന്നു. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്തുമസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ്- പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

ഇക്കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നീ വിൽപ്പനശാലകളും ക്രിസ്തുമസ്-പുതുവത്സര മാർക്കറ്റുകളായി പ്രവർത്തിച്ചു. 04-04-2022 മുതൽ 02-05-2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു-ഈസ്റ്റർ-ഈദ്-ഉൽ ഫിതർ ഫെയറുകളായി പ്രവർത്തിച്ചു. അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേയ്ക്ക് എല്ലാതാലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. ഇതിലൂടെ 131464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ (23,24,25 രൂപയ്ക്ക്) വിൽപ്പന നടത്തിയത്. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'-യുടെ സേവനം ക്രമീകരിച്ചത്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

312 (312) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമാർക്കറ്റിലെ അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കേരളത്തിലെ പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്ന അരി FCI വഴി സംഭരിച്ച് റേഷൻകടകൾവഴി വിതരണം ചെയ്യുതുവഴി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതിമൂലം 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഓട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നൽകിവരുന്നുണ്ട്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നുണ്ട്. ഇതുകൂടാതെ തേയില,

മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റവശ്യസാധനങ്ങളും FMCG ഉല്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്. 90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവ് നൽകുന്നുണ്ട്. കോവിഡ്-19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർവരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ

വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 2022-ലെ ഓണക്കാലത്തും 8569583 ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ എല്ലാവിഭാഗം റേഷൻ കാർഡുടമകൾക്കും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്കാസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോടുചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാവർഷവും ക്രിസ്തുമസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക

ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ്-പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. 04-04-2022 മുതൽ 02-05-2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു-ഈസ്റ്റർ-ഈദ്-ഉൽ ഫിതർ ഫെയറുകളായി പ്രവർത്തിച്ചു. അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ ആറ് ദിവസത്തേയ്ക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്നവിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻ കാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'-യുടെ സേവനം ക്രമീകരിച്ചത്. റേഷൻകടകൾവഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതിപ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം

നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിന് ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകളും നടത്താറുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കൂടുതൽ സൂപ്പർമാർക്കറ്റുകളും നിത്യോപയോഗ സാധന വിതരണത്തിന് വിവിധ സംവിധാനങ്ങളും ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കൂടുതൽ സൂപ്പർമാർക്കറ്റുകളും നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് വിവിധ സംവിധാനങ്ങളും ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിലവിലെ മാവേലി സ്റ്റോറുകൾ വിപണന സാധ്യതയും സ്ഥല

ലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ സാധ്യതാപഠനം നടത്തിയും വില്പന സാധ്യത വിലയിരുത്തിയും പ്രവർത്തന നഷ്ടം ഉണ്ടാവില്ലെന്നത് ഉറപ്പുവരുത്തിയും ബ്രാൻഡഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യംകൂടി ഏർപ്പെടുത്തിക്കൊണ്ട് മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നുണ്ട്. കൂടാതെ കുറഞ്ഞത് 1000 ചതുരശ്ര അടി സ്ഥല സൗകര്യം ലഭിക്കുന്നമുറയ്ക്ക് വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ ആധുനിക ഉപഭോക്തൃ സൗഹൃദ സംവിധാനങ്ങൾകൂടി ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തി സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉപഭോക്തൃ സൗകര്യാർത്ഥം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. മുൻ സർക്കാർ അധികാരത്തിൽ വന്ന 2016 മേയ് മാസത്തിൽ വില്പനശാലകളുടെ ആകെ എണ്ണം 1528 ആയിരുന്നെങ്കിൽ ഇന്ന് എണ്ണം 1629 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിനുപുറമെ,

നിലവിലുള്ളവ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. സർക്കാരിന്റെ പ്ലാൻഫണ്ട് ഉപയോഗപ്പെടുത്തി 2018-19 മുതൽ 2021-22 സാമ്പത്തിക വർഷം വരെ 23.47 കോടി രൂപ ചെലവഴിച്ച് ആകെ 253 വില്പനശാലകൾ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ ആധുനീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 96 വില്പനശാലകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ സപ്ലൈകോയുടെ 21 മൊബൈൽ മാവേലി വാഹനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിലും മറ്റുപലചരക്ക് സാധനങ്ങൾ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ന്യായമായ നിരക്കിലും നൽകിവരുന്നു. മാവേലി സ്റ്റോർ കുറവായ മേഖല, പ്രളയ ബാധിതമേഖല, തീരപ്രദേശങ്ങൾ, മലയോര ആദിവാസി മേഖലകൾ എന്നിവിടങ്ങളിലാണ് 'മൊബൈൽ മാവേലികൾ' മുഖേന വിതരണം നടത്തുന്നത്. 02-11-2022 മുതൽ 08-11-2022 വരെ സംസ്ഥാനത്തുടനീളം മൊബൈൽ മാവേലികൾ 'അരിവണ്ടി'യായി വിജയകരമായി പ്രവർത്തിച്ചിരുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുവാനും

ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനുമായി സപ്ലൈകോ വില്പനശാലകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾക്ക് റാക്ക് സൗകര്യം അനുവദിക്കുകയും അവയുടെ വില്പന പ്രോത്സാഹിപ്പിക്കുവാൻ നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) കൃത്രിമമായി സൃഷ്ടിക്കുന്ന വിലക്കയറ്റം ആണെന്ന ആക്ഷേപം പരിശോധിക്കാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും കൂടുതൽ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിപണിയിലുണ്ടാകുന്ന വില വർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി പരിശോധനകൾ നടത്താറുണ്ട്. അവശ്യസാധന നിയമം 1955 അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ്സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. അവശ്യവസ്തുക്കളുടെ വില നിരീക്ഷിക്കുന്നതിനും

അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും 'Price Monitoring Cell" എന്ന സംവിധാനം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച 14 ജില്ലകളിൽനിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ Upload ചെയ്തുവരുന്നു. സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതുവഴി അനുദിനം വർദ്ധിച്ചുവരുന്ന പൊതുവിപണിയിലെ വിലനിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനുമായി 18-05-2022-ലെ G.O. (Rt) No.173/2022/F&CSD പ്രകാരം 'Centre for Price Research Kerala' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

വിപണിയിടപെടലിന്റെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. പൊതു വിപണിയേക്കാൾ 31 മുതൽ 76 ശതമാനം വരെ വിലക്കുറവിലാണ് ടി സാധനങ്ങൾ വില്പന നടത്തുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10

മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉല്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ആവശ്യകതയ്ക്കനുസരിച്ച് ഓരോമാസവും ഇ-ടെണ്ടർ നടത്തി സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിൽപ്പനയ്ക്കാനുപാതികമായി എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലും പര്യാപ്തമായ സ്റ്റോക്ക് സൂക്ഷിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇ-ടെണ്ടർ വഴി വാങ്ങിക്കുന്ന അരി, പയർവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യ ധാന്യങ്ങൾ താലൂക്ക് ഡിപ്പോകളിൽ സംഭരിച്ചാണ് പൊതുജനങ്ങൾക്ക് വിതരണത്തിനായി വിൽപ്പനശാലകളിൽ ആവശ്യാനുസരണം എത്തിക്കുന്നത്. ഇതിനായി സംസ്ഥാനത്തുടനീളം 56

ഡിപ്പോകൾ പ്രവർത്തിക്കുന്നു. സ്വന്തം ഗോഡൗണുകൾക്കുപുറമേ എസ്.ഡബ്ല്യൂ.സി., സി.ഡബ്ല്യൂ.സി. കൂടാതെ മറ്റ് ഏജൻസികളിൽനിന്നും സ്വകാര്യവ്യക്തികളിൽനിന്നും വാടകയ്ക്കെടുത്തിട്ടാണ് ഈ ഡിപ്പോകൾ പ്രവർത്തിക്കുന്നത്.

**സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ കർഷകർക്ക് ലഭിക്കുവാനുള്ള കുടിശ്ശിക**

313 (313) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ കർഷകർക്ക് ലഭിക്കുവാനുള്ള കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സപ്ലൈകോ നാളിതുവരെ (27-01-2023) നെല്ല് സംഭരിച്ച ഇനത്തിൽ 46292 കർഷകർക്കായി 369.29 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 27815 കർഷകർക്ക് 189.37 കോടി രൂപ നൽകുവാനുണ്ട്. തുക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നെല്ല് സംഭരണത്തിൽ നിലവിൽ തടസ്സങ്ങളോ ബുദ്ധിമുട്ടുകളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി 2022 ജൂലൈ മാസം മില്ലുകളെ ക്ഷണിച്ചുകൊണ്ട് താൽപ്പര്യപത്രം പുറപ്പെടുവിക്കുകയും 2022 ആഗസ്റ്റ് ഒന്നാം തീയതി മുതൽ കർഷക രജിസ്ട്രേഷൻ ആരംഭിക്കുകയും സെപ്റ്റംബർ 30 മുതൽ പാടങ്ങൾ മില്ലുകൾക്ക് അനുവദിച്ച് കൊടുത്തുകൊണ്ട് നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തു. നിലവിൽ നെല്ല് സംഭരണത്തിനായി 61 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2023 ജൂൺ മാസം വരെ നെല്ല് സംഭരണം തുടരുന്നതാണ്.

(സി) കർഷകരിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുക വഴി അരിയുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ; ഇതര സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങുന്നത് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്ന കുറവ് വ്യക്തമാക്കാമോ?

ഉണ്ട്. സപ്ലൈകോ സംഭരിക്കുന്ന നെല്ല് അരിയാക്കി കേന്ദ്രപൂളിൽ ഉൾപ്പെടുത്തി റേഷൻകട വഴി വിതരണം ചെയ്യുന്നതുവഴി പൊതു വിപണിയിലെ അരിവില പിടിച്ചുനിർത്തുവാൻ കഴിയുന്നുണ്ട്. സപ്ലൈകോ

സംഭരിക്കുന്ന നെല്ല് അരിയാക്കി സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിൽപ്പന നടത്തുന്നതിന് തികയാത്തതിനാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങുന്നതിൽ വ്യത്യാസം വരുന്നില്ല. സപ്ലൈകോ സബ്സിഡി നിരക്കിലും ഫ്രീ സെയിൽ നിരക്കിലും അരി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് റേഷൻ വിതരണത്തിനുപുറമേയുള്ള ആവശ്യകതയ്ക്കനുസരിച്ചാണ്. ആയത് ഓരോ പ്രദേശത്തെയും ഉപയോഗത്തിനനുസരിച്ച് (ജയ, കുറുവ, പച്ചരി, മട്ട ഉണ്ട, മട്ടവടി) ആണ്. ഇതര സംസ്ഥാനങ്ങളിൽനിന്ന് അരി വാങ്ങി നിശ്ചിത നിരക്കിൽ സബ്സിഡിയടക്കം നൽകി വിതരണം ചെയ്യുന്നതിനാൽ പൊതു വിപണി വില പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) അരിയുടെ വിലവർദ്ധനവ് തടയുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അരിയുടെ വില വർദ്ധനവ് തടയുന്നതിന്റെ ഭാഗമായി 2016 മുതൽ പച്ചരി, മട്ട അരി, ജയ, കുറുവ അരി എന്നിവ സബ്സിഡി നിരക്കിൽ മാറ്റം വരുത്താതെ ഗുണനിലവാരം ഉറപ്പുവരുത്തി സപ്ലൈകോ മുഖേന ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. വില വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ ഫ്രീ സെയിൽ നിരക്കിൽ അരി ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം നൽകിവരുന്നു.

അരി വണ്ടി

പൊതുവിപണിയിലെ അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേയ്ക്ക് (06-11-2022 ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്നവിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻ കാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. ഇതിലൂടെ 131464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ (23, 24, 25 രൂപയ്ക്ക്) വിൽപ്പന നടത്തിയത്. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് അരിവണ്ടിയുടെ സേവനം ക്രമീകരിച്ചത്.

(ഇ) നെല്ല് സംഭരണത്തിൽ കാലതാമസം വരുന്നതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

കർഷകരുടെ പക്കൽനിന്നും നെല്ല് സംഭരിക്കാൻ കാലതാമസം നേരിടുന്ന സാഹചര്യം നിലവിലില്ല. കേരളത്തിൽ പ്രവർത്തിക്കുന്ന 61 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് സപ്ലൈകോയിൽ പേര് രജിസ്റ്റർ ചെയ്ത കർഷകരിൽനിന്ന് കേന്ദ്ര സർക്കാർ ഗുണനിലവാര മാനദണ്ഡം പ്രകാരമുള്ള നെല്ല് തടസ്സങ്ങളില്ലാതെ സംഭരിക്കപ്പെടുന്നുണ്ട്. വിളവെടുപ്പിന് മുന്നേതന്നെ മില്ലുകൾക്ക് പാടശേഖരം അനുവദിച്ച് നൽകുന്നതിലൂടെ വിളവെടുപ്പിനൊപ്പം സംഭരണം സമയബന്ധിതമായി നടത്തിവരുന്നു. 2022-23 സീസണിൽ 25-01-2023 വരെ ആകെ 74544 കർഷകരിൽ നിന്നായി 1.98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2023 ജൂൺ മാസംവരെ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് കർഷകർക്ക് നഷ്ടം സംഭവിച്ചതായി അറിവില്ല.

**ചാത്തന്നൂർ മണ്ഡലത്തിലെ പുത്തൻകുളം മാവേലി സൂപ്പർ സ്റ്റോർ**

314 (314) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പുത്തൻകുളം മാവേലി സൂപ്പർ സ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തുന്നതിന് സപ്ലൈകോ തിരുവനന്തപുരം മേഖലാ മാനേജർ സാധ്യതാപഠന റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കുമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിലെ പുത്തൻകുളം മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന് സൗകര്യപ്രദമായ കെട്ടിടം കണ്ടെത്തുന്നമുറയ്ക്ക് സൂപ്പർ മാർക്കറ്റാക്കി പ്രവർത്തനം തുടങ്ങുന്നതാണ്. തുടർനടപടികൾ നടന്നുവരുന്നു.

**നെല്ല് സംഭരണത്തിലെ ക്രമക്കേട്**

315 (315) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽനിന്നും നെല്ല് കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ സംഭരണത്തിൽ ഉൾപ്പെടുത്തിയതായി പറയപ്പെടുന്ന

ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഇതിനുപിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ വിഷയം സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പോ വകുപ്പുതല വിജിലൻസ് വിഭാഗമോ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും നെല്ല് കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ സംഭരണത്തിൽ ഉൾപ്പെടുത്തുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടെങ്കിലും സപ്ലൈകോ വിജിലൻസിന്റെ അന്വേഷണത്തിൽ ഇത് കണ്ടെത്തിയിട്ടില്ല. ഇത്തരം ക്രമക്കേടുകൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനായി സപ്ലൈകോ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുകയും ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഒന്നാംവിള സീസണിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ഇനി എത്ര രൂപ കുടിശ്ശിക നൽകാനുണ്ട്; വ്യക്തമാക്കാമോ?

46292 കർഷകർക്കായി 369.29 കോടി രൂപ ഇതുവരെയായി വിതരണം ചെയ്തിട്ടുണ്ട്. 27815 കർഷകർക്ക് 189.37 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്.

**നെല്ല് സംഭരണം**

316 (316) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ല് സംഭരണ പ്രക്രിയ വിശദമാക്കാമോ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംഭരിച്ച നെല്ലിന്റെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണാപത്രം അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി (Decentralized Procurement Scheme - DCP) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2005 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കർഷകർക്ക് താങ്ങുവില (MSP), നെല്ല് സംഭരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ എന്നിവ കേന്ദ്ര സർക്കാർ നൽകുകയും ഇതുകൂടാതെ അധികമായി സംസ്ഥാന സർക്കാർ കർഷകർക്ക് സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നൽകുകയും ചെയ്യുന്നു. MSP 20.40

രൂപയും SIB 7.80 രൂപയുമാണ്. നെല്ലിന്റെ വിലയോടൊപ്പം ക്വിന്റലിന് 12 രൂപകൂടി കർഷകർക്ക് കൈകാര്യ ചെലവായി നൽകുന്നു. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കർഷകരിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചുവരുന്നു. സംഭരിക്കുന്ന നെല്ല് അരിയാക്കി സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറുകയും വകുപ്പ് ഭക്ഷ്യഭദ്രത നിയമപ്രകാരം Priority, Non-priority, AAY എന്നീ സ്കീമുകളിൽ കേരളത്തിൽ റേഷൻകടകൾവഴി ജനങ്ങൾക്ക് വിതരണം നടത്തുകയുംചെയ്യുന്നു. നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താത്പര്യമുള്ള കർഷകർ കൊയ്ത്തിനുമുൻപായി www.supplycopaddy.in എന്ന നെല്ല് സംഭരണ വെബ്സൈറ്റുവഴി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന അപേക്ഷകൾ അതത് സ്ഥലത്തെ കൃഷി ഓഫീസർ പരിശോധിച്ച് ഓൺലൈനായി സാക്ഷ്യപ്പെടുത്തുന്നതിന്റെയും ബന്ധപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർ അംഗീകാരം നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ കർഷകർക്ക് നെല്ല് സംഭരണ രജിസ്ട്രേഷൻ നമ്പർ ലഭിക്കുന്നു. നെല്ല് സംഭരണം നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആധുനിക അരി മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെടുകയും കരാർ നിബന്ധനകൾപ്രകാരം മില്ലുകൾ നെല്ല്

നിറയ്ക്കുന്നതിനുള്ള ചാക്ക് നൽകിയശേഷം മില്ലുകൾ കർഷകരിൽനിന്ന് നെല്ല് സംഭരിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ലാണ് ഇപ്രകാരം സംഭരിക്കുന്നത്. നെല്ലിന്റെ ഗുണനിലവാരം, തൂക്കം എന്നിവ പരിശോധിക്കുന്നതിനും കരാർ വ്യവസ്ഥകൾ മില്ലുകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി സപ്ലൈകോ ഫീൽഡുതലത്തിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിലാണ് സപ്ലൈകോയ്ക്കുവേണ്ടി മില്ലുകൾ നെല്ല് സംഭരിക്കുന്നത്. നെല്ല് സംഭരിക്കപ്പെട്ടശേഷം കർഷകർക്ക് കമ്പ്യൂട്ടറധിഷ്ഠിത രസീത് (പി.ആർ.എസ്.) നൽകുന്നു. 2022-23 സീസൺ മുതൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേയ്മെന്റ് മാർഗ്ഗത്തിൽ നേരിട്ട് തുക നൽകുന്നു. ഈ സർക്കാർ നിലവിൽവന്നശേഷം സംഭരിച്ച നെല്ലിന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സംസ്ഥാന അനുപാതം സഹിതം വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ നിലവിൽ വരുന്നതിനുമുൻപ് സംഭരണ വില 27.48 രൂപയായിരുന്നു. അത് 2021-22 സീസണിൽ 28 രൂപയായും 2022-23 സീസണിൽ 28.20 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്ര താങ്ങുവില (MSP) 20.40 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) 7.80 രൂപയുമാണ്.

(സി) നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ സംസ്ഥാന സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഇല്ല. വികേന്ദ്രീകൃത നെല്ല് സംഭരണം കേന്ദ്ര സർക്കാർ പദ്ധതി ആയതിനാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് കഴിയില്ല.

(ഡി) സംഭരിക്കുന്ന നെല്ല് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്ന രീതി വ്യക്തമാക്കാമോ?

സംഭരിക്കുന്ന നെല്ല് മില്ലുകളിൽ അരിയാക്കിയതിനുശേഷം അവ സപ്ലൈകോ ക്വാളിറ്റി ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മയുള്ള അരി കേന്ദ്രപൂളിൽ ഉൾപ്പെടുത്തി പൊതുവിതരണ വകുപ്പിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് പ്രകാരം സപ്ലൈകോ റിലീസ് ഓർഡർ പുറപ്പെടുവിക്കുന്നു. റിലീസ് ഓർഡർ പ്രകാരമുള്ള അരി സപ്ലൈകോയുടെ

കീഴിലുള്ള എൻ.എഫ്.എസ്.എ. വിഭാഗംവഴി റേഷൻകടയിൽ എത്തിച്ച് നൽകി റേഷൻകടവഴി വിതരണം ചെയ്യുന്നു.

**ഒന്നാംവിള നെല്ല് സംഭരണം**

317 (317) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഒന്നാംവിള നെല്ല് സംഭരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ നിന്ന് എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്നും എത്ര കർഷകരിൽ നിന്നുമാണ് ഇത്രയും നെല്ല് സംഭരിച്ചതെന്നും അറിയിക്കാമോ?

45943 കർഷകരിൽ നിന്നായി 112932.985 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരിച്ച ഇനത്തിൽ ആകെ എത്ര തുകയാണ് കർഷകർക്ക് വിതരണം ചെയ്യാനുണ്ടായിരുന്നതെന്നും ഇതിൽ എത്ര തുക ഇതിനകം വിതരണം ചെയ്തുവെന്നും അറിയിക്കാമോ?

ആകെ 558.66 കോടി രൂപ 74107 കർഷകർക്കായി വിതരണം ചെയ്യാനുണ്ടായിരുന്നതിൽ 46292 കർഷകർക്കായി 369.29 കോടി രൂപ 27-01-2023 വരെ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇനി എത്ര കർഷകർക്കാണ് നെല്ല് സംഭരിച്ചതിന്റെ തുക നൽകാനുള്ളതെന്നും ആകെ എത്ര തുകയാണ് നൽകാനുള്ളതെന്നും

അറിയിക്കാമോ; ഈ തുക എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ?

27815 കർഷകർക്ക് 189.37 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. തുക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**നെല്ലുസംഭരണം**

318 (318) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുസംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ട്. 2022-23 സീസണിൽ 61 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെടുകയും നാളിതുവരെയായി 74544 കർഷകരിൽനിന്നായി 1.98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നെല്ലുസംഭരണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

പരാതികൾ ലഭിക്കാറുണ്ട്. ഇത്തരം പരാതികളിന്മേൽ സത്വര ഇടപെടൽ നടത്തുകയും സമയബന്ധിതമായി അവയിൽ പരിഹാരം കാണാറുമുണ്ട്. ഫീൽഡുതലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഫീൽഡുതല ഉദ്യോഗസ്ഥർ അപ്പപ്പോൾ പരിഹാരം കാണാറുണ്ട്.

(സി) തദ്ദേശീയമായി നെല്ല് ശേഖരിക്കുന്നതിനുപകരം ഇതരസംസ്ഥാനത്ത് നിന്നും നെല്ല് ശേഖരിക്കാൻ മില്ലുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് വിശദമാക്കാമോ?

ഇതരസംസ്ഥാനത്തുനിന്നും നെല്ല് ശേഖരിക്കാൻ മില്ലുകൾക്ക് അനുമതി നൽകിയിട്ടില്ല. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിപ്രകാരം സംഭരിക്കുന്നതിന് മാത്രമാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്ന മില്ലുകൾക്ക് സപ്ലൈകോ അനുമതി നൽകിയിരിക്കുന്നത്.

(ഡി) നെല്ല് ശേഖരണവുമായി ബന്ധപ്പെട്ട് മില്ലുടമകൾക്കെതിരെയോ ഉദ്യോഗസ്ഥർക്കെതിരെയോ നിലവിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 സീസണിലെ നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ Paddy Procurement

Assistant ആയ ശ്രീ. ഷൈജു കെ.-യ്ക്കെതിരെ രേഖകളിൽ കൃത്രിമം കാണിച്ചതിന് FIR No.0628/2022 നം. പ്രകാരം മങ്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. മറ്റൊരു പരാതിയുമായി ബന്ധപ്പെട്ട് പാലക്കാട് പാഡി മാർക്കറ്റിംഗ് ഓഫീസറെ കോട്ടയം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. ഒരു പാഡി മാക്കറ്റിംഗ് ഓഫീസറെ പരാതിയുടെയടിസ്ഥാനത്തിൽ മാതൃവകുപ്പിലേയ്ക്ക് തിരിച്ചയച്ചിട്ടുണ്ട്.

(ഇ) നെല്ലുസംഭരണത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ആയത് പരിഹരിക്കുന്നതിന് നാളിതുവരെയും നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ശക്തവും നീണ്ടുനിൽക്കുന്നതുമായ മഴയുണ്ടാകുന്ന അവസരങ്ങളിൽ നെല്ല് വൃത്തിയാക്കുന്നതിനും ഉണക്കുന്നതിനും കഴിയാത്ത സാഹചര്യത്തിൽ നെല്ല് സംഭരണത്തിൽ കാലതാമസം നേരിടാറുണ്ട്. എന്നാൽ ഇത്തരം അവസരങ്ങളിൽ സർക്കാരിന്റെയും സപ്ലൈകോയുടെയും ഭാഗത്തുനിന്നും സത്വര ഇടപെടൽ നടത്തി തടസ്സങ്ങൾ നീക്കി സംഭരണം സുഗമമാക്കാറുണ്ട്. ആയതിനാൽ കാലതാമസം കൂടാതെ നെല്ല് സംഭരിക്കാൻ നിലവിൽ കഴിയുന്നുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ സിവിൽ സപ്ലൈസ് ഗോഡൗൺ**

319 (319) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ നിർമ്മിക്കുന്ന സിവിൽ സപ്ലൈസ് ഗോഡൗൺ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം നടന്നത് എന്നാണെന്ന് അറിയിക്കാമോ;

(സി) ഉദ്ഘാടനത്തിനുശേഷം നാളിതുവരെ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ-ഡി) പയ്യന്നൂർ താലൂക്കിൽ എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന് പുല്ലുപാറ ജനകീയ വായനശാല 50 സെന്റ് സ്ഥലം സൗജന്യമായി നൽകുകയും ഗോഡൗൺ നിർമ്മാണത്തിന് 18-05-2022-ന് തറക്കല്ലിടുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം പയ്യന്നൂർ ഗോഡൗൺ നിർമ്മാണത്തിനുള്ള 5 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി

നൽകിയിട്ടുണ്ട്. ഗോഡൗൺ നിർമ്മാണത്തിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് ലഭ്യമായ ടി സ്ഥലത്ത് എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന്റെ ഭാഗമായി പി.ഡബ്ല്യു.ഡി. ആർക്കിടെക്ച്ചറൽ വിഭാഗം ഗോഡൗണിന്റെ രൂപരേഖ തയ്യാറാക്കി നൽകുകയും ആയതിനെ അടിസ്ഥാനപ്പെടുത്തി പി.ഡബ്ല്യു.ഡി. കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ (പയ്യന്നൂർ) എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്യു.ഡി. കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തിനായി കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഗോഡൗൺ നിർമ്മാണത്തിന് വകയിരുത്തിയിട്ടുള്ള തുക പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽനിന്നും പി.ഡബ്ല്യു.ഡി.-ക്ക് കൈമാറി നൽകുന്നതാണ്. നിലവിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ഗോഡൗൺ നിർമ്മാണം പൂർത്തിയാക്കുന്നതിന് 18 മാസ കാലാവധിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

**സുഭിക്ഷ ഹോട്ടൽ**

320 (320) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് കെട്ടിടം ലഭ്യമായിട്ടും തുറന്നുപ്രവർത്തിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് കണ്ടെത്തിയ കെട്ടിടത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടി ഒഴിഞ്ഞുകിട്ടിയാൽ മാത്രമേ ഹോട്ടൽ തുടങ്ങാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത ഹോട്ടൽ ആരംഭിക്കുന്നതിന് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഹോട്ടൽ തുടങ്ങുന്നതിന് സ്ഥലവും നടത്തിപ്പ് ഏജൻസിയെയും കണ്ടെത്തിക്കഴിഞ്ഞാൽ എ.ഡി.എം. അധ്യക്ഷനായ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കെട്ടിട ഉടമ, നടത്തിപ്പ് ഏജൻസി എന്നിവരുമായി കരാറിൽ ഏർപ്പെടുകയും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് പ്രാരംഭ ചെലവുകൾക്കുള്ള തുക അനുവദിക്കുന്നതിനായി അപേക്ഷ നൽകുകയും ചെയ്യുന്നു. തുക ലഭ്യമാകുന്നമുറയ്ക്ക് ഹോട്ടലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**റീബിൽഡ് കേരള പദ്ധതി**

321 (321) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിപ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച റോഡുകൾ ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ നിർവ്വഹിക്കുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച പാലങ്ങളുടെയും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ ഇവയാണ്. പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

1) 50-ാം മൈൽ കല്ലുകുട്ടികുടി മാങ്കുളം റോഡ്.

2) പന്ത്രണ്ടാം മൈൽ മെഴുകുന്നേൽ പാലം, അപ്രോച്ച് റോഡ്.

3) മണിയൻ പാറ കാഞ്ഞിരവേലി പാലം.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4) 11-ാം വാർഡിലെ ത്തുക്ക് പാലം.

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് സ്പെഷ്യൽ റൂൾസ്**

322 (322) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം പഞ്ചായത്ത്, നഗരസഭ, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിലെ സബോർഡിനേറ്റ് സർവ്വീസ് ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ നൽകുന്നതിന്റെ വിശദവിവരങ്ങൾ അറിയിക്കാമോ;

(ബി) സ്പെഷ്യൽ റൂൾസ് പ്രകാരം നഗരകാര്യ ഡയറക്ടറേറ്റിലെ സബോർഡിനേറ്റ് ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ അനുവദിക്കുമോ; വിശദവിവരം അറിയിക്കുമോ?

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് സ്പെഷ്യൽ റൂൾസിൽ സെക്രട്ടറി, LSGI തസ്തികയിലേയ്ക്ക് സബോർഡിനേറ്റ് സർവ്വീസിലെ Group I category 1(a) അസിസ്റ്റന്റ് സെക്രട്ടറി (ഹയർ ഗ്രേഡ്) തസ്തികയിൽനിന്നും നൽകുന്ന

ബൈട്രാൻസ്ഫർ നിയമനം Rule 12-ലെ sub rule (1) sub rule (2) എന്നിവയ്ക്ക് വിധേയമായി തുടരുന്നതാണ്.

(സി) സ്പെഷ്യൽ റൂൾസ് പ്രകാരം നഗരസഭകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും നഗരകാര്യ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസസ് ജീവനക്കാർക്കും പൊതുസീനിയോറിറ്റി ലിസ്റ്റ് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**തെരുവുനായ ആക്രമണം തടയുന്നതിനുള്ള നടപടികൾ**

323 (323) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവുനായ ശല്യം ദൂരീകരിക്കുന്നതിന് തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ

ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെതന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ നഗരസഭകൾ - 93

2. 01-09-2022 മുതൽ 31-12-2022 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 4519

3. 01-09-2022 മുതൽ 31-12-2022 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവുനായ്ക്കളുടെ എണ്ണം - 15922

4. 01-09-2022 മുതൽ 31-12-2022 വരെ വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചവയുടെ ആകെ എണ്ണം - 51487

5. 01-09-2022 മുതൽ 31-12-2022 വരെ വളർത്തുനായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചവയുടെ ആകെ എണ്ണം - 30553

6. 01-09-2022 മുതൽ 01-12-2022 വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ ആകെ എണ്ണം - 3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ)

7. ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01-09-2022 മുതൽ 31-12-2022 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം -976

8. 01-09-2022 മുതൽ 31-12-2022 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴതുക – 41,54,846 രൂപ.

9. 01-09-2022 മുതൽ 31-12-2022 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം -1003

10. 01-09-2022 മുതൽ 31-12-2022 വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി./ബോധവത്കരണ ക്യാമ്പുകളുടെ എണ്ണം - 663

5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു. 2016 മുതൽ 31-08-2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

സർക്കാരിന്റെ തെരുവ് നായ ശല്യം നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ 15-09-2022-ലെ സ.ഉ.(സാധാ) 2244/2022/തസ്വഭവ നമ്പർ പ്രകാരം തദ്ദേശസ്ഥാപനതല ജനകീയ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്. തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് 1,71,451 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളിൽ പേവിഷബാധയുള്ള നായ്ക്കൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണവും പേവിഷബാധയും ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 23-08-2022-ലെ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ്, 15-09-2022-ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് എന്നിവയെ അടിസ്ഥാനപ്പെടുത്തി പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന്

ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടർ 26-08-2022-ൽ PAN/12974/2022-C8 നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾ വാർഡുതല വാക്സിനേഷൻ ക്യാമ്പുകളുൾപ്പെടെ സംഘടിപ്പിച്ച് പ്രതിരോധ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിവരുന്നു. തെരുവുനായകളുടെയും ഉപേക്ഷിക്കപ്പെട്ട നായകളുടെയും പുനരധിവാസത്തിനായി അഭയകേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവിനുവിധേയമായി നടപടി സ്വീകരിക്കുന്നതിന് എല്ലാഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവുനായകളുടെ വന്ധ്യംകരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിലേയ്ക്കായി ബ്ലോക്കുതലത്തിൽ എ.ബി.സി. സെന്ററുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പരിശീലനം നേടിയ ഡോഗ് ക്യാച്ചേഴ്സിന്റെ അഭാവം, അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം എന്നിവ തെരുവുനായകളുടെ വന്ധ്യംകരണം, അവയുടെ പുനരധിവാസം എന്നിവ നടപ്പിലാക്കുന്നതിന് സർക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

<u>ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടുവരുന്ന പ്രതിരോധ നടപടികൾ</u>

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ 15-09-2022-ലെ സ.ഉ.(സാധാ) 2244/2022/ തസ്വഭവ നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്ഥാപനതല ജനകീയ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയകേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താൽക്കാലിക സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. തെരുവുനായശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ

ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് 17,14,151 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് എ.ബി.സി. പ്രോഗ്രാം ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇപ്പോൾ ആലോചനയിലില്ല. എ.ബി.സി. പ്രോഗ്രാം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) തെരുവുനായ്ക്കൾക്കായി അഡോപ്ഷൻ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളത്; അഡോപ്ഷൻ ക്യാമ്പുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, അടൂർ, അങ്കമാലി, മഞ്ചേരി എന്നീ നഗരസഭകളിൽ തെരുവുനായകൾക്കായി അഡോപ്ഷൻ ക്യാമ്പുകൾ

ആരംഭിച്ചിട്ടുണ്ട്. മറ്റുനഗരസഭകളിൽ തെരുവുനായ്ക്കൾക്കായി അഡോപ്ഷൻ ക്യാമ്പുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**തദ്ദേശ റോഡുകൾക്ക് കുറുകെ വാട്ടർ കണക്ഷൻ എടുക്കുന്നത്**

324 (324) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ റോഡുകൾക്ക് കുറുകെ റോഡുമുറിച്ച് വാട്ടർ കണക്ഷനെടുക്കുന്നതിനും റോഡ് റീടാർ ചെയ്ത് പുന:സ്ഥാപിക്കുന്നതിനുമുള്ള തുക പൂർണ്ണമായും കണക്ഷനെടുക്കുന്ന ഉപഭോക്താവിൽനിന്നാണോ ഈടാക്കുന്നത്; വ്യക്തമാക്കാമോ?

ഉപഭോക്താക്കൾ നേരിട്ടെടുക്കുന്ന കണക്ഷനുകൾക്ക് റോഡുമുറിച്ച് വാട്ടർ കണക്ഷൻ എടുക്കേണ്ട സന്ദർഭത്തിൽ പ്രസ്തുതഭാഗം റീടാർ ചെയ്ത് പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായിവരുന്ന പ്രവൃത്തികളുടെ സർക്കാർ അംഗീകൃത നിരക്ക് പ്രകാരമുള്ള തുകയാണ് ഉപഭോക്താവിൽനിന്നും മുൻകൂറായി ഈടാക്കുന്നത്. റോഡ് കട്ടിംഗിനും പുനഃസ്ഥാപിക്കുന്നതിനുമുള്ള തുക ബന്ധപ്പെട്ട എഞ്ചിനീയർ കണക്കാക്കി ഡിമാന്റ് നോട്ട് തയ്യാറാക്കി ബന്ധപ്പെട്ട അതോറിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും അതോറിറ്റി ഡിമാന്റ് നോട്ട് അപ്രൂവ് ചെയ്ത് പോർട്ടലിൽ അപ്‌ലോഡ്

ചെയ്യുകയും ടി തുക അപേക്ഷകൻ ഒടുക്കുന്നമുറയ്ക്ക് റോഡ് കട്ടിംഗ് പെർമിഷൻ പോർട്ടൽവഴി അനുവദിച്ചുനൽകുകയും ചെയ്യുന്നു. ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കണക്ഷനുകൾക്ക് 10% മാത്രമേ ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുള്ളു.

(ബി) എങ്കിൽ ഇതുമൂലം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഉപഭോക്താക്കൾക്ക് കുടിവെള്ളത്തിനായി എടുക്കുന്ന ഗാർഹിക കണക്ഷനുകൾക്ക് വൻ തുകകൾ അടയ്ക്കേണ്ടിവരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

നിലവിൽ സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിപ്രകാരമാണ് കുടിവെള്ള കണക്ഷനുകൾ നൽകിവരുന്നത്. ഗാർഹിക കണക്ഷനുകൾക്ക് 10% മാത്രമേ ഗുണഭോക്തൃവിഹിതമായി അടയ്ക്കേണ്ടതുള്ളൂ. ബാക്കി 15% തദ്ദേശസ്വയംഭരണ സ്ഥാപനവും 25% സംസ്ഥാന വിഹിതവും 50% കേന്ദ്ര വിഹിതവുമാണ്. ജൽജീവൻ മിഷൻ പദ്ധതിയിൽ റോഡ് കട്ടിംഗ് തുക നിർവ്വഹണ ഏജൻസിയാണ് നൽകുന്നത് എന്നതിനാൽ ഗുണഭോക്താക്കൾക്ക് വൻ തുക ഒടുക്കേണ്ടിവരുന്നില്ല.

(സി) ഇത്തരത്തിൽ വൻ തുകകൾ അടയ്ക്കേണ്ടിവരുന്നതുമൂലം പല സ്ഥലങ്ങളിലും വാട്ടർ കണക്ഷനുകളെടുക്കാതെ കുടിവെള്ളത്തിനായി

ജനങ്ങൾ ശുദ്ധമല്ലാത്ത ജലസ്രോതസ്സുകളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) സംസ്ഥാനത്തെ ദേശീയപാതകളുടെയും സംസ്ഥാനപാതകളുടെയും നിർമ്മാണ വേളയിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടത്തുന്ന മാതൃകയിൽ റോഡിന് ഇരുവശവുമുള്ള ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വാട്ടർ കണക്ഷനുകളും വൈദ്യുത കണക്ഷനുകളും ലഭ്യമാകുന്നതരത്തിൽ റോഡ് നിർമ്മാണവേളയിൽതന്നെ വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

**പൊതുസ്ഥലങ്ങളിൽ സ്ത്രീസൗഹൃദ ശുചിമുറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

325 (325) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ടോയ്‌ലറ്റുകളുടെ ലഭ്യതക്കുറവുമൂലം സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ

പ്രധാനപ്പെട്ട പൊതുഇടങ്ങളിൽ ഇവ ലഭ്യമാക്കാനും ശുചിത്വ പൂർണ്ണമായി നിലനിർത്താനും നടപടികൾ ഉണ്ടാകുമോ?

ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ പൊതുസ്ഥലങ്ങളിലും ബസ് സ്റ്റേഷനുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഏതുസമയത്തും ഉപയോഗിക്കാവുന്നതരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റ് കോംപ്ലക്സുകളും വിശ്രമകേന്ദ്രങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പണിപൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സർക്കാരിന്റെ പന്ത്രണ്ടിന പരിപാടികളിലുൾപ്പെടുത്തിയിട്ടുള്ള 'ടേക്ക് എ ബ്രേക്ക് ' എന്ന ഈ പദ്ധതിപ്രകാരം 1842 ടോയ്‌ലറ്റ് കോംപ്ലക്സുകളാണ് പണിയാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 724 എണ്ണം ഇതിനോടകം പൂർത്തിയാക്കി പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്.

**വണ്ടൂർ ബ്ലോക്ക്പഞ്ചായത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

326 (326) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ വെള്ളുവങ്ങാട് പാലം-തരിപ്പടി-വള്ളിക്കാ

പറമ്പ് വരെയുള്ള ഭാഗം പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിന് പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി 4.916 കിലോമീറ്റർ നീളത്തിലുള്ള മേൽ ഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് അനുമതി ലഭിച്ചതിനെതുടർന്ന് കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ പുതിയ മാനദണ്ഡപ്രകാരം നിർദ്ദേശിക്കപ്പെട്ട വിഷൻ-2022 പ്രകാരമുള്ള പുതിയ സാങ്കേതികവിദ്യയായ എഫ്.ഡി.ആർ. അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം 5.64 കോടി രൂപ കണക്കാക്കപ്പെടുന്നു. ടി ഡി.പി.ആർ. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ (STA) അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ഡി.പി.ആർ.-ന് കേന്ദ്ര

ഗ്രാമവികസന വകുപ്പിന്റെകൂടി അംഗീകാരം ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ഇതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല.

**ഭക്ഷണ ശാലകളുടെ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി**

327 (327) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം ചെയ്തതിന്റെ പേരിൽ ലൈസൻസ് റദ്ദാക്കപ്പെടുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 236 (5), 1996-ലെ കേരള പഞ്ചായത്ത് രാജ് (Issue of license to factories, Trades, Entrepreneurship activities and other service) ചട്ടങ്ങളിലെ, ചട്ടം 25 പ്രകാരം ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുവെന്ന് പ്രസിഡന്റിന് ബോധ്യം വരികയാണെങ്കിലോ അല്ലെങ്കിൽ ലൈസൻസുകാരന്റെ മേൽ ഒരു നിയമകോടതി 195-ലെ അയിത്താചരണ (കുറ്റം) ആക്ട് (1955-ലെ കേന്ദ്ര ആക്ട്) പ്രകാരം കുറ്റം സ്ഥാപിക്കുകയും ആ കുറ്റം ചെയ്തിട്ടുള്ളത് ലൈസൻസിനെ സംബന്ധിച്ച ഏതെങ്കിലും കാര്യം

പ്രമാണിച്ചായിരിക്കുകയും ചെയ്യുകയാണെങ്കിലോ, നൽകിയിട്ടുള്ള ലൈസൻസ് അദ്ദേഹത്തിന് റദ്ദ് ചെയ്യാവുന്നതാണ് വ്യവസ്ഥ. ടി ചട്ടങ്ങളിൽ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്തിട്ടില്ല. സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം ചെയ്തുവെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് മേൽപ്പറഞ്ഞപ്രകാരം റദ്ദ് ചെയ്യുന്നതാണ്. റദ്ദാക്കുന്നതിന് ആധാരമായി കണ്ടെത്തിയ വീഴ്ചകൾ പരിഹരിച്ചതായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ട് റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് റദ്ദ് ചെയ്ത ലൈസൻസ് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 447 പ്രകാരം നഗരസഭ നൽകുന്ന ലൈസൻസ് റദ്ദാക്കപ്പെടുന്നപക്ഷം നിയമാനുസൃത പിഴ ചുമത്തി ആയത് ഈടാക്കിയും റദ്ദാക്കപ്പെടുന്നതിന് കാരണമായിട്ടുള്ള ന്യൂനതകൾ പരിഹരിക്കപ്പെടുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതിൻപ്രകാരം ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് നഗരസഭകൾ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) ഭക്ഷ്യസുരക്ഷ സംബന്ധിച്ച് ഗുരുതരമായ ആശങ്കകൾ ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള

നടപടികൾ കൂടുതൽ കർക്കശമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തീർച്ചയായും. അതിനായി സർക്കാരിന്റെ 02-05-2022-ലെ WM1/262/2022/ത.സ്വ.ഭ.വ നമ്പർ സർക്കുലർപ്രകാരം ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ധനസഹായം**

328 (328) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൃക്കസംബന്ധമായ അസുഖം ബാധിച്ച് ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. എല്ലാവിഭാഗം വൃക്ക രോഗികൾക്കും വരുമാനപരിധിക്ക് വിധേയമായി ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ, ബന്ധപ്പെട്ട ആശുപത്രി (സർക്കാർ, സ്വകാര്യ ആശുപത്രി) മുഖേന ധനസഹായം നൽകുന്നതിന്

ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതംകൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

**അമൃത് പദ്ധതി**

329 (329) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തമായ കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന അമൃത് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ ആറ് കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി നിലവിൽ 19 പ്ലാന്റുകൾ (14 സ്വിവേജ് പ്ലാന്റുകളും അഞ്ച് സെപ്റ്റേജ് പ്ലാന്റുകളും) സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മറ്റ്

പ്ലാന്റുകളുടെ നിർമ്മാണങ്ങൾ വിവിധഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. 363.33 കോടി രൂപയാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

(ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രധാനമായും പരിഗണനയിലുള്ളത്; ദ്രവമാലിന്യ സംസ്കരണത്തിന് മുൻഗണന നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നഗര ജലഭദ്രത ഉറപ്പുവരുത്തുക, ദ്രവമാലിന്യ സംസ്കരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് കേരളത്തിലെ 93 നഗര തദ്ദേശസ്ഥാപനങ്ങളിൽ ജല ഭദ്രത ഉറപ്പുവരുത്തുന്നതിനും അമൃത് നഗരങ്ങളായ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലും 100% ദ്രവമാലിന്യ സംസ്കരണവും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് അമൃത് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജല സ്രോതസ്സുകളുടെ സംരക്ഷണം, ഉപരിതല ജലം-ജലാശയങ്ങളുടെയും കിണറുകളുടെയും പുനരുജ്ജീവനം, ഭൂഗർഭ ജലം-അർബൻ അക്വിഫെർ മാനേജ്മെന്റ് പ്ലാൻ, ഹരിത പ്രദേശങ്ങളും പാർക്കുകളും സൃഷ്ടിക്കുക എന്നിവയും അമൃത് 2.0 ലക്ഷമിടുന്നു. 2021 ഒക്ടോബർ 1 മുതൽ 2026 മാർച്ച് 31

വരെയാണ് പദ്ധതിയുടെ കാലയളവ്. ആകെ പദ്ധതി തുക 3495.06 കോടി രൂപയാണ്. 3 ഘട്ടങ്ങളിലായാണ് പദ്ധതികൾക്ക് അനുമതി ലഭിക്കുന്നത്. ഒന്നാംഘട്ട പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുകയും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ഉടൻതന്നെ ലഭ്യമാകും. മൂന്നാംഘട്ട പദ്ധതികൾ 2023 ഒക്ടോബർ 31-നകം സമർപ്പിക്കുന്നതിനാണ് കേന്ദ്ര നഗരകാര്യ മന്ത്രാലയം നിർദ്ദേശം നൽകിയിരിക്കുന്നത്.

(സി) എല്ലാ നഗരസഭകളേയും പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതി പ്രവർത്തനം സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് ഫലപ്രദമാക്കാൻ സംസ്ഥാനം അധിക വിഹിതം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അമൃത് 2.0 നഗരങ്ങളിലെ ജലഭദ്രത എന്ന പദ്ധതി ഘടകത്തിൽ കേരളത്തിലെ എല്ലാ നഗരസഭകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക വിഹിതം നാളിതുവരെ അനുവദിച്ചിട്ടില്ല.

**ആലത്തൂർ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം**

330 (330) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ തേങ്കുറിശ്ശി II വില്ലേജിൽ കണ്ടെത്തിയ കുഴൽമന്ദം ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമി ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം (ആർ.എസ്.ഇ.ടി.ഐ.) നിർമ്മിക്കുന്നതിന് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആർ.എസ്.ഇ.ടി.ഐ. കെട്ടിടം സ്ഥാപിക്കുന്നതിനുള്ള 50 സെന്റ് ഭൂമി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് കെട്ടിടം നിർമ്മിക്കാനുള്ള അനുമതി നൽകുന്ന വിഷയം സംബന്ധിച്ച RC1/79/2020-LSGD എന്ന ഫയൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

**കാഞ്ഞിരപ്പള്ളി പഞ്ചായത്ത് കെട്ടിടം**

331 (331) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച അപേക്ഷയുടെ

(PAN/13660/2022/C9(DP) 06-10-2022-ലെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസ്തുത അപേക്ഷയിലെ വിഷയത്തിൽ വ്യക്തമായ അഭിപ്രായം ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത കാര്യാലയത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത അപേക്ഷയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ചീഫ് ടൗൺ പ്ലാനർക്ക് എന്നാണ് അയച്ചതെന്ന് അറിയിക്കാമോ, പ്രസ്തുത മറുപടി ലഭിച്ചോയെന്നും അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ നാളിതുവരെയായിട്ടും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ, എത്രയും വേഗം പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

(ബി&സി) 26-10-2022-ലെ RA3/311/2022-LSGD നമ്പർ സർക്കാർ കത്തുപ്രകാരം ഈ വിഷയത്തിൽ ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം തേടുന്നതാണ് ഉചിതമെന്ന് 02-01-2023-ലെ

TCPCTP/2683/2022-E3 നമ്പർ കത്തുപ്രകാരം ചീഫ് ടൗൺ പ്ലാനർ അഭിപ്രായപ്പെട്ടു.

**പാലാ മണ്ഡലത്തിലെ വിശപ്പ് രഹിത കേരളം പദ്ധതി**

332 (332) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സഹായം നിലച്ചതുകാരണം ജനകീയ ഹോട്ടലുകൾ പൂട്ടിപ്പോകുന്ന സഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഹോട്ടലുകൾക്കുള്ള സഹായം നൽകി വിശപ്പ് രഹിത കേരളം പദ്ധതി തടസ്സമില്ലാതെ നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭക്ഷ്യ സബ്സിഡി സമയബന്ധിതമായി നൽകാൻ സാധിക്കാതെ വരുന്നത് യൂണിറ്റുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പലചരക്കുസാധനങ്ങളുടെയും പാചകവാതകത്തിന്റെയും വിലയിൽവന്ന വർദ്ധനവും പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ട്. കാരണം മൂന്ന് വർഷത്തോളമായി 20 രൂപ നിരക്കിൽത്തന്നെ സാമൂഹ്യപ്രതിബന്ധതയോടെ ഉച്ചയൂണ് വിതരണം ചെയ്തുവരുന്ന ജനകീയ ഹോട്ടലുകൾ പലതും സബ്സിഡി യഥാസമയം ലഭിക്കാത്തതുമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. നിലവിലെ സാമ്പത്തികവർഷത്തിൽ 30 കോടി രൂപ സബ്സിഡി

അനുവദിക്കുകയുണ്ടായി. കുടിശ്ശിക പരിഗണിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ വിശപ്പ് രഹിത കേരളം പദ്ധതിപ്രകാരം ജനകീയ ഹോട്ടലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പാലാ നിയോജകമണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത മണ്ഡലത്തിൽ പാവപ്പെട്ടവരുടെ ആവശ്യം പരിഗണിച്ച് കൂടുതൽ ജനകീയ ഹോട്ടലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് പുതിയ ജനകീയ ഹോട്ടലുകൾ തുടങ്ങുന്നതിന്റെ ആവശ്യകത പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. പാലാ നിയോജകമണ്ഡലത്തിൽ 13 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

**കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ എം.എൽ.എ.എ.ഡി.എസ് പദ്ധതികൾ**

333 (333) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ഭരണാനുമതിയായതും ടെണ്ടർ ആയതുമായ വിവിധ പ്രവൃത്തികളിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കോട്ടയം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽവരുന്ന പ്രവൃത്തികളിൽ പൂർത്തിയാക്കാനുള്ളവയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തികളുടെയും കരാർ ഉറപ്പിച്ച് എഗ്രിമെന്റ് വച്ച തീയതികൾ അറിയിക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കരാറിൽ ഏർപ്പെട്ട് ഒരു വർഷത്തോളമായിട്ടും പ്രവൃത്തി ആരംഭിക്കാതിരിക്കുകയും താൽപര്യമില്ലാത്തപക്ഷം കരാർ ഒഴിയാതെ കാലവിളംബം ഉണ്ടാക്കി ഖജനാവിന് നഷ്ടമുണ്ടാക്കുകയും ചെയ്യുന്ന കരാറുകാരെ കരിമ്പട്ടികയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

പ്രവൃത്തി ആരംഭിക്കാത്തതും സമയത്ത് പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ കരാറുകാർക്ക് നോട്ടീസ് നൽകി പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മാലിന്യ സംസ്കരണത്തിനുള്ള യൂസർ ഫീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

334 (334) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിനുവേണ്ടി യൂസർ ഫീ പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദാംശം വെളിപ്പെടുത്താമോ?

08-04-2016-ൽ കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 13-09-2018-ലെ സ.ഉ(പി) നം.65/2018/ത.സ്വ.ഭ.വ പ്രകാരമുള്ള സംസ്ഥാന ഖരമാലിന്യ നയംപ്രകാരം യൂസർ ഫീ ഈടാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാലിന്യം ശേഖരിക്കുന്നതിനുവേണ്ടി ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ വിശദാംശം നൽകാമോ?

ഉണ്ട്. നവകേരളം കർമ്മ പരിപാടിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖയായ 15-07-2017-ലെ സ.ഉ(സാധാ) നം.2420/2017/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവുപ്രകാരം ഹരിത കർമ്മസേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത

ഉത്തരവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60 രൂപയെന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ ഹരിത കർമ്മ സേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-08-2020-ലെ സ.ഉ(സാധാ) നം.1496/2020/ത.സ്വ.ഭ.വ. പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഉത്തരവുപ്രകാരം ഗ്രാമപ്രദേശങ്ങളിൽ വീടുകൾക്ക് 50 രൂപയും നഗരപ്രദേശങ്ങളിൽ 70 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽനിന്നും 100 രൂപയും ഈടാക്കി വരുന്നു. (സ്ഥാപനത്തിന്റെ വലിപ്പം, പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്). ഇതുസംബന്ധിച്ച് 06-01-2023-ലെ സ.ഉ(സാധാ)നം.41/2023/ത.സ്വ.ഭ.വ. പ്രകാരം കൂടുതൽ വ്യക്തത വരുത്തിയും സ്പഷ്ടീകരണം നൽകിയും ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി വീടുകളിൽനിന്ന് അനധികൃതമായി യൂസർഫീ ഈടാക്കുന്നതായുള്ള പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുയെന്ന് വ്യക്തമാക്കാമോ?

അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഹരിത കർമ്മ സേന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതരത്തിലുള്ള ചില വ്യാജ പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 06-01-2023-ലെ സ.ഉ(സാധാ) നം.41/2023/ത.സ്വ.ഭ.വ. പ്രകാരം ഇത്തരത്തിൽ വ്യാജപ്രചരണം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വീടുകളിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഏതുരീതിയിൽ സംസ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരണം നൽകാമോ?

വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിത കർമ്മ സേന ശേഖരിക്കുന്ന പാഴ് വസ്തുക്കൾ വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ/തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ എത്തിച്ച് അവയുടെ പുന:ചംക്രമണ

മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ, പാഴ് വസ്തു വ്യാപാരികൾ മുഖേനയോ പുന:ചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറിവരുന്നു.

**തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണം**

335 (335) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്യുന്ന വിഷയം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പരിഗണനയിലാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

336 (336) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

25-01-2023 വരെ 2675 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

1906 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് മിഷൻ പദ്ധതി**

337 (337) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ടത്തിലേയ്ക്ക് ആകെ എത്ര അപേക്ഷ ലഭിച്ചുവെന്നും; എത്ര അപേക്ഷകൾ നിരസിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കുമോ?

920260 അപേക്ഷകൾ ലഭിച്ചു. അർഹതാ പരിശോധന നടത്തിയതിൽ 354552 അപേക്ഷകൾ അനർഹരായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരിൽ എത്ര ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും; എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

നിലവിൽ ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12845 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ വയ്ക്കുന്നമുറയ്ക്ക് അഡ്വാൻസായി ഓരോ ഗുണഭോക്താവിനും 40,000 രൂപയും അനുവദിച്ചുവരുന്നു.

(സി) ഭവന നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സർക്കാർ നടത്തിയ അതിദാരിദ്ര്യ സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സർക്കാരിന്റെ 15-11-2022-ലെ സ.ഉ.(സാധാ) നം.2806/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ 27-01-2023-ലെ സ.ഉ.(സാധാ) നം.227/2023/ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അതിദരിദ്ര നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയവരും നിലവിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുമായ വീട് മാത്രം വേണ്ടവർ, വീടും സ്ഥലവും വേണ്ടവർ എന്നിവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അതിദരിദ്രരുടെ പട്ടികയിലുൾപ്പെട്ടവർക്ക് സേവനാവകാശ രേഖകൾ (റേഷൻ കാർഡ്, ആധാർ കാർഡ്, തെരഞ്ഞെടുപ്പ് ഐ.ഡി കാർഡ്, തൊഴിലുറപ്പ് ഐ.ഡി.

കാർഡ് മുതലായവ) സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. ഓരോ അതിദരിദ്ര കുടുംബത്തിന്റെയും പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള മൈക്രോ ആക്ഷൻപ്ലാനുകൾ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമന-തോട്ടക്കര പാലം നിർമ്മാണം**

338 (338) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പെരുമന-തോട്ടക്കര പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമാണത്തിന് അധിക തുക ആവശ്യമായി വന്നിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാരിൽ നിന്നും എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പാലം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകണമെങ്കിൽ പാലത്തിന് ഇരുവശങ്ങളിലുമായി 40.00 മീറ്റർ അപ്രോച്ച് റോഡ് പൂർത്തീകരിക്കേണ്ടതും ഇലക്ട്രിക്കൽ ഹൈടെൻഷൻ

ലൈൻ മാറ്റേണ്ടതുൾപ്പെടെ ഏകദേശം 40.00 ലക്ഷം രൂപയുടെ അനുബന്ധ പ്രവൃത്തികൾകൂടി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ അധിക തുക സംബന്ധിച്ച ആവശ്യം സർക്കാരിൽ ലഭിച്ചിട്ടില്ല.

**കോറോം വില്ലേജിൽ ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയം പദ്ധതി**

339 (339) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിൽ ലൈഫ് മിഷന്റെ കീഴിൽ നിർമ്മാണം ആരംഭിച്ച ഫ്ലാറ്റ് സമുച്ചയം പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണ് എന്ന് അറിയിക്കാമോ?

പ്രസ്തുത ഭവന സമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എപ്പോഴാണ്; നിലവിൽ പദ്ധതിയുടെ എത്ര ശതമാനം പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

15-11-2021-ലാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. നിലവിൽ അഞ്ച് ശതമാനമാണ് നിർമ്മാണ പുരോഗതി.

(സി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിച്ച് നിർമ്മാണ പ്രവൃത്തി വേഗതയിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് കമ്പോള വിലയിലുണ്ടായ വർദ്ധനവുകാരണം കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. കരാറുകാരന് രണ്ട് കാരണം കാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുണ്ട്. നിർമ്മാണം പുനരാരംഭിക്കാത്തപക്ഷം നിർമ്മാണ കരാർ റദ്ദ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് എപ്പോൾ കൈമാറാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കരാറുകാരൻ നിർമ്മാണം പുനരാരംഭിക്കുന്നപക്ഷം 2023-ൽ പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കരാർ റദ്ദ് ചെയ്യേണ്ടിവന്നാൽ റീ-ടെണ്ടർ ക്ഷണിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിവരും.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

340 (340) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നതും നിലവിലുള്ള പ്രൊപ്പോസലിന്റെയും വിശദവിവരം അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നെയ്യാറ്റിൻകര-ഉദിയൻകുളങ്ങര മാർക്കറ്റുകളുടെ നവീകരണം**

341 (341) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ്, ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് എന്നിവ നവീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് കോംപ്ലക്സ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തിക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സ്വീകരിച്ചുവരുന്നു.

ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണം എന്ന പ്രവൃത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്. പ്രസ്തുത സ്ഥലം മണ്ണ് മാറ്റി ഗ്രൗണ്ട് ലെവൽ ചെയ്താൽ മാത്രമേ സോയിൽ ടെസ്റ്റ് നടത്തി ഡിസൈൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളൂ. മണ്ണ് ലെവൽ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. മണ്ണ് ലെവൽ ചെയ്യുന്നമുറയ്ക്ക് തുടർനടപടികൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്നതാണ്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

342 (342) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടന്നുവരുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഓരോ പ്രവൃത്തിയും തരംതിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ പഞ്ചായത്തുകളിലെ ഏതൊക്കെ വാർഡുകളിലാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പൂഞ്ഞാർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയുടെ പുരോഗതി**

343 (343) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിപ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പ്രവൃത്തികളൊന്നും നിലവിലില്ല.

**തൊഴിലുറപ്പ് പദ്ധതി കുടിശ്ശിക**

344 (344) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലിയിനത്തിലും നിർമ്മാണ സാമഗ്രികൾ വാങ്ങിയതിലും നാളിതുവരെയായി എത്ര രൂപയാണ് കുടിശ്ശികയുള്ളത്?

24-01-2023-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവിദഗ്ധ വേതന ഇനത്തിൽ 464.18 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. 24-01-2023-ൽ കേന്ദ്രസർക്കാർ 694.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മെറ്റീരിയൽ ഇനത്തിൽ 257.25 കോടി രൂപയും ഭരണചെലവ് ഇനത്തിൽ 152.72 കോടി രൂപയും 25-01-2023-ലെ കണക്കുപ്രകാരം കുടിശ്ശികയാണ്.

(ബി) തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) എത്ര രൂപയുടെ കുടിശ്ശികയാണ് കേന്ദ്രം തൊഴിലുറപ്പ് പദ്ധതിക്കായി നൽകാനുള്ളത്; കുടിശ്ശിക ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവിദഗ്ദ്ധ വേതന ഇനത്തിൽ 464.18 കോടി രൂപയാണ് (100% കേന്ദ്രവിഹിതം) കുടിശ്ശികയായി ഉണ്ടായിരുന്നത്. എന്നാൽ 24-01-2023-ൽ കേന്ദ്ര സർക്കാർ 694.18 കോടി ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. മെറ്റീരിയൽ ഇനത്തിൽ 257.25 കോടി രൂപയും (ഇതിൽ 192.93 കോടി രൂപ കേന്ദ്ര വിഹിതം 75:25 എന്ന അനുപാതത്തിൽ) ഭരണ ചെലവ് ഇനത്തിൽ 152.72 കോടി രൂപയും (100% കേന്ദ്ര വിഹിതം) 25-01-2023-ലെ കണക്കുപ്രകാരം കുടിശ്ശികയുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**വഴിയോര കച്ചവടം**

345 (345) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയോര കച്ചവടം നടത്തുന്ന ആളുകളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വഴിയോര കച്ചവടം നടത്തുന്ന ആളുകളുടെ എണ്ണം സർവ്വേ നടത്തി ശേഖരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് കച്ചവടം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷണപദാർത്ഥങ്ങൾ, വീട്ടുസാമഗ്രികൾ, സ്റ്റേഷനറി സാധനങ്ങൾ, തുണികൾ, ലോട്ടറി, പാദരക്ഷകൾ, കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക് സാമഗ്രികൾ എന്നിവയാണ് കച്ചവടം നടത്തുന്നത്.

**നിരോധിത ലഹരി പദാർത്ഥങ്ങളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും വില്പന തടയുന്നതിന് നടപടി**

346 (346) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം കേന്ദ്രീകരിച്ച് നിരോധിത ലഹരി പദാർത്ഥങ്ങളും പുകയില ഉല്പന്നങ്ങളും വിൽപ്പന നടത്തുന്നത് സംബന്ധിച്ച് എക്സൈസ് വകുപ്പ് നടത്തിയ പരിശോധനകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

എക്സൈസ് വകുപ്പ് ജില്ലാതലത്തിൽ നടത്തിയ പരിശോധനയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1731 |
| കൊല്ലം | 36 |
| പത്തനംതിട്ട | 2200 |
| ആലപ്പുഴ | 76 |
| കോട്ടയം | 1550 |
| ഇടുക്കി | 117 |

| | |
|---|---|
| എറണാകുളം | 415 |
| തൃശ്ശൂർ | 2131 |
| പാലക്കാട് | 390 |
| മലപ്പുറം | 100 |
| കോഴിക്കോട് | 407 |
| വയനാട് | 173 |
| കണ്ണൂർ | 333 |
| കാസർഗോഡ് | 38 |

(ബി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2778 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 0 |
| കോട്ടയം | 103 |
| ഇടുക്കി | 5 |
| എറണാകുളം | 50 |
| തൃശ്ശൂർ | 61 |
| പാലക്കാട് | 27 |

| | |
|---|---|
| മലപ്പുറം | 59 |
| കോഴിക്കോട് | 0 |
| വയനാട് | 0 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 0 |

**തദ്ദേശസ്വയംഭരണ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

347 (347) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ താൽക്കാലിക നിയമനം വഴി നികത്തുവാനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 20-12-2022-ൽ PDLSGD/1241/2022-C2 നമ്പറിൽ ഒരു ഉത്തരവിറക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്പ്രകാരം സാങ്കേതികവിഭാഗത്തിൽപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഗ്രേഡ് 1, 2, 3 എന്നീ തസ്തികകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അതുപ്രകാരം പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ്

ചെയ്ത ഉദ്യോഗാർത്ഥികൾക്കെല്ലാം നിയമനം നൽകിയെങ്കിലും ജോലിയിൽ പ്രവേശിച്ചവരിൽ പലരും വിവിധകാരണങ്ങളാൽ അവധിയിൽ പ്രവേശിക്കുകയോ മറ്റ് സർവ്വീസുകളിലേയ്ക്ക് മാറിപ്പോവുകയോ ചെയ്തിരിക്കുകയാണ്. ഇതുമൂലം വീണ്ടും ഒഴിവുകൾ വന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലെത്തിനിൽക്കുകയും പൊതുജനങ്ങളുടെ ക്ഷേമവും വികസനവും മുൻനിർത്തി വാർഷികപദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള ടി പ്രവൃത്തികൾ മാർച്ച്-31 നമുമ്പ് പൂർത്തീകരിക്കുകയും ചെയ്യേണ്ട സാഹചര്യത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ പി.എസ്.സി.-യിൽനിന്നും നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ നിയമനം ലഭിച്ച തദ്ദേശസ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതുവരെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കരാർ/ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിനും തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നും വേതനം നൽകുന്നതിനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ്-1 (സിവിൽ) തസ്തികയിൽ നിയമന ഉത്തരവ് നൽകി 45 ദിവസം കഴിഞ്ഞിട്ടും

എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എൻ.ജെ.ഡി. ഒഴിവുകൾ കാലതാമസം കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ്-1 (സിവിൽ) തസ്തികയിൽ നിലവിലുള്ള എൻ.ജെ.ഡി. ഒഴിവുകൾ 25-01-2023-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആർ.ജി.എസ്.എ. പദ്ധതി**

348 (348) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ആർ.ജി.എസ്.എ. എന്ന പദ്ധതിയുടെ സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ലക്ഷ്യങ്ങളും ചുമതലകളും വിശദമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിനായി അനുദിനം വർദ്ധിച്ചുവരുന്ന ചുമതലകൾ ഏറ്റെടുക്കുന്നതിനും പുനഃസംഘടിപ്പിക്കപ്പെട്ട RGSA പദ്ധതി നടപ്പിലാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ നിലവിലെ

ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി പഞ്ചായത്ത് രാജ് സംവിധാനത്തെ പിന്തുണയ്ക്കുന്നതിന് ഫലപ്രദമായ തത്സമയ ഡാറ്റാ മാനേജ്മെന്റ്, കാര്യക്ഷമമായ സംയോജനം, മെച്ചപ്പെട്ട നിരീക്ഷണം എന്നിവയ്ക്കൊപ്പം പുനഃസംഘടിപ്പിക്കപ്പെട്ട RGSA പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമാണ് സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുള്ളത്. പ്രമേയപരമായ സമീപനങ്ങളിലൂടെ ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ചുമതലയാണ്.

(ബി) നിലവിൽ പ്രസ്തുത യൂണിറ്റിൽ എത്ര ജീവനക്കാരാണുള്ളത്; അവരുടെ സേവന-വേതന വ്യവസ്ഥകളുടെ വിശദാംശം അറിയിക്കാമോ; ഏത് തീയതി പ്രാബല്യത്തിലുള്ള വേതന നിരക്കാണ് ഇപ്പോൾ നൽകിവരുന്നതെന്ന് അറിയിക്കാമോ?

ആർ.ജി.എസ്.എ. പദ്ധതിയുടെ സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ വാർഷിക കരാർ വ്യവസ്ഥയിൽ നിലവിൽ അഞ്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. 29-01-2021-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ വേതനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | വേതനം (പ്രതിമാസ കൺസോളിഡേറ്റഡ്) |
|---|---|
| പ്രോജക്ട് മാനേജർ | 43,155/- |
| സ്പെഷ്യലിസ്റ്റ്(MIS) | 31,920/- |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 31,920/- |
| സോഷ്യൽ ജസ്റ്റിസ് കൺസൽട്ടന്റ് | 31,920/- |
| ടെക്നിക്കൽ അസിസ്റ്റന്റ് | 19,670/- |

RGSA പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ ഓഫീസ് മാന്വൽ പ്രകാരം കൈകാര്യം ചെയ്യുന്നതിനും വരവുചെലവ് കണക്കുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുമായി പഞ്ചായത്ത് വകുപ്പിൽ അക്കൗണ്ടന്റ് തസ്തികയിലുള്ള ഒരു ജീവനക്കാരനെ RGSA പദ്ധതിയുടെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിൽ അക്കൗണ്ടന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരന് ടിയാന്റെ മാതൃവകുപ്പിൽ ലഭിക്കുന്ന വേതനമായ 57,330 രൂപയാണ് ശമ്പളയിനത്തിൽ അനുവദിക്കുന്നത്.

(സി) ആയത് പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കാമോ; ഇല്ലായെങ്കിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് സംസ്ഥാനത്ത് സമാനമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുമായി തുല്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാമോ?

(സി&ഡി) പുനഃസംഘടിപ്പിക്കപ്പെട്ട RGSA പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിനായി ചെലവഴിക്കാവുന്ന തുകയുടെ പരമാവധി വാർഷിക പരിധി 26,40,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിലവിലുള്ള ജീവനക്കാരുടെ വേതനം അനുവദിക്കുന്നതിന് നിലവിൽ 25,90,980 രൂപ ആവശ്യമായി വരുന്നു. ടി ജീവനക്കാരുടെ വേതനം ഇനിയും വർദ്ധിപ്പിച്ചാൽ പ്രസ്തുത ഘടകത്തിനായി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള തുകയിൽ അധികരിക്കുന്ന സാഹചര്യമുണ്ടാകും. ടി തുക വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്രസർക്കാരാണ്. കൂടാതെ, ആർ.ജി.എസ്.എ. സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ടെക്നിക്കൽ അസിസ്റ്റന്റ്

തസ്തികയുടെ വേതനം, സമാന യോഗ്യതകളുള്ള ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ് (കരാറടിസ്ഥാനത്തിൽ) തസ്തികയ്ക്ക് നൽകിവരുന്ന വേതനത്തിന് തുല്യമാക്കി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കേന്ദ്രവിഹിതം വർദ്ധിപ്പിച്ച് ലഭിക്കുന്നതിന് വിധേയമായി ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**മണ്ണാർക്കാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

349 (349) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

3996 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എത്ര വീതം വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

3001 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പൂർത്തീകരിച്ച വീടുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയിലൂടെ പുതിയ അപേക്ഷകർക്ക് വീട് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

15-11-22-ലെ സ.ഉ.(സാധാ) നം.2806/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15-11-2022-ലെ സ.ഉ.(സാധാ) നം.2807/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളേയും ഉൾപ്പെടുത്തി കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെട്ടിട്ടുള്ള 12845 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ അർഹരായ പലരും അന്തിമലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന ആക്ഷേപം പരിശോധിക്കുമോ; ഇവരെക്കൂടി ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

അത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈഫ് മാനദണ്ഡപ്രകാരം അർഹരായ എല്ലാ ഗുണഭോക്താക്കളും ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്.

**കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി**

350 (350) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കൊണ്ടുവന്ന പുതിയ ഭേദഗതിയിൽ കെട്ടിട നിർമ്മാതാക്കൾക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിയ ഭേദഗതി ഏതെന്ന് സർക്കാരിന് ലഭിച്ച പരാതികളുടെയും ആക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ അറിയിക്കുമോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 എന്നിവ പരിഷ്കരിച്ച് 2019-ൽ പുറത്തിറക്കിയ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (GO(P) No.78/2019/LSGD 02-11-2019), കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (GO(P)No.77/2019/LSGD 02-11-2019) എന്നിവയിൽ കെട്ടിട നിർമ്മാതാക്കൾക്ക് പ്രധാനമായും ബുദ്ധിമുട്ടുണ്ടാക്കിയ ഭേദഗതികൾ സർക്കാർതലത്തിൽ ചർച്ചചെയ്ത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2020, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2020 എന്നിവ മുഖേന ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ കെട്ടിട നിർമ്മാതാക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഭേദഗതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെട്ടിട നികുതിയിൽ വരുത്തിയിട്ടുള്ള വർദ്ധനവ് ഏതെല്ലാം തരത്തിലാണെന്ന് അറിയിക്കുമോ; 50 ചതുരശ്രമീറ്ററിനുമുകളിലുള്ള വീടുകളെക്കൂടി നികുതിയുടെ പരിധിയിൽക്കൊണ്ടുവരാനുള്ള തീരുമാനം ഏറ്റവും സാധാരണക്കാരായ ജനങ്ങളെയാണ് ബാധിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെട്ടിട നികുതി വർദ്ധനവുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തേണ്ട വസ്തു നികുതി പരിഷ്കരിക്കുന്ന വിഷയം സംബന്ധിച്ച് ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ ശിപാർശ സർക്കാർ അംഗീകരിച്ചുവെങ്കിലും നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഡ്രൈവർമാരുടെ അന്തർജില്ലാ സ്ഥലം മാറ്റം**

351 (351) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് അന്തർജില്ലാ സ്ഥലം മാറ്റത്തിന് അവസരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്ന് വർഷത്തിൽ കൂടുതൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഡ്രൈവർമാരായി സേവനം അനുഷ്ഠിച്ചവർക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മറ്റ് ജീവനക്കാർക്കുള്ളപോലെ അവസരം നൽകുന്നതിനും ട്രാൻസ്ഫർ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡ്രൈവർ II തസ്തികയിലെ നിയമനം ജില്ലാതലത്തിലാണ് നടത്തപ്പെടുന്നത്. ജില്ലാതല നിയമനം ലഭിച്ച് പ്രവേശന തസ്തികയിൽ തുടരുന്ന എല്ലാവിഭാഗം ജീവനക്കാർക്കും അന്തർജില്ലാ മാറ്റത്തിന് നിലവിൽ 5 വർഷത്തെ സേവനം നിർബന്ധമാണ്. ടി നിബന്ധനയിൽനിന്ന് ഒരു വിഭാഗം ജീവനക്കാരെയും ഒഴിവാക്കിയിട്ടില്ല. ടി 5 വർഷത്തിനുള്ളിൽ ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ഡ്രൈവർമാർക്ക് അന്തർജില്ലാ മാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ, പിന്നാക്ക ജില്ലകളായ കാസർഗോഡ്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലേയ്ക്കുള്ള അന്തർജില്ലാ മാറ്റത്തിന് 5 വർഷസേവനം എന്ന നിബന്ധന ബാധകമല്ലാതാക്കിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ പദ്ധതികൾ**

352 (352) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം 2021 ജൂൺ മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സമ്പൂർണ ശുചിത്വ കേരളം**

353 (353) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 വർഷത്തോടുകൂടി സമ്പൂർണ ശുചിത്വ കേരളം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വിപുലമായ തോതിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഖര-ദ്രവ മാലിന്യ സംസ്കരണം തൃപ്തികരമെന്ന് ഗ്രീൻ ട്രിബ്യൂണൽ വിലയിരുത്തിയിരുന്നോയെന്ന് അറിയിക്കാമോ?

സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമാക്കി വിപുലമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുവരുന്നു. 2026 ആകുമ്പോഴേയ്ക്കും സമ്പൂർണ്ണ ശുചിത്വ കേരളം സാധ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, ഹരിത കർമ്മ സേന, ക്ലീൻ കേരള കമ്പനി, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, അമൃത്, കില തുടങ്ങിയ ഏജൻസികളെല്ലാം ഏകോപിപ്പിച്ച് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്നു. ദ്രവമാലിന്യ സംസ്കരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛഭാരത് മിഷൻ (അർബൻ), സ്വച്ഛഭാരത് മിഷൻ (ഗ്രാമീൺ) എന്നിവ മുഖാന്തരം സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (അർബൻ), ശുചിത്വ കേരളം (റൂറൽ) പദ്ധതികൾ മുഖാന്തരം ആവിഷ്കരിച്ചിട്ടുണ്ട്. റിട്രോ ഫിറ്റിംഗ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഗ്രേ വാട്ടർ മാനേജ്മെന്റ് പദ്ധതികൾ, കമ്മ്യൂണിറ്റി/സ്ഥാപനതല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവയ്ക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിപുലമായ ഐ.ഇ.സി. ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളത്തിൽ പ്രതിദിനം 3472 TPD ഖരമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. അതിൽ 3205 ടൺ ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുണ്ട്. നിലവിൽ ഖരമാലിന്യ സംസ്കരണത്തിലെ ഗ്യാപ്പ് 267 TPD ആണ്. ആയതിന്റെ ശാസ്ത്രീയ സംസ്കരണത്തിന് 2.67 കോടി രൂപ സംസ്ഥാനം പല സ്രോതസ്സുകളിൽനിന്നും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ദ്രവമാലിന്യ പരിപാലന പദ്ധതികൾക്കായി 2343.18 കോടി രൂപയും നീക്കിവച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ഖര, ദ്രവ മാലിന്യ സംസ്കരണത്തിനായി നീക്കിവച്ചിരിക്കുന്ന ഫണ്ടിൽ 102.45 കോടി രൂപ

മലിനജലവും ഖരമാലിന്യവും സംസ്കരിക്കുന്നതിലെ ഗ്യാപ്പ് നികത്തുന്നതിനും സംസ്ഥാനത്തെ 5.05 ലക്ഷം ടൺ ലെഗസി മാലിന്യങ്ങളുടെ ബയോമൈനിംഗ് ചെയ്യുന്നതിനും നീക്കിവച്ചിട്ടുള്ളതാണ്. ഫണ്ട് വിഹിതത്തിനായി സംസ്ഥാനം ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുകയും മാലിന്യ സംസ്കരണത്തിനുള്ള പരിഹാരങ്ങളും സംവിധാനങ്ങളും നടപ്പിലാക്കുന്നതിൽ വ്യക്തമായ പുരോഗതി കാണിക്കുകയും ചെയ്യുന്നതിനാൽ പാരിസ്ഥിതിക നഷ്ടപരിഹാരം ഈടാക്കുന്നതിൽനിന്ന് തൽക്കാലം സംസ്ഥാനത്തെ ഒഴിവാക്കിക്കൊണ്ടും മാലിന്യ പരിപാലന രംഗത്തെ നിർവ്വഹണ പുരോഗതി റിപ്പോർട്ട് ചെയ്യണമെന്നും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 01-12-2022-ലെ O.A.606/2018(PZ) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് കേരളത്തിന് ലഭിച്ച വലിയ അംഗീകാരമാണ്.

(ബി) മുൻകാലത്തുള്ള ചില പദ്ധതികൾ ലക്ഷ്യം നേടാതെ പോയതിനാലും തെറ്റിദ്ധാരണകൊണ്ട് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എതിർപ്പുയരുന്ന സാഹചര്യത്തിലും ഇവ പരിഹരിച്ച് പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കുമോ?

ശ്രദ്ധപതിപ്പിക്കും. നഗരസഭകളിൽ മാലിന്യ സംസ്കരണ പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുള്ളതും ബഹുജനങ്ങൾക്കായുള്ള ബോധവൽക്കരണ പദ്ധതികൾ (IEC Programmes), വിജയകരമായി പ്ലാന്റുകൾ പ്രവർത്തിക്കുന്ന മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പോലെയുള്ള സ്ഥലങ്ങളിൽ സന്ദർശനം (site visit) നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. ദ്രവമാലിന്യ പരിപാലന മേഖലയിൽ വലിയ മുന്നേറ്റം വരുന്ന ഒരു വർഷക്കാലയളവിനുള്ളിൽ നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിലെ പൊതുജലസ്രോതസ്സുകളുടെ ജലഗുണനിലവാരത്തിന്റെ അപകടാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തി സംസ്കരണ പ്ലാന്റുകൾ ബഹുജന പിന്തുണയോടെ സ്ഥാപിക്കുന്നതിന് 'മലംഭ്രതം' എന്ന പേരിൽ ഒരു ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ ഇതേ മാതൃകയിൽ ഖരമാലിന്യവുമായി ബന്ധപ്പെട്ട് ബോധവൽക്കരണം ലക്ഷ്യമാക്കി 'വലിച്ചെറിയൽ മുക്ത കേരളം' എന്ന ക്യാമ്പയിനും തുടക്കം കുറിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി വിപുലമായ വിജ്ഞാന വ്യാപക പരിപാടികൾ വിഭാവനം ചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ച് ഇത്

നടപ്പിലാക്കുന്നതാണ്. സാങ്കേതിക പരിപാലന വിടവുകൾ പഠിച്ച് ആവശ്യമായ മാറ്റങ്ങൾ പുതിയ പദ്ധതികളിൽ കൂട്ടിച്ചേർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി) നഗരങ്ങളിലെ മാലിന്യ സംസ്കരണം ഏകോപിപ്പിക്കാൻ പ്രത്യേകം പ്രൊഫഷണലുകളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?**

കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതി കാലയളവിൽ എല്ലാ നഗരസഭകളിലും ഒരു സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ പ്രവൃത്തികളുടെയും ഏകോപനത്തിന് നഗരസഭയ്ക്ക് ആവശ്യമായ സഹായം നൽകുന്നതാണ്. 04-01-2023-ലെ സ.ഉ.(സാധാ)നം.20/2023/ത.സ്വ.ഭ.വ., 20-01-2023-ലെ സ.ഉ.(സാധാ) നം.173/2023/ത.സ്വ.ഭ.വ. നമ്പർ പ്രകാരം പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും യുവപ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

## പടിയൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ

354 (354) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ അഞ്ചുമാസത്തിലേറെയായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് നികത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവ് ഉൾപ്പെടെയുള്ളവയിൽ നിയമനം നടത്തുന്നതിലേയ്ക്കായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്. പ്രിൻസിപ്പൽ ഡയറക്ടറുടെ 20-12-2022-ലെ PDLSGD/1241/2022-C2 നമ്പർ കത്തിൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾപ്രകാരം ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതുവരെ താൽക്കാലികമായി നിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിലുൾപ്പെടെ തദ്ദേശസ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ വേഗത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു. നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം**

355 (355) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ വാർഡ് അതിർത്തികളുടെ പുനർനിർണ്ണയം നടത്തി വാർഡ് വിഭജനത്തിനുള്ള എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ വാർഡ് അതിർത്തികളുടെ പുനർനിർണ്ണയം നടത്തുന്നതിനോ വാർഡ് വിഭജനത്തിനോ ഉള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**ജനന സർട്ടിഫിക്കറ്റിലെയും സ്കൂൾ സർട്ടിഫിക്കറ്റിലെയും വ്യത്യസ്ത പേര്**

356 (356) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിലും സ്കൂൾ സർട്ടിഫിക്കറ്റിലും വ്യത്യസ്ത പേരാണെങ്കിൽ ജനന സർട്ടിഫിക്കറ്റിൽ സ്കൂൾ സർട്ടിഫിക്കറ്റിലെ പേര് രേഖപ്പെടുത്തി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

നിലവിൽ തടസ്സമില്ല.

(ബി) ഗസറ്റ് നോട്ടിഫിക്കേഷൻപ്രകാരം മാറ്റിയ പേര് എസ്.എസ്.എൽ.സി. ബുക്കിൽ മാറ്റി രേഖപ്പെടുത്തിയവർക്ക് പ്രസ്തുത പേര് സ്കൂൾ സർട്ടിഫിക്കറ്റിലേതിന് സമാനമായി ജനന സർട്ടിഫിക്കറ്റിൽ തിരുത്തി നൽകേണ്ടതില്ലെന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ കോപ്പി ലഭ്യമാക്കാമോ?

വകുപ്പിൽനിന്നും പുതിയ നിർദ്ദേശം നൽകിയിട്ടില്ല. എങ്കിലും ചീഫ് രജിസ്ട്രാരുടെ 10-05-2017-ലെ ബി1-15343/2017 നമ്പർ സർക്കുലർ ഖണ്ഡിക 9.15 പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം പേര് മാറ്റിയാൽ അതിൻപ്രകാരം ജനനരജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താവുന്നതല്ല. എന്നാൽ ജനന

സർട്ടിഫിക്കറ്റിനൊപ്പം ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും നോട്ടറി മുമ്പാകെയുള്ള സത്യവാങ്മൂലവും ചേർത്ത് നിയമപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് alias ചേർത്ത് നൽകാവുന്നതാണ്. 30-06-2022-ലെ പൊതു വിദ്യാഭ്യാസ(ജെ) വകുപ്പിന്റെ സ.ഉ.(കൈ)നം. 114/2022/ജി.ഇ.ഡി.എൻ. നമ്പർ പ്രകാരം ഗസറ്റ് വിജ്ഞാപനംവഴി പേര് മാറ്റിയതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. ബുക്കിൽ അപ്രകാരം പേര് തിരുത്തുന്നതിന് പരീക്ഷ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. അതിൻപ്രകാരം ഗസറ്റ് വിജ്ഞാപനം വഴി തിരുത്തിയ പേര് ജനന രജിസ്ട്രേഷനിൽ തിരുത്തി നൽകുന്നത് സംബന്ധിച്ച വിഷയം സജീവ പരിഗണനയിലാണ്.

**തിരൂരങ്ങാടിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ**

357 (357) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്; വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഈ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൻപ്രകാരം പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരൂരങ്ങാടി മുനിസിപ്പാലിറ്റി, തിരൂരങ്ങാടി ബ്ലോക്ക്, എടരിക്കോട് ഗ്രാമപഞ്ചായത്ത്, നന്നമ്പ്ര ഗ്രാമപഞ്ചായത്ത്, പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങളിലുള്ള എല്ലാ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട നിയമനാധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ**

358 (358) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെരുവുനായ ശല്യം ദൂരീകരിക്കുന്നതിന് തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം. ഈ പദ്ധതി നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയകരമായതിനാൽ ഭാരതസർക്കാർ ഇന്ത്യയിലെ എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23-08-2022-ൽ സ.ഉ.(സാധാ)2065/2022/ത.സ്വ.ഭ.വ. നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും 15-09-2022-ലെ സ.ഉ (സാധാ) 2244/2022/ത.സ്വ.ഭ.വ, 29-09-2022-ലെ സ.ഉ.(സാധാ) 2376/2022/ത.സ്വ.ഭ.വ എന്നീ നമ്പർ പ്രകാരം അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെതന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ

പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ നഗരസഭകൾ - 93

01-09-2022 മുതൽ 31-12-2022 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 4519

01-09-2022 മുതൽ 31-12-2022 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 15922

01-09-2022 മുതൽ 31-12-2022 വരെ വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചവയുടെ ആകെ എണ്ണം - 51487

01-09-2022 മുതൽ 31-12-2022 വരെ വളർത്തുനായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചവയുട ആകെ എണ്ണം - 30553

01-09-2022 മുതൽ 31-12-2022 വരെ കണ്ടെത്തിയ അഭയ കേന്ദ്രങ്ങളുടെ ആകെ എണ്ണം - 3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ)

ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01-09-2022 മുതൽ 31-12-2022 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 976

01-09-2022 മുതൽ 31-12-2022 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴതുക - 41,54,846/-

01-09-2022 മുതൽ 31-12-2022 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം - 1003

01-09-2022 മുതൽ 31-12-2022 വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി./ ബോധവത്ക്കരണ ക്യാമ്പുകളുടെ എണ്ണം - 663

അഞ്ച് കോർപ്പറേഷനുകളിൽ സ്വന്തമായി എ. ബി. സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു. 2016 മുതൽ 31-08-2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

<u>സർക്കാരിന്റെ തെരുവ് നായശല്യം നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ</u>

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) കണ്ടെത്തിയിട്ടുണ്ട്.

സർക്കാരിന്റെ 15-09-2022-ലെ സ.ഉ.(സാധാ) 2244/2022 തസ്വഭവ നമ്പർ പ്രകാരം തദ്ദേശസ്ഥാപനതല ജനകീയ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.

തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്.

തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് 17,14,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുട്ടികളെ അടക്കം തെരുവ് നായ്ക്കൾ ആക്രമിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുമ്പോൾ സർക്കാർ സ്വീകരിച്ച നടപടികൾ കാര്യക്ഷമമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത നടപടികൾ തെരുവുനായ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് കുട്ടികളടക്കമുള്ളവർക്കെതിരെ വർദ്ധിച്ചുവരുന്ന തെരുവുനായ ആക്രമണം പരിഗണിച്ചുകൊണ്ടും എന്നാൽ മനുഷ്യർക്ക് മൃഗങ്ങളോടുള്ള ക്രൂരത തടയുകയെന്ന ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടും 23-08-2022-ലെ സ.ഉ.(സാധാ)2065/2022/ത.സ്വ.ഭ.വ., 15-09-2022-ലെ സ.ഉ.(സാധാ)2244/2022/ത.സ്വ.ഭ.വ., 29-09-2022-ലെ സ.ഉ.(സാധാ)2376/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിലും

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും വിധിന്യായങ്ങളുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സർക്കാരിന് സാധ്യമായ എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി, ജസ്റ്റിസ് സിരി ജഗൻ കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതാണ്. തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് കമ്മിറ്റി മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**തൃശ്ശൂർ ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

359 (359) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ എത്ര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ 165 വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിൽ എത്ര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്?

ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 92 വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണം നടക്കുന്നുണ്ട്; ഏതെല്ലാമെന്ന് വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ ഒരു വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം നടക്കുന്നുണ്ട്. അത് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കുറാഞ്ചേരി ജംഗ്ഷൻ എന്ന സ്ഥലത്താണ്. ഈ നിയോജക മണ്ഡലത്തിൽ ആകെ 5 വിശ്രമകേന്ദ്രങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വടക്കാഞ്ചേരി മുനിസിപ്പാലിറ്റി - ഓട്ടുപാറ ബസ് സ്റ്റാന്റ്
2. തെക്കും കര - കുരുമാത്ര ജംഗ്ഷൻ
3. കോലഴി - വലിയപറമ്പ് കമ്മ്യൂണിറ്റി സെന്റർ
4. അടാട്ട് -പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട്
5. മുളംകുന്നത്തുകാവ് - രാജഗോപാൽ സെന്റർ എസ്.എച്ച്.

**ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ**

360 (360) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റ കാലയളവിൽ ശുചിത്വ മിഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സംസ്ഥാനത്ത് മാലിന്യസംസ്കരണത്തിൽ പുതിയ കാഴ്ചപ്പാടും അവബോധവും സൃഷ്ടിക്കുന്നതിനായി നടത്തുവാൻ തീരുമാനിച്ചിട്ടുള്ള കോൺക്ലേവിന്റെ വിശദാംശങ്ങൾ നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 4 മുതൽ 6 വരെ സംഘടിപ്പിക്കുന്ന GEX Kerala' 23 (ഗ്ലോബൽ എക്സ്പോ ഓൺ വേസ്റ്റ് മാനേജ്മെന്റ് ടെക്നോളജിസ്) ഇന്ത്യയ്ക്കകത്തും വിദേശത്തുംനിന്നുമുള്ള മാലിന്യ പരിപാലന മേഖലയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധുനിക സാങ്കേതികവിദ്യകളും യന്ത്രോപകരണങ്ങളും ആശയങ്ങളും അവതരിപ്പിക്കുന്നതിനും മാലിന്യ പരിപാലന സംവിധാനങ്ങളെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിച്ച് പൊതുഅവബോധം വളർത്തുന്നതിനും കോൺക്ലേവ് അവസരമൊരുക്കും. മാലിന്യ സംസ്കരണ രംഗത്ത് കേരളം സാക്ഷ്യംവഹിക്കുന്ന ഏറ്റവും വിപുലവും നൂതനവുമായ പഠന-പ്രദർശന-ചർച്ചാ വേദിയാകും പരിപാടി. കോൺക്ലേവിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണസമിതി വൈസ് ചെയർമാൻ, ഹരിത കർമ്മ സേന കൺസോഷ്യം ഭാരവാഹികൾ എന്നിവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ചുരുങ്ങിയത് പത്ത് പ്രതിനിധികളെങ്കിലും പങ്കെടുക്കും. മാലിന്യ സംസ്കരണ രംഗത്തെ ആധുനികവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ മനസ്സിലാക്കി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടപ്പിലാക്കാൻ കോൺക്ലേവ് സഹായകമാകും.

(സി) മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് സ്വകാര്യ സംരംഭകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നതിനും നിക്ഷേപകരുടെ

ആശങ്കകൾ പരിഹരിക്കുന്നതിനും പ്രസ്തുത കോൺക്ലേവ് അവസരമൊരുക്കുമോ; വിശദമാക്കുമോ?

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്വകാര്യ സംരംഭകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നതിനും നിക്ഷേപകരുടെ ആശങ്കങ്ങൾ പരിഹരിക്കുന്നതിനും കോൺക്ലേവിൽ അവസരമൊരുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

**നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ തസ്തികകൾ**

361 (361) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഇപ്പോൾ എത്ര റവന്യൂ ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ടെന്ന് അറിയിക്കുമോ; ടി തസ്തികയുടെ അനുവദനീയ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം - 212

അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം - 212

(ബി) ടി തസ്തികയിൽ 2023 മാർച്ച് 31 ആകുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് അറിയിക്കാമോ; അവ ഏതെല്ലാം നഗരസഭയിലാണെന്ന് വിശദീകരിക്കാമോ?

2023 മാർച്ച് 31-ന് ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ വിരമിക്കൽ മുഖേന 3 ഒഴിവുകളുണ്ടാകുന്നതാണ്. തിരുവല്ല, കൊച്ചി, നീലേശ്വരം എന്നീ നഗരസഭകളിലാണ് ഒഴിവുണ്ടാകുന്നത്.

(സി) തദ്ദേശസ്വയംഭരണ വകുപ്പ് ഇപ്പോൾ പുതുതായി പ്രഖ്യാപിച്ച 93 അക്കൗണ്ട്സ് അസിസ്റ്റന്റും 6 അക്കൗണ്ട് ഓഫീസർ തസ്തികയും നഗരസഭകൾക്കാണോ സൃഷ്ടിച്ചതെന്ന് അറിയിക്കാമോ; ഈ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

6 മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഓരോ അക്കൗണ്ട്സ് ഓഫീസർമാരുടെയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളത്. അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക Local Self Government Department Subordinate Service Rules-ൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

(ഡി) അക്കൗണ്ട്സ് അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഈ തസ്തിക ഹെഡ്ക്ലാർക്ക് റവന്യൂ ഇൻസ്പെക്ടർ തസ്തികയ്ക്ക് തുല്യമാണോ?

ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല. അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക Local Self Government Department Subordinate Service Rules-ൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റം അനുവദിക്കേണ്ടക്രമം നിശ്ചയിക്കേണ്ടതാണ്.

(ഇ) ഈ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത് ഏതെല്ലാം നഗരസഭകൾക്കാണെന്ന് വിശദീകരിക്കാമോ; ടി തസ്തികയ്ക്ക് പ്രത്യേക യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ?

ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. യോഗ്യത നിശ്ചയിച്ചിട്ടില്ല.

(എഫ്) തദ്ദേശസ്വയം ഭരണ വകുപ്പിലെ ഡ്രൈവർ തസ്തികകൾ അബോളിഷ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

22-12-2022-ലെ സ.ഉ.(കൈ)നം.277/2022/ത.സ്വ.ഭ.വ നമ്പർ പ്രകാരം നഗരസഭകളിലെ ഡ്രൈവർ (എൽ.ഡി.വി.) 60 തസ്തികകളും ഡ്രൈവർ (എച്ച്.ഡി.വി.) 34 തസ്തികകളും അബോളിഷ് ചെയ്തിട്ടുള്ളതാണ്.

**റോഡരികുകളിലെ പൊന്തക്കാടുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ**

362 (362) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആവർത്തന പ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ പഞ്ചായത്തുകളുടെ ആസ്തിയിൽപ്പെട്ട റോഡരികുകളിലെ സുരക്ഷാ ഭീഷണിയുള്ള പൊന്തക്കാടുകൾ നീക്കംചെയ്യുന്നതിന് കഴിയാത്തതുമൂലം മാലിന്യങ്ങളും ഇഴജന്തുക്കളും വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഞ്ചായത്തുകളുടെ ആസ്തിയിൽപ്പെട്ട റോഡുകളിലെ സുരക്ഷാ ഭീഷണിയുള്ള പൊന്തക്കാടുകൾ നീക്കംചെയ്യുന്നതിന് തനത് ഫണ്ടുപയോഗിച്ച് പദ്ധതി തയ്യാറാക്കി പരിഹാരം കാണാവുന്നതാണ്.

(ബി) പഞ്ചായത്തുകൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ നടത്താനുള്ള അനുമതി നൽകുന്നതിന് വേണ്ട നടപടി എടുക്കുമോ; വിശദമാക്കുമോ?

തനത് ഫണ്ടുപയോഗിച്ച് പദ്ധതി തയ്യാറാക്കുന്ന നടപടികൾ പരിശോധിക്കാവുന്നതാണ്.

**ഇ- ഗവേണൻസ് പദ്ധതി**

363 (363) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇ-ഗവേണൻസിന്റെ ഭാഗമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനിൽ കിട്ടുന്ന സിറ്റിസൺ പോർട്ടലിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ സമയബന്ധിതമായി പൂർത്തീകരിച്ച് സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സിറ്റിസൺ പോർട്ടലിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യമില്ല. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) സിറ്റിസൺ സർവ്വീസ് പോർട്ടലിൽ ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുമായി യോഗം ചേരാറുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനായി വികസിപ്പിച്ചിട്ടുള്ള സിറ്റിസൺ സർവ്വീസ് പോർട്ടലിന്റെ പുരോഗതി

യഥാസമയം വിലയിരുത്താറുള്ളതും പെൻഡൻസി കാണുന്ന നഗരസഭകളെ പ്രത്യേകമായി ഓൺലൈനിൽ വിളിച്ചുചേർത്ത് അടിയന്തരമായി പെന്റിംഗ് തീർക്കുന്നതിന് നിർദ്ദേശം നൽകാറുള്ളതുമാണ്. കൂടാതെ എല്ലാ മാസവും സംസ്ഥാനതലത്തിൽ വിളിച്ചുചേർക്കുന്ന നഗരസഭാ സെക്രട്ടറിമാരുടെ യോഗത്തിൽ ഓൺലൈൻ സേവനങ്ങൾ ഒരു പ്രത്യേക അജണ്ടയായി ചേർത്ത് റിവ്യൂ ചെയ്യാറുള്ളതും സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുള്ളതുമാണ്.

സിറ്റിസൺ സർവ്വീസ് പോർട്ടലിലൂടെ (ഓൺലൈൻ അപേക്ഷകൾ) സമർപ്പിക്കുന്ന അപേക്ഷകളിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിൽ (30-01-2023 വരെ) 1367025 അപേക്ഷകൾ സിറ്റിസൺ സർവ്വീസ് പോർട്ടലിലൂടെ ലഭ്യമായിട്ടുണ്ട്. ആയതിൽ 1176631 അപേക്ഷകൾ (86%) തീർപ്പാക്കിയിട്ടുള്ളതാണ്. ശേഷിക്കുന്ന അപേക്ഷകളിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

| ഓഫീസ് തരം | ലഭിച്ച അപേക്ഷകൾ | സേവനം നൽകിയവ | ശതമാനം |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 1213167 | 1048677 | 86 |
| മുനിസിപാലിറ്റി | 114596 | 93958 | 82 |
| കോർപ്പറേഷൻ | 39262 | 33996 | 87 |
| **ആകെ** | **1367025** | **1176631** | **86** |

## ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം

364 (364) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി രൂപം നൽകിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്തെ ചെമ്മരുത്തി പഞ്ചായത്തിൽ നടപ്പാക്കിയതിന്റെ ഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ചെമ്മരുത്തി ഗ്രാമപ്പഞ്ചായത്തിൽ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) പൈലറ്റായി നടപ്പാക്കിയപ്പോൾ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിലെ അപാകതകൾ കണ്ടെത്തി ആയത് പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനെത്തുടർന്ന് പരിഷ്കരിച്ച ആപ്ലിക്കേഷൻ 152 പഞ്ചായത്തുകളിലേയ്ക്കുകൂടി വിന്യസിക്കുകയും കൂടുതൽ കുറ്റമറ്റതാക്കി 04-04-2022 മുതൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിഷ്കരിച്ച ഈ സോഫ്റ്റ്‌വെയർ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയെന്നും ഇതിന് പൊതുജനങ്ങളുടെ ഇടയിൽ ലഭിച്ച സ്വീകാര്യത വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്‌മെന്റ് സിസ്റ്റം (ILGMS) വിന്യസിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്.-ന്റെ പൊതുജനങ്ങൾക്കുള്ള വേർഷനായ CSP (Citizen Service Portal) വഴി പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. നാളിതുവരെ 12 ലക്ഷത്തോളം അപേക്ഷകൾ ഓൺലൈനായി ലഭിച്ചതിൽ 10 ലക്ഷത്തിലധികം ഫയലുകൾ തീർപ്പാക്കിയിട്ടുള്ളതാണ് (87%). പഞ്ചായത്തുകളിൽനിന്നുള്ള എല്ലാ സേവനങ്ങളും സിറ്റിസൺ സർവ്വീസ് പോർട്ടലിൽ ലഭ്യമാക്കാതിരുന്നിട്ടുകൂടി ഒരു വർഷത്തിനുള്ളിൽ 12 ലക്ഷം അപേക്ഷകൾ ഓൺലൈനായി ലഭിച്ചതിൽ നിന്നുതന്നെ ആപ്ലിക്കേഷൻ പൊതുജനങ്ങൾക്കിടയിൽ സ്വീകരിക്കപ്പെട്ടു കഴിഞ്ഞുവെന്നത് ഉറപ്പിക്കാവുന്നതാണ്. കെട്ടിട നിർമ്മാണാനുമതി, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തുടങ്ങിയവകൂടി ഉൾപ്പെടുത്തുന്നതോടെ സ്വീകാര്യത ഇനിയും വർദ്ധിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിൽ എം.എൽ.എ.-യുടെ ഫണ്ട് വിനിയോഗം**

365 (365) <u>ശ്രീമതി യു പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2006 മുതൽ 2015 വരെ കായംകുളം മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ട്, പ്രത്യേക വികസന നിധി എന്നിവ വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ധനകാര്യ വകുപ്പിന്റെ 11-06-2012-ലെ സ.ഉ.(അച്ചടി)നം.332/12/ധന എന്ന നമ്പർ പ്രകാരം 2012 മുതലാണ് എം.എൽ.എ.-മാർക്ക് ആസ്തി വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള പദ്ധതി ആരംഭിച്ചത്. 2013-14, 2014-15, 2015-16 എന്നീ കാലയളവിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രത്യേക വികസന നിധി ഉപയോഗിച്ച് ഈ കാലയളവിൽ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

**ഇടുക്കി ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി പ്രവൃത്തികൾ**

366 (366) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

18721 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

പൂർത്തീകരിച്ച വീടുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസിദ്ധീകരിച്ച അന്തിമ ലിസ്റ്റിൽനിന്നും അപേക്ഷകർക്ക് വീട് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർക്കാരിന്റെ 15-11-2022-ലെ സ.ഉ.(സാധാ) നം.2806/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15-11-2022-ലെ സ.ഉ.(സാധാ) നം. 2807/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളേയും ഉൾപ്പെടുത്തി കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവുപ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12845 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

367 (367) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

1) <u>ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കി.</u>

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച 920260 അപേക്ഷകളിൻമേൽ അർഹതാപരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുശേഷം ഗ്രാമസഭ/വാർഡ് സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുംകൂടി പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു.

2) <u>ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി</u>

സർക്കാരിന്റെ 15-11-22-ലെ സ.ഉ.(സാധാ) നം.2806/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15-11-2022-ലെ സ.ഉ.(സാധാ) നം. 2807/2022/ ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളേയും ഉൾപ്പെടുത്തി കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവുപ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള 12845 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

3. <u>'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ</u>

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിന് ലൈഫ് മിഷൻ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 23.49 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്/വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

4. ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി

ലൈഫ് മിഷൻ അനർട്ടുമായി കൈകോർത്തുകൊണ്ട് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിലുൾപ്പെടുത്തി സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി. സംസ്ഥാന സർക്കാർ ഏജൻസിയായ അനർട്ടിന്റെ 'ഹരിത ഊർജ്ജ വരുമാന പദ്ധതി'യിൽ ഉൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രതിദിനം ശരാശരി 8 യൂണിറ്റ് വരെ ഉത്പാദിപ്പിക്കാനുള്ള 2 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1.35 ലക്ഷമാണ് ചെലവുവരുന്നത്. ലൈഫ് പദ്ധതിയിൽ

നിർമ്മാണം പൂർത്തിയായതും കെ.എസ്.ഇ.ബി. വൈദ്യുതി കണക്ഷൻ ലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സൗരോർജ്ജ പ്ലാന്റുകളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും ഭവനങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്നതോടൊപ്പംതന്നെ അധികം വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകി വരുമാനം നേടാൻ സാധിക്കും. ശരാശരി പ്രതിമാസം 100 യൂണിറ്റ് ഉപയോഗമുള്ള വീടുകളിൽ ഈ പദ്ധതി മുഖേന പ്രതിവർഷം ശരാശരി 1200 യൂണിറ്റ് മിച്ചം വരാവുന്നതും ഇപ്രകാരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കൾക്ക് അധിക വൈദ്യുതി കെ.എസ്.ഇ.ബി. നൽകുന്നതുവഴി പ്രതിവർഷം 4,000 രൂപ വരെ വരുമാനവും പ്രതീക്ഷിക്കുന്നു. ഇതിനുപുറമേ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗവ് കൂടി ലഭ്യമാക്കുന്നുണ്ട്.

5. <u>ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി</u>

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം 164

ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തിയ 54 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. <u>ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ കരാർ വയ്ക്കൽ ഊർജ്ജിതപ്പെടുത്തി.</u>

2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിലും 2019-ലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റിലുമുൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കളിൽ കരാർ വയ്ക്കാൻ അവശേഷിച്ച ഗുണഭോക്താക്കളുടെ കരാർ വയ്ക്കൽ ഊർജ്ജിതപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

7. <u>ഭവന സമുച്ചയ നിർമ്മാണ പുരോഗതി</u>

ഭൂരഹിത-ഭവനരഹിതരുടെ പുന:രധിവാസത്തിനായുള്ള 29 ഭവന സമുച്ചയങ്ങളിൽ 4 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) രണ്ടാംഘട്ടം ലൈഫ് ഭവന പദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പദ്ധതി**

368 (368) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സുസ്ഥിരമായ ഉല്പന്നങ്ങളുടെ വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നാല് തരത്തിലുള്ള വിപണന പ്രവർത്തനങ്ങളാണ് കുടുംബശ്രീ സ്വീകരിച്ചുവരുന്നത്. ആദ്യമായി പ്രാദേശികതലം മുതൽ ദേശീയതലം വരെയുള്ള മേളകളിൽ കുടുംബശ്രീയുടെ പങ്കാളിത്തത്തിലൂടെയുള്ള വിപണന രീതിയാണ്. മാസച്ചന്തകൾ, വിപണന മേളകൾ, ഓണം, ക്രിസ്തുമസ് ആഘോഷങ്ങളോടനുബന്ധിച്ചുള്ള ഉത്സവമേളകൾ, കഫേ കുടുംബശ്രീ ബ്രാൻഡിൽ ഭക്ഷ്യമേളകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ദേശീയ വിപണന മേളയായ സരസ്സ്മേളയും എല്ലാ വർഷവും കുടുംബശ്രീ സംഘടിപ്പിക്കുന്നുണ്ട്. രണ്ടാമത്തേത് കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിര വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിപണന പ്രോത്സാഹന പദ്ധതിയാണ്. ഇതിന്റെ ഭാഗമായി 13 ജില്ലകളിലും കുടുംബശ്രീ ബസാർ (സൂപ്പർ മാർക്കറ്റ്) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ 1030 നാനോ മാർക്കറ്റുകൾ (ഉൽപ്പന്ന ഷെൽഫുകൾ), 99 മാർക്കറ്റിംഗ് കിയോസ്കുകൾ, 63 സി.ഡി.എസ്.-തല വിപണന കേന്ദ്രങ്ങളായ മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് എയർപോർട്ടിലും കൊച്ചി മെട്രോയിലും കുടുംബശ്രീയുടെ സിഗ്നേച്ചർ സ്റ്റോറുകൾ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. മൂന്നാമതായി കുടുംബശ്രീ ഉല്പന്നങ്ങൾ സാമൂഹികാധിഷ്ഠിത വിതരണ ശൃംഖലവഴി വീടുകളിലെത്തിക്കുന്ന ഹോംഷോപ്പ് പദ്ധതി 11 ജില്ലകളിൽ നടന്നുവരുന്നു. ഇതുകൂടാതെ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ലക്ഷ്യമിട്ട് ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പോർട്ടലുകളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംരംഭങ്ങളെ മെച്ചപ്പെടുത്തുന്നതിന് ലഘുവായ്പാ പദ്ധതിയും ക്ലസ്റ്റർ വികസന മാതൃകയിൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി പൊതുമാർക്കറ്റിൽ കിടപിടിക്കുന്നരീതിയിൽ ഉൽപ്പന്നവികസനത്തിന് സംരംഭങ്ങളെ സഹായിക്കുന്ന ബ്രാൻഡിംഗ് പദ്ധതിയും കുടുംബശ്രീ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) യുവതലമുറയെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിനും ഇവരെ പൊതുധാരയിൽ കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സാമൂഹിക-സാമ്പത്തിക, സ്ത്രീ ശാക്തീകരണ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുമായി 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾക്കായി ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. ഓരോ വാർഡിലും പരമാവധി 50 സ്ത്രീകൾ ഉൾപ്പെടുന്നതാണ് ഈ ഗ്രൂപ്പ്. 19554 ഓക്സിലറി ഗ്രൂപ്പുകളിലായി 306692 യുവതികൾ അംഗത്വം നേടിയിട്ടുണ്ട്. ഇവർക്ക് സ്ത്രീപക്ഷ നവകേരളം ക്യാമ്പെയിന്റെ ഭാഗമായി ജെൻഡർ അവബോധ പരിശീലനം, കാര്യശേഷി വികസനപരിശീലനം എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടെ ഉപജീവനപ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി തൽപ്പരരായ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെ ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തിവരുന്നുണ്ട്.

**പ്രൈസ് 3 സോഫ്റ്റ് വെയർ**

369 (369) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ എക്സസ് ഉണ്ടാകുന്നപക്ഷം പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉണ്ട്. ടെണ്ടർ എക്സസ്സ് ഉണ്ടാകുന്നപക്ഷം PRISE-3- സോഫ്റ്റ്‌വെയറിൽ ചില പ്രശ്നങ്ങളുണ്ടെന്ന് ചൂണ്ടിക്കാട്ടി ഹെൽപ് ഡെസ്ക് വഴി രജിസ്റ്റർ ചെയ്ത പ്രശ്നങ്ങൾ എൻ.ഐ.സി. മുഖേന പരിഹരിച്ചിട്ടുണ്ട്.

(ബി) വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ഈ സോഫ്റ്റ്‌വെയർ തകരാർ കാരണം കരാറിൽ ഏർപ്പെടാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്. അത്തരം പ്രശ്നങ്ങളിൽ ചിലത് എൻ.ഐ.സി. മുഖേന പരിഹരിക്കുകയും അവശേഷിക്കുന്നവ പരിഹരിച്ചുവരികയുമാണ്.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

370 (370) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ കണക്ക് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നാളിതുവരെ 1601 വീടുകൾ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച വീടുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| നമ്പർ | പഞ്ചായത്ത് | അനുവദിച്ച/ എഗ്രിമെന്റ് വച്ചവരുടെ എണ്ണം |
|---|---|---|
| 1 | ആലത്തൂർ | 177 |
| 2 | എരിമയൂർ | 280 |
| 3 | കിഴക്കഞ്ചേരി | 288 |
| 4 | കുഴൽമന്ദം | 219 |
| 5 | മേലാർകോട് | 164 |
| 6 | തേങ്കുറുശ്ശി | 274 |
| 7 | വണ്ടാഴി | 199 |
| **ആകെ** | | **1601** |

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നാളിതുവരെ 1374 വീടുകൾ പൂർത്തീകരിച്ചു. പൂർത്തീകരിച്ച വീടുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| നമ്പർ | പഞ്ചായത്ത് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ആലത്തൂർ | 167 |
| 2 | എരിമയൂർ | 254 |
| 3 | കിഴക്കഞ്ചേരി | 231 |
| 4 | കുഴൽമന്ദം | 170 |
| 5 | മേലാർകോട് | 151 |
| 6 | തേങ്കുറുശ്ശി | 218 |
| 7 | വണ്ടാഴി | 183 |
| **ആകെ** | | **1374** |

**തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ**

371 (371) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമംപ്രകാരം ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

എ) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അറുപത് വയസ്സുവരെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ

ബി) പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ

സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം

ഡി) അംഗഭംഗം അല്ലെങ്കിൽ അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ അവശതാ പെൻഷൻ

ഇ) ഗുരുതരമായി രോഗം ബാധിച്ച അംഗങ്ങൾക്ക് ചികിത്സയ്ക്കായി സാമ്പത്തിക സഹായം

എഫ്) വനിതാ അംഗങ്ങളുടെയും പെൺമക്കളുടെയും വിവാഹം, വനിത അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സാമ്പത്തിക സഹായം.

ജി) അംഗങ്ങളുടെ മക്കളുടെ പഠനാവശ്യത്തിന് സാമ്പത്തിക സഹായം.

(ബി) എത്ര തൊഴിലാളികളെയാണ് ഇതിന്റെ പരിധിയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

15 ലക്ഷം തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കോട്ടയം ജില്ലയിലെ ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം പദ്ധതി**

372 (372) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഒരു തദ്ദേശ സ്വയംഭരണം ഒരു ഉല്പന്നം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

കോട്ടയം ജില്ലയിൽ ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം പദ്ധതി 19 തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുക, കർഷകർക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്കും ന്യായമായ വില ഉറപ്പുവരുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

**തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

373 (373) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> :
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിവന്നിരുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ?

പ്രസ്തുത പദ്ധതി നിർത്തലാക്കിയിട്ടില്ല.

(ബി) ഈ പദ്ധതിയിൽനിന്നും കുടുംബശ്രീ ഉൾപ്പെടെയുള്ള ഏജൻസികളെ ഒഴിവാക്കിയ സാഹചര്യത്തിൽ പുതുതായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 17-12-2021-ലെ WP(C) 13204/2021 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും മൃഗസംരക്ഷണ വകുപ്പിന്റെ 27-12-2021-ലെ 474/2021/AHD നമ്പർ പ്രകാരവും കുടുംബശ്രീയെ എ.ബി.സി. പദ്ധതി നടത്തുന്നതിൽനിന്നും വിലക്കിയിട്ടുണ്ട്. ആയതിനാൽ ടി പ്രവർത്തനങ്ങൾ നടത്തുന്നതിന് 29-09-2022-ലെ സ.ഉ

(സാധാ)നം.2376/2022/ത.സ്വ.ഭ.വ നമ്പർ പ്രകാരം മൃഗസംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) അക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച് വരുന്നതിനാൽ കൂടുതൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

അക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച് വരുന്നതിനാൽ കൂടുതൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തിവരുന്നുണ്ട്.

**ഇന്റഗ്രേഷൻ നടപടി**

374 (374) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് വിവിധ വകുപ്പുകളെ സംയോജിപ്പിക്കുന്ന ഇന്റഗ്രേഷൻ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽവന്ന് ഒരു വർഷത്തോളമായി സംയോജിതമായ നിലയിൽ പ്രവർത്തനങ്ങൾ

നടന്നുവരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും സ്പെഷ്യൽ റൂൾ 27-10-2022-ലെ SRO 1030/2022, SRO 1031/2022 പ്രകാരം വിജ്ഞാപനം ചെയ്തു. 1-11-2022-ലെ സ.ഉ.(ആർ.റ്റി)നം. 2660/2022/ത.സ്വ.ഭ.വ. പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവായി. തുടർന്ന് 9 ജില്ലകളിൽ ജില്ലാ മേധാവികളായി ജോയിന്റ് ഡയറക്ടർമാരെ നിയമിച്ചു. ശേഷിക്കുന്ന ജില്ലകളിൽ മുതിർന്ന ജില്ലാതല ഉദ്യോഗസ്ഥർക്ക് ജോയിന്റ് ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്. സംസ്ഥാനതല കാര്യാലയമായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥ ക്രമീകരണ നടപടികൾ പൂർത്തിയായിവരുന്നു. ജില്ലാ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥക്രമീകരണം സംബന്ധിച്ചും ഓർഗാനോഗ്രാം, ഫംഗ്ഷണൽ മാന്വൽ എന്നിവ അന്തിമമാക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം 2023 ജനുവരി 24, 25 തീയതികളിൽ സംഘടിപ്പിക്കപ്പെട്ട ശില്പശാലയിൽ ചർച്ച ചെയ്യുകയുണ്ടായി. അതിൻപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓർഗാനോഗ്രാം, ഫംഗ്ഷണൽ മാന്വൽ എന്നിവ അന്തിമമാക്കുന്നതാണ്.

(ബി) ഇന്റഗ്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ?

ഇന്റഗ്രേഷൻ നടപടികൾ തടസ്സമില്ലാതെ നടന്നുവരുന്നുണ്ട്. നിലവിൽ കൈകാര്യം ചെയ്തുവരുന്ന ഫയലുകൾ പുതുതായി രൂപീകരിക്കുന്ന വിവിധ സെക്ഷനുകളിലേയ്ക്കുള്ള കൈമാറ്റത്തിനും പുതുതായി രൂപീകരിക്കുന്ന ഉദ്യോഗസ്ഥ സംവിധാന ക്രമീകരണങ്ങൾക്കുമായി നേരിടുന്ന സ്വാഭാവിക കാലതാമസം മാത്രമാണ് നിലവിലുള്ളത്.

**തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി**

375 (375) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽനിന്ന് പട്ടികജാതി വികസന വകുപ്പിന് അഡീഷണൽ ലിസ്റ്റ് നൽകുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ചില ഗുണഭോക്താക്കൾ ലൈഫ് മിഷൻ അംഗീകരിച്ച് നൽകിയ ലിസ്റ്റിൽ ഉൾപ്പെടാതെ പോയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് നൽകിയ പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ ചില ഗുണഭോക്താക്കൾ ഉൾപ്പെടാതെ പോയതുമായി

ബന്ധപ്പെട്ട് ടി ഗ്രാമപഞ്ചായത്ത് അധികൃതർ ലൈഫ് മിഷന് നൽകിയ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി അഡീഷണൽ ലിസ്റ്റിൽനിന്നും വിട്ടുപോയ എസ്.സി. ഗുണഭോക്താക്കളുടെ പേരുകൾ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് പാലക്കാട് ജില്ല പട്ടികജാതി വികസന ഓഫീസറോട് അഭ്യർത്ഥിച്ചുകൊണ്ടുള്ള തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 26-02-2022-ലെ 11/1 നമ്പർ തീരുമാനത്തിന്റെ പകർപ്പ് പാലക്കാട് ജില്ല പട്ടികജാതി വികസന ഓഫീസറുടെ 12-12-2022-ലെ എസ്/7556/2018 നമ്പർ കത്ത് പ്രകാരം പാലക്കാട് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് ലഭിക്കുകയുണ്ടായി. എന്നാൽ 06-09-2019-ലെ സ.ഉ.(സാധാ) 1946/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം എസ്.സി./എസ്.ടി./ഫിഷറീസ് വകുപ്പുകൾ ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതാ പരിശോധന നടത്തി (28-05-2020-ലെ സ.ഉ.(കൈ) 88/2020/ത.സ്വ.ഭ.വ നമ്പർ) ഗ്രാമസഭ/തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയതിനുശേഷമാണ് ആയത്

ലഭ്യമാക്കിയിട്ടുള്ളത്. അതിനാൽ ടി ഗുണഭോക്തൃ പട്ടികയിൽ പുതിയതായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തുവാൻ സാധിക്കുമായിരുന്നില്ല.

(സി) തച്ചമ്പാറ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് നൽകിയ പട്ടികജാതി അഡീഷണൽ ലിസ്റ്റിലെ എല്ലാ ഗുണഭോക്താക്കളെയും ലൈഫ് മിഷൻ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

06-09-2019-ലെ സ.ഉ.(സാധാ) 1946/2019/ത.സ്വ.ഭ.വ നമ്പർ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ എസ്.സി./എസ്.ടി./ഫിഷറീസ് വകുപ്പുകൾ ലഭ്യമാക്കിയ ലിസ്റ്റുകൾ 28-05-2020-ലെ സ.ഉ.(കൈ)88/2020/ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് അഡീഷണൽ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളത്. പട്ടികജാതി അഡീഷണൽ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ള സാഹചര്യത്തിലും 2017-ലെ ലൈഫ് ലിസ്റ്റിലും 2019-ലെ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെടാനാകാതെ പോയവർക്ക് അപേക്ഷ സമർപ്പിക്കാൻ ലൈഫ് 2020 പ്രകാരം അവസരം നൽകിയിരുന്ന സാഹചര്യത്തിലും പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ ടി ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നിലവിൽ സാധിക്കുകയില്ല.

**തോട് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി**

376 (376) <u>ശ്രീമതി യു. പ്രതിഭ:</u> താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് കൂടി കടന്നുപോകുന്ന കരിപ്പുഴ കനാൽ പായലുകൾ നിറഞ്ഞ് ഒഴുക്ക് നിലച്ചും മാലിന്യങ്ങൾകൊണ്ട് മലീമസമായി ദുർഗന്ധംവമിക്കുന്ന സ്ഥിതിയിലാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോളകൾ തുടങ്ങിയ മാലിന്യങ്ങൾ നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കി ടി തോട് സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തരനടപടി സ്വീകരിക്കുമോ?

കായംകുളം പട്ടണത്തിലൂടെ ഒഴുകുന്ന കരിപ്പുഴ കനാലിലേയ്ക്ക് പല സ്ഥലങ്ങളിൽനിന്നും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. മാലിന്യനിക്ഷേപം തടയുന്നതിനും ശിക്ഷാ നടപടികൾ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നതിനും വിവര വിജ്ഞാപന വ്യാപന പരിപാടികളുടെ ഭാഗമായ ബോർഡുകൾ സ്ഥാപിക്കുന്നതിന് കായംകുളം നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാലിന്യനിക്ഷേപം തടയുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്ന നടപടികളും പൂർത്തീകരിച്ചുവരുന്നു. വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി കനീസ കടവ് പാലം, കാര്യാത്ത് പാലം എന്നിവിടങ്ങളിൽ നെറ്റ് കെട്ടി

സംരക്ഷിക്കുകയും ചെടിച്ചട്ടികൾ സ്ഥാപിച്ച് മോടിപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യനിക്ഷേപം തടയുന്നതിനുള്ള രാത്രികാലപരിശോധന വ്യാപിപ്പിച്ചിട്ടുണ്ട്. തോടിന് സമീപമുള്ള ജനവാസമേഖലകളിൽ ഇരുമ്പ് വേലികെട്ടി സംരക്ഷിക്കുന്നതിന് വരുംവർഷം പദ്ധതിവയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പി.എം.എ.വൈ. പട്ടിക സംബന്ധിച്ച റിപ്പോർട്ട്**

377 (377) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.എ.വൈ. പട്ടികയിൽ നിന്നൊഴിവാക്കിയെന്ന പരാതിയുമായി ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണർ 14-07-2022-ന് CRD/1760/2022-HT-4 കത്ത് മുഖേന സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിവരം വിശദമാക്കാമോ?

പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയുണ്ടായി. പാലക്കാട് പ്രോജക്ട് ഡയറക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടുപ്രകാരം, വി.ഇ.ഒ. മന:പൂർവ്വമായി ഗുണഭോക്താവിനെ ഒഴിവാക്കിയിട്ടില്ലെന്നാണ് കാണുന്നത്. കൃത്യമായ അന്വേഷണം നടത്തിയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 10-05-2021-ലെ

10/10(2) തീരുമാനപ്രകാരമാണ് പി.എം.എ.വൈ.(ജി) പെർമനന്റ് വെയ്റ്റിംഗ് ലിസ്റ്റിൽനിന്നും ശ്രീ. വാസുവിന്റെ പേര് നിരസിച്ചിട്ടുള്ളതെന്ന് റൂറൽ ഡവലപ്മെന്റ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരം പരാതിക്കാരനെയും ബഹുമാനപ്പെട്ട എം.എൽ.എ.-യെയും 28-01-2023-ലെ DE1/228/2023-LSGD നമ്പർ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ശുചിത്വ മിഷന്റെ കീഴിൽ പൊതു ശുചിമുറികൾ**

378 (378) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ ശുചിത്വ മിഷന്റെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൊതുശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പദ്ധതിയുടെ വിശദാംശം നൽകാമോ?

ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ പൊതുസ്ഥലങ്ങളിലും ബസ് സ്റ്റേഷനുകൾ, മാർക്കറ്റുകൾ തുടങ്ങിയ ഇടങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഏതുസമയത്തും ഉപയോഗിക്കാവുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റ് കോംപ്ലക്സുകളും വിശ്രമകേന്ദ്രങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

മേൽനോട്ടത്തിൽ പണിപൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സർക്കാരിന്റെ പന്ത്രണ്ടിന പരിപാടികളിലുൾപ്പെടുത്തിയിട്ടുള്ള 'ടേക്ക് എ ബ്രേക്ക്' എന്ന ഈ പദ്ധതിപ്രകാരം 1842 ടോയ്‌ലറ്റ് കോംപ്ലക്സുകളാണ് പണിയാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 724 എണ്ണം ഇതിനോടകം പൂർത്തിയാക്കി പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര പൊതു ശുചിമുറികൾ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; മലപ്പുറം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പൊതുശുചിമുറികൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ?

'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം 724 പൊതു ശുചിമുറികൾ ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ജില്ല** | **പൂർത്തിയാക്കിയവയുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 61 |
| കൊല്ലം | 19 |
| പത്തനംതിട്ട | 62 |
| ആലപ്പുഴ | 53 |
| കോട്ടയം | 52 |
| ഇടുക്കി | 52 |
| എറണാകുളം | 74 |

| | |
|---|---|
| തൃശ്ശൂർ | 92 |
| പാലക്കാട് | 55 |
| മലപ്പുറം | 50 |
| കോഴിക്കോട് | 35 |
| വയനാട് | 15 |
| കണ്ണൂർ | 73 |
| കാസർഗോഡ് | 31 |
| ആകെ | 724 |

മലപ്പുറം ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള പൊതുശുചിമുറികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | ശുചിമുറികളുടെ എണ്ണം |
|---|---|---|
| 1. | പെരിന്തൽമണ്ണ | 2 |
| 2. | മഞ്ചേരി | 1 |
| 3. | വളാഞ്ചേരി | 1 |
| 4. | ഇടവന | 2 |
| 5. | കീഴുപറമ്പ | 1 |
| 6. | പുൽപ്പെറ്റ | 2 |
| 7. | അരീക്കോട് | 1 |
| 8. | അമരമ്പലം | 1 |
| 9. | ഇരുമ്പിലയം | 1 |
| 10. | ചെറുകാവ് | 2 |
| 11. | വഴയൂർ | 1 |
| 12. | പുളിക്കൽ | 2 |
| 13. | മുറയൂർ | 2 |
| 14. | കോട്ടൂർ | 1 |
| 15. | ഒതുക്കങ്ങൽ | 1 |
| 16. | മങ്കട | 1 |
| 17. | മക്കരപറമ്പ | 1 |

| | | |
|---|---|---|
| 18. | മൂർക്കനാട് | 2 |
| 19. | കുട്ടിലങ്ങാടി | 1 |
| 20. | ചാലിയാർ | 1 |
| 21 | ചുങ്കത്തറ | 1 |
| 22 | പോത്തുകൽ | 2 |
| 23. | മേലാറ്റൂർ | 1 |
| 24. | തഴിക്കോട് | 2 |
| 25. | വെട്ടത്തൂർ | 1 |
| 26. | ആലംകോട് | 1 |
| 27. | നന്നമുക്ക് | 1 |
| 28. | തവനൂർ | 1 |
| 29. | തണലൂർ | 1 |
| 30. | തലക്കാട് | 1 |
| 31. | തൃപ്രങ്ങോട് | 2 |
| 32. | മൂന്നിയൂർ | 1 |
| 33. | നന്നംപ്ര | 1 |
| 34. | പെരുവള്ളൂർ | 1 |
| 35. | അബ്ദുൾ റഹിം നഗർ | 1 |
| 36 | മമ്പാട് | 1 |
| 37. | പാണ്ടിക്കാട് | 1 |
| 38. | തിരുവല്ലി | 2 |
| 39. | വണ്ടൂർ | 1 |
| | **ആകെ** | **50** |

(സി) മലപ്പുറം നിയോജകമണ്ഡലത്തിലെ ശുചിത്വ മിഷനകീഴിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പൊതുശുചിമുറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ശുചിമുറികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No | Name of LSGI | PLACE | Total project cost | Work status |
|---|---|---|---|---|
| 1 | Malappuram Municipality | RTO | 3000000 | Agreement Executed |
| 2 | Malappuram Municipality | MSP | | WORK COMPLETED |
| 3 | Malappuram Municipality | Passport office | | Agreement Executed |
| 4 | Malappuram Municipality | POLICE STATION | | Agreement Executed |
| 5 | Malappuram Municipality | Panakkad - PWD ROAD | | Agreement Executed |
| 6 | Pookkottur | Valluvambram jn. | 400000 | NOC ISSUE - PWD roads did not give NOC |
| 8 | Morayur | PHC | 100000 | WORK COMPLETED |
| 9 | Morayur | Village Office | 1450000 | NOC ISSUE- Revenue dept did not give NOC |
| 10 | Kodur | PHC | 1200000 | WORK COMPLETED |
| 11 | Kodur | GP Office | 200000 | WORK COMPLETED |
| 12 | Anakkayam | Irumpuzhi Panambatta Kadavu | 1530000 | Work stopped due to Court stay order |

| | | | | |
|---|---|---|---|---|
| 14 | Pulpatta | Industrial bldg | 878500 | WORK COMPLETED |
| 15 | Pulpatta | PHC | 745000 | WORK COMPLETED |

**ചിറക്കൽ മന്നാ സ്റ്റേഡിയം നിർമ്മാണ പുരോഗതി**

379 (379) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ചിറക്കൽ മന്ന സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

2015-16 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയ വളപട്ടണം ഗ്രാമപഞ്ചായത്തിലെ സി.എൻ. കുഞ്ഞുമുഹമ്മദ് ഹാജി വളപട്ടണം മിനി സ്റ്റേഡിയം നവീകരിക്കുന്ന പദ്ധതി റദ്ദ് ചെയ്ത് 14-11-2022-ലെ സ.ഉ.(സാധാ.)നം.2799/2022/ ത.സ്വ.ഭ.വ. എന്ന ഉത്തരവുപ്രകാരം ചിറക്കൽ പഞ്ചായത്തിലെ മന്ന സ്റ്റേഡിയം ഗ്രൗണ്ട് നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പുതുക്കിയ ഭരണാനുമതി ലഭിച്ചതിനുശേഷം പി.എം.സി.-യെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(സി) ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ഇല്ല.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ**

380 (380) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലുൾപ്പെട്ടിരുന്നതും നിലവിൽ സ്റ്റേറ്റ് സർവ്വീസിന്റെ ഭാഗമായിട്ടുള്ളതുമായ തസ്തികയിലെ ജീവനക്കാർക്ക് ഗസറ്റഡ് ഉദ്യോഗസ്ഥർ എന്ന നിലയിൽ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതിന് നിയമതടസ്സമുണ്ടോ; വിശദമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യാവുന്നതാണ്.

(ബി) പ്രസ്തുത പൊതുസർവ്വീസിന്റെ കരട് സ്പെഷ്യൽ റൂളിൽ അപ്ഗ്രേഡ് ചെയ്ത് സ്റ്റേറ്റ് സർവ്വീസാക്കുന്നതിന് ശിപാർശ ചെയ്ത മുനിസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തിക അന്തിമ

വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ തസ്തിക ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല. മുനിസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തിക അപ്ഗ്രേഡ് ചെയ്ത് സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ജീവനക്കാരുടെ സംഘടനകൾ സമർപ്പിച്ച നിവേദനം പരാതി പരിഹാര സെല്ലിന്റെ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം**

381 (381) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിച്ചപ്പോൾ ഈ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിന് സർവ്വീസ് പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിച്ചപ്പോൾ ഈ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സർവ്വീസ് പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർവ്വീസ് സംഘടനകൾ ചില ആശങ്കകൾ ഉന്നയിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വീസ് പ്രശ്നമുണ്ടെങ്കിൽ അതുപരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ സമർപ്പിച്ചിട്ടുള്ള പരാതികൾ പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായ പരാതി പരിഹാര സെല്ലിൽ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാർതലത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. 24-01-2023-ന് മന്ത്രിയും ചീഫ് എഞ്ചിനീയറും ചേർന്ന് സംസ്ഥാനത്തെ മുഴുവൻ എഞ്ചിനീയറിംഗ് ജീവനക്കാരുടെ യോഗം ഓൺലൈനിൽ ചേരുകയും ആശങ്കകൾ ദൂരീകരിക്കാനുള്ള ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് പുനർസംഘടന**

382 (382) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് പുനർസംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാന കാര്യാലയമായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ 01-11-2022-ലെ സ.ഉ(ആർ.ടി.)നം. 2660/2022/ത.സ്വ.ഭ.വ. പ്രകാരം നിശ്ചയിക്കപ്പെട്ട തസ്തികകളിലേയ്ക്ക് വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ പുനർവിന്യാസ നടപടി പുരോഗമിച്ചുവരുന്നു. ഒരേ കാറ്റഗറിയിൽപ്പെടുന്ന ഉദ്യോഗസ്ഥരെ പരസ്പരം മാറ്റിനിയമിക്കുന്നതിനുള്ള നടപടികൾ (ഇന്റർ ട്രാൻസ്ഫറബിലിറ്റി) 2023-ലെ പൊതുസ്ഥലംമാറ്റവേളയിൽ സ്വീകരിക്കുന്നതാണ്. ഇതിനായി പ്രത്യേകം സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്ന നടപടി ഐ.കെ.എം.-ൽ പുരോഗമിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന നടപടി എല്ലാ ജില്ലകളിലും പുരോഗമിച്ചുവരുന്നു. ജില്ലാതല കാര്യാലയങ്ങളുടെ ഓർഗാനോഗ്രാം അന്തിമമാക്കുന്നതും ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച് 2023 ജനുവരി 24, 25 തീയതികളിൽ ഒരു ശില്പശാല സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലയുടെ അടിസ്ഥാനത്തിൽ

പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടുകൂടി പരിഗണിച്ച് ഈ വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഇന്റഗ്രേഷൻ യാഥാർത്ഥ്യമായതോടുകൂടി ജനങ്ങൾക്ക് ഇതിന്റെ ഭാഗമായി എന്തെല്ലാം സേവനങ്ങൾ ലഭിക്കുമെന്ന് വിശദമാക്കാമോ?

വിവിധ വിഭാഗങ്ങൾ നൽകിയിരുന്ന എല്ലാ സേവനങ്ങളും സംയോജിത വകുപ്പിലും തുടരുന്നതാണ്. കൂടാതെ വിവര സാങ്കേതികവിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്നരീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക്‌വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനുള്ള നേതൃത്വം

നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്നായും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാലുതട്ടായും നിജപ്പെടുത്തുകവഴി ഫയലുകളിൽ വേഗത്തിൽ തീരുമാനമുണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽനിന്നും വിശിഷ്യാ തദ്ദേശ സ്ഥാപനങ്ങളിൽനിന്നും സേവനങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണംവഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്നരീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്.

## കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി

383 (383) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ പുത്തൂർ കുടിവെള്ള പദ്ധതി നടപ്പാക്കാൻ 25 ലക്ഷം രൂപ അനുവദിച്ചിരുന്നത് ഭേദഗതി വരുത്തി 2020 നവംബർ 3-ലെ 6270/2020 ഉത്തരവുപ്രകാരം 10 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ തുക വകമാറ്റിയിരുന്നെങ്കിലും ആയത് ഇതുവരെയും നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ വ്യക്തത വരുത്താൻ ധനകാര്യ നോഡൽ സെന്റർ സി വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ തീരുമാനമെടുത്ത് പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കൂത്തുപറമ്പ് മുൻ എം.എൽ.എ.-യുടെ ആസ്തി വികസനപദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പുത്തൂർ കുടിവെള്ള പദ്ധതി പിൻവലിച്ച് കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ 10 സ്ഥലങ്ങളിൽ മിനിമാസ്സ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്ക് 03-11-2020-ലെ സ.ഉ. (സാധാ.)നം.6270/2020/ധന നമ്പർ പ്രകാരം ഭരണാനുമതി

പുറപ്പെടുവിക്കാനുള്ള പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചെങ്കണകടവ് റെയിൽവേ ലൈൻ റോഡ് നിർമ്മാണം**

384 (384) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കോട്ടക്കൽ മണ്ഡലത്തിലെ ചെങ്കണകടവ് റെയിൽവേ ലൈൻ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 18-9-2020-ലെ സ.ഉ.(കൈ) നം.141/2020/ത.സ്വ.ഭ.വ. പ്രകാരം 15 ലക്ഷം രൂപ അനുവദിച്ച ചെങ്കണകടവ് റെയിൽവേ ലൈൻ റോഡ് നിർമ്മാണം എന്ന പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തുക അനുവദിക്കുന്നതിന് സോഫ്റ്റ്‌വെയർ മുഖാന്തരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേരി മണ്ഡലത്തിലെ പഞ്ചായത്ത് വിഭജനം**

385 (385) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും വാർഡുകൾ വിഭജിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് വിഭജനം നടത്തുകയെന്ന് വിശദമാക്കാമോ;

(സി) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പഞ്ചായത്തും തൃക്കലങ്ങോട് പഞ്ചായത്തും വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും വാർഡുകൾ വിഭജിക്കുന്നതിനും ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

**കുട്ടനാട് ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ്**

386 (386) <u>ശ്രീ. തോമസ് കെ തോമസ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് ഫണ്ട് കുറവായ കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തനത് ഫണ്ട് കുറവായ കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരമാണ് പ്രാദേശിക സർക്കാരുകൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് കാലാവധി 2021-22 മുതൽ അഞ്ച് വർഷത്തേയ്ക്കാണ്. പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുകൾ യഥേഷ്ടം അനുവദിക്കാൻ കഴിയുന്ന ഒന്നല്ല. ആയതിനാൽ തനത് ഫണ്ട് കുറവായ കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുവാൻ നിർവ്വാഹമില്ല. കൂടാതെ, തനതുഫണ്ടും പൊതുഫണ്ടും അടക്കമുള്ള തുക ഭരണചെലവുകൾക്കും

മറ്റുംതികയാത്ത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ വിടവ് നികത്തൽ ഫണ്ട് (ഗ്യാപ് ഫണ്ട്) അനുവദിക്കാറുണ്ട്.

(ബി) വർഷങ്ങളായി നിർത്തിവച്ചിരിക്കുന്ന ആറ്റുമണൽ വാരുന്ന പ്രവൃത്തി ത്രിതലപഞ്ചായത്തുകൾ വഴി നടപ്പാക്കുന്നതിന് അനുമതി നൽകുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ നിലവിൽ സംസ്ഥാനത്തെ നദികളിൽനിന്നുള്ള നിയമാനുസൃത മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽവാരൽ നിരോധനം 06-06-2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, MOEF & CC-യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും

തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-യിൽനിന്നും പാരിസ്ഥിതിക അനുമതി ലഭ്യമാക്കിയതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവ് കമ്മിറ്റികൾ മുഖാന്തരം മണൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. നിലവിൽ സർക്കാർതലത്തിൽ ടി വിഷയം സംബന്ധിച്ച് ചർച്ചകൾ നടന്നുവരികയാണ്. അന്തിമ തീരുമാനമായിട്ടില്ല.

**കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണം**

387 (387) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തി കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ച അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനായി കുണ്ടറ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തുകളിൽനിന്നും എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തി കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ച അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽകണ്ടെത്തി നൽകണമെന്നുള്ള ആവശ്യം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം കണ്ടെത്തുന്നതിന് 12-01-2023-ലെ 5(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് പ്രസിഡന്റിന് പുറമേ രണ്ട് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കുണ്ടറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18-01-2023-ലെ 23(1) നമ്പർ തീരുമാനപ്രകാരം ബസ് സ്റ്റേഷനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**പൊതുശ്മശാനം - ഇടുക്കി ജില്ല**

388 (388) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പൊതുശ്മശാനം ഇല്ലാത്ത പഞ്ചായത്തുകൾ എത്രയെണ്ണമാണെന്ന് പഞ്ചായത്തുകളുടെ പേര് ബ്ലോക്ക് തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) തോട്ടം മേഖലയിൽ ലയങ്ങളിൽ താമസിച്ചുവരുന്നവർ മരണമടയുമ്പോൾ 50 കി.മീ. അധികം സഞ്ചരിച്ച് ശവസംസ്കാരം നടത്തേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വന്തമായി സ്ഥലമുള്ള പഞ്ചായത്തുകൾക്ക് ഇലക്ട്രിക് പൊതുശ്മശാനം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കാറുണ്ടോ?

ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പുമുഖേന ധനസഹായം അനുവദിക്കുന്നതിനായി 2019-20 വർഷംവരെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. നിലവിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ അവയ്ക്ക് ലഭ്യമാകുന്ന വിവിധ ഫണ്ടുകൾ വിനിയോഗിച്ച് വാർഷിക പദ്ധതിയിലുൾപ്പെടുത്തി പൊതുശ്മശാനം നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കിവരുന്നു. സംസ്ഥാനത്തെ 150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കിഫ്ബിയുടെ സഹായത്തോടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധുനിക പൊതുശ്മശാനം സ്ഥാപിക്കുന്നതിനായി 24-10-2017-ലെ G.O. (Rt)No.3382/2017/LSGD പ്രകാരം 123 കോടി രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആധുനിക പൊതുശ്മശാനം നിർമ്മിക്കുന്നതിനായി IMPACT Kerala മുഖേന ധനസഹായം ലഭ്യമാകുന്നതിന് അതത് പഞ്ചായത്തുകൾ അവരുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് IMPACT Kerala-യ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് IMPACT Kerala അംഗീകരിക്കുന്നമുറയ്ക്ക് ശ്മശാന നിർമ്മാണം അതത് ഗ്രാമപഞ്ചായത്തുകളിൽ ആരംഭിക്കുന്നതാണ്.

(ഡി) ഈ ആവശ്യവുമായി ബന്ധപ്പെട്ട് ശാന്തൻപാറ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശാന്തൻപാറ ഗ്യാസ് ഇലക്ട്രിക് പൊതുശ്മശാനം തുടങ്ങുന്നതിനായി തുക അനുവദിക്കണമെന്ന് കാണിച്ച് ഉടുമ്പൻചോല എം.എൽ.എ. ശ്രീ. എം. എം. മണി മുഖാന്തരം, ശാന്തൻപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം പരിശോധിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലേയ്ക്ക് കൈമാറിയിരുന്നു. നിലവിൽ ശ്മശാനനിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നത് 'ഇംപാക്ട് കേരള' ലിമിറ്റഡ് മുഖാന്തരം ആയതിനാൽ ഇംപാക്ട് കേരള നിശ്ചയിച്ചിട്ടുള്ള

പാനലിൽ എംപാനൽഡായിട്ടുള്ള കൺസൾട്ടന്റ് തയ്യാറാക്കിയ ഡി.പി.ആർ. സഹിതം 'ഇംപാക്ട് കേരള'യുടെ spvimpactkerala@gmail.com മെയിൽ വിലാസത്തിൽ ശ്മശാനം നിർമ്മിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന വിവരം ശാന്തൻപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ പഞ്ചായത്ത് ഡയറക്ടറേറ്റിൽനിന്നും അറിയിച്ചിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ കെട്ടിട നിർമാണം**

389 (389) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ച ഉത്തരവിന്റെ തീയതി അറിയിക്കാമോ?

കോട്ടയം ജില്ലാ കളക്ടറുടെ 31-03-2021-ലെ D1-870/22/ADS/NJ-നമ്പർ നടപടിക്രമം.

(ബി) ഭരണാനുമതി ലഭിച്ച് ഒരു വർഷത്തിലധികമായിട്ടും പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെയും ഉത്തരവുകളിലെയും നിർദ്ദേശങ്ങളെല്ലാം ലംഘിച്ച് ഇത്രയും കാലവിളംബം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

(ബി&സി) മാനുവലായി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിരുന്നത് PRICE-2- Software-ലേയ്ക്കും പുതിയ version ആയ PRICE -3-യിലേയ്ക്കും മാറിയതുമൂലമുണ്ടായ സാങ്കേതിക കാലതാമസമാണ് ടി പ്രവൃത്തിയുടെ നിർവ്വഹണം താമസിക്കാനുണ്ടായ കാരണം. ആയതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ല.

**കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടത്തിനായി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ**

390 (390) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഗ്രാമപഞ്ചായത്ത് വക ഭൂമി എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടത്തിനായി കൈമാറുന്നതിനുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത ഭൂമി കൈമാറ്റം സാധ്യമാക്കുന്നതിനുള്ള തടസ്സം

എന്താണെന്ന് വിശദമാക്കാമോ; എത്രയും വേഗം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് കുളത്തുമ്മൽ വില്ലേജിൽ റീസർവ്വേ 254/10-ൽപ്പെട്ട 10 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതിന് കാട്ടാക്കട ഗ്രാമപഞ്ചായത്തിൽനിന്നും പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വകാര്യ വ്യക്തികളുടെ സ്ഥലം പഞ്ചായത്തുകൾക്ക് വിട്ടുനൽകുന്ന നടപടി**

391 (391) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലില്ലാത്ത സ്വകാര്യ വ്യക്തികളുടെ സ്ഥലം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തുകൾക്ക് വിട്ടുനൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ സ്ഥലം ഉടമകൾ രജിസ്റ്റർ ചെയ്ത് നൽകണമെന്ന നിബന്ധന നിലവിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് വില്ലേജ് ഓഫീസുകൾ വഴി ലാന്റ് റിലിംഗിഷൻ ഫോറം മുഖേന സ്ഥലം വിട്ടുനൽകുന്നതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥലം വിട്ടുനൽകുന്നതിന് സ്വകാര്യവ്യക്തികൾക്ക് സാധിക്കുമോ; വിശദാംശം അറിയിക്കാമോ?

(എ&ബി) രജിസ്റ്റർ ചെയ്തും നൽകാവുന്നതാണ്. 06-03-1995-ലെ 22034/C4/94/LAD നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തുകളുടെ പൊതുആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ ഭൂമി വിട്ടുനൽകുമ്പോൾ 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമങ്ങളും 1963-ലെ ചട്ടങ്ങളും ബാധകമാവില്ലായെന്നും അത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 178 പ്രകാരമായിരിക്കുമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി 25-09-2020-ലെ WP(C)No13047/2020 നമ്പർ വിധിന്യായത്തിൽ, ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഭൂമി മാത്രമേ സർക്കാർ ഭൂമിയെന്ന വിഭാഗത്തിലുൾപ്പെടുത്താൻ കഴിയുകയുള്ളൂയെന്നും ഇത്തരം സംഗതികളിൽ അപ്രകാരമുള്ള ഭൂമി മാത്രമേ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടുവരികയുള്ളൂവെന്നും നിഷ്കർഷിച്ചുകൊണ്ട് 06-03-1995-ലെ ലോക്കൽ അഡ്മിനിസ്ട്രേഷൻ

ഡിപ്പാർട്ട്മെന്റിന്റെ സർക്കുലർ റദ്ദ് ചെയ്തുകൊണ്ട് വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് സ്വകാര്യഭൂമി വിട്ടുകൊടുക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 178, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വകുപ്പ് 178, ചട്ടങ്ങൾ എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് സ്ഥലം വിട്ടുനൽകുന്ന നടപടികൾ ലഘൂകരിക്കുന്നതിനും കാലതാമസമൊഴിവാക്കാനും ലാൻഡ് റിലിംഗിഷൻ മാതൃകയിൽ തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടി നിയമനിർമ്മാണം സാധ്യമാകുമോ; ഇക്കാര്യം ആലോചിക്കുമോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് നിയമനിർമ്മാണം സാധ്യമാകുമോയെന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**കരുണാപുരം പാടം (എരുമപ്പാടം) പ്രദേശത്തെ വീടുകൾക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ**

392 (392) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കരുണാപുരം പാടം (എരുമപ്പാടം) പ്രദേശത്തെ അൻപതോളം വീടുകൾക്ക് കെട്ടിട നമ്പർ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കെട്ടിട നമ്പർ ലഭിക്കാത്തതുമൂലം ഇവർക്ക് സാമൂഹ്യക്ഷേമ പെൻഷന് ഉൾപ്പെടെ അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ?

(ബി&സി) ഉണ്ട്. ഡിവൈൻ എന്ന ചാരിറ്റബിൾ സംഘടന കരുണാപുരം പാടത്ത് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് ഫാ. ജോർജ്ജ് പനക്കൽ, ഡയറക്ടർ ഡിവൈൻ ട്രസ്റ്റ് മുരിങ്ങൂർ എന്നിവരുടെ ഉടമസ്ഥതയിൽ അനധികൃതമായി നിർമ്മിച്ച നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ താമസിക്കുന്നവർക്കാണ് നിലവിൽ സാമൂഹ്യപെൻഷന് അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യമുള്ളത്. കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ട് നിർമ്മാണം നടത്തിയിട്ടുള്ള ടി കെട്ടിടങ്ങൾക്ക് നിയമാനുസൃതമായ കെട്ടിട നമ്പറുകൾ നൽകാൻ സാധിക്കാത്തതാണ്. എന്നാൽ ടി കെട്ടിടങ്ങളിൽ നിർമ്മാണം

പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ള 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത്‌രാജ് നിയമം 235 (എഎ), 235 (ഡബ്ല്യു) എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി കെട്ടിട ഉടമസ്ഥനായ ഫാ.ജോർജ്ജ് പനക്കൽ, ഡയറക്ടർ ഡിവൈൻ ട്രസ്റ്റ് മുരിങ്ങൂർ, എന്നിവരുടെ പേരിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്കുള്ള കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം ടി കെട്ടിടങ്ങളിലെ താമസക്കാർക്ക് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർപട്ടികയിൽ പേരുചേർക്കൽ എന്നീ ആവശ്യങ്ങൾക്കുവേണ്ടി മാത്രം താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളതുമാണ്. ഡിവൈൻ എന്ന ചാരിറ്റബിൾ സംഘടന കരുണാപുരം പാടത്ത് ഫാ. ജോർജ്ജ് പനക്കൽ, ഡയറക്ടർ, ഡിവൈൻ ട്രസ്റ്റ് മുരിങ്ങൂർ എന്നിവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിൽ താമസിച്ചുവരുന്ന അന്തേവാസികൾ ആരുംതന്നെ മേലൂർ ഗ്രാമപഞ്ചായത്ത് നിവാസികളല്ല. മാത്രമല്ല എപ്പോൾ വേണമെങ്കിലും സ്വന്തം ജില്ലയിലേയ്ക്ക് മാറിപോകാവുന്ന താൽക്കാലിക താമസക്കാരാണ്. ടിയാളുകൾ പ്രസ്തുത ട്രസ്റ്റിലെ

അന്തേവാസികളായതിനാലാണ് പെൻഷൻ അപേക്ഷകൾ ഗ്രാമപഞ്ചായത്ത് നിരസിച്ചിട്ടുള്ളത്.

**വിളപ്പിൽ പോളിടെക്നിക്കിലേയ്ക്കുള്ള ഗതാഗതത്തിനുള്ള നടപടി**

393 (393) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപ്പിൽ പോളിടെക്നിക്കിലേയ്ക്കുള്ള സുഗമമായ ഗതാഗതത്തിന് സ്വകാര്യവ്യക്തികൾ വിട്ടുനൽകിയിട്ടുള്ള ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള അടിയന്തരനടപടി സ്വീകരിച്ച് ഭൂമി റവന്യൂ വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

വിളപ്പിൽ പോളിടെക്നിക്കിലേയ്ക്ക് സുഗമമായ ഗതാഗത സൗകര്യമൊരുക്കുന്നതിന് മൂന്ന് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വസ്തുവിലേയ്ക്കുള്ള സ്വകാര്യ വഴിയും പോളിടെക്നിക്കിനായുള്ള ഭൂമിയിലേയ്ക്ക് എത്തുന്നതിന് സ്വകാര്യസ്ഥലവുംകൂടി ലഭിച്ചാൽ മാത്രമേ പോളിടെക്നിക്കിലേയ്ക്ക് ഗതാഗത സൗകര്യം ലഭ്യമാകുയുള്ളൂ. വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട സ്വകാര്യ

വ്യക്തികളുമായി സ്ഥലം ലഭ്യമാക്കുന്നതുസംബന്ധിച്ച് ചർച്ച ചെയ്തെങ്കിലും പ്രസ്തുത സ്ഥലം വിട്ടുകിട്ടിയില്ല.

**പാണാവള്ളി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക**

394 (394) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നാളുകളായി ഒഴിഞ്ഞുകിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി നിർവ്വഹണം അവസാനഘട്ടത്തിലായിരിക്കുന്ന സന്ദർഭത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭാവം പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) അടിയന്തരമായി അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് മെമ്മോ ലഭ്യമാകുന്നമുറയ്ക്ക് നിയമന നടപടി സ്വീകരിക്കുന്നതാണ്. പ്രിൻസിപ്പൽ ഡയറക്ടറുടെ 20-12-2022-ലെ PDLSGD/1241/2022-C2 നമ്പർ

കത്തിൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾപ്രകാരം ഒഴിവുള്ള എ.ഇ. തസ്തികയിൽ സ്ഥിരം നിയമനം നടത്തുന്നതുവരെ താൽക്കാലികമായി നിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുമുണ്ട്.

**ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം**

395 (395) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതിന്റെ പഞ്ചായത്ത്തല നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ലൈഫ് 2020 പ്രകാരം അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം നൽകാനാണ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ 15-11-2022-ലെ സ.ഉ.(സാധാ) നം.2806/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15-11-2022-ലെ സ.ഉ.(സാധാ) നം.2807/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളേയും ഉൾപ്പെടുത്തി കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവുപ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12845 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) അതിനായി ഫണ്ട് എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട്, സംസ്ഥാന ബജറ്റ് തുക, വായ്പ തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിലൂടെ ടി പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് സർക്കാരിന്റെ 15-11-2022-ലെ സ.ഉ.(സാധാ) നം.2807/2022 ത.സ്വ.ഭ.വ. നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ഏറനാട് മണ്ഡലത്തിൽ എത്ര വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നതിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഏറനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഉൾപ്പെടെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും അതിൽ എത്ര അപേക്ഷകൾ നിരസിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ വിശദമാക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർക്കുന്നു.+ 27-07-2020-ലെ സ.ഉ.(എംഎസ്) 112/2020/ത.സ്വ.ഭ.വ നമ്പറിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിധേയമായാണ് ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിട്ടുള്ളത്.

(ഇ) പദ്ധതി ആരംഭിക്കുന്നതിനുണ്ടായ കാലതാമസം എന്തുകൊണ്ടാണെന്നും എന്നത്തേയ്ക്ക് തുടങ്ങുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

2022 ആഗസ്റ്റ് 16-ന് ലൈഫ് 2020 ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 15-11-22-ലെ സ.ഉ.(സാധാ) നം. 2806/2022 ത.സ്വ.ഭ.വ, സ.ഉ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സാധാ) നം. 2807/2022 ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്.

**മാനന്തവാടിയിലെ വെള്ളമുണ്ട ഗവ. ഐ.ടി.ഐ.-ക്ക് സ്ഥലം നൽകുന്നതിന് നടപടി**

396 (396) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ വെള്ളമുണ്ട ഗവ.ഐ.ടി.ഐ.-ക്ക് സ്ഥലം വാങ്ങി നൽകുന്നതിനായി വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് നീക്കി വച്ച തുക വിനിയോഗിച്ചിട്ടുണ്ടോ?

തുക വിനിയോഗിച്ചിട്ടില്ല.

(ബി) പ്രസ്തുത ഐ.ടി.ഐ.-യ്ക്ക് സ്ഥലം വാങ്ങി നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത ഐ.ടി.ഐ.-യ്ക്ക് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ വസ്തു ആർജ്ജിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് രാജ് ചട്ടങ്ങൾ/സർക്കാർ ഉത്തരവ്/സർക്കുലർ എന്നിവ നിഷ്കർഷിക്കുംപ്രകാരമുള്ള രേഖകൾ ലഭ്യമായിരുന്നില്ല. ആയതിനാൽ പ്രസ്തുത

രേഖകളുടെ പകർപ്പുകൾ അടിയന്തരമായി ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണുള്ളതെന്നും ഈ ഫയൽ എത്ര കാലമായി തീർപ്പാക്കാതെ കിടക്കുന്നുവെന്നും തീർപ്പാക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിൽ RC1/10/2021/LSGD നമ്പറായി നടപടി സ്വീകരിച്ചുവന്ന പ്രസ്തുത ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ വിഷയ പുന:ക്രമീകരണത്തിന്റെ ഭാഗമായി 2022 ആഗസ്റ്റ് മാസം തദ്ദേശസ്വയംഭരണ (ആർ.ഇ.) വകുപ്പിന് കൈമാറുകയും പ്രസ്തുത വകുപ്പിൽ RE3/4/2022/LSGD നമ്പറായി നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ ഭൂമി വിലയ്ക്കെടുക്കൽ ആക്ട് പ്രകാരമുള്ള വസ്തു ആർജ്ജിക്കുന്ന അവസരത്തിൽ വിലയ്ക്കെടുക്കൽ ആക്ടിലെ വ്യവസ്ഥകളും അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാകണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കൂടാതെ വിവിധ ആവശ്യങ്ങൾക്ക് ഭൂമി ആർജ്ജിക്കുന്ന അവസരങ്ങളിൽ വകുപ്പ് മേധാവികൾ നിലവിലെ സർക്കാർ ഉത്തരവ്/

സർക്കുലർ പ്രകാരം ആവശ്യമായ രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിന്മേൽ ലഭ്യമായ പ്രൊപ്പോസലിൽ തുടർനടപടി സ്വീകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാകാത്തതിനാലാണ് പ്രസ്തുത ഫയൽ തീർപ്പാകാതിരിക്കുന്നത്.

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ഇടപെടൽ ഉണ്ടാവുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം തീർപ്പാക്കുന്നതിനായി പരിശോധിക്കേണ്ട രേഖകളുടെ പകർപ്പുകൾ ലഭ്യമായിക്കഴിഞ്ഞാൽ പ്രസ്തുത നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്.

**ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ**

397 (397) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്താൻവേണ്ടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഹരിത കർമ്മ സേന വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും അജൈവമാലിന്യങ്ങൾ യൂസർഫീ അടിസ്ഥാനത്തിൽ ശേഖരിച്ച് പുനഃചംക്രമണത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്ക് എത്തിക്കുന്നു. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേന ജൈവമാലിന്യങ്ങൾ ശേഖരിക്കുകയും അവയെ ജൈവവളമാക്കി മാറ്റുകയും ചെയ്യുന്നു. വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കളെ തരംതിരിച്ച് ക്ലീൻ കേരള കമ്പനി, അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് കൈമാറുന്നു. കൂടാതെ പൊതു ജൈവമാലിന്യ സംവിധാനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സേവനം നൽകൽ, ഉറവിട മാലിന്യ (ജൈവം) സംവിധാനങ്ങൾ ലഭ്യമാക്കൽ, പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനം നൽകൽ, ജൈവ മാലിന്യം സംസ്കരിച്ച് കൃഷിക്കുവേണ്ടി പ്രയോജനപെടുത്തുന്നതിന് വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, പ്രദേശത്ത് നടക്കുന്ന പൊതുസ്വകാര്യ ചടങ്ങുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്നതിനുവേണ്ട സേവനം നൽകൽ, സ്വാപ്

ഷോപ്പ്/റിപ്പയറിംഗ് ഷോപ്പുകളുടെ നടത്തിപ്പ് മുതലായവയും ഹരിത കർമ്മ സേനയുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നവയാണ്.

(ബി) ഏതൊക്കെ തരത്തിലുള്ള മാലിന്യങ്ങളാണ് ഹരിത കർമ്മ സേനകൾ വീടുകളിൽനിന്നും ശേഖരിക്കുന്നത്; മാലിന്യങ്ങൾ വേർതിരിച്ച് ഓരോ മാസവും ശേഖരിക്കുന്നതിന് പൊതുവായി സർക്കാർ നിർദ്ദേശമുണ്ടോ; ഇങ്ങനെ സ്വീകരിക്കുന്നതിന് യൂസർഫീസ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

ഉപയോഗശൂന്യമായ അജൈവ പാഴ്വസ്തുക്കളെല്ലാംതന്നെ ഹരിത കർമ്മ സേനകൾ കലണ്ടർ അടിസ്ഥാനത്തൽ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്നുണ്ട്. 15-07-2017-ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർഫീ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60 രൂപയെന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർഫീ ഹരിത കർമ്മ സേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ

12-08-2020-ലെ സ.ഉ(സാധാ) നം.1496/2020/ത.സ്വ.ഭ.വ പ്രകാരം ഹരിത കർമ്മസേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർഫീ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. പുതുക്കിയ ഉത്തരവുപ്രകാരം ഗ്രാമപ്രദേശങ്ങളിൽ വീടുകൾക്ക് 50 രൂപയും നഗരപ്രദേശങ്ങളിൽ 70 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽനിന്നും 100 രൂപയും ഈടാക്കിവരുന്നു (സ്ഥാപനത്തിന്റെ വലിപ്പം, പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്).

(സി) ഹരിത കർമ്മ സേനയുടെ പൊതുവായ പ്രവർത്തനങ്ങൾ, അവരുടെ വേതന വ്യവസ്ഥ എന്നിവ സംബന്ധിച്ച് വ്യക്തത വരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാനും തയ്യാറാകുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

08-04-2016-ൽ കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 13-09-2018-ലെ സ.ഉ.(പി)നം. 65/2018/ത.സ്വ.ഭ.വ പ്രകാരമുള്ള സംസ്ഥാന ഖരമാലിന്യ നയം പ്രകാരം യൂസർഫീ ഈടാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹരിത കർമ്മ സേനയുടെ പൊതുവായ പ്രവർത്തനങ്ങൾ, അവരുടെ വേതനവ്യവസ്ഥ എന്നിവ സംബന്ധിച്ച് 12-08-2020-ലെ സ.ഉ.(സാധാ) നം.1496/2020/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നവമാധ്യമങ്ങൾ മുഖേന യൂസർഫീ സംബന്ധിച്ച് വ്യാജ പ്രചരണമുണ്ടായതിന്റെ അടിസ്ഥാനത്തിൽ യൂസർഫീ സംബന്ധിച്ച് 06-01-2023-ലെ സ.ഉ.(സാധാ)നം.41/2023/ത.സ്വ.ഭ.വ പ്രകാരം കൂടുതൽ വ്യക്തതവരുത്തിയും സ്പഷ്ടീകരണം നടത്തിയും ഉത്തരവ് നൽകിയിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് ഒഫീസുകളിലെ ഒഴിവുകൾ നികത്താൻ നടപടി**

398 (398) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലവിൽ ഒഴിവുള്ള മുഴുവൻ തസ്തികകളുടെ വിശദാംശം തസ്തിക/ജില്ല എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഇവ അടിയന്തരമായി നികത്തുന്നതിന് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലവിൽ ഒഴിവുള്ള മുഴുവൻ തസ്തികകളുടെയും വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+ പഞ്ചായത്ത് വകുപ്പിൽ സ്ഥാനക്കയറ്റം നിലവിൽ സമയബന്ധിതമായി നടത്തിവരുന്നു.

(ബി) വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; അതിൽ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെയും എഞ്ചിനീയറിംഗ് വകുപ്പിലെയും ഒഴിവുകൾ പ്രത്യേകമായി നൽകാമോ;

(സി) ഇത്തരം ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

(ബി&സി) പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട്പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിലുൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ ഒഴിവുകൾ നിലവിലില്ല.

(ഡി) പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിതലം മുതൽ ക്ലാർക്ക് വരെയുള്ള വിവിധ തസ്തികകളിലെ പ്രൊമോഷൻ അകാരണമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ; ഭാവിയിൽ ഇങ്ങനെയുള്ള ആക്ഷേപം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഇല്ല.

**പയ്യന്നൂർ നഗരസഭ**

399 (399) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. 22-07-2014-ലെ സ.ഉ.(കൈ)135/2014/ത.സ്വ.ഭ.വ നമ്പർ പ്രകാരം പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തിയിട്ടുള്ളതാണ്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ പയ്യന്നൂർ നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ടോ;

ഇല്ല.

(സി) പയ്യന്നൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തിക നിലവിലുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ഡി) പയ്യന്നൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നഗരസഭയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

28-01-2023-ലെ സ.ഉ.(കൈ)22/2023/ത.സ്വ.ഭ.വ. നമ്പർ പ്രകാരം പയ്യന്നൂർ നഗരസഭയിൽ ഒരു ഹെൽത്ത് സൂപ്പർവൈസർ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതാണ്.

**തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെയും ഇടവഴികളുടെയും വിവരങ്ങൾ**

400 (400) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പാലിറ്റിയിലെ 23 വാർഡുകളിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെയും ഇടവഴികളുടെയും പേര് വിവരങ്ങൾ അറിയിക്കാമോ?

തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ആകെ 52 വാർഡുകളുണ്ട്. വാർഡ് നമ്പർ 23-ന്റെ വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്ന

അനുമാനത്തിലാണ് മറുപടി തയ്യാറാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ റോഡുകളിലും ഇടവഴികളിലും ടാർ ചെയ്തവ എത്രയെന്നും മണ്ണ് റോഡുകൾ എത്രയെന്നും അവയുടെ പേരും വിവരവും അറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള റോഡുകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ സ്ഥലത്തിന്റെ നീളവും വീതിയും ഉൾപ്പെട്ട ആസ്തി രജിസ്റ്ററിന്റെ പകർപ്പ് നൽകാമോ?

(ബി&സി) ടാർ ചെയ്ത ഇടവഴികളുടെ എണ്ണം - 3

1. മൂഴിക്കര - കുണ്ടുചിറ ഫുട്പാത്ത്

2. പന്തക്കൽ ലിമിറ്റ് ഒണിയൻ ഹൈസ്കൂൾ dead end lane (0.097m)

3. പന്തക്കൽ ലിമിറ്റ് (ch 1015/00) ഒണിയൻ റോഡ് dead end lane (0.220m)

ടാർ ചെയ്ത റോഡുകളുടെ എണ്ണം - 33. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)+

(ഡി) കഴിഞ്ഞ 10 വർഷത്തിനിടയിൽ ഇത്തരത്തിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ഏതെങ്കിലും റോഡുകൾ/ഇടവഴികൾ ആസ്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രജിസ്റ്ററിൽനിന്നും നീക്കം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മുനിസിപ്പാലിറ്റികളിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റ് ലഭിക്കുന്നതിന് നടപടി**

401 (401) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിൽനിന്നും കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുന്നവർക്ക് അത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതികൾ വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സോഫ്റ്റ്‌വെയർ സംബന്ധിച്ച പ്രശ്നങ്ങൾ കാരണമാണ് യഥാസമയം അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയാത്തതെന്ന ഉദ്യോഗസ്ഥരുടെ വാദം വസ്തുതയാണോ; എങ്കിൽ നിലവിൽ ഏത് സോഫ്റ്റ്‌വെയറാണ് ഇതിനായി ഉപയോഗിച്ച് വരുന്നത്?

സോഫ്റ്റ്‌വെയർ സംബന്ധിച്ച പ്രശ്നങ്ങൾമൂലം ചില അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാൻ കഴിയാതെ വരുന്നുവെന്നത്

വസ്തുതയാണ്. എന്നാൽ സോഫ്റ്റ്‌വെയർ സംബന്ധമായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ലോ റിസ്ക് വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയറാണ് കോഴിക്കോട് ഒഴികെയുള്ള എല്ലാ നഗരസഭകളിലും ഉപയോഗിച്ചുവരുന്നത്. കോഴിക്കോട് നഗരസഭയിൽ ഇതിനായി സുവേഗ സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചുവരുന്നത്. കൂടാതെ ഹൈറിസ്ക് വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് തിരുവനന്തപുരം. കൊല്ലം, കൊച്ചി, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, ഗുരുവായൂർ, ആലപ്പുഴ എന്നീ നഗരസഭകളിൽ ഐ.ബി.പി.എം.എസ് സോഫ്റ്റ്‌വെയർ പൈലറ്റ് അടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രശ്നങ്ങളാണ് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഇതുപരിഹരിക്കുന്നതിനും സോഫ്റ്റ്‌വെയർ കുറ്റമറ്റതാക്കി സമയബന്ധിതമായി പെർമിറ്റുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേന നഗരസഭകളിൽനിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്ന നടപടിയുടെ ഭാഗമായി ചില

നഗരസഭകളിൽ "Digital signature" ചെയ്യുന്നതിന് പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഇതുസംബന്ധിച്ച് നഗരസഭകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഈ സോഫ്റ്റ്‌വെയർ കുറ്റമറ്റതാക്കി സമയബന്ധിതമായി പെർമിറ്റുകൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

**എം.എൽ.എ. ഹോസ്റ്റൽ വളപ്പിനുള്ളിലെ തെരുവ് നായ്ക്കളുടെ ശല്യം തടയുന്നതിന് നടപടി**

402 (402) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

തെരുവുനായശല്യം ദൂരീകരിക്കുന്നതിന് തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരപ്രാധാന്യത്തോടെതന്നെ ഈ വിഷയം

കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ നഗരസഭകൾ - 93

2. 01-09-2022 മുതൽ 31-12-2022 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 4519

3. 01-09-2022 മുതൽ 31-12-2022 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 15922

4. 01-09-2022 മുതൽ 31-12-2022 വരെ വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചവയുടെ ആകെ എണ്ണം - 51487

5. 01-09-2022 മുതൽ 31-12-2022 വരെ വളർത്തുനായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചവയുട ആകെ എണ്ണം - 30553

6. 01-092022 മുതൽ 31-12-2022 വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ ആകെ എണ്ണം - 3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ)

7. ശുചിത്വയജ്ഞത്തിന്റെ ഭാഗമായി 01-09-2022 മുതൽ 31-12-2022 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം -976

8. 01-09-2022 മുതൽ 31-12-2022 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴതുക - 41,54,846/-

9. 01-09-2022 മുതൽ 31-12-2022 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം -1003

10. 01-09-2022 മുതൽ 31-12-2022 വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി./ബോധവത്കരണ ക്യാമ്പുകളുടെ എണ്ണം - 663

അഞ്ച് കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു.

2016 മുതൽ 31-08-2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്. സർക്കാരിന്റെ തെരുവുനായ ശല്യം നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി

52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ 15-09-2022-ലെ സ.ഉ.(സാധാ) 2244/2022/ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശസ്ഥാപനതല ജനകീയ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്. തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും

പൊതുനിരത്തിലെ മാലിന്യനിക്ഷേപത്തിന് 17,14,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിയമസഭ സാമാജികരുടെ ഹോസ്റ്റൽ വളപ്പിനുള്ളിൽ തെരുവുനായശല്യം രൂക്ഷമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) എം.എൽ.എ. ഹോസ്റ്റൽ വളപ്പിനുള്ളിലെ തെരുവുനായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നായ്ക്കളെ എ.ബി.സി. സർജറിക്ക് വിധേയമാക്കുവാൻ പ്രസ്തുത സ്ഥലത്തുനിന്നും 27-09-2022, 28-10-2022, 01-11-2022, 10-01-2023, 11-01-2023 തുടങ്ങിയ ദിവസങ്ങളിൽ നായ്ക്കളെ പിടികൂടിയിട്ടുണ്ട്. എ.ബി.സി. ആക്ട് 2001 പ്രകാരം 7, സബ് സെക്ഷൻ 6 പ്രകാരം പിടികൂടിയ സ്ഥലത്തുതന്നെ ഇവയെ സർജറിക്കുശേഷം വിടുകയും ചെയ്തുവരുന്നുണ്ട്. ടി ആക്ട് പ്രകാരം ഒരു സ്ഥലത്തുനിന്നും പിടികൂടിയ നായ്ക്കളെ സർജറിക്കുശേഷം മറ്റൊരുസ്ഥലത്ത് വിടാനും പാടുള്ളതല്ല.

**കിളിമാനൂർ എക്സൈസ് ഓഫീസിന്റെ വികസനം**

403 (403) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ എക്സൈസ് ഓഫീസിന്റെ അടിസ്ഥാന സൗകര്യമില്ലായ്മ വിലയിരുത്തിയിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉണ്ട്. കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം ഓഫീസിന്റെ പ്രവർത്തനത്തിന് അനുയോജ്യമല്ലാത്തതിനാൽ പ്രസ്തുത റേഞ്ച് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള 120 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി അധിക തുക വകയിരുത്താത്തതിനാൽ ഭരണാനുമതി ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല.

**ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള നടപടികൾ**

404 (404) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളിലും വിദ്യാർത്ഥികളിലും ലഹരി മരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതുമായ സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കുമോ; ഈ നടപടികൾ എത്രത്തോളം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

മയക്കുമരുന്ന് കടത്ത്, വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന് കേസുകൾ കണ്ടെത്തുന്നതിനുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് നടപ്പിലാക്കിയിരുന്നു. ചെക്ക്പോസ്റ്റുകളിലെ വാഹന പരിശോധന കൂടാതെ ഹൈവേകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പട്രോളിംഗ് യൂണിറ്റുകളും ജില്ലാ-താലൂക്ക് തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. പോലീസ്, വനം വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് വകുപ്പുകളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സംയുക്ത വാഹന പരിശോധനകളും

ആർ.പി.എഫ്.-ഉമായി ചേർന്ന് ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. സ്പെഷ്യൽ ഡ്രൈവ് സമയങ്ങളിൽ കോസ്റ്റ് ഗാർഡിന്റെ സഹായത്തോടുകൂടി തീരപ്രദേശങ്ങളിലും കടലിലും പട്രോളിംഗ് നടത്താറുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും മയക്കുമരുന്ന് കടത്തുവാൻ സാധ്യതയുള്ള മറ്റുമേഖലകളിലും രഹസ്യ നിരീക്ഷണം നടത്തി നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമനടപടികൾ സ്വീകരിച്ച് വരുന്നു. എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുവാൻ സാദ്ധ്യതയുള്ളവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടാതെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ലഹരിക്കെതിരെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ

നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. ടി സമിതികൾ മുഖേന ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗും ഡീ-അഡിക്ഷൻ ചികിത്സയും നൽകിവരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് യുവാക്കളിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഹരിക്കെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും അണിനിരത്തി സംസ്ഥാനത്തൊട്ടാകെ 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരിക്കെതിരെ പ്രചരണപരിപാടി സംഘടിപ്പിച്ചിരുന്നു. ഒന്നാംഘട്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങളെത്തുടർന്ന് ലഹരി വ്യാപനം തടയുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി. മേൽപ്രവർത്തനങ്ങളുടെ ഫലമായി മയക്കുമരുന്നിന്റെ ദുരുപയോഗം ഒരു പരിധിവരെ തടയുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കാനും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിന് സ്കൂളുകളിൽ 'ഉണർവ് ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരെ പ്രവർത്തിക്കുന്നുണ്ട്. മയക്കുമരുന്ന് കേസുകളിലുൾപ്പെട്ട ചെറുപ്പക്കാർ വീണ്ടും ലഹരി ഉപയോഗസാധ്യതയിലേയ്ക്ക് പോകാതിരിക്കാൻ അവർക്ക് കൗൺസിലിംഗും ചികിത്സയും നൽകിവരുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി കൗൺസിലിംഗ് സേവനം ലഭ്യമാക്കിവരുന്നുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡീ-അഡീക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യും എക്സൈസ് വകുപ്പും വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) ചെറിയ അളവിൽ ലഹരി വസ്തുക്കളുമായി പിടിക്കപ്പെടുന്നവർക്ക് നിലവിലെ നിയമപ്രകാരം വേണ്ടത്ര ശിക്ഷ ലഭിക്കാത്തത് ലഹരിവസ്തുക്കളുടെ കടത്ത് വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും മയക്കുമരുന്ന് കേസുകളിൽ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ആയത് പരിഹരിക്കുന്നതിനും മയക്കുമരുന്ന് കേസുകളിൽ ശിക്ഷ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

(ഇ) ലഹരി വസ്തുക്കളുടെ വേട്ടയ്ക്കായി രൂപീകരിച്ച സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്ത് നടന്നുവരുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

405 (405) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ലഹരി കടത്ത് തടയാൻ എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളെ കുറിച്ച് വിശദമാക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ലഹരി കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ട്രെയിനുകൾ, ബസുകൾ, ബസ്സ് സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തിവരുന്നു. ലഹരി വസ്തുക്കളുടെ കടത്ത് നടക്കുന്നതിന് സാദ്ധ്യതയുള്ള മേഖലകളിൽ രഹസ്യവിവര ശേഖരണം നടത്തി ആവശ്യമായ മേഖലകളിൽ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തുകയും രാത്രികാല പട്രോളിംഗ്,

ബോർഡർ ചെക്കിംഗ്, സംയുക്ത പരിശോധനകൾ എന്നിവയും നടത്തിവരുന്നു. ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരുടെ മൊബൈൽ ഫോണുകൾ പരിശോധിച്ചും കാൾ ഡീറ്റെയിൽസ് ശേഖരിച്ചും ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചും ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തിപ്രദേശങ്ങളിൽ ചെക്ക്പോസ്റ്റ് ഇല്ലാത്ത റോഡുകളിൽ വാഹന പരിശോധന നടത്തുന്നതിന് 'കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്' (KEMU) എന്ന പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് നടന്നുവരുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ?

ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച 'വിമുക്തി മിഷൻ' വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡ്തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

സമൂഹത്തിൽ പ്രത്യേകിച്ച് യുവാക്കളിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഹരിക്കെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും അണിനിരത്തി സംസ്ഥാനത്തൊട്ടാകെ 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരിക്കെതിരെ വ്യാപകമായി പ്രചരണപരിപാടി സംഘടിപ്പിച്ചിരുന്നു. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2022 വർഷത്തെ ദീപാവലിയോടനുബന്ധിച്ച് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 22-ന് ലഹരിക്കെതിരെ ദീപം തെളിയിച്ചു. കൂടാതെ സംസ്ഥാനത്തൊട്ടാകെ ഗ്രന്ഥശാലകളിലും വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഒക്ടോബർ 24, 25 തീയതികളിൽ ലഹരി വിരുദ്ധ ദീപം തെളിയിച്ചു. ഈ കാലയളവിൽ സംസ്ഥാനത്ത് സ്കൂളുകളിൽ പി.ടി.എ/എം.പി.ടി.എ./വികസനസമിതി എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ പി.ടി.എ. യോഗങ്ങൾ ചേരുകയും രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തു. ഭാരത് സ്കൗട്ട്സ്&ഗൈഡ്സിന്റെ റാലി വിവിധ വിദ്യാഭ്യാസ ജില്ലകളിലൂടെ സഞ്ചരിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും

ലഹരിക്കെതിരെ സന്ദേശവുമായി ഭവന സന്ദർശനം നടത്തുകയും ചെയ്തു. ഒന്നാംഘട്ട പ്രചാരണ പ്രവർത്തനങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 2022 നവംബർ 1-ന് സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ലഹരി വിരുദ്ധ മനുഷ്യശൃംഖല തീർക്കുകയും ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും പ്രതീകാത്മകമായി ലഹരി വസ്തുക്കൾ കത്തിക്കുകയും ചെയ്തു.

ഒന്നാംഘട്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങളെത്തുടർന്ന് മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി. അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായ ഡിസംബർ 10-ന് സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലും എൻ.എസ്.എസ്., എസ്.പി.സി., വിമുക്തി ക്ലബ്ബ്, കുടുംബശ്രീ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, പ്രാദേശിക കൂട്ടായ്മകൾ എന്നിവരുടെ പങ്കാളിത്തത്തിൽ യോഗങ്ങൾ നടത്തുകയുണ്ടായി. മയക്കുമരുന്ന് വസ്തുക്കളുടെ ഉപയോഗം, വിൽപ്പന, കടത്ത് എന്നിവയില്ലായെന്ന് വാർഡ്തല ജനജാഗ്രത

സമിതികൾ ഉറപ്പുവരുത്തിയ പ്രദേശങ്ങളിൽ 'ഇവിടം ലഹരിമുക്ത ഇടം' എന്ന് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചു. എസ്.സി./എസ്.ടി. മേഖലകളിൽ മെഡിക്കൽ ക്യാമ്പുകളും കായിക മത്സരങ്ങളും സംഘടിപ്പിച്ച് ലഹരിക്കെതിരെയുള്ള ബോധവൽക്കരണം നടത്തി.

വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, കോച്ചിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് വിദ്യാലയ സന്ദർശനവും ചർച്ചകളും നടത്തി കുട്ടികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അതിഥി തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് ഏജൻസികളുടെ സഹകരണത്തോടെ സംയുക്ത പരിശോധനകൾ നടത്തി. തീരദേശ മേഖലകൾ, സംസ്ഥാന അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും പൊതുപരിപാടികളും സംഘടിപ്പിച്ചു. 2023 ജനുവരി 1 പുതുവർഷ ദിനത്തിൽ റെസിഡന്റ്സ് അസോസിയേഷന്റെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും സഹകരണത്തോടെ കുടുംബങ്ങളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തുകൊണ്ട് ലഹരിക്കെതിരെയുള്ള പ്രവർത്തനം താഴെത്തട്ടിൽ വരെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി. ലോകകപ്പ് ഫുട്ബോളിനോടനുബന്ധിച്ച് സംസ്ഥാനത്തെമ്പാടും ലഹരി വിരുദ്ധ ഗോളടി

പരിപാടി സംഘടിപ്പിച്ചു. 2023 ജനവരി 26-ന് ലഹരി വിരുദ്ധ തെരുവ് എന്ന പരിപാടിയും വ്യാപകമായി നടന്നു.

(സി) സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളുടെ വിവരം ജില്ല തിരിച്ച് നിയോജകമണ്ഡലടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിമുക്തി മിഷന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു. (നിയോജക മണ്ഡലത്തിന്റെ പേര് ബ്രാക്കറ്റിൽ).

1. തിരുവനന്തപുരം-ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര (നെയ്യാറ്റിൻകര)

2. കൊല്ലം-രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി, നെടുങ്ങോലം (ചാത്തന്നൂർ)

3. പത്തനംതിട്ട - റാന്നി താലൂക്ക് ആശുപത്രി (റാന്നി)

4. ആലപ്പുഴ - താലൂക്ക് ആശുപത്രി, മാവേലിക്കര (മാവേലിക്കര)

5. കോട്ടയം - കെ. എം. മാണി മെമ്മോറിയൽ ജനറൽ ആശുപത്രി, പാലാ (പാലാ).

6. ഇടുക്കി - പൈനാവ് ജില്ലാ ആശുപത്രി, ചെറുതോണി (ഇടുക്കി)

7. എറണാകുളം - ജനറൽ ആശുപത്രി, മൂവാറ്റുപുഴ (മൂവാറ്റുപുഴ).

8. തൃശ്ശൂർ - താലൂക്ക് ആശുപത്രി, ചാലക്കുടി (ചാലക്കുടി)

9. പാലക്കാട് - കോട്ടത്തറ താലൂക്ക് ആശുപത്രി, അട്ടപ്പാടി (മണ്ണാർകാട്)

10. മലപ്പുറം - നിലമ്പൂർ ജില്ലാ ആശുപത്രി (നിലമ്പൂർ)

11. കോഴിക്കോട് - ഗവൺമെന്റ് ബീച്ച് ആശുപത്രി (കോഴിക്കോട്-നോർത്ത്)

12. വയനാട്-താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി (സുൽത്താൻ ബത്തേരി)

13. കണ്ണൂർ -താലൂക്ക് ആശുപത്രി, പയ്യന്നൂർ (പയ്യന്നൂർ)

14. കാസർഗോഡ് - താലൂക്ക് ആശുപത്രി, നീലേശ്വരം (തൃക്കരിപ്പൂർ)

**ലഹരി വസ്തുക്കളുടെ കൈമാറ്റവും ഉപഭോഗവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

406 (406) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട പാൻമസാലകളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിരോധിക്കപ്പെട്ട പാൻമസാലകളുടെയും മറ്റ് ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട കേസുകളുടെയും എണ്ണം മുൻ വർഷത്തേക്കാൾ

കൂടുതലാണ്. അതിൽനിന്നും ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

(ബി) ഇത്തരം നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ സംഭരണവും വിതരണവും സംബന്ധിച്ച് 2016 മുതൽ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ പിടിയിലായവരിൽ എത്ര ഇതര സംസ്ഥാനക്കാരുണ്ട്; വിശദമാക്കാമോ?

(24-01-2023 വരെ)

| വർഷം | എൻ.ഡി.പി.എസ്. കേസുകൾ | കോട്പ കേസുകൾ |
|---|---|---|
| 2016 | 2985 | 45756 |
| 2017 | 5946 | 72231 |
| 2018 | 7573 | 71793 |
| 2019 | 7099 | 76833 |
| 2020 | 3667 | 52222 |
| 2021 | 3922 | 74609 |
| 2022 | 6116 | 86114 |
| 2023 | 392 | 6711 |

(സി) സംസ്ഥാനത്തിനുപുറത്തുനിന്നും വാഹനങ്ങളിലും ട്രെയിനുകളിലുമായി കൊണ്ടുവരുന്ന ലഹരിവസ്തുക്കളുടെ സ്ഥാനം കൃത്യമായി മനസ്സിലാക്കുന്നതിനും ബന്ധപ്പെട്ടവരെ കണ്ടെത്തി നിയമത്തിനുമുൻപിൽ

കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിനകത്ത് ഇതരസംസ്ഥാനക്കാർ പ്രതികളായിട്ടുള്ള കേസുകൾ കണ്ടെടുക്കുന്നതിനും മയക്കുമരുന്നിന്റെ ഉറവിടം കണ്ടെത്താനുമായി അന്വേഷണ ഉദ്യോഗസ്ഥർ മറ്റുസംസ്ഥാനങ്ങളിൽ നേരിട്ട് പോയി അന്വേഷിക്കുകയും വിവരശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും മയക്കുമരുന്ന് കടത്താതിരിക്കുന്നതിനായി ട്രെയിനുകളിലും ബസുകളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കർശനപരിശോധന നടത്തിവരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, അന്യസംസ്ഥാന ബസ് സ്റ്റേഷനുകൾ, ഹാർബറുകൾ, തുറമുഖങ്ങൾ എന്നിവവഴി സംസ്ഥാനത്തേയ്ക്ക് ലഹരിയുടെ വരവ് തടയുന്നതിന് വകുപ്പുതലത്തിലും പോലീസ്, ഫോറസ്റ്റ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, കോസ്റ്റ്ഗാർഡ്, കോസ്റ്റൽ പോലീസ്, അന്യസംസ്ഥാന സേനകൾ, ഹെൽത്ത് തുടങ്ങിയ ഫോഴ്സ്/വകുപ്പുകളുമായി ചേർന്നും സംയുക്ത പരിശോധന നടത്തി കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്നിഫർ ഡോഗുകളുടെ സഹായത്തോടെയും ചെക്ക് പോസ്റ്റുകളിൽ ക്യാമറകൾ

സ്ഥാപിച്ചും ശക്തമായ പരിശോധനകൾ നടത്തിവരുന്നു. അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ ഉപഭോഗം ശാശ്വതമായി തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ ഉപഭോഗം ശാശ്വതമായി തടയുന്നതിന് എക്സൈസ് വകുപ്പ് വിവിധ കർമ്മപരിപാടികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ഒരു മാസം നീണ്ടുനിന്ന തീവ്രകർമ്മ പരിപാടി സംഘടിപ്പിച്ചു. ഇക്കാലയളവിൽ നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയുണ്ടായി. ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് വകുപ്പിന്റെ വിവിധ എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും വിമുക്തിയുടെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ക്ലബ്ബുകൾ,

ബാറുകൾ, ലോഡ്ജുകൾ, ടർഫുകൾ, ഫ്ളാറ്റുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, യുവാക്കൾ അധികമായി ഒത്തുകൂടുന്നയിടങ്ങൾ എന്നിവ നിരീക്ഷിച്ച് പരിശോധനകൾ നടത്തിവരുന്നു. ആർ.പി.എഫ്., പോലീസ്, തീരദേശ പോലീസ്, വനം, റവന്യൂ, ഭക്ഷ്യസുരക്ഷാ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നു. പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ വിവരങ്ങൾ പരിശോധിച്ചും മറ്റു മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി ആയതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരെയും നിയമത്തിന്റെമുന്നിൽ കൊണ്ടുവരുന്നതിനും പരമാവധി ശിക്ഷവാങ്ങി കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ലഹരിയുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ**

407 (407) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഹരിയുടെ ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ലഹരി ഉപയോഗം തടയുന്നതിനായി സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

അന്യസംസ്ഥാനത്തുനിന്നും മയക്കുമരുന്ന് കടത്താനായി സ്ത്രീകളെ ഉപയോഗിക്കുന്ന പ്രവണതയുള്ളതിനാൽ ചെക്ക്പോസ്റ്റുകളിൽ വനിതാ ഉദ്യോഗസ്ഥരെ ഡ്യൂക്ക് നിയോഗിച്ച് ചെക്ക്പോസ്റ്റുകളിലെ പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും റെയിൽവേ പോലീസുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവയുടെ പരിസര പ്രദേശങ്ങളിലെ കടകൾ, വിദ്യാർത്ഥികൾ കൂട്ടംകൂടി നിൽക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ മുമ്പ് പ്രതികളായവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. കണ്ടെടുക്കുന്ന എല്ലാ എൻ.ഡി.പി.എസ്. കേസുകളിലും മയക്കുമരുന്നിന്റെ സ്രോതസ്സിനെ സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തിവരുന്നു. കൂടാതെ സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പരിപാടികളും വാർഡ്തലം മുതൽ സംസ്ഥാനതലം വരെ ജനപ്രതിനിധികൾ അംഗങ്ങളായി ജനജാഗ്രത സമിതികൾ രൂപീകരിച്ച് വിവരശേഖരണവും ലഹരിക്കെതിരായ ബോധവൽക്കരണവും നടത്തിവരുന്നു. 2022 ഒക്ടോബർ

മുതൽ 2023 ജനുവരി വരെ രണ്ട് ഘട്ടങ്ങളിലായി വിപുലമായ ലഹരി വിരുദ്ധ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**കായിക മേളയിൽ ഉത്തേജക മരുന്ന് ഉപയോഗം**

408 (408) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് കായികമേളകളിൽ ഉത്തേജക മരുന്ന് വ്യാപകമായി ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തേജകമരുന്ന് ഉപയോഗത്തിനെതിരെ നിലവിൽ നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ലെങ്കിൽ അതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തേജകമരുന്ന് ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ, അതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

(സി) ഉത്തേജകമരുന്ന് ഉപയോഗിക്കുന്നത് തടയുവാൻവേണ്ടി പ്രസ്തുത കായികമേളകളിൽ പങ്കെടുക്കുന്നവരെ പരിശോധിക്കാൻ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

**ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി**

409 (409) ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

ലഹരി ഉപയോഗം തടയുന്നതിനായി സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും റെയിൽവേ പോലീസുമായി

ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവയുടെ പരിസരപ്രദേശങ്ങളിലെ കടകൾ, വിദ്യാർത്ഥികൾ കൂട്ടംകൂടി നിൽക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ മുമ്പ് പ്രതികളായവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. കണ്ടെടുക്കുന്ന എല്ലാ എൻ.ഡി.പി.എസ്. കേസുകളിലും മയക്കുമരുന്നിന്റെ സ്രോതസ്സിനെ സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തിവരുന്നു. കൂടാതെ വിമുക്തി മിഷന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികളും വാർഡുതലം മുതൽ സംസ്ഥാനതലംവരെ ജനപ്രതിനിധികൾ അംഗങ്ങളായി ജനജാഗ്രത സമിതികൾ രൂപീകരിച്ച് വിവരശേഖരണവും ലഹരിക്കെതിരായ ബോധവൽക്കരണവും നടത്തിവരുന്നു.

(ബി) ഇതിനായി നിലവിലുള്ള നടപടികൾ ഫലപ്രദമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

ഇല്ല. NDPS നിയമപ്രകാരം നിലവിൽ സ്മാൾ ക്വാണ്ടിറ്റി (ഒരു കിലോഗ്രാമിന് താഴെ) വിഭാഗത്തിലുൾപ്പെടുന്ന കേസുകളിലെ പ്രതികൾക്ക്

ജാമ്യം ലഭിക്കാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കൊമേഴ്സ്യൽ ക്വാണ്ടിറ്റി അളവുകൾ പുതുക്കി നിശ്ചയിച്ച് നിയമഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ കൂടുതൽ ശക്തമായി തുടരുന്നതാണ്.

(സി) ലഹരി കേസുകളിൽ തുടർച്ചയായി പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സ്ഥിരമായി മയക്കുമരുന്ന് കേസുകളിലുൾപ്പെടുന്നവരെ PIT NDPS ആക്ട് പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇവരുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നിയമനടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

10 വർഷത്തിൽ കൂടുതൽ ശിക്ഷ ലഭിക്കാവുന്ന എൻ.ഡി.പി.എസ്. കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെ ലഹരികടത്ത്, വില്പന തുടങ്ങിയവയിൽ കൂടി ആർജ്ജിച്ച സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മയക്കുമരുന്ന് ഇടപാടുകാരുടെ ഡാറ്റാ ബാങ്ക്**

410 (410) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ഇടപാടുകാരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | ഇടപാടുകാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 117 |
| കൊല്ലം | 62 |
| പത്തനംതിട്ട | 62 |
| ആലപ്പുഴ | 155 |
| കോട്ടയം | 151 |
| ഇടുക്കി | 161 |
| എറണാകുളം | 376 |
| തൃശ്ശൂർ | 302 |
| പാലക്കാട് | 316 |
| മലപ്പുറം | 130 |
| കോഴിക്കോട് | 109 |
| വയനാട് | 70 |
| കണ്ണൂർ | 412 |
| കാസർഗോഡ് | 11 |
| **ആകെ** | **2434** |

(ബി) ലഹരിക്കേസ് പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യം ചെയ്യില്ലെന്ന് ബോണ്ട് വാങ്ങുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേരിൽനിന്നും ബോണ്ട് വാങ്ങിയെന്ന് വ്യക്തമാക്കുമോ?

ലഹരിക്കേസ് പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യം ചെയ്യില്ലെന്ന് ബോണ്ട് വാങ്ങുമെന്ന പ്രഖ്യാപനം നടപ്പിലാക്കിവരുന്നു. ആയതുപ്രകാരം നാളിതുവരെ പത്ത് പേരിൽനിന്നും ബോണ്ട് വാങ്ങിയിട്ടുള്ളതാണ്.

(സി) സ്കൂളുകൾക്ക് സമീപം ലഹരി വസ്തുക്കൾ വിറ്റതിന്റെ പേരിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കടകൾ പൂട്ടിച്ചുയെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 0 |
| കോട്ടയം | 0 |
| ഇടുക്കി | 0 |
| എറണാകുളം | 0 |
| തൃശ്ശൂർ | 1 |

| | |
|---|---|
| പാലക്കാട് | 0 |
| മലപ്പുറം | 0 |
| കോഴിക്കോട് | 1 |
| വയനാട് | 0 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 0 |

**എക്സൈസ് വകുപ്പിൽ യൂണിഫോം തസ്തികയിലുള്ള ജീവനക്കാർ**

411 (411) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിൽ യൂണിഫോം തസ്തികയിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; തസ്തിക തിരിച്ച്, ജില്ല തിരിച്ച് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ യൂണിഫോം തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാറ്റഗറി | എണ്ണം |
|---|---|---|
| 1 | ജോയിന്റ് എക്സൈസ് കമ്മീഷണർ | 9 |
| 2 | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ | 19 |
| 3 | അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ | 34 |
| 4 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ/ മാനേജർ/സൂപ്രണ്ട് | 148 |
| 5 | എക്സൈസ് ഇൻസ്പെക്ടർ | 344 |
| 6 | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ | 84 |
| 7 | പ്രിവന്റീവ് ഓഫീസർ | 1022 |

| | | |
|---|---|---|
| 8 | സിവിൽ എക്സൈസ് ഓഫീസർ | 2717 |
| 9 | വനിതാ സിവിൽ എക്സൈസ് ഓഫീസർ | 593 |
| 10 | ഡ്രൈവർ | 277 |
| | **ആകെ** | **5247** |

ജോയിന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ സംസ്ഥാനതല നിയമനങ്ങളാണ് നടക്കുന്നത്. ജില്ലാ ഡിവിഷനുകളിൽ ജോലിനോക്കുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | പ്രിവന്റീവ് ഓഫീസർ | സിവിൽ എക്സൈസ് ഓഫീസർ | വനിതാ സിവിൽ എക്സൈസ് ഓഫീസർ | ഡ്രൈവർ |
|---|---|---|---|---|
| തിരുവനന്തപുരം | 109 | 266 | 47 | 35 |
| കൊല്ലം | 76 | 195 | 48 | 21 |
| പത്തനംതിട്ട | 58 | 144 | 38 | 16 |
| ആലപ്പുഴ | 63 | 168 | 37 | 17 |
| കോട്ടയം | 74 | 200 | 51 | 19 |
| ഇടുക്കി | 70 | 216 | 34 | 21 |
| എറണാകുളം | 95 | 255 | 58 | 24 |
| തൃശ്ശൂർ | 84 | 223 | 46 | 20 |
| പാലക്കാട് | 101 | 289 | 55 | 23 |
| മലപ്പുറം | 56 | 157 | 43 | 17 |

| | | | | |
|---|---|---|---|---|
| വയനാട് | 46 | 111 | 28 | 12 |
| കോഴിക്കോട് | 63 | 178 | 33 | 19 |
| കണ്ണൂർ | 76 | 200 | 49 | 20 |
| കാസർഗോഡ് | 51 | 115 | 26 | 13 |
| ആകെ | 1022 | 2717 | 593 | 277 |